# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ഫെബ്രുവരി 15, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 193 –നമ്പർ 11

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**പത്താം സമ്മേളനം**

2024 ഫെബ്രുവരി 15, വ്യാഴം

സ്പീക്കർ

**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി-ഇൻ-ചാർജ്ജ്

**ശ്രീ. ഷാജി സി. ബേബി**

ചീഫ് എഡിറ്റർ

**ശ്രീ. പി. രാമചന്ദ്രൻ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


### I. ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

### II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 2119-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

### III. അടിയന്തരപ്രമേയ നോട്ടീസ്

### IV. ശ്രദ്ധക്ഷണിക്കൽ

1. റബ്ബർ മേഖല നേരിടുന്ന പ്രതിസന്ധി
   – ശ്രീ. ടി.പി. രാമകൃഷ്ണൻ

2. കയർ മേഖലയിലെ പ്രശ്നങ്ങൾ
   – ശ്രീ. രമേശ് ചെന്നിത്തല

### V. സബ്മിഷൻ

1. സപ്ലൈകോയിലെ അവശ്യ സാധനങ്ങളുടെ വിലവർദ്ധന
   – പ്രതിപക്ഷ നേതാവ് (ശ്രീ. വി.ഡി. സതീശൻ)

2. ആദിവാസി വൈദ്യന്മാരുടെ പാരമ്പര്യ ചികിത്സ
   – ശ്രീ. ടി. പി. രാമകൃഷ്ണൻ

### VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

### VII റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ

### VIII ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട് – ചർച്ചയും വോട്ടെടുപ്പും

## IX നിയമനിർമ്മാണകാര്യം

(1) 2024-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും:

(i) 2024-ലെ കേരള ധനവിനിയോഗ ബിൽ

(ii) 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

## X അവകാശലംഘന പ്രശ്നങ്ങൾ

## XI പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

– മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

## XII അവലോകനം

## അനുബന്ധം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**പത്താം സമ്മേളനം**

2024 ഫെബ്രുവരി 15, വ്യാഴം

-----------------------------------------------------------------------

വാല്യം 193} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 11

-----------------------------------------------------------------------

നിയമസഭ 2024 ഫെബ്രുവരി മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ...... ചോദ്യം നമ്പർ (*241)

**ഇൻഡസ്ട്രിയൽ ട്രെയിനിംഗ് മേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾ**

1 (*241) **ശ്രീ. കെ. പ്രേംകുമാർ:**

**ശ്രീ. പി. ടി. എ. റഹീം:**

**ശ്രീമതി ഒ. എസ്. അംബിക:**

**ശ്രീ. എൻ. കെ. അക്ബർ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇൻഡസ്ട്രിയൽ ട്രെയിനിംഗ് മേഖലയിൽ പശ്ചാത്തലസൗകര്യ രംഗത്തുണ്ടായ പുരോഗതി വിശദമാക്കാമോ;

(ബി) ഐ.ടി.ഐ.കളിൽ പ്രൊഡക്ഷൻ സെന്ററുകളും നൈപുണ്യ കർമ്മസേനയും രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കാലാനുസൃതമായി ട്രേഡുകൾ പരിഷ്കരിക്കാനും പുതിയ അവസരങ്ങൾക്കനുസൃതമായി ട്രേഡുകളും കോഴ്സുകളും ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (**ശ്രീ. വി. ശിവൻകുട്ടി**): സർ,

(എ) 1. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

ഐ.ടി.ഐ.കളുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിലേയ്ക്കായി സ്വന്തമായി ഭൂമിയുള്ള 8 സ്ഥാപനങ്ങൾക്ക് (ഐ.ടി.ഐ. മണിയൂർ, വടകര, വെള്ളമുണ്ട, കുറ്റിക്കോൽ, പീലിക്കോട്, വാഴക്കാട്, ഏലപ്പാറ, ആർ.ഐ. സെന്റർ പാലക്കാട്) കെട്ടിട നിർമ്മാണത്തിനായി ആകെ 36.728 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 34.978 കോടി രൂപ ചെലവിൽ ഏറിയാട്, പേരാവൂർ, ചെറിയമുണ്ടം, ബേപ്പൂർ, ആരക്കുഴ, മണീട്, വേങ്ങൂർ, കണ്ണൂർ (വനിത), പള്ളിക്കത്തോട്, കുത്തുപറമ്പ്, ആറ്റിങ്ങൽ, മരട് എന്നീ 12 ഐ.ടി.ഐ.കളിൽ പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. അതോടൊപ്പം തിരുവനന്തപുരം ജില്ലയിലെ ചാക്ക ഐ.ടി.ഐ.യെയും കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ഐ.ടി.ഐ.യെയും ഇന്റർനാഷണൽ ഐ.ടി.ഐ. ആക്കി ഉയർത്തുന്നതിന്റെ ഭാഗമായി നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി 8 കോടി രൂപ അനുവദിക്കുകയും ചാക്ക ഐ.ടി.ഐ.യെ നവീകരിച്ച് ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്.

2. KIIFB പദ്ധതിയുടെ ഭാഗമായി 10 ഐ.ടി.ഐ.കളെ അന്താരാഷ്ട്ര

നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 82.5 കോടി രൂപയുടെ അനുമതി ലഭിക്കുകയും അതിൽ താഴെപ്പറയുന്ന 4 ഐ.ടി.ഐ.കൾ കിഫ്ബി ഫണ്ടുപയോഗിച്ച് കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ വിവരസാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി ആധുനിക പഠന സജ്ജീകരണങ്ങളോടുകൂടിയ പ്രധാന കെട്ടിടം, സ്മാർട്ട് ക്ലാസ് മുറികൾ, കോൺഫറൻസ് ഹാളുകൾ, ലൈബ്രറി, വർക്ക് ഷോപ്പുകൾ, സെമിനാർ ഹാൾ, അഗ്നിരക്ഷാ സംവിധാനങ്ങൾ, HVAC (Heating, Ventilating & Air Conditioning) System, CCTV network, Sign Board, ഗുണമേന്മയുള്ള ഫർണിച്ചറുകൾ, ആധുനിക സുരക്ഷാ സംവിധാനമായ ELV System, മഴവെള്ള സംഭരണി തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടാണ് ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുള്ളത്.

1. ഗവ. ഐ.ടി.ഐ., ധനുവച്ചപുരം, തിരുവനന്തപുരം
2. ഗവ. ഐ.ടി.ഐ., ചന്ദനത്തോപ്പ്, കൊല്ലം
3. ഗവ. ഐ.ടി.ഐ., ഏറ്റുമാനൂർ, കോട്ടയം
4. ഗവ. ഐ.ടി.ഐ., കൊയിലാണ്ടി, കോഴിക്കോട്

ചെങ്ങന്നൂർ, കട്ടപ്പന, മലമ്പുഴ, കണ്ണൂർ എന്നീ ഐ.ടി.ഐ.കളെ

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള കെട്ടിടനിർമ്മാണ പ്രവൃത്തികൾ ഏകദേശം 80 ശതമാനത്തിലധികം പൂർത്തീകരിച്ചിട്ടുണ്ട്. അതുപോലെ കയ്യൂർ, ചാലക്കുടി എന്നീ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്.

പ്രൊഡക്ഷൻ സെന്റർ: വ്യാവസായിക പരിശീലന വകുപ്പിനുകീഴിൽ 17 ഐ.ടി.ഐ.കളിൽ പ്രൊഡക്ഷൻ സെന്ററുകളുടെ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം കൊയിലാണ്ടി, ചാലക്കുടി, കളമശ്ശേരി, ചെന്നീർക്കര, കൽപ്പറ്റ, മലമ്പുഴ, ചാക്ക, പുല്ലൂർ, കോഴിക്കോട് (വനിത) എന്നീ 9 ഐ.ടി.ഐ.കളിൽ പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് 49,82,220/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 53,16,708/- രൂപയുടെ ഭരണാനുമതി ഏറ്റുമാനൂർ, കൊല്ലം (വനിത), ചന്ദനത്തോപ്പ്, പള്ളിക്കത്തോട്, പിണറായി എന്നീ 5 ഐ.ടി.ഐ.കളിൽ പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം മടിക്കൈ, ചാലക്കുടി (വനിത), കൂത്തുപറമ്പ് എന്നീ

3 ഐ.ടി.ഐ.കളിൽ 9,66,126/- രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ പള്ളിക്കത്തോട്, കൊയിലാണ്ടി, ചെന്നീർക്കര, കൽപ്പറ്റ എന്നീ ഐ.ടി.ഐ.കളിൽ പ്രൊഡക്ഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**നൈപുണ്യ കർമ്മസേന:** 2018-ലെ പ്രളയത്തെത്തുടർന്ന് വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.കളിൽ താൽക്കാലികമായി ആരംഭിച്ച നൈപുണ്യ കർമ്മസേന 2020 മുതൽ സർക്കാർ അനുമതിയോടുകൂടി 91 ഐ.ടി.ഐ.കളിൽ സ്ഥിര സംവിധാനമാക്കി മാറ്റിയിട്ടുണ്ട്. ടി സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രളയത്തിൽ തകർന്ന വീടുകൾ മെയിന്റനൻസ് ചെയ്യുന്നതിന് സഹായിക്കുക, ആശുപത്രികളിലെ ഉപകരണങ്ങളുടെ കേടുപാട് പരിഹരിക്കുക, സർക്കാർ സ്കൂളുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ മെയിന്റനൻസ്, പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ വീടുകളിലെ മെയിന്റനൻസുകൾ എന്നിവയാണ്. ഇതോടൊപ്പം സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകളിലെ മെയിന്റനൻസ് പ്രവൃത്തികളും നടത്തുന്നുണ്ട്.

(സി) ഉണ്ട്. വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള 104 സർക്കാർ ഐ.ടി.ഐ.കളിൽ 72 ട്രേഡുകളിൽ പരിശീലനം നൽകുന്നു. കാലഹരണപ്പെട്ട ട്രേഡുകൾ ഒഴിവാക്കി റീവാമ്പിംഗിലൂടെ പുതിയ ട്രേഡുകൾ ആരംഭിക്കാനും ട്രേഡുകൾ പരിഷ്കരിക്കാനും സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, 50 വർഷം പൂർത്തിയാക്കിയ ഐ.ടി.ഐ.കളുടെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമാക്കി ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, യഥാർത്ഥത്തിൽ 50 വർഷം പൂർത്തീകരിച്ച ഐ.ടി.ഐ.കളിൽ നല്ല നിലയിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തി അവയെ അന്തർദേശീയ നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റുകയും പുതിയ കോഴ്സുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ നമ്മുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് കഴിഞ്ഞ ദിവസവും സഭയിൽ ചർച്ച ചെയ്തതാണ്. എങ്കിൽപ്പോലും കേരളത്തിലെ 104 ഐ.ടി.ഐ.കളിൽ 50 വർഷത്തിലേറെ പഴക്കമുള്ള 10

ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തുന്നതിലേയ്ക്കായി നവീകരണ പ്രവർത്തനങ്ങൾ അനിവാര്യമാണ്. അതുകൊണ്ട് അക്കാര്യം സജീവമായി പരിഗണിക്കപ്പെടുമെന്ന കാര്യം ഞാൻ സൂചിപ്പിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന ഐ.ടി.ഐ.കളിലെ നിലവിലെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; തൊഴിൽ വകുപ്പിനുകീഴിൽ അല്ലാതെ മറ്റ് വകുപ്പുകളുടെ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഐ.ടി.ഐ.കളുടെ നവീകരണത്തിനും അവയുടെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുമോ; ഒറ്റപ്പാലം മണ്ഡലത്തിലെ എലമ്പുലാശേരി സർക്കാർ ഐ.ടി.ഐ.യിൽ ഇത്തരത്തിലുള്ളൊരു പ്രശ്നം നിലനിൽക്കുന്നുണ്ട്. സമാന സ്വഭാവമുള്ള മറ്റ് ഐ.ടി.ഐ.കളുമുണ്ട്. പ്രസ്തുത ഐ.ടി.ഐ.കളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കിഫ്ബിയുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ 10 ഐ.ടി.ഐ.കളെ ഇന്റർനാഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിലുൾപ്പെട്ട 9 ഐ.ടി.ഐ.കളുടെ നിർമ്മാണ ഉദ്ഘാടനം

കഴിഞ്ഞിട്ടുണ്ട്. അതിനായി 82,50,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, ധനുവച്ചപുരം, ചന്ദനത്തോപ്പ്, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കയ്യൂർ, കണ്ണൂർ എന്നീ ഐ.ടി.ഐ.കളാണ് ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇവയിൽ ധനുവച്ചപുരം, ചന്ദനത്തോപ്പ്, ഏറ്റുമാനൂർ, കൊയിലാണ്ടി എന്നിവിടങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ച് കഴിഞ്ഞിരിക്കുകയാണ്. ചെങ്ങന്നൂർ, കട്ടപ്പന, മലമ്പുഴ, കണ്ണൂർ എന്നീ ഐ.ടി.ഐ.കളുടെ നിർമ്മാണപ്രവർത്തനം നടന്നുവരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള കെട്ടിടനിർമ്മാണം അന്തിമഘട്ടത്തിലാണ്. അതുപോലെ കയ്യൂർ, ചാലക്കുടി എന്നീ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒറ്റപ്പാലം മണ്ഡലത്തിലെ എലുമ്പുലാശേരി ഐ.ടി.ഐ.യുടെ കാര്യം പ്രത്യേക വിഷയമായി പരിഗണിച്ച് അവിടെ എന്തുചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

<u>ശ്രീ. പി. ടി. എ. റഹീം:</u> സർ, ലോകത്ത് തൊഴിൽ സാധ്യതകൾ മാറിക്കൊണ്ടിരിക്കുകയാണ്. മാറുന്ന തൊഴിൽ സാധ്യതകൾക്കനുസരിച്ച് പുത്തൻ തലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണ് ഐ.ടി.ഐ.കളുടെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതും അധ്യാപകരെ നിയമിക്കുന്നതും സംസ്ഥാന സർക്കാരാണെങ്കിലും കോഴ്സുകൾ തയ്യാറാക്കുന്നതും പരീക്ഷകൾ നടത്തുന്നതും കേന്ദ്ര ഗവൺമെന്റിന്റെ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി.) ആണ്. അടുത്ത കാലത്തായി കേരളത്തിനാവശ്യമായ രീതിയിലുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സഹായം വേണ്ട രൂപത്തിൽ ലഭിച്ചിട്ടില്ല. ഇന്നിപ്പോൾ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ പുതിയതും രാജ്യാന്തര നിലവാരം പുലർത്തുന്നതുമായ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. നിലവിലെ തലമുറ ജീവിതം ഇന്റർനെറ്റിനെ അടിസ്ഥാനമാക്കി വളർന്നുവരുന്ന സാഹചര്യത്തിൽ ചെറിയ

കുട്ടികൾ മുതൽ മൊബൈൽ ഫോണുകൾ, കമ്പ്യൂട്ടറുകൾ, അവയുടെ ആപ്ലിക്കേഷൻ സോഫ്റ്റ്‍വെയർ മുതലായവ ഉപയോഗിക്കുന്നതിൽ തൽപ്പരരാണ്. ഈ മാറ്റങ്ങൾക്കനുസൃതമായി കോഴ്സുകളിലും മാറ്റം വരുത്തേണ്ടതുണ്ട്. പക്ഷെ കേരളത്തിൽ ഇന്ന് വന്നിരിക്കുന്ന വ്യവസായ രംഗത്തെ മാറ്റത്തിനും പൊതുവിലുണ്ടായിക്കൊണ്ടിരിക്കുന്ന വികസന രംഗത്തെ മാറ്റത്തിനും ആവശ്യമാകുന്ന തരത്തിലുള്ള തൊഴിലാളികളെ/ജീവനക്കാരെ ലഭിക്കുന്ന നിലയിലുള്ള കോഴ്സുകൾ ആരംഭിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതിന് കാരണം ഞാൻ നേരത്തെ പറഞ്ഞതുപോലെ അത് നടപ്പാക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. വേണമെങ്കിൽ ഇക്കാര്യത്തിൽ കേരളത്തിന് ചെയ്യാൻ കഴിയുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്. വ്യവസായ വകുപ്പുമായി ആലോചിച്ച് ഒരു കേരള ഐ.ടി.ഐ., കേരളത്തിന്റെ പൊതുവിലുള്ള ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന, സാങ്കേതിക വിജ്ഞാനം നൽകാൻ കഴിയുന്ന നിലയിലുള്ള പുതിയ കോഴ്സുകൾ ഡിസൈൻ ചെയ്ത് കേരള മോഡൽ ഐ.ടി.ഐ. സ്ഥാപിക്കുന്നത് സംബന്ധിച്ച കാര്യം ആലോചിക്കാവുന്നതാണ്.

<u>ശ്രീമതി ഒ. എസ്. അംബിക:</u> സർ, വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുമ്പോഴുണ്ടാകുന്ന തൊഴിൽ സാധ്യതകൾ പരിഗണിച്ച് തുറമുഖത്തിനോടനുബന്ധമായ തൊഴിൽ നൈപുണ്യ കോഴ്സുകൾ ഐ.ടി.ഐ.കളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ധാരാളം സാധ്യതകളാണ് വന്നുകൊണ്ടിരിക്കുന്നത്. അവ പ്രയോജനപ്പെടുത്താനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പുതിയ കോഴ്സുകളെന്ന നിലയിൽ നേമം നിയോജകമണ്ഡലത്തിൽ മറൈൻ ഫിറ്റർ, വെസൽ നാവിഗേറ്റർ, മെക്കാനിക്കൽ, ഇലക്ട്രിക്-വെഹിക്കിൾ, അഡിറ്റീവ് മാനുഫാച്ചറിംഗ് ടെക്നീഷ്യൻ (3D പ്രിന്റിംഗ്), കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് എന്നീ ട്രേഡുകൾ ഉൾപ്പെടുത്തി പുതിയ ഐ.ടി.ഐ. ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. നൈപുണ്യ വികസന വകുപ്പിന്റെ കീഴിൽ KASE (Kerala Academy for Skills Excellence)-ന്റെ നേതൃത്വത്തിൽ ഒരു ജില്ലാ നൈപുണ്യ വികസന കേന്ദ്രം തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് ആരംഭിക്കുകയും

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഭാരവാഹികളുമായി ചർച്ച ചെയ്ത് പുതിയ കോഴ്സുകൾ സംബന്ധിച്ച് ആലോചിക്കുകയും ഏതാനും കോഴ്സുകൾ അവർ തന്നെ ഡിസൈൻ ചെയ്യുകയും ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. പ്രസ്തുത കോഴ്സുകൾ നമുക്ക് ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ഐ.ടി.ഐ. ട്രെയിനികൾക്കായി പോഷകാഹാര പദ്ധതി നിലവിലുണ്ടോ; പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ട്രെയിനികൾക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ഐ.ടി.ഐ. ഇല്ലാത്ത ഗുരുവായൂരിൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, 34 ഐ.ടി.ഐ.കളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും മറ്റ് വിദ്യാർത്ഥികൾക്കും ഭക്ഷണം സൗജന്യമായാണ് നൽകുന്നത്. ഒരു കുട്ടിക്ക് ഒരാഴ്ചത്തെ ഭക്ഷണത്തിന് 446.25 രൂപ വീതം നൽകുന്നുണ്ട്. അതിൽ പോഷകാഹാരം ലഭ്യമാകുന്നതുൾപ്പെടെയുള്ള മറ്റെല്ലാ ആഹാര സാധനങ്ങളും

ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ 34 ഐ.ടി.ഐ.കളിൽ noon meal സൗകര്യമൊരുക്കിക്കൊടുക്കുന്നുണ്ട്. 70 ഐ.ടി.ഐ.കളിൽ ന്യൂട്രീഷ്യസ് ഫുഡ് നൽകുന്നുണ്ട്. ഐ.ടി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിന്റെ കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടുമില്ലെന്ന കാര്യം സഭയെ അറിയിക്കുകയാണ്. ഇന്നത്തെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ഗുരുവായൂരിൽ ഐ.ടി.ഐ. തുടങ്ങാൻ പ്രയാസമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡൽഹിയിൽ ചർച്ചയ്ക്ക് പോയിരിക്കുകയാണ്. അതിൽ എന്തെങ്കിലും പ്രയോജനം ലഭിക്കുകയാണെങ്കിൽ അതിനെ സംബന്ധിച്ച് ആലോചിക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേരളത്തിലെ ഐ.ടി.ഐ.കൾ മുഖേന ആയിരക്കണക്കിന് ആളുകൾക്ക് ജോലി ലഭിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. പക്ഷെ ഇപ്പോൾ നിലവിലുള്ള പല കോഴ്സുകളും കാലഹരണപ്പെട്ടതാണ്. കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്ത് വിദേശത്തും സ്വദേശത്തും കൂടുതൽ ജോലി സാധ്യതയുള്ള, ആധുനിക കാലഘട്ടത്തിനനുസൃതമായ പുതിയ കോഴ്സുകൾ കേരളത്തിലെ

ഐ.ടി.ഐ.കളിൽ ആരംഭിക്കാനുള്ള നീക്കങ്ങൾ സർക്കാർ നടത്തുമോ; എന്റെ നിയോജകമണ്ഡലത്തിലെ പള്ളിപ്പാട് ഐ.ടി.ഐ. കൂടുതൽ കോഴ്സുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. അത് നൽകാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കോഴ്സുകൾ നവീകരിക്കേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള കോഴ്സുകളെ ചെറുതായി കാണാൻ പാടില്ല. 2022-23-ൽ 2842 ട്രെയിനികൾക്കും 2023-24-ൽ 2297 ട്രെയിനികൾക്കും പ്ലെയ്സ്മെന്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ അങ്ങ് സൂചിപ്പിച്ചതുപോലെ പഴയ ചില കോഴ്സുകളുമുണ്ട്. കേന്ദ്ര സർക്കാരിന്റെ Directorate General of Training (DGT) ആണ് കോഴ്സുകൾക്ക് അംഗീകാരം നൽകേണ്ടത്. പരീക്ഷ നടത്തുന്നതും ഡി.ജി.ടി.യാണ്. കേന്ദ്ര സർക്കാർ കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങളോട് കാണിക്കുന്ന പ്രത്യേക സമീപനം സ്വാഭാവികമായും ഇവിടെയും കാണാൻ സാധിക്കും. കേരളത്തിന്റെ ആവശ്യകത പരിഗണിച്ചും വ്യവസായ വകുപ്പുമായി ആലോചിച്ചും പുതിയതായി ഉയർന്നുവന്നിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങൾക്കാവശ്യമുള്ള ട്രേഡുകൾ പരിശോധിച്ചും വിദ്യാഭ്യാസം, ആരോഗ്യം എന്നീ കാര്യങ്ങളിൽ കേരള മോഡലുള്ളതുപോലെ കേരള

മോഡൽ ഐ.ടി.ഐ. തുടങ്ങുന്നത് സംബന്ധിച്ച് ആലോചിച്ചാൽ കോഴ്സുകൾ ഡിസൈൻ ചെയ്യാൻ സാധിക്കും. അതിന്റെ സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വില്യാപ്പള്ളി, മണിയൂർ എന്നീ രണ്ട് ഐ.ടി.ഐ.കൾക്ക് കെട്ടിട നിർമ്മാണത്തിനുവേണ്ടി 14 കോടി രൂപ അനുവദിച്ച ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയുടെ പ്രാധാന്യം ഏറിവരികയാണ്. ഏറെ തൊഴിൽ സാധ്യതയുള്ള ഈ സാങ്കേതിക വിദ്യ പഠിപ്പിക്കുന്നതിന് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് മേഖലകളിൽ നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പുതിയ കോഴ്സാണ്. അത് എല്ലാ ഐ.ടി.ഐ.കളിലും ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. അത് ആരംഭിക്കുന്നതിന് സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

അടക്കമുള്ള പുതിയ കോഴ്സുകൾ ഏതൊക്കെ സ്ഥാപനങ്ങളിൽ ആരംഭിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് പരിശോധിച്ചതിനുശേഷം ആലോചിക്കാം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഉത്തരത്തിൽ ആലപ്പുഴ ഐ.ടി.ഐ.യുടെ നിർമ്മാണം പൂർത്തീകരിച്ചത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണെന്ന് പറയുന്നു. പക്ഷേ അത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ഉദ്ഘാടനം ചെയ്തതാണ്. അങ്ങ് മറന്നുപോയ ഒരു കാര്യം, പെരുമ്പാവൂരിലെ വേങ്ങൂർ ഐ.ടി.ഐ. ആണ് ഈ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്തത്. അവിടെ ഇപ്പോൾ 5 കോടി രൂപയുടെ പദ്ധതി നടപ്പാക്കിയെങ്കിലും പ്ലാൻ അനുസരിച്ചുള്ള മുഴുവൻ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടില്ല. ഇനിയും ഏകദേശം 15 കോടിയോളം രൂപ ആവശ്യമുണ്ട്. പ്രസ്തുത തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അക്കാര്യം പരിശോധിക്കാവുന്നതാണ്. പെരുമ്പാവൂർ ഐ.ടി.ഐ.യോട് യാതൊരു വിരോധവുമില്ല. ബാക്കി തുക നൽകുന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. എം. വിജിൻ: സർ, കാലാനുസൃതമായി ട്രേഡുകൾ

പരിഷ്കരിക്കുന്നതിനും നിലവിലുള്ള 15 ഐ.ടി.ഐ.കൾക്ക് അധിക ട്രേഡുകളും സീറ്റുകളും നൽകുമെന്ന ബഡ്ജറ്റിലെ പ്രഖ്യാപനവും അതിൽ എന്റെ നിയോജകമണ്ഡലത്തിലെ മാടായി ഐ.ടി.ഐ.യെ ഉൾപ്പെടുത്തിയതിലും ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഐ.ടി.ഐ. ട്രെയിനികൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് സഹായകമായ ഏതെങ്കിലും തരത്തിലുള്ള നടപടി സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ODEPC, KASE എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ധാരാളം ആളുകൾക്ക് വിദേശത്ത് ജോലി ലഭിക്കുന്നുണ്ട്. ഇന്നലെ ജർമ്മനിയിൽനിന്ന് നഴ്സിംഗ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ഒരു ടീം വന്നിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ജർമ്മനിയുടെ തൊഴിൽ, വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്ന് തിരുവനന്തപുരത്ത് എത്തുന്നതാണ്. അവരുമായി ചർച്ച നടത്തിയതിനുശേഷം ODEPC, KASE എന്നിവ മുഖാന്തരം ആവശ്യമുള്ള ജീവനക്കാരെ നൽകുന്നത് സംബന്ധിച്ച്

ആലോചിക്കാം.

**രജിസ്ട്രേഷൻ വകുപ്പിലെ പരിഷ്കാരങ്ങൾ**

2(*242) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടന്നുവരുന്ന വിവിധ പരിഷ്കാരങ്ങളുടെ ഫലമായുണ്ടായിട്ടുള്ള പ്രവർത്തന മികവും റവന്യൂ വരുമാനത്തിൽ വന്നിട്ടുള്ള വർദ്ധനവും പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം, കമ്പ്യൂട്ടർവൽക്കരണം, മുൻ ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ എന്നിവയിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത വകുപ്പുവഴി പൊതുജനങ്ങൾക്ക് നൽകുന്ന ഏതെല്ലാം സേവനങ്ങൾക്കാണ് ഓൺലൈൻ സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളത്; ഏതെല്ലാം സേവനങ്ങൾക്കാണ് ഇ-പേയ്മെന്റ്, ഇ-പോസ് സൗകര്യങ്ങൾ

ലഭ്യമാക്കിയിട്ടുള്ളത്;

(ഡി) ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിന്റെ പ്രത്യേകതകൾ അറിയിക്കാമോ; എത്ര തുകവരെ മുദ്രവില വരുന്ന ആധാരങ്ങൾക്കാണ് ഇ-സ്റ്റാമ്പിംഗ് സൗകര്യമുള്ളതെന്ന് വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടന്നുവരുന്ന വിവിധ പരിഷ്കാരങ്ങളുടെ ഫലമായുണ്ടായിട്ടുള്ള പ്രവർത്തന മികവുകൾ ചുവടെ ചേർക്കുന്നു.

1. ഒരു സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം ആ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള Any Where Registration സൗകര്യം.
2. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപത്രങ്ങൾക്കും 01-04-2023 മുതൽ ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പാക്കിയിരുന്നു. ഇതിന്റെ പരീക്ഷണ പരിപാടിയും സംസ്ഥാനത്തെ 14 സബ് രജിസ്ട്രാർ ഓഫീസുകളിലും

നടന്നുവരുന്നു.

3. ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി ഓൺലൈൻ മുഖാന്തരം ലഭ്യമാക്കുന്നതിനുള്ള സൗകര്യം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പാക്കുകയുണ്ടായി.
4. വാണിജ്യ ബാങ്കുകളിൽനിന്ന് ചെറുകിട വ്യവസായ വായ്പകളും വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യമുപയോഗിച്ച് പൂർണ്ണമായി ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്ന ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം.
5. ആധാര മാതൃകകൾ ലളിതവൽക്കരിച്ചുകൊണ്ട് അവ കമ്പ്യൂട്ടറിലൂടെ തയ്യാറാക്കുന്നതിനുള്ള സൗകര്യം നടപ്പാക്കുന്നതിനാവശ്യമായ വെബ് ക്യാമറ, ബയോമെട്രിക് സ്കാനർ, ഇലക്ട്രോണിക് സിഗ്നേച്ചർ പാഡ് എന്നിവ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും സ്ഥാപിച്ചു.

ഈ സംവിധാനം നിലവിൽ വരുന്നതോടുകൂടി ആധാര കക്ഷികളുടെ

ഫോട്ടോയും വിരൽപ്പതിപ്പും ഡിജിറ്റൽ രൂപത്തിൽതന്നെ ആധാരത്തിലെ പുറത്തെഴുത്തായി വരുന്നു. ഈ സൗകര്യം നടപ്പാക്കുന്നതിന് മുന്നോടിയായുള്ള പരീക്ഷണ പരിപാടി സംസ്ഥാനത്തെ 14 ജില്ലകളിലെ 14 സബ് രജിസ്ട്രാർ ഓഫീസുകളിലും നടന്നുവരുന്നു.

ന്യായവില പരിഷ്കരിച്ചതുമൂലം 2021-22-ൽ 41.58 ശതമാനവും 2022-23-ൽ 27.76 ശതമാനവും റവന്യൂ വരുമാനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നു. മറ്റ് പരിഷ്കാരങ്ങളുടെ ഫലമായുണ്ടായിട്ടുള്ള പ്രവർത്തന മികവും റവന്യൂ വരുമാനത്തിൽ വന്നിട്ടുള്ള വർദ്ധനവും പ്രത്യേകമായി വിലയിരുത്തിയിട്ടില്ല.

സംസ്ഥാന സർക്കാരിന്റെ വരവ് വരുമാനത്തിൽ ജി.എസ്.ടി. കഴിഞ്ഞാൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നതാണ് രജിസ്ട്രേഷൻ വകുപ്പ്. അതുകൊണ്ടുതന്നെ ഇക്കാര്യങ്ങളൊക്കെ സമയബന്ധിതമായി നടപ്പാക്കുന്നതിലുള്ള കാര്യക്ഷമതയും ശ്രദ്ധയും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ

വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിലെ വിവിധ ഓഫീസുകളിൽ റിക്കാർഡുകൾ സൂക്ഷിക്കുന്നതിനായി 33 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക കോംപാക്ടറുകൾ സ്ഥാപിക്കുകയും 18 സബ് രജിസ്ട്രാർ ഓഫീസുകളിൽ പൊതുജനങ്ങൾക്കുള്ള ഇരിപ്പിട സൗകര്യമുൾപ്പെടെയുള്ള കൗണ്ടർ സംവിധാനവും സ്ഥാപിച്ചിരുന്നു. വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

2021-22-ൽ രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിലെ ഓഫീസുകളിൽ 75 ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ, 4 ലാപ്ടോപ് കമ്പ്യൂട്ടർ, 20 ഡിജിറ്റൽ ക്യാമറ എന്നിവ വിതരണം ചെയ്തു.

2022-23-ൽ രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിലെ ഓഫീസുകളിൽ 94 ഡെസ്ക്ക്ടോപ് കമ്പ്യൂട്ടർ, 31 ലാപ്ടോപ് കമ്പ്യൂട്ടർ, 1 ഡിജിറ്റൽ ക്യാമറ എന്നിവ വിതരണം ചെയ്തു.

2023-24-ൽ രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണമെന്ന പദ്ധതിയുടെ ഭാഗമായി 360 വെബ് ക്യാമറ, 375 ബയോമെട്രിക് ഡിവൈസ്, 350

ഇലക്ട്രോണിക് സിഗ്നേച്ചർ പാഡ്, 322 മൾട്ടി ഫങ്ഷൻ പ്രിന്റർ, 35 ലേസർ പ്രിന്റർ എന്നിവ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലുമായി വിതരണം ചെയ്തു.

രജിസ്ട്രേഷൻ വകുപ്പിലെ മുൻ ആധാര വാല്യങ്ങളുടെ സംരക്ഷണത്തിനും അവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിലേയ്ക്കുമായുള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ രജിസ്റ്റർ വാല്യങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുകയും ആധാരപ്പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നടപ്പാക്കുകയും ചെയ്തിരുന്നു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ സ്കാനിംഗ് ജോലികൾ പുരോഗമിക്കുന്നു.

(സി) 1. സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ് സൗകര്യം ലഭ്യമാണ്.

2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

3. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം.

7. ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ

ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. ഡിജിറ്റൈസ് ചെയ്ത മുൻ ആധാരങ്ങളുടെ പകർപ്പുകൾ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ പോകാതെ തന്നെ അപേക്ഷകർക്ക് ഓൺലൈനായി ലഭിക്കുന്നതിനുള്ള സൗകര്യം.

9. സഹകരണ ബാങ്കുകളിൽനിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

10. KSFE-യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

11. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

12. ഒരു ജില്ലയ്ക്കകത്തുള്ള ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള 'Anywhere Registration' സംവിധാനം.

13. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി

അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെതന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

14. ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫീസ് ഒടുക്കുന്നതിനും സ്പെഷ്യൽ മാര്യേജ്, ചിട്ടി എന്നീ സേവനങ്ങൾക്കുള്ള ഫീസ് ഒടുക്കുന്നതിനും ഇ-പേയ്മെന്റ് സൗകര്യം ലഭ്യമാണ്.

ഇതുകൂടാതെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഡെബിറ്റ്/ ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ഫീസ് ഒടുക്കുന്നതിനായുള്ള ഇ-പോസ് സംവിധാനവും ലഭ്യമാണ്.

(ഡി) എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്കും 01-04-2023 മുതൽ ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പാക്കിയ സാഹചര്യത്തിൽ ഏത് വിലയ്ക്കുള്ള മുദ്രപ്പത്രവും ഒറ്റ പത്രമായി ലഭ്യമാക്കാൻ സാധിക്കും. ഇ-സ്റ്റാമ്പിന്റെ ആധികാരികത വെബ് സൈറ്റ് മുഖേന പരിശോധിക്കാനും സാധിക്കുന്നതാണ്. ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന ആധാരങ്ങൾക്കാണ് നിലവിൽ

ഇ-സ്റ്റാമ്പിംഗ് സൗകര്യം കൂടുതലായും ഉപയോഗിച്ചുവരുന്നത്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തുന്നതുമൂലം സർക്കാരിന് സാമ്പത്തിക നേട്ടമുണ്ടായിട്ടുണ്ടോ; ഇതിലൂടെയുള്ള മറ്റ് നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഉണ്ട്. ഇ-സ്റ്റാമ്പിംഗ് സംവിധാനം പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാണെന്ന് മാത്രമല്ല സർക്കാരിന് സാമ്പത്തിക നേട്ടവും ഉണ്ടാക്കുന്നുണ്ട്. നിലവിൽ മുദ്രപത്രങ്ങൾ നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിലാണ് തയ്യാറാക്കിവരുന്നത്. വ്യത്യസ്ത മൂല്യങ്ങളിലുള്ള മുദ്രപത്രങ്ങളുടെ പ്രിന്റിംഗിനും വിതരണത്തിനും വലിയ സാമ്പത്തിക ചെലവുണ്ടാകുന്നു. എന്നാൽ ഇ-സ്റ്റാമ്പിംഗ് സമ്പ്രദായംവഴി ഏത് മൂല്യത്തിലുള്ള മുദ്രപത്രവും ഓൺലൈനായി ലഭ്യമാക്കാൻ കഴിയും. ഇതുവഴി സംസ്ഥാനത്തിന് പ്രതിവർഷം 60 കോടി രൂപയോളം പ്രിന്റിംഗ് ചെലവിനത്തിൽ ലാഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മുദ്രപത്രങ്ങളുടെ ക്ഷാമം പൂർണ്ണമായി പരിഹരിക്കാൻ കഴിയും. കൂടാതെ മുദ്രവിലയിനത്തിലുള്ള ചോർച്ച പൂർണ്ണമായി തടയുകയും മുദ്രവിലനിർണ്ണയം കൂടുതൽ സുതാര്യമാക്കുകയും ചെയ്യും. വിവിധ

വകുപ്പുകളെ ഐ.ടി. സംവിധാനവുമായി സംയോജിപ്പിച്ച് എല്ലാ ഇടപാടുകൾക്കും ശരിയായ മുദ്രവില ഈടാക്കാൻ സാധിക്കും. ഇതുവഴി നികുതി വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ബാധ്യതാ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിന് ആഴ്ചകളുടെ കാലതാമസം ഉണ്ടായിരുന്നതുകാരണം അത്യാവശ്യ വായ്പയെടുക്കാൻപോലും ജനങ്ങൾ ബുദ്ധിമുട്ടുന്ന അവസ്ഥയിലായിരുന്നു. ആധുനികവൽക്കരണത്തിലൂടെ ഇതിന് പരിഹാരമായിട്ടുണ്ടോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബാധ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ആഴ്ചകളുടെ കാലതാമസം വന്നിരുന്നു. അതുമൂലം അത്യാവശ്യ വായ്പയെടുക്കാൻപോലും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായിരുന്നു. ആധുനികവൽക്കരണത്തിലൂടെ സംസ്ഥാന സർക്കാർ ഇക്കാര്യത്തിന് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. ഡിജിറ്റൈസേഷൻ നടപ്പാക്കുകവഴി ബാധ്യതാ സർട്ടിഫിക്കറ്റുകളുടെ അപേക്ഷ ഓൺലൈനായി സമർപ്പിക്കാനും ആവശ്യക്കാരന് ഓഫീസിൽ എത്താതെ തന്നെ ഓൺലൈനായി സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാനും കഴിയുന്നു. കാലതാമസം കൂടാതെ സർട്ടിഫിക്കറ്റുകൾ

ലഭ്യമാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ പ്രായോഗിക വശം.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികളെ അഭിനന്ദിക്കുന്നു. ആധാരങ്ങൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ അതിന്റെ പോക്കുവരവ് ഉൾപ്പെടെയുള്ള തുടർനടപടികൾക്കും മറ്റുമായി ഓഫീസുകളിൽ കയറി ഇറങ്ങേണ്ട അവസ്ഥയ്ക്ക് ഇത്തരം പരിഷ്കരണങ്ങൾകൊണ്ട് പരിഹാരം കണ്ടെത്താൻ സാധിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഇത്തരം പരിഷ്കാര നടപടികൾ ആവിഷ്കരിക്കുന്നതിന് ചില പ്രായോഗിക പരിമിതികളുണ്ട്. ആധാരം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ പോക്കുവരവ് നടപടികൾക്കായുള്ള തുടർനടപടി റവന്യൂ-സർവ്വേ വകുപ്പുകളാണ് നടത്തേണ്ടത്. ഇതുമൂലം ഒരാൾ ഒന്നിലധികം ഓഫീസുകളിൽ കയറി ഇറങ്ങേണ്ട സ്ഥിതിയുണ്ട്. ഈ പരിഷ്കാരങ്ങൾ പ്രാവർത്തികമാകുന്നതോടുകൂടി അതിന് പരിഹാരമാകും. നിലവിലുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആധുനികവൽക്കരണ നടപടികളുടെ ഭാഗമായി PEARL (Package for Effective Administration of Registration Laws) എന്ന സോഫ്റ്റ്‌വെയർ സംവിധാനത്തെ റവന്യൂ-സർവ്വേ വകുപ്പുകളുമായി

സംയോജിപ്പിച്ചുകൊണ്ട് എല്ലാ സേവനങ്ങൾക്കും ഒരു പോർട്ടൽ എന്ന ആശയം നടപ്പാക്കുന്നു. കൂടാതെ ആധാരത്തോടൊപ്പം ഡിജിറ്റൽ രൂപത്തിലുള്ള സർവ്വേ സ്കെച്ചും ലഭ്യമാക്കാൻ പദ്ധതിയുണ്ട്. മൂന്ന് വകുപ്പുകളുടേയും സംയുക്താഭിമുഖ്യത്തിൽ പ്രസ്തുത പ്രവൃത്തിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി 264 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് പ്രാവർത്തികമാകുന്നതോടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലുള്ള പ്രയാസങ്ങൾ ഒഴിവാക്കപ്പെടുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, സംസ്ഥാനത്തെ എത്ര രജിസ്ട്രാർ ഓഫീസുകളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കിയിട്ടുണ്ട്?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കേരളത്തിൽ ആകെയുള്ള 315 സബ്‌രജിസ്ട്രാർ ഓഫീസുകളിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ National Informatics Centre (NIC), Kerala State Electronics Development Corporation Limited (KELTRON), Bharat Sanchar Nigam Limited (BSNL), Kerala State IT Mission (KSITM) എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

അതുകൊണ്ടുതന്നെ ഇതിന്റെ ലഭ്യതയും പ്രയോജനക്ഷമതയും കൂടുതൽ ജനോപകരപ്രദമാകുന്നതാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, സംസ്ഥാനത്ത് ഡിജിറ്റൈസേഷനിലൂടെ വലിയ മാറ്റങ്ങൾ നടപ്പാക്കിയ വകുപ്പുകളിലൊന്നാണ് രജിസ്ട്രേഷൻ വകുപ്പ്. ആധാരങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിലവിലെ പോർട്ടലിൽ ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ സേവനംകൂടി ലിങ്ക് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പാക്കേണ്ടതുണ്ട്. സബ്‌രജിസ്ട്രാർ ഓഫീസുകളിൽ രേഖകളുടെ കാര്യക്ഷമവും സുരക്ഷിതവുമായ സൂക്ഷിപ്പ് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് നാളിതുവരെ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ രേഖകളുടെ സൂക്ഷിപ്പ്/സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ ബാധ്യതയാണ്. ഇക്കാര്യം പരമപ്രധാനമാണെന്നത് കണക്കിലെടുത്ത് ആവശ്യമായ ശാസ്ത്രീയവും ഫലപ്രദവുമായ രീതികൾ ആവിഷ്കരിച്ചിട്ടുണ്ട്. റെക്കോർഡുകൾ സൂക്ഷിക്കുന്നതിന് ആധുനിക രീതിയിലുള്ള

Racks/Compactor-കൾ സ്ഥാപിക്കുന്നതിനും രേഖകൾ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരം സംവിധാനങ്ങളിലൂടെ സമയനഷ്ടം ഒഴിവാക്കി കാര്യങ്ങൾ വേഗത്തിൽ നിർവ്വഹിക്കാൻ സാധിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 1987-നുശേഷം രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ വില കുറച്ചാണ് കാണിച്ചിട്ടുള്ളതെന്ന് അറിയിച്ചുകൊണ്ട് അടുത്തകാലത്ത് മലപ്പുറം ജില്ലയിൽ ധാരാളം റവന്യൂ റിക്കവറി നോട്ടീസുകൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. രജിസ്ട്രാർ ഓഫീസ് (ഓഡിറ്റ്)-ൽ നിന്നാണ് നോട്ടീസ് അയയ്ക്കുന്നത്. തൊട്ടടുത്ത സ്ഥലങ്ങളായ കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ഈ വിഷയവുമായി ബന്ധപ്പെട്ട നോട്ടീസുകളോ മറ്റ് രേഖകളോ ആർക്കും അയച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം അടിയന്തര പ്രാധാന്യത്തോടെ പരിശോധിച്ച് തക്കതായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട്ടിലെ രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ മുന്നിൽ ഒരു പഴയ കെട്ടിടമുണ്ട്. ഏതുസമയത്തും ഇടിഞ്ഞുവീണ് അപകടമുണ്ടാകാൻ സാധ്യതയുള്ള രീതിയിലാണ് അത് നിലകൊള്ളുന്നത്. ഞാൻ പലതവണ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഇതുവരെയും വേണ്ട നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങയുടെ ഭാഗത്തുനിന്നുള്ള അടിയന്തരമായ ഇടപെടലുണ്ടാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ടി കെട്ടിടം സംരക്ഷിക്കപ്പെടേണ്ടതാണോ അല്ലയോ എന്നതുസംബന്ധിച്ച് വ്യക്തമായി പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രജിസ്ട്രേഷൻ വകുപ്പ് അഴിമതി രഹിതമാക്കുന്നതിന് ചില നടപടികൾ സ്വീകരിച്ചതായി മാധ്യമങ്ങളിൽ നിന്നുമറിയാൻ സാധിച്ചു. എന്നാൽ പ്രസ്തുത ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ധാരാളം ആക്ഷേപങ്ങളും ഉയർന്നുവരുന്നുണ്ട്. ഈ കാലഘട്ടത്തിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട്; എത്രയാളുകളെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; ആർക്കെങ്കിലുമെതിരെ ശിക്ഷാനടപടി

സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ കണക്ക് വിശദീകരിക്കാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം സംബന്ധിച്ച് മറുപടി നൽകാൻ മതിയായ രേഖകൾ അനിവാര്യമാണ്. ഇതുസംബന്ധിച്ച് പരിശോധിക്കാം. ഇത്തരം അപാകതകൾ ചൂണ്ടിക്കാണിച്ചാൽ ആവശ്യമായ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, എറണാകുളം ജില്ലയിലെ ഹിൽ പാലസ് മ്യൂസിയത്തിൽ നമ്മുടെ രാജ്യത്തിന്റെയും നാടിന്റെയും ചരിത്രം ഉൾപ്പെടുത്തിയുള്ള ലൈറ്റ് ആന്റ് സൗണ്ട് ഷോ സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കാര്യമാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. 2014 മുതൽ സർക്കാരിന്റെ പരിഗണനയിലുള്ള പദ്ധതിയാണിത്. ഇത് നടപ്പാക്കുകയാണെങ്കിൽ ഇവിടേയ്ക്ക് കൂടുതൽ ടൂറിസ്റ്റുകളെത്തുകയും ഹിൽ പാലസിന്റെ വരുമാനം വർദ്ധിക്കുകയും ചെയ്യും. പ്രസ്തുത പദ്ധതി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാനും ശ്രീ. അനൂപ് ജേക്കബും കുറച്ച് നാളുകൾക്കുമുമ്പ് ഹിൽ പാലസ് സന്ദർശിച്ച് അവിടെ നടപ്പാക്കേണ്ട നവീകരണ

പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും അതിൽ കുറച്ചുകാര്യങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയത്തിൽ നേരിട്ട് പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് ഉചിതമായ തീരുമാനമെടുക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിന് കഴിഞ്ഞ സർക്കാർ ആരംഭിച്ച അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുണ്ട്. ചാത്തന്നൂർ മണ്ഡലത്തിലെ എല്ലാ സർക്കാർ ഓഫീസുകളും നവീകരിച്ച് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ വാങ്ങുന്ന പ്രവർത്തനത്തിന്റെ ഭാഗമായി എന്റെ മണ്ഡലത്തിലെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളും ഒരു കോടി രൂപ എം.എൽ.എ. ഫണ്ടിൽ നിന്ന് ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരിക്കുകയാണ്. എന്നാൽ കഴിഞ്ഞ അഞ്ചുവർഷമായി വകുപ്പിന്റെ പിന്തുണ ലഭിക്കാത്തതിനാൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കാൻ സാധിച്ചിട്ടില്ല. വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി മണ്ഡലത്തിലെ മുഴുവൻ സബ് രജിസ്ട്രാർ

ഓഫീസുകളും സ്മാർട്ട് ഓഫീസായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. അദ്ദേഹത്തിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് നടത്തിയ സേവനങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. ടി വിഷയത്തിൽ ഞാൻ അദ്ദേഹത്തോടൊപ്പം നേരിട്ട് സ്ഥലം സന്ദർശിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, പതിനായിരത്തോളം licensed document writers ഈ മേഖലയിലുണ്ട്. ഓരോ ഓഫീസിലും നാലുപേർ വച്ച് നാൽപ്പതിനായിരം കുടുംബങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന Template പദ്ധതി വന്നുകഴിഞ്ഞാൽ ഓരോ വ്യക്തിക്കും അക്ഷയ കേന്ദ്രത്തിൽ നേരിട്ടുപോയി അപേക്ഷ നൽകി അവരുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യാൻ സാധിക്കും. അതിനാൽ ഇത്രയധികം കുടുംബങ്ങളെ ബാധിക്കുന്ന വിഷയമെന്നുള്ള നിലയ്ക്ക് അവരുടെ തൊഴിൽ നഷ്ടപ്പെടാതെ തൊഴിൽ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട വിഷയം തന്നെയാണ്. ആധുനികവൽക്കരണം എല്ലാ രംഗത്തും ഈ വർത്തമാനകാലത്ത് അനിവാര്യമാണെന്ന് മാത്രമല്ല അതാണ് നടന്നുകൊണ്ടിരിക്കുന്നത്. അതുമൂലം ഈ രംഗത്ത് ഏതെങ്കിലും ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുകയോ തെരുവാധാരമാകുമെന്നൊരു ഉത്കണ്ഠയുണ്ടാകേണ്ട കാര്യമോ ഇല്ല. ഈ പരിപാടി ത്വരിതപ്പെടുത്തുന്നതോടൊപ്പം തന്നെ അവരുടെ തൊഴിൽ സാധ്യതകൾ ഉറപ്പുനൽകിക്കൊണ്ട് തന്നെ തുടർ നടപടികളുമായി മുന്നോട്ടുകൊണ്ടുപോകാനുള്ള പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്നത്.

**മലബാർ മേഖലയിലെ ടൂറിസം വികസന പദ്ധതികൾ**

3 (*243) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ബേപ്പൂർ ടൂറിസം പദ്ധതിയുടേയും മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതിയുടേയും പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) മലബാർ മേഖലയിൽ പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ?

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കേരളത്തെ ഒരു ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ വികസിപ്പിക്കുന്നതിനാണ് ടൂറിസം വകുപ്പ് മുൻഗണന നൽകുന്നത്. ഇതിന്റെ ഭാഗമായി വിനോദ സഞ്ചാരികളുടെ വിന്യാസം സംസ്ഥാനത്താകെ തുല്യമാക്കുകയെന്നതിന് ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. മലബാർ മേഖലയിലേയ്ക്ക് എത്തുന്ന ആഭ്യന്തര വിദേശ വിനോദസഞ്ചാരികളുടെ എണ്ണം മറ്റിടങ്ങളെ അപേക്ഷിച്ച് വളരെ കുറവായ സാഹചര്യത്തിൽ മലബാറിനെ ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താനുള്ള വ്യത്യസ്ത പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ വികസിപ്പിക്കുകയും ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നു. മലബാറിന്റെ പ്രത്യേകതകൾക്ക് അനുസരിച്ചുള്ള വ്യത്യസ്തങ്ങളായ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

കോവിഡ് കാലഘട്ടത്തിൽ ടൂറിസം മേഖലയിലേയ്ക്ക് എത്തുന്ന സഞ്ചാരികൾക്ക് സുരക്ഷിത ടൂറിസം ഒരുക്കുന്നതിന് വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങൾ എന്ന പദ്ധതി ആരംഭിച്ചത് വയനാട് ജില്ലയിൽ നിന്നാണ്. വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങളുള്ള ആദ്യ ജില്ലയായി വയനാട് മാറുകയും ചെയ്തു. ഈ പദ്ധതിക്ക് ലഭിച്ച സ്വീകാര്യതയും വയനാടിനെ കേന്ദ്രീകരിച്ച് നടത്തിയ ക്യാമ്പയിനും വൻവിജയമായി മാറി.

2023-ലെ കണക്ക് പ്രകാരം വയനാട്ടിൽ 17,50,267 ആഭ്യന്തര സഞ്ചാരികൾ എത്തി. 2022-നേക്കാൾ 15.97 ശതമാനവും കോവിഡിന് മുമ്പുള്ളതിനേക്കാൾ 53.03 ശതമാനവും വർധനവാണ് വയനാട്ടിൽ മാത്രം ഉണ്ടായത്. നൂതനമായ പദ്ധതികളും പ്രചാരണ പ്രവർത്തനങ്ങളും വയനാടിനെ സഞ്ചാരികളുടെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റിക്കഴിഞ്ഞു. ഏറ്റവും

മികച്ച ഡ്രൈവ്-ഇൻ-ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിനെ പ്രധാന ഡെസ്റ്റിനേഷനായി ഉയർത്തുന്നതിന്റെ ഭാഗമായി കിഫ്ബി പദ്ധതി നടപ്പിലാക്കുന്നു. മുഴപ്പിലങ്ങാട് KTDC-യുടെ നക്ഷത്ര ഹോട്ടലിന്റെ നിർമ്മാണവും പുരോഗമിക്കുന്നുണ്ട്.

ടൂറിസം പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി വൈവിധ്യമാർന്ന ആഘോഷ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ബേപ്പൂർ വാട്ടർഫെസ്റ്റ് തുടർച്ചയായ മൂന്നാം വർഷത്തിലേയ്ക്ക് എത്തിയപ്പോൾ വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഒന്നായിമാറി. ബേക്കൽ ബീച്ച് ഫെസ്റ്റും തളിപ്പറമ്പിലെ ഹാപ്പിനസ് ഫെസ്റ്റിവലും ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. പുതുവത്സര ആഘോഷത്തിന്റെ ഭാഗമായി കോഴിക്കോട് നഗരത്തെയും ഇത്തവണ ദീപാലംകൃതമാക്കി. ചാമ്പ്യൻസ് ബോട്ട് ലീഗ് പുനരാരംഭിച്ചപ്പോൾ മലബാറിലേയ്ക്കും വ്യാപിപ്പിച്ചു. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായി ചെറുവള്ളങ്ങളുടെ മത്സരം അരങ്ങേറി.

സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങളെ കോർത്തിണക്കുന്ന ലിറ്ററി

സർക്യൂട്ട് കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. വൈക്കം മുഹമ്മദ് ബഷീർ സ്മാരക നിർമ്മാണത്തോടെ ലിറ്ററി സർക്യൂട്ട് പദ്ധതിക്ക് തുടക്കമായിരിക്കുകയാണ്.

തലശ്ശേരി പൈതൃക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ പൈതൃക കേന്ദ്രങ്ങളെ സംരക്ഷിക്കുന്നു. മുസരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി പൊന്നാനിയിലും പദ്ധതികൾ നടപ്പിലാക്കി.

സാഹസിക ടൂറിസത്തിന്റെ സാധ്യതയും മലബാർ മേഖലയിൽ നിരവധിയുണ്ട്. ജലസാഹസിക ടൂറിസത്തിന്റെ ഭാഗമായി വാട്ടർ സ്പോർട്സ് ഇവന്റുകൾ പ്രധാന നദികൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു. ടൂറിസം മേഖലയിലെ ആദ്യ സർഫിംഗ് അക്കാദമി ഗോദീശ്വരം ബീച്ചിൽ ആരംഭിച്ചു. മലബാർ റിവർ ഫെസ്റ്റിവെലിന്റെ ഭാഗമായും അഡ്വഞ്ചർ അക്കാദമിക്ക് രൂപം നൽകിയിട്ടുണ്ട്. ബീച്ചുകളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് പദ്ധതി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

ബേക്കലിനെ കൂടുതൽ പ്രചാരമുള്ള ഡെസ്റ്റിനേഷൻ ആക്കി മാറ്റാനുള്ള

പ്രവർത്തനവും നടക്കുന്നുണ്ട്.

ബേക്കൽ ബീച്ച് പാർക്കിന്റെ നവീകരണം, ബേക്കൽ കോട്ടയ്ക്ക് സമീപത്തുള്ള പാർക്കിംഗ് ബേയുടെ വിപുലീകരണം മുതലായ പ്രവർത്തനം വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ചെയ്തുവരുന്നു. ബേക്കൽ ഡെസ്റ്റിനേഷന്റെ പ്രചാരണത്തിനായി പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ബേക്കലിൽ നിലച്ചുപോയ റിസോർട്ട് നിർമ്മാണം ഉദുമ പഞ്ചായത്തിലെ മലാംകുന്നിൽ പുനരാരംഭിച്ചു. 2024 അവസാനത്തോടുകൂടി താജിന്റെ സെലക്ഷൻ ബ്രാൻഡിൽ പ്രവർത്തനം ആരംഭിക്കും. ചെമ്മനാട് പഞ്ചായത്തിൽ ചെമ്പരിക്കയിലെ റിസോർട്ട് സൈറ്റ് പാട്ടകരാറിൽനിന്നും തിരിച്ചെടുത്തു റീടെൻഡർ ചെയ്തു. അജാനൂർ പഞ്ചായത്തിലെ കൊളവയലിലെ റിസോർട്ട് സൈറ്റ് ടെൻഡർ ചെയ്ത് പാട്ടക്കരാർ വ്യവസ്ഥയിൽ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു.

KTDC-യുടെ നേതൃത്വത്തിൽ ബേക്കലിൽ കാരവാൻ പാർക്ക് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ ഫെസിലിറ്റി സാധ്യമാക്കാൻ എയർസ്ട്രിപ്പ് നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിൽ ഉണ്ട്.

ഗതാഗത വകുപ്പിന്റെ 14-09-2023-ലെ സ.ഉ. (സാധാ)നം.377/2023/TRANS പ്രകാരം, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ എയർ സ്ട്രിപ്പ് നിർമ്മിക്കുന്നതിനായി ഫീസിബിലിറ്റി പഠനം നടത്തുന്നതിന് ഏജൻസിയെ കണ്ടെത്തുന്നതിന് Project Management Consultancy (PMC) ആയി കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRDCL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ മുൻകൈയിൽ കേന്ദ്രത്തിന്റെകൂടി സഹായത്തോടെ മലബാറിലെ പ്രധാന നദികളെ ഉൾപ്പെടുത്തിക്കൊണ്ട് കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി നടപ്പാക്കിവരുന്ന പദ്ധതിയാണ് മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി.

പദ്ധതി പൂർത്തിയാകുമ്പോൾ ഈ പ്രദേശങ്ങളിലുള്ള ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനാവുമെന്നും ബോട്ടിംഗ് മറ്റ് അനുബന്ധ സൗകര്യങ്ങളുടെ സജ്ജീകരണം എന്നിവയിലൂടെയും നിരവധി തൊഴിലവസരങ്ങൾ നേരിട്ടും അല്ലാതെയും ലഭ്യമാകുമെന്നുമാണ്

പ്രതീക്ഷിക്കുന്നത്.

മലബാർ മേഖലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. കേരളത്തിലെ ഇതര പ്രദേശങ്ങൾക്കൊപ്പം വയനാട് ജില്ലയിലെ ചേകാടി, കാസർഗോഡ് ജില്ലയിലെ വലിയപറമ്പ, കോഴിക്കോട് ജില്ലയിലെ കടലുണ്ടി, കണ്ണൂർ ജില്ലയിലെ പിണറായി, അഞ്ചരക്കണ്ടി എന്നിവിടങ്ങളിൽ സ്ട്രീറ്റ് പദ്ധതി നടപ്പാക്കിവരുന്നു. ഇതിന് പുറമെ വില്ലേജ് ലൈഫ്, കൾച്ചറൽ ക്യുസീൻ, അഗ്രി ടൂറിസം തുടങ്ങി വിവിധ പാക്കേജുകളും സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയും കേരളത്തിലെ പ്രദേശങ്ങൾക്കൊപ്പം മലബാർ മേഖലയിൽ നടത്തിവരുന്നു.

ടൂറിസം പ്രവർത്തനങ്ങളിൽ ഓട്ടോറിക്ഷകളെ കൂടി ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി ടുക് ടുക് പദ്ധതിക്ക് വയനാട് ജില്ലയിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനുപുറമെ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിലും മികച്ച പ്രതികരണം മലബാറിലെ പദ്ധതികൾക്ക് ലഭിച്ചു.

(ബി) മലബാറിലെ പ്രധാന നദികളെ കോർത്തിണക്കി ആവിഷ്കരിച്ച ടൂറിസം പദ്ധതിയാണ് മലബാർ റിവർ ക്രൂയിസ് പദ്ധതി. കേന്ദ്ര

സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 17 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 6 നിയോജകമണ്ഡലങ്ങളിലായി 14 പദ്ധതികളും (തലശ്ശേരി, ധർമ്മടം, കൂത്തുപറമ്പ്, പയ്യന്നൂർ, തളിപ്പറമ്പ്, കല്ല്യാശ്ശേരി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ 3 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ വിവിധ പ്രദേശങ്ങളിലെ 14 ബോട്ട് ടെർമിനലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മാൻഗ്രോവ് ക്രൂയിസിൽ ഉൾപ്പെടുത്തി കുപ്പം-പഴയങ്ങാടി ക്രൂയിസ് റൂട്ട്, തെയ്യം ക്രൂയിസിൽ ഉൾപ്പെടുത്തി പഴയങ്ങാടി-വളപ്പട്ടണം ക്രൂയിസ് റൂട്ട്, തെക്കുമ്പാട് ഐലന്റ്, മുത്തപ്പൻ & മലബാർ ക്രൂയിസ് സർക്യൂട്ടിൽ ഉൾപ്പെടുത്തി വളപ്പട്ടണം-മുനമ്പ്കടവ് ക്രൂയിസ് റൂട്ട്, പാമ്പുരുത്തി ഐലന്റ്, മുനമ്പ്കടവ് എന്നീ പ്രദേശങ്ങളിലാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതികൾ പൂർണ്ണമായും

പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ തുടർപരിപാടികൾ ആവിഷ്കരിച്ചുവരുന്നു.

പങ്കാളിത്ത ടൂറിസം വികസനം പ്രക്രിയയിലൂടെ 4 വർഷക്കാലം കൊണ്ട് ഘട്ടം ഘട്ടമായി ബേപ്പൂരിനെ അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2021-22 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതി. പദ്ധതിയുടെ ഭാഗമായി 300-ലധികം പേർക്ക് തൊഴിൽ പരിശീലനങ്ങൾ നൽകിയും വിവിധ പാക്കേജുകൾ തയ്യാറാക്കിയും ടൂറിസ്റ്റുകളെ എത്തിക്കുന്നതിനായി പ്രചാരണ വീഡിയോകൾ ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകളിൽ തയ്യാറാക്കി റിലീസ് ചെയ്തിട്ടുണ്ട്. കേരളത്തിലെ ആദ്യത്തെ ആർ.ടി. ക്ലബ് ബേപ്പൂരിൽ രൂപീകരിക്കുകയും ഇ-ബുക്ക് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

ആർ.ടി. മിഷൻ യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി ഓൺലൈനായും വിവിധ പ്രദർശന മേളകൾ, ഹോട്ടൽ/ റിസോർട്ടുകളിൽ പ്രദർശന വിപണന കൗണ്ടറുകൾ ഏർപ്പെടുത്തിക്കൊണ്ടും

സൗകര്യമൊരുക്കി നൽകുന്നു. പദ്ധതിയുടെ ഭാഗമായി 2023 ഡിസംബർ 26 മുതൽ 30 വരെ ബേപ്പൂർ ആർ.ടി. ആൻഡ് ടെക്സ്റ്റൈൽ ആർട്ട്ഫെസ്റ്റ് സംഘടിപ്പിച്ചു. കടലുണ്ടിയെ പൂർണ്ണമായും ഗ്രീൻ ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) മലബാർ മേഖലയിൽ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, മാർക്കറ്റിംഗ് പദ്ധതികൾ എന്നിവ ഏറ്റെടുക്കാൻ ആലോചിക്കുന്നുണ്ട്.

ബേക്കൽ ടൂറിസം സാധ്യതകളെ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ബേക്കൽ ടൂറിസം വില്ലേജ് പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അനുഭവവേദ്യ ടൂറിസത്തിന് പ്രാധാന്യം നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്. 32 ഏക്കർ സ്ഥലത്താണ് പദ്ധതി തയ്യാറാക്കുന്നത്. ലിറ്റററി സർക്യൂട്ടിന്റെ അടുത്തഘട്ട പ്രവർത്തനങ്ങളിൽ മലപ്പുറം, പാലക്കാട് ജില്ലകളിലെ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ 2.0 സ്കീമിലുൾപ്പെടുത്തി കേരളത്തിൽ അനുവദിച്ച രണ്ട് പദ്ധതികളിൽ ഒരെണ്ണം മലബാർ മേഖലയിൽ

നിന്നാണ്: ബേപ്പൂർ (കോഴിക്കോട്). ഇതിന്റെ പ്രാരംഭ നടപടികൾ പുരോഗതിയിലാണ്.

കൂടാതെ സ്വദേശ് ദർശൻ ഉപപദ്ധതിയായ 'ചലഞ്ച്' ബേസ്ഡ് ഡെസ്റ്റിനേഷൻ ഡവലപ്മെന്റ്' സ്കീമിൽ മലബാർ മേഖലയിൽനിന്നുള്ള ചുവടെ ചേർത്ത നിർദേശങ്ങൾ കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്:

1. തലശ്ശേരി, കണ്ണൂർ (സ്പിരിച്വൽ)
2. പിണറായി, കണ്ണൂർ & കൽപ്പാത്തി, പാലക്കാട് (ഹെറിറ്റേജ് & കൾച്ചർ)
3. കോഴിക്കോടും കണ്ണൂരും അടക്കമുള്ള ജില്ലകളിലായി സസ്റ്റെയ്നബിൾ മാൻഗ്രോവ് ഇക്കോടൂറിസം പ്രോജക്ട്, കൂടരഞ്ഞി (കോഴിക്കോട്) & കമ്യൂണിറ്റി ബേസ്ഡ് ഇക്കോടൂറിസം ഇൻ പറമ്പിക്കുളം ടൈഗർ റിസർവ്, പാലക്കാട് (ഇക്കോടൂറിസം & അമൃത് ധരോഹർ സൈറ്റ്).

സി.ബി.എൽ.ന്റെ ഭാഗമായ വള്ളംകളി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പരിശോധന നടത്തുന്നുണ്ട്. പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ ജില്ലാ കേന്ദ്രത്തിൽ ഒരു ടൂറിസം പദ്ധതി

ആവിഷ്കരിക്കുന്നതും പരിഗണനയിൽ ഉണ്ട്. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ പരിഗണനയ്ക്കുവന്ന പദ്ധതികൾ പ്രായോഗികത പരിശോധിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള ശ്രമങ്ങളും നടത്തുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ടൂറിസം വളരെ പ്രാധാന്യമേറിയ പ്രവർത്തനങ്ങൾ നടത്തുന്നുവെന്നത് സന്തോഷകരമാണ്. അങ്ങ് ഇവിടെ ലിറ്ററി ടൂറിസത്തെക്കുറിച്ച് പറഞ്ഞു. വൈക്കം മുഹമ്മദ് ബഷീർ അടക്കമുള്ള ഒട്ടനവധി പ്രഗത്ഭരായ സാഹിത്യ പ്രതിഭകൾക്ക് ജന്മം നൽകിയവരുടെ നാടാണ് മലബാർ. മലപ്പുറം, കോഴിക്കോട്, പാലക്കാട് തുടങ്ങിയ മലബാർ മേഖലകളിലെ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ലിറ്ററി സർക്യൂട്ട് ടൂറിസം ആരംഭിക്കുമെന്ന് അങ്ങ് പറഞ്ഞു. അതുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മലബാർ ലിറ്ററി സർക്യൂട്ട് രണ്ടാം ഘട്ട വികസന പദ്ധതി മലപ്പുറം, തിരൂർ, തിരുനാവായ, തൃത്താല

എന്നീ മേഖലകളെ ഉൾപ്പെടുത്തുന്നു. തുഞ്ചംപറമ്പ്-തിരൂർ, വള്ളത്തോൾ മെമ്മോറിയൽ-തിരുനാവായ അതുപോലെ തൃത്താല അക്കിത്തം മന, എം.ടി.യുടെ തറവാട്, മാമാങ്കം നടന്ന നിളയുടെ തീരം തുടങ്ങിയ ഇടങ്ങളിലൊക്കെ ടി പദ്ധതികൾ നിലവിലുണ്ട്. പദ്ധതിയുടെ ഭാഗമായി മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ പ്രത്യേക ലിറ്ററി സർക്യൂട്ടിന്റെ ഭാഗമായുള്ള ബ്രാന്റിംഗ്, ലാൻഡ് സ്കേപ്പിംഗ്, സൈനേജ് ബോർഡുകൾ, ടൂറിസ്റ്റ് അമിനിറ്റി സെന്റർ, ഇന്ററാക്ഷൻ സോണുകൾ എന്നിവ നിലവിൽ വരും. അതുപോലെ ലിറ്ററി സർക്യൂട്ട് രണ്ടാം ഘട്ടം കൂടുതൽ വ്യാപിപ്പിക്കാനാണ് പൊതുവെ ഉദ്ദേശിക്കുന്നത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, മലബാറിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാല അടക്കം ആയുർവ്വേദ രംഗത്ത് പ്രവർത്തിക്കുന്ന രാജ്യാന്തര പ്രശസ്തിയാർജ്ജിച്ച ഒരുപാട് സ്ഥാപനങ്ങളുണ്ട്. അതോടൊപ്പംതന്നെ മലബാറിൽ വ്യത്യസ്ത മതവിഭാഗങ്ങളുടെ പ്രശസ്തമായ ആരാധനാലയങ്ങളുമുണ്ട്. ഒട്ടേറെ വിദേശികൾ സഞ്ചാരത്തിനും ആയുർവ്വേദ ചികിത്സയ്ക്കുമായി വരുന്നുണ്ട്. ഇതിനെയൊക്കെ പരസ്പരം

ബന്ധപ്പെടുത്തിക്കൊണ്ട് ഹെൽത്ത് ആൻഡ് പിൽഗ്രിം ടൂറിസം ഉപയോഗപ്പെടുത്താനുള്ള സാധ്യത കാണുന്നുണ്ട്. അവ ഉപയോഗപ്പെടുത്താൻ ടൂറിസം ഡിപ്പാർട്ട്മെന്റ് തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ലോകത്തിന്റെ ട്രെന്റ് മനസ്സിലാക്കിക്കൊണ്ടുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ചത്. സംസ്ഥാന സർക്കാർ ഇതിനുവേണ്ടി ചില കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. കോവിഡിനുശേഷം പൊതുവെ വെൽനെസ് ടൂറിസത്തിന്റെ സാധ്യത വളരെയേറെ വർദ്ധിച്ചിരിക്കുകയാണ്. നമ്മുടെ കേരളത്തിലേയ്ക്ക് വിദേശികൾ ആയുർവ്വേദം ഉൾപ്പെടെയുള്ള എല്ലാ മേഖലയിലും ചികിത്സ തേടിവരുന്നുണ്ട്. വെൽനെസ് ടൂറിസത്തിന്റെ സാധ്യത കണക്കിലെടുത്തുകൊണ്ട് ആരോഗ്യ വകുപ്പുമന്ത്രിയുമായി ഒരു പ്രാഥമിക ചർച്ച നടത്തിക്കഴിഞ്ഞു. ആ സാധ്യത ഉപയോഗപ്പെടുത്തുമ്പോൾ കോട്ടയ്ക്കലിനെയാണ് പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൊന്നായി നമ്മൾ കാണേണ്ടത്. വളരെ നല്ല നിലയിൽ നമുക്ക് നടപ്പിലാക്കണം. ഭരണകക്ഷിയും പ്രതിപക്ഷവുമെല്ലാം ചർച്ച ചെയ്തുകൊണ്ട് വെൽനെസ്

ടൂറിസത്തിന്റെ സാധ്യതയെ വളരെ ഫലപ്രദമായി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഭാവിയിൽ തയ്യാറാകുന്ന സ്ഥിതിയുണ്ടാകും.

ശ്രീ. കെ. പി. എ. മജീദ്: സർ, കോവിഡിനുശേഷം ആഭ്യന്തര ടൂറിസം ഒരുപാട് വളർന്നിട്ടുണ്ട്. പല സ്ഥലങ്ങളിലും കുട്ടികളും കുടുംബവുമായും ആളുകൾ സന്ദർശത്തിനായി വന്നുകൊണ്ടിരിക്കുന്നു. പക്ഷേ ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാത്തത് കാരണം ധാരാളം ആളുകൾ മുങ്ങിമരിക്കുന്ന സാഹചര്യം ഉണ്ടാകുന്നു. അങ്ങനെയുള്ള കേന്ദ്രങ്ങൾ കണ്ടെത്തി അവിടെ സുരക്ഷിതമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത്തരം സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്ത് താരതമ്യേന കുറവാണ്. എന്നാലും ഈ വിഷയം ഇല്ലാതാക്കാനുള്ള ശ്രമമാണ് നടത്തേണ്ടത്. വെള്ളത്തിൽ അകപ്പെടുന്നവരെ രക്ഷിക്കുകയെന്നത് ഒരുപാട് റിസ്കുള്ള ജോലിയാണ്. അതുകൊണ്ടുതന്നെ ലൈഫ് ഗാർഡുകളുടെ കുടുംബത്തിന്റെ ഉത്തരവാദിത്വം ഉറപ്പുവരുത്താനും നമുക്ക് കഴിയണം. ഇന്ത്യയിൽ ആദ്യമായി Personal Accident Insurance

Scheme ലൈഫ് ഗാർഡുകൾക്കുവേണ്ടി നടപ്പിലാക്കാൻ പോകുന്നുവെന്ന സന്തോഷ വിവരം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പ്രീമിയം തുക ഡി.ടി.പി.സി.കൾ മുഖേന അടയ്ക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സ്കീം നല്ല നിലയിൽ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാം.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ടൂറിസം മേഖലയിലും കമ്മ്യൂണിറ്റി റിസർവ് മേഖലയിലും പാരിസ്ഥിതിക ആഘാത പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് സൗരോർജ്ജ ബോട്ടുകൾ, ഇ-ബോട്ടുകൾ എന്നിവ കൊണ്ടുവരുന്നതിന് സർക്കാർ മുൻകൈയെടുക്കുമോ; അത്തരത്തിൽ ടൂറിസം സാധ്യതയുള്ള കമ്മ്യൂണിറ്റി റിസർവ് മേഖലയായ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വള്ളിക്കുന്ന്, കടലുണ്ടി എന്നിവിടങ്ങളിൽ സൗരോർജ്ജ ബോട്ടുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും പരിഗണിക്കാവുന്ന വിഷയമാണ്. ഇത് മറ്റൊരു വകുപ്പുമായി ബന്ധപ്പെട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഇതിനകം ഒരു തവണ ചർച്ച നടത്തിക്കഴിഞ്ഞിട്ടുണ്ട്.

ആയത് ചർച്ച ചെയ്ത് യാഥാർത്ഥ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് നഗരസഭയിലെ തളങ്കര ടൂറിസത്തിന് സാധ്യതയുള്ള പ്രദേശമാണ്. പുഴയും കടലും ഒത്തുചേരുന്ന പ്രകൃതി രമണീയമായ സ്ഥലം. ഇവിടെ ടൂറിസം പാർക്ക് യാഥാർത്ഥ്യമാക്കാൻ തുറമുഖ വകുപ്പിന്റെ കീഴിൽ പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നു. മുൻ തുറമുഖ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതുമായി ബന്ധപ്പെട്ട ഒരു പ്രസന്റേഷൻ കളക്ടേറ്റിൽ നടത്തിയിരുന്നു. ടൂറിസം വകുപ്പ് ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കാസർഗോഡ് ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കാം. പൊതുവെ മലബാറിലെ ടൂറിസമെടുത്ത് പരിശോധിച്ചാൽ ഈ ഗവൺമെന്റ് അധികാരമേറ്റശേഷം നടത്തിയ പഠനത്തിൽ ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. കേരളത്തിലേയ്ക്ക് വരുന്ന ആഭ്യന്തര സഞ്ചാരികളിലും വിദേശ

സഞ്ചാരികളില്ലും വെറും 6% മാത്രമാണ് മലബാറിലേയ്ക്ക് വരുന്നത്. 100 പേരിൽ ആറ് പേരാണ് തൃശ്ശൂർ മുതൽ കാസർഗോഡ് വരെ വരുന്നത്. ഇത് പരിഹരിക്കപ്പെടേണ്ട പ്രശ്നമാണ്. മലബാറിന്റെ പ്രദേശിക താൽപ്പര്യമായി അതിനെ കാണേണ്ടതില്ല. മലബാറിലെ ടൂറിസം വികസിച്ചാൽ കേരളത്തിലെ ടൂറിസത്തിന് വികാസമുണ്ടാകും. 2021-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രകടന പത്രികയിലെ 108-ാമത്തെ പോയിന്റെന്ന് പറയുന്നത് മലബാറിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിന് മുൻഗണന നൽകുമെന്നതാണ്. ജനങ്ങൾ ഇതിനെ വലിയ പ്രതിക്ഷയോടുകൂടിയാണ് കാതോർത്തതും അതിനെക്കുറിച്ചുള്ള പ്രചാരണത്തിന്റെ ഭാഗമാകുകയും ചെയ്തത്. കാരണം പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നത് എന്തൊക്കെയെന്ന് അറിയാത്ത സ്ഥിതി നേരത്തെയുണ്ടായിരുന്നു. 2016-ലെ എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയുടെ പ്രത്യേകത ഓരോ വർഷവും പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിയെന്ന് മാത്രമല്ല 2021-ൽ പ്രകടന പത്രികയിൽ പറഞ്ഞ 600 കാര്യങ്ങളിൽ 592 കാര്യങ്ങൾ നടപ്പിലാക്കിയത് എണ്ണിയെണ്ണി ജനങ്ങളോട്

പറയാൻ സാധിച്ചുവെന്നതാണ്. അതുകൊണ്ടുതന്നെ 2021-ലെ പ്രകടന പത്രികയിലെ 900 കാര്യങ്ങളിൽ 108-ാമത്തെ കാര്യമായ മലബാറിന്റെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിന് മുൻഗണന നൽകാൻ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിന് കാസർഗോഡ് ജില്ലയ്ക്ക് വലിയ പരിഗണനയാണ് നൽകുന്നത്. താമസ സൗകര്യമില്ലെന്നത് ഒരു പ്രശ്നമാണ്. ഇന്ത്യയിൽ എറ്റവും കൂടുതൽ ഫൈവ് സ്റ്റാർ ഹോട്ടലുകളുള്ളത് നമ്മുടെ സംസ്ഥാനത്താണ്. എന്നാൽ എല്ലാ സഞ്ചാരികളും താമസിക്കുന്നത് ഫൈവ് സ്റ്റാർ ഹോട്ടലുകളിലല്ല. അതിന്റെ ഭാഗമായിട്ടാണ് പൊതുമരാമത്ത് വകുപ്പിന്റെ റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് ആരംഭിച്ചത്. ഓൺലൈൻ ബുക്കിംഗ് ഫലപ്രദമായി നടപ്പിലാക്കിയതിന്റെ ഭാഗമായി മലബാറിൽ മാത്രമായി തൃശ്ശൂർ മുതൽ കാസർഗോഡ് വരെ 1,06,000 പേരാണ് ഓൺലൈനിലൂടെ റൂം ബുക്ക് ചെയ്തത്. ഒരാൾക്ക് വ്യക്തിപരമായ ലാഭം ആയിരം രൂപയിലധികമാണ്. പത്ത് കോടി രൂപയുടെ വ്യക്തിഗത ലാഭം സഞ്ചാരിക്ക് മലബാറിൽ താമസിക്കുന്നതിന്റെ ഭാഗമായി സൃഷ്ടിക്കാൻ സാധിച്ചു. അതേ സൗകര്യമുള്ള മുറി പുറത്ത് ലഭിക്കണമെങ്കിൽ പ്രയാസമാണ്.

പൊതുവെ പരിശോധിച്ചാൽ ഹോസ്പിറ്റാലിറ്റി ഉറപ്പുവരുത്തുകയും മാർക്കറ്റിംഗ് നന്നായി നടത്തുകയും ചെയ്യുന്നുണ്ട്. വയനാട്ടിലെ മാർക്കറ്റിംഗ് ഈ സഭയിൽ പറഞ്ഞതാണ്. ബാംഗ്ലൂർ ഉൾപ്പെടെ കേന്ദ്രീകരിച്ച് മാർക്കറ്റിംഗ് നടത്തിയതിന്റെ ഗുണം വയനാടിനുണ്ടായി. അതിലേയ്ക്ക് കടക്കുന്നില്ല. കാസർഗോഡ് ജില്ലയിലെ ബേക്കൽ ടൂറിസത്തിന് പ്രധാന്യം നൽകിയതുപോലെ ഇത്തരം പദ്ധതികൾ എങ്ങനെ നടപ്പിലാക്കാമെന്ന് ആലോചിച്ച് മുന്നോട്ടുപോകുന്നതാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, മലബാറിന്റെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എറ്റവും പ്രധാനപ്പെട്ടത് വയനാട് ചുരമാണ്. ചുരത്തിന്റെ വികസന പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി. വകുപ്പിന്റെ നേതൃത്വത്തിൽ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ലക്കിടിയിൽ നിന്ന് അടിവാരത്തേയ്ക്ക് ചുരം കേബിൾ കാർ പ്രോജക്ട് ഗവൺമെന്റ് ആലോചിച്ചിരുന്നു. ആ പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്; എത്രയും വേഗത്തിൽ അത് നടപ്പിലാക്കാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അതിന്റെ പ്രാഥമിക ചർച്ച

നടത്തിയിട്ടുണ്ട്. മറ്റ് കാര്യങ്ങൾ എങ്ങനെ മുന്നോട്ട് കൊണ്ടുപോകണമെന്നുള്ളത് പരിശോധിക്കേണ്ടതുണ്ട്. ചില പ്രയാസങ്ങളും തടസ്സങ്ങളും ഉള്ളത് പരിഹരിച്ച് മുന്നോട്ടുപോകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, ടൂറിസം വികസനത്തെക്കുറിച്ച് ആവർത്തിച്ച് പറയുമ്പോൾ, ചില ടൂറിസം കേന്ദ്രങ്ങളോട് തികഞ്ഞ അവഗണനയാണ് സർക്കാർ കാണിക്കുന്നത്. പൈതൽ മല, പാലക്കയം തട്ട് ഉൾപ്പെടെയുള്ള ചില ഹിൽ സ്റ്റേഷൻസ് വളരെ പ്രധാനപ്പെട്ടതാണ്. അവിടെ ടൂറിസം വികസനത്തിന് സർക്കാരിനൊപ്പം നിന്നുകൊണ്ട് തദ്ദേശീയമായി വികസന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഗവൺമെന്റിന്റെ സപ്പോർട്ട് ലഭിക്കുന്നില്ല. ഇത്തരത്തിലുള്ള മലയോര മേഖലയിലെ ടൂറിസം ഹിൽ സ്റ്റേഷൻസിനെ പരിഗണിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും പരിശോധിക്കാവുന്നതാണ്. ഈ വിഷയത്തിൽ ഇടപെട്ടതാണ്. പിന്നെ

അവഗണനയെന്ന് പറഞ്ഞത് മനസ്സിലായില്ല. 2011-16 കാലഘട്ടത്തിലെ കാര്യമാണോ പറഞ്ഞതെന്ന് അറിയില്ല. എന്തായാലും 2016 മുതൽ 2023 വരെ മലബാർ ടൂറിസത്തെ വികസിപ്പിക്കാൻ സർക്കാർ മുന്നോട്ടുവന്നിട്ടുണ്ട്. പ്രത്യേകിച്ച് പ്രകടന പത്രികയിൽ പറഞ്ഞ കാര്യമാണ്. ഞങ്ങൾ നടപ്പിലാക്കാൻ സാധിക്കുന്നത് പറയുകയും പറഞ്ഞത് എന്ത് പ്രതിസന്ധിയെയും അതിജീവിച്ച് നടപ്പിലാക്കുകയും ചെയ്യും. അതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രത്യേകത. ഇത് നമുക്ക് പരിശോധിക്കാവുന്നതാണ്.

ശ്രീ. മാണി സി. കാപ്പൻ: എന്റെ നിയോജക മണ്ഡലത്തിലെ രണ്ട് പ്രസിദ്ധമായ ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് ഇല്ലിക്കൽ കല്ലും, ഇല വീഴാപൂഞ്ചിറയും. ഇത് Tourism Map of India-ൽ ചേർക്കാൻ വേണ്ട ശ്രമങ്ങൾ നടത്തുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: അതിനെക്കുറിച്ച് ചർച്ച നടത്തി മുന്നോട്ടുപോകാം.

ശ്രീ. പി. നന്ദകുമാർ: സർ, കേരളത്തിലെ പ്രധാന ടൂറിസ്റ്റ് destination ആയി പൊന്നാനി മാറിക്കൊണ്ടിരിക്കുകയാണ്. അവിടെ ടൂറിസം

രംഗത്ത് നിക്ഷേപങ്ങൾ നടത്താൻ പലരും മുന്നോട്ടുവരികയും ചെയ്യുന്നുണ്ട്. ആ സാധ്യതകൾ ഉപയോഗപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പൊന്നാനി ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ്. നമ്മൾ പൊതുവേ പരിശോധിച്ചപ്പോൾ കേരളത്തിലെ ടൂറിസം വികസനത്തിന് പൊതുമേഖലയുടെയും സഹകരണ മേഖലയുടെയും സ്വകാര്യ മേഖലയുടെയും സഹായം ആവശ്യമുണ്ടെന്നാണ് കണ്ടത്. അതിന്റെ ഭാഗമായി സ്വകാര്യ മേഖലയിൽ ടൂറിസം രംഗത്ത് നിക്ഷേപിക്കുന്നവർക്ക് ആത്മവിശ്വാസം നൽകാൻ TIM (Tourism Investors Meet) നവംബർ മാസത്തിൽ നടത്തുകയുണ്ടായി. അത് ഞങ്ങൾ നിക്ഷേപം ഒഴുകിവരണമെന്ന് കരുതി നടത്തിയതല്ല, ഒരു ആത്മവിശ്വാസം ഉറപ്പുവരുത്തുകയെന്ന രീതിയിൽ നടത്തിയതാണ്. എന്നാൽ 15,000 കോടി രൂപയുടെ ഓഫറാണ് വന്നത്. അതിന്റെ ഭാഗമായി ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. അതിൽ 4 പദ്ധതികൾ പൊന്നാനിയുമായി ബന്ധപ്പെട്ടുള്ളതാണെന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

തുടർപ്രക്രിയയുടെ ഭാഗമായി യോഗങ്ങൾ നടത്തി മുന്നോട്ടുപോയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ മറ്റ് കാര്യങ്ങൾ ആലോചിച്ച് പൊന്നാനിയുടെ ചരിത്രപരമായ പ്രത്യേകതകളും പരിഗണിച്ച് ടൂറിസത്തെ വികസിപ്പിക്കാൻ ഇടപെടാമെന്ന് സഭയെ അറിയിക്കുകയാണ്.

**പുതിയ ഭവന നയം രൂപപ്പെടുത്തുന്നതിന് പദ്ധതി**

4 (*244) **ശ്രീ. കടകംപള്ളി സുരേന്ദ്രൻ:**
**ശ്രീ. എ. പ്രഭാകരൻ:**
**ഡോ. സുജിത് വിജയൻപിള്ള:**
**ശ്രീ. ആന്റണി ജോൺ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഭവന നയം രൂപപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തിരുവനന്തപുരത്ത് നാഷണൽ ഹൗസിംഗ് പാർക്ക് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ ആസൂത്രണവും ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കുമോ;

(സി) ഏകീകൃതമായ നിർമ്മാണ രീതികൾ ഉപയോഗപ്പെടുത്തി കുറഞ്ഞ സമയത്തിലും കുറഞ്ഞ ചെലവിലും ഭവന നിർമ്മാണ രീതികൾ

പ്രചരിപ്പിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്യുമോ;

(ഡി) ആഡംബര ഭവനങ്ങൾക്ക് പകരം ആവശ്യങ്ങൾക്കനുസരിച്ചുള്ള കാലാവസ്ഥ സൗഹൃദമായ പുതിയൊരു ഭവന സംസ്കാരം വളർത്തിയെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ) താമസിക്കാൻ സ്വന്തമായ വീട് എന്നത് മലയാളിയുടെ ഒരു സ്വപ്നമാണ്. ഇന്ത്യയിലാദ്യമായി ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ സംസ്ഥാനമെന്ന നിലയിൽ വലിയ ഒരു ജനവിഭാഗത്തെ ഭൂമിയുടെ ഉടമസ്ഥരാക്കിയ സംസ്ഥാനമാണ് കേരളം. പാർപ്പിട രംഗത്തും വലിയ മുന്നേറ്റമാണ് നമ്മുടെ സംസ്ഥാനം കൈവരിച്ചത്. 1971-ൽ കേരളത്തിൽ നടപ്പിലാക്കിയ സമാനതകളില്ലാത്ത പദ്ധതിയാണ് ലക്ഷം വീട് പദ്ധതി. എല്ലാ മനുഷ്യർക്കും സ്വന്തമായി ഭവനം എന്നതിന്റെ ഭാഗമായി സ്വന്തമായി വീട് നിർമ്മിക്കാൻ കഴിയാത്തവരുടെ പാർപ്പിടമെന്ന സ്വപ്നം സാക്ഷാത്കരിക്കാനാണ് ഇന്ത്യയ്ക്ക് തന്നെ മാതൃകയായി കേരളത്തിൽ ലൈഫ് മിഷൻ പദ്ധതി ആരംഭിച്ചത്. ലൈഫ് മിഷന്റെ പരിധിയിൽ വരാത്ത താഴ്ന്ന വരുമാനക്കാരുടെയും ഇടത്തരം

വരുമാനക്കാരുടെയും ഭവന സ്വപ്നങ്ങൾ സഫലമാക്കുന്നതിനായി ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരളത്തിലെ അതിദരിദ്രരായി കണ്ടെത്തിയ മുഴുവൻ ഭവന രഹിതരുടേയും സ്വന്തം വീട് എന്ന സ്വപ്നം 2025-ഓടുകൂടി സാക്ഷാത്കരിക്കപ്പെടും. അതേസമയം തന്നെ വലിയ തുക ചെലവഴിച്ചുള്ള ആഡംബര ഭവനങ്ങൾ ഏറ്റവും കൂടുതലുള്ളതും കേരളത്തിലാണ്. ഗൃഹ നിർമ്മാണത്തിനുവേണ്ടി ഒരു ആയുസ്സിന്റെ സമ്പാദ്യം മുഴുവനും ചെലവഴിക്കുന്നതും സ്വന്തം വരുമാനത്തിലൊതുങ്ങാത്ത വീടുകൾ നിർമ്മിക്കുന്നതിലൂടെ കടക്കെണികളിൽ കുടുങ്ങുന്നതും കേരളത്തിൽ സർവ്വ സാധാരണമായി. ഒന്നിലധികം ഭവനങ്ങൾ നിർമ്മിക്കുകയും അവ ഉപയോഗിക്കാതെ തന്നെ ദീർഘകാലം ഒഴിച്ചിടുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. കൂടാതെ കാലാവസ്ഥയ്ക്ക് ഇണങ്ങാത്തതും പ്രകൃതി ദുരന്തങ്ങളെ തടുക്കാൻ ശേഷിയില്ലാത്തതുമായ ഭവനങ്ങളുടെ നിർമ്മാണം മൂലമുണ്ടായ ദുരന്തങ്ങളും കേരളം കാണുകയുണ്ടായി. ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുത്താണ് കേരളത്തിനുവേണ്ടി സമഗ്രമായ

ഒരു ഭവന നയം രൂപീകരിക്കുന്ന കാര്യം സർക്കാർ ഗൗരവമായി കണക്കിലെടുത്തത്.

പ്രവചനാതീതമായ കാലാവസ്ഥയുടെ കേന്ദ്രമായി കേരളം പലപ്പോഴും മാറ്റപ്പെട്ടുകയാണ്. പ്രദേശങ്ങളുടെ വൈവിദ്ധ്യവും കേരളത്തിന്റെ ഭൂപ്രകൃതിയുടെ ഭാഗമാണ്. നിലവിലുള്ള നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തതയും ഉയർന്നു വരുന്ന പ്രശ്നങ്ങളിൽ ഒന്നാണ്. പ്രകൃതി വിഭവങ്ങൾ വരും തലമുറയ്ക്കുകൂടി കരുതിവെയ്ക്കാൻ കഴിയുന്ന തരത്തിൽ പ്രകൃതിയുടെ ചൂഷണം ഒഴിവാക്കിക്കൊണ്ടുള്ള നിർമ്മാണ രീതികളും പരീക്ഷിക്കപ്പെടേണ്ടതാണ്. ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ ഭവന നിർമ്മിതികളും കാലം ആവശ്യപ്പെടുന്നുണ്ട്. ഇവയെല്ലാം പുതിയ ഭവനനയത്തിൽ പ്രതിഫലിക്കപ്പെടേണ്ടതുണ്ട്.

2011-ൽ ഭവന നയം രൂപീകരിക്കുന്നതിനായി ഒരു സമിതിയെ ചുമതലപ്പെടുത്തിയെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല. 2018-ലും 2020-ലും കമ്മിറ്റികൾ പുന:സംഘടിപ്പിക്കുകയും പ്രസ്തുത കമ്മിറ്റികൾ തയ്യാറാക്കിയ കരട് പാർപ്പിട നയത്തിൽ ആനുകാലികമായ മാറ്റങ്ങൾ കൂടി

ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സമഗ്രമായ ഭവന നയം രൂപീകരിക്കാനുമുള്ള ശ്രമത്തിലാണ് സർക്കാർ. ഇത്തരത്തിലൊരു ഭവന നയം രൂപീകരിക്കുമ്പോൾ അത് പ്രകൃതിക്ക് ഇണങ്ങുന്നതും കാലാവസ്ഥയ്ക്ക് അനുയോജ്യമാകുന്നതും ദുരന്ത പ്രതിരോധശേഷിയുള്ളതുമായിരിക്കണം എന്നതാണ് സർക്കാർ ആഗ്രഹിക്കുന്നത്. മണ്ണിനെ അറിയുന്ന തൊഴിലാളികൾ മുതൽ ഈ രംഗത്തെ അതിവിദഗ്ധരുടെ അഭിപ്രായങ്ങളും ഇതിനായി സ്വരൂപിക്കും.

(ബി) വിവിധ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഭവനങ്ങളുടെ വ്യത്യസ്ത മാതൃകകൾ പ്രദർശിപ്പിക്കുന്ന ആദ്യത്തെ സംരംഭമാണ് National Housing Park. നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയാണ് Housing Park-ന് തുടക്കം കുറിച്ചിരിക്കുന്നത്. വളരെ വിശാലമായ കാഴ്ചപ്പാടോടുകൂടി ഈ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. രാജ്യത്തിനുതന്നെ മാതൃകയായി തീരുന്ന ഒരു Construction Technology Hub ആയിട്ടാണ് ഇതിനെ കാണുന്നത്. പ്രസ്തുത

പദ്ധതിക്കായി തിരുവല്ലം വില്ലേജിൽ വാഴമുട്ടത്ത് 6.90 ഏക്കർ സ്ഥലം സർക്കാർ അനുവദിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ 20 കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. അതിൽ കേരളത്തിന്റെ പ്രകൃതിക്ക് അനുയോജ്യവും വിവിധ തലങ്ങളിലുള്ളതുമായ നാൽപ്പതോളം ഭവനങ്ങളുടെ പൊതു പ്രദർശനമായിരിക്കും നാഷണൽ ഹൗസിംഗ് പാർക്കിന്റെ പ്രധാന ഘടകം. അതോടൊപ്പം Academic Institutions, Training Institutions, Hostels തുടങ്ങിയ വിവിധ മേഖലകളായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. നിർമ്മാണ മേഖലയിലെ ഗവേഷണങ്ങൾ, Short term course-കൾ, Finishing School തുടങ്ങിയ വിവിധ Academic Institutions-ഉം ഇതിന്റെ ഭാഗമായിരിക്കും. പ്രസ്തുത പദ്ധതിക്കായി 22-06-2023-ലെ സ.ഉ.(സാധാ) നം. 46/2023/ഭവനം പ്രകാരം നടപ്പ് സാമ്പത്തിക വർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ കെട്ടിട നിർമ്മാണ രീതികൾക്കൊപ്പം നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും പ്രചരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ്

സംസ്ഥാന നിർമ്മിതി കേന്ദ്രം പദ്ധതികൾ തയ്യാറാക്കുന്നതും പ്രവർത്തിച്ചുവരുന്നതും. അതിന്റെ ഭാഗമായി വർഷങ്ങളായി വിവിധ പദ്ധതികളും പരിശീലനങ്ങളും നടത്തിവരുന്നു. അവയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.

Promotion of modern Construction Technology
Research & Development Awareness Programme

ഇതിൽ പ്രധാന പ്രവൃത്തിയാണ് 3D Printing Building-ന്റെ നിർമ്മാണം. കേരളത്തിലെ ആദ്യത്തെ 3D Printed Building ആയ AMAZE-28 സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ Campus-ൽ നിർമ്മിക്കുകയുണ്ടായി. അത് കണ്ട് മനസ്സിലാക്കുന്നതിനും ബോധവൽക്കരണത്തിനുമായി നിരവധി പരിശീലന പരിപാടികൾ നടത്തുകയുണ്ടായി. കൂടാതെ കെട്ടിട നിർമ്മാണ രംഗത്തെ Startup-കൾ, Entrepreneurs എന്നിവർ develop ചെയ്യുന്ന നൂതന ആശയങ്ങൾ പ്രദർശിപ്പിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനുമുള്ള ഒരു വേദിയായ Building Technology Innovation & Exhibition Centre ആയ CARNIVAL, സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ PTP Campus ൽ സജ്ജമാക്കിയിട്ടുണ്ട്.

അതിനോടൊപ്പം പൊതുസമൂഹത്തിൽ നൂതന സാങ്കേതിക വിദ്യകളിൽ അവബോധം സൃഷ്ടിക്കുക, നിർമ്മാണ രീതികളിൽ പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് Awareness Programmes നടത്തിവരുന്നു. കൂടാതെ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മിതികൾ കണ്ട് മനസ്സിലാക്കുന്നതിനായി നിർമ്മിതി കാമ്പസിൽ വിവിധ സാങ്കേതികവിദ്യ ഉപയോഗിച്ച നിർമ്മിച്ച മാതൃകകൾ സജ്ജമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള വിവിധ പദ്ധതികളിലൂടെ ഏകീകൃത നിർമ്മാണ രീതി ഉപയോഗപ്പെടുത്തി കുറഞ്ഞ സമയത്തിലും കുറഞ്ഞ ചെലവിലും ഭവന നിർമ്മാണ രീതികൾ പ്രചരിപ്പിക്കുന്നതിനുള്ള നടപടികളാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്നത്.

(ഡി) ഓരോ ഭൂമേഖലയ്ക്കും അനുയോജ്യമാകും വിധത്തിലുള്ളതും ഈ സമൂഹത്തിലെ വിവിധ തലത്തിലുള്ള ജനങ്ങൾക്ക് ചെലവ് താങ്ങുവാൻ കഴിയുന്നതുമായ ഭവന നിർമ്മാണ രീതിയും സംസ്കാരവും വളർത്തിയെടുക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പദ്ധതികൾ

ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കാലാവസ്ഥാ മാറ്റങ്ങളെ ഉൾക്കൊള്ളുന്നതും സുരക്ഷിതവും ആരോഗ്യകരമായതും സുഖപ്രദവും ഏറ്റവും പ്രധാനമായി കുറഞ്ഞ ചെലവിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നതുമായ ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കാലാവസ്ഥാ സൗഹൃദമായ പുതിയൊരു ഭവന സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായും ചെലവ് കുറഞ്ഞ നിർമ്മാണ രീതികൾ സമൂഹത്തിൽ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായും ഭവനനിർമ്മാണ ബോർഡ് CREDAI, RERA തുടങ്ങിയ വിവിധ റിയൽ എസ്റ്റേറ്റ് ഗ്രൂപ്പുകൾ എന്നിവയുമായി നിരവധി ചർച്ചകൾ/സെമിനാറുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഒരു പുതിയ ഭവന നയം ആവിഷ്കരിക്കുന്നുവെന്ന് അറിയുന്നത് സന്തോഷകരമായ കാര്യമാണ്. National Housing Park എന്ന പുതിയ ആശയം രൂപപ്പെട്ടതായി മനസ്സിലാക്കുന്നു. ഈ ആശയത്തിൽ ഏതെല്ലാം ഘടകങ്ങളാണ് ഉൾക്കൊള്ളുന്നതെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. കെ. രാജൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. ഈ ഗവൺമെന്റിന്റെ കാലത്ത് തിരുവനന്തപുരത്ത് വാഴമുട്ടത്ത് 6.90 ഏക്കർ സ്ഥലത്ത് എല്ലാ ഭവന സമുച്ചയങ്ങളും ഉൾപ്പെടുന്ന ഒരു ഹൗസ് പാർക്ക് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഞങ്ങൾ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്തപ്പോൾ ഇന്ത്യയിലാദ്യമായിട്ടാണ് ഇങ്ങനെയൊരു ഹൗസ് പാർക്ക് എന്നൊരു ആശയം വരുന്നത്. കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുസൃതമായി നിർമ്മിക്കാവുന്ന നാൽപ്പതോളം നിർമ്മിതികൾ അതിനകത്ത് ഉൾപ്പെടുന്നു. ആ നിർമ്മിതികൾ നേരിട്ട് വാഴമുട്ടത്തെ ഈ കേന്ദ്രത്തിൽ നിർമ്മിക്കപ്പെടും. എന്നുമാത്രമല്ല, ഈ മേഖലയിൽ നടത്താൻ കഴിയുന്ന ഗവേഷണങ്ങൾ, ഹ്രസ്വമായ പരിശീലനങ്ങൾ, എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ച കുട്ടികൾക്കുതന്നെ ഏതാണ്ട് ഹൗസ് സർജൻസി പോലെ നടത്താൻ കഴിയുന്ന ഫിനിഷിംഗ് സ്കൂൾ, കേരളത്തിലെ പാർപ്പിട നിർമ്മാണ സംവിധാനങ്ങൾ നടത്തുന്ന വിവിധങ്ങളായിട്ടുള്ള സെമിനാറുകൾ, ആധുനിക കാലത്ത് നിർമ്മിക്കുന്ന സാമഗ്രികളുടെ വിവിധ കൂട്ടുകൾ, ഇതിനെയെല്ലാം കൂട്ടിയോജിപ്പിക്കാൻ

കഴിയുന്ന, ഒരു കുടക്കീഴിൽ ഗൃഹ നിർമ്മാണത്തിന്റെ നൂതന ആശയങ്ങൾ, മുഴുവൻ ജനങ്ങളെയും പരിചയപ്പെടുത്താൻ കഴിയുന്ന ഇന്ത്യയിൽ ആദ്യത്തെ ഏറ്റവും ശ്രദ്ധേയമായ ഒരു ഇടപെടലായിരിക്കും തിരുവനന്തപുരത്തെ വാഴമുട്ടത്ത് 6.90 ഏക്കർ സ്ഥലത്ത് ആരംഭിക്കാൻ പോകുന്ന ദേശീയ ഹൗസിംഗ് പാർക്ക്. അതിനായി കഴിഞ്ഞ ബഡ്ജറ്റിൽ തന്നെ സർക്കാർ പണം മാറ്റിവയ്ക്കുകയും അതിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുകയും കേന്ദ്രഗവൺമെന്റ് ഈ നടപടിക്രമങ്ങളുമായി സഹകരിക്കാമെന്ന് ഏൽക്കുകയും ചെയ്തിട്ടുണ്ട്. 2024-ൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ദേശീയ ഹൗസിംഗ് പാർക്ക് എന്ന ഈ ആശയത്തെ വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. കൊച്ചി മറൈൻ ഡ്രൈവിൽ ഹൗസിംഗ് ബോർഡിന്റേതായി ഒരു വലിയ പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതായി മനസ്സിലാക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. കെ. രാജൻ: സർ, 'മറൈൻ ഇക്കോ സിറ്റി' എന്ന പേരിൽ

കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമെന്ന് വിളിക്കപ്പെടാവുന്ന എറണാകുളത്ത് 17.9 ഏക്കർ ഹൗസിംഗ് ബോർഡിന്റേതായ സ്ഥലത്താണ് 'വ്യാപാര ഭവന വിനോദസഞ്ചാര സമുച്ചയം' എന്ന പേരിൽ കേരളത്തിലെ തന്നെ ഏറ്റവും വലിയ നിർമ്മിതി ഒരു കുടക്കീഴിൽ നിർമ്മിക്കാൻ പോകുന്നത്. 3,59,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വാണിജ്യ സമുച്ചയവും അതിനോട് ചേർന്ന് 35,24,337 ചതുരശ്ര അടി ഭവന സമുച്ചയങ്ങളും 19,42,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പാർക്കിംഗ് സൗകര്യവുമാണ് ഇതിനുവേണ്ടി വിഭാവന ചെയ്തിട്ടുള്ളത്. 18 മാസത്തിനുള്ളിൽ ആദ്യഘട്ട നിർമ്മാണവും 36 മാസത്തിനുള്ളിൽ രണ്ടാംഘട്ട നിർമ്മാണവും സമയബന്ധിതമായി നടപ്പിലാക്കുകയെന്നതാണ് ലക്ഷ്യമിടുന്നത്. ടി ഭൂമിയോട് ചുറ്റപ്പെട്ട് മംഗളവനങ്ങളും കണ്ടൽക്കാടുമുണ്ട് എന്നതുകൊണ്ടുതന്നെ ഇക്കോ ടൂറിസ്റ്റ് മേഖലയായി അതിനെ നിലനിർത്തിക്കൊണ്ട് ഏതാണ്ട് മൂന്നേക്കർ സ്ഥലത്ത്  കേരളത്തിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ ഒരു ഇക്കോ ടൂറിസ്റ്റ് സിറ്റി കൂടി ഇതിന്റെ ഭാഗമായി രൂപീകരിക്കപ്പെടും. ഹൗസിംഗ് ബോർഡിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ പദ്ധതിയായിരിക്കും

എറണാകുളത്ത് വരാൻ പോകുന്ന മറൈൻ ഇക്കോ സിറ്റി എന്നുമാത്രമല്ല 2150 കോടി രൂപ നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്ന ഈ വ്യാപാര സമുച്ചയത്തിൽ നിന്ന് 3650 കോടി രൂപയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറിലേർപ്പെട്ടിട്ടുള്ളത് നവരത്ന കമ്പനികളിലൊന്നായ NBCC (National Building Construction Corporation)-യുമായാണ്. കാബിനറ്റിന്റെ നിർദ്ദേശ പ്രകാരം അവരുമായി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ഇതിനകം MoU ഒപ്പുവച്ചുകഴിഞ്ഞു. 36 മാസക്കാലയളവിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാമെന്നാണ് കരുതുന്നത്.

ശ്രീ. എ. പ്രഭാകരൻ: സർ, എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരം ഇരട്ട വീടുകൾ നൽകിയിട്ടുണ്ട്. നടുക്ക് ഒരു ചുമരും അപ്പുറത്തും ഇപ്പുറത്തും ഓരോ വീടുകളുമാണുള്ളത്. കാലം മാറി; വളരെ പരിമിതമായ സൗകര്യങ്ങളാണ് അവിടെയുള്ളത്. അത് ഒറ്റവീടുകളാക്കി മാറ്റാനുള്ള എന്തെങ്കിലും പദ്ധതി സർക്കാരിനുണ്ടോ എന്നതാണ് എന്റെ ചോദ്യം ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ

പ്രസക്തമായ കാര്യമാണ്. അദ്ദേഹം ഉൾപ്പെടെയുള്ള അംഗങ്ങൾ ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. 1971-ൽ എം.എൻ. ഗോവിന്ദൻ നായർ ഭവന നിർമ്മാണ വകുപ്പുമന്ത്രിയായിരിക്കുന്ന കാലത്ത് കേരള ചരിത്രത്തിൽ ഏറ്റവും വലിയ ഒരു വികസന ഭവന പദ്ധതിയായിട്ടാണ് ലക്ഷം വീട് പദ്ധതിയെ കണ്ടിരുന്നത്. ഇന്ന് നാം എത്തിച്ചേർന്ന ലൈഫ് വരെയുള്ള പദ്ധതികൾക്കെല്ലാം തുടക്കം കുറിച്ചത് അത്തരം പദ്ധതികളാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ രണ്ടുവീടുകൾ ഒരു ചുമരിന് അപ്പുറവും ഇപ്പുറവുമായി നിർമ്മിച്ചതാണ്. ഏതാണ്ട് 9,000 വീടുകൾ ഇപ്പോഴും അത്തരത്തിൽ ബാക്കിനിൽക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. രണ്ട് പദ്ധതികളാണ് ഇതിനുവേണ്ടി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ഒന്ന്, തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൂടി സഹായത്തോടെ 5 ലക്ഷം രൂപ നൽകാൻ കഴിയുന്ന പദ്ധതി. ഇതിൽ 2 ലക്ഷം രൂപ സർക്കാരിന്റെ സബ്സിഡിയായിരിക്കും. ഒരു ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതിയുടെ ഭാഗമായി മാറ്റിവയ്ക്കാൻ കഴിയും. 2 ലക്ഷം രൂപ ബെനിഫിഷ്യറി കോൺട്രിബ്യൂഷനാണ്. നമ്മുടെ സ്വകാര്യ

സ്പോൺസർമാരുടെ CSR ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി 5 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ആരംഭിക്കുന്ന പദ്ധതിക്ക് "എം.എൻ. സുവർണ്ണ ഭവനം" എന്ന പേരും രണ്ടാമതായി, 75,000 രൂപ മാത്രം സർക്കാർ കോൺട്രിബ്യൂഷൻ നടത്തി ബാക്കി പൂർണ്ണമായും CSR ഫണ്ട് ഉൾപ്പെടുത്തി നടത്താൻ കഴിയുന്ന "എം.എൻ. നവയുഗ പദ്ധതി"-യുമാണ്. ഈ രണ്ട് പദ്ധതികളിലുമായി ഇരട്ട വീടുകൾ പൂർണ്ണമായും ഒറ്റ വീടുകളാക്കാനുള്ള ശ്രമത്തിന് തുടക്കം കുറിക്കുകയാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, കേരളത്തിൽ വൃദ്ധജനങ്ങളുടെ സംഖ്യ വളരെയധികം വർദ്ധിച്ചുവരികയും പലരും വീടുകളിൽ ഒറ്റപ്പെട്ട് താമസിക്കുകയുമാണെന്ന് നമുക്കറിയാം. അതുപോലെ തന്നെയാണ് ഡിസെബിലിറ്റിയുള്ള വിഭാഗം. എന്റെ മണ്ഡലത്തിലുള്ള വ്യക്തിയും 2017-ലെ യുവജന ബോർഡിന്റെ യൂത്ത് ഐക്കൺ അവാർഡ് ജേതാവുമായ ശ്രീ. കൃഷ്ണകുമാർ സ്പൈറൽ മസ്കുലർ അട്രോഫി എന്ന രോഗാവസ്ഥ ബാധിച്ച വ്യക്തിയാണ്. ഇത്തരത്തിലുള്ള എല്ലാ ആളുകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കെട്ടിട സമുച്ചയം നിർമ്മിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ആശയം.

അവർക്ക് മൊബിലിറ്റി കൺസെപ്റ്റ്/ബാരിയർ ഫ്രീ കൺസെപ്റ്റോടുകൂടിയ, ഒബ്സ്ട്രക്ഷൻ വരാത്ത രീതിയിലുള്ള ഒരു സമുച്ചയം, നല്ല പാർക്ക് എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമുച്ചയം നിർമ്മിക്കണമെന്നതാണ് ആവശ്യം. ഈ ആശയങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് അത് വിഭാവന ചെയ്യാൻ സാധിക്കുമോ ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാരണം ഇന്നത്തെ കണക്കനുസരിച്ച് കേരളത്തിൽ 16.5 ശതമാനമാളുകളും 60 വയസ്സിന് മുകളിലുള്ളവരാണ്. 2031-ഓടുകൂടി അത് 20 ശതമാനം കവിയുമെന്നാണ് പൊതുവായ കണക്ക്. റിട്ടയർമെന്റ് ഹോം എന്ന ആശയം സ്വകാര്യ മേഖലയിൽ അടുത്തകാലത്തായി പ്രചാരണത്തിലുണ്ട്. ഇത് സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്നതല്ല. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു Old age Wellness Center എന്നുള്ളത് പിണറായി വിജയൻ ഗവൺമെന്റിന്റെ ഒരു പ്രധാനപ്പെട്ട പദ്ധതിയായി ഭാരതത്തിലാദ്യമായി നടപ്പിലാക്കാൻ കേരളത്തിലെ ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ

ആലോചിച്ചുവരികയാണ്. ഇതിനുവേണ്ടി ഇത്തവണത്തെ ബഡ്ജറ്റിൽ 2 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. ഒറ്റപ്പെടലിന്റെ വേദന ഒട്ടുമുണ്ടാകാത്ത വിധത്തിൽ മാനസികവും ശാരീരികവുമായ സൗഖ്യത്തോടെയും സന്തോഷത്തോടെയും ഏതാണ്ട് പ്രായമായ ആളുകൾക്ക് ഒരു കോമ്പൗണ്ടിനുള്ളിൽ കഴിയാൻ സാധിക്കുന്ന വിധത്തിൽ അവർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തി ജിംനേഷ്യവും നീന്തൽക്കുളവും ക്ലിനിക്കും ആംബുലൻസും  വായനാ മുറികളുമെല്ലാം ഒരുക്കി ഒറ്റ കേന്ദ്രത്തിനുള്ളിൽ ഇതെല്ലാം നൽകുന്ന വിവിധ വീടുകൾ, ചെറിയ ചെറിയ ഹട്ടുകൾ രൂപീകരിച്ചുകൊണ്ട് അവർക്ക് താമസിക്കാൻ കഴിയുന്ന വിധത്തിലുള്ള വാർദ്ധക്യ സൗഹൃദ ഭവനങ്ങൾ കേരളത്തിലാരംഭിക്കാൻ ഹൗസിംഗ് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.  ഇതിനായി 2 കോടി രൂപ പ്രാഥമികമായി മാറ്റിവച്ചിട്ടുണ്ട്. ബോർഡിന്റെ കൈയിലുള്ള സ്ഥലങ്ങളായ തിരുവനന്തപുരം ജില്ലയിലെ നെട്ടയത്തും കോട്ടയം ജില്ലയിലെ ഗാന്ധി നഗറിലുമാണ് ആദ്യമായി ഈ രണ്ട് കേന്ദ്രങ്ങൾ ആരംഭിക്കാൻ ആലോചിച്ചിട്ടുള്ളത്. 2024-ൽ തന്നെ ഇവ പ്രവർത്തനമാരംഭിക്കും.

ശ്രീ. ആന്റണി ജോൺ: സർ, ഹൗസിംഗ് ബോർഡ് നടപ്പാക്കിവരുന്ന ഗൃഹശ്രീ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; നിലവിൽ ഈ പദ്ധതിയിൽ എത്ര ഭവനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. രാജൻ: സർ, വളരെ ശ്രദ്ധയോടുകൂടി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ഗൃഹശ്രീ. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടാത്ത ആളുകൾക്ക് ബെനിഫിഷ്യറി കോൺട്രിബ്യൂഷനായി 2 ലക്ഷം രൂപ സർക്കാർ കൂടി നൽകുന്ന വിധത്തിൽ നാല് തവണകളിലായി കൊടുക്കാൻ കഴിയുന്ന വിധത്തിലാണ് ഗൃഹശ്രീ പദ്ധതി ആദ്യം വിഭാവന ചെയ്തത്. 3837 വീടുകൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. 4056 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ അതിനുള്ള നടപടികളാരംഭിച്ചു. കഴിഞ്ഞ ബഡ്ജറ്റോടുകൂടി സർക്കാരിന്റെ വിഹിതം വർദ്ധിപ്പിച്ചു. 2 ലക്ഷം രൂപ ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ അടച്ചാൽ 3 ലക്ഷം രൂപ ഹൗസിംഗ് ബോർഡ് സബ്സിഡിയായി നൽകാൻ കഴിയുന്ന ഏറ്റവും ശ്രദ്ധേയമായ പദ്ധതിയാണിത്. സ്വന്തമായി മൂന്ന് സെന്റ് ഭൂമിയെങ്കിലുമുണ്ടാകണം. നാല് ഗഡുക്കളായി പണം കൊടുക്കും. നിലവിൽ അത് 5 ലക്ഷം രൂപയായി

വർദ്ധിപ്പിച്ചിട്ടുണ്ട്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, പോക്സോ കേസുകളിൽ ഇരകളാകുന്ന ചില പെൺകുട്ടികൾക്ക് പിന്നീട് സംരക്ഷണം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട് ഇവർക്ക് സുരക്ഷിതമായ താമസമൊരുക്കി അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ഈ പ്രശ്നം വളരെ ഗൗരവമായി ഗവൺമെന്റ് കണ്ടിട്ടുള്ളതാണ്. ഇത്തരം കേസുകളിൽ ഇരകളാകുന്ന കുട്ടികൾ ഒരു ഘട്ടത്തിൽ ഒറ്റപ്പെട്ടുപോകുകയും പലവിധ ആക്രമണങ്ങൾക്ക് വിധേയമാകുകയുമാണ് ചെയ്യുന്നത്. അരക്ഷിതാവസ്ഥ പൊതു സമൂഹത്തിന്റെ മുന്നിൽ ഉണ്ടാകുകയാണ്. വനിതാ ശിശു വികസന വകുപ്പുമായി കൂടിയാലോചിച്ച് "തന്റെ ഇടം" എന്ന പേരിലുള്ള ഒരു പദ്ധതി ആദ്യഘട്ടത്തിൽ ആരംഭിച്ചു. അതിന്റെ ഭാഗമായി കണ്ണൂരും വയനാട്ടും കോഴിക്കോട്ടും വിവിധയിടങ്ങളിൽ ഇത്തരം കേസുകളിൽ ഇരകളാക്കപ്പെട്ട കുട്ടികളുടെ ഉത്തരവാദിത്വം നിർവ്വഹിക്കാനുള്ള ചുമതല ഗവൺമെന്റിന്

കൂടിയുണ്ടെന്ന് കണ്ടെത്തിക്കൊണ്ട് സ്ഥിരമായ, സ്ഥായിയായ ഭവനങ്ങൾ അവർക്ക് നിർമ്മിച്ചുനൽകുകയാണ് ചെയ്യുന്നത്. പക്ഷേ അവർക്ക് ഒറ്റ കേന്ദ്രം നിർമ്മിച്ചുനൽകരുത് എന്നാണ് ഉദ്ദേശിക്കുന്നത്. കാരണം അത് ആ വിധത്തിൽ മാർക്ക് ചെയ്യപ്പെടും. അതുകൊണ്ടുതന്നെ ഇക്കണോമിക്കലി വീക്കർ വിഭാഗത്തിനായി (EWS) ഹൗസിംഗ് ബോർഡ് ആരംഭിക്കുന്ന വിവിധ ഭവന സമുച്ചയങ്ങൾക്ക് ഇടയിലായി ഇവരെ പാർപ്പിക്കാൻ കഴിയുന്ന വിധത്തിൽ സംസ്ഥാനത്തെ വനിതാ ശിശു വികസന വകുപ്പുമായി കൂടിയാലോചിച്ച് ആ പദ്ധതി നടപ്പിലാക്കുകയാണ്. വനിതാ ശിശു വികസന വകുപ്പിന്റെ അധീനതയിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ 18 വയസ്സ് തികഞ്ഞവർക്കും ഈ ആനുകൂല്യം നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ട്. 'തന്റെ ഇടം' പദ്ധതിക്കുവേണ്ടി വീണ്ടും ഈ ബഡ്ജറ്റിൽ രണ്ട് കോടി രൂപ ഗവൺമെന്റ് മാറ്റിവച്ചിട്ടുണ്ട്.

**തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സംരക്ഷണം**

5 (*245) ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസമൂഹത്തിൽ ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും ലിംഗസമത്വം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന നിരവധി നിയമങ്ങളുണ്ടായിട്ടും സ്ത്രീകൾ ചൂഷണങ്ങൾക്ക് ഇരയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിന് എന്തൊക്കെ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) പൊതുസമൂഹത്തിൽ ശരിയായ തൊഴിൽ സംസ്കാരം

വളർത്തിയെടുക്കുന്നതിനും ലിംഗസമത്വം ഉറപ്പുവരുത്തുന്നതിനും തൊഴിൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഉണ്ട്. ഇന്ത്യൻ ഭരണഘടനയിലും മറ്റ് നിയമ പ്രമാണങ്ങളിലും തൊഴിലിടങ്ങളിൽ സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കുന്ന നിരവധി നിയമസംഹിതകളുണ്ടെങ്കിലും സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വം തൊഴിലിടങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ചൂഷണം എന്നിവ തടയുന്നതിനും ലിംഗവിവേചനം അവസാനിപ്പിക്കുന്നതിനും 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിൽ വ്യവസ്ഥകളുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾക്ക് പരിഹാരം കാണുന്നതിനായി (Sexual harassment committee for protection of women at work places – internal complaints committee) ഇന്റേണൽ കംപ്ലയന്റ്സ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. മേൽ നിയമങ്ങൾ ശരിയായും ഫലപ്രദമായും നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാക്രമണം തടയുന്നതിനും സ്ത്രീകൾ അഭിമാനത്തോടും അന്തസ്സോടും ലിംഗസമത്വത്തോടുംകൂടി ജോലി ചെയ്യുന്നതിനു സഹായകമാകുന്ന POSH ആക്ട്, 2013 വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതുവഴി മേൽപ്രശ്നത്തിന് പരിഹാരം ഉണ്ടാകുന്നതാണ്.

(സി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിന് തൊഴിൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കർമ്മപദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[1])

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1 അനുബന്ധമായി ചേർത്തിരിക്കുന്നു.

[10.00 a.m.]

**II. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 2119-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 12-09-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2119-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 12-09-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2119-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

**[10.01 a.m.]**

## III. അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: ആലപ്പുഴയിൽ നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ച ഗൺമാനും സെക്യൂരിറ്റി ഓഫീസറിനുമെതിരെ കേസെടുത്തിട്ടും തുടർനടപടികൾ സ്വീകരിക്കാതെ പോലീസ് കേസ് അട്ടിമറിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ഷാഫി പറമ്പിൽ, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയം അടുത്ത കാലത്തുണ്ടായൊരു പ്രത്യേക സംഗതിയെ സംബന്ധിച്ചല്ലാത്തതും ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുള്ളതുമാണ്. കേരള നിയമസഭയുടെ നടപടിക്രമങ്ങളും

കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52 ക്ലോസ് (iii), (vii) എന്നിവ പ്രകാരം പ്രസ്തുത വിഷയം അനുവദിക്കാൻ കഴിയുന്നതല്ലെന്ന് അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇതൊരു recent occurrence ആണ്. ഞങ്ങളുടെ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്... (ബഹളം)..

മി. സ്പീക്കർ: പ്ലീസ്. പ്ലീസ്... അദ്ദേഹം പറയട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, മജിസ്ട്രേറ്റ് കോടതി കേസെടുക്കാൻ ആവശ്യപ്പെട്ടതുപ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്തു. മുഖ്യമന്ത്രിയുടെ ഇടതും വലതും ഭാഗത്തുനിൽക്കുന്ന ഗൺമാന്മാരായ രണ്ടുപേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അവരോട് സ്റ്റേഷനിൽ ഹാജരാകാൻ ആവശ്യപ്പെട്ടിട്ടും ഹാജരാകുകയോ കേസുമായി സഹകരിക്കുകയോ ചെയ്യുന്നില്ലെന്നുള്ളതാണ് പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങളുടെ വാദം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ബഹുമാനത്തോടും കൂടി പറയുകയാണ്. ഇവിടെ ഈ വിഷയം ഒരുപാട് തവണ നിങ്ങൾ തന്നെ അവതരിപ്പിച്ചതാണ്. With due respect... പ്ലീസ്.

പ്ലീസ്... (ബഹളം)....

ശ്രീ. വി. ഡി. സതീശൻ: സർ, Let me complete. This is very unfair.

മി. സ്പീക്കർ: No, It can't permit. Please... No, No. Sorry. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എല്ലാ ബഹുമാനത്തോടും കൂടി പറയുകയാണ്. ഈ വിഷയം അനുവദിക്കാൻ പറ്റില്ല.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലാക്കാർഡുകളും ഉയർത്തി ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത നടപടിയിലേയ്ക്ക് കടക്കുകയും ശ്രദ്ധക്ഷണിക്കൽ പ്രമേയാവതരണത്തിനിടയിൽ പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

**[10.03 a.m.]**

**IV ശ്രദ്ധക്ഷണിക്കൽ**

**(1) റബ്ബർ മേഖല നേരിടുന്ന പ്രതിസന്ധി**

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വനനശീകരണം തടയൽ ലക്ഷ്യമാക്കി യൂറോപ്യൻ യൂണിയൻ റബ്ബർ ഇറക്കുമതി നിയന്ത്രണം കർശനമാക്കിയിരിക്കുകയാണ്. കേന്ദ്ര ഇറക്കുമതി നയം കേരളത്തിലെ റബ്ബർ മേഖലയെ വലിയ പ്രതിസന്ധിയിലേയ്ക്കെത്തിച്ചു. കേന്ദ്രം വളരെ പ്രതികാരത്തോടുകൂടിയാണ് കേരളത്തോട് പെരുമാറുന്നത്. റബ്ബർ കർഷകരുടെ സംരക്ഷണത്തിന് കേന്ദ്രം പ്രത്യേക പാക്കേജ് അനുവദിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി മാത്രമാണ് റബ്ബർ കർഷകർക്ക് സഹായകരമായിട്ടുള്ളത്. ഇത്തവണത്തെ സംസ്ഥാന ബഡ്ജറ്റിൽ റബ്ബറിന്റെ താങ്ങുവില 180/- രൂപയായി വർദ്ധിപ്പിച്ചെങ്കിലും ആയത് കൃഷിക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

മി. സ്പീക്കർ: പ്ലീസ്. പ്ലീസ് അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരിക്കണം.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, റബ്ബറിന്റെ താങ്ങുവില 250/- രൂപയാക്കി വർദ്ധിപ്പിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് സഹായം ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ കേരളത്തോട് തികഞ്ഞ അവഗണനയാണ് കാണിക്കുന്നത്. പുതുതായി റബ്ബർ കൃഷി ചെയ്യുന്നതിനും തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനുമായി സംസ്ഥാനത്തെ കൃഷിക്കാർക്ക് അനുവദിച്ചിരുന്ന 25,000/- രൂപ പോലും നിർത്തലാക്കിയിരിക്കുകയാണ്. അതേസമയം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഈ ഇനത്തിൽ 40,000/- രൂപ കേന്ദ്ര സർക്കാർ അനുവദിക്കുന്നുമുണ്ട്. കേരളത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും വീണ്ടും കൃഷി ചെയ്യുന്നതിനും 50,000/- രൂപയെങ്കിലും സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്. അതുപോലെ റബ്ബറിന് താങ്ങുവില നിശ്ചയിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. കർഷകർക്ക് റബ്ബർ ബോർഡിന്റെ സഹായം ലഭിക്കുന്നില്ലെന്ന് മാത്രമല്ല, അവിടെ ജീവനക്കാരുടെ എണ്ണവും കുറവാണ്. റബ്ബർ ബോർഡിൽ കേരളത്തിൽ നിന്നുള്ള അംഗങ്ങളുടെ പ്രാതിനിധ്യം കുറച്ചിരിക്കുന്നു. റബ്ബർ

ബോർഡ് തന്നെ ഇല്ലാതാക്കാനാണ് കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നീക്കം. റബ്ബർ ബോർഡിന്റെ ആസ്ഥാനം കേരളത്തിൽനിന്നും മാറ്റാനുള്ള കേന്ദ്ര നീക്കം തുടരുകയാണ്. ഇക്കാര്യത്തിൽ കേരള ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കേണ്ടതുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. സ്വാഭാവിക റബ്ബർ ഉല്പാദനത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. യൂണിയൻ സർക്കാർ റബ്ബറിനെ കാർഷിക മേഖലയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും റബ്ബർ കൃഷി കേരളത്തിന്റെ കാർഷിക മേഖലയ്ക്കും സാമ്പത്തിക മേഖലയ്ക്കും ഒരുപോലെ ഉണർവ് നൽകിയിരുന്നു. അതിനാൽ തന്നെ ഈ മേഖലയെ ഉണർവ്വോടെ നിലനിർത്തേണ്ടത് കേരളത്തിന്റെ ആവശ്യകതയാണ്. എന്നാൽ യൂണിയൻ സർക്കാരുകളുടെ വികലമായ കാർഷിക-സാമ്പത്തിക നയങ്ങൾ കേരളത്തിന്റെ നാണ്യവിളകളെ പ്രത്യേകിച്ച് റബ്ബർ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. രാജ്യത്ത് യൂണിയൻ സർക്കാർ

നടപ്പാക്കിയ ഉദാരവൽക്കരണ പ്രക്രിയയും തുടർന്നുണ്ടായ കയറ്റുമതി, ഇറക്കുമതി നയങ്ങളും പലവിധ ആഗോള കരാറുകളും രാജ്യത്തിന്റെ കാർഷിക-സാമ്പത്തിക മേഖലയെ തകർത്തതോടൊപ്പം നാണ്യവിളകളുടെ ഉല്പാദനത്തിൽ അപ്രമാദിത്വമുണ്ടായിരുന്ന കേരളത്തിനെ സാമ്പത്തികമായി ഞെരുക്കുക കൂടിയാണ് ചെയ്തത്. റബ്ബറിന് 300 ശതമാനം ഇറക്കുമതി ചുങ്കം ചുമത്താമായിരുന്നിടത്ത്, ചുങ്കം 25 ശതമാനം മാത്രമായി. ഈ നയങ്ങളിലൂടെ റബ്ബർ ഇറക്കുമതി 2005-2006-ൽ 45,285 ടണ്ണായിരുന്നത് 2021-22-ൽ 5,46,369 ടണ്ണായി ഉയർന്നു. 1947-ലെ റബ്ബർ നിയമം, 2022-ലെ Rubber (Promotion and Development) Bill-ലൂടെ പരിഷ്കരിക്കാനുള്ള യൂണിയൻ സർക്കാരിന്റെ ശ്രമം റബ്ബർ മേഖലയിലെ പ്രധാന ഗുണഭോക്താക്കളായ കേരളത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ബില്ലിലെ ഈ വ്യവസ്ഥകളെ കേരളം പൂർണ്ണമായി എതിർക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ വരുത്താൻ യൂണിയൻ സർക്കാർ തയ്യാറായെങ്കിലും ഭേദഗതികൾ കേരളത്തിന്റെ താല്പര്യത്തെ പൂർണ്ണമായും ഹനിക്കുന്നതാണ്. റബ്ബർ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഒരു

വ്യവസായമായി ബില്ലിലെ സെക്ഷൻ II (v)-ൽ നിർവ്വചിച്ചതിനാൽ റബ്ബർ കൃഷി concurrent list-ലുൾപ്പെട്ടതും റബ്ബർ കർഷകരെ പ്രതികൂലമായി ബാധിക്കുന്നതുമാണ്. റബ്ബർ കൃഷി വിസ്തൃതിക്കനുസൃതമായി റബ്ബർ ബോർഡിൽ കേരളത്തിനുള്ള പ്രാതിനിധ്യം നിലനിർത്താത്തതും കൃഷി വകുപ്പ് പ്രതിനിധിയെ റബ്ബർ ബോർഡിൽ ഉൾപ്പെടുത്താത്തതും പരിശോധിക്കണമെന്ന കേരള സർക്കാരിന്റെ ആവശ്യം പരിഗണിക്കപ്പെട്ടിട്ടില്ല. ഇക്കാര്യം കത്ത് മുഖേന അറിയിച്ചതിനോടൊപ്പം കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് ആശങ്ക അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ, തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കുരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ എഴുപത് ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ 'Make in India' പദ്ധതിയിലുൾപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ടും സംസ്ഥാന സർക്കാർ യൂണിയൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടിയുണ്ടായില്ല. ഇന്ത്യയിലേയ്ക്ക് ചണ്ടി റബ്ബർ ഇറക്കുമതി ചെയ്യുന്നതിന്

നിലവിലുള്ള നിരോധനം തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും കേന്ദ്ര വാണിജ്യവും വ്യവസായവും വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. എല്ലാ തരത്തിലുമുള്ള ഇറക്കുമതിയും കർഷകനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്നും യൂണിയൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ, റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ National Rubber Policy-ലൂടെ തടയണമെന്നും ആവശ്യപ്പെട്ടിരുന്നു. ദേശീയതലത്തിൽ റോഡ് റബ്ബറൈസ് ചെയ്ത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവൃത്തികളിൽ റബ്ബർവൃഡിന്റെയും റബ്ബർ അനുബന്ധ ഉല്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും National Rubber Policy-ലൂടെ സാധ്യമാക്കണമെന്നും യൂണിയൻ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. റബ്ബർ ബോർഡ് ആസ്ഥാനം കേരളത്തിൽനിന്നും മാറ്റുന്നതിനുള്ള നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ  യൂണിയൻ വ്യവസായ വാണിജ്യ വകുപ്പുമന്ത്രിക്ക് കത്ത് നൽകുകയും തുടർന്ന് റബ്ബർ ബോർഡിന്റെ

ആസ്ഥാനം കേരളത്തിൽനിന്നും മാറ്റാനുള്ള നീക്കം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയുമാണെന്നാണ് അറിയാൻ സാധിച്ചത്. കേരള സർക്കാരിന്റെ നിരന്തര ആവശ്യം പരിഗണിച്ച് റോഡ് ടാറിംഗിന് റബ്ബർ ഉപയോഗിക്കുന്നതിന് വിവിധ സംസ്ഥാനങ്ങൾക്ക് റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ മന്ത്രാലയം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റബ്ബർ കർഷകരോടുള്ള യൂണിയൻ സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾ തുടരുമ്പോഴും റബ്ബർ ബോർഡിന്റെ കണക്കുപ്രകാരം നിലവിൽ കേരളത്തിൽ ഒമ്പതര ലക്ഷത്തിലധികം റബ്ബർ കർഷകരും 5.51 ലക്ഷം ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയുമുണ്ട്. മലയോര മേഖലയിൽ മാത്രമുണ്ടായിരുന്ന റബ്ബർ കൃഷി ഇടനാട്ടുകളിലേയ്ക്കും വ്യാപിച്ചിട്ടുണ്ട്. കേരള സർക്കാർ നടപ്പാക്കിയ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീമാണ് കർഷകരെ ഈ മേഖലയിൽ തുടരാൻ പ്രേരിപ്പിക്കുന്നത്. റബ്ബറിന് കിലോയ്ക്ക് 150/- രൂപയായിരുന്ന താങ്ങുവില 2021 ഏപ്രിൽ 1 മുതൽ 170/- രൂപയായി വർദ്ധിപ്പിച്ചുനൽകി. ആയത് 2024 ഏപ്രിൽ 1 മുതൽ 180/- രൂപയാക്കുമെന്ന് 2024-2025-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. നിലവിൽ 1993.36 കോടി രൂപ റബ്ബർ പ്രൊഡക്ഷൻ

ഇൻസെന്റീവായി കർഷർക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വിലസ്ഥിരത ഫണ്ട് 250/- രൂപയാക്കി ഉയർത്തുന്നതിന് കേന്ദ്രത്തിന്റെ വിഹിതംകൂടി ആവശ്യപ്പെട്ട് നിരവധി തവണ യൂണിയൻ സർക്കാരിനെ സമീപിച്ചുവെങ്കിലും നാളിതുവരെ അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല.

മി. സ്പീക്കർ: മിനിസ്റ്റർ, പ്ലീസ്.

ശ്രീ. പി. പ്രസാദ്: സർ, ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. 2,375 കോടി രൂപ അടങ്കൽ തുക വരുന്ന കേരള കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി - 'കേര' വരുന്ന അഞ്ച് വർഷമായി കേരളത്തിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പ്ലാന്റേഷൻ സെക്ടറിന്റെ ഉന്നമനത്തിനായി പ്രത്യേക തുക വക കൊള്ളിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഘടകം റബ്ബർ വികസനമാണ്. റബ്ബറിന്റെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് പുനർനടീൽ സഹായം, കർഷകർക്കുള്ള സാങ്കേതിക സഹായം, വായ്പാധിഷ്ഠിത പുനർ നടീൽ പദ്ധതി എന്നിവ നടപ്പിലാക്കി ദീർഘകാലാടിസ്ഥാനത്തിൽ

കേരളത്തിന്റെ റബ്ബർ കൃഷി വിപുലപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. 'കേര' പദ്ധതിയുടെ ഭാഗമായി ആറ് ജില്ലകളിൽ റബ്ബറിന്റെ റീപ്ലാന്റേഷനുവേണ്ടി ധനസഹായം നൽകാൻ ലക്ഷ്യമിടുന്നുണ്ട്. മുപ്പതിനായിരം ഹെക്ടർ സ്ഥലത്താണ് ഈ ധനസഹായമെത്തിക്കാൻ സർക്കാർ ശ്രമിക്കുന്നത്. ഒരു ഹെക്ടറിന് 75,000/- രൂപ നിരക്കിൽ പദ്ധതി നടപ്പിലാക്കാൻ പ്രസ്തുത പദ്ധതിയിൻ കീഴിൽ 225 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റബ്ബറിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകരിലെത്തിക്കുന്നതിനുമായി കൂടുതൽ നഴ്സറികൾ ആരംഭിക്കുന്നതായിരിക്കും. റബ്ബർ കർഷകർക്ക് കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാൻ Partial credit guarantee support scheme-ഉം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കും. ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കലിലൂടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ റബ്ബർ കർഷകരോടുള്ള യൂണിയൻ സർക്കാരിന്റെ അവഗണന അവസാനിപ്പിച്ച് റബ്ബർ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്നുള്ള

ആവശ്യം നമുക്കെല്ലാവർക്കും ചേർന്ന് ശക്തമായി ഉന്നയിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന് അനുകൂല നിലപാടാണുള്ളതെന്ന് സഭയെ അറിയിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, നേരത്തെ റബ്ബർ ബോർഡിൽ കേരളത്തിൽ നിന്ന് 8 അംഗങ്ങളുടെ പ്രാതിനിധ്യമുണ്ടായിരുന്നു. ഇപ്പോൾ അത് രണ്ടായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ റബ്ബർ കൃഷിക്കാരെയോ പ്ലാന്റേഴ്സിനെയോ പ്രതിനിധീകരിക്കുന്ന ഒരു സംവിധാനവും ഈ ബോർഡിൽ നിലവിലില്ല. അതുകൊണ്ട് ഈ പ്രശ്നത്തിൽ കേരള ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് കേരളത്തിനർഹമായ പ്രാതിനിധ്യം ലഭ്യമാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുമോ;

ശ്രീ. പി. പ്രസാദ്: തീർച്ചയായും. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തന്നെയാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. റബ്ബർ ബോർഡിനെത്തന്നെ അപ്രധാനമായ ഒന്നാക്കി മാറ്റുന്നതിനുള്ള നിലപാടാണ് യൂണിയൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ ഇക്കാര്യങ്ങളെല്ലാം പ്രകടമായിട്ടുണ്ട്.

ബില്ലിലെ വ്യവസ്ഥകളോടുള്ള സംസ്ഥാനത്തിന്റെ എതിർപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ബോർഡിലെ അംഗബലം കൂട്ടണമെന്നും കർഷകരുടെയും മറ്റ് ആളുകളുടെയും പ്രതിനിധികളെ കേരളത്തിൽനിന്നും ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബോർഡിന്റെ ആസ്ഥാനം കേരളത്തിൽ തന്നെ നിലനിർത്തണമെന്നും കർഷകർക്കുള്ള ആനുകൂല്യ വർദ്ധനവിന്റെ കാര്യവും കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിനുള്ള പാക്കേജിന്റെ കാര്യവുമൊക്കെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പക്ഷെ, അനുഭാവപൂർവ്വമായ നിലപാടല്ല യൂണിയൻ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. ഒരു തരത്തിലുമുള്ള സഹായവും നൽകുകയില്ലെന്നാണ് അവർ പറയുന്നത്. അങ്ങേയറ്റം നിഷേധാത്മകമായ സമീപനം യൂണിയൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമ്പോഴും പ്രതിസന്ധികൾക്കും ബുദ്ധിമുട്ടികൾക്കുമിടയിൽ നിന്ന് റബ്ബർ കർഷകരെ സഹായിക്കാൻ സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിനെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. ആ നിലപാട് തന്നെയാണ് സംസ്ഥാന സർക്കാരിനുള്ളത്.

യൂണിയൻ ഗവൺമെന്റിന്റെ ഇത്തരം നിലപാടുകൾക്കെതിരെ ഒറ്റക്കെട്ടായി നിന്ന് ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്.

## (2) കയർ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ കയർ തൊഴിലാളികളും കയർ സംഘങ്ങളും ചെറുകിട കയർ മേഖലയും അതിരൂക്ഷമായ പ്രതിസന്ധി നേരിടുകയാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ തൊഴിലാളി സംഘടനകളും ഇക്കാര്യത്തിൽ ഒരുമിച്ച് ശബ്ദമുയർത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യം ഞാൻ നിരവധി തവണ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. കരുനാഗപ്പള്ളി എം.എൽ.എ. ശ്രീ. സി. ആർ. മഹേഷും കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ വിഷയം ഉന്നയിച്ചതാണ്. എന്നാൽ കയർ തൊഴിലാളികളുടെ പ്രശ്നങ്ങളോട് ഗവൺമെന്റ് വേണ്ടത്ര അനുഭാവം കാണിക്കുന്നില്ലെന്ന പരാതിയാണ് ഞങ്ങൾക്കുള്ളത്. സർക്കാരിന്റെ മുൻഗണനാ വിഷയങ്ങളിൽ കയർ മേഖല ഉൾപ്പെടുന്നില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മറ്റ് മേഖലകളിൽ ശ്രദ്ധിക്കുന്നതുപോലെ കയർ മേഖലയെ ശ്രദ്ധിക്കുന്നില്ലെന്ന പരാതി

ഞങ്ങൾക്കുണ്ട്. സംസ്ഥാനത്തെ കയർപിരി മേഖലയും ഉല്പാദനമേഖലയും ഗുരുതരമായ സ്തംഭനാവസ്ഥയിലാണ്. പ്രത്യേകിച്ച് ആലപ്പുഴ ജില്ലയിലെ ചേർത്തല, ആലപ്പുഴ, കാർത്തികപ്പള്ളി എന്നീ സ്ഥലങ്ങളിലാണ് കയർ മേഖല സജീവമായിട്ടുള്ളത്. ഈ അസംഘടിത മേഖലയിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. കഴിഞ്ഞ 7 വർഷമായി കയർ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിച്ചിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് കയർ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിച്ചത്. 7 വർഷമായി നിരന്തരം ആവശ്യപ്പെട്ടിട്ടും കൂലി പുനർനിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലടക്കമുള്ള കയർപിരി മേഖലയിലെ എണ്ണൂറോളം സംഘങ്ങളും ചെറുകിട ഉല്പാദന മേഖലയിലെ അറുപതിൽപ്പരം സംഘങ്ങളും മതിയായ പ്രവർത്തന മൂലധനമില്ലാത്തതുകൊണ്ട് പ്രതിസന്ധി നേരിടുകയാണ്. ഉല്പാദന ചെലവിനനുസരിച്ച് ഉല്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷനും മറ്റാനുകൂല്യങ്ങളും മുടങ്ങിക്കിടക്കുന്നു. കടുത്ത ഓർഡർ ക്ഷാമംമൂലം

സംഘങ്ങളുടെയെല്ലാം നിലനിൽപ്പുതന്നെ ഭീഷണിയിലാണ്. ടേൺ ഓവർ കുത്തനെ താഴേയ്ക്ക് പോകുകയാണ്. മാനേജീരിയൽ ഗ്രാന്റ് ലഭിക്കാത്തതിനാൽ ജീവനക്കാർക്ക് ശമ്പളംപോലും കൊടുക്കാൻ സംഘങ്ങൾക്ക് കഴിയുന്നില്ല. ചകിരിതടുക്കിന് ഓർഡർ ക്ഷാമമുണ്ടായ അവസരത്തിൽ എല്ലാവരും വലപ്പായയിലേയ്ക്ക് മാറണമെന്ന ഒരു ആശയം ഗവൺമെന്റ് മുന്നോട്ടുവച്ചതാണ്. 15 വർഷത്തേയ്ക്കുള്ള ഓർഡർ വന്നിട്ടുണ്ടെന്ന് പറഞ്ഞ് ലോണെടുത്തും കടം വാങ്ങിയും ചെറുകിട ഉടമകൾ വലപ്പായയിലേയ്ക്ക് വരികയും ഓർഡർ ലഭിക്കാതെ കടക്കെണിയിൽ പെട്ടിരിക്കുകയുമാണ്. ചെറുകിട സംഘങ്ങളുടെ ഗുരുതരമായ അവസ്ഥയാണിത്. കയർപിരി സംഘങ്ങൾ, ചെറുകിട ഉല്പാദക സംഘങ്ങൾ, മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സംഘങ്ങൾ എന്നിവ ഉല്പാദിപ്പിച്ച കയറുകൾ കെട്ടിക്കിടക്കുകയാണ്. സംഘങ്ങളിൽനിന്നും സംഭരിച്ച കയറിന്റെ വിലയായി ഓരോ സംഘത്തിനും ലക്ഷക്കണക്കിന് രൂപയാണ് കുടിശ്ശികയിനത്തിൽ കൊടുക്കാനുള്ളത്. കയർഫെഡിന്റെ ഭാഗത്തുനിന്നും ഒരു നടപടിയുമുണ്ടാകുന്നില്ല. കയർ വ്യവസായത്തെയും തൊഴിലാളികളെയും

രക്ഷിക്കാനുള്ള കയർഫെഡും കയർ കോർപ്പറേഷനും കയർ മേഖല ഉപേക്ഷിച്ച് ഇതര മേഖലയിലേയ്ക്ക് ചുവടുറപ്പിക്കുകയാണ്. മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റന്റ്സും ഇൻകം സപ്പോർട്ട് സ്കീം സഹായവും ലഭിക്കുന്നില്ല. പി. പി. എസ്. എസ്. പരിപൂർണ്ണമായും നിശ്ചലമായി. കയർ തൊഴിലാളികളുടെയും ചെറുകിട ഉടമകളുടെയും യോഗം വിളിച്ചുചേർക്കുന്നതിൽ സർക്കാർ വിമുഖത കാണിക്കുകയാണ്. ഭൂരിപക്ഷം കയറ്റുമതി ഉടമകളും കേരളം വിട്ട് തമിഴ്നാട്ടിലേയ്ക്ക് പോയിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിന്റെ അഭിമാനമായിരുന്ന കയർ മേഖലയും കയർ വ്യവസായവും ചരിത്രത്താളുകളിലേയ്ക്ക് മാറുന്നൊരു സാഹചര്യമാണ് നിലവിലുള്ളത്. അതുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് നിർദ്ദേശങ്ങളാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. ചെറുകിട ഉടമകളുടെ വീടുകളിലും സംഘങ്ങളിലും കെട്ടിക്കിടക്കുന്ന കയറുല്പന്നങ്ങൾ സംഭരിക്കണം. ഈ രംഗത്ത് നിലനിൽക്കുന്നവരെ സംരക്ഷിക്കുന്നതിന് ആഴ്ചയിൽ 4 ദിവസമെങ്കിലും ജോലി ഉറപ്പാക്കണം. ഇന്ന് ഒരു ദിവസംപോലും ജോലി കിട്ടാത്ത അവസ്ഥയാണ്. ആവശ്യമായ ഓർഡറുകൾ കണ്ടെത്തണം. പൊതുമേഖലാ

സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ മുഖേന കൂടുതൽ ഓർഡറുകൾ പ്ലേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സർക്കാർ ജീവനക്കാരെയും സർക്കാർ സ്ഥാപനങ്ങളെയും ഈ യജ്ഞത്തിൽ പങ്കാളികളാക്കണം. സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കയറുല്പന്നങ്ങൾ വാങ്ങാൻ കർശനമായ നിർദ്ദേശം നൽകണം. കയർ സംഘങ്ങൾക്ക് കൊടുക്കാനുള്ള സാമ്പത്തിക കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കണം. ഓർഡർ ക്ഷാമത്തെത്തുടർന്ന് പ്രവർത്തനക്ഷമമായ സംഘങ്ങളെ നിലനിർത്തുന്നതിന് മാനേജീരിയൽ സബ്സിഡി നൽകണം. ബഹുഭൂരിപക്ഷം കയർ സംഘങ്ങളും ഇന്ന് പ്രവർത്തനരഹിതമായിക്കൊണ്ടിരിക്കുന്നു. മൂലധനമില്ലായ്മകൊണ്ട് അവർക്ക് നിലനിൽക്കാൻ കഴിയാത്ത അവസ്ഥയാണ്. സംഘങ്ങൾക്ക് കയർ കോർപ്പറേഷൻ നൽകാനുള്ള മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ.) കുടിശ്ശിക തീർത്തുകൊടുക്കണം. ആഭ്യന്തര-വിദേശ മാർക്കറ്റുകളിൽ കൂടുതൽ എക്സ്പോകളും മാർക്കറ്റിംഗ് ഇടപെടലുകളും നടത്തി

ഓർഡർ സമ്പാദിക്കണം. ചെറുകിട കയർ ഉല്പാദക സംഘങ്ങളും ചെറിയ ഫാക്ടറികളും കയർപിരി മേഖലകളും നേരിടുന്ന അതീവ ഗുരുതരമായ സാഹചര്യം പരിഹരിക്കാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്ന് അങ്ങയിലൂടെ വ്യവസായ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ മുൻപ്രതിപക്ഷ നേതാവ് ഉന്നയിച്ച പ്രശ്നങ്ങളിൽ പലതും ഇപ്പോൾ വസ്തുതകളുമായി ചേർന്നുനിൽക്കുന്നതല്ല. കുറച്ചുകാലം മുമ്പാണെങ്കിൽ അദ്ദേഹം പറഞ്ഞതിൽ ചില കാര്യങ്ങൾ ശരിയായിരുന്നു. അദ്ദേഹം ഇവിടെ മാനേജീരിയൽ സബ്സിഡിയും പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസന്റീവും മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റന്റ്സുമൊന്നും കൊടുത്തിട്ടില്ലെന്നാണ് പറഞ്ഞത്. അത് വസ്തുതകൾക്ക് നിരക്കുന്നതല്ല. എന്നാൽ മുൻകാലങ്ങളിൽ കയർ മേഖലയിൽ രൂക്ഷമായ പ്രതിസന്ധി നിലനിന്നിരുന്നു. പരമ്പരാഗത മേഖലയിൽ ഇപ്പോഴും പ്രതിസന്ധി തുടരുന്നുണ്ട്. നേരത്തെ കയർഫെഡ് സംഭരിക്കുന്ന ചകിരി സംഘങ്ങൾക്ക് കൊടുക്കുകയും സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ തിരിച്ച് സംഭരിക്കുകയും

ചെയ്തിരുന്നു. ചകിരി വിലയിൽ പ്രശ്നം വന്നപ്പോൾ സംഘങ്ങൾക്ക് വിപണിയിൽനിന്നും ചകിരി വാങ്ങാൻ അനുമതി നൽകണമെന്ന് ഞാൻ മന്ത്രിയായി ചാർജ്ജെടുത്ത തുടക്കത്തിൽ അങ്ങുതന്നെ ഈ സഭയിൽ ആവശ്യപ്പെട്ടിരുന്നു. അങ്ങയുടെ അഭ്യർത്ഥന മാനിച്ച് എല്ലാവരുമായി യോഗം ചേർന്ന് അങ്ങനെയൊരു തീരുമാനമെടുക്കുകയും ചെയ്തു. ആ തീരുമാനത്തോട് യഥാർത്ഥത്തിൽ എനിക്ക് ആദ്യം യോജിപ്പുണ്ടായിരുന്നില്ല. കാരണം, സംഘങ്ങൾ തമിഴ്നാട്ടിൽനിന്നും ചകിരി വാങ്ങുകയും ആ ചകിരി കയറായി മാറുമ്പോൾ ജനങ്ങളുടെ പണം ഉപയോഗിച്ച് അതിന് പൂർണ്ണമായും സബ്സിഡി നൽകേണ്ടതുണ്ടോയെന്ന പ്രശ്നം ഉണ്ടെങ്കിൽപ്പോലും സംഘങ്ങൾ പ്രവർത്തിക്കേണ്ടതുണ്ടെന്ന പൊതു അഭിപ്രായത്തെ മാനിച്ചാണ് അന്ന് ആ തീരുമാനമെടുത്തത്. കേരളത്തിലെ കയർ മേഖലയുടെ അടിസ്ഥാന പ്രശ്നം എന്തായിരുന്നു; അങ്ങയുടെ സർക്കാരിന്റെ കാലത്തായാലും പിന്നീടുള്ള സർക്കാരിന്റെ കാലത്തായാലും ഉല്പാദനവും സംഭരണവും മാത്രമാണ് ശ്രദ്ധിച്ചിരുന്നത്. വിപണനമുണ്ടായിരുന്നില്ല. സംഭരണം കൂടുന്തോറും തുടർച്ചയായി ഗോഡൗണുകൾ വാടകയ്ക്ക്

എടുത്തുകൊണ്ടിരിക്കുകയായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഗോഡൗണുകൾക്കുള്ളിൽ സംഭരിച്ചുവച്ചിരിക്കുന്ന കയറുല്പന്നങ്ങൾ വിറ്റുതീർക്കുന്ന പദ്ധതി ഏറ്റെടുത്തു. അതിന്റെ ഭാഗമായി നല്ല രീതിയിൽ കയറും കയർ കോർപ്പറേഷന്റെ കയറുൽപ്പന്നങ്ങളും വിറ്റുതീർക്കാൻ കഴിഞ്ഞു. ഇതൊക്കെ എത്രയോ കാലങ്ങളായി സംഭരിച്ചുവച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധക്കുറവുണ്ടെന്ന അങ്ങയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇതിനായൊരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. വ്യവസായ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ പങ്കെടുത്ത് അഞ്ചോ ആറോ യോഗങ്ങൾ ചേരുകയും ചെയ്തിട്ടുണ്ട്. എക്സ്പോർട്ടേഴ്സ് ഉൾപ്പെടെ തമിഴ്നാട്ടിലേയ്ക്ക് പോകുന്ന കാര്യം അങ്ങ് പറഞ്ഞല്ലോ; ഇപ്പോഴല്ല. നേരത്തെ പോയിട്ടുണ്ട്. അത് തുടർന്നുകൊണ്ടിരിക്കുകയുമാണ്. അവർ തമിഴ്നാട്ടിലേയ്ക്ക് പോകുന്നതിന്റെ അടിസ്ഥാനപരമായൊരു പ്രശ്നം ഉന്നയിച്ചു. ആ പ്രശ്നം എന്താണെന്നുവച്ചാൽ കേരളത്തിലെ കൂലിഘടന (Basic X DA) അശാസ്ത്രീയമാണ്. 60 വർഷമായി തുടരുന്നതാണ്. അതിൽ മാറ്റമുണ്ടാക്കണം. കയർ മേഖലയിലെ പരിണിതപ്രജ്ഞനായ ട്രേഡ് യൂണിയൻ

നേതാവായിരുന്ന അന്തരിച്ച ആനത്തലവട്ടം ആനന്ദൻ തന്നെ മുൻകൈയെടുത്ത് എല്ലാ യൂണിയനുകളെയും വിളിച്ചുചേർത്ത് അറുപത് വർഷത്തോളം നിലനിന്നിരുന്ന തർക്കങ്ങൾ പരിഹരിക്കുകയാണുണ്ടായത്. അതിനെത്തുടർന്ന് എക്സ്പോർട്ടേഴ്സ് ഉൾപ്പെടെ വന്ന് പുതിയ പ്രൊഡക്ഷൻ കേന്ദ്രങ്ങൾ ആരംഭിക്കുകയും കേരളത്തിലേയ്ക്ക് ഇൻവെസ്റ്റ്മെന്റ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ മേഖലയ്ക്കായി 412 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. ഈ സാമ്പത്തിക വർഷം 496 കയർ സംഘങ്ങൾക്ക് 5.57 കോടി രൂപ വർക്കിംഗ് ക്യാപ്പിറ്റലായി അനുവദിച്ചു. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി, സംഘങ്ങൾക്ക് മാത്രമല്ല ഫോർമാറ്റിംഗ് സൊസൈറ്റികൾക്കും ഇത്തവണ പ്രവർത്തന മൂലധനം അനുവദിച്ചു. ഇതുൾപ്പെടെ നടപ്പുസാമ്പത്തിക വർഷം 81.72 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. മാനേജീരിയർ സബ്സിഡി ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 4 കോടി രൂപയിൽ ഇതിനോടകം 257 സംഘങ്ങൾക്ക് 1.47 കോടി രൂപ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ.) സ്കീമിൽ

432 സംഘങ്ങൾക്ക് 8.28 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ, ഈ സാമ്പത്തിക വർഷം മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ.) സ്കീമിൽ 13.9 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്ന 2021-ൽ സംസ്ഥാന വിഹിതമായി 26 കോടി രൂപ നൽകിയിട്ടുണ്ട്. അങ്ങേയ്ക്ക് വളരെ കൃത്യമായി അറിയാവുന്നതും എന്നാൽ അങ്ങ് പറയാൻ വിട്ടുപോയതുമായ ഒരു കാര്യമുണ്ട്. ഇങ്ങനെ വിതരണം ചെയ്യുന്ന സംസ്ഥാന വിഹിതത്തിന്റെ ഒരു ഭാഗം യൂണിയൻ ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ടതാണ്. അത്തരത്തിൽ കയർ ബോർഡുവഴി ലഭിക്കേണ്ട 22.1 കോടി രൂപ കേരളത്തിന് ലഭിച്ചിട്ടില്ല. എന്നാൽ യൂണിയൻ വിഹിതത്തിന് കാത്തുനിൽക്കാതെ തന്നെ സംസ്ഥാന വിഹിതത്തിൽനിന്ന് കൊടുക്കുന്ന രീതിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇൻകം സപ്പോർട്ട് പദ്ധതിയിൽ 18847 കയർ തൊഴിലാളികൾക്കായി 16.23 കോടി രൂപ അനുവദിക്കുകയും വിതരണം പൂർത്തിയാക്കുകയും ചെയ്തുകഴിഞ്ഞു. യു.ഡി.എഫ്. സർക്കാർ അധികാരത്തിലുണ്ടായിരുന്ന 2011-16 കാലഘട്ടത്തിൽ ചെറുകിട ഉല്പാദക സംഘങ്ങളിൽനിന്ന് ആകെ 410 കോടി

രൂപയുടെ ഉൽപ്പന്നങ്ങളാണ് സംഭരിച്ചത്. എന്നാൽ ഈ രണ്ടുവർഷംകൊണ്ട് ഞങ്ങൾ 395 കോടി രൂപയുടെ ഉല്പന്നങ്ങൾ സംഭരിച്ചുകഴിഞ്ഞു. അങ്ങനെ സംഭരിക്കുന്ന ഉല്പന്നങ്ങൾ പരമാവധി വിപണനം ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുമുണ്ട്. പരമ്പരാഗത കയർ തൊഴിലാളികളുടെയും കയർ സംഘങ്ങളുടെയും താൽപ്പര്യം സംരക്ഷിച്ചുകൊണ്ടുതന്നെ കയർ ഫെഡ്, ചകിരിയും കയറും സംഭരിക്കുന്നതോടൊപ്പം വിപണി മൂല്യമുള്ള വിവിധങ്ങളായ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി കൊക്കോ പോട്ട് ഇനോക്കുലേറ്റഡ് വിത്ത് കൊക്കോ പീറ്റ് മുതലായവ തയ്യാറാക്കി വിപണനം നടത്തിവരുന്നു. കയർ ഭൂവസ്ത്രത്തിന് വിപണിയില്ലെന്ന അങ്ങയുടെ പരാമർശം വസ്തുതകൾക്ക് നിരക്കുന്നതല്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് വനപ്പായ അഥവാ കയർ ഭൂവസ്ത്രത്തിന്റെ ഉല്പാദനത്തിലേയ്ക്ക് തിരിഞ്ഞത്. അങ്ങനെ 98.29 കോടി രൂപയുടെ ഭൂവസ്ത്രം കഴിഞ്ഞ സർക്കാരിന്റെ അഞ്ചുവർഷക്കാലംകൊണ്ട് വിതരണം ചെയ്തു. എന്നാൽ ഈ രണ്ടുവർഷംകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 115.7 കോടി

രൂപയുടെ കയർ ഭൂവസ്ത്രം വിതരണം ചെയ്തുകഴിഞ്ഞു. ഇതുകൂടാതെ കയർ ഭൂവസ്ത്രത്തിന് വിപണി കണ്ടെത്താൻ ചരിത്രത്തിലാദ്യമായി വടക്ക കിഴക്കൻ സംസ്ഥാനങ്ങളിലെ ആളുകളെ ഇവിടെ വരുത്തുകയും മണ്ണിടിച്ചിൽ തടയാൻ അവിടെ കയർ ഭൂവസ്ത്രങ്ങൾ വിനിയോഗിക്കാവുന്നതാണെന്ന് കണ്ടെത്തുകയും ചെയ്തു. ആദ്യമായി ഒറീസയിലെ മൈൻ മേഖലയിൽ കയർ ഭൂവസ്ത്രമുപയോഗിച്ചുള്ള സംരക്ഷണത്തിന് ഓർഡർ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിപണി ശക്തിപ്പെടുത്താൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇപ്പോൾ വൈവിധ്യമായ പുതിയ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി സ്റ്റേക്ക്ഹോൾഡേഴ്സുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ സഹകരണത്തോടെ നൂതനമായ ഡിസൈനുകൾ രൂപകല്പന ചെയ്തു. ഇതിനായി ഈ സംഘങ്ങളിൽനിന്ന് 50 മാസ്റ്റർ ട്രെയിനേഴ്സിനെ തെരഞ്ഞെടുത്ത് ഒരു മാസത്തെ ട്രെയിനിംഗ് കൊടുത്തു. പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനേഴ്സ് സംഘങ്ങളിലെ മറ്റുള്ളവർക്ക് പരിശീലനം നൽകി ലോക വിപണിക്കാവശ്യമായ വൈവിധ്യമായ ഉല്പന്നങ്ങൾ

വിപണിയിലിറക്കാനാണ് ശ്രമിക്കുന്നത്. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഫോർ ഹാൻഡിക്രാഫ്റ്റ് ഈ മാസം ഡൽഹിയിൽ സംഘടിപ്പിച്ച സ്പ്രിംഗ്-2024 എന്ന വ്യാപാരമേളയിൽ ഇത്തരത്തിലുള്ള പുതിയ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുകയും അതിന് പുരസ്കാരം നേടുകയും ചെയ്തിട്ടുണ്ട്. ഇത്തരമൊരു പ്രതിസന്ധി ഘട്ടത്തിലും നമുക്കെല്ലാവർക്കും ഒരുമിച്ച് നിന്ന് ഈ മേഖലയെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കയർ ബോർഡുമായി ചേർന്ന് ആലപ്പുഴയിലും ഹരിപ്പാടുമായി രൂപീകരിച്ച രണ്ട് ക്ലസ്റ്ററുകളുടെയും പ്രവർത്തനം ഫലപ്രദമായി മുന്നോട്ടുപോകുന്നില്ല. ആലപ്പുഴ ജില്ലയ്ക്ക് ഏറ്റവും ആവശ്യമായ തൊഴിലാളികളെ ചേർത്തുകൊണ്ടുള്ള ക്ലസ്റ്ററുകളായതിനാൽ കയർ ബോർഡുമായി ചർച്ച ചെയ്ത് പ്രധാനപ്പെട്ട ഈ രണ്ട് ക്ലസ്റ്ററുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി കയർ ബോർഡുമായൊരു ചർച്ചയ്ക്ക് തയ്യാറാകുമോ?

ശ്രീ. പി. രാജീവ്: സർ, നിലവിൽ കയർ ബോർഡിന് കിട്ടേണ്ട വിഹിതം പോലും ഇപ്പോൾ കിട്ടിയിട്ടില്ല. ആലപ്പുഴ ജില്ലക്കാരായ

പ്രൊഫസർ പി. ബാലചന്ദ്രൻ, ശ്രീ. എ. സി. ജോസ് എന്നിവർ കയർ ബോർഡ് ചെയർമാന്മാരായിരുന്നു. ഞാൻ എം.പി. ആയിരിക്കുമ്പോൾ ആ ബോർഡിൽ ആറുവർഷം മെമ്പറായിരുന്നു. അന്ന് കയർ ബോർഡിനകത്ത് കേരള താല്പര്യങ്ങൾക്ക് ഒരു ഊന്നലുണ്ടായിരുന്നു. ഇപ്പോൾ കയർ ബോർഡിന്റെ ചെയർമാനായിരിക്കുന്നത് തമിഴ്നാടിൽനിന്നുള്ള ഒരാളാണ്. അതുകൊണ്ടുതന്നെ കേരളത്തിന്റെ ഒരു കാര്യവും ബോർഡിന്റെ അജണ്ടയിൽ കൊണ്ടുവരാൻ കഴിയുന്നില്ല. ഈ സർക്കാർ ക്ലസ്റ്ററുകളെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. കാരണം, ക്ലസ്റ്ററുകൾ നിലവിൽ വന്നാൽ കോമൺ ഫെസിലിറ്റി സെന്ററുകൾ വരികയും അതോടെ പ്രൊഡക്ഷൻ കോസ്റ്റ് കുറയുകയും പ്രോഡക്ടിന്റെ വില കുറയുകയും ചെയ്യും. അതിനാണ് ഈ സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നത്. സംസ്ഥാനത്തിനർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ഇത്തരം ആശയങ്ങൾ വിപുലപ്പെടുത്തുന്നതിനുമായി കയർ ബോർഡ് ചെയർമാനുമായി ചർച്ച നടത്താനും അങ്ങയുടെ മണ്ഡലവുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യമുണ്ടെങ്കിൽ അതും ചർച്ച ചെയ്യുന്നതിനുമായി ബഹുമാനപ്പെട്ട

അംഗത്തെക്കൂടി വിളിക്കുന്നതിൽ സർക്കാരിന് സന്തോഷമേയുള്ളൂ.

**[10.25 a.m.]**

**V സബ്മിഷൻ**

**(1) സപ്ലൈകോയിലെ അവശ്യസാധനങ്ങളുടെ വിലവർദ്ധന**

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ വിഷയം കഴിഞ്ഞ ദിവസം അടിയന്തരപ്രമേയ നോട്ടീസായി സഭയിൽ അവതരിപ്പിച്ചതാണ്. അന്ന് വളരെ വിശദമായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി രണ്ട് പ്രാവശ്യം മറുപടി പറഞ്ഞു. സർക്കാർ സപ്ലൈകോയിലെ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഇതുസംബന്ധിച്ച് മാധ്യമ വാർത്തകൾ വരുന്നുണ്ടല്ലോയെന്നും അന്ന് ഞങ്ങൾ ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ മൗനം അവലംബിച്ചു. അതിനുശേഷം 13 നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചുവെന്ന് ഇന്നലെ മാധ്യമവാർത്തകൾ വരികയും ഇന്ന് രാവിലെ മാധ്യമങ്ങളിലൂടെ ബഹുമാനപ്പെട്ട മന്ത്രി അതിന് വിശദീകരണം നൽകുകയുമുണ്ടായി. ഈ സഭ

സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ ഇത്തരമൊരു കാര്യം സഭയ്ക്ക് പുറത്ത് പറയുന്നത് സഭയോടുള്ള അവഹേളനമാണെന്ന് ഇതിനുമുമ്പും ഇവിടെ റൂളിംഗ് ഉണ്ടായിട്ടുണ്ട്. നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ സഭയിൽ ചർച്ചയ്ക്ക് വന്ന വിഷയത്തെ സംബന്ധിച്ച് ഇവിടെ പ്രഖ്യാപിക്കേണ്ടതായിരുന്നു. അങ്ങനെ പ്രഖ്യാപിക്കാത്തത് മാത്രമല്ല ഞങ്ങളുടെ വിഷയം. ഒരു കാരണവശാലും സപ്ലൈകോയുടെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലായെന്ന് ജനങ്ങൾക്ക് വാക്ക് കൊടുത്തുകൊണ്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. എന്നിട്ടിപ്പോൾ 70 ശതമാനമായിരുന്ന സബ്സിഡി 35 ശതമാനമാക്കി മാറ്റുകയാണ് ചെയ്തത്. സബ്സിഡി ഗണ്യമായി കുറയുകയാണ്. സപ്ലൈകോയുടെ ഒരു ഔട്ട്ലെറ്റിലും 13 നിത്യോപയോഗ സാധനങ്ങളില്ല. ഇനി ആ നിത്യോപയോഗ സാധനങ്ങൾ കൊണ്ടുവന്നാൽ സബ്സിഡി കുറച്ച് വില കൂട്ടിവിൽക്കുന്ന ഒരു സ്ഥിതിയാണുള്ളത്. ഇത് പൊതുവിപണിയിലുണ്ടാക്കുന്ന ആഘാതം എത്ര വലുതായിരിക്കും. സർക്കാരിന്റെ ഔട്ട്ലെറ്റിൽ സാധനങ്ങളുടെ സബ്സിഡി കുറയ്ക്കുന്നു. സബ്സിഡി കുറയ്ക്കുകയും സപ്ലൈകോയുടെ റീട്ടെയിൽ

ഔട്ട്ലെറ്റുകളിൽ സാധനങ്ങളുടെ വില കൂട്ടുകയും ചെയ്താൽ പൊതുവിപണിയിൽ അതിന്റെ ആഘാതമുണ്ടാവുകയും കൃത്രിമമായി പൊതുവിപണിയിൽ വില വർദ്ധിക്കാൻ ഇടയാവുകയും ചെയ്യും. രൂക്ഷമായ വിലവർദ്ധനവുകൊണ്ടും സർക്കാരിന്റെ തുടർച്ചയായ നികുതി പിരിവുകൊണ്ടും പൊറുതിമുട്ടി ആളുകൾ ജപ്തി നടപടികൾ നേരിട്ടുകൊണ്ടിരിക്കുന്ന, സഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന ഈ വേളയിൽ ഇത്തരമൊരു തീരുമാനം എടുക്കുന്നതിനെയാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. സഭയെ അറിയിക്കാതെയെടുത്ത തീരുമാനം എത്ര അപകടകരമായ ആഘാതമാണ് പൊതുവിപണിയിലുണ്ടാക്കാൻ പോകുന്നത്. ഇപ്പോൾത്തന്നെ ഡീസലിന്റെയും പെട്രോളിന്റെയും വില ഏറ്റവും കൂടുതലുള്ള ഒരു സംസ്ഥാനമായി കേരളം മാറി. ഇവിടെ പുറത്തുനിന്ന് സാധനങ്ങൾ കൊണ്ടുവരുന്നു. ഈ വിലവർദ്ധനവ് പലപ്പോഴുമുണ്ടാകുന്നത് സ്വാഭാവികമായതല്ല ........(ബഹളം......).....

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്.....അങ്ങ് കൺക്ലൂഡ് ചെയ്യൂ....

<u>ശ്രീ. വി. ഡി. സതീശൻ</u>: ഇത് ഏറ്റവും ഗൗരവതരമായൊരു

പ്രശ്നമാണ്. കേരളത്തിലെ ജനങ്ങൾ ജീവിക്കാൻ പൊറുതിമുട്ടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പൊതുവിപണിയിൽ വില വർദ്ധിക്കാനിടയാകുന്ന ഈ തീരുമാനത്തിൽനിന്ന് സർക്കാർ പിൻവാങ്ങണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

(.....ബഹളം......).....

മി. സ്പീക്കർ: അദ്ദേഹം പറയട്ടെ. ബഹുമാനപ്പെട്ട അംഗങ്ങൾ ക്ഷമാപൂർവ്വം അദ്ദേഹം പറയുന്നതൊന്ന് കേൾക്കൂ.

ശ്രീ. ജി. ആർ. അനിൽ: ഞാൻ സഭയ്ക്ക് പുറത്ത് ഒരു പ്രഖ്യാപനവും നടത്തിയിട്ടില്ല. ഇന്ന് മാധ്യമങ്ങളിൽ ഒരു വാർത്ത കണ്ടതിനെത്തുടർന്ന് അത് ക്ലാരിഫൈ ചെയ്യാൻ ചില മാധ്യമ സുഹൃത്തുക്കൾ എന്റെയടുത്ത് വന്നപ്പോൾ അതിനുള്ള മറുപടി നൽകിയെന്നല്ലാതെ ഇതുസംബന്ധിച്ച് യാതൊരു പ്രസ്താവനയും പുറപ്പെടുവിച്ചിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ച വിഷയത്തിന്റെ വസ്തുത

വെളിപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സപ്ലൈകോയിലെ അവശ്യ സാധനങ്ങളുടെ സബ്സിഡി 25 ശതമാനത്തിൽനിന്ന് 35 ശതമാനത്തിലേയ്ക്ക് വർദ്ധിപ്പിക്കുകയാണ് ചെയ്തത്. 1981-ലാണ് മാവേലി സ്റ്റോർ എന്ന പേരിൽ റീട്ടെയിൽ ഔട്ട്ലെറ്റുകൾ ആരംഭിച്ചത്. തുടക്കത്തിൽ വിപണി ഇടപെടലിന്റെ പ്രവർത്തനം അരി, ഗോതമ്പ്, പഞ്ചസാര എന്നിവയിൽ പരിമിതപ്പെട്ടിരുന്നു. വിപണി ഇടപെടൽ പദ്ധതി നടപ്പിലാക്കിയപ്പോൾ അരിയുടെ വില ഓപ്പൺ മാർക്കറ്റ് വിലയെക്കാൾ 20 ശതമാനം കുറച്ചും മറ്റിനങ്ങൾക്ക് വിപണി വിലയെക്കാൾ 10 ശതമാനം കുറച്ചും നൽകാനാണ് തീരുമാനിച്ചിരുന്നത്. അവസാനമായി സബ്സിഡി സാധനങ്ങളുടെ വില പരിഷ്കരിച്ചത് 2014-ലാണ്. അതിനുമുമ്പ് കാലാകാലങ്ങളിൽ സബ്സിഡി വില പരിഷ്കരിച്ചുവരികയായിരുന്നു. യു.ഡി.എഫ്. ഭരണകാലമായ 2013-ൽ ആഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള മൂന്ന് മാസക്കാലയളവിനുള്ളിൽ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതൊരു പുതിയ കാര്യമല്ല. 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ അവശ്യ വസ്തുക്കളുടെ വില വർദ്ധിപ്പിക്കില്ലെന്ന നയപരമായ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ

2014 ഡിസംബറിൽ നിലവിലുണ്ടായിരുന്ന വിലയ്ക്കാണ് നാളിതുവരെ അവശ്യ വസ്തുക്കൾ നൽകിയിരുന്നത്. കഴിഞ്ഞ 10 വർഷക്കാലമായി പൊതുവിപണിയിലുണ്ടായ വില വ്യത്യാസത്തിന്റെ ഫലമായി നിലവിലുള്ള പൊതുവിപണി വിലയും സബ്സിഡി വിലയും തമ്മിൽ വലിയ വ്യത്യാസമാണുണ്ടായിരുന്നത്. ഇതുമൂലം ഭീമമായ ബാധ്യതയാണ് സപ്ലൈകോയ്ക്ക് ഉണ്ടായിട്ടുള്ളത്. ഈ സഭയിൽ എത്ര തവണയാണ് പ്രതിപക്ഷം സപ്ലൈകോയെ രക്ഷപ്പെടുത്തുന്ന കാര്യം സംസാരിച്ചത്. അതെല്ലാം അവർ മറന്നുപോകുകയാണ്. പ്രതിമാസം ശരാശരി 35-40 ലക്ഷം കുടുംബങ്ങൾ സപ്ലൈകോയിൽനിന്ന് സാധനങ്ങൾ വാങ്ങാൻ എത്തുന്നുണ്ട്. വിപണി ഇടപെടൽ പ്രവർത്തനത്തിലൂടെ സപ്ലൈകോയ്ക്ക് പ്രതിമാസം 35 കോടി രൂപയുടെയും പ്രതിവർഷം 425 കോടി രൂപയുടെയും സബ്സിഡി ബാധ്യതയുണ്ടാകുകയാണ്. ഇത്തരത്തിലുള്ള ശക്തമായ വിപണി ഇടപെടൽ കേരളത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ് ഒരു ഉപഭോക്തൃ സംസ്ഥാനമായിട്ടുകൂടി സംസ്ഥാനത്ത് വിലക്കയറ്റം ഏറ്റവും കുറഞ്ഞതോതിൽ നിലനിൽക്കുന്നതെന്ന കാര്യം പ്രതിപക്ഷം അറിയണം.

സബ്സിഡി വില 35% കുറവിൽ നിജപ്പെടുത്തിയാൽ പൊതുവിപണിയിൽ 1,446/- രൂപ നിരക്കിൽ വാങ്ങുന്ന സാധനങ്ങൾ 940/- രൂപയ്ക്ക് ഗുണഭോക്താവിന് ലഭിക്കും. ഇതിലൂടെ 506/- രൂപയുടെ സബ്സിഡി ആനുകൂല്യം ഒരു ഉപഭോക്താവിന് ലഭിക്കുകയാണ്. മാതൃകാപരമായ ഈ വിപണി ഇടപെടൽ സംവിധാനത്തിന്റെ പ്രയോജനം സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കുമെന്നും ലഭ്യമാക്കേണ്ടതുണ്ട്. ഈ സംവിധാനം സുസ്ഥിരവും ശാശ്വതവുമായി നിലനിർത്തുന്നതിന് സബ്സിഡി വിലകൾ ശാസ്ത്രീയമായും യുക്തിസഹമായും പരിഷ്കരിക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടത്. (...ബഹളം....)

മി. സ്പീക്കർ: സബ്മിഷനിലെ വിഷയം അതല്ലല്ലോ. വിലക്കയറ്റമല്ലേ?

ശ്രീ. ജി. ആർ. അനിൽ: സർ, സഭയോട് അനാദരവ് പ്രകടിപ്പിക്കുന്ന തരത്തിലുള്ള യാതൊരു പെരുമാറ്റവും എന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. (...ബഹളം...)........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട

മന്ത്രി ഈ സഭയിൽ പറഞ്ഞിരിക്കുന്നത് അവാസ്തവമായ കാര്യമാണ്. അത് അദ്ദേഹത്തിന്റെ ഉത്തരത്തിൽ തന്നെയുണ്ട്.

മി. സ്പീക്കർ: ചെയറിന് ബഹുമാനപ്പെട്ട മന്ത്രി പറയുന്ന കാര്യമേ വിശ്വസിക്കാൻ പറ്റുകയുള്ളൂ. അദ്ദേഹം സഭയോട് അനാദരവ് കാണിച്ചിട്ടില്ല. അദ്ദേഹം പറഞ്ഞത് വിലക്കയറ്റമില്ല, സബ്സിഡൈസ് ചെയ്ത് കൊടുക്കുകയാണ് ചെയ്തത് എന്നാണ്. (...ബഹളം...).....

(ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളുമുയർത്തി ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**(2) ആദിവാസി വൈദ്യന്മാരുടെ പാരമ്പര്യ ചികിത്സ**

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ആദിവാസി വിഭാഗത്തിലെ പാരമ്പര്യ വൈദ്യന്മാർ വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ ഗവൺമെന്റിനെ നോക്കിക്കാണുന്നത്. കേരളം എല്ലാ ചികിത്സാ ധാരകളും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. ആദിവാസി

വിഭാഗത്തിലെ പാരമ്പര്യ വൈദ്യന്മാരുടെ ചികിത്സയിൽ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിരവധി വിഭാഗം ജനങ്ങൾ വിശ്വാസം അർപ്പിച്ചുവരുന്നുണ്ട്. (...ബഹളം...).....

മി. സ്പീക്കർ: ഇത് ശരിയല്ല. ചെയറിന്റെ മുഖം മറയ്ക്കുന്നത് ശരിയല്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, (..ബഹളം...) വലിയതോതിൽ മരുന്നിന്റെ ലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഔഷധമൂല്യമുള്ള പച്ചമരുന്നുകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിക്കണം. ആയുർവ്വേദ ചികിത്സയ്ക്കുൾപ്പെടെ ഉപയോഗിക്കാൻ കഴിയത്തക്ക നിലയിൽ മരുന്നുകൃഷി പ്രോത്സാഹിപ്പിക്കണം. വനത്തിലെ പച്ചമരുന്ന് എടുക്കുന്നതിനുള്ള അവകാശം നിയമപരമായിത്തന്നെ ആദിവാസികൾക്ക് ഉറപ്പുനൽകണം. ചികിത്സയ്ക്ക് ശാസ്ത്രീയാടിസ്ഥാനം ലഭ്യമാക്കുവാനുള്ള നിലപാടുകൾ സ്വീകരിക്കണം. പാരമ്പര്യ ചികിത്സയിൽ ഏർപ്പെട്ടിട്ടുള്ള പാരമ്പര്യ വൈദ്യന്മാരെ കണ്ടെത്തി അവർക്ക് സാമൂഹ്യപരിരക്ഷ ഉറപ്പുനൽകണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, അങ്ങയുടെ മുഖം മറയ്ക്കുന്ന രീതിയിൽ പിടിച്ചിരിക്കുന്ന പ്ലക്കാർഡുകൾ മാറ്റാൻ പറയണം. അങ്ങയെ നോക്കി സംസാരിക്കാൻ സാധിക്കുന്നില്ല. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകൊള്ളൂ. (...ബഹളം...)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പട്ടികവർഗ്ഗ വിഭാഗത്തിലെ പാരമ്പര്യ വൈദ്യന്മാരുടെ ചികിത്സയിൽ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിരവധി വിഭാഗം ജനങ്ങൾ വിശ്വാസം അർപ്പിച്ചുവരുന്നുണ്ട്. ആയത് വകുപ്പിന് ബോധ്യമുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് വൈദ്യന്മാർക്ക് ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അടുത്ത തലമുറയ്ക്ക് അറിവ് പകർന്ന് നൽകുന്നതിന് സഹായം നൽകുന്നതിനുമായി കിർത്താഡ്സുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ വൈദ്യം പ്രോത്സാഹിപ്പിക്കുന്നതിനായി വയനാട് ജില്ലയിലെ മാനന്തവാടി പ്രദേശത്ത് ശ്രീ. അച്ചപ്പൻ വൈദ്യരുടെ നേതൃത്വത്തിൽ 'പാരമ്പര്യ വൈദ്യ ഗവേഷണ

പഠന കേന്ദ്രം' ആരംഭിക്കുകയും 1996-ൽ പട്ടികവർഗ്ഗ സമുദായാംഗങ്ങൾക്ക് മാത്രമായി 'ത്രിവത്സര പാരമ്പര്യ വൈദ്യ സർട്ടിഫിക്കറ്റ് കോഴ്സ്' സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലെ അഞ്ചിടങ്ങളിൽ പാരമ്പര്യ വൈദ്യ തിരുമ്മുചികിത്സയിൽ പട്ടികവർഗ്ഗക്കാരായ യുവതീയുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ അടിയാൻ, പണിയൻ സമുദായാംഗങ്ങളായ 45 യുവതീയുവാക്കൾക്ക് പാരമ്പര്യ വൈദ്യത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ ജനതയുടെ പാരമ്പര്യ ഔഷധ ജ്ഞാനം അവരിൽത്തന്നെ നിലനിർത്തുന്നതിനും പൊതുജനങ്ങളുൾപ്പെടെയുള്ളവർക്ക് പാരമ്പര്യ വൈദ്യ ചികിത്സയുടെ സേവനം കൂടുതലായി ലഭിക്കുന്നതിനും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മേൽ പ്രവർത്തനങ്ങൾകൊണ്ട് സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പാരമ്പര്യ വൈദ്യ ചികിത്സയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന-ദേശീയതല പാരമ്പര്യ വൈദ്യ ചികിത്സാ ക്യാമ്പുകൾ വിവിധ സർക്കാർ മേളകളുടെ ഭാഗമായും അല്ലാതെയും

വകുപ്പ് സംഘടിപ്പിക്കാറുണ്ട്. പാരമ്പര്യ വൈദ്യന്മാർ നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം തേടുന്നതിനും പാരമ്പര്യ വൈദ്യന്മാർ തമ്മിലുള്ള ഔഷധ അറിവ് വിനിമയവും കൂട്ടായ്മയും മെച്ചപ്പെടുത്തുന്നതിനുമായി മിക്ക പരിപാടികളും ശിൽപ്പശാലകളും സംഘടിപ്പിക്കാറുമുണ്ട്. പാരമ്പര്യ വൈദ്യന്മാർക്ക് ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനും ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും മറ്റുമായി വർഷംതോറും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ധനസഹായം നൽകാറുണ്ട്. സംസ്ഥാനത്തെ പാരമ്പര്യ വൈദ്യന്മാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പാരമ്പര്യ വൈദ്യന്മാരുടെ പേരുവിവര സൂചിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പേരുവിവര സൂചിക പുതുക്കുന്നതിനും കൂടുതൽ പാരമ്പര്യ വൈദ്യചികിത്സകരെ കണ്ടെത്തുന്നതിനുമായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആദിവാസി പാരമ്പര്യ വൈദ്യന്മാരുടെ സർവ്വേ നടത്തി എത്രപേരുണ്ടെന്ന കണക്കെടുക്കുന്നതാണ്.

കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ വൈദ്യം

പ്രോത്സാഹിപ്പിക്കുന്നതിനായി വാർഷിക ഗ്രാന്റായി മുഖ്യവൈദ്യന്മാർക്ക് 10,000/- രൂപ വീതം ധനസഹായം അനുവദിച്ചുവരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷം 2225-02-277-36 Financial Assistance to Traditional Tribal Healers (Plan) ശീർഷകത്തിൽനിന്നും 261 പാരമ്പര്യ വൈദ്യന്മാർക്ക് 10,000/- രൂപ വീതം ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ 230 വംശീയ വൈദ്യന്മാർക്ക് 10,000/- രൂപ വീതം ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ മാസം 28 മുതൽ വൈദ്യന്മാരുടെ 3 ദിവസം നീണ്ടുനിൽക്കുന്ന സംഗമം തിരുവനന്തപുരത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും സഭാ നടപടികൾ നടത്തിക്കൊണ്ടുപോകാൻ പ്രതിപക്ഷാംഗങ്ങൾ തയ്യാറാകാത്തതിനാൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിലെ തുടർന്നുള്ള നടപടികളിലേയ്ക്ക് ചെയർ നീങ്ങുകയാണ്.

ഓർഡർ... ഓർഡർ... ഇന്നത്തേയ്ക്ക് ഷെഡ്യൂൾ ചെയ്തിട്ടുള്ള മറ്റ് സബ്മിഷനുകൾക്കുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മേശപ്പുറത്ത്

വയ്ക്കാവുന്നതാണ്+.

**[10.38 a.m.]**

## VI മേശപ്പുറത്തുവച്ച കടലാസുകൾ

### 1) ലിസ്റ്റ് 1 പ്രകാരമുള്ള കടലാസുകൾ

(I) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | എസ്. ആർ.ഒ നമ്പർ | എസ്.ആർ.ഒ നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 1396/ 2023 | ദി കേരള സ്റ്റേറ്റ് ലീഗൽ അഡ്വൈസേഴ്സ് ആൻഡ് പബ്ലിക് പ്രോസിക്യൂട്ടേഴ്സ് (വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ) സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2023 | ജി.ഒ. (പി)നം.16/2023/വിജ് | 23-12-2023 | അല്ല |
| 2 | 51/2024 | ശാസ്താംകോട്ട മുൻസിഫ് മജിസ്ട്രേറ്റ് കോടതിയുടെ സിവിൽ അധികാരപരിധി പുനഃനിർവ്വചിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(എം.എസ്.) നം.18/2024/ഹോം | 16-01-2024 | അല്ല |

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

| ക്രമ നം. | എസ്. ആർ.ഒ നമ്പർ | എസ്.ആർ.ഒ നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെ |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 3 | 61/2024 | കാസർഗോഡ് ആദൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 598/2016 എന്ന കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ. (ആർ.ടി.) നം.251/2024/ഹോം | 24-01-2024 | അല്ല |
| 4 | 65/2024 | വഞ്ചിയൂർ പോലീസ് സ്റ്റേഷൻ രജിസ്റ്റർ ചെയ്ത ക്രൈം നം. 1266/22 എന്ന കേസ്സിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം | ജി.ഒ.(ആർ.ടി.) നം.277/2024/ഹോം | 25-01-2024 | അല്ല |
| 5 | 77/2024 | കുടുംബകോടതിയിലെ ജഡ്ജിമാരുടെ നിയമനം | ജി.ഒ.(ആർ.ടി.) നം.270/2024/ഹോം | 24-01-2024 | അല്ല |
| 6 | 78/2024 | കുടുംബകോടതിയിലെ ജഡ്ജിമാരുടെ നിയമനം | ജി.ഒ.(ആർ.ടി.)നം.270/ 2024/ഹോം(2) | 24-01-2024 | അല്ല |
| 7 | 79/2024 | കുടുംബകോടതിയിലെ ജഡ്ജിമാരുടെ നിയമനം | ജി.ഒ.(ആർ.ടി.)നം.270/ 2024/ഹോം(3) | 24-01-2024 | അല്ല |
| 8 | 80/2024 | കുടുംബകോടതിയിലെ ജഡ്ജിമാരുടെ നിയമനം | ജി.ഒ.(ആർ.ടി.)നം.270 /2024/ഹോം(4) | 24-01-2024 | അല്ല |
| 9 | 81/2024 | കുടുംബകോടതിയിലെ ജഡ്ജിമാരുടെ നിയമനം | ജി.ഒ.(ആർ.ടി.)നം.270/ 2024/ഹോം(5) | 24-01-2024 | അല്ല |
| 10 | 84/2024 | കേരള സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങൾ ഭേദഗതി വിജ്ഞാപനം-2024 | ജി.ഒ. (എം.എസ്.)നം.12/ 2024/ജി.എ.ഡി. | 27-01-2024 | അല്ല |

| ക്രമ നം. | എസ്. ആർ.ഒ നമ്പർ | എസ്.ആർ.ഒ നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെ |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 11 | 86/2024 | 1938-ലെ മാനവേഴ്സ് ഫീൽഡ് ഫയറിംഗ് ആൻഡ് ആർട്ടിലറി പ്രാക്ടീസ് ആക്ട് പ്രകാരം മലപ്പുറത്തെ പാണ്ടിക്കാട്, ഇന്ത്യ റിസർവ് ബറ്റാലിയൻ ക്യാമ്പിൽ പീരിയോഡിക്ക് ഫയറിംഗും പീരങ്കി പരിശീലനവും നടത്താൻ അധികാരപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.8/ 2024/ആഭ്യന്തരം. | 29-01-2024 | അല്ല |
| 12 | 87/2024 | ജില്ല & സെഷൻസ് ജഡ്ജിമാരുടെ നിയമനം 2023 | ജി.ഒ. (എം.എസ്.)നം.32/ 2024/ഹോം | 30-01-2024 | അല്ല |
| 13 | 90/2024 | കേരള ജുഡീഷ്യൽ സർവ്വീസ് റൂൾസ്, 1991- ഭേദഗതി വിജ്ഞാപനം | ജി.ഒ. (പി)നം.9/2024/ഹോം | 29-01-2024 | അല്ല |
| 14 | 113/2024 | അഗളി പോലീസ് രജിസ്റ്റർ ചെയ്ത 87/2018 ക്രൈം നമ്പർ കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം.286/ 2024/ഹോം | 25-01-2024 | അല്ല |
| 15 | 126/2024 | കുടുംബകോടതിയിൽ ജില്ലാ ജഡ്ജിമാരുടെ നിയമനം | ജി.ഒ. (ആർ. ടി.) നം.400/2024/ഹോം | 06-02-2024 | അല്ല |
| 16 | 127/2024 | Munsiff's Courts at Kothamangalam and Thamarassery as Rent Control Courts | ജി.ഒ. (എം.എസ്.)നം.31/ 2024/ഹോം | 31-01-2024 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സംസ്ഥാനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2016-2017 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2017-2018 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി | 2018-2019 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2018-2019 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

**(II) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.**

## I. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർ ഷം | പേര് | |
| 1 | കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ | 2017-2018 | വാർഷിക റിപ്പോർട്ട് | അതെ |

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർ ഷം | പേര് | |
| 2 | കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ | 2018-2019 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2019-2020 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

**(III) റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.**

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നം. | എസ്. ആർ. ഒ നമ്പർ | എസ്. ആർ. ഒ നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 1371/2023 | 2023-ലെ അർദ്ധ പലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ചട്ടങ്ങൾ | സ.ഉ. (അച്ചടി)നം.318/2023/ആർ.ഡി. | 16-12-2023 | അല്ല |
| 2 | 1381/2023 | ദി കേരള ഗവൺമെന്റ് | ജി.ഒ.(പി) നം.309/ 2023/ആർ.ഡി. | 11-12-2023 | അല്ല |

| ക്രമ നം. | എസ്. ആർ. ഒ നമ്പർ | എസ്. ആർ. ഒ നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ്, 2023 | | | |
| 3 | 76/2024 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഡയറക്ടർ എക്സ് ഒഫിഷ്യോ മെമ്പർ നിയമനം | ജി.ഒ.(എം.എസ്.)നം.2/ 2024/എച്ച്.എസ്.ജി. | 27-01-2024 | അല്ല |

(IV) ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## i വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | | | |
| 1 | കേരള വാട്ടർ അതോറിറ്റി | 2019-2020 | ആഡിറ്റ് റിപ്പോർട്ട് | അതെ |

(V) ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പ ർ | എസ്. ആർ.ഒ നമ്പർ | എസ്. ആർ.ഒ നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 66/2024 | സമ്മർ ബംപർ ഭാഗ്യക്കുറി 2024-വിജ്ഞാപനം | ജി.ഒ. (പി)നം.6/2024/ടാക്സസ് | 25-01-2024 | അല്ല |
| 2 | 67/2024 | സമ്മർ ബംപർ ഭാഗ്യക്കുറി 2024-വിജ്ഞാപനം | ജി.ഒ. (പി)നം.7/2024/ടാക്സസ് | 25-01-2024 | അല്ല |
| 3 | 89/2024 | കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്റ്റ്, 2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ | ജി.ഒ. (പി)നം.8/2024/ടാക്സസ് | 29-01-2024 | അല്ല |
| 4 | 91/2024 | കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്റ്റ്, 2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ | ജി.ഒ. (പി)നം.9/2024/ടാക്സസ് | 29-01-2024 | അല്ല |
| 5 | 92/2024 | കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് | ജി.ഒ. (പി)നം.10/2024/ടാക്സസ് | 29-01-2024 | അല്ല |

| ക്രമ നമ്പ ർ | എസ്. ആർ.ഒ നമ്പർ | എസ്. ആർ.ഒ നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | ടാക്സ് ആക്റ്റ്, 2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ | | | |
| 6 | 93/2024 | കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്റ്റ്, 2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ | ജി.ഒ.(പി)നം.11/2024/ടാക്സസ് | 29-01-2024 | അല്ല |
| 7 | 94/2024 | കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്റ്റ്, 2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ | ജി.ഒ.(പി)നം.12/2024/ടാക്സസ് | 29-01-2024 | അല്ല |
| 8 | 95/2024 | കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്റ്റ്, 2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ | ജി.ഒ.(പി)നം.13/2024/ടാക്സസ് | 29-01-2024 | അല്ല |
| 9 | 96/2024 | കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്റ്റ്, 2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ | ജി.ഒ.(പി)നം.14/2024/ടാക്സസ് | 29-01-2024 | അല്ല |
| 10 | 97/2024 | കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്റ്റ്, 2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ | ജി.ഒ.(പി)നം.15/2024/ടാക്സസ് | 29-01-2024 | അല്ല |
| 11 | 98/2024 | കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് | ജി.ഒ.(പി)നം.16/2024/ടാക്സസ് | 29-01-2024 | അല്ല |

| ക്രമ നമ്പ ർ | എസ്. ആർ.ഒ നമ്പർ | എസ്. ആർ.ഒ നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | ടാക്സ് ആക്റ്റ്, 2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ | | | |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | | | കാലതാമ സ പത്രിക സഹിതമാ ണോയെ ന്ന് |
|---|---|---|---|---|
| | | റിപ്പോർ ട്ടിന്റെ വർഷം | പേര് | |
| 1 | കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2021 | 2022 മാർച്ചിൽ അവസാനിച്ച വർഷത്തെ കേരള സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് | അല്ല |
| 2 | കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2021 | 2022 മാർച്ച് വർഷത്തിൽ അവസാനിച്ച കേരള സർക്കാരിനെ സംബന്ധിച്ച അനുവർത്തന ആഡിറ്റ് റിപ്പോർട്ട് (2023 ലെ 3-ാമത് റിപ്പോർട്ട്) | അല്ല |
| 3 | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്(KIIFB) | 2022-2023 | വാർഷിക റിപ്പോർട്ടും ഫിഡലിറ്റി സർട്ടിഫിക്കറ്റും | അതെ |
| 4 | കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2022-2023 | കേരള സർക്കാരിനെ സംബന്ധിച്ച 2022-23-ലെ ഫിനാൻസ് അക്കൗണ്ട്സും (vol I & II) അപ്രോപ്രിയേഷൻ അക്കൗണ്ട്സും സംബന്ധിച്ച സി&എജി റിപ്പോർട്ട് | അല്ല |

(VI) നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ് . ആർ.ഒ നമ്പർ | എസ്.ആർ..ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 44/2024 | പത്തനംതിട്ട ജില്ലയിലെ ഡെൽറ്റ അഗ്രഗേറ്റ്സ് ആൻഡ് സാൻഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ എസ്റ്റേറ്റിനെ വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം | സ.ഉ.(അച്ചടി)നം.03/ 2024/വ്യവ | 10-01-2024 | അല്ല |
| 2 | 64/2024 | കിൻഫ്ര വിലയ്ക്ക് വാങ്ങിയ 2.887 ഏക്കർ ഭൂമി 'കിൻഫ്ര സ്പൈസസ് ഇൻഡസ്ട്രിയൽ പാർക്ക് വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ്'-ന്റെ കീഴിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം | സ.ഉ.(പി)നമ്പർ 4/2024/വ്യവ . | 18-01-2024 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുക:

| SL.No | Name of institution | Report | | With Delay Statement |
|---|---|---|---|---|
| | | Report Year | Report Name | |
| 1 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

| S L. N o | Name of institution | Report | | With Delay Statement |
|---|---|---|---|---|
| | | Report Year | Report Name | |
| 2 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

(VII) തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| SL. No | SRO Number | SRO Name | Notification | | With Delay Statement |
|---|---|---|---|---|---|
| | | | Number | Date | |
| 1 | 48/2024 | കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ മുഴുവൻ സമയ അംഗമായി ഡോ.ബി.സന്ധ്യ ഐ.പി.എസ്(റിട്ട.)യെ നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.3/2024/എൽ.എസ്.ജി.ഡി. | 19-01-2024 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| SL.No | Name of institution | Report | | With Delay Statement |
|---|---|---|---|---|
| | | Report Year | Report Name | |
| 1 | വിശാല കൊച്ചി വികസന അതോറിറ്റി | 2011-2012 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | വിശാല കൊച്ചി വികസന അതോറിറ്റി | 2012-2013 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | വിശാല കൊച്ചി വികസന അതോറിറ്റി | 2013-2014 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | വിശാല കൊച്ചി വികസന അതോറിറ്റി | 2015-2016 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | വിശാല കൊച്ചി വികസന അതോറിറ്റി | 2017-2018 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | ഇൻഫർമേഷൻ കേരള മിഷൻ | 2019-2020 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 7 | വിശാല കൊച്ചി വികസന അതോറിറ്റി | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | തിരുവനന്തപുരം വികസന അതോറിറ്റി | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 9 | കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |

**(VIII) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ,**

**താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.**

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| SL.No | SRO Number | SRO Name | Notification | | With Delay Statement |
|---|---|---|---|---|---|
| | | | Number | Date | |
| 1 | 124/2024 | കെ.എസ്.ആർ.ടി.സി. ഭരണസമിതിയിലെ മാറ്റങ്ങൾ സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(പി)നം. 01/2024/ട്രാൻസ് | 20-01-2024 | അല്ല |

(IX) തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| SL.No | SRO Number | SRO Name | Notification | | With Delay Statement |
|---|---|---|---|---|---|
| | | | Number | Date | |
| 1 | 57/2024 | കസ്തൂർബ വനിതാ സഹകരണ സംഘം-പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.9/ 2024/കോ-ഓപ്പ് | 20-01-2024 | അല്ല |
| 2 | 59/2024 | കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് 1969-ൽ 185-ന് ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.10/ 2024/കോ-ഓപ്പ് | 20-01-2024 | അല്ല |
| 3 | 70/2024 | കൊയ്യം സർവ്വീസ് സഹകരണ | ജി.ഒ.(പി)നം.12/ | 27-01-2024 | അല്ല |

| SL.No | SRO Number | SRO Name | Notification | | With Delay Statement |
|---|---|---|---|---|---|
| | | | Number | Date | |
| | | ബാങ്കിന് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്റ്റ് 1969-റൂൾ 183-ന് ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | 2024/കോ-ഓപ്പ് | | |
| 4 | 101/2024 | പറന്തൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിലെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി) നം.13/ 2024/കോ-ഓപ്പ് | 29-01-2024 | അല്ല |
| 5 | 106/2024 | കൊയിലാണ്ടി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ അഡ്മിനിട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.16/ 2024/കോ-ഓപ്പ് | 01-02-2024 | അല്ല |
| 6 | 114/2024 | കോട്ടയം ജില്ലാ സഹകരണ ആശുപത്രി സംഘത്തിന് കേരള സഹകരണ നിയമം ചട്ടം 185 എ യിൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.17 /2024/കോ-ഓപ്പ് | 02-02-2024 | അല്ല |
| 7 | 136/2024 | തൃശ്ശൂർ ലൈഫ് ഇൻഷ്വറൻസ് സഹകരണ സംഘത്തിലെ അഡ്മിനിസ്ട്രേറ്ററുടെ കാലവധി ദീർഘിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.19/ 2024/കോ-ഓപ്പ് | 09-02-2024 | അല്ല |
| 8 | 137/2024 | തിരുവനന്തപുരം വിളപ്പിൽ കൊമേഴ്സ്യൽ ഡെവലപ്മെന്റ് സഹകരണ സംഘത്തിന് സഹകരണ ചട്ടം 183 (1)-ൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.20/ 2024/കോ-ഓപ്പ് | 09-02-2024 | അല്ല |

(X) മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| SL.No | Name of institution | Report | | With Delay StatementYes |
|---|---|---|---|---|
| | | Report Year | Report Name | |
| 1 | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി | 2010-2011 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2012-2013 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | ഭാരത് ഭവൻ | 2013-2014 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2013-2014 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 5 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2014-2015 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 6 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2015-2016 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 7 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2016-2017 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 8 | ഗുരു ഗോപിനാഥ് നടനഗ്രാമം | 2017- | വാർഷിക റിപ്പോർട്ടും | അതെ |

| SL.No | Name of institution | Report | | With Delay StatementYes |
|---|---|---|---|---|
| | | Report Year | Report Name | |
| | | 2018 | ആഡിറ്റ് റിപ്പോർട്ടും | |
| 9 | പൈതൃക പഠന കേന്ദ്രം | 2017-2018 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 10 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2017-2018 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 11 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2018-2019 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 12 | ഗുരു ഗോപിനാഥ് നടനഗ്രാമം | 2018-2019 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 13 | കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 14 | മലയാളം മിഷൻ | 2019-2020 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 15 | കേരള ലളിത കലാ അക്കാദമി | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 16 | ഗുരുഗോപിനാഥ് നടനഗ്രാമം | 2019-2020 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 17 | കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 18 | കേരള സംഗീത നാടക അക്കാദമി | 2019-2020 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

| SL.No | Name of institution | Report | | With Delay StatementYes |
|---|---|---|---|---|
| | | Report Year | Report Name | |
| 19 | പൈതൃക പഠന കേന്ദ്രം | 2019-2020 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 20 | മാർഗി | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 21 | കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 22 | കേരള സാഹിത്യ അക്കാദമി | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 23 | കേരള ലളിത കലാ അക്കാദമി | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 24 | ഗുരു ഗോപിനാഥ് നടന ഗ്രാമം | 2020-2021 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 25 | കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 26 | മലയാളം മിഷൻ | 2020-2021 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 27 | കേരള സംഗീത നാടക അക്കാദമി | 2020-2021 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 28 | മഹാകവി മോയിൻകുട്ടി വൈദ്യ മാപ്പിള കലാ അക്കാദമി | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 29 | പൈതൃക പഠന കേന്ദ്രം | 2020-2021 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

| SL.No | Name of institution | Report | | With Delay StatementYes |
|---|---|---|---|---|
| | | Report Year | Report Name | |
| 30 | മാർഗി | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 31 | ഭാരത് ഭവൻ | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 32 | കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 33 | ഗുരുഗോപിനാഥ് നടന ഗ്രാമം | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 34 | മലയാളം മിഷൻ | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 35 | കേരള ലളിത കലാ അക്കാദമി | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 36 | പൈതൃക പഠന കേന്ദ്രം | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 37 | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 38 | കേരള ഫോക്ക് ലോർ അക്കാദമി | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 39 | കേരള സാഹിത്യ അക്കാദമി | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 40 | മാർഗി | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |

| SL.No | Name of institution | Report | | With Delay StatementYes |
|---|---|---|---|---|
| | | Report Year | Report Name | |
| 41 | മത്സ്യഫെഡ് | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

(XI) ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| | Name of institution | Report | | With Delay Statement |
|---|---|---|---|---|
| | | Report Year | Report Name | |
| 1 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 2020-2021 | ആഡിറ്റ് റിപ്പോർട്ട് | അതെ |

(XII) പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| SL.No | SRO Number | SRO Name | Notification | | With Delay Statement |
|---|---|---|---|---|---|
| | | | Number | Date | |
| 1 | 1370/2023 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.102/2023/എൽ.ബി.ആർ. | 06-12-2023 | അല്ല |
| 2 | 50/2024 | കേരള കള്ള് തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടന-വിജ്ഞാപനം | ജി.ഒ.(പി)നം.4/2024/എൽ.ബി.ആർ.ഡി. | 20-01-2024 | അല്ല |
| 3 | 85/2024 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളി പ്രതിനിധിയെ മാറ്റി നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.6/2024/എൽ.ബി.ആർ. | 29-01-2024 | അല്ല |
| 4 | 109/2024 | കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിലേയ്ക്ക് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.7/2024/എൽ.ബി.ആർ. | 01-02-2024 | അല്ല |
| 5 | 141/2024 | കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി | ജി.ഒ.(പി)നം.11/2024/എൽ.ബി.ആർ. | 09-02-2024 | അല്ല |

| SL.No | SRO Number | SRO Name | Notification | | With Delay Statement |
|---|---|---|---|---|---|
| | | | Number | Date | |
| | | നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം | | | |

(XIII) പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്-കോഴിക്കോട് (SIHM-K) | 2020-2021 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്-കോഴിക്കോട് (SIHM-K) | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

(XIV) ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ

മേശപ്പുറത്ത് വയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| SL.No | SRO Number | SRO Name | Notification | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | Number | Date | |
| 1 | 1390/ 2023 | കേരള സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ വിജ്ഞാപനം | ജി.ഒ.(പി)നം.90/ 2023/എച്ച്&എഫ് .ഡബ്ല്യു.ഡി. | 23-12-2023 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല | 2020-2021 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല | 2020-2021 | വാർഷിക കണക്കുകൾ | അതെ |
| 3 | കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |

(XV) ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| SL.No | SRO Number | SRO Name | Notification | | With Delay Statement |
|---|---|---|---|---|---|
| | | | Number | Date | |
| 1 | 110/2024 | വഖഫ് ട്രിബ്യൂണലിലെ നോൺ ജുഡീഷ്യൽ അംഗത്തിന്റെ നിയമനം | ജി.ഒ. പി) നം. 41/ 2024/ ആർ.ഡി. | 01-02-2024 | അല്ല |

(XVI) ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്, നിയമസഭാ സെക്രട്ടേറിയറ്റ്: സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നം. | ആക്ടിന്റെ വർഷം | നമ്പർ | പേര് |
|---|---|---|---|
| 1. | 2023 | 23 | ദി കേരള ടാക്സേഷൻ ലോസ് (അമെൻഡ്മെന്റ്) ആക്റ്റ്, 2023 |

2) ലിസ്റ്റ് 2 പ്രകാരമുള്ള കടലാസുകൾ

1. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.കെ.രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 4640, 4643 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 381, 427 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):

സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 686, പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 436 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 3385 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത്

വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 4428 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

6. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി.എ. മുഹമ്മദ് റിയാസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 3043 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

**[10.38 a.m.]**

**VII റിപ്പോർട്ട് സമർപ്പണം**

**എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ**

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

[10.40 a.m.]

VIII ധനകാര്യം

**വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും**

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാൻഡ് ഹെഡ്ഡുകൾ സംബന്ധിച്ച് 2024-25 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണർക്ക് നൽകണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ക്രമ നം. | ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2024-25 | | |
|---|---|---|---|---|---|
| | | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |

| | | | | | |
|---|---|---|---|---|---|
| 1 | I | സംസ്ഥാന നിയമസഭ | 45,67,39,000 | --- | 45,67,39,000 |
| 2 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 206,59,68,000 | --- | 206,59,68,000 |
| 3 | III | നീതിന്യായ നിർവ്വഹണം | 359,56,99,000 | --- | 359,56,99,000 |
| 4 | IV | തെരഞ്ഞെടുപ്പുകൾ | 195,65,16,000 | --- | 195,65,16,000 |
| 5 | V | ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 136,97,72,000 | --- | 136,97,72,000 |
| 6 | VI | ഭൂനികുതി | 273,51,05,000 | --- | 273,51,05,000 |
| 7 | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 105,97,12,000 | --- | 105,97,12,000 |
| 8 | VIII | എക്സൈസ് | 123,86,76,000 | --- | 123,86,76,000 |
| 9 | IX | വാഹനനികുതികൾ | 75,32,88,000 | --- | 75,32,88,000 |
| 10 | X | ട്രഷറികളും അക്കൗണ്ടുകളും | 125,21,90,000 | --- | 125,21,90,000 |
| 11 | XI | ജില്ലാഭരണവും പലവകയും | 303,32,01,000 | --- | 303,32,01,000 |
| 12 | XII | പോലീസ് | 1567,12,30,000 | 18,09,67,000 | 1585,21,97,000 |
| 13 | XIII | ജയിലുകൾ | 69,30,18,000 | --- | 69,30,18,000 |
| 14 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 212,69,11,000 | 2,82,67,000 | 215,51,78,000 |
| 15 | XV | പൊതുമരാമത്ത് | 661,20,54,000 | 1013,22,32,000 | 1674,42,86,000 |
| 16 | XVI | പെൻഷനും പലവകയും | 13794,89,69,000 | --- | 13794,89,69,000 |
| 17 | XVII | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 7986,13,23,000 | 148,21,34,000 | 8134,34,57,000 |
| 18 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 3113,48,40,000 | 82,80,02,000 | 3196,28,42,000 |
| 19 | XIX | കുടുംബക്ഷേമം | 141,49,65,000 | --- | 141,49,65,000 |
| 20 | XX | ശുദ്ധജലവിതരണവും ശുചീകരണവും | 147,46,65,000 | 289,43,67,000 | 436,90,32,000 |
| 21 | XXI | ഭവനനിർമ്മാണം | 25,65,12,000 | 18,23,00,000 | 43,88,12,000 |
| 22 | XXII | നഗരവികസനം | 508,18,78,000 | 65,33,34,000 | 573,52,12,000 |
| 23 | XXIII | വാർത്താവിതരണവും പ്രചരണവും | 35,57,78,000 | 70,00,000 | 36,27,78,000 |
| 24 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും | 350,25,35,000 | 63,00,01,000 | 413,25,36,000 |
| 25 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 784,94,06,000 | 309,80,07,000 | 1094,74,13,000 |

| | | | | | |
|---|---|---|---|---|---|
| 26 | XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | 539,01,06,000 | --- | 539,01,06,000 |
| 27 | XXVII | സഹകരണം | 154,60,99,000 | 28,95,33,000 | 183,56,32,000 |
| 28 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 81,92,81,000 | 1536,03,04,000 | 1617,95,85,000 |
| 29 | XXIX | കൃഷി | 1007,68,67,000 | 126,46,16,000 | 1134,14,83,000 |
| 30 | XXX | ഭക്ഷ്യം | 631,96,31,000 | 12,44,00,000 | 644,40,31,000 |
| 31 | XXXI | മൃഗസംരക്ഷണം | 316,05,95,000 | 6,78,33,000 | 322,84,28,000 |
| 32 | XXXII | ക്ഷീരവികസനം | 56,04,53,000 | 10,23,33,000 | 66,27,86,000 |
| 33 | XXXIII | മത്സ്യബന്ധനം | 139,60,68,000 | 83,40,67,000 | 223,01,35,000 |
| 34 | XXXIV | വനം | 248,75,96,000 | 31,93,34,000 | 280,69,30,000 |
| 35 | XXXV | പഞ്ചായത്ത് | 202,98,68,000 | 181,70,00,000 | 384,68,68,000 |
| 36 | XXXVI | ഗ്രാമവികസനം | 1599,86,34,000 | 485,80,00,000 | 2085,66,34,000 |
| 37 | XXXVII | വ്യവസായങ്ങൾ | 265,12,78,000 | 387,62,01,000 | 652,74,79,000 |
| 38 | XXXVIII | ജലസേചനം | 148,09,77,000 | 140,92,96,000 | 289,02,73,000 |
| 39 | XXXIX | വൈദ്യുത പദ്ധതികൾ | 31,73,55,000 | 6,60,00,000 | 38,33,55,000 |
| 40 | XL | തുറമുഖങ്ങൾ | 24,36,83,000 | 21,73,00,000 | 46,09,83,000 |
| 41 | XLI | ഗതാഗതം | 34,20,12,000 | 557,42,97,000 | 591,63,09,000 |
| 42 | XLII | വിനോദസഞ്ചാരം | 77,98,73,000 | 62,43,67,000 | 140,42,40,000 |
| 43 | XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 5068,48,73,000 | --- | 5068,48,73,000 |
| 44 | XLV | പലവക വായ്പകളും മുൻകൂറുകളും | --- | 222,20,64,000 | 222,20,64,000 |
| 45 | XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 4345,88,44,000 | 13,86,94,000 | 4359,75,38,000 |
| | | ആകെ | 46324,50,43,000 | 5928,22,50,000 | 52252,72,93,000 |

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ചർച്ച നടന്നില്ല.

മി. സ്പീക്കർ: വോട്ട് ഓൺ അക്കൗണ്ടിനുള്ള ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചിരിക്കുന്നു.

**[10.41 a.m.]**

**IX നിയമനിർമ്മാണകാര്യം**

(1) 2024-ലെ കേരള ധനകാര്യ ബിൽ

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള ധനകാര്യ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും:

(i) 2024-ലെ കേരള ധനവിനിയോഗ ബിൽ
(ii)2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള ധനവിനിയോഗ ബില്ലും 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള ധനവിനിയോഗ ബിൽ, 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള ധനവിനിയോഗ ബിൽ, 2024 ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

**അനുകൂലിക്കുന്നവർ...........**

**പ്രതികൂലിക്കുന്നവർ.........**

**പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.**

**(i) 2024-ലെ കേരള ധനവിനിയോഗ ബിൽ**

**രണ്ടും മൂന്നും വകുപ്പുകൾ**

**(ഭേദഗതിയില്ല)**

**മി. സ്പീക്കർ:** രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

**അനുകൂലിക്കുന്നവർ...........**

**പ്രതികൂലിക്കുന്നവർ.........**

**രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.**

**രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.**

**പട്ടിക**

**(ഭേദഗതിയില്ല)**

**<u>മി. സ്പീക്കർ</u>: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ**

**അനുകൂലിക്കുന്നവർ...........**

**പ്രതികൂലിക്കുന്നവർ.........**

**പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.**

**പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.**

**<u>ഒന്നാം വകുപ്പും പീഠികയും പേരും</u>**

**(ഭേദഗതിയില്ല)**

<u>മി. സ്പീക്കർ</u>: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

**അനുകൂലിക്കുന്നവർ...........**

**പ്രതികൂലിക്കുന്നവർ.........**

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

**അനുകൂലിക്കുന്നവർ..........**

**പ്രതികൂലിക്കുന്നവർ.........**

**രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.**

**രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.**

<u>പട്ടിക</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

**അനുകൂലിക്കുന്നവർ..........**

**പ്രതികൂലിക്കുന്നവർ.........**

**പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.**

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നത്തെ

**അനുകൂലിക്കുന്നവർ..........**

**പ്രതികൂലിക്കുന്നവർ.........**

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

**അനുകൂലിക്കുന്നവർ..........**

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

**[10.44 a.m.]**

## X അവകാശലംഘന പ്രശ്നങ്ങൾ

### ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ: 2023 ഡിസംബർ 23-ന് കെ.പി.സി.സി. സംഘടിപ്പിച്ച ഡി.ജി.പി. ഓഫീസ് മാർച്ചിൽ പങ്കെടുത്ത ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷികളിൽപ്പെട്ട ജനപ്രതിനിധികൾക്കെതിരെ പോലീസ് നടത്തിയ അതിക്രമം സഭയോടും സഭാംഗങ്ങളോടുമുള്ള അവഹേളനമാകയാൽ ആയതിന് ഉത്തരവാദികളായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. സമർപ്പിച്ച നോട്ടീസ്, പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളന കാലയളവിൽ 29-01-2024-ലെ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി തേടിക്കൊണ്ടുള്ള ചർച്ച നടക്കുന്ന അവസരത്തിൽ

വസ്തുതാവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുമുള്ള മറുപടി നൽകിയ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. സമർപ്പിച്ച നോട്ടീസ്, 20-01-2024-ൽ കോലഞ്ചേരിയിൽവച്ച് നടത്തിയ പ്രസംഗത്തിൽ തനിക്കെതിരെ തീർത്തും അധിക്ഷേപകരവും അപകീർത്തികരവുമായ പരാമർശങ്ങൾ നടത്തിയ ശ്രീ. സാബു എം. ജേക്കബിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ. സമർപ്പിച്ച നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

**[10.46 a.m.]**

**XI പ്രമേയം**

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

(സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട് സ്പീക്കറുടെ അഭ്യർത്ഥനയെത്തുടർന്ന് സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി.)

**[10.46 a.m.]**

## XII അവലോകനം

മി. സ്പീക്കർ: 2024 ജനുവരി 25-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടി ആരംഭിച്ച പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനം ആകെ 11 ദിവസം സമ്മേളിച്ച് നടപടികൾ പൂർത്തീകരിച്ച് ഇന്ന് അവസാനിക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച ജനുവരി 29, 30, 31 എന്നീ തീയതികളിൽ നടന്നു.

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് ഫെബ്രുവരി 5-ാം തീയതി

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിക്കുകയും ഫെബ്രുവരി 12, 13, 14 എന്നീ തീയതികളിലായി ബജറ്റിന്മേലുള്ള പൊതുചർച്ച പൂർത്തീകരിക്കുകയും ചെയ്തു. 2023-24 വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ഇന്നലെയും ഇന്നുമായി പൂർത്തീകരിച്ച് അതുമായി ബന്ധപ്പെട്ട ധനവിനിയോഗ ബില്ലുകൾ സഭ ഇന്ന് പാസ്സാക്കുകയുണ്ടായി.

2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ, 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തുടങ്ങിയ സുപ്രധാന ബില്ലുകൾ ഈ സമ്മേളന കാലയളവിൽ സഭ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബില്ലുകൾക്ക് ജനറൽ അമെന്റ്മെന്റുകളുൾപ്പെടെ ആകെ 2410 ഭേദഗതി നോട്ടീസുകളാണ് ലഭ്യമായത്. അവയിൽ 1766 നോട്ടീസുകൾ അംഗങ്ങൾ ബില്ലിന്റെ വകുപ്പുകൾക്ക് നൽകിയ ഭേദഗതി നോട്ടീസുകളായിരുന്നു. ബില്ലുകളുടെ പരിഗണനാവേളയിൽ അംഗങ്ങൾ നോട്ടീസ് നൽകിയ ഇരുപതോളം

ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രി സ്വീകരിക്കുകയുണ്ടായി.

ഈ സമ്മേളന കാലത്ത് ചട്ടം 50 പ്രകാരമുള്ള 7 നോട്ടീസുകളാണ് സഭ മുമ്പാകെ വന്നത്. അതിൽ ജനുവരി 30-ാം തീയതി സഭ മുമ്പാകെ വന്ന സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയുമായി ബന്ധപ്പെട്ട നോട്ടീസ് സഭ പരിഗണിക്കുകയും അതിന്മേൽ രണ്ട് മണിക്കൂർ ചർച്ച നടത്തുകയും ചെയ്തു. ഇതോടെ മൊത്തം 7 നോട്ടീസുകളിന്മേൽ ചർച്ച ചെയ്തുകൊണ്ട് ഏറ്റവും കൂടുതൽ അടിയന്തരപ്രമേയങ്ങൾ ചർച്ച ചെയ്ത റെക്കോർഡ് ചുരുങ്ങിയ കാലയളവിനുള്ളിൽ പതിനഞ്ചാം കേരള നിയമസഭയ്ക്ക് കൈവന്നിരിക്കുകയാണ്. പതിനാലാം കേരള നിയമസഭയുടെ 5 വർഷക്കാലയളവിനിടയിൽ ആകെ 6 അടിയന്തരപ്രമേയങ്ങളാണ് സഭ ചർച്ച ചെയ്തത്. ഒന്നാം കേരള നിയമസഭാ സമ്മേളനം മുതൽ നാളിതുവരെ 37 അടിയന്തരപ്രമേയ നോട്ടീസുകളാണ് സഭ ചർച്ച ചെയ്തത്. അതിൽ മൂന്നിലൊന്നും പതിനാല്, പതിനഞ്ച് കേരള നിയമസഭകളിലാണെന്നത് ശ്രദ്ധേയമാണ്. വിവിധ ജനകീയ പ്രശ്നങ്ങളിന്മേലുള്ള 16 ശ്രദ്ധക്ഷണിക്കലുകളും 99 സബ്മിഷനുകളും ഈ സമ്മേളനകാലത്ത് സഭാ

നടപടികളെ സജീവമാക്കി.

പത്താം സമ്മേളനത്തിൽ 2024 ജനവരി 29 മുതൽ ഫെബ്രുവരി 15 വരെയുള്ള 9 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ആകെ 3914 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 26 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 18 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 270 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 3600 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 3870 ചോദ്യങ്ങൾ അച്ചടിക്കുകയും ആയതിൽ 30-ാം തീയതിയിലെ ഒരു ചോദ്യം പിൻവലിക്കുകയും ചെയ്തു. ഇതിൽ നക്ഷത്രചിഹ്നമിട്ട 270 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3243 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്.

ചോദ്യോത്തരവേളകളിൽ 40 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 221 അവസരങ്ങളിലായി 254

ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും മന്ത്രിമാർ അവയ്ക്ക് മറുപടി നൽകുകയും ചെയ്തു.

വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിടാത്ത 4 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവനകൾ ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി.

ഈ സമ്മേളനത്തിലെ ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിപക്ഷം ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ട മന്ത്രിമാർ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെങ്കിലും ഇനിയും ഏതാനും മറുപടികൾകൂടി ലഭ്യമാക്കാനുണ്ടെന്നാണ് കാണുന്നത്. ചോദ്യങ്ങൾക്ക് ചട്ടം അനുശാസിക്കുംവിധം യഥാസമയം മറുപടി നൽകുന്നത് സംബന്ധിച്ച് സമ്മേളന കാലയളവിൽ ചെയർ റൂൾ ചെയ്യുകയുണ്ടായി.

പത്താം സമ്മേളനകാലത്ത് മൂന്ന് സി&എജി റിപ്പോർട്ട് ഉൾപ്പെടെ 640 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും വിവിധ നിയമസഭാ സമിതികളുടെ 42 റിപ്പോർട്ടുകൾ സഭ മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ കായിക നയം സംബന്ധിച്ച് ബഹുമാനപ്പെട്ട

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തുകയുണ്ടായി. സംസ്ഥാനത്തിന്റെ വായ്പാ പരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്യുന്ന സമീപനത്തിൽനിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെടുന്നതും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുവാൻ നിലവിലുള്ള നിയമങ്ങൾ കാലാനുസൃതമായി ഭേദഗതി ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതുമായ രണ്ട് ഗവൺമെന്റ് പ്രമേയങ്ങൾ ചട്ടം 118 പ്രകാരം യഥാക്രമം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയും സഭയിൽ അവതരിപ്പിക്കുകയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുമുണ്ടായി.

അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി ഒരു വെള്ളിയാഴ്ച നീക്കിവച്ചെങ്കിലും അത് ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചില്ലെന്നത് പോരായ്മയായി ചെയർ വിലയിരുത്തുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ച അഡ്ഹോക്ക് കമ്മിറ്റി സമർപ്പിച്ച ശിപാർശകൾ ചട്ടങ്ങൾ സംബന്ധിച്ച സമിതി വിശദമായി പരിശോധിക്കുകയും അംഗങ്ങൾ നൽകിയ ഭേദഗതികളടക്കം ഉൾപ്പെടുത്തിക്കൊണ്ട് സമർപ്പിച്ച റിപ്പോർട്ട് ഫെബ്രുവരി 14-ന് സഭ അംഗീകരിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത ഭേദഗതികൾ കൂടി നിലവിൽ വരുന്നതോടുകൂടി നമ്മുടെ സഭാ ചട്ടങ്ങൾ കൂടുതൽ ചലനാത്മകമാകുമെന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാം.

2023 നവംബർ 1 മുതൽ 7 വരെ സംഘടിപ്പിച്ച നിയമസഭയുടെ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ രണ്ടാം പതിപ്പ് ഒന്നാം പതിപ്പിനേക്കാൾ മികച്ച നിലയിൽ സംഘടിപ്പിക്കാൻ സാധിച്ചു. നേരത്തെയുള്ളതിനേക്കാൾ ഇരട്ടിയിലേറെ പുസ്തക സ്റ്റാളുകൾ ഒരുക്കുന്നതിനും ദേശീയ-അന്തർദേശീയ

തലത്തിലുള്ള പ്രസാധകരെ പങ്കാളികളാക്കുന്നതിനും നോബൽ സമ്മാനജേതാവായ ഡോ. കൈലാഷ് സത്യാർത്ഥി അടക്കം സാമൂഹ്യ സാംസ്കാരിക സാഹിത്യ മേഖലകളിലെ പ്രമുഖരെ പങ്കെടുപ്പിക്കുന്നതിനും സാധിച്ചു. ഏഴ് ദിവസം നീണ്ടുനിന്ന പുസ്തകോത്സവം സംസ്ഥാനമൊട്ടാകെയുള്ള മലയാളികളുടെ അക്ഷരോത്സവമായി മാറുകയുണ്ടായി. പുസ്തകോത്സവത്തിന്റെ വിജയത്തിനായി സഹകരിച്ച ഈ സഭയിലെ എല്ലാ അംഗങ്ങളോടുമുള്ള ചെയറിന്റെ നന്ദികൂടി ഈ അവസരത്തിൽ അറിയിക്കുകയാണ്.

നിയമസഭാ സാമാജികരുടെ വാസസ്ഥലത്തെ പമ്പാ ബ്ലോക്ക് പുനർനിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ഈ ഫ്ലാറ്റ് സമുച്ചയം നിശ്ചിത സമയത്തിനുമുമ്പുതന്നെ നിർമ്മാണം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2024-25 വർഷത്തെ ബജറ്റിന്മേലുള്ള ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി വിവിധ സബ്ജക്ട് കമ്മിറ്റികൾ ഈ മാസം 21 മുതൽ ഏപ്രിൽ 6 വരെ യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുശേഷം ഓരോ

ഡിമാന്റും വിശദമായി പരിഗണിച്ച് പാസ്സാക്കുന്നതിലേയ്ക്കായി സഭയുടെ സമ്പൂർണ്ണ ബജറ്റ് സമ്മേളനം ജൂൺ-ജൂലൈ മാസങ്ങളിൽ ചേരേണ്ടതുണ്ട്.

സഭയുടെ പത്താം സമ്മേളന നടപടികൾ വിജയിപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്രതിപക്ഷ ഉപനേതാവ്, വിവിധ കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണം അങ്ങേയറ്റം മാതൃകാപരമായിരുന്നു. അതിന്റെ പേരിൽ എല്ലാപേർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കുവാൻ ആവശ്യമായ സഹായ സഹകരണം നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുതലങ്ങളിലെയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, പത്ര-ദൃശ്യ-മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു. എല്ലാപേർക്കും ഈസ്റ്റർ, റമദാൻ, വിഷു ആശംസകൾ നേരുന്നു.

**ഓർഡർ... ഓർഡർ... സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.**

(ദേശീയ ഗാനാലാപനത്തോടെ സഭ രാവിലെ 10.54-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

Regn.No.KERBIL/2012/45073
dated 05-09-2012 with RNI
Reg.No.KL/TV(N)/634/2021-23

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തിയത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| | തിരുവനന്തപുരം | **2024 ഫെബ്രുവരി 19** | | |
| **വാല്യം 13 }** | തിങ്കൾ | 19th February 2024 | നമ്പർ } | **602** |
| **Vol. XIII }** | | **1199 കുംഭം 6** | No. } | |
| | | 6th Kumbham 1199 | | |
| | Thiruvananthapuram | **1945 മാഘം 30** | | |
| | Monday | 30th Magha 1945 | | |


## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 675/Table-1/2024/Leg. Thiruvananthapuram, 17th February, 2024

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Tenth Session of the Fifteenth Kerala Legislative Assembly with effect from February 15, 2024 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനം 2024 ഫെബ്രുവരി 15-ാം തീയതി അതിന്റെ യോഗം അവസാനിച്ചതു മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

Shaji C. Baby,

Secretary-in-Charge,

Legislative Assembly

**അനുബന്ധം**

**I. (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

**(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**ഫെസ്റ്റിവൽ ഹബ്ബും നൈറ്റ് ലൈഫ് ടൂറിസവും**

6 (*246) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ഫെസ്റ്റിവലുകളുടെ ഹബ്ബാക്കി മാറ്റുന്നതിന് വിനോദസഞ്ചാര വകുപ്പ് മുൻകയ്യെടുത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നമ്മുടെ നാടിന്റെ സംസ്കാരവും പൈതൃകവും പുറംലോകത്തെ അറിയിക്കുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും വിനോദസഞ്ചാരവകുപ്പ് വൈവിധ്യങ്ങളായ

പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരത്തെ ഫെസ്റ്റിവലുകളുടെ ഹബ്ബാക്കി മാറ്റുന്നതിന് ഓണാഘോഷം, കേരളീയം, ക്രിസ്തുമസ്-പുതുവത്സരാഘോഷം, ഉത്സവം, നിശാഗന്ധി ഡാൻസ് ഫെസ്റ്റ്, വസന്തോത്സവം എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൃത്യമായ ഇടവേളകളിൽ ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുകയും നഗരത്തിന് ഉത്സവഛായ പകരുകയുമാണ് ചെയ്യുന്നത്. വൈവിധ്യമാർന്ന പരിപാടികൾ തലസ്ഥാനത്തെ ഫെസ്റ്റിവൽ ഹബ്ബാക്കി മാറ്റിക്കഴിഞ്ഞു. അതോടൊപ്പം തലസ്ഥാനത്ത് നടക്കുന്ന വ്യത്യസ്തങ്ങളായ സാംസ്കാരിക ഫെസ്റ്റുകൾക്ക് പ്രോത്സാഹനം നൽകാനും ടൂറിസം വകുപ്പ് സന്നദ്ധമാകുന്നുണ്ട്.

(ബി) ഓണാഘോഷം, കേരളീയം, ക്രിസ്തുമസ്-പുതുവത്സര ആഘോഷം എന്നീ പരിപാടികൾ വിനോദസഞ്ചാര മേഖലയ്ക്ക് എത്രത്തോളം ഗുണകരമായി മാറിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ തനത് സംസ്കാരത്തെ ഉയർത്തിക്കാട്ടുന്ന ആഘോഷങ്ങൾ ടൂറിസം മേഖലയ്ക്ക് വലിയ കുതിപ്പ് സാധ്യമാക്കുന്നുണ്ട്. കോവിഡിനുശേഷമുള്ള ആഘോഷങ്ങൾ റിവഞ്ച് ടൂറിസത്തിന്റെ

പ്രതിഫലനമായി മാറി. ലിഷർ ടൂറിസത്തിന്റെ സാധ്യതകൾ ആണ് ഇപ്പോൾ ആഘോഷങ്ങൾ ഉപയോഗപ്പെടുത്തുന്നത്. വിദേശസഞ്ചാരികളെയും ആഭ്യന്തരസഞ്ചാരികളെയും ആകർഷിക്കുന്ന നിലയിൽ കേരളത്തിലെ ഫെസ്റ്റിവലുകൾ മാറുന്നുണ്ട്. കലാ-സാംസ്കാരിക മേഖലയിലുള്ളവർക്ക് പ്രോത്സാഹനം നൽകാനും ഇത്തരം പരിപാടികളിലൂടെ സാധിക്കുന്നുണ്ട്. സാമ്പത്തിക മേഖലയ്ക്ക് ഉണർവ്വേകാനും വിപണിയെ സഹായിക്കാനും ഇത്തരം പരിപാടികളിലൂടെ സാധിക്കാറുണ്ട്.

(സി) നൈറ്റ് ലൈഫ് ടൂറിസത്തിനായി നിലവിൽ തെരഞ്ഞെടുത്ത പ്രദേശങ്ങൾക്കുപുറമെ സംസ്ഥാനത്ത് മറ്റേതൊക്കെ പ്രദേശങ്ങളെയും സ്ട്രീറ്റുകളെയുമാണ് ഇതിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) നൈറ്റ് ലൈഫ് ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

(സി&ഡി) ജോലിയുടെ സ്വഭാവവും ജീവിതക്രമവും മാറിയതോടെ രാത്രി വൈകി കുടുംബത്തോടൊപ്പവും സൗഹൃദങ്ങൾക്കൊപ്പവും

പുറത്തിറങ്ങുന്നവർക്ക് മാനസികോല്ലാസം സാധ്യമാക്കുന്ന കേന്ദ്രങ്ങൾ ടൂറിസം വകുപ്പ് വിവിധ വകുപ്പുകളുമായി ചേർന്ന് സജ്ജീകരിക്കുന്നുണ്ട്. വിവിധ വകുപ്പുകളുമായി ചേർന്ന് മാനവീയം വീഥിയെ മികച്ച സാംസ്കാരിക ഇടനാഴിയായി വികസിപ്പിച്ചു. കനകക്കുന്നിനെയും ശംഖുമുഖത്തെയും ആ നിലയിൽ വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നുണ്ട്. തിരുവനന്തപുരം നഗരത്തിലെ പൈതൃക കെട്ടിടങ്ങൾ ദീപാലംകൃതമാക്കിയും മഹാന്മാരുടെ പ്രതിമകൾ നിലനിൽക്കുന്ന കേന്ദ്രങ്ങൾ ആകർഷകമാക്കിയും തലസ്ഥാന നഗരിയെ കൂടുതൽ സജീവമാക്കാൻ സാധിച്ചു. തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് നഗരത്തിലെ തെരഞ്ഞെടുക്കപ്പെട്ട പാർക്കുകളിലും ഇത്തരം പദ്ധതി പരിഗണനയിൽ ഉണ്ട്. കോഴിക്കോട് നഗരത്തിലെ പൈതൃക കെട്ടിടങ്ങൾ ദീപാലംകൃതമാക്കാനുള്ള പദ്ധതിയും പരിഗണനയിൽ ഉണ്ട്.

**റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

7 **(*247)** <u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>
<u>ശ്രീ. എം. നൗഷാദ്:</u>
<u>ഡോ. കെ. ടി. ജലീൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് വികസനത്തിൽ വന്നിട്ടുള്ള ഗുണപരമായ മാറ്റത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

പശ്ചാത്തല വികസനത്തിന്റെ ഹബ്ബായി കേരളത്തെ മാറ്റി തീർക്കുക എന്ന ലക്ഷ്യത്തോടെ വൈവിധ്യമാർന്ന പദ്ധതികൾ 2021-ലെ സർക്കാർ അധികാരമേറ്റതുമുതൽ നടപ്പിലാക്കിവരികയാണ്. റോഡ് വികസനവും നവീകരണവും ഉന്നതനിലവാരത്തിൽ സാധ്യമാക്കുന്നതിന് ആസൂത്രിതമായ പദ്ധതികൾ ആവിഷ്കരിച്ചു. റോഡുകൾ BM-BC നിലവാരത്തിലേയ്ക്ക് ഉയർത്തി കൂടുതൽ ഈടുനിൽക്കുന്നതാക്കി മാറ്റുന്നതിന് മുൻതൂക്കം നൽകിയാണ് പദ്ധതികൾ ആവിഷ്കരിച്ചത്. ബജറ്റ് ഫണ്ട്, കിഫ്ബി, നബാർഡ്, CRIF, RKI തുടങ്ങിയ പദ്ധതികളിലൂടെ ഡിസൈൻഡ് റോഡ് എന്ന ആശയം കൂടി മുന്നോട്ടുവച്ചു. പരമാവധി വീതി കൂട്ടി റോഡുകൾ കൃത്യമായി ഡിസൈൻ ചെയ്ത് നിർമ്മിക്കുന്ന രീതി വ്യാപകമാക്കി. ഫുൾ ഡെപ്ത് റിക്ലമേഷൻ, വൈറ്റ്

ടോപ്പിംഗ്, കോൾഡ് റീസൈക്ലിംഗ് തുടങ്ങിയ നൂതന സങ്കേതങ്ങളെ ഇതിനായി ഉപയോഗപ്പെടുത്തി. കാലാവസ്ഥയെ അതിജീവിക്കുന്ന റോഡുകൾ കേരളത്തിൽ സാധ്യമാക്കി. ദേശീയപാത വികസനം, മലയോരപാത നിർമ്മാണം, തീരദേശപാത നിർമ്മാണം എന്നിവ കേരളത്തിന്റെ റോഡ് നവീകരണത്തിലെ പ്രധാന ചുവടുവെയ്പ്പുകളാണ്. ഗ്രാമീണമേഖലയിൽ ഉൾപ്പെടെ കേരളത്തിൽ റോഡ് നിർമ്മാണത്തിൽ വലിയ മാറ്റം സാദ്ധ്യമാക്കി. കിഫ്ബി പദ്ധതിയിൽ ഏറ്റവും കൂടുതൽ പണം അനുവദിച്ചത് പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾക്കാണ്. ദേശീയപാത വികസനത്തിന് സംസ്ഥാനവിഹിതമായി 5580 കോടി രൂപ കേരളം നൽകിയത് കിഫ്ബി പദ്ധതിയിലൂടെയാണ്. മലയോരപാത, തീരദേശപാത എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതും കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തിയാണ്. ഈ തരത്തിൽ ആസൂത്രിതമായ പ്രവർത്തനങ്ങളിലൂടെയാണ് കേരളത്തിലെ റോഡ് നിർമ്മാണ മേഖലയിൽ ഗുണപരമായ മാറ്റം സാധ്യമായത്. ഇതോടൊപ്പം റോഡ് പരിപാലനത്തിന് റണ്ണിംഗ് കോൺട്രാക്ട് എന്ന നൂതന പദ്ധതി ഈ സർക്കാർ

നടപ്പിലാക്കിയതും വലിയ മാറ്റം ഉണ്ടാക്കി. OPBRC, DLP ബോർഡുകൾ തുടങ്ങിയ പദ്ധതികളും പരിപാലന മേഖലയിൽ ഗുണം ചെയ്തു.

(ബി) 2016-ൽ കേരള അടിസ്ഥാനസൗകര്യ നിക്ഷേപ നിധി (കെ.ഐ.ഐ.എഫ്.ബി.) നിയമം ഭേദഗതി ചെയ്തത് പൊതുമരാമത്ത് രംഗത്ത് എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

2016-ൽ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) നിയമം ഭേദഗതി ചെയ്തത് മുഖേന കേരളത്തിൽ പൊതുമരാമത്തുരംഗത്തെ പ്രവർത്തനങ്ങളിൽ മികച്ച ഒരു മുന്നേറ്റം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2016-നുശേഷം പൊതുമരാമത്തു വകുപ്പിനായി 30,916.75 കോടി രൂപയ്ക്ക് 494 പദ്ധതികൾക്ക് കിഫ്ബി വഴി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 3421.44 കോടി രൂപയുടെ മലയോര ഹൈവേയും 3084 കോടി രൂപയുടെ തീരദേശ ഹൈവേയും ഉൾപ്പെടുന്നു. ഇതുവരെ 10,741.19 കോടി രൂപയുടെ 240 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. നിലവിൽ 6669.33 കോടി രൂപയുടെ 135 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ മേഖലകളിലായി പുരോഗമിച്ചുവരുന്നു. 2692.71 കോടി രൂപയുടെ 73

പദ്ധതികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 25 ശതമാനം സംസ്ഥാന വിഹിതം ആയ 5580.74 കോടി രൂപയും കിഫ്ബി നൽകിയിട്ടുണ്ട്. ജംഗ്ഷനുകളുടെ വികസനം, ബൈപ്പാസ്, ഫ്ലൈഓവർ നിർമ്മാണം, ലെവൽ ക്രോസ്സ് ഇല്ലാത്ത കേരളം തുടങ്ങിയ പദ്ധതികളും കിഫ്ബി വഴി സാധ്യമാക്കാനാകുന്നുണ്ട്.

(സി) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സേവനങ്ങളും വിശദമാക്കാമോ?

സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്റ്റേറ്റ് ഹൈവേകളും, മേജർ ജില്ലാ റോഡുകളും പുനരുദ്ധരിക്കുന്നതിനുവേണ്ടി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ആന്യൂറ്റി വ്യവസ്ഥയിൽ രൂപം കൊടുത്ത ഒരു പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (SRIP). റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ബലക്ഷയമുള്ള പാലങ്ങളും കലുങ്കുകളും പുതുക്കിപ്പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ

ആവശ്യമായ ഭാഗങ്ങളിൽ മാറ്റി സ്ഥാപിക്കുക, റോഡ് സുരക്ഷാ ക്രമീകരണങ്ങളും ബോർഡുകളും സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 02-02-2012-ലെ G.O(Ms) No.15/2012/പൊ.മ.വ ഉത്തരവുപ്രകാരം സംസ്ഥാന റോഡ് വികസന പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകുകയും സംസ്ഥാന റോഡ് വികസന പദ്ധതി (SRIP)-യുടെ നിർവ്വഹണത്തിനായുള്ള പ്രത്യേക ദൗത്യ സ്ഥാപനം (SPV) ആയി റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) 2012 മാർച്ച് 19-ന് പൊതുമേഖലയിൽ കമ്പനീസ് ആക്ട് പ്രകാരം രൂപീകരിക്കുകയും ചെയ്തു. സംസ്ഥാന റോഡ് വികസന പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ടു പാക്കേജുകളിലായാണ് വികസിപ്പിക്കുന്നത്. സ്ഥലമേറ്റെടുക്കലില്ലാതെ നവീകരിക്കാവുന്ന റോഡുകൾ റീഹാബിലിറ്റേഷൻ പാക്കേജിലും സ്ഥലമേറ്റെടുക്കൽ ആവശ്യമായ റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജിലുമാണ് നടപ്പിലാക്കിവരുന്നത്.

സംസ്ഥാന റോഡ് വികസന പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജിൽ പാക്കേജ്-എ, പാക്കേജ്-ബി എന്നിവയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കോട്ടയം, കാസർഗോഡ് ജില്ലകളിലായി നാല് റോഡുകൾ പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ പ്രവൃത്തി പൂർത്തീകരിച്ച് പരിപാലനം നടത്തിവരുന്നു. രണ്ട് വർഷത്തെ നിർമ്മാണവും 13 വർഷത്തെ പരിപാലനവും ഉൾപ്പെടുത്തിയാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഇപ്പോൾ പരിപാലന കാലയളവിലാണ് മേൽപ്പറഞ്ഞ രണ്ടു റോഡുകളും.

അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി കരമന-വെള്ളറട റോഡ് (35.5 Km) വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് 15-02-2016-ലെ സ.ഉ(സാധാ) നമ്പർ. 355/2016/പൊമവ പ്രകാരം 21.448 കോടി രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ റവന്യൂ വിഭാഗത്തിന്റെ കീഴിൽ പുരോഗമിക്കുന്നു.

(ഡി) ഗുണപരിശോധനാ മേഖലയിൽ പുതുതായി രൂപം നൽകിയ സംവിധാനങ്ങൾ റോഡ് നവീകരണത്തിന് എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വകുപ്പിൽ ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്ന് തലത്തിലുള്ള ഗുണമേന്മാ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടി രൂപയ്ക്ക് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് കരാറുകാരൻ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കേണ്ടതും ആവശ്യമായ ഒന്നാംതല ടെസ്റ്റുകൾ ടി ലാബുകളിൽ പൂർത്തിയാക്കേണ്ടതുമാണ്. വകുപ്പിലെ വിവിധ ക്വാളിറ്റി ലാബുകൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായുള്ള സംവിധാനങ്ങളും ക്രമീകരിച്ചിട്ടുണ്ട്.

ഇതുകൂടാതെ പ്രവൃത്തി നടത്തുന്ന സ്ഥലങ്ങളിൽ ചെന്ന് ഗുണനിലവാര പരിശോധന നടത്തുന്നതിന് മൊബൈൽ ക്വാളിറ്റി ലബോറട്ടറി യൂണിറ്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഇവയെല്ലാം തന്നെ പൊതുമരാമത്ത് വകുപ്പിന്റെ നവീകരണ പ്രവൃത്തികളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

റോഡ് പ്രവൃത്തികളുടെ ജി.എസ്.ബി., ഡബ്ല്യൂ.എം.എം. ഉൾപ്പടെയുള്ള ഗ്രേഡിംഗ് സാമ്പിളുകൾ സൈറ്റിൽ ചെയ്യുന്ന മെറ്റീരിയൽ ശേഖരിച്ചുകൊണ്ട് അതിന്റെ രണ്ടാം ശ്രേണിയിൽ ഉൾപ്പെട്ട സീവ് അനാലിസിസ് ടെസ്റ്റിന് വിധേയമാക്കി തുടർന്ന് പ്രവൃത്തിയുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിന് ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് വഴി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് കഴിയുന്നുണ്ട്. അതുപോലെതന്നെ ടാറിംഗ് പ്രവൃത്തിയുടെ ബി.എം. & ബി.സി. ക്ലോസ് ഗ്രേഡ്, ഡി.ബി. എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും ഈ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെ സീവ് അനാലിസിസ് ടെസ്റ്റുകൾ ചെയ്ത് വിലയിരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന ബിറ്റുമിന്റെ ഷെഡ്യൂളിൽ പറയപ്പെടുന്ന അളവുകൾ സൈറ്റിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുള്ളത് ബിറ്റുമിൻ എക്സ്ട്രാക്ഷൻ ടെസ്റ്റുകൾ വഴി പരിശോധിക്കുന്നതിനും റോഡിന്റെ ഘനം കണ്ടെത്താൻ കോർ കട്ടർ, നിർമാണത്തിന് ഉപയോഗിക്കുന്ന മെറ്റലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള സീവ് ഷെയ്ക്കർ, ഹോട്ട് എയർ ഓവൻ എന്നിവയും

സജ്ജമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വെള്ളം നിർമ്മാണത്തിന്റെ ഗുണനിലവാരത്തിൽ വളരെയധികം സ്വാധീനിക്കുന്നു എന്നത് മനസ്സിലാക്കി വാട്ടർ ക്വാളിറ്റി അനലൈസർ സംവിധാനവും ഈ മൊബൈൽ ടെസ്റ്റിംഗ് ലാബിൽ സജ്ജമാണ്. ഇതിലൂടെ വെള്ളത്തിന്റെ pH, ക്ലോറൈഡ് അയൺ സാന്ദ്രത മുതലായവ നിർണ്ണയിക്കാനാകും. സൈറ്റുകളിൽ പോയി സാമ്പിളുകൾ സ്വീകരിച്ച് വളരെ പെട്ടെന്നുതന്നെ ഗുണനിലവാര പരിശോധനാഫലം നൽകാൻ ഈ മൊബൈൽ ലാബിന് കഴിയുന്ന രീതിയിലാണ് സജ്ജമാക്കിയിട്ടുള്ളത്.

**വി.ജി.30 ബിറ്റുമിൻ റോഡ് ടാറിംഗിന് ഉപയോഗിക്കാൻ നടപടി**

8(*248) <u>ഡോ. എൻ. ജയരാജ്:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ. പ്രമോദ് നാരായൺ:</u>
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>) സദയം മറുപടി നൽകുമോ:

(എ) ബി.എം. ആൻഡ് ബി.സി. ടാറിംഗിനായി നാച്ചുറൽ റബ്ബർ മിക്സ്ഡ്

ബിറ്റുമിൻ ഉപയോഗിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

സാധാരണ bitumen-നെ അപേക്ഷിച്ച് NRMB-ക്ക് ഉയർന്ന skid resistance, മികച്ച road grip, സുഗമമായ വാഹന ബ്രേക്ക് application എന്നിവ ഉള്ളതിനാൽ അപകടസാധ്യത ഗണ്യമായി കുറയുന്നു എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഉയർന്ന ഇലാസ്തികതയും textile capacity-യും ഉള്ളതിനാൽ വളരെ നാൾ ഈടുനിൽക്കുന്നതാണ്. ഇവ കൂടാതെ വളരെ താഴ്ന്ന താപസംവേദനക്ഷമതയും ഉള്ളതിനാൽ വിള്ളലുകളുടെ സാധ്യത കുറയുന്നതാണെന്നും വിലയിരുത്തിയിട്ടുണ്ട്.

(ബി) വി.ജി.30 ബിറ്റുമിനും എൻ.ആർ.എം.ബി.-യും ഉപയോഗിക്കുമ്പോൾ ഈടുനിൽപ്പ് വ്യത്യാസം വരുന്നത് സംബന്ധിച്ച് പ്രായോഗിക അനുഭവത്തെ മാത്രം ആശ്രയിക്കാതെ ഐ.ഐ.റ്റി. പോലുള്ള വിദഗ്ധ സ്ഥാപനങ്ങളെക്കൊണ്ട് ശാസ്ത്രീയ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ?

ബി.സി. ടാറിംഗ് പ്രവൃത്തികൾക്ക് V.G.30 ഒഴിവാക്കി NRMB ഉപയോഗിക്കുന്നത് MoRTH (Ministry of Road Transport and Highways) specification പ്രകാരമാണ്. ആവശ്യമുള്ള ശാസ്ത്രീയ പഠനങ്ങൾക്ക് ശേഷമാണ് NRMB ഉപയോഗിക്കുന്നതിന് MoRTH നിഷ്കർഷിച്ചിട്ടുള്ളത്.

(സി) വി.ജി.30 ബിറ്റുമിനും എൻ.ആർ.എം.ബി.-യും ഉപയോഗിക്കുമ്പോൾ ഒരു കിലോമീറ്റർ ടാർ ചെയ്യാൻ നിലവിലെ നിരക്കിൽ എത്ര റേറ്റ് വ്യത്യാസം ഉണ്ടാകുമെന്ന് അറിയിക്കാമോ?

ഒരു കി.മീ നീളത്തിൽ റോഡിൽ ബി.സി. പ്രവൃത്തി ചെയ്യാൻ (7 മീറ്റർ വീതിയും 3 സെ.മീ ഘനത്തിലും) NRMB ഉപയോഗിക്കുന്നതിന് V.G.30-യേക്കാൾ 2,97,418.8 രൂപയാണ് വ്യത്യാസം വരുന്നത്.

(ഡി) വലിയ റേറ്റ് വ്യത്യാസത്തിൽ എൻ.ആർ.എം.ബി. ഉപയോഗിക്കുമ്പോൾ അതിൽ ചേർക്കുന്ന റബ്ബർ സംസ്ഥാനത്തിന്റെ പ്രാദേശിക മാർക്കറ്റിൽ നിന്ന് വാങ്ങുന്നില്ലെന്നതും അതുവഴി സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് പ്രയോജനകരമാകുന്നില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റബ്ബർ കർഷകർക്ക് സഹായം കിട്ടുന്നില്ലെങ്കിൽ വലിയ തുക ചെലവഴിച്ച് എൻ.ആർ.എം.ബി. ഉപയോഗിക്കാതെ റേറ്റ് കുറഞ്ഞ വി.ജി.30 ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(ഡി&ഇ) IRC, MoRTH specification പ്രകാരമാണ് പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യാനാവുക. NRMB ഉപയോഗിച്ച് B.C. ടാറിംഗ് എന്നാണ് MoRTH നിലവിൽ നിഷ്കർഷിച്ചിട്ടുള്ളത്.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വവും മാലിന്യ സംസ്കരണവും**

9(*249) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് കുപ്പികൾ, ക്യാരി ബാഗുകൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ അലക്ഷ്യമായി കൈകാര്യം

ചെയ്യുന്നത് മാലിന്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഡി.റ്റി.പി.സി.-കൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ സംസ്ഥാന ശുചിത്വമിഷനുമായി ചേർന്ന് ഗ്യാപ്പ് അസസ്സ്മെന്റ് നടത്തുകയും കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഉറവിട മാലിന്യ നിർമ്മാർജ്ജനമാണ് വകുപ്പ് പ്രധാനമായും ചെയ്യുന്നത്. ഇതിനായി കുടുംബശ്രീ പോലുള്ള സംവിധാനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നു. കായൽ ടൂറിസം നേരിടുന്ന

മാലിന്യ പ്രശ്നത്തിന് പരിഹാരമായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ വട്ടക്കായലിൽ പുതിയ STP സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി മാലിന്യ സംസ്കരണവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളെ ശുചിത്വമുള്ളതും ആരോഗ്യകരവുമായി നിലനിർത്തിക്കൊണ്ട് അവയുടെ നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. **ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ**

വിനോദ സഞ്ചാരകേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനും ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി കുടുംബശ്രീയുടെ സഹകരണത്തോടെ

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംമ്പയിൻ". 14 ജില്ലകളിലായി നടപ്പിലാക്കിവരുന്ന പദ്ധതിയിൽ 645 കുടുംബശ്രീ ജീവനക്കാർ പ്രവർത്തിച്ചുവരുന്നു. ഇതിനായി വകുപ്പിൽനിന്നും തുകയും അനുവദിച്ചുവരുന്നുണ്ട്.

2. <u>കോവളം ഡെസ്റ്റിനേഷനിലെ മാലിന്യസംസ്കരണം</u>

കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

3. <u>ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം</u>

ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽ മേട് (ആമപ്പാറ), രാമക്കൽ മേട് പാർക്ക്, പരുന്തുപാറ, പാഞ്ചാലി മേട്, വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക്-ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ (അഡ്വഞ്ചർ പാർക്ക്) തൊമ്മൻ കുത്ത്, അരുവിക്കുഴി എന്നീ ഡെസ്റ്റിനേഷനുകളിലെ

മാലിന്യ സംസ്കരണം നടത്തുന്നതിനായി 'സേവ് ഗ്രീൻ സേവ് ടൂറിസം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

4. **നിലവാരമുള്ള ടോയ്‌ലെറ്റ്**

കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, ബീച്ച് എന്നിവിടങ്ങളിൽ പൂർത്തിയായി. വർക്കലയിൽ പദ്ധതി പൂർത്തീകരിച്ച ഘട്ടത്തിലാണ്.

**പട്ടയ വിതരണവുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിയിന്മേൽ തുടർനടപടി**

10(*250) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കൈവശ ഭൂമിയിൽ ഉടമസ്ഥത, പാട്ടം തുടങ്ങിയ രേഖകൾ ഇല്ലാത്ത കൈവശക്കാർക്ക് പട്ടയം നൽകരുത് എന്ന ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ

നിർദ്ദേശം സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ; നിലവിൽ പട്ടയം ലഭിച്ചവരെ ഈ നിർദ്ദേശം ബാധിക്കുമോ;

(ബി) പ്രസ്തുത സാഹചര്യത്തിൽ അവശേഷിക്കുന്ന നാല്പത്തിരണ്ടായിരത്തിലധികം വരുന്ന പട്ടയത്തിനായുള്ള അപേക്ഷകളിന്മേൽ എന്ത് തുടർനടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് 'One Earth One life' എന്ന സംഘടന ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)1801/2010 നമ്പർ കേസിലെ 10-01-2024-ലെ ഇടക്കാല ഉത്തരവ് പ്രകാരം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ 1964-ന് മുമ്പ് ഭൂമി കൈവശത്തിലാണ് എന്നതിൽ രേഖകൾ ഹാജരാക്കുന്നവർക്കല്ലാതെ മറ്റാർക്കും പട്ടയം നൽകേണ്ടതില്ലായെന്നും 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനും ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങൾ

ബാധകമാകുന്ന പഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂമി പതിവ് നടപടികൾക്കാണ് മേൽ ഉത്തരവ് ബാധകമാകുന്നത്. ഭൂമി പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള മറ്റ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയ നടപടികളെ ഈ ഉത്തരവ് ബാധിക്കുന്നില്ല. 1964-ലെ ചട്ടങ്ങളിലെ ചട്ടം 7(1)-ന്റെ സാധുത സംബന്ധിച്ചാണ് മേൽ ഇടക്കാല ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. ഈ ഉത്തരവിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളുടെ പ്രാബല്യതീയതിയ്ക്കുശേഷമുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നത് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുവരെ പട്ടയം ലഭിച്ചവരെ ഈ നിർദ്ദേശം നിലവിൽ ബാധിക്കുന്നതല്ല.

മേൽ ഹൈക്കോടതി ഉത്തരവ് ഇടുക്കി ജില്ലയ്ക്കാണ് ബാധകമാക്കിയിട്ടുള്ളത്. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹുമാനപ്പെട്ട ഹൈക്കോടതിയെ ബോധ്യപ്പെടുത്തി പട്ടയവിതരണ നടപടികളിലെ തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൈവശ ഭൂമിയുടെ അവകാശം സ്ഥിരീകരിക്കാൻ വ്യക്തവും അനുഭാവപൂർണ്ണവുമായ നിലപാട് സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർക്കാർ ഭൂമി (അസൈനബിൾ ലിസ്റ്റിൽ ഉൾപ്പെട്ട) കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പതിവ് ചെയ്ത് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിന്മേൽ നിലവിലുള്ള നിയമവും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം പതിവിന് അർഹതയുണ്ടോ എന്ന് പരിശോധിച്ച് മുൻഗണനാക്രമം അനുസരിച്ച് പതിവ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്**

11(*251) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ

സ്ഥാപനങ്ങൾ എന്നിവയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/ കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന മാത്രമായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) എങ്കിൽ എല്ലാ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ

അറിയിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എംപ്ലോയ്മെന്റ് വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും, അനധികൃത നിയമനം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ നടത്തുന്ന പരിശോധനകളിലും കരാർ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ കരാർ നിയമനങ്ങൾ റദ്ദ് ചെയ്ത്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) പ്രസ്തുത ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വ്യക്തികൾ/സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന പ്രതിമാസ സ്ഥാപന പരിശോധനകളിലും പ്രസ്തുത ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണെന്നുള്ള 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിനും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും അനുസൃതമായി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പരിശോധന ഉദ്യോഗസ്ഥർ ഉദ്യോഗദായകർക്ക് നൽകി തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

**സ്കൂൾ ഉച്ചഭക്ഷണം തയ്യാറാക്കുന്നവർക്ക് ലൈസൻസ്**

12(*252) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>

ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണം തയ്യാറാക്കുന്നവർ ലൈസൻസ് എടുക്കണമെന്ന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന വിഷയം വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. 2011-ൽ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്ത ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്) റെഗുലേഷനിലെ അദ്ധ്യായം 2-ലെ റെഗുലേഷൻ 21 അനുസരിച്ച് ഫുഡ് ബിസിനസ് ചെയ്യുന്ന എല്ലാ വ്യക്തികളും ഏജൻസികളും നിയമാനുസൃതമായ Food Safety Licence എടുക്കേണ്ടതാണ്. എന്നാൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഫുഡ് ബിസിനസ് എന്ന നിർവ്വചനത്തിൻ കീഴിൽ വരാത്തതിനാലും ഉച്ചഭക്ഷണ വിതരണം ഒരു സ്റ്റാറ്റ്യൂട്ടറി & ലീഗൽ പ്രൊവിഷൻ ആയതിനാലും 2006-ലെ FSS ആക്ട്, 2011-ലെ FSS Rules, 2019-ലെ FSS Licensing & Registration of Food Business എന്നിവയുടെ

പരിധിയിൽ വരുന്നില്ല. എന്നാൽ 2021-ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് റെഗുലേഷനിൽ സ്കൂൾ ഉച്ചഭക്ഷണ വിതരണം കൂടി ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2001 നവംബർ 28-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായവും 2013-ൽ ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ ഭക്ഷ്യഭദ്രത ആക്ടും അനുസരിച്ച് സ്കൂൾ ഉച്ചഭക്ഷണം ഓരോ കുട്ടിയുടെയും അടിസ്ഥാനപരമായ അവകാശമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു വ്യക്തിയുടെ മാത്രം ചുമതല എന്നതിനുപകരം രക്ഷാകർത്താക്കളും അദ്ധ്യാപകരും അടങ്ങുന്ന ഒരു കമ്മിറ്റിയെ ആണ് പദ്ധതി നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിന് ആവശ്യമായുള്ള ഭക്ഷ്യധാന്യം കേന്ദ്രസർക്കാർ സൗജന്യമായി നൽകുകയും മറ്റ് ചെലവുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒരു നിശ്ചിത അനുപാതത്തിൽ വഹിക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കേരള സർക്കാർ പദ്ധതി നടത്തിപ്പ് ഔദ്യോഗികമായി ഏറ്റെടുത്ത 1984 മുതൽ അങ്ങേയറ്റം കരുതലോടും ശ്രദ്ധയോടും ശുഷ്കാന്തിയോടുമാണ്

പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതി വിജയകരമായി നടത്തി വരുന്നത്. 2015-ലെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ചട്ടം 8 പ്രകാരം ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർക്ക് സ്കൂളുകളിൽ പരിശോധന നടത്താവുന്നതും ഭക്ഷണ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കാവുന്നതുമാണ്. ഈ സാഹചര്യത്തിൽ ഫുഡ് ബിസിനസ് അല്ല എന്നതിനാലും ഒരു സ്റ്റാറ്റ്യൂട്ടറി & ലീഗൽ പ്രൊവിഷനായിട്ടാണ് ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നത് എന്നതും കണക്കിലെടുത്ത് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾക്ക് ഫുഡ് സേഫ്റ്റി & സ്റ്റാന്റേർഡ്സ് റെഗുലേഷൻ 2021-ൽ നിഷ്കർഷിച്ചിരിക്കുന്ന ഫുഡ് സേഫ്റ്റി ലൈസൻസ് ബാധകമാക്കേണ്ടതില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ലൈസൻസ് എടുക്കാത്തതിന്റെ പേരിൽ പാചകത്തൊഴിലാളികൾ പിഴ അടയ്ക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടോ?

2024 ജനുവരി 17-ാം തീയതി തിരൂരങ്ങാടി ഫുഡ് & സേഫ്റ്റി ആഫീസർ താനൂർ ഉപജില്ലയിലെ ക്ലാരി എ.എം.എൽ.പി. സ്കൂളിൽ പരിശോധന നടത്തി 7 ദിവസത്തിനകം ലൈസൻസ്/രജിസ്ട്രേഷൻ ഹാജരാക്കിയില്ലെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുമെന്ന് നോട്ടീസ് നൽകിയതായി കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി 23-01-2024-ന് പരാതിയായി പൊതുവിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(സി) ഉച്ചഭക്ഷണ പദ്ധതി തടസ്സമില്ലാതെ തുടരുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉച്ചഭക്ഷണ പദ്ധതി സംസ്ഥാനത്ത് തടസ്സപ്പെടുന്ന ഒരു സാഹചര്യവും ഇപ്പോൾ നിലവിലില്ല. കേരള സർക്കാർ പദ്ധതി നടത്തിപ്പ് ഔദ്യോഗികമായി ഏറ്റെടുത്ത 1984 മുതൽ മുടക്കമില്ലാതെ തന്നെ തുടർന്നുവരുന്നു. പദ്ധതി തടസ്സമില്ലാതെ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാവിധ ക്രമീകരണങ്ങളും പൊതുവിദ്യാഭ്യാസവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ടും ഭക്ഷ്യധാന്യവും കേന്ദ്ര-സംസ്ഥാന

സഹായത്തോടുകൂടി പൊതുവിദ്യാഭ്യാസവകുപ്പ് ലഭ്യമാക്കുന്നുണ്ട്. സ്കൂൾതലത്തിൽ പദ്ധതി നടത്തിപ്പിന്റെ ചുമതല സ്കൂൾ പി.ടി.എ. പ്രസിഡന്റ് ചെയർമാനും, സ്കൂൾ പ്രധാനാദ്ധ്യാപകൻ/പ്രധാനാദ്ധ്യാപിക കൺവീനറായുള്ള ഉച്ചഭക്ഷണ കമ്മിറ്റിയിലാണ് നിക്ഷിപ്തമായിട്ടുള്ളത്. ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും വകുപ്പിന്റെയും കൂട്ടായ പ്രവർത്തനഫലമായിട്ടാണ് പദ്ധതി കാര്യക്ഷമമായി നടന്നുവരുന്നത്.

കേന്ദ്ര സർക്കാർ ഏറ്റവും അവസാനം പുതുക്കി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ സ്കൂളുകൾക്ക് ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ വേണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല. ഫുഡ് ബിസിനസ് ഓപ്പറേഷന്റെ ഭാഗമായി ഭക്ഷണം തയ്യാറാക്കി വിൽക്കുകയോ കാറ്റർ ചെയ്യുകയോ ചെയ്യുന്ന വ്യക്തിയോ വ്യക്തികളോ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവരാണ് ഭക്ഷ്യസുരക്ഷാ ലൈസൻസ് എടുക്കേണ്ടത്. 2011-ലെ ഫുഡ് സേഫ്റ്റി & സ്റ്റാന്റേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്) റെഗുലേഷൻ പ്രകാരം ഭക്ഷ്യസുരക്ഷാ

ലൈസൻസ്/രജിസ്ട്രേഷൻ എടുക്കണമെന്ന വിഷയംമൂലം ഇപ്പോൾ ഉച്ചഭക്ഷണ പദ്ധതി മുടങ്ങുന്ന സാഹചര്യമില്ല.

**അർഹമായ സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി**

13(*253) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾ, ആദിവാസികൾ, കർഷക തൊഴിലാളികൾ തുടങ്ങി ദുർബല ജനവിഭാഗങ്ങൾ താമസിക്കുന്ന മേഖലകളിൽ അംഗീകാരം ഇല്ലാതെ ദീർഘനാളുകളായി പ്രവർത്തിക്കുന്ന അർഹതയുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള സംസ്ഥാന സിലബസിൽ പ്രവർത്തിക്കുന്നതും, അംഗീകാരമില്ലാത്തതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി

22-05-2019-ലെ സ.ഉ.(എം.എസ്)നം. 45/2019/പൊ.വി.വ പ്രകാരവും, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും (NOC), അംഗീകാരവും നൽകുന്നതിനായി 01-03-2019-ലെ സ.ഉ.(എം.എസ്)നം. 22/2019/പൊ.വി.വ പ്രകാരവും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 22-11-2022-ലെ സ.ഉ(സാധാ) നം.7121/2022/പൊ.വി.വ പ്രകാരം അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധിയും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതും എല്ലാ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടെങ്കിൽ അംഗീകാരം നൽകുന്നതുമാണ്.

(ബി) സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് അപേക്ഷകൾ എല്ലാ വർഷവും സ്വീകരിക്കുമെന്ന സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എല്ലാ വർഷവും നിശ്ചിത തീയതിയിൽ അപേക്ഷകൾ സ്വീകരിച്ച് ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേന്ദ്ര വിദ്യാഭ്യാസ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അടിയന്തരമായി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ദേശീയ വിദ്യാഭ്യാസ അവകാശനിയമം 2009-ന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സിലബസിൽ പ്രവർത്തിക്കുന്നതും, അംഗീകാരമില്ലാത്തതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി 22-05-2019-ലെ സ.ഉ.(എം.എസ്)നം. 45/2019/പൊ.വി.വ പ്രകാരവും, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും (NOC), അംഗീകാരവും നൽകുന്നതിനായി 01-03-2019-ലെ സ.ഉ.(എം.എസ്) നം. 22/2019/പൊ.വി.വ പ്രകാരവും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതും എല്ലാ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടെങ്കിൽ അംഗീകാരം നൽകുന്നതുമാണ്.

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

14(*254) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസം പരിഷ്കരിക്കുന്നത് സംബന്ധിച്ച് ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നോ; അറിയിക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസ ഏകീകരണത്തിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുമായി ആറ് അംഗങ്ങളുള്ള ഒരു കോർ കമ്മിറ്റി 23-02-2022-ലെ സ.ഉ.(സാധാ)

നം.1030/2022 പൊവിവ സർക്കാർ ഉത്തരവുപ്രകാരം (അനുബന്ധം)+ രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയിൽ മാറ്റം വരുത്താൻ നിർദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയിൽ മാറ്റം വരുത്തുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**വിനോദസഞ്ചാര മേഖലയിലെ മാനവ വിഭവശേഷി വികസനം**

15(*255) **ശ്രീ. എം. രാജഗോപാലൻ:**
**ശ്രീ. ഒ. ആർ. കേളു:**
**ശ്രീ. എ. രാജ:**
**ശ്രീ. എം. മുകേഷ്:** താഴെകാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ മാനവ വിഭവശേഷി വികസനത്തിന്റെ പ്രാധാന്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ രംഗത്ത് ഗവേഷണവും പ്രാദേശിക പദ്ധതികളും ആവിഷ്കരിക്കുന്നതിന് പ്രത്യേക ഏജൻസികളെയോ സ്ഥാപനങ്ങളെയോ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(എ &ബി) കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് യാത്രകളെ അവിസ്മരണീയമായ അനുഭവമാക്കുവാൻ വിനോദസഞ്ചാര മേഖലയിലെ പരിശീലനം സിദ്ധിച്ച മാനവവിഭവശേഷി ഒരു അത്യന്താപേക്ഷിത ഘടകമാണ്. വിനോദസഞ്ചാര മേഖലയിൽ വിവിധതലങ്ങളിൽ പരിശീലനവും പ്രാവീണ്യവും ലഭിച്ച മാനവവിഭവശേഷി രൂപപ്പെടുത്തി എടുക്കുന്നതിന് ആവശ്യമായ ഗവേഷണങ്ങളും തൽഫലമായി

രൂപംകൊള്ളുന്ന ആശയങ്ങൾക്കനുസരിച്ച് പരിശീലനങ്ങളും പ്രാദേശിക പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

ടൂറിസം മേഖലയിലെ ഹോസ്പിറ്റാലിറ്റി രംഗത്ത് മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനും അതിഥി സൽക്കാരത്തിന്റെ വിവിധതലങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം ലഭ്യമാക്കുന്നതിനും കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), കണ്ണൂർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (KIHM), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (FCI), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കിറ്റ്സിന്റെ സബ്സിഡിയറി കേന്ദ്രങ്ങളായ തലശ്ശേരി, മലയാറ്റൂർ സെന്ററുകൾ, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി എന്നീ ഇൻസ്റ്റിറ്റ്യൂട്ടുകളും കേരളത്തിൽ വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ആവശ്യമായ പരിശീലനം നൽകി വരുന്നു.

കിറ്റ്സ് മുഖേന വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഏജൻസികൾക്കുവേണ്ടി ആവശ്യാനുസരണം ഗവേഷണ പ്രോജക്ടുകളും കൺസൽട്ടൻസി കൃത്യങ്ങളും നിർവ്വഹിച്ചുവരുന്നു. പ്രാദേശികതലത്തിൽ നിന്നുള്ള സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ഗവേഷണങ്ങൾ നടത്തി ഗവേഷണഫലം ലഭ്യമാക്കാറുണ്ട്. നിലവിൽ ഇക്കോടൂറിസം, ഹൈഡൽ ടൂറിസം, കെ.ടി.ഡി.സി., ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ തുടങ്ങിയ ഏജൻസികൾക്കും ആവശ്യമായ പ്രോജക്ടുകൾ കിറ്റ്സ് തയ്യാറാക്കി നൽകുന്നുണ്ട്. കിറ്റ്സിനെ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു അംഗീകൃത റിസർച്ച് സെന്ററാക്കുന്നതിനുള്ള നടപടികൾ ആരംഭ ഘട്ടത്തിലാണ്.

വിനോദസഞ്ചാര മേഖലയിലെ ഗൈഡുകൾക്കുള്ള പരിശീലനം, ഹോം സ്റ്റേ, സംരംഭകർക്കുള്ള പരിശീലനം എന്നിവയും കിറ്റ്സ് മുഖേന നടത്തിവരുന്നുണ്ട്.

വിവിധ ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും, സ്ത്രീകൾക്ക് വേണ്ടിയുള്ള ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും വിവിധ സർക്കാർ

വകുപ്പുകളുടെ ആവശ്യപ്രകാരം പ്രത്യേക പരിശീലന പരിപാടികളും ഗവേഷണ പരിപാടികളും വിനോദസഞ്ചാരവകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി നടത്തിവരുന്നുണ്ട്.

സാഹസിക വിനോദസഞ്ചാര മേഖലയിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കോഴിക്കോട് ഗോദീശ്വരത്ത് സർഫിംഗ് അക്കാദമിയും തുഷാരഗിരിയിൽ കയാക്കിംഗ് അക്കാദമിയും ആരംഭിച്ചിട്ടുണ്ട്.

(സി) ടൂറിസം സംരംഭകർക്ക് പരിസ്ഥിതിലോല മേഖലയിലെ സംരംഭങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനും നയിക്കുന്നതിനും പദ്ധതികൾ നിലവിലുണ്ടോ; അറിയിക്കുമോ?

ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ അനന്തരഫലമായി രൂപീകരിച്ച ടൂറിസം ഫെസിലിറ്റേഷൻ സെന്റർ വഴി ടൂറിസം സംരംഭകർക്ക് എല്ലാ മേഖലയിലുമുള്ള സംരംഭങ്ങളെക്കുറിച്ച് ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കിവരുന്നു.

(ഡി) വിനോദസഞ്ചാര മേഖലയിൽ തനതുവിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പരിശീലനവും സഹായവും നൽകുന്നതിന്

ച്ചുമതലപ്പെടുത്തിയ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിനോദസഞ്ചാര മേഖലയിൽ തനതുവിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പരിശീലനവും സഹായവും നൽകുന്നത് ഉത്തരവാദിത്ത ടൂറിസം മിഷനാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ അന്താരാഷ്ട്രതലത്തിലും തുടർച്ചയായി അംഗീകരിക്കപ്പെടുന്നുണ്ട്.

കേരളത്തിലെ തനത് ഭക്ഷ്യവിഭവങ്ങൾ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുന്നതിനായി 'എക്സ്പീരിയൻസ് എഥനിക് ക്യുസീൻ' എന്ന പേരിലുള്ള പദ്ധതിയിൽ വീടുകളിൽനിന്ന് പാചകരീതികൾ കണ്ടുപഠിക്കുന്നതിനും രുചി വൈവിധ്യങ്ങൾ ആസ്വദിക്കുന്നതിനുമുള്ള അവസരം ഒരുക്കുന്നു. തനത് ഭക്ഷ്യ വിഭവങ്ങൾ ഹോട്ടലുകളിലും റിസോർട്ടുകളിലും നല്കുന്നതിനായുള്ള പ്രത്യേക പ്രവർത്തനങ്ങളും ചില ടൂറിസം കേന്ദ്രങ്ങളിൽ നടന്നുവരുന്നു.

കേരളത്തിലെ തനത് കരകൗശല ഉൽപ്പന്നങ്ങൾ/സ്മരണികകൾ വിനോദസഞ്ചാര മേഖലയിലും ലഭ്യമാക്കുന്നതിനായി കേരള സുവനീർ നെറ്റ്‌വർക്ക് പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു.

കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൃഷിയിടങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനോടൊപ്പം ടൂറിസ്റ്റുകൾക്കും സന്ദർശകർക്കും പ്രസ്തുത ഫാമുകൾ സന്ദർശിച്ച് തനതുവിഭവങ്ങൾ വാങ്ങുന്നതിനും തനത് കാർഷിക പ്രവർത്തനങ്ങളുടെ ഭാഗമാകുന്നതിനും അവസരം ഒരുക്കി നൽകുന്നുണ്ട്. 'സ്ട്രീറ്റ്' പദ്ധതിയുടെ ഭാഗമായി വ്യത്യസ്ത സ്ട്രീറ്റുകൾ ഒരുക്കി ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. പ്രാദേശിക തനതുവിഭവങ്ങൾ ഉപയോഗപ്പെടുത്താൻ ഇത്തരം പദ്ധതികളിലൂടെ സാധ്യമാകുന്നുണ്ട്.

**കാരവാൻ ടൂറിസം**

16(*256) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ആന്റണി ജോൺ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കാരവാൻ ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

കോവിഡാനന്തരം, കേരളത്തിലെ ടൂറിസം മേഖലയിൽ ഒരു കുതിച്ചു ചാട്ടമുണ്ടാക്കുന്നതിനായി നടപ്പിലാക്കിയ നവീന പദ്ധതിയാണ് 'കാരവാൻ ടൂറിസം'. സുരക്ഷിത ടൂറിസം, നവീനമായ ടൂറിസം അനുഭവം എന്നിവ ലക്ഷ്യമാക്കിയാണ് കാരവാൻ ടൂറിസത്തിന് തുടക്കമിട്ടത്. പുരവഞ്ചികൾക്ക് ശേഷം ടൂറിസം വകുപ്പ് പുറത്തിറക്കിയ ഉല്പന്നമാണ് കാരവാൻ. കാരവാൻ പാർക്കുകൾ, ടൂറിസം കാരവാനുകൾ എന്നിങ്ങനെ രണ്ട് ഘടകങ്ങളാണ് പ്രധാനമായും കാരവാൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുന്നത്.

സംസ്ഥാനത്ത് ഇതിനകം 13 കാരവാനുകൾ വിനോദസഞ്ചാരികൾക്കായി സർവ്വീസ് തുടങ്ങുകയും വാഗമണിൽ ഒരു കാരവാൻ പാർക്ക് കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ്

ബേക്കലും, എറണാകുളത്ത് ബോൾഗാട്ടി പാലസ് ഹോട്ടലിലും കാരവാൻ പാർക്കുകൾ തുടങ്ങുന്നതിന് കെ.ടി.ഡി.സി.-ക്ക് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് പൊന്മുടിയിൽ കാരവാൻ പാർക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി) സംസ്ഥാനത്തെ ആദ്യത്തെ കാരവാൻ ടൂറിസം പദ്ധതി എവിടെയാണെന്നും പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും അറിയിക്കാമോ?**

വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ആദ്യമായി രജിസ്റ്റർ ചെയ്ത കാരവാൻ വാഹനം Adrack Engineers & Construction India Private Ltd-ന്റേതും ആദ്യമായി തുടങ്ങിയ കാരവാൻ പാർക്ക് സ്വകാര്യ മേഖലയിൽ Adrack ഗ്രൂപ്പിന്റെ വാഗമൺ കാരവാൻ മെഡോസും ആണ്.

**(സി) നിലവിൽ എത്ര കാരവാൻ ടൂറിസം പ്രോജക്ടുകൾ ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?**

സംസ്ഥാനത്ത് ഇതിനകം 13 കാരവാനുകൾ രജിസ്റ്റർ ചെയ്യുകയും വിനോദസഞ്ചാരികൾക്കായി സർവ്വീസ് തുടങ്ങുകയും ചെയ്തിട്ടുണ്ട്.

വാഗമണിൽ ഒരു കാരവാൻ പാർക്ക് സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാരവാൻ ടൂറിസത്തിന്റെ ഭാഗമായി 374 സംരംഭകർ കാരവാനുകൾ വാങ്ങുന്നതിനും 115 സംരംഭകർ പാർക്കുകൾ ആരംഭിക്കുന്നതിലേയ്ക്കുമായി വിനോദസഞ്ചാര വകുപ്പിന്റെ ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) കാരവാൻ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പ്രോജക്ട് ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് വകുപ്പ് ലഭ്യമാക്കുന്നത്; വിശദാംശം അറിയിക്കാമോ?

കാരവാൻ ടൂറിസം നയം അംഗീകരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 08-10-2021-ലെ സ.ഉ(കൈ)18/2021/TSM നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

നിലവിൽ കാരവാൻ വാങ്ങുന്ന ആദ്യ 100 സംരംഭകർക്ക് മുതൽ മുടക്കിന്റെ 15 ശതമാനം അല്ലെങ്കിൽ പരമാവധി 7.5 ലക്ഷം രൂപ ഏതാണോ കുറവ് ആയത് ഇൻവെസ്റ്റ്മെന്റ് സബ്സിഡി ആയി നൽകുന്നു. 101 മുതൽ 200 വരെയുള്ള സംരംഭകർക്ക് 5 ലക്ഷം അല്ലെങ്കിൽ മുടക്കുമുതലിന്റെ 10 ശതമാനം,

201 മുതൽ 300 വരെയുള്ളവർക്ക് 2.5 ലക്ഷം അല്ലെങ്കിൽ മുടക്കുമുതലിന്റെ 5 ശതമാനം ഏതാണോ കുറവ് ആയത് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്നു. കൂടാതെ 24-11-2022-ലെ സ.ഉ(പി) നം.34/2022/Trans ഉത്തരവുപ്രകാരം ടൂറിസം വകുപ്പുമായി കരാറിലേർപ്പെട്ടിരിക്കുന്ന കാരവാനുകൾക്ക് ത്രൈമാസ നികുതിയിൽ 50 ശതമാനം ഇളവ് മോട്ടോർ വാഹന വകുപ്പ് നൽകുന്നുണ്ട്.

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ**

17(*257) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

(ബി) അസംഘടിത മേഖലയിലെ ദിവസവേതന തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉണ്ട്. അസംഘടിത മേഖലയിലെ ദിവസവേതന തൊഴിലാളികൾക്കായി വിവിധ ക്ഷേമനിധി ബോർഡുകൾ വഴി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം-1+ ആയി ചേർക്കുന്നു. കൂടാതെ തൊഴിൽ വകുപ്പിനുകീഴിൽ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതിയും ഏതെങ്കിലും ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ ദിവസവേതന തൊഴിലാളികളുടെ നിർവ്വചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ പരിക്ക് പറ്റിയാൽ ധനസഹായം നൽകുന്നതിനായി 2007-08 വർഷം മുതൽ അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള 'ആശ്വാസ നിധി' പദ്ധതിയും നടപ്പിലാക്കിവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മരംകയറ്റ തൊഴിലാളികൾക്ക് എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

13-05-1980-ലെ സ.ഉ. (അച്ചടി) നം. 41/80/തൊഴിൽ പ്രകാരം നിലവിൽ വന്ന 1980-ലെ കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ വൈകല്യം സംഭവിക്കുന്ന മരം കയറ്റ തൊഴിലാളിയ്ക്ക് 50,000/- രൂപയും, തൊഴിലാളി മരണപ്പെടുന്ന പക്ഷം ആശ്രിതർക്ക് 1,00,000/- രൂപയും എക്സ്-ഗ്രേഷ്യാ ധനസഹായമായി നിലവിൽ അനുവദിച്ചുവരുന്നു.

20-01-2012-ലെ സ.ഉ. (അച്ചടി) നം.10/2012/തൊഴിൽ പ്രകാരം നിലവിൽ വന്ന 2012-ലെ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി പ്രകാരം എക്സ്-ഗ്രേഷ്യാ ധനസഹായം ലഭിച്ച തൊഴിലാളി/ആശ്രിതർക്ക് 'അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം പദ്ധതി'-ക്കായി സർക്കാർ വകയിരുത്തുന്ന തുകയിൽനിന്നും, സാമൂഹ്യക്ഷേമ പെൻഷന്റെ നിരക്കിൽ പ്രതിമാസം 1600/- രൂപ അവശതാ പെൻഷനായി അനുവദിക്കുന്നു.

(ഡി) അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രസവാനുകൂല്യ സഹായനിധി ഏകീകൃത സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ ക്ഷേമനിധി ബോർഡുകൾ/പദ്ധതികൾ നൽകുന്ന പ്രസവാനുകൂല്യങ്ങൾക്ക് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി അർഹതപ്പെട്ട കുറഞ്ഞ വേതനം ലഭിക്കുന്നതിനുംവേണ്ടി 27-03-2012-ലെ സ.ഉ.(കൈ)നം. 52/2012/തൊഴിൽ പ്രകാരം 2012-ലെ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടേയും പദ്ധതികളുടേയും കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട് ഏറ്റവും കുറഞ്ഞത് ഒരു വർഷക്കാലയളവെങ്കിലും പൂർത്തിയാക്കിയ സ്ത്രീ തൊഴിലാളികൾക്ക് രണ്ട് പ്രസവത്തിന് മാത്രം ടി ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. 'അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം പദ്ധതി'-യുടെ

കീഴിൽ 'അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ'ക്കായി തുക ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തുവരുന്നു. ക്ഷേമനിധി ബോർഡ് വിഹിതവും സർക്കാർ വിഹിതവും ഉൾപ്പെടെ പ്രസവാനുകൂല്യ ധനസഹായം 15,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പ്രസവാനുകൂല്യ ധനസഹായത്തിനനുസരിച്ച്, സർക്കാർ വിഹിതം മേൽ ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്ക് വിധേയമായി വിവിധ ബോർഡുകൾക്ക് പ്രതിപൂരണം ചെയ്തുവരികയും ചെയ്യുന്നു.

(ഇ) 2022-23-ൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നൽകിയ സഹായം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ?

തൊഴിൽ വകുപ്പ് മുഖേന 2022-23 സാമ്പത്തിക വർഷം അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം ധനസഹായം പദ്ധതിക്കായി വിവിധ ക്ഷേമനിധി ബോർഡുകൾക്ക് 5.75 കോടി രൂപ, മരംകയറ്റ തൊഴിലാളി ധനസഹായ പദ്ധതിക്കായി അപകടം സംഭവിച്ച 150 ഗുണഭോക്താക്കൾക്കും, മരണം സംഭവിച്ച 68 പേരുടെ ആശ്രിതർക്കുമായി

ആകെ 1,38,75,000/- രൂപ, കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതിക്കായി 1328 ഗുണഭോക്താക്കൾക്ക് 1,90,16,800/- രൂപ വിതരണം ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ വഴി 2022-23-ൽ വിതരണം ചെയ്ത തുക അനുബന്ധം-2+ ആയി ചേർത്തിരിക്കുന്നു.

**പട്ടയ വിതരണം**

18(*258) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. എം. മണി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ഉടമസ്ഥാവകാശം അർഹതയുള്ള എല്ലാവർക്കും ലഭ്യമാവുകയെന്ന ലക്ഷ്യം കൈവരിക്കാനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ്, സംസ്ഥാനത്തെ പട്ടയ പ്രശ്നങ്ങൾ പരിഹരിഹരിക്കുന്നതിനായി ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയം മിഷൻ. മലയോര മേഖല, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകി അർഹതപ്പെട്ടവർക്കെല്ലാം പട്ടയം നൽകുക എന്നതാണ് പട്ടയ മിഷന്റെ പ്രധാന ദൗത്യം.

ഇതോടൊപ്പം എല്ലാവരെയും ഭൂമിയുടെ ഉടമസ്ഥരാക്കുക എന്നതാണ് പട്ടയമിഷന്റെ ലക്ഷ്യം. മണ്ഡലങ്ങളിൽ എം.എൽ.എ.-മാർ ചെയർമാനായി മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും അംഗങ്ങളായ പട്ടയ അസംബ്ലി ഭൂരഹിതരായ പട്ടയത്തിനർഹരായവരെ കണ്ടെത്തി നിർദ്ദേശിക്കും. വില്ലേജുതല ജനകീയ സമിതിയും ഇതോടൊപ്പം പട്ടയ മിഷന്റെ വിവരശേഖരണ സമിതിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഓരോ നിയോജകമണ്ഡലത്തിലെയും പട്ടയമിഷന്റെ നോഡൽ

ഓഫീസറായി തഹസീൽദാരിൽ കുറയാത്ത ഓരോ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തഹസീൽദാർ ചെയർമാനായ താലൂക്കുതല ദൗത്യസംഘവും, കളക്ടർ ചെയർമാനായ ജില്ലാതല ദൗത്യസംഘവും, ലാൻഡ് റവന്യൂ കമ്മീഷണർ ചെയർമാനായ സംസ്ഥാനതല ദൗത്യസംഘവും പട്ടയമിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. വിവിധ വകുപ്പുകളുടെ കൈയ്യിലുള്ള ഭൂമിയുടെ കൈമാറ്റമുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ചീഫ് സെക്രട്ടറി ചെയർമാനും, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി 7 വകുപ്പുമേധാവികൾ അംഗങ്ങളായ സംസ്ഥാനതല നിരീക്ഷണ സമിതിയും നിലവിലുണ്ട്.

ജില്ലാ തലത്തിലുള്ള പരിഹരിക്കാനാവാത്ത മുഴുവൻ പ്രശ്നങ്ങളും പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തും. ഡാഷ് ബോർഡ് പുരോഗതി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പട്ടയമിഷൻ സെൽ സ്ഥിരമായി വിലയിരുത്തുന്നുണ്ട്. ഇതിനുപുറമേ 2023 നവംബറിൽ റവന്യൂ മന്ത്രിയും, 2024 ഡിസംബർ, ജനുവരി മാസങ്ങളിൽ പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ

കമ്മീഷണർ എന്നിവരും തുടർച്ചയായി പരിശോധിച്ചുവരുന്നു. ജില്ലകളിലെ പ്രശ്നങ്ങൾ എല്ലാ മാസവും കളക്ടർമാരും പരിശോധിക്കുന്നുണ്ട്. നിയമപരമായ പ്രശ്നങ്ങളും, പ്രത്യേക പ്രാധാന്യമുള്ള പ്രശ്നങ്ങളും സർക്കാർ ഉത്തരവുകളോ, ചട്ടഭേദഗതികളിലൂടേയോ പരിഹരിക്കാനും സർക്കാർ ശ്രമിക്കുന്നുണ്ട്. സമീപകാലത്തെ ഭൂപ്രശ്നങ്ങളുടെ പരിഹാരത്തിനാവശ്യമായ ഏറ്റവും വിപുലമായ പ്രസ്ഥാനമായി പട്ടയമിഷൻ മാറി.

വനഭൂമി പട്ടയവുമായി ബന്ധപ്പെട്ട്, 1993-ലെ കേരള ഭൂമി പതിവ് (1-1-1977-ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം സംയുക്ത പരിശോധനയും സർവ്വേ നടപടികളും പൂർത്തീകരിച്ച് സ്കെച്ച് തയ്യാറാക്കി പട്ടയം അനുവദിക്കുന്നതിന് അർഹരായവരുടെ വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുകയും കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 1,21,604 പേർക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. 2024 ജനുവരി മാസത്തിൽ എല്ലാ

ജില്ലകൾക്കും പട്ടയം വിതരണം നടത്തുന്നതിന് ടാർഗറ്റ് നല്കിയിട്ടുള്ളതും അനുപ്രകാരം 28,280-ഓളം പട്ടയങ്ങൾ (ലാൻഡ് ട്രൈബ്യൂണൽ ഉൾപ്പെടെ) നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു. നാലാംഘട്ട പട്ടയമേളയ്ക്കായി 28,280 പട്ടയങ്ങൾ (ലാൻഡ് ട്രൈബ്യൂണൽ ഉൾപ്പെടെ) തയ്യാറാക്കിയ 2024 ഫെബ്രുവരി 22-ൽ നടക്കുന്ന സംസ്ഥാന പട്ടയ മേളയിൽ നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) നിലവിൽ പട്ടയ വിതരണം ചെയ്യുന്നതിലെ തടസ്സങ്ങൾ മറികടക്കുന്നതിന് റവന്യൂ വകുപ്പ് രൂപം നൽകിയ പ്രത്യേക ഡാഷ്ബോർഡ് എത്രത്തോളം സഹായകരമായിരുന്നു; വിശദമാക്കാമോ?

പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനും, പരിഹരിക്കുന്നതിനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓൺലൈൻ പോർട്ടലായ പട്ടയം ഡാഷ്ബോർഡ് സഹായകരമാണ്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ പങ്കെടുത്ത പട്ടയം ഡാഷ് ബോർഡ് അദാലത്തുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം ആയത് പരിഹരിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകിവരുന്നു. സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) കെട്ടിക്കിടക്കുന്ന പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിന് വകുപ്പ് ആവിഷ്കരിച്ച സ്റ്റാന്റേർഡ് ഓപ്പറേഷൻ പ്രൊസീജിയറിനെക്കുറിച്ച് വ്യക്തമാക്കാമോ?

പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതും പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിയമപരമായ സംശയങ്ങൾ നിലനിൽക്കുന്നതുമായ വിവിധ കേസുകൾ പരിഹരിക്കുന്നതിനുള്ള

മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് തയ്യാറായിട്ടുള്ളതും ആയത് അന്തിമ നടപടിയിലുമാണ്. തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള "നിക്ഷിപ്ത ഭൂമികൾ, ആർജ്ജിത ഭൂമികൾ, കൈമാറി ലഭിച്ച ഭൂമികൾ എന്നിവയിലുൾപ്പെടുന്ന കുളം/തോട്/ആറ്/പുഴ/ചിറ/വഴി/റോഡ് പുറമ്പോക്കുകൾ, കോളനി പട്ടയങ്ങൾ" എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാറപ്പുറമ്പോക്ക്, കടൽപ്പുറമ്പോക്ക്, റെയിൽവേ സ്റ്റേഷനുകൾക്കുചേർന്നുള്ള സർക്കാർ ഭൂമി, എയ്റോഡ്രോമുകൾക്ക് സമീപമുള്ള സർക്കാർ ഭൂമി എന്നിവ സംബന്ധിച്ച പ്രശ്നപരിഹാര നിർദ്ദേശങ്ങളും പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി**

19(*259) <u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങി ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കും സംരക്ഷണത്തിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് (ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾ ഉൾപ്പെടെ) സംസ്ഥാന പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകിവരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ബുക്ക് & സ്റ്റേഷനറി അലവൻസ് (1500/- രൂപ പ്രതിവർഷം), മെഡിക്കൽ കെയർ & ഹെൽത്ത് സപ്പോർട്ട് അലവൻസ് (2500/- രൂപ പ്രതിവർഷം), അലവൻസ് ടു പർച്ചേയ്സ് ബ്രെയ്‌ലി ലേണിംഗ് മെറ്റീരിയൽസ് (പ്രതിവർഷം 2500/- രൂപ 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കും 4500/- രൂപ 6 മുതൽ 8 വരെ

ക്ലാസ്സുകളിലെ കുട്ടികൾക്കും), സ്പെഷ്യൽ അലവൻസ് ടു ബെഡ് റിഡൻ സ്റ്റുഡന്റ്സ് (2500/- രൂപ പ്രതിവർഷം) എന്നീ ഇനങ്ങളിലായാണ് തുക അനുവദിച്ചുവരുന്നത്. ഇതിൽ അലവൻസ് ടു പർച്ചേയ്സ് ബ്രെയ്‌ലി ലേണിംഗ് മെറ്റീരിയൽസ് കാഴ്ചവൈകല്യമുള്ള കുട്ടികൾക്ക് മാത്രമായും സ്പെഷ്യൽ അലവൻസ് ടു ബെഡ് റിഡൻ സ്റ്റുഡന്റ്സ് കിടപ്പിലായ കുട്ടികൾക്ക് മാത്രമായും നിജപ്പെടുത്തിയിരുന്നു. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം 40 ശതമാനമോ അതിലധികമോ വൈകല്യമുള്ള -ശ്രുവണവൈകല്യം, കാഴ്ചവൈകല്യം, അസ്ഥിസംബന്ധമായ വൈകല്യം, ഓട്ടിസം, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ എന്നീ വിഭാഗം വിദ്യാർത്ഥികൾക്കാണ് സാമ്പത്തിക സഹായത്തിന് അർഹതയുള്ളത്. ഒരു കുട്ടിക്ക് പ്രതിവർഷം 4,000/- രൂപയിൽ കുറയാതെയുള്ള തുക ഈ പദ്ധതി പ്രകാരം ലഭ്യമാകുന്നുണ്ട്. വർദ്ധിച്ചുവരുന്ന ജീവിത ചെലവുകളുടെ സാഹചര്യത്തിൽ ഈ തുക ഇത്തരത്തിലുള്ള കുട്ടികൾക്ക് സഹായകമാകുന്നുണ്ട്.

2022-23 വർഷം മുതൽ നടപ്പിലാക്കിയ ഒരു പുതിയ പദ്ധതിയാണ് 'മോഡൽ ഇൻക്ലൂസീവ് സ്കൂൾ' എന്ന പദ്ധതി. ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾച്ചേരൽ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനാവശ്യമായ പിന്തുണ പൊതുവിദ്യാലയങ്ങളിലൂടെ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഈ പദ്ധതിയിലൂടെ ഇത്തരം കുട്ടികൾക്ക് ആവശ്യമായ തെറാപ്പി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും രക്ഷകർത്താക്കൾക്കും ഇത്തരം കുട്ടികളുടെ സഹപാഠികൾക്കും അവബോധം നൽകുന്നതിനും സാധ്യമാകുന്നു. ഒരു ജില്ലയിലെ 6 സ്കൂൾ എന്ന കണക്കിൽ സംസ്ഥാനത്തൊട്ടാകെ 84 സ്കൂളുകൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം പ്രത്യക്ഷത്തിൽ ലഭ്യമാകുന്നതെങ്കിലും പ്രാന്തപ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികൾക്കുകൂടി എത്തിച്ചേരാൻ കഴിയുന്ന സ്കൂളുകളെയാണ് ഈ പദ്ധതിക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത് എന്നതിനാൽ കൂടുതൽ സ്കൂളുകൾക്കും കുട്ടികൾക്കും ഈ പദ്ധതി പ്രയോജനകരമാണ്.

ബാരിയർഫ്രീ ക്ലാസ്സ്റൂം അറേഞ്ച്മെന്റ്, ഫർണിച്ചർ, ഫിക്സ്ചേഴ്സ്, മെഡിക്കൽ ചെക്ക്-അപ്പ്, ഇൻഡിവിഡ്വൽ കെയർ പ്ലാൻ & റെക്കോർഡ്സ്, ടീച്ചിംഗ് ലേണിംഗ് എയ്ഡ്സ്, ബോധവൽക്കരണ-ശാക്തീകരണ പരിപാടികൾ, മ്യൂസിക്കൽ/ സ്പോർട്സ്/ ആർട്സ്/ക്രാഫ്റ്റ് ഐറ്റംസ്, സെൽഫ് ഡിഫൻസ് & എക്സ്പോഷർ ട്രിപ്, വാട്ടർ പ്യൂരിഫയർ, തെറാപ്പി ഉപകരണങ്ങൾ, ഡോക്യുമെന്റേഷൻ എന്നിവയ്ക്കായിട്ടാണ് ടി തുക ചെലവഴിക്കേണ്ടത് എന്ന നിർദ്ദേശവും നൽകിയിരുന്നു. ഈ പദ്ധതിയിലൂടെ ഇത്തരം കുട്ടികൾക്ക് ഇൻഡിവിഡ്വൽ കെയറിംഗും പൊതുവിദ്യാഭ്യാസത്തിലൂടെ ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്.

സംസ്ഥാനത്ത് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്നതും എൻ.ജി.ഒ.-കൾ, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവ നടത്തുന്നതുമായ സ്പെഷ്യൽ സ്കൂളുകൾക്ക് പ്ലാൻ ഫണ്ടിൽനിന്നും സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു.

2019 മുതൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സ്പെഷ്യൽ സ്കൂൾ പാക്കേജ് നടപ്പിലാക്കുകയും സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ

പ്രകാരം സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ, കുട്ടികളുടെ എണ്ണം, നിശ്ചിത യോഗ്യതയുള്ള ജീവനക്കാർ, സ്കൂളുകൾ നൽകുന്ന സേവനങ്ങൾ എന്നിവ പരിഗണിച്ച് സ്കൂളുകളെ എ, ബി, സി, ഡി ഗ്രേഡുകൾ തിരിച്ച് സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുന്നു. 10-05-2023-ലെ (കൈ)56/2023/പൊവിവ സർക്കാർ ഉത്തരവുപ്രകാരം സ്പെഷ്യൽ സ്കൂളുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്കുള്ള ഓണറേറിയം, കുട്ടികൾക്കുള്ള കണ്ടിജൻസി, മെഡിക്കൽ ചെക്കപ്പ് നടത്തുന്നതിന്, യൂണിഫോം അലവൻസ്, തെറാപ്പി ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവയ്ക്കായി തുക അനുവദിക്കുന്നു. ഇതിലൂടെ കുട്ടികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നു.

സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രകാരം ധനസഹായം നൽകുന്ന എൻ.ജി.ഒ.-കൾ, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവ നടത്തുന്ന സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങളും വിലയിരുത്തുന്നു. സ്പെഷ്യൽ എഡ്യൂക്കേഷനിൽ യോഗ്യത നേടിയ അധ്യാപകർ, കുട്ടികൾക്കാവശ്യമായ തെറാപ്പി, കലാ-

കായിക വിഷയങ്ങൾ, നേഴ്സ്, ആയ എന്നിവരുടെ സേവനവും സ്പെഷ്യൽ സ്കൂൾ പാക്കേജ് മുഖേന സ്പെഷ്യൽ സ്കൂളുകളിൽ ലഭ്യമാക്കുന്നുണ്ട്.

ഓട്ടിസം എന്ന അവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനായി സമഗ്ര ശിക്ഷ കേരള-യ്ക്ക് കീഴിൽ സംസ്ഥാനത്ത് 169 ഓട്ടിസം സെന്ററുകൾ നിലവിലുണ്ട്. ഇത്തരം സെന്ററുകളിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് 'ഓട്ടിസം എന്ന അവസ്ഥയുള്ള കുട്ടികളുടെ വിദ്യാഭ്യാസം' എന്ന മേഖലയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) എന്ന സ്ഥാപനത്തിൽ വെച്ച് ത്രിദിന റസിഡൻഷ്യൽ പരിശീലനം നൽകുകയുണ്ടായി.

ഓട്ടിസം എന്ന അവസ്ഥയുള്ള കുട്ടികളിൽ വിവിധ നൈപുണികൾ വളർത്തിയെടുക്കുന്നതിനുവേണ്ടി പ്രത്യേക പരിശീലന സാമഗ്രികൾ തയ്യാറാക്കുന്നതിനുള്ള ഗവേഷണം കണ്ണൂർ യൂണിവേഴ്സിറ്റിയും എസ്.സി.ഇ.ആർ.ടി.-യും സംയുക്തമായി ചെയ്തുവരുന്നു. 2024 ജൂൺ

അവസാനവാരത്തോടെ ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഓട്ടിസം എന്ന അവസ്ഥയുള്ള കുട്ടികളിൽ സാമൂഹിക നൈപുണി, ജീവിത നൈപുണി, എന്നിവ വളർത്തിയെടുക്കുന്നതിന് പ്രത്യേക രീതി ശാസ്ത്രം വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. 2024 ഓഗസ്റ്റ് മാസത്തോടെ ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കഴിഞ്ഞ അവധിക്കാല അദ്ധ്യാപക പരിശീലനത്തിൽ പൊതു വിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകർക്കും ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട് പരിശീലനം നൽകുകയുണ്ടായി.

ഓട്ടിസം, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ എന്നിവരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 2023 ഒക്ടോബർ 26-ന് ദേശീയ വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യയിലെ വിവിധ നാഷണൽ

ഇൻസ്റ്റിറ്റ്യൂട്ടുകളിലെ വിദഗ്ധരുൾപ്പെടെ ഈ മേഖലയിൽ നിന്നുള്ള വിദഗ്ധർ കോൺക്ലേവിൽ പങ്കെടുക്കുകയുണ്ടായി. ദേശീയ വിദ്യാഭ്യാസ കോൺക്ലേവിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിനായി 'പ്രത്യേക പാഠ്യ പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ' എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

(ബി) സംയോജിത വിദ്യാഭ്യാസ പദ്ധതിയിൽ ഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കേണ്ടത് എപ്രകാരമാണെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ക്ലാസ്സിലെ മറ്റു കുട്ടികളോടൊപ്പം ഇരുത്തി പഠിപ്പിക്കാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇതിനുപുറമെ ഇത്തരം കുട്ടികൾക്ക് ആവശ്യമായ തെറാപ്പി സൗകര്യങ്ങൾ, സ്പെഷ്യൽ കെയറിംഗ് എന്നിവ ലഭ്യമാക്കുന്നതിനും (സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനം, മാനസിക പിന്തുണ, മെഡിക്കൽ ചെക്ക്-അപ്പ് തുടങ്ങിയവ) ശ്രദ്ധ ചെലുത്തുന്നുണ്ട്.

വിദ്യാലയതല പ്രവർത്തനങ്ങളിൽ അവസരതുല്യത നൽകുകയും ഭിന്നശേഷി കുട്ടിയുടെ അവസ്ഥയ്ക്ക് അനുസരിച്ച് ആവശ്യമായ വിഭവ പിന്തുണ നൽകുകയും കുട്ടിയുടെ പ്രത്യേകതകൾ അനുസരിച്ച് അനുയോജ്യമായ രീതിയിൽ പഠിക്കാൻ അവസരം നൽകുകയും ചെയ്യേണ്ടതുണ്ട്.

ഒരു ഭിന്നശേഷി കുട്ടിക്ക് തന്റെ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പരിഗണനന ലഭിക്കുന്ന അന്തരീക്ഷത്തിലാണ് വിദ്യാഭ്യാസം ലഭിക്കേണ്ടത്. ഉൾച്ചേർന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൽ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾ പങ്കുവയ്ക്കലിന്റേയും പങ്കാളിത്തത്തിന്റേയും മൂല്യങ്ങൾ ഉൾക്കൊള്ളുകയും  സമൂഹത്തിൽ ആത്മവിശ്വാസത്തോടെ ഇടപെടലുകൾ നടത്തുവാൻ പ്രാപ്തി നേടുകയും ചെയ്യേണ്ടതാണ്.

ഓരോ ഭിന്നശേഷി കുട്ടിയും ശാരീരിക ശേഷി, മാനസിക ശേഷി, ആരോഗ്യം, പഠനത്തോടുള്ള താൽപര്യം, ആത്മവിശ്വാസം, സ്വയംബോധം എന്നിവയിൽ വ്യത്യസ്തരാണ്. ഓരോ കുട്ടിക്കും തന്റേതായ പഠന ശൈലിയും പഠന വേഗതയും ഉണ്ട്. തന്റെ അനുഭവങ്ങളോടും പരിസ്ഥിതിയോടും ഓരോ കുട്ടിയും പ്രതികരിക്കുന്നത് വ്യത്യസ്ത രീതിയിലാണ്. ഭിന്നശേഷി

വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ വ്യത്യസ്ത അവസ്ഥകളും കഴിവുകളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്നുള്ളതാണ് ഉൾച്ചേരലിന്റെ അടിസ്ഥാന തത്വശാസ്ത്രം.

ഉൾച്ചേരൽ സമ്പ്രദായത്തിൽ എല്ലാ കുട്ടികളും ഒരുമിച്ച് പഠിക്കുകയും പരിമിതികളേക്കാൾ കുട്ടിയുടെ കഴിവുകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. പരസ്പര ബഹുമാനവും പങ്കാളിത്ത മനോഭാവവും സഹാനുഭൂതിയും വളർത്തിയെടുക്കുന്നതിന് ഉൾച്ചേർന്ന വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ സാധിക്കേണ്ടതുണ്ട്.

ഓരോ കുട്ടിയെയും പരിഗണിക്കുകയും അംഗീകരിക്കുകയും ബഹുമാനിക്കുകയും വിവേചനരഹിതമായി പെരുമാറുകയും അതോടൊപ്പം തന്നെ അവസരതുല്യതയും അനുയോജ്യമായ വിദ്യാഭ്യാസവും ഉറപ്പുവരുത്തുകയും ചെയ്യുക എന്നുള്ളതാണ് ഉൾച്ചേർന്ന വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത്.

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ (ആർ.പി.ഡബ്ല്യൂ.ഡി) ആക്ട് 2016 പ്രകാരം ഉൾച്ചേർന്ന വിദ്യാഭ്യാസം എന്നത് 'ഭിന്നശേഷിക്കാരായ കുട്ടികളും മറ്റു കുട്ടികളും ഒരുമിച്ച് പഠിക്കുന്നതും, വിവിധ ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്ക് ഉതകുന്ന പഠനാവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിലുള്ള 'അദ്ധ്യാപന പഠന സമ്പ്രദായം' എന്നതാണ്. RPWD ACT, 2016 പ്രകാരം 21 ഭിന്നശേഷി വിഭാഗങ്ങളുണ്ട്.

സംയോജിത വിദ്യാഭ്യാസ സമ്പ്രദായത്തിൽ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടിയുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നാമമാത്രമായ പരിഗണനകൾ/മാറ്റങ്ങൾ/ സൗകര്യങ്ങൾ നൽകി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നൽകുന്നു. അധ്യാപകർ പാഠഭാഗങ്ങളിലോ, അധ്യാപനരീതിയിലോ, പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിലോ, മൂല്യ നിർണയത്തിലോ യാതൊരു മാറ്റവും വരുത്താതെ എല്ലാവർക്കും തുല്യപരിഗണനയും തുല്യഅവസരങ്ങളും നൽകുന്നു. സംയോജിത വിദ്യാഭ്യാസ സമ്പ്രദായത്തിൽ പൊതുവിദ്യാലയ അന്തരീക്ഷവും വിദ്യാലയതല പ്രവർത്തനങ്ങളും സ്വയം അനുരൂപീകരിച്ചെടുക്കേണ്ടത്

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടിയുടെ ഉത്തരവാദിത്വമായി കണക്കാക്കപ്പെട്ടിരുന്നു.

എന്നാൽ ഉൾച്ചേർന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൽ അദ്ധ്യാപകർ പ്രത്യേക പരിഗണന അർഹിക്കുന്ന ഓരോ കുട്ടിയെയും വ്യക്തിഗതമായി തന്നെ പരിഗണിക്കുന്നു. ഓരോ കുട്ടിയുടെയും പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് പാഠഭാഗം, അദ്ധ്യാപനരീതി, പഠനോപകരണങ്ങളുടെ ഉപയോഗം, മൂല്യനിർണ്ണയം എന്നിവയിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുന്നു. തുല്യഅവസരങ്ങൾ നൽകുന്നതിന് പകരം അവസരതുല്യത ഉറപ്പാക്കുന്നതിന് കുട്ടിയുടെ അവസ്ഥ പരിഗണിച്ചുകൊണ്ട് കൂടുതൽ അവസരങ്ങൾ അനുയോജ്യമായ മാറ്റങ്ങളോടെ നൽകുന്നു. ഓരോ കുട്ടിയെയും കുട്ടിയുടെ പ്രത്യേകതകൾക്കനുസരിച്ച് അനുയോജ്യമായ രീതിയിലൂടെ നിരന്തരമായ വിലയിരുത്തലിന് വിധേയരാക്കുന്നു.

(സി) ഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നത്; വിശദമാക്കാമോ?

ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ 10-05-2023-ലെ (കൈ)56/2023/പൊവിവ സർക്കാർ ഉത്തരവുപ്രകാരം നിശ്ചിത യോഗ്യതയുള്ള ജീവനക്കാർക്കുള്ള ഓണറേറിയം, കുട്ടികൾക്കുള്ള കണ്ടിജൻസി, മെഡിക്കൽ ചെക്കപ്പ് നടത്തുന്നതിന്, യൂണിഫോം അലവൻസ്, തെറാപ്പി ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവയ്ക്കായി തുക അനുവദിക്കുന്നു. അന്ധ-ബധിര വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റും അനുവദിച്ച് നൽകുന്നു.

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

16-08-2022-ലെ സ.ഉ. (സാധാ.)നം.4824/2022/ പൊ.വി.വ. ഉത്തരവുപ്രകാരം സ്പെഷ്യൽ സ്കൂൾ പാക്കേജുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ പുന:പരിശോധിച്ച് നിബന്ധനകൾ പുതുക്കി നിശ്ചയിക്കുന്നതിനായി 5 അംഗ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10-05-2023-ലെ

സ.ഉ(കൈ)നം.56/2023/പൊ.വി.വ പ്രകാരം സ്പെഷ്യൽ സ്കൂളുകൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ദേശീയപാത വികസനം**

20(*260) ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റോഡ് ഗതാഗതത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരേണ്ട സാഹചര്യം പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; അറിയിക്കുമോ?

റോഡ് ഗതാഗതത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പൊതുമരാമത്ത് വകുപ്പ് മുന്നോട്ടുപോകുന്നത്. റോഡുകൾ ഡിസൈൻ ചെയ്ത് ഗുണനിലവാരം ഉറപ്പുവരുത്തി നിർമ്മിക്കുക എന്നതാണ് പൊതുമരാമത്ത് വകുപ്പിന്റെ ലക്ഷ്യം. തടസ്സമില്ലാത്ത റോഡ്

ശൃംഖല കെട്ടിപ്പടുക്കേണ്ടത് സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് ഗുണകരമാകുമെന്നാണ് വിലയിരുത്തൽ. കൂടുതൽ ഈടുനിൽക്കുന്ന റോഡ് നിർമ്മാണ രീതികൾ അവലംബിക്കുന്നത് ഈ പശ്ചാത്തലത്തിൽ ആണ്.

ബി.എം. & ബി.സി. പോലുള്ള നവീന രീതികൾ ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ ആണ് റോഡുകൾ നിർമ്മിക്കുന്നത്. നവീന സാങ്കേതിക വിദ്യകളായ ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചിട്ടുള്ള കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി, ഫുൾ ഡെപ്ത് റിക്ലമേഷൻ തുടങ്ങിയവയ്ക്ക് പുറമേ പരിസ്ഥിതി സൗഹാർദ്ദം മുൻനിർത്തി സ്വാഭാവിക റബ്ബർ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവയും നിർമ്മാണത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

കാലാവസ്ഥയെ അതിജീവിക്കുന്ന തരത്തിൽ റോഡ് നിർമ്മാണ രീതികൾ ഉപയോഗിക്കാനാണ് പദ്ധതികൾ തയ്യാറാക്കുന്നത്.

(ബി) എങ്കിൽ ഇതിന്റെ ആദ്യപടി എന്ന നിലയിൽ ദേശീയപാത 66-ന്റെ തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം സിഗ്നൽരഹിത

റോഡായി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

തലപ്പാടി മുതൽ ഇടപ്പള്ളി വരെയുള്ള ദേശീയപാത-66 ആറ് വരിയായി വീതികൂട്ടൽ 14 സ്ട്രെച്ചുകളിലായി പുരോഗമിക്കുന്നു. സിഗ്നൽ ജംഗ്ഷനുകൾക്ക് പകരം VUP, VOP, ഫ്ലൈ ഓവർ തുടങ്ങിയ ഗ്രേഡ് സെപ്പറേറ്ററുകൾ സ്ഥാപിച്ചിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

മാഹിയിലും ഇടപ്പള്ളി മുതൽ അരൂർ വരെയും നിലവിൽ ചില സിഗ്നൽ ജംഗ്ഷനുകളുണ്ട്. ഈ ഭാഗത്ത് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കൽ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതോടെ സിഗ്നൽ ജംഗ്ഷനുകൾ ഒഴിവാക്കാനാകും.

അരൂർ മുതൽ കഴക്കൂട്ടം വരെയുള്ള ആറ് സ്ട്രെച്ചുകളിൽ സിഗ്നൽ ജംഗ്ഷനുകൾ ഗ്രേഡ് സെപ്പറേറ്ററുകൾ ഉപയോഗിച്ച് സിഗ്നൽരഹിതമാക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) ദേശീയപാത-66-ന്റെ ഇരുഭാഗത്തേയ്ക്കുമുള്ള ഗതാഗതം അപകടരഹിതമാക്കുന്നതിന് ഉപയോഗിച്ചിട്ടുള്ള ന്യൂ ജേഴ്സി ബാരിയറിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്ത് ദേശീയപാത വികസനം 45 മീറ്റർ ROW-ലാണ് നടപ്പിലാക്കുന്നത്. ആയതിനാൽ ഇരുവശത്തും സർവ്വീസ് റോഡുകൾ നൽകിയശേഷം 2 മീറ്ററിൽ കൂടുതൽ മീഡിയൻ നിർമ്മിക്കുന്നതിന് സാധിക്കില്ല. ആയതിനാൽ, ഐ.ആർ.സി. മാനദണ്ഡങ്ങൾക്ക് അനുസൃതമായി, ദേശീയപാതയിലൂടെ സഞ്ചരിക്കുന്ന റോഡ് ഉപയോക്താക്കളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ന്യൂ ജേഴ്സി ക്രാഷ് ബാരിയറുകൾ നിർമ്മിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ഡി) സർവ്വീസ് റോഡിൽനിന്ന് ദേശീയപാത-66-ലേയ്ക്കും തിരിച്ചും വാഹനങ്ങൾക്ക് കടക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

മെയിൻ ക്യാരേജ് വേയ്ക്കും സർവ്വീസ് റോഡിനും ഇടയിൽ വാഹനങ്ങളുടെ സുരക്ഷിതമായ സഞ്ചാരം ഉറപ്പാക്കാൻ റോഡ് മാർക്കിംഗ്, സൈൻ ബോർഡുകൾ തുടങ്ങിയ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ഇ) ദേശീയപാതയുടെ വികസനത്തോടൊപ്പം നിർമ്മിക്കുന്ന സർവ്വീസ് റോഡുകൾ മികച്ച നിലവാരത്തിൽ പരിപാലിക്കുന്നതിന് ദേശീയപാത അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ദേശീയപാതയുടെ വികസനത്തോടൊപ്പം നിർമ്മിക്കുന്ന സർവ്വീസ് റോഡുകളുടെ അറ്റകുറ്റപ്പണികൾ അതിന്റെ കരാറുകാരൻ/കൺസഷണയർ മുഖേന ദേശീയപാത അതോറിറ്റി നടപ്പാക്കുന്നതാണ്.

**കൈറ്റ്-ന്റെ പ്രവർത്തന മേഖലകൾ**

21(*261) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
ശ്രീ. കെ. വി. സുമേഷ്
ശ്രീ. എം. എസ്. അരുൺ കുമാർ
ശ്രീ. കെ. ബാബു (നെന്മാറ) താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) -ന്റെ പ്രവർത്തന മേഖലകൾ വിശദമാക്കാമോ?

കേരള സംസ്ഥാന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തി സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമായി മാറ്റുന്നതിന് അനുയോജ്യവും സുസ്ഥിരവും സമന്വയിപ്പിച്ചതും (inclusive) സാങ്കേതികവിദ്യാ സഹായത്തോടെയുള്ളതുമായ ഇടപെടലുകൾ നടത്തുക എന്ന ദർശനത്തോടെയും സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്രതലത്തിലേയ്ക്ക് ഉയർത്തുന്നതിന് അനുയോജ്യമായ ഭൗതികസൗകര്യങ്ങൾ, വിഭവങ്ങൾ, പാഠ്യപദ്ധതി, ബോധന തന്ത്രങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്തുക, വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഐ.സി.ടി. രംഗത്തെ പ്രയതശേഷി മെച്ചപ്പെടുത്തൽ, ഉള്ളടക്ക വികസനം, ഇ-ലേണിംഗ്, ബ്രോഡ്കാസ്റ്റിംഗ് സൗകര്യങ്ങൾ ഒരുക്കൽ, മറ്റ് അനുബന്ധ

പ്രവർത്തനങ്ങൾ. വിദ്യാഭ്യാസ മേഖലയിൽ വിഭവനിർമ്മാണം, പരിശീലനം, ഇ-ലേണിംഗ് സംവിധാനങ്ങൾ, സംപ്രേഷണ സൗകര്യങ്ങൾ തുടങ്ങിയവയുടെ പ്രയോജനം ഉറപ്പുവരുത്തുക, വിദ്യാഭ്യാസ വകുപ്പിന് അനുയോജ്യവും സ്ഥായിയായതുമായ ഇ-ഗവേണൻസ് പ്രവർത്തനങ്ങളും അതിനാവശ്യമായ കണക്ടിവിറ്റി, സഹായസംവിധാനം തുടങ്ങിയവ ലഭ്യമാക്കുക, ഐ.സി.ടി.-യിലൂടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ സർക്കാരിനും സ്വകാര്യമേഖലയ്ക്കും നിർണ്ണായക നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുക എന്നീ ദൗത്യങ്ങളോടെയും 2017 ജൂലൈ 20-ന് രൂപീകൃതമായ സർക്കാർ കമ്പനിയാണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്).

ഫലപ്രദമായ ക്ലാസ് റൂം വിനിമയത്തിനുതകുംവിധം ഐ.സി.ടി. പരിശീലനം നൽകി എല്ലാ അദ്ധ്യാപകരേയും ശാക്തീകരിക്കുക, കേരളത്തിൽ ആദ്യമായി ഔദ്യോഗികമായി അധ്യാപകർക്കുവേണ്ടി ആരംഭിച്ച MOOC (Massive Open Online Course) നടപ്പിലാക്കുക, ആനിമേഷൻ, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, IoT, 3 ഡി

മോഡലിംഗ് എന്നിങ്ങനെ വിവിധ മേഖലകളിലെ വിദ്യാർത്ഥികൾക്ക് 'ലിറ്റിൽ കൈറ്റ്സ്' ഐ.സി.ടി. ക്ലബ്ബുകൾ വഴി പരിശീലനം നൽകുക, പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും ഹൈടെക് ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുക, ഡിജിറ്റൽ റിസോഴ്സ് പോർട്ടൽ 'സമഗ്ര' തയ്യാറാക്കി ഐ.സി.ടി. പഠന അന്തരീക്ഷം സുഗമമാക്കുക, ഡിജിറ്റൽ ഉള്ളടക്കവും വിഭവങ്ങളും ഉൾക്കൊള്ളുന്ന FOSS (Free & Open Source Software) അടിസ്ഥാനമാക്കിയുള്ള കൈറ്റ്/ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം വികസിപ്പിച്ച് വിന്യസിക്കൽ, 24/7 മണിക്കൂർ സമയവും KITE VICTORS വിദ്യാഭ്യാസ ചാനലിന്റെ പ്രവർത്തനം, എല്ലാ ജില്ലാ കേന്ദ്രങ്ങളെയും ഡിജിറ്റൽ ക്ലാസ്സുകളുടെ ഉല്പാദന കേന്ദ്രങ്ങളായി ശാക്തീകരിക്കുക, സ്കൂൾ വിക്കി പോർട്ടലിലൂടെ എല്ലാവരും ചേർന്നുള്ള ഉള്ളടക്കം സൃഷ്ടിക്കലിനും (Collaborative content creation) പഠനത്തിനും സൗകര്യമൊരുക്കുക, പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഇ-ഗവേണൻസിനായുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക, കലോത്സവം തുടങ്ങി വിദ്യാഭ്യാസ

വകുപ്പിലെ എല്ലാ ഫെസ്റ്റുകൾക്കുമായുള്ള ഓൺലൈൻ സോഫ്റ്റ്‌വെയർ വികസനവും പരിപാലനവും, ഐ.സി.ടി., സൈബർ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾക്കായി കാലികമായ ശിപാർശകൾ നൽകുക എന്നിവ കൈറ്റ് ചെയ്യുന്നുണ്ട്. കൂടാതെ, അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി ഓരോ അസംബ്ലി മണ്ഡലത്തിലേയും തെരഞ്ഞെടുത്ത ഓരോ സ്കൂളുകളെ 5 കോടി രൂപവീതം ചെലവഴിച്ച് 'സെന്റർ ഫോർ എക്സലൻസ്' ആക്കുന്നതിന്റേയും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 കോടി രൂപ വീതം ചെലവഴിക്കുന്ന പദ്ധതിയുടേയും എസ്.പി.വി. ആയി പ്രവർത്തിക്കുന്നതും കൈറ്റാണ്.

(ബി) അദ്ധ്യാപകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് കൈറ്റ്-ന്റെ സംഭാവനകൾ വിശദമാക്കാമോ?

അദ്ധ്യാപകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും നൽകുന്നുണ്ട്. ഐ.സി.ടി./ഐ.ടി. അധിഷ്ഠിത പഠനത്തിനായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ (ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ)

പ്രത്യേക അദ്ധ്യാപകരെ നിയോഗിക്കാതെ കൈറ്റിന്റെ (മുൻ ഐ.ടി. @ സ്കൂൾ പ്രോജക്ട്) നേതൃത്വത്തിൽ നിലവിലുള്ള അദ്ധ്യാപകർക്ക് നിരന്തര പരിശീലനം നൽകിക്കൊണ്ടാണ് അത് നടപ്പിലാക്കുന്നത്. ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പരിശീലനങ്ങൾ സംസ്ഥാനത്തെ എല്ലാ അദ്ധ്യാപകർക്കും നൽകിയിട്ടുണ്ട്. ആവശ്യമായ തുടർപരിശീലനങ്ങളും ക്രമീകരിക്കുന്നതാണ്. ഹൈടെക് പദ്ധതികൾ നടപ്പിലാക്കുന്ന പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി - വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ അദ്ധ്യാപകർക്ക് പ്രത്യേക ഐ.സി.ടി. പരിശീലനം നൽകി.

(സി) കൈറ്റ് വികസിപ്പിച്ച ഓപ്പൺ ലേണിംഗ് പ്ലാറ്റ്ഫോം അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നൈപുണ്യശേഷി വികസനത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്കൂൾ അദ്ധ്യാപകർക്കുവേണ്ടി MOOC (Massive Open Online Course) മാതൃകയിൽ കൈറ്റ് ഒരുക്കിയ ഓൺലൈൻ പരിശീലന സംവിധാനമാണ് KOOL (KITE's Open Online Learning). അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെടുത്താതെ ഇഷ്ടമുള്ള കോഴ്സ് തെരഞ്ഞെടുക്കാനും വിദഗ്ധരായ

ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ടുമാണ് ഈ സംവിധാനം. അദ്ധ്യാപകർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് 45 മണിക്കൂർ ദൈർഘ്യമുള്ള കമ്പ്യൂട്ടർ കോഴ്സ് പാസ്സാകേണ്ടതുണ്ട്. പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിന് KOOL പരിശീലനത്തിലൂടെ ലഭിക്കുന്ന സർട്ടിഫിക്കറ്റ് പര്യാപ്തമാണ് എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുവരെ 34,738 അദ്ധ്യാപകർക്ക് KOOL പരിശീലനം ലഭ്യമാക്കി.

(ഡി) വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് വികസിപ്പിച്ച സാങ്കേതികവിദ്യയെക്കുറിച്ചും പ്രസ്തുത സാങ്കേതികവിദ്യ എത്രമാത്രം ഫലപ്രദമാണെന്നതിനെക്കുറിച്ചും വിശദമാക്കാമോ?

പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ ഹൈടെക് സംവിധാനങ്ങൾ ഭാഷാപഠനത്തിനും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-ലാംഗ്വേജ് ലാബ് സംവിധാനം കൈറ്റ് സജ്ജമാക്കിയത്. ഇതിന്റെ ഭാഗമായി ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുന്നതിന്

ലക്ഷ്യമിടുന്ന ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതി ആരംഭിച്ചു. ഇംഗ്ലീഷ് കേട്ട് മനസിലാക്കാനും സംസാരിക്കാനും എഴുതാനും വായിക്കാനുമുള്ള അവസരങ്ങൾ ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയർ ഒരുക്കി. ഗെയിമിംഗിലൂടെയും ഇന്ററാക്ടീവ് രീതിയിലും പഠനപ്രവർത്തനങ്ങൾ ചെയ്യാനുള്ള അവസരമാണ് ഈ സോഫ്റ്റ്‌വെയറിലുള്ളത്. ഒരു ചെലവുമില്ലാതെ സ്കൂളിലെയും കുട്ടികളുടേയും സാധാരണ ലാപ്ടോപ്പുകളിൽ ഇൻസ്റ്റാൾ ചെയ്യാൻ കഴിയുന്നതരത്തിൽ വികസിപ്പിച്ചിരിക്കുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയർ ആണ് ഇ-ലാംഗ്വേജ് ലാബ്. സോഫ്റ്റ്‌വെയർ സ്കൂളുകൾക്ക് ലഭ്യമാക്കുകയും അത് ഉപയോഗിക്കാൻ പ്രൈമറി വിഭാഗം അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തു.

(ഇ) ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് 'ലിറ്റിൽ കൈറ്റ്സ്' എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ ഹൈടെക്

പദ്ധതിയിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്. ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾക്ക് വൈവിധ്യമാർന്ന പരിശീലനങ്ങൾക്ക് അവസരം നൽകുന്നുണ്ട്. സാങ്കേതികരംഗത്തെ അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിനും ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖല കൂടുതൽ പഠിക്കുന്നതിനും സൗകര്യമൊരുക്കുന്നു. യൂണിറ്റുതല പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപജില്ലാ, റവന്യൂ ജില്ലാ, സംസ്ഥാന തലങ്ങളിൽ പ്രത്യേക ക്യാമ്പുകളും ഉയർന്ന പരിശീലനവും പദ്ധതിയുടെ ഭാഗമാണ്. കൃത്യമായ മൊഡ്യൂൾ അടിസ്ഥാനമാക്കി യൂണിറ്റുതല പരിശീലനങ്ങളും പ്രായോഗിക പ്രവർത്തനങ്ങൾക്കാവശ്യമായ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ പാക്കേജുകൾ, റിസോഴ്സുകൾ തുടങ്ങിയവ ഓരോ യൂണിറ്റിനും പ്രത്യേകമായി ലഭ്യമാക്കുന്നുണ്ട്.

ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് രൂപീകൃതമായ ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയാണ് 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബുകൾ. 2174 ഹൈസ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

പദ്ധതിയിൽ 1.72 ലക്ഷം കുട്ടികൾ അംഗങ്ങളാണ്. ഹാർഡ്‌വെയർ, അനിമേഷൻ & മൾട്ടിമീഡിയ, ഭാഷാ കമ്പ്യൂട്ടിംഗ്, ഇലക്ട്രോണിക്സ്, ഇന്റർനെറ്റും സൈബർ സുരക്ഷയും IoT, 3D മോഡലിംഗ്, മൊബൈൽ ആപ് നിർമ്മാണം, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ വിശദമായ പരിശീലനങ്ങൾ ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഭാഗമായി നൽകുന്നു. ഓരോ യൂണിറ്റിലും ഒരു കൈറ്റ് മാസ്റ്റർ, ഒരു കൈറ്റ് മിസ്ട്രസ് (അദ്ധ്യാപകർ) എന്നിവരുടെ സേവനം ഉറപ്പുവരുത്തുന്നുണ്ട്. ഇവർക്കുള്ള പ്രത്യേക പരിശീലനവും കൈറ്റ് നൽകുന്നുണ്ട്.

ക്ലബ്ബ് അംഗങ്ങളുടെ പ്രധാന പരിശീലന മേഖലകളാണ് പ്രോഗ്രാമിംഗ്, ഇലക്ട്രോണിക്സ്, റോബോട്ടിക്സ് എന്നിവ. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രോട്ടോ ടൈപ്പ് ഡിസൈനിംഗ്, റോബോട്ടിക്സ്, ഐ.ഒ.ടി. ഉപകരണങ്ങൾ തയ്യാറാക്കൽ എന്നിവ പരിശീലിക്കുന്നതിന് റോബോട്ടിക് മേഖല കുട്ടികളെ സഹായിക്കുന്നു. ഇതുവഴി വിവര സാങ്കേതികവിദ്യയിലെ പുത്തൻ മേഖലകളിൽ പ്രായോഗിക പരിശീലനം നേടുന്നതിന് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കും.

പ്രോഗ്രാമിംഗ് പരിശീലിക്കുന്നത് കുട്ടികളുടെ യുക്തിചിന്ത, പ്രശ്നനിർദ്ധാരണ ശേഷി എന്നിവ വളർത്താനും സഹായകമാണ്. റോബോട്ടിക് പരിശീലനത്തിനായി യൂണിറ്റുകളിലേയ്ക്ക് നൽകുന്ന പ്രത്യേക കിറ്റിൽ പൊതുമാർക്കറ്റിൽ ലഭ്യമായ ആർഡിനോ (Arduino) ബോർഡ്, സെൻസറുകൾ, ഇലക്ട്രോണിക് കംപോണൻസ് തുടങ്ങി 16 ഇനങ്ങൾ അടങ്ങിയിട്ടുണ്ട്. സ്കൂളുകൾക്ക് നൽകുന്ന ആർഡിനോ കിറ്റിന്റെ ഉപയോഗവും പരിപാലനവും ഉറപ്പുവരുത്തുന്നതിന് പ്രത്യേക പരിശീലനവും കൈറ്റ് മാസ്റ്റർമാർക്ക് നൽകുന്നുണ്ട്.

**വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം**

22(*262) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലേയ്ക്ക് വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേരളം സന്ദർശിക്കുന്ന വിദേശ-സ്വദേശി വിനോദ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി വിവിധങ്ങളായ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സഞ്ചാരികൾക്ക് നൂതനാനുഭവം പകരുന്ന വില്ലേജ് ലൈഫ് എക്സിപീരിയൻസ്, സ്ട്രീറ്റ്, എഥനിക് ക്യൂസീൻ തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഹെലി ടൂറിസം, കാരവൻ ടൂറിസം തുടങ്ങിയ നൂതന പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. രാത്രികാല ടൂറിസം നടപ്പാക്കുന്നതിനുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

അടിസ്ഥാനസൗകര്യ വികസനത്തോടൊപ്പം വൃത്തിയും ശുചിത്വവുമുള്ള ടൂറിസം കേന്ദ്രങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതി നടപ്പാക്കിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ. കൂടാതെ കോവളത്തെയും ഇടുക്കി ജില്ലയിലെ ഡെസ്റ്റിനേഷനുകളിലെയും മാലിന്യസംസ്കരണത്തിനായും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കേരളത്തിലെ പ്രധാന ഹൈവേകളിൽ ടൂറിസം കേന്ദ്രങ്ങളുടെ വികസനം, നിലവിലുള്ളതും പുതിയതുമായ കേന്ദ്രങ്ങളുടെ കാര്യക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലെറ്റ് സ്ഥാപിക്കൽ, അടിസ്ഥാനസൗകര്യങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ, പുതിയ കാരവൻ പാർക്കുകൾ, സാഹസിക ടൂറിസം പ്രമോഷൻ, ജൈവവൈവിധ്യവും സാഹിത്യ സർക്യൂട്ടുകളുടെ വികസിപ്പിക്കലും, കോവളം, വർക്കല, വാഗമൺ, മൂന്നാർ എന്നിവിടങ്ങളിൽ

വിനോദസഞ്ചാര സൗകര്യങ്ങളുടെ നവീകരണം, അസ്സറ്റ് മാനേജ്മെന്റ് മാപ്പിംഗ്, ക്രൂയിസ് ടൂറിസം മുതലായവ ടൂറിസത്തിന്റെ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. KTIL, KTDC, DTPC, BRDC എന്നീ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾ മുഖേനയും ടൂറിസത്തിലെ അടിസ്ഥാനസൗകര്യങ്ങൾ ലോകനിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന ജോലി സമ്മർദ്ദം കുറയ്ക്കുന്നതിനായി വിനോദത്തിനുള്ള ഘടകങ്ങളോടൊപ്പം ജോലി ചെയ്യാനുള്ള സൗകര്യങ്ങളും ഒരുക്കി, തൊഴിലും വിനോദവും ഒരുമിച്ചുകൊണ്ടുപോകുന്ന ഒരു പുതിയ ആശയമാണ് "വർക്കേഷൻ". പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചു. നവീന ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ഇതിന്റെ തുടർപ്രവർത്തനങ്ങൾക്ക് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ടൂറിസം മേഖലയുടെ ഗുണനിലവാരവും സൗകര്യങ്ങളും വികസിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം

പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്; ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതികളുടെ ചുമതല നിർവ്വഹിക്കുന്നത്; അറിയിക്കാമോ?

'(എ)' പിരിവിന്റെ അതേ ഉത്തരം

(സി) നിലവിലുള്ള ഹോട്ടലുകളുടെ നിലവാരവും ശേഷിയും വർദ്ധിപ്പിക്കൽ, പ്രാദേശിക ഉല്പന്നങ്ങളും അവയുടെ പരിപാലനവും, അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ നവീകരണം എന്നിവ നിർവ്വഹിക്കുന്നതിന് ഏതെങ്കിലും ഏജൻസികൾക്കോ സ്ഥാപനങ്ങൾക്കോ ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ടൂറിസം മേഖലയിൽ പൊതു - സ്വകാര്യ മേഖലയിൽ നിരവധി ഹോട്ടലുകളും ഹോസ്പിറ്റാലിറ്റി സംരംഭങ്ങളും പ്രവർത്തിക്കുന്നുണ്ട്. ടൂറിസം വകുപ്പിന് കീഴിലുള്ള കെ.റ്റി.ഡി.സി. ഹോസ്പിറ്റാലിറ്റി മേഖലയിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. അതോടൊപ്പം സ്വകാര്യ ഹോസ്പിറ്റാലിറ്റി സംവിധാനങ്ങളുമായി മികച്ച ബന്ധം പുലർത്തി

ടൂറിസം രംഗം നല്ലനിലയിൽ നിലനിർത്തുന്നുണ്ട്. കേരള ട്രാവൽ മാർട്ട് പോലെ ടൂറിസം മേഖലയിലെ സംഘടനകളും ടൂറിസം വകുപ്പുമായി ചേർന്ന് ട്രാവൽ മാർട്ട് പോലുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.

**കെട്ടിട നിർമ്മാണ സെസ്**

**23(*263) ശ്രീ. സനീഷ്കുമാർ ജോസഫ്:**
**ശ്രീ. പി. സി. വിഷ്ണുനാഥ്:**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:**
**ശ്രീ. ചാണ്ടി ഉമ്മൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് നിയമവും 1998-ലെ ചട്ടങ്ങളും അനുസരിച്ച് 10 ലക്ഷം രൂപയിൽ താഴെ നിർമ്മാണ ചെലവ് വരുന്ന വീടുകൾ ഒഴികെയുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ചെലവിന്റെ ഒരു ശതമാനം വരുന്ന തുക സെസ് ഇനത്തിൽ ബോർഡിലേയ്ക്ക് കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ?

ഉണ്ട്.

(ബി) ഇപ്രകാരമുള്ള സെസ് നിർണ്ണയിക്കുന്നതിനും പിരിക്കുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

1998-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് റൂൾസ്, റൂൾ 2(g) പ്രകാരം തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്- 1 എന്നിവരെയാണ് നിയമപ്രകാരം സെസ് പിരിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. (അനുബന്ധം-1+ ആയി ചേർക്കുന്നു) ലേബർ ഓഫീസർമാർ നിലവിൽ നിർവ്വഹിക്കുന്ന ജോലിക്ക് പുറമെയാണ് മേൽവിവരിച്ച ചുമതലയും ഇവർക്ക് നല്കിയിട്ടുള്ളത്. ആയതിനാൽ ഫലപ്രദമായും കാര്യക്ഷമമായും സെസ് നിർണ്ണയിക്കുന്നതിനും ഈടാക്കുന്നതിനും സാധിക്കാത്ത സാഹചര്യമുണ്ട്.

മേൽസാഹചര്യത്തിൽ, സെസ് അസ്സസിംഗ് ഓഫീസർമാരായി ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്), ജില്ലാ ലേബർ ഓഫീസർ (ജനറൽ) എന്നിവരെകൂടി സെസ് അസ്സസിംഗ് ഓഫീസർമാരായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നോട്ടിഫൈ ചെയ്യാൻ തീരുമാനമായിട്ടുണ്ട്. (പകർപ്പ് അനുബന്ധം-2+ ആയി ചേർക്കുന്നു).

(സി) പ്രസ്തുത സെസ് പിരിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സെസ് പിരിവ് കാര്യക്ഷമമാക്കി മുടങ്ങിയ കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സെസ് പിരിവ് കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. 01-11-2021 മുതൽ സംസ്ഥാന വ്യാപകമായി സെസ് അദാലത്ത് സംഘടിപ്പിച്ച് കുടിശ്ശിക തുക പിരിച്ചെടുത്തുവരുന്നു. 2021-22-ൽ 285.60 കോടി രൂപയാണ് സെസ്സിനത്തിൽ പിരിച്ചെടുത്തതെങ്കിൽ 2022-23-ൽ ആയത് 370 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് സെസ് പിരിവിലൂടെ പ്രതിമാസം ഏകദേശം 30 കോടി രൂപയാണ് വരുമാനമായി ലഭിക്കുന്നത്. എന്നാൽ പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി പ്രതിമാസം ഏകദേശം 69 കോടി രൂപ ആവശ്യമാണ്. ഇക്കാരണത്താലാണ് ആനുകൂല്യങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സാധിക്കാത്തത്. പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സെസ് പിരിവ് കാര്യക്ഷമമാക്കുന്നതിനായി 15-01-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 16-01-2024 മുതലും പഞ്ചായത്തുകളിൽ ഏപ്രിൽ മാസം മുതലും സെസ് പിരിക്കുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണ വകുപ്പിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം-3+ ആയി ചേർക്കുന്നു).

**തീരദേശ ഹൈവേയുടെ പ്രവർത്തന പുരോഗതി**

24(*264) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മുതൽ കാസർഗോഡ് കുഞ്ചത്തൂർ വരെ, 600 കി.മീ വരുന്ന സംസ്ഥാനത്തെ തീരദേശ ഹൈവേ പദ്ധതിയുടെ 525 കി.മീ ഭാഗമാണ് കെ.ആർ.എഫ്.ബി – പി.എം.യു; മുഖേന നിർമ്മിക്കുന്നത്. ഇതിൽ 463 കി.മീ ഭാഗത്ത് സ്ഥലം ഏറ്റെടുക്കലിനായി 2804 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. ഇതിൽ 37.40 കി.മീ ഭാഗത്ത് സ്ഥലമേറ്റെടുക്കലിനുപുറമെ നിർമ്മാണ പ്രവൃത്തിക്കും സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി നൽകിയ ഇടങ്ങളിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാനുള്ള റവന്യൂ ഉത്തരവ്, 6 (1) നോട്ടിഫിക്കേഷൻ എന്നിവ പ്രസിദ്ധീകരിക്കുകയും 346 കി.മീ ഭാഗത്ത് കല്ലിടൽ പൂർത്തിയാക്കുകയും, 202 കി.മീ ഭാഗത്ത് 4 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തു. ഇതിൽ 16.90 കി.മീ ഭാഗത്ത് സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി 11 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. 1.87 കി.മീ ഭാഗത്ത് നഷ്ടപരിഹാര തുക

വിതരണം ചെയ്ത് സ്ഥലം ഏറ്റെടുത്തു. ഇതിനുപുറമെ 11.10 കി.മീ ഭാഗത്തെ തീരദേശ ഹൈവേ റോഡ് നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ പൊന്നാനി അഴിമുഖത്തിന് കുറുകെ കേബിൾ സ്റ്റെയ്ഡ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനും ആയതിന്റെ അപ്രോച്ച് റോഡും നിലവിലെ പൊന്നാനി ടൗണിലെ റോഡ് വീതി കൂട്ടുന്നതിനുമായി ഭൂമിയേറ്റെടുക്കൽ നടപടി 11(1) വിജ്ഞാപനം 08-11-2022-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**(ബി) തീരദേശ ഹൈവേയ്ക്കായി ഏതൊക്കെ സ്ഥലങ്ങളിലാണ് ഭൂമി ഏറ്റെടുക്കലിന് സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളത്; ഏതൊക്കെ ഭാഗങ്ങളിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞു; വിശദമാക്കുമോ?**

തീരദേശ ഹൈവേയ്ക്കായി ഭൂമി ഏറ്റെടുക്കലിന് സാമ്പത്തിക അനുമതി നൽകിയിട്ടുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-1+ ആയും നിർമ്മാണം പൂർത്തീകരിച്ച ഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-2+ ആയും ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഹൈവേയ്ക്കായി ഭൂമി വിട്ടു നൽകുന്നവർക്കുള്ള പ്രത്യേക പുനരധിവാസ പാക്കേജിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഈ പദ്ധതിക്കുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത് THE RIGHT TO FAIR COMPENSATION AND TRANSPARENCY IN LAND ACQUISITION, REHABILITATION AND RESETTLEMENT ACT, 2013 (RFCTLARR) അടിസ്ഥാനമാക്കിയാണ്. ഇതിനുപുറമെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് 10-03-2023-ൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. തീരമേഖലയുടെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഭൂമി വിട്ടുനൽകുന്നവർക്ക് സമഗ്രമായ പ്രത്യേക പുനരധിവാസ പാക്കേജാണ് തയ്യാറാക്കിയിട്ടുള്ളത്. ജനങ്ങൾക്ക് മാന്യമായ പുനരധിവാസം ഉറപ്പാക്കുന്നതാണ് ഈ പാക്കേജ്. പാക്കേജിനെ 2 വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു. ഉടമസ്ഥാവകാശരേഖകൾ ഉള്ളവർ കാറ്റഗറി ഒന്നിൽ ഉൾപ്പെടും. കാറ്റഗറി ഒന്നിൽ ഉൾപ്പെട്ടവർ സ്ഥലം വിട്ടുനൽകുമ്പോൾ ചട്ടപ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കും. കെട്ടിടം ഏറ്റെടുക്കുമ്പോൾ കെട്ടിടത്തിന് കണക്കാക്കുന്ന തുകയിൽനിന്ന് ഡിപ്രീസിയേഷൻ മൂല്യം

കിഴിച്ച്, സോലേഷ്യം നൽകി, ഡിപ്രീസിയേഷൻ വാല്യൂ കൂട്ടി, കൂട്ടിയതുക നഷ്ടപരിഹാരം ലഭിക്കും. അതോടൊപ്പം പുനരധിവസിക്കപ്പെടുന്ന കുടുംബങ്ങൾക്ക് 600 sqft ഫ്ളാറ്റ്/ അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകും. ഉടമസ്ഥാവകാശ രേഖകൾ ഇല്ലാത്തവരെ കാറ്റഗറി രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് കെട്ടിട വിലയുടെ ഡിപ്രീസിയേഷൻ മൂല്യം കിഴിക്കാതെയുള്ള തുക നഷ്ടപരിഹാരമായി നൽകും. അതോടൊപ്പം പുനരധിവസിക്കപ്പെടുന്നവർക്ക് 600 ചതുരശ്ര അടി ഫ്ളാറ്റ്/ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകും. പുനരധിവാസ പാക്കേജ് നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഇന്ത്യ വേജ് റിപ്പോർട്ട്**

25(*265) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ തയ്യാറാക്കിയ ഇന്ത്യ വേജ് റിപ്പോർട്ട് അനുസരിച്ച് ഗ്രാമങ്ങളിലും നഗരങ്ങളിലും സ്ഥിരമായി ഉയർന്ന കാഷ്വൽ വേതനമുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. Wage Policies for Decent Work & Inclusive Growth-നെ അടിസ്ഥാനമാക്കി 2018-ൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ പ്രസിദ്ധീകരിച്ച ഇന്ത്യാ വേജ് റിപ്പോർട്ടിൽ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും കാഷ്വൽ തൊഴിലാളികളുടെ സംസ്ഥാനതല ശരാശരി വേതനം താരതമ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും ഏറ്റവും കൂടുതൽ കാഷ്വൽ വേതനമുള്ള സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതന നിയമ പ്രകാരം സംസ്ഥാനത്ത് വിവിധ മേഖലകളിൽ മിനിമം വേതനം നടപ്പിലാക്കിവരുന്നതും തൊഴിലാളികളുടെ വേതന പരിഷ്കരണം,

തൊഴിൽ തർക്കങ്ങൾ തുടങ്ങിയ വിഷയങ്ങളിന്മേൽ ചർച്ചകൾ നടത്തി സമവായത്തിലെത്തിച്ചേരുന്നതിനായി സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ വ്യവസായബന്ധസമിതികൾ പ്രവർത്തിച്ചുവരുന്നതും ഈ അംഗീകാരം ലഭ്യമാകാൻ കാരണമായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തൊഴിലാളികളുടെയും ജീവനക്കാരുടെയും ഉയർന്ന വേതനത്തിന് സാധ്യമാക്കിയ ഘടകങ്ങളെ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മിനിമം വേതന നിയമ പ്രകാരം സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 85 മേഖലകളിലെ മിനിമം വേതനം നിശ്ചയിക്കുകയും പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മിനിമം വേതന ഉപദേശകസമിതിയുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള മിനിമം വേതന ഉപസമിതികൾ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ തൊഴിലാളി, തൊഴിലുടമ, ട്രേഡ് യൂണിയൻ പ്രതിനിധികളിൽനിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലും, മിനിമം വേതന നിയമപ്രകാരമുള്ള

നടപടിക്രമങ്ങൾ പാലിച്ചുമാണ് മിനിമം വേതനം നിശ്ചയിച്ചുവരുന്നത്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ സാമൂഹ്യ, സാമ്പത്തിക, ആരോഗ്യ മേഖലകളിൽ ഉയർന്ന ജീവിത നിലവാരമാണ് ഉള്ളത്. ആയതിനാൽ ഉയർന്ന ജീവിത നിലവാരം ആസ്പദമാക്കിയാണ് ഉയർന്ന വേതനം നിശ്ചയിച്ചിട്ടുള്ളത്. തൊഴിലാളികളുടെ വേതനം ഉറപ്പുവരുത്തുന്നതിനുവേണ്ടി തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്ന വേതന സുരക്ഷാപദ്ധതിയും, തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ട്രേഡ് യൂണിയനുകളുടെ ശക്തമായ ഇടപെടലുകളും മറ്റും സംസ്ഥാനത്തെ തൊഴിലാളികളുടെയും ജീവനക്കാരുടെയും ഉയർന്ന വേതനം സാദ്ധ്യമാക്കുന്നതിന് അനുകൂലമായ ഘടകങ്ങളാണ്.

(സി) സംസ്ഥാനത്ത് മിനിമം വേതനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഏതെല്ലാം മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള 85 മേഖലകളിലും ആയത് ഉറപ്പാക്കുന്നതിന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം

പ്രവർത്തിച്ചവരുന്നു. സ്ഥാപനപരിശോധനകൾ നടത്തി മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്ക് ആയത് നൽകുന്നതിന് നോട്ടീസ് നൽകുകയും തുടർന്ന് മിനിമം വേതനം നൽകാതിരിക്കുന്ന തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) മുഖേന തൊഴിലാളികൾക്കും ശമ്പളം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് എത്തുന്നതിനാൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് സ്ഥാപനത്തിൽ നേരിട്ട് പരിശോധന നടത്താതെതന്നെ മിനിമം വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുയെന്നത് ഉറപ്പുവരുത്തുവാൻ സാധിക്കുന്നു.

**വിനോദസഞ്ചാര സംരംഭങ്ങളുടെ വികസനം**

26(*266) **ശ്രീ. എൻ. കെ. അക്ബർ:**
**ശ്രീ. കെ. യു. ജനീഷ് കുമാർ:**
**ശ്രീമതി യു. പ്രതിഭ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ടൂറിസം, സുസ്ഥിര വിനോദസഞ്ചാരം, ഗ്രാമീണ ഹോംസ്റ്റേകൾ എന്നിവ വികസിപ്പിക്കുന്നതിനായി പ്രത്യേക മിഷൻ രൂപവൽക്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഗ്രാമീണ ടൂറിസം, സുസ്ഥിര വിനോദസഞ്ചാരം, ഗ്രാമീണ ഹോംസ്റ്റേകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പിലാക്കി വരുന്നത് ഉത്തരവാദിത്ത ടൂറിസം മിഷൻ ആണ്. കേരളത്തിലെ ടൂറിസം രംഗത്തിനാകെ മാതൃകയായ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സ്വതന്ത്രവും, വിപുലവുമാക്കുന്നതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനെ ഒരു സ്വതന്ത്ര ഏജൻസിയായി 13-01-2023-ലെ സ.ഉ(കൈ)നം.02/2023/ടൂറിസം ആയി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി മിഷന്റെ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധം+ ആയി ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വിനോദസഞ്ചാര സംരംഭങ്ങൾ വനിതാ സൗഹൃദമായി വികസിപ്പിക്കുന്നതിന് പ്രത്യേക ആസൂത്രണ പദ്ധതികൾ പ്രസ്തുത മിഷൻ നടപ്പിൽ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷൻ 2022-23 സാമ്പത്തിക വർഷം ആരംഭിച്ച് തുടർന്നുവരുന്ന പദ്ധതിയാണ് 'സ്ത്രീ സൗഹാർദ്ദ ടൂറിസം പ്രവർത്തനങ്ങൾ'. 'Gender Inclusive Tourism' എന്ന UNWTO (United Nation World Tourism Organization) - യുടെ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം രംഗത്തെ സ്ത്രീ സാന്നിദ്ധ്യം വർദ്ധിപ്പിച്ച്, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അതിനുള്ള അടിസ്ഥാന പഠനങ്ങൾ, പരിശീലനങ്ങൾ എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര സംഘടനയായ UN Women- ന്റെ ഇന്ത്യയിലെ സംഘടനാസംവിധാനവുമായി ചേർന്നാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ നടപ്പിലാക്കേണ്ട സേഫ്റ്റി ഗ്യാപ് അസ്സസ്മെന്റ് സ്റ്റഡി പൂർത്തിയാക്കിയിട്ടുണ്ട്. 6 പ്രദേശങ്ങളിലെ ജെൻഡർ ഓഡിറ്റ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. 14

പഞ്ചായത്തുകൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തനങ്ങൾ ആരംഭിച്ചു. പുതുതായി 3688 പേർ സ്ത്രീ സൗഹൃദ ടൂറിസം നെറ്റ് വർക്കിന്റെ ഭാഗമായി.

(സി) കരകൗശല വസ്തുക്കൾ, സുവനീറുകൾ, പ്രാദേശിക ഉല്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം നിലവിലുണ്ടോ; വിശദാംശം നൽകാമോ?

കരകൗശല വസ്തുക്കൾ, സുവനീറുകൾ, പ്രാദേശിക ഉല്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ഉത്തരവാദിത്ത ടൂറിസം മിഷന്റെ വെബ്സൈറ്റിൽ നിലവിലുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റായിട്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു പ്ലാറ്റ്ഫോം ഒരുക്കി നൽകുകയാണ് ഇതുവഴി ഉത്തരവാദിത്ത ടൂറിസം മിഷൻ ചെയ്തിട്ടുള്ളത്. കരകൗശല ഉൽപ്പന്നങ്ങൾ, സുവനീറുകൾ നിർമ്മിക്കുന്നവർക്കും നിലവിൽ ഈ പ്ലാറ്റ്ഫോം ഉപയോഗിക്കാവുന്നതാണ്. ടി പ്ലാറ്റ്ഫോം മുഖേന ഉൽപ്പന്ന നിർമ്മാതാക്കൾക്ക് നേരിട്ട് ഓർഡർ ലഭ്യമാകുകയാണ് ചെയ്യുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ ഒരു ഫെസിലിറ്റേറ്റർ റോളിൽ

ആണ് പ്രവർത്തിക്കുന്നത്. കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് സ്മരണികയായി ശേഖരിക്കുവാനും വാങ്ങുവാനും കൊണ്ടുപോകുവാനും കഴിയുന്ന തരത്തിൽ കേരളത്തിന്റെ തനത് സുവനീറുകൾ ലഭ്യമാക്കുന്നതിനുവേണ്ടി ഉത്തരവാദിത്ത ടൂറിസം മിഷൻ ഈ വർഷം കേരള സുവനീർ നെറ്റ്‌വർക്ക് എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

**അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി**

27(*267) ശ്രീ. റോജി എം. ജോൺ
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് കാലോചിതമായ പരിശീലന പരിപാടികൾ വിഭാവനം ചെയ്തു നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് കാലോചിതമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ഓരോ വർഷവും സ്കൂൾ തുറക്കുന്നതിന് മുൻപുള്ള വെക്കേഷൻ കാലത്ത് പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് 4 ദിവസത്തെ പരിശീലനം നൽകിവരുന്നു. പ്രസ്തുത പരിശീലനത്തിന്റെ മൊഡ്യൂൾ വിദഗ്ദ്ധരുടെ സഹായത്തോടെ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ തയ്യാറാക്കുകയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൃത്യമായ ബാച്ചുകളാക്കി അദ്ധ്യാപകർക്ക് സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ അദ്ധ്യാപകപരിശീലനം നൽകുകയും ചെയ്യുന്നു. അവധിക്കാലത്തുതന്നെ കൈറ്റിന്റെ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് ഐ.ടി. പരിശീലനവും നൽകുന്നു. തുടർന്ന് എല്ലാ വർഷവും അദ്ധ്യാപകർക്ക് പ്രത്യേക മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ ക്ലസ്റ്റർ പരിശീലനങ്ങളും നൽകുന്നു. ഹയർ സെക്കണ്ടറി മേഖലയിൽ പത്ത് ദിവസത്തെ ഹയർസെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് ട്രാൻസ്ഫർമേഷൻ പ്രോഗ്രാം എന്ന പേരിലുള്ള റസിഡൻഷ്യൽ രീതിയിലുള്ള പരിശീലനം

സംഘടിപ്പിച്ചുവരുന്നു. സർവ്വീസിൽ പുതിയതായി പ്രവേശിച്ച അദ്ധ്യാപകർക്കായി 'നവ അദ്ധ്യാപക സംഗമം' എന്ന പേരിൽ ഇൻഡക്ഷൻ ട്രെയിനിംഗ് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സീമാറ്റ് എന്ന വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ പ്രഥമാദ്ധ്യാപകർക്കായി വ്യത്യസ്ത രീതിയിലുള്ള മാനേജ്മെന്റ് പരിശീലന പരിപാടികൾ നടത്തിവരുന്നു.

(ബി) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ശിശു കേന്ദ്രീകൃതമായ രീതിയിൽ പഠിപ്പിക്കാനുള്ള പരിശീലനം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ശിശു കേന്ദ്രീകൃതമായ രീതിയിൽ പഠിപ്പിക്കാനുള്ള പരിശീലനമാണ് നൽകി വരുന്നത്. അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾ എല്ലാംതന്നെ കേരളത്തിൽ നിലനിൽക്കുന്ന വിദ്യാർത്ഥി കേന്ദ്രീകൃതമായ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിന് സഹായകമായ വിധത്തിലാണ് സംഘടിപ്പിക്കുന്നത്. ശിശു കേന്ദ്രീകൃതമായ പഠനപദ്ധതി വിജയിപ്പിക്കുന്നതിന് ഉള്ളടക്കം, പഠന തന്ത്രങ്ങൾ,

ക്ലാസ്സ്റൂമിലെ പ്രായോഗികമായ പ്രശ്നങ്ങൾ പരിഹരിക്കൽ, ബാലാവകാശങ്ങൾ, വിവരസാങ്കേതികവിദ്യ, ഉൾച്ചേർന്ന വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകിയ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(സി) പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം പരിശോധിക്കുന്നതിന് വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ അക്കാദമിക മോണിറ്ററിംഗ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് എല്ലാ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ ഓഫീസർമാരുടെയും, എസ്.എസ്.കെ., ഡയറ്റ് എന്നീ ഏജൻസികളുടെ നേതൃത്വത്തിലും അക്കാദമിക് മോണിറ്ററിംഗ് നടത്തിവരുന്നു. സംസ്ഥാനത്തെ 14 ഡയറ്റുകളും പ്രത്യേക മോണിറ്ററിംഗ് ഫോർമാറ്റുകൾ തയ്യാറാക്കി വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ അക്കാദമിക് മോണിറ്ററിംഗ് നടത്തിവരുന്നു. അക്കാദമിക് മോണിറ്ററിംഗ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകൾക്കും ഒറ്റ

ഫോർമാറ്റ് രൂപീകരിക്കുകയും അക്കാദമിക് മോണിറ്ററിംഗിനോട് അനുബന്ധിച്ച് ഓരോ വിഭാഗം ഉദ്യോഗസ്ഥരുടേയും ചുമതലകൾ നിർവ്വചിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. അദ്ധ്യാപകരുടെ സ്വയം വിലയിരുത്തൽ, പ്രഥമാദ്ധ്യാപകരുടെ വിലയിരുത്തൽ, വിദ്യാഭ്യാസ ഓഫീസർമാരുടെ വിലയിരുത്തൽ, വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ വിലയിരുത്തൽ എന്നിങ്ങനെ നാല് തലങ്ങളിൽ അക്കാദമിക് മോണിറ്ററിംഗ് നടക്കുകയും ആയതിന്റെ സംസ്ഥാനതല അവലോകനം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ തലത്തിലും നടത്തിവരുന്നു.

**ടൂറിസം മേഖലയിൽ പരിശീലന കേന്ദ്രങ്ങൾ**

28(*268) ശ്രീ. വി. ജോയി
ശ്രീ. എം. വിജിൻ
ശ്രീ. ലിന്റോ ജോസഫ്
ശ്രീ. പി. പി. സുമോദ് താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടൂറിസം പരിശീലനം ലക്ഷ്യമിട്ട് ഏതെല്ലാം അക്കാദമികളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ലോകമെമ്പാടും പ്രത്യേകിച്ച് കേരളത്തിൽ അനുദിനം വികസിച്ചുവരുന്ന ടൂറിസം മേഖലയിൽ മികച്ച പരിശീലനം ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ ഹോസ്പിറ്റാലിറ്റി രംഗത്ത് മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനും അതിഥി സൽക്കാരത്തിന്റെ വിവിധ തലങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം ലഭ്യമാക്കുന്നതിനും കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), കണ്ണൂർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (KIHM), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (FCI), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) എന്നീ ഇൻസ്റ്റിറ്റ്യൂട്ടുകൾ സംസ്ഥാന സർക്കാർ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

വിവിധ ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും സ്ത്രീകൾക്ക് വേണ്ടിയുള്ള ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും വിവിധ സർക്കാർ വകുപ്പുകളുടെ ആവശ്യപ്രകാരം പ്രത്യേക പരിശീലന പരിപാടികളും വിനോദസഞ്ചാരവകുപ്പിനുകീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി നടത്തിവരുന്നുണ്ട്.

സാഹസിക വിനോദസഞ്ചാര മേഖലയിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കോഴിക്കോട് ഗോദീശ്വരത്ത് സർഫിംഗ് അക്കാദമിയും തുഷാരഗിരിയിൽ കയാക്കിംഗ് അക്കാദമിയും ആരംഭിച്ചിട്ടുണ്ട്.

**സർഫിംഗ് അക്കാദമി, ഗോദീശ്വരം, കോഴിക്കോട്:-**

സംസ്ഥാന അഡ്വഞ്ചർ ടൂറിസത്തിന്റേയും ഉത്തരവാദിത്ത ടൂറിസം മിഷന്റേയും നേതൃത്വത്തിൽ സർഫിംഗ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയ യുവാക്കളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റായി, വിനോദസഞ്ചാരവകുപ്പിന്റെ മേൽനോട്ടത്തിലുള്ള ആദ്യ സർഫിംഗ് അക്കാദമി രൂപീകരിച്ചിട്ടുണ്ട്.

**കയാക്കിംഗ് അക്കാദമി , തുഷാരഗിരി :-**

കോഴിക്കോട് അരിപ്പാറയിൽ കയാക്കിംഗ് സെന്ററിനുപുറമേ ലോക കയാക്കിംഗ് ചാമ്പ്യൻഷിപ്പിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കയാക്കിംഗ് പരിശീലനത്തിനും മത്സരങ്ങൾക്കുമായി ഒരു അന്താരാഷ്ട്ര കയാക്കിംഗ് സെന്റർ കോടഞ്ചേരി പുലിക്കയത്ത് ആരംഭിച്ചിട്ടുണ്ട്. ഡോർമെറ്ററി, ക്ലോക്ക് റൂം, ഗ്യാലറി, ശുചിമുറികൾ, മീറ്റിംഗ് ഹാൾ എന്നീ സൗകര്യങ്ങൾ കയാക്കിംഗ് സെന്ററിൽ ഒരുക്കിയിട്ടുണ്ട്. കയാക്കിംഗ് അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. നിലവിൽ 76 പേർ അക്കാദമി മുഖേന കയാക്കിംഗ് പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഹൈക്കിംഗ്, ട്രക്കിംഗ് എന്നിവ പരിശീലിപ്പിക്കുന്നതിന് നിലവിൽ ഏതെങ്കിലും അക്കാദമി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടേയും കിറ്റ്സിന്റേയും സംയുക്ത സഹകരണത്തിൽ സാഹസിക ടൂറിസത്തിൽ പരിശീലനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹൈക്കിംഗ്,

ട്രക്കിംഗ് എന്നിവ പരിശീലിപ്പിക്കുന്നതിന് അക്കാദമി സജ്ജമാക്കുന്നത് പരിഗണനയിലുണ്ട്.

**പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് റോഡുകൾ ടാർ ചെയ്യുന്ന പദ്ധതി**

29(*269) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റോഡുകൾ ടാർ ചെയ്യുന്നതിന് പ്ലാസ്റ്റിക് മാലിന്യം ഉപയോഗിക്കുന്ന പദ്ധതി നടപ്പിൽ വരുത്തിയതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചത് ഏത് വർഷത്തിലാണെന്നും പദ്ധതിയുടെ പുരോഗതി സംബന്ധിച്ചും വിശദമാക്കാമോ?

(എ &ബി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 2005-ലാണ് പ്ലാസ്റ്റിക് റോഡുകളെക്കുറിച്ച് പഠനം ആരംഭിച്ചത്. തുടർന്ന് 2006-ൽ

തിരുവനന്തപുരം ജില്ലയിലെ ചാവടിമുക്ക്-പുല്ലാനിവിള-നരിക്കൽ റോഡിൽ 500 മീറ്റർ സ്ട്രെച്ച് പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചു. ഈ റോഡ് അഞ്ചുവർഷക്കാലം നിരീക്ഷിച്ചതിൽ റോഡിന് നല്ല ഈട് നിൽപ്പുള്ളതായി കാണപ്പെട്ടു. ഈ സാഹചര്യത്തിലാണ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ള റോഡ് നിർമാണം ആരംഭിച്ചത്.

പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കണമെന്ന സർക്കാർ ഉത്തരവ് അനുസരിച്ച് ബി.സി. പ്രതലം ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രവൃത്തികളിൽ നിലവിൽ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ റോഡ് ഭാഗത്തിന്റെ 50 ശതാനം Plastic ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനാണ് അനുമതി നൽകുന്നത്. പദ്ധതികൾ നിലവിൽ പുരോഗതിയിലാണ്.

ദേശീയപാത വിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേയ്ക്കായി ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരപരിധിയിലുള്ള 50 കി.മീ ചുറ്റളവിനകത്ത് വരുന്ന ദേശീയപാതകളുടെ റീ-സർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കുവാൻ കേന്ദ്രഉപരിതല ഗതാഗതമന്ത്രാലയം നിർദ്ദേശം

നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ സി.ആർ.എഫ്. അംഗീകാരം ലഭിച്ച പ്രവൃത്തികൾക്കും 2019-20 സാമ്പത്തിക വർഷം മുതൽ MoRTH അംഗീകാരം ലഭിച്ച ഉപരിതലം പുതുക്കൽ/ബലപ്പെടുത്തൽ പ്രവൃത്തികൾക്കും നിശ്ചിത ദൈർഘ്യം സൂച്ചകളുടെ ബി.സി. പ്രവൃത്തികളിൽ ഷ്രേഡഡ് പ്ലാസ്റ്റിക് കലർത്തി നടപ്പിലാക്കുന്നുണ്ട്.

(സി) പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്ഥാനത്ത് എത്ര റോഡുകൾ ടാർ ചെയ്തിട്ടുണ്ട്; അത്തരം റോഡുകളുടെ ഗുണമേന്മ വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ നിലവിൽ 1442 കി.മീ. റോഡുകൾ 2022-23 കാലയളവിൽ പൂർത്തിയാക്കിയിട്ടുണ്ട്. IRC SP:982013 പ്രകാരം പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബി.സി. ഉപരിതലം നിർമ്മിക്കുന്നതിനാവശ്യമായ എല്ലാ ഗുണനിലവാര പരിശോധനകളും പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിലും

നടത്തിവരുന്നു. കൂടാതെ ഷ്രെഡഡ് പ്ലാസ്റ്റിക് IRC കോഡിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ളതാണ് ടാറിംഗിന് ഉപയോഗിക്കുന്നത്. ഇത്തരത്തിലുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തിയ ശേഷമാണ് MoRTH Specification-ൽ tarring പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് ഉപയോഗിക്കാമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്.

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നാളിതുവരെ 210 കി.മീ റോഡുകൾ ടാർ ചെയ്തിട്ടുണ്ട്. (66 പ്രവൃത്തികൾ). പ്ലാസ്റ്റിക് ഉപയോഗിച്ച് ചെയ്ത റോഡുകളുടെ ഗുണമേന്മയും ഈടും വിലയിരുത്തിവരുന്നു. കെ.ആർ.എഫ്.ബി. പി.എം.യു.-ന്റെ കീഴിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് 24 റോഡുകളിലായി 38.39 കി.മീ പൂർത്തീകരിച്ചിട്ടുണ്ട്.

## ഹൗസിംഗ് ബോർഡ്-നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സംയുക്ത സംരംഭം

30(*270) <u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>
<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. വാഴൂർ സോമൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ മറൈൻ ഡ്രൈവിൽ കേരള ഹൗസിംഗ് ബോർഡും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനും ചേർന്ന് കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കൊച്ചി നഗരത്തിലെ മറൈൻ ഡ്രൈവിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഒരു ബൃഹത് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര പൊതുമേഖലാസ്ഥാപനമായ നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി ചേർന്ന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് 31-01-2024-ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള വിഷയങ്ങളിലാണ് ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബോർഡും എൻ.ബി.സി.സി. (ഇന്ത്യ) ലിമിറ്റഡും സംയുക്തമായി പ്രസ്തുത സ്ഥലത്ത് പ്രാദേശിക നഗരാസൂത്രണ അധികാരികൾ യഥാവിധി അംഗീകരിച്ച വികസനപദ്ധതികൾ അനുസരിച്ച് സ്വയം സുസ്ഥിര മാതൃകയിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനായിട്ടാണ് ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്. വിവിധ വാണിജ്യ (ഓഫീസ്/റീട്ടെയിൽ) ഇടങ്ങൾ, പാർപ്പിട ഇടങ്ങൾ അല്ലെങ്കിൽ ബാധകമായ വികസന മാനദണ്ഡങ്ങൾക്കനുസൃതമായി ഇവ രണ്ടും സംയോജിപ്പിച്ച് മാസ്റ്റർ പ്ലാനിംഗും മറ്റ് വികസന ആസൂത്രണവും നടത്തും. പദ്ധതിയുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ഡിസൈൻ, ഡിസൈനുകളിലെ മാറ്റം, എസ്റ്റിമേറ്റുകൾ, വ്യതിയാനങ്ങൾ, വർദ്ധനവ്, BUA-കളുടെ യൂണിറ്റ് വിൽപ്പന വിലകൾ മുതലായവയ്ക്ക് ആവശ്യമായ അനുമതികൾ നൽകുന്നതിനും ധാരണാപത്രവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനുമായി ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കുന്നതാണ്.

റസിഡൻഷ്യൽ BUA-കളുടെ വിൽപന/ലാൻഡ് പാഴ്സലുകൾ മോർട്ട്ഗേജിംഗ് /മറ്റ് പ്രായോഗിക മാർഗ്ഗങ്ങൾ അല്ലെങ്കിൽ എംപവേർഡ് കമ്മിറ്റി തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടിന്റെ മൊത്തം ചെലവ് കണ്ടെത്തുന്നതാണ്.

വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വിശദമായ രൂപരേഖ എൻ.ബി.സി.സി. (ഇന്ത്യ) ലിമിറ്റഡ് തയ്യാറാക്കി എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതനുസരിച്ച് പദ്ധതിയുടെ നിർമ്മാണം രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതാണ്.

(സി) ഈ പദ്ധതിയുടെ പൂർത്തീകരണം ഹൗസിംഗ് ബോർഡിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് സഹായിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയിൽ 3,59,000 ച.അടി വിസ്തീർണ്ണമുള്ള വാണിജ്യ സമുച്ചയവും (ഓഫീസ് സ്പേസസ്, ബാങ്കിംഗ് ഹബ്ബ്, ഷോപ്പ്സ് എന്നിവ), 35,24,337 ച.അടി വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ കോംപ്ലക്സുകളും, ഇക്കോ ഫ്രണ്ട്‌ലി പാർക്കുകളും, 19,42,000 ച.അടി വിസ്തീർണ്ണമുള്ള പാർക്കിംഗ് ഫെസിലിറ്റിയും, ബാംബൂ ഫോറസ്റ്റിംഗും ഉൾപ്പെടുത്തിയിട്ടുണ്ട്. ഏകദേശം

2150 കോടി രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിൽനിന്നും കുറഞ്ഞത് 3650 കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. 3,59,000 ച.അടി വിസ്തീർണ്ണമുള്ള വാണിജ്യ സമുച്ചയത്തിൽനിന്നും ഭവനനിർമ്മാണ ബോർഡിന് വരുമാനം ലഭിക്കുന്ന രീതിയിലാണ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

(ഡി) ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളിൽ ഇത്തരം സംയുക്തസംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

*********

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച തുക

1(3218) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജക മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കെട്ടിടങ്ങൾ, നിരത്തുകൾ, പാലങ്ങൾ, മെയിന്റനൻസ് എന്നീ വിഭാഗങ്ങൾക്ക് അനുവദിച്ച പ്രവൃത്തികളുടേയും തുകയുടേയും വിശദ വിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുമോ?

നിരത്ത് പരിപാലന വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു

ദേശീയപാത വിഭാഗം

2016 മുതൽ നാളിതുവരെ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന് കീഴിൽ ആലത്തൂർ മണ്ഡലത്തിൽ CRIF പദ്ധതിയിൽ ഉൾപ്പെടുത്തി CRIF 2016-17 Improvement to Kuzhalmannam - Koduvayur road എന്ന പ്രവൃത്തി 2021 ൽ പൂർത്തികരിച്ചിട്ടുണ്ട്. (പദ്ധതി തുക 10 കോടി രൂപ)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>പാലങ്ങൾ</u>

പുന്നപ്പാടം മമ്പാട് ക്രോസ് വേയുടെ പുനർനിർമ്മാണ പ്രവൃത്തി (6.6 കോടി രൂപ) പ്രസ്തുത പ്രവൃത്തി 80 % പൂർത്തീകരിച്ചിട്ടുണ്ട്.

<u>കെട്ടിട വിഭാഗം</u>

അനുബന്ധമായി+ ചേർക്കുന്നു

<u>നിരത്ത് വിഭാഗം</u>

അനുബന്ധമായി+ ചേർക്കുന്നു

**വിവിധ മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന**

2(3219) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ഡോ. എം. കെ. മുനീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഗുണനിലവാര പരിശോധനയ്ക്കായി മൊബൈൽ ലാബുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ;

(എ&ബി) സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി 3 റീജിയണൽ ലബോറട്ടറികളും 11 ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. ഇതിനുപുറമെ 3 റീജിയണൽ ഓഫീസിനു കീഴിലുള്ള എല്ലാ ജില്ലകളിലേയും നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പിക്കാനായി 3 ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഈ സഞ്ചരിക്കുന്ന ലാബുകളിൽ ആധുനിക പരിശോധനാ സംവിധാനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആധുനികമായ നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് ഉപകരണങ്ങളായ റീബൗണ്ട് ഹാമർ, യു.പി.വി ടെസ്റ്റർ, റീബാർ ലൊക്കേറ്റർ എന്നിവ ഈ മൊബൈൽ ലാബിൽ സജ്ജമാക്കിയിട്ടുണ്ട്. ഇതുകൂടാതെ റോഡിന്റെ നിർമ്മാണത്തിൽ ഉപയോഗിക്കുന്ന ബിറ്റുമിന്റെ അളവ് കണ്ടെത്താനുള്ള ബിറ്റുമിൻ എക്സ്ട്രാക്ടർ, റോഡിന്റെ ഘനം കണ്ടെത്താൻ കോർകട്ടർ, നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള സീവ്

ഷെയ്ക്കർ, ഹോട്ട് എയർ ഓവൻ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. കോൺക്രീറ്റിന്റെ ഗുണനിലവാരം പരിശോധിക്കാനായി അത്യാധുനികമായ 300 ടൺ ശേഷിയുള്ള കംപ്രഷൻ ടെസ്റ്റിംഗ് മെഷീൻ വാഹനത്തിൽ സജ്ജമാക്കിയിട്ടുണ്ട്. സാമ്പിളുകൾ പരിശോധിക്കുന്നതിന് കൃത്യത ഉറപ്പാക്കാനായി ബാർകോഡ് സംവിധാനം കംപ്രഷൻ ടെസ്റ്റിംഗ് മെഷീനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓട്ടോമാറ്റിക്കായി സാമ്പിളുകളുടെ ഭാരവും അളവും കണക്കാക്കി സാമ്പിളിന്റെ ബലം എത്രയുണ്ടെന്ന് കണ്ടെത്താനുള്ള ഓട്ടോമാറ്റിക് കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വെള്ളം നിർമ്മാണത്തിന്റെ ഗുണനിലവാരത്തിൽ വളരെയധികം സ്വാധീനിക്കുന്നുയെന്നത് മനസ്സിലാക്കി വാട്ടർ ക്വാളിറ്റി അനലൈസർ സംവിധാനവും ഈ മൊബൈൽ ടെസ്റ്റിംഗ് ലാബിൽ സജ്ജമാണ്. ഇതിലൂടെ വെള്ളത്തിന്റെ pH, ക്ലോറൈഡ് അയോൺ സാന്ദ്രത മുതലായവ നിർണ്ണയിക്കാനാകും. സൈറ്റുകളിൽ പോയി സാമ്പിളുകൾ സ്വീകരിച്ച് വളരെ പെട്ടെന്നുതന്നെ ഗുണനിലവാര പരിശോധന ഫലം നൽകാൻ ഈ

മൊബൈൽ ലാബിനു കഴിയുന്ന രീതിയിലാണ് സജ്ജമാക്കിയിട്ടുള്ളത്. ചുറ്റുപാടും കാണാൻ കഴിയുന്ന രീതിയിലുള്ള നാല് ക്യാമറ സംവിധാനവും ലാബിനകത്ത് രണ്ട് ക്യാമറ സംവിധാനവും ഈ വാഹനത്തിൽ ലഭ്യമാണ്. ഇത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് നേരിട്ട് നിരീക്ഷിക്കാനും ക്യാമറ സംവിധാനം വഴി തന്നെ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുവാനും മൊബൈൽ ലബോറട്ടറി ടെക്നീഷ്യൻസും എൻജിനീയറുമായി ആശയവിനിമയം നടത്തുവാനും ഇതിലൂടെ സാധിക്കുന്നതാണ്. കൂടാതെ ഓരോ വാഹനവും എവിടെയാണ് എന്നുള്ളതിന്റെ ജിപിഎസ് അടിസ്ഥാനമാക്കിയുള്ള വിവരങ്ങളും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് നേരിട്ട് വിലയിരുത്താനുള്ള സംവിധാനങ്ങളും ഇതിൽ സജ്ജമാണ്. ലാബിന്റെ പ്രവർത്തനത്തിനുള്ള വൈദ്യുതിക്കായി മൊബൈൽ ലാബിൽ തന്നെ ജനറേറ്റർ സംവിധാനവും സൈറ്റിൽ നിന്ന് വൈദ്യുതിയെടുക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ പുതിയതായി കണ്ടെത്തുന്ന ആധുനികമായ ക്വാളിറ്റി ടെസ്റ്റ് ഉപകരണങ്ങൾ വരുംകാലങ്ങളിൽ ഇതിലേക്ക് കൂട്ടിച്ചേർക്കാവുന്ന രീതിയിലാണ് ഈ മൊബൈൽ ലാബിന്റെ

രൂപകൽപ്പന. നിലവിൽ ക്രമീകരിച്ചിട്ടുള്ള മൂന്ന് ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ കേരളത്തിന്റെ നോർത്ത്, സെൻട്രൽ, സൗത്ത് എന്നീ മേഖലകൾ കേന്ദ്രീകരിച്ച് അതാത് റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആൻഡ് ക്വാളിറ്റി കൺട്രോൾ ലാബുകളുടെ കീഴിൽ പ്രവർത്തിക്കും. നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിൽ കേവലം ഗുണനിലവാരം പരിശോധിക്കുന്നതിനപ്പുറം നിർമ്മാണത്തിന്റെ ഓരോ തലത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി വേണ്ട കുറവുകൾ പരിഹരിച്ച മുൻപോട്ടു പോകുകായെന്ന നയത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ ലബോറട്ടറികൾ പ്രവർത്തിക്കുക.

(സി) പ്രവൃത്തികൾക്ക് മതിയായ അളവിൽ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കാത്ത കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികളിൽ ഓരോ ഘട്ടത്തിലും ഗുണനിലവാര പരിശോധന നടത്തുകയും മതിയായ അളവുകളിൽ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും

ചെയ്യുന്നുണ്ട്. ആയതിൽ വ്യതിചലനമുണ്ടായാൽ കരാറുകാരനോട് ആയത് പരിഹരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു. ഗുരുതരമായ വീഴ്ചകൾ കണ്ടെത്തുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് നിർവ്വഹണ വിഭാഗങ്ങളെയും പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗത്തെയും അറിയിക്കുകയും കരാറുകാരനെതിരെ ബ്ലാക്ക് ലിസ്റ്റിംഗ് തുടങ്ങിയ ശിക്ഷണ നടപടികൾ വരെ സ്വീകരിക്കുകയും ചെയ്യുന്നു.

റോഡ് നിർമ്മാണത്തിന്റെ ഗുണമേന്മ ഉറപ്പാക്കാൻ വേണ്ടി പ്രവൃത്തികളിൽ ന്യൂനത പരിഹാര സാധ്യത കാലയളവ് (DLP) കൂടി ഉൾപ്പെടുത്തിയാണ് കരാർ വയ്ക്കുന്നത്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർ നിർമ്മിക്കുവാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

## ഉടുമ്പൻചോല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ

3(3220) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് അറ്റകുറ്റപ്പണി, റീ-ടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ, അഴുക്കുചാൽ നിർമ്മാണം എന്നിവ സംബന്ധിച്ച് നിലവിൽ ഏതൊക്കെ പ്രൊപ്പോസലുകളുണ്ടെന്നും അവയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി

4 (3221) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ; ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ;

(എ & ബി)

കെ.എസ്.റ്റി.പി

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.റ്റി.പി. നടപ്പിലാക്കുന്ന പ്രവൃത്തിയായ എരഞ്ഞിമാവ്-എടവണ്ണ റോഡിന്റെ 1.50 കി.മീ. ദൂരം മലപ്പുറം മണ്ഡലത്തിലൂടെയാണ് കടന്നു പോകുന്നത്.

എരഞ്ഞിമാവ്-എടവണ്ണ റോഡിന്റെ ആകെ നീളം 31.50 കി.മീ. ആണ്. കരാർ തുക 198.30 കോടി രൂപയാണ്. നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

നിരത്ത് പരിപാലന വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയപാത വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

അനുബന്ധമായി+ ചേർക്കുന്നു.

(സി) മൊറയൂർ-അരിമ്പ്ര-പൂക്കോട്ടൂർ റോഡിന്റെ ബി.എം.ബി.സി. പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

നിരത്ത് വിഭാഗം

മൊറയൂർ-അരിമ്പ്ര-പുക്കോട്ടൂർ റോഡ് ബി.എം. ബി.സി. പ്രവൃത്തി ചെയ്ത് നവീകരിക്കുന്നതിനായി 564.10 ലക്ഷം രൂപയുടെ ഭരണാനുമതി GO (Rt) No.

618/2023/PWD Dated: 17-05-2023 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇതുകൂടാതെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 7.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതാണ്.

**കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നടപടി**

5(3222) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ഫണ്ടുപയോഗിച്ച് വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ നിർമ്മാണത്തിലെ അപാകതകൾമൂലം തകരാറിലായത് പൊതുമരാമത്തു വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് ഇപ്രകാരം തകരാറിലായതെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിശോധനയോ പങ്കാളിത്തമോ

നിലവിലുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിനുകീഴിലെ റോഡ് പാലം പ്രവൃത്തികൾ സംബന്ധിച്ച് ഗുണനിലവാര പരിശോധന പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന നടത്താറുണ്ട്. KRFB-PMU വിന്റെ നിർദ്ദേശം അനുസരിച്ച് പ്രവൃത്തികളുടെ രണ്ടാംഘട്ട ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ വിഭാഗം വഴി നടപ്പിലാക്കുന്നുണ്ട്.

**ക്ലിഫ് ഹൗസിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

6(3223) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ക്ലിഫ് ഹൗസിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ഓരോ പ്രവൃത്തിയ്ക്കും എന്തു തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ബി) ഏത് ഏജൻസിയാണ് നിർമ്മാണം നടത്തിയതെന്നും

ഏതൊക്കെ ഇനങ്ങളിലാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ക്ലിഫ് ഹൗസിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, കരാറുകാർ ഓരോ പ്രവൃത്തിയ്ക്കും ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ**

7(3224) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും എത്ര തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ?

<u>നിരത്ത് വിഭാഗം</u> - അനുബന്ധമായി+ ചേർക്കുന്നു.

<u>നിരത്ത് പരിപാലന വിഭാഗം</u> - അനുബന്ധമായി+ ചേർക്കുന്നു.

<u>പാലങ്ങൾ</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>നടപ്പിലാക്കിയ പ്രവൃത്തികൾ</u>

1. കായംകുളം കായലിനു കുറുകെ നിർമ്മിച്ച കൂട്ടംവാതുക്കൽ കടവ് പാലം
   ഭരണാനുമതി തുക - 40 കോടി
   ചെലവായ തുക - 27,37,14,433 രൂപ

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുക കൂടി ഇനിയും ചെലവുവരും.

2. കരിപ്പുഴ തോടിനു കുറുകെയുള്ള പുനർ നിർമ്മിച്ച പാർക്ക് ജംഗ്ഷൻ പാലം
   ഭരണാനുമതി തുക - 5.46 കോടി
   ചെലവായ തുക - 3,76,41,691 രൂപ

പാലം വൈദ്യുതീകരണത്തിനായി 6,67,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്

<u>നടപ്പിലാക്കാനുള്ള പ്രവൃത്തികൾ</u>

1. കരിപ്പുഴ തോടിനുകുറുകെയുള്ള കന്നീസ്സ കടവ് പാലം പുനർനിർമ്മാണം
   ഭരണാനുമതി തുക - 1120 ലക്ഷം.

2. കരിപ്പുഴ തോടിന് കുറുകെയുള്ള കോയിക്കപ്പടി പാലം പുനർനിർമ്മാണം
   ഭരണാനുമതി തുക - 459.65 ലക്ഷം.

3. കരിപ്പുഴ തോടിന് കുറുകെയുള്ള മാർക്കറ്റ് പാലം പുനർനിർമ്മാണം ഭരണാനുമതി തുക - 645 ലക്ഷം.

## കെട്ടിട വിഭാഗം

പൂർത്തിയാക്കിയ പ്രവൃത്തി

ബഡ്ജറ്റ് പ്രവൃത്തി 2021-22-കായംകുളം കീരിക്കാട് യു.പി സ്കൂളിന് ഒന്നാം നിലയുടെ നിർമ്മാണം- തുക- 50 ലക്ഷം.

## പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ

1 കണ്ടല്ലൂർ പുതിയവിള ഗവൺമെന്റ് എൽ.പി സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം -തുക 10 ലക്ഷം-സാൻഡ് പൈലിംഗ് പ്രവൃത്തി പുരോഗമിക്കുന്നു. (10%)

2 ബഡ്ജറ്റ് പ്രവൃത്തി 2020-21-കായംകുളം കൃഷ്ണപുരം ശങ്കർ സ്മാരക മ്യൂസിയം ആൻഡ് കൾച്ചറൽ സെന്ററിൽ ചുറ്റുമതിലിന്റേയും പ്രവേശന കവാടത്തിന്റേയും നിർമ്മാണം -തുക 300 ലക്ഷം -ചുറ്റുമതിലിന്റെ പ്രവൃത്തി പുരോഗമിക്കുന്നു.(65%)

3. ബഡ്ജറ്റ് പ്രവൃത്തി 2020-21 -കായംകുളം എരുവ ഗവൺമെന്റ് എൽ.പി.ബി സ്കൂൾ പുതിയ കെട്ടിട നിർമ്മാണം - തുക 300 ലക്ഷം

4. ബഡ്ജറ്റ് പ്രവൃത്തി 2020-21- കൃഷ്ണപുരം യു.പി സ്കൂൾ പുതിയ കെട്ടിടനിർമ്മാണം - തുക 100 ലക്ഷം- അവസാനവട്ട പ്രവൃത്തി പുരോഗമിക്കുന്നു.(80%)

കെ.ആർ.എഫ്.ബി. (പി.എം.യു)

നിലവിൽ ഭാഗികമായി പൂർത്തീകരിച്ച റോഡ് പ്രവൃത്തിയാണ് ഭഗവതിപ്പടി കരീലകുളങ്ങര മല്ലികാട്ടു കടവ് റോഡ്. ടി പ്രവൃത്തി നടപ്പാക്കുന്നതിന് 10-07-2017 തീയതിയിലെ G.O (Rt) No. 942/2017/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 01-01-2018 തീയതിയിൽ കിഫ്ബിയുടെ 20.24 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. തുടർന്ന് M/s K.V. Jacob and Sons എന്ന കരാറുകാരൻ 25-06-2018 തീയതിയിൽ 19.10 കോടി രൂപയ്ക്ക് പ്രവൃത്തിയുടെ കരാറേറ്റെടുത്തു.

നിലവിൽ പ്രവൃത്തിയിൽ ഉൾപ്പെട്ട പത്തിയൂർ ബ്രിഡ്ജിന്റെയും അനുബന്ധ റോഡിന്റെയും നിർമ്മാണം ഒഴികെ മറ്റു പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. KSEB, KWA യൂട്ടിലിറ്റികൾ എന്നിവയുടെ നീക്കം ചെയ്യുന്നതിനുണ്ടായ കാലതാമസം കാരണം 29-10-2022 തീയതിയിൽ

കിഫ്ബി നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ടി കരാർ ഫോർ ക്ലോസ് ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് പത്തിയൂർ പാലത്തിന്റെ പുനർ നിർമ്മാണത്തിനായി 2,78,00,000 രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി 03-02-2024 തീയതിയിൽ ടെൻഡർ ചെയ്തിട്ടുണ്ട്.

ഡിസൈൻ

പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ**

8(3225) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊടുവായൂർ ബൈപാസ് റോഡ്, ഊട്ടറപാലം, ഊട്ടറ റെയിൽവെ മേൽപാലം എന്നീ പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

ആർ.ബി.ഡി.സി.കെ.

കൊടുവായൂർ ബൈപ്പാസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണം G.O. (Rt) No.1324/2016/PWD dated 27-09-2016 - പ്രകാരം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പഠനങ്ങളുടേയും സർവ്വേകളുടേയും അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും കിഫ്ബിയുടെ വിദഗ്ദ്ധ പരിശോധനകൾക്കുശേഷം 09-11-2018-ൽ 38.20 കോടി രൂപയുടെ അംഗീകാരം KIIFB order No.PWD-003-05-PA-01 dated 09-11-2018 പ്രകാരം ലഭിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. ജില്ലാ കളക്ടർക്ക് 15-01-2019-ൽ അർത്ഥനാപത്രം സമർപ്പിച്ചു. ഏറ്റെടുക്കേണ്ടതായിട്ടുള്ള ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും 29-01-2020-ൽ റവന്യൂ അധികാരികളുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. ഭൂമിയേറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുകയും ഇതിന്റെ ഭാഗമായ പൊതുയോഗത്തിൽ ഭൂവുടമകളുടെ

പരാതികൾക്ക് മറുപടി നൽകിയിട്ടുള്ളതുമാണ്. സാമൂഹ്യപ്രത്യാഘാത പഠനത്തിന്മേലുള്ള അന്തിമ റിപ്പോർട്ട് 25-06-2020-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. സ്ഥലമെടുപ്പ് തഹസിൽദാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ വിട്ടുപോയ സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തി പുതുക്കിയ അർത്ഥനാപത്രം 06-02-2021-ൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും പുതുക്കിയ റവന്യൂ വകുപ്പിന്റെ ഉത്തരവിനായി പ്രൊപ്പോസൽ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. വിട്ടുപോയ സർവ്വേ നമ്പറുകളിലുള്ള സ്ഥലമുടമകളെ കേൾക്കുന്നതിനായി എസ്.ഐ.എ. യൂണിറ്റായ YSSO 22-07-2022-ന് കൊടുവായൂർ പഞ്ചായത്ത് ഹാളിൽ പബ്ലിക് ഹിയറിംഗ് നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ 11(1) വിജ്ഞാപനം 30-09-2022-ന് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഭൂമിയേറ്റെടുക്കുന്നതിനുള്ള തുക ആവശ്യപ്പെട്ട് തഹസീൽദാർ കത്ത് നൽകുകയും ആയത് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ DVS നൽകാത്തതിനാൽ കിഫ്ബി ആയത് മടക്കുകയും ആ വിവരം തഹസിൽദാരെ അറിയിക്കുകയും എത്രയും വേഗം DVS സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഊട്ടറ റെയിൽവേ മേൽപ്പാലം. & ഊട്ടറ പുഴപ്പാലം

പാലക്കാട് ജില്ലയിലെ ഊട്ടറ പുഴപ്പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി G.0(Rt) No. 942/2017/PWD dated 10-07-2017 പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ ഡി.പി.ആർ, ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിക്കുകയും 11-02-2020-ന് കിഫ്ബി 10.61 കോടി രൂപ പുഴപ്പാലത്തിന്റെ നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുമായി അനുവദിക്കുകയും ചെയ്തു. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് 16-12-2020-ന് അർത്ഥനാപത്രം സമർപ്പിക്കുകയും G.O.(Rt) No. 282/2021/RD dated 27-01-2021 സർക്കാർ ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുകയും ചെയ്തു. പദ്ധതി പ്രദേശത്തിന്റെ അതിർത്തി കല്ലുകൾ സ്ഥാപിച്ച് 28-06-2021-ന് എൽ.എ.

ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. 22-10-2021-ന് 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 26-11-2021-ൽ ലാൻഡ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ട പ്രകാരം കണ്ടിജൻസി ചാർജ്ജ് റിലീസ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. സാമൂഹ്യപ്രത്യാഘാത പഠനത്തോടനുബന്ധിച്ചുള്ള പബ്ലിക് ഹിയറിംഗ് 20-12-2021-ൽ നടത്തുകയും 07-02-2022-ൽ വിദഗ്ധ സമിതി മീറ്റിംഗ് നടത്തുകയും ചെയ്തിട്ടുള്ളതാണ്. 18-06-2022-ൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും 02-11-2022-ൽ ജില്ലാ കളക്ടർ ബി.വി.ആർ.-ന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ എൽ.എ. കോസ്റ്റായി 7,55,82,602/- രൂപ 02-05-2023-ന് സ്പെഷ്യൽ തഹസിൽദാർ എൽ.എ. ക്ക് കൈമാറിയിട്ടുള്ളതാണ്. കൂടാതെ ജി.എ.ഡി. അപ്രൂവലുമായി ബന്ധപ്പെട്ട് റെയിൽവേ ആവശ്യപ്പെട്ട പ്രകാരം P&E ചാർജ്ജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 17-04-2023-ന് കിഫ്ബിക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലെ TUV കുറവായതിനാൽ TUV ഒരു ലക്ഷം എത്തിയതിനുശേഷം കോസ്റ്റ് ഷെയറിംഗിലുൾപ്പെടുത്തി എഫ്.എസ്-നും സമർപ്പിക്കാൻ കിഫ്ബി

അറിയിച്ച കത്ത് നൽകിയിട്ടുണ്ട്. ഊട്ടറ പുഴപ്പാലത്തിന് ആകെ 2 കക്ഷികളിൽ നിന്നും 5.13 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ടി കക്ഷികളിൽ നിന്നും നിലവിൽ മുൻകൂറായി സ്ഥലം വിട്ടുതരുന്നതിനുള്ള സമ്മതപത്രം ലഭിച്ചിട്ടുള്ളതാണ്. നിലവിൽ പാലങ്ങൾ ഡിസൈൻ & ബിൽഡ് രീതിയിലാണ് ടെണ്ടർ ക്ഷണിച്ചു വരുന്നത്. എന്നാൽ 02-12-2022-ലെ G.O.(Ms) No. 34/2022/PWD ഉത്തരവിൽ G.O.(P) No. 30/2016/fin dated 29-02-2016 പ്രകാരം ഐറ്റം റേറ്റ് രീതിയിൽ ടെണ്ടർ ക്ഷണിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് പദ്ധതി ഡിസൈൻ ചെയ്യുകയും ആയതിന് IIT പ്രൂഫ് ചെക്ക് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കിയശേഷം ഡിസൈൻ സഹിതം സാങ്കേതികാനുമതിക്കായി ബന്ധപ്പെട്ട കമ്മിറ്റി മുമ്പാകെ 27-12-2023-ന് സമർപ്പിക്കുകയും 08-02-2024-ന് സാങ്കേതികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

പാലങ്ങൾ

നെന്മാറ നിയോജക മണ്ഡലത്തിലെ ഊട്ടറ പാലം പൊതുമരാമത്ത്

ബഡ്ജറ്റ് സ്പീച്ച് 2017-18-ലെ പുനർനിർമാണം നടത്തേണ്ട പാലങ്ങളിൽ ഉൾപ്പെടുത്തുകയും 10-07-2017 തീയതിയിലെ G.O (Rt).942/2017/PWD നമ്പർ കത്ത് പ്രകാരം KIIFB പദ്ധതിയിലെ 69 പാലങ്ങളും ഫ്ലൈ ഓവറുകളും വിഭാഗത്തിൽ സർക്കാർ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ SPV ആയി RBDCK 'യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

നിലവിലുള്ള പാലത്തിനു മുകളിൽ കുഴി രൂപപ്പെട്ടതിനാൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ 50 ലക്ഷം രൂപയുടെ താൽകാലിക അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ചെറു വാഹനങ്ങൾ പോകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളെന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ;

ആർ.ബി.ഡി.സി.കെ

കൊടുവായൂർ ബൈപ്പസ് നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-ക്ക് കൈമാറിയാൽ മാത്രമേ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയൂ. ഊട്ടറ പുഴപ്പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് 08-02-2024-ന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.

ആയതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഊട്ടറ മേൽപ്പാലത്തിന് കിഫ്ബിയിൽ നിന്ന് ഫിനാൻഷ്യൽ അനുമതി ലഭ്യമായിട്ടില്ല. നിലവിൽ ഊട്ടറ റെയിൽവേ ക്രോസിലെ ട്രെയിൻ വെഹിക്കിൾ യൂണിറ്റ് (TVU) 96,148 ആണ്. ആയത് ഒരു ലക്ഷം എത്തിയാൽ പദ്ധതി കോസ്റ്റ് ഷെയറിങ്ങിലുൾപ്പെടുത്താൻ റെയിൽവേയോട് നിർദ്ദേശിക്കാവുന്നതാണ്. ആയതിനുശേഷം financial sanction സമർപ്പിക്കാൻ ആവശ്യപ്പെട്ട് കിഫ്ബി കത്ത് നൽകിയിട്ടുള്ളതാണ്.

(സി) ഈ പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഊട്ടറ മേൽപ്പാലത്തിന് കിഫ്ബിയിൽ നിന്ന് ഫിനാൻഷ്യൽ അനുമതി ലഭ്യമായിട്ടില്ല. നിലവിൽ ഊട്ടറ റെയിൽവേ ക്രോസ്സിലെ ട്രെയിൻ വെഹിക്കിൾ യൂണിറ്റ് (TVU) 96,148 ആണ്. ആയത് ഒരു ലക്ഷമെത്തിയാൽ പദ്ധതി കോസ്റ്റ് ഷെയറിങ്ങിൽ ഉൾപ്പെടുത്താൻ റെയിൽവേയോട് നിർദ്ദേശിക്കാവുന്നതാണ്. ആയതിനുശേഷം financial sanction സമർപ്പിക്കാൻ ആവശ്യപ്പെട്ട് കിഫ്ബി കത്ത് നൽകിയിട്ടുള്ളതാണ്.

**പൊതുമരാമത്ത് വകുപ്പിനുവേണ്ടി സ്ഥലം നൽകിയവർക്ക് പണം നൽകുന്നതിന് നടപടി**

9 (3226) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുവേണ്ടി സ്ഥലമേറ്റെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട ഫയലുകൾ നിലവിലേത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

കൊണ്ടോട്ടി മണ്ഡലത്തിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി പഴയ കോഴിക്കോട്-പാലക്കാട് റോഡ് വീതികൂട്ടുന്നതിനും ഫറോഖ് കോളേജ് വാഴക്കാട് ഊർക്കടവിൽ വളവ് നിവർത്തി ബൈപ്പാസ് നിർമ്മിക്കുന്നതിനുമായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലുകളാണ് നിലവിലുള്ളത്. ഫറോഖ് കോളേജ് വാഴക്കാട് റോഡിനും പഴയ കോഴിക്കോട് പാലക്കാട് റോഡിനും പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ച ഫയലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) എളമരം കടവ് പാലത്തിനുവേണ്ടി എളമരം ഭാഗത്ത് സ്ഥലം വിട്ട് നൽകിയവർക്ക് തുക നൽകുന്നതിനുവേണ്ടിയുള്ള ഡി/542/18/പി.ഡബ്ല്യൂ.ഡി.

നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

ഡി/542/18/പി.ഡബ്ല്യൂ.ഡി. ഫയലിൽ ഭരണാനുമതി നൽകിക്കൊണ്ട് 31-01-2023-ൽ GO (Rt)89/2023/PWD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കൊണ്ടോട്ടി ടൗണിൽ പഴയങ്ങാടിയിൽ ഓൾഡ് പാലക്കാട്-കോഴിക്കോട് റോഡിന്റെ പാർശ്വഭാഗം വീതി കൂട്ടുന്നതിനുവേണ്ടി സ്ഥലം വിട്ട് നൽകിയവർക്ക് തുക നൽകുന്നതിനുവേണ്ടിയുള്ള എ 2/5097/19/പി.ഡബ്ല്യൂ.ഡി. നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

കൊണ്ടോട്ടി മണ്ഡലത്തിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി പഴയ കോഴിക്കോട്-പാലക്കാട് റോഡ് വീതികൂട്ടുന്നതിനും ഫറോഖ് കോളേജ് വാഴക്കാട് ഊർക്കടവിൽ വളവ് നിവർത്തി ബൈപ്പാസ് നിർമ്മിക്കുന്നതിനുമായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലുകളാണ് നിലവിലുള്ളത്. ഫറോഖ് കോളേജ് വാഴക്കാട് റോഡിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനും പഴയ കോഴിക്കോട് പാലക്കാട് റോഡിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുമുള്ള ഫയലുകൾ സർക്കാരിന്റെ

പരിഗണനയിലാണ്.

പൊതുമരാമത്ത് (എ) വകുപ്പിൽ എ 2/5097/19/പൊമവ എന്ന ഫയൽ നിലവിലില്ല.

(ഡി) വാഴക്കാട്-ഫറോഖ് കോളേജ് റോഡിൽ ഊർക്കടവ് വളവ് നിവർത്തുന്നതിനും റോഡ് വികസനത്തിനും സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള ഭരണാനുമതി പുതുക്കുന്നതിനുള്ള പി.ഡബ്ല്യു.ഡി./ജി3/59/2018 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

വാഴക്കാട്-ഫറോഖ് കോളേജ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രവൃത്തിയ്ക്ക് നല്കിയ ഭരണാനുമതി ഉത്തരവ് കാലഹരണപ്പെട്ട സാഹചര്യത്തിൽ ഭൂമിയേറ്റെടുക്കലിനും കുഴിക്കൂറുകളുടെയും, നിർമ്മിതികളുടെയും നഷ്ടപരിഹാരം, പുനരധിവാസം എന്നിവയടക്കം വേണ്ടുന്ന തുകകൾ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിയ്ക്കായി DSR 2018 അടിസ്ഥാനമാക്കി തയ്യാറാക്കിയ പുതുക്കിയ ഭരണാനുമതി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലം**

10(3227) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലം തിട്ടപ്പെടുത്തുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് തിട്ടപ്പെടുത്താൻ കഴിയാത്തതെന്ന് അറിയിക്കാമോ;

(എ & ബി) റവന്യൂ വകുപ്പിന്റെ സഹായത്തോടെ നിലവിലുള്ള റവന്യൂ രേഖകൾ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പുറമ്പോക്ക് ഭൂമിയുടെ അതിരുകൾ താലൂക്ക് സർവ്വേയർമാരുടെ സഹായത്തോടുകൂടി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് സംരക്ഷിച്ചു വരുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലങ്ങൾ ഭാഗികമായി മാത്രമേ അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളൂ. ഇവ പൂർണ്ണമായും

അളന്ന് തിട്ടപ്പെടുത്തുന്നത് ശ്രമകരമായ ജോലിയാണ്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ മാത്രമേ പൂർണ്ണതോതിൽ റോഡ് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. താലൂക്ക് സർവ്വേയറുടെ സേവനം കൃത്യസമയത്ത് ലഭ്യമാവുകയാണെങ്കിൽ പുറമ്പോക്ക് സ്ഥലങ്ങൾ പൂർണ്ണമായും തിട്ടപ്പെടുത്താവുന്നതാണ്.

(സി) പുറമ്പോക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുമ്പോൾ ചെറുകിട വഴിയോര കച്ചവടക്കാരുടെ വിഷയങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

പുനരധിവാസത്തിന് തുക വകയിരുത്തുന്ന റോഡ് നവീകരണ പ്രവൃത്തികളിൽ ധനസഹായം നല്കുവാൻ നടപടി സ്വീകരിക്കാറുണ്ട്.

(ഡി) പിറവം നിയോജക മണ്ഡലത്തിൽ റോഡ് പുറമ്പോക്ക് സ്ഥലങ്ങൾ എവിടെയെല്ലാമാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കെ.എസ്.റ്റി.പി.

ആരക്കുന്നം - ആമ്പല്ലൂർ റോഡിലെ പുറമ്പോക്ക് സ്ഥലങ്ങൾ

എവിടെയെല്ലാമാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തെ പ്രവൃത്തിയായ കുമരകം - നെടുമ്പാശ്ശേരി റോഡിൽ 3 കി.മീ ദൂരത്തിൽ പുറമ്പോക്ക് സ്ഥലങ്ങൾ തിട്ടപ്പെടുത്തുകയും ബാക്കിയുള്ളവയുടെ ജോലി പുരോഗമിക്കുകയും ചെയ്യുന്നു.

നിരത്ത് വിഭാഗം

പിറവം നിയോജകമണ്ഡലത്തിൽ പിറവം ടൗണിൽ നിലവിൽ 28 കയ്യേറ്റക്കാരുടെ പട്ടിക റവന്യൂ വകുപ്പ് അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിൽ പുതുതായി പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകൾ**

11 (3228) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുതുതായി പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകൾ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.സാമാജികർ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലെടുത്തിട്ടുള്ള തുടർ നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽ ഒരു

വർക്ക് സ്റ്റഡി നടത്തുവാൻ ഐ.എം.ജി-യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഐ.എം.ജി-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതിയും ഉത്തരവിന്റെ ഫയൽ നമ്പരും ലഭ്യമാക്കുമോ?

(എ–സി) പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണം സംബന്ധിച്ച് ഒരു പ്രവൃത്തി പഠനം നടത്തുവാൻ ഐ.എം.ജി-യെ ചുമതലപ്പെടുത്തിയിരുന്നു. മലപ്പുറം ജില്ലയിൽ പുതുതായി പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകൾ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.സാമാജികർ നൽകിയ നിവേദനങ്ങൾ പ്രസ്തുത പ്രവൃത്തി പഠനത്തിനായി ഐ.എം.ജി-യ്ക്ക് കൈമാറി നൽകിയിരുന്നു. ഐ.എം.ജി പ്രവൃത്തി പഠനം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് വകുപ്പിൽ പുതിയ ഓഫീസുകൾ

ആരംഭിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**അഴീക്കോട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

12(3229) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ നൽകാമോ?

കെ.ആർ.എഫ്.ബി - പി.എം.യു

1. അഴിക്കോട് മണ്ഡലത്തിലുൾപ്പെടുന്ന മീൻകുന്നു മുതൽ ചാൽ ബീച്ച് വരെയുള്ള 3.6 കി. മീ. ദൂരം തീരദേശ ഹൈവേയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള പദ്ധതിരേഖ തയ്യാറായിട്ടുണ്ട്. ഇതിന്റെ ഭാഗമായ സ്ഥലമേറ്റെടുക്കുന്നതിനുള്ള 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹികാഘാത പഠനം നടന്നു വരുന്നു.

2. അഴിക്കോട് മണ്ഡലത്തിൽ ഉൾപ്പെടുന്ന പയ്യാമ്പലം മുതൽ നീർക്കടവ് (ചാൽ ബീച്ച്) വരെയുള്ള 4.5 കി.മീ ദൂരം തീരദേശ ഹൈവേയിൽ

ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള പദ്ധതിരേഖ തയ്യാറായിട്ടുണ്ട്. ഈ റോഡിന്റെ അലൈൻമെന്റ് NATPAC ആണ് വിഭാവനം ചെയ്തത്.

3. നാറാത്ത് - കല്ലുരിക്കടവ് പാലം - അഴിക്കോട് -PPU മുഖേനയാണ് ഈ പദ്ധതിയുടെ DPR തയ്യാറാക്കുന്നത്. പാലവും ഇരുവശത്തുമുള്ള അനുബന്ധറോഡുകളും ഇതിലുൾപ്പെടുന്നു.

**സർവ്വീസ് റോഡ് അനുവദിക്കുന്നതിനുള്ള ആവശ്യം**

13(3230) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലം റോഡ്, കൈതകായൽ റോഡ് തുടങ്ങിയ റോഡുകൾക്ക് സർവ്വീസ് റോഡ് അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് വാടാനപ്പള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) വാടാനപ്പള്ളി പഞ്ചായത്ത് പരിധിയിലെ മേൽപ്പറഞ്ഞ

റോഡുകൾക്ക് സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി എടുക്കുമോ, വിശദാംശങ്ങൾ നൽകാമോ?

(എ-സി) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദേശീയപാത 66-ന്റെ താഴെപറയുന്ന ചെയിനേജുകളിൽ ഇരുഭാഗത്തും സർവ്വീസ് റോഡുകളുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

i) ചെയിനേജ് 360+940 മുതൽ 361+700 വരെ

ii) ചെയിനേജ് 363+780 മുതൽ 365+060 വരെ

iii) ചെയിനേജ് 366+210 മുതൽ 366+982 വരെ

ചെയിനേജ് 361+700 മുതൽ 363+780 വരെ 2080 മീറ്റർ ദൂരത്തിലും ചെയിനേജ് 365+060 മുതൽ 366+210 വരെ 1150 മീറ്റർ ദൂരത്തിലും ഇരുവശത്തേക്കുമുള്ള 2 വരിപ്പാതയായി സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ സാങ്കേതികമായി നിർമ്മാണം സാധ്യമല്ലായെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

സർവ്വീസ് റോഡുകൾ കൂടാതെ ദേശീയപാത മുറിച്ച് കടക്കുന്നതിന് ഒരു

ഫ്ലൈഓവർ, 2 വെഹിക്കുലാർ അണ്ടർ പാസുകൾ, 1 Small Vehicular Underpass, 26 ബോക്സ് കൾവർട്ടുകൾ എന്നിവ ഈ ഭാഗത്ത് നൽകിയിട്ടുണ്ട്. കൂടാതെ ചെയിനേജ് 365+150 (പുളിയംതുരുത്ത് ക്രോസ് റോഡ്), 365+820 (തളിക്കുളം - പുലമ്പുഴക്കടവ് ക്രോസ് റോഡ്) എന്നീ ഭാഗങ്ങളിൽ അധികമായി SVUP (Small Vehicular Under Pass) അനുവദിച്ചിട്ടുള്ളതിനാൽ ദേശീയപാത സുഗമമായി മുറിച്ചു കടക്കുവാൻ സാധിക്കും. അതിനാൽ സർവ്വീസ് റോഡ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനങ്ങളിൽ മറ്റുനടപടികൾ സ്വീകരിക്കേണ്ടതില്ലായെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**വികസനത്തിന് സ്ഥലമേറ്റെടുപ്പിന്റെ നിലവിലെ സ്ഥിതി**

14(3231) **ശ്രീ. അഹമ്മദ് ദേവർകോവിൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ ബഡ്ജറ്റിലുൾപ്പെട്ട കോവൂർ-ചൊന്നാംതൊടിത്താഴം-എം.എൽ.എ. റോഡ് വികസനത്തിനായുള്ള

സ്ഥലമേറ്റെടുപ്പിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

2023-24 ബഡ്ജറ്റിലുൾപ്പെട്ട കോവൂർ-ചെന്നാംതൊടിത്താഴം-എം.എൽ.എ. റോഡ് വികസനത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നു വരുന്നു. അലൈൻമെന്റ് അംഗീകരിച്ചതിനുശേഷം സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ബി.സി. റോഡ് കോയവളപ്പ് മുതൽ കോതിപാലം വരെയുള്ള തീരദേശ ഹൈവേയുടെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

തീരദേശ ഹൈവേയിലുൾപ്പെട്ട കോഴിക്കോട് ജില്ലയിലെ ബി.സി റോഡ് മുതൽ കോതിപാലം വരെയുള്ള പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിന് 22-08-2023-ന് 86.24 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ അനുമതി 25-10-2023-ന് ലഭിച്ചിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനായി 12 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയതിൻ പ്രകാരം പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 50 ലക്ഷം രൂപ

കിഫ്ബിയിൽനിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മാങ്കാവ് ജംഗ്ഷൻ മേൽപ്പാല നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

മാങ്കാവ് ജംഗ്ഷൻ മേൽപ്പാലം നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി.

(ഡി) നഗരത്തിലെ കല്ലുത്താൻ കടവ്പാലം-എ.കെ.ജി ഓവർബ്രിഡ്ജ് എന്നിവയുടെ നവീകരണത്തിന്റെ സ്ഥിതി വ്യക്തമാക്കാമോ?

കല്ലുത്താൻ കടവ് പാലം പുനരുദ്ധാരണ പ്രവൃത്തി 6 മാസകാലാവധിയോടെ M/s. സ്ട്രക്ച്ചറൽ സ്പെഷ്യാലിറ്റീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡെന്ന സ്ഥാപനമേറ്റെടുക്കുകയും 24-11-2023 തീയതിയിൽ പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 25% പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എ.കെ.ജി ഫ്ലൈഓവർ പുനരുദ്ധാരണ പ്രവൃത്തി 6 മാസകാലാവധിയോടെ M/s. സ്ട്രക്ച്ചറൽ സ്പെഷ്യാലിറ്റീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡെന്ന സ്ഥാപനം ഏറ്റെടുക്കുകയും 15-11-2023 തീയതിയിൽ പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 30% പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**യു.എൽ.സി.സി.എസ്സ്. മുഖേനയുള്ള പ്രവൃത്തികൾ**

15(3232) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിൽ നിന്നും യു.എൽ.സി.സി.എസ്സ്.-ന് എത്ര തുകയുടെ പ്രവൃത്തികളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ യു.എൽ.സി.സി.എസ്സ്.-ന് ലഭിച്ച പ്രവൃത്തികളിൽ എൽ 1 കരാറുകാരൻ അല്ലാതിരുന്നിട്ടും 10 ശതമാനത്തിൽ താഴെയോ അതിന് തുല്യമോ ആയ തുകയുടെ അടിസ്ഥാനത്തിൽ യു.എൽ.സി.സി.എസ്സ്.-ന് മുൻഗണന നൽകിയതുകൊണ്ട് എത്ര പ്രവൃത്തികൾ ലഭിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തിയിലും എൽ 1 കരാറുകാരനും യു.എൽ.സി.സി.എസ്സ്.യും തമ്മിലുള്ള വ്യത്യാസം എന്താണെന്നും എൽ 1 ലേലക്കാർക്ക് പകരം യു.എൽ.സി.സി.എസ്സ്.-ന് ജോലികൾ നൽകിയതിനാലുണ്ടായ അധിക ചെലവ് എന്താണെന്നും പട്ടിക തിരിച്ച്

കണക്ക് ലഭ്യമാക്കുമോ?

(എ–സി) വിവരം ശേഖരിച്ചു വരുന്നു.

**പൂഞ്ഞാർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

16(3233) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൂഞ്ഞാർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ടി കാലയളവിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(സി) ടി കാലയളവിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ലഭ്യമായ ഭരണാനുമതികളുടെ അടിസ്ഥാനത്തിൽ പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച

വിശദാംശം വ്യക്തമാക്കുമോ?

(എ-ഡി) <u>കെ.ആർ.എഫ്.ബി - പി.എം.യു</u>

ഈ സർക്കാരിന്റെ കാലയളവിൽ, പൂഞ്ഞാർ മണ്ഡലത്തിൽ, കിഫ്ബി പദ്ധതിയിൽ നിലവിൽ ഒരു പ്രവർത്തിക്കായാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. മലയോര ഹൈവേ പ്ലാച്ചേരി മുതൽ കരിങ്കൽമൂഴി (Ch: 0/000 to 7/350 km) വരെയുള്ള ഭാഗമാണ് കിഫ്ബി പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്.

മലയോര ഹൈവേ പദ്ധതിയിലുൾപ്പെട്ട പ്ലാച്ചേരി മുതൽ കരിങ്കൽമൂഴി വരെയുള്ള പാതയുടെ നവീകരണ പദ്ധതികൾക്കായി 10-07-2017-ലെ G.O (Rt.)No.942/2017/PWD പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിക്കുകയും 20-03-2022-ലെ ഉത്തരവ് നമ്പർ: PWD013-30/APR-2/2022 KIIFB പ്രകാരം 33.19 കോടി സാമ്പത്തിക അനുമതിയും 23-05-2022-ലെ ഉത്തരവ് നമ്പർ PWD/KR/EST_TS/3771/2022_5_1 പ്രകാരം 34.60 കോടി സാങ്കേതിക അനുമതിയും ലഭിച്ചിട്ടുള്ളതാണ്.

ഭരണാനുമതി ലഭിച്ച മലയോര ഹൈവേ പ്ലാച്ചേരി മുതൽ കരിങ്കൽമൂഴി വരെയുള്ള നവീകരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. നിലവിൽ 12 മീറ്റർ

വീതിയുള്ള റോഡ് നവീകരണത്തിനായാണ് സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളത്. 12 മീറ്റർ വീതിയിൽ റോഡ് വികസനം നടത്തുന്നതിനായി അധികഭൂമി ലഭ്യമാക്കേണ്ടതുണ്ട്. മലയോരഹൈവേ പദ്ധതിയിൽ ഫ്രീസറണ്ടർ മുഖേനയാണ് ഭൂമി ലഭ്യത ഉറപ്പ് വരുത്തുന്നത്. എന്നാൽ പ്ലാച്ചേരി മുതൽ കരിങ്കല്ലുമൂഴി വരെയുള്ള റോഡിൽ കനകപ്പാലം ഭാഗത്ത് ഫ്രീസറണ്ടർ മുഖേന ഭൂമി ലഭിക്കുന്നതിൽ ബുദ്ധിമുട്ടുണ്ട്. ഇവിടെ നിലവിൽ ഒരു കോളനിയാണുള്ളത്. ഭൂമി വിട്ടുനൽകുമ്പോൾ വീടുകളുൾപ്പെടെ ഏകദേശം 44 ചമയങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. ഈ വിഷയത്തിൽ ബഹു. പൂഞ്ഞാർ MLA യും ആശങ്ക അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി പ്രദേശവാസികളുമായി ഒരു ചർച്ച സംഘടിപ്പിക്കുന്നതിന് 27-01-2024-ൽ നടന്ന CMT യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ റോഡിലുടനീളം പലഭാഗത്തും 3 മുതൽ 6 വരെ ഉയരത്തിൽ സംരക്ഷണഭിത്തി നൽകേണ്ടതായി വരുന്നുണ്ട്. ഇത്തരം നിർമ്മിതികളുടെ ഫൗണ്ടേഷൻ ഉൾകൊള്ളുന്നതിന് RoW 12 മീറ്റർ കൂടാതെ ഭൂമി ആവശ്യമായി വരുന്നുണ്ട്. ഇത്തരത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് കട്ടിംഗ് സൈഡിൽ

അധികമായി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പല വീടുകളുടെയും നിലനിൽപ്പിനെ ബാധിക്കുന്നതായികാണുന്നു. ഈ ഭാഗത്ത് മണ്ണിടിഞ്ഞ് അപകടങ്ങൾക്കും സാധ്യതയുണ്ട്. 12 മീറ്റർ പദ്ധതി റോഡ് വികസിപ്പിക്കുമ്പോൾ പല വീടുകളിലേക്കും ആവശ്യമായ ഗ്രേഡിയന്റിൽ പ്രവേശനമാർഗ്ഗം നൽകുന്നതിനും സ്ഥലം ലഭ്യമല്ലാതെ വരും. പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റിൽ മേൽപറഞ്ഞ ന്യൂനതകൾ പരിഹരിക്കുന്നതിനും സൗജന്യമായി ഭൂമി വിട്ടുകിട്ടുന്നതിലുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിനും കിഫ്ബിയുടെ ഇ.എസ്.ജി വിഭാഗത്തിൽ നിന്നും വേണ്ട നടപടിക്കായുള്ള തുടർപ്രവർത്തനങ്ങൾ നടന്നു വരുന്നു.

**കോങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ**

17 (3234) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോങ്ങാട് നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും ചെലവഴിക്കുന്ന തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ & ബി)

നിരത്ത് പരിപാലന വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി -പി.എം.യു

കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഓടനൂർ പാലം.

2. എഴുത്തുംപാറ പാലം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. ചിറക്കൽപടി കാഞ്ഞിരപ്പുഴ റോഡ് കിലോമീറ്റർ 0/000 മുതൽ 8/000 വരെ -ബാലൻസ് വർക്ക്.

4. കോങ്ങാട് മണ്ണാർക്കാട് ടിപ്പുസുൽത്താൻ റോഡ് കിമീ 0/000 മുതൽ 16/990 വരെ.

5. പറളി പാലം

6. കമ്പ ചാലിക്കടവ് പാലം

ചെലവഴിക്കുന്ന തുകയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ വിഭാഗം

പൂർത്തികരിച്ച പ്രവൃത്തികൾ (നടപ്പിലാക്കിയ പദ്ധതികൾ )

1. മീൻവല്ലം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി
2. കോൽപാടം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി.
3. കണ്ണോട് കുണ്ടുകണ്ടം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി.
4. മാങ്ങോട് ഒലിപ്പാറ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി
5. പാലക്കാട് പൊന്നാനി റോഡിൽ പറളി പാലത്തിനു മുകളിലും അപ്രോച്ച് റോഡിലും ടാറിങ് പ്രവൃത്തി.
6. മാമ്പുഴ,മണിക്കശ്ശേരി പാലങ്ങളുടെ ഗണയിറ്റിങ് പ്രവൃത്തി.
7. ഓടന്നൂർ സത്രംകാവ് പാലങ്ങളുടെ ഹാൻഡ് റെയിൽ നവീകരണ പ്രവൃത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ച പ്രവൃത്തികൾ (നടപ്പിലാക്കുന്നതുമായ പദ്ധതി)

1. മൂന്നാം തോട് പാലം നിർമ്മാണം

2. ഒലിപ്പാറ പാലം നിർമ്മാണം

3. പറളി പാലത്തിന്റെ ഗണയിറ്റിങ് പ്രവൃത്തി. ചെലവഴിക്കുന്ന തുകയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി+ ചേർക്കുന്നു.

**നബാർഡ് ഫണ്ട്**

18(3235) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നബാർഡ് ഫണ്ടിലുൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നടന്നു വരുന്ന പ്രവൃത്തികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ;

(എ&ബി) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നബാർഡ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫണ്ടിലുൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഒരു റോഡ് പ്രവൃത്തി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എഗ്രിമെന്റ് നമ്പർ | ഭരണാനുമതി തുക (ലക്ഷം) | വിശദാംശം |
|---|---|---|---|---|
| 1. | Nabard - Nabard RIDF Tranche XXIX - 2023-24 - Improvements and BM & BC work to Anakallu Pookkayam Malakallu Road between km 5/500 to 7/800 in Kanhangad Constituency- General Civil Work | SE(K) 133/2023-24 dated 11-01-2024 | 500 | കരാർ ഉടമ്പടി ഒപ്പുവച്ചു |

കാഞ്ഞിരപ്പൊയിൽ ഗവ. ഹൈസ്കൂളിന് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് 200.00 ലക്ഷം രൂപയ്ക്ക് GO(Rt)No. 1472/2020/Gen Edn dated 16-04-2020 പ്രകാരം ഭരണാനുമതി നൽകി പ്രവൃത്തി 20-08-2021-ന് ആരംഭിച്ച് 31-05-2023-ന് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) നബാർഡ് ഫണ്ടിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെങ്കിലും പദ്ധതി പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

GWHS പാണത്തൂർ സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിക്കുള്ള രൂപരേഖ തയ്യാറാക്കി വരുന്നു.

**മങ്കട മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

19(3236) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ മങ്കട മണ്ഡലത്തിൽ പൊതുമരാമത്ത് (നിരത്തുകൾ), (പാലങ്ങൾ), (കെട്ടിടങ്ങൾ) (നാഷണൽ ഹൈവേ) എന്നീ വിഭാഗങ്ങൾ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ വിഭാഗം, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

പാലങ്ങൾ

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനു കീഴിൽ കുറുവ - കീരംകുണ്ട്പാലം 2022-ൽ പൂർത്തീകരിച്ചു. ചെലവഴിച്ച തുക 2,69,46,181.25/- രൂപ.

ദേശീയപാത വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>കെട്ടിട വിഭാഗം</u>

അനുബന്ധമായി+ ചേർക്കുന്നു.

**ദീപാലങ്കാരങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയിലുൾപ്പെടുത്തിയ പാലങ്ങൾ**

20(3237) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പാലങ്ങളെ ദീപാലങ്കാരങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് വിശദമാക്കാമോ;

ദീപാലങ്കാരങ്ങൾ സ്ഥാപിക്കുന്നതിനായി പാലങ്ങൾ വിഭാഗം നിരാക്ഷേപ പത്രം നൽകാറുണ്ട്. ഫറോക്ക് പഴയ പാലത്തിൽ അലങ്കാര ദീപങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. ആലുവ നടപ്പാലം, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന് സമീപമുള്ള ഫ്ലൈ ഓവർ എന്നിവയിൽ ദീപാലങ്കാരം സ്ഥാപിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. മുക്കം കടവ് പാലം ദീപാലങ്കാരം നടത്തുന്നതിന് പരിശോധന നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗമാണ് ഡിസൈൻ/എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്.

(ബി) ഗുരുവായൂർ മേൽപ്പാലത്തിന്റെ അടിഭാഗത്ത് വയോജനങ്ങൾക്കും കുട്ടികൾക്കുമുള്ള പാർക്കുകൾ കളിസ്ഥലങ്ങൾ, പാർക്കിംഗ് എന്നിവ നടപ്പാക്കുന്നതിന് നപടപടികൾ സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

**കുഴിച്ച റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കാത്തതിന് നടപടി**

21(3238) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾ അറ്റകുറ്റപ്പണികൾക്കും നിർമ്മാണ പ്രവൃത്തികൾക്കുമായി റോഡുകൾ കുഴിച്ച ശേഷം പൂർവ്വ സ്ഥിതിയിലാക്കാത്തതിനാൽ സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റോഡുകളിലുണ്ടായ കുഴികളിൽ വീണ് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്രപേർക്ക് പരിക്കേൽക്കുകയും മരണം സംഭവിക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ എല്ലാ സംഭവങ്ങളിലും കുറ്റക്കാരായ കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര

കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; എത്ര കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; കരാറുകാരുടെയും കരാർ കമ്പനിയുടെയും പേരും വിശദാംശവും ലഭ്യമാക്കുമോ?

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

**കൊയിലാണ്ടി മണ്ഡലത്തിലെ പദ്ധതികൾ**

22(3239) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തുകയും പിന്നീട് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചതുമായ കൊയിലാണ്ടി മണ്ഡലത്തിലെ പദ്ധതികൾക്ക് ഇതുവരെ ഭരണാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

(എ&ബി) മേലടി സി.എച്ച്.സി പുതിയ കെട്ടിടം - 300 ലക്ഷം രൂപ (2021- 2022 ബഡ്ജറ്റിൽ vol II. Page No. 2. Sl. No. 174 ബഡ്ജറ്റ്

പ്രൊവിഷൻ 60 ലക്ഷം രൂപ) എന്ന പ്രവൃത്തിക്കായി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്നും CE/BL/PL3/KKD/20504/2022-23-1-1 dated 30-12-2022-നം കത്ത് പ്രകാരം ഹെൽത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. ഭരണാനുമതി ലഭ്യമായിട്ടില്ല.

സബ് ട്രഷറി കൊയിലാണ്ടി പുതിയ കെട്ടിട നിർമ്മാണം- 200 ലക്ഷം രൂപ (2021- 2022 ബഡ്ജറ്റിൽ Vol 11, page 66, Sl. No. 119, ബഡ്ജറ്റ് പ്രൊവിഷൻ 40 ലക്ഷം രൂപ) എന്ന പ്രവൃത്തിക്കായി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്നും CE/BL/PL3/KKD/2005/2022-23-1-1 dated 20-05-2023-നം കത്ത് പ്രകാരം ഭരണാനുമതിക്കായി ട്രഷറി ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നു. ഭരണാനുമതി ലഭ്യമായിട്ടില്ല.

**കുളിമാട് പാലവും പരിസരവും ഉൾപ്പെടുന്ന പ്രവൃത്തികൾ**

23(3240) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളിമാട് പാലത്തിന്റെ കീഴ്ഭാഗത്ത് നിലവിലുള്ള ഒരേക്കറിൽ അധികമുള്ള സ്ഥലത്ത് വയോജന പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ

പദ്ധതി തയ്യാറാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കളൻതോട് കുളിമാട് റോഡിന്റെ സംഗമ സ്ഥലമായ കുളിമാട് പാലവും പരിസരവും റോഡ് പ്രവൃത്തിയുടെ ഭാഗമായി നവീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) കിഫ്ബി പദ്ധതിയിൽ കെ.ആർ.എഫ്.ബി. - പി.എം.യു. മുഖേന നിർമ്മാണം പുരോഗമിക്കുന്ന കള്ളൻതോട് കുളിമാട് റോഡ് പ്രവൃത്തിയുടെ ഭാഗമായി കുളിമാട് പാലവും പരിസരവും നവീകരിക്കുന്നതിനുള്ള പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ മണാശ്ശേരി കുളിമാട് റോഡിന്റെ കുളിമാട് ജംഗ്ഷനോടനുബന്ധിച്ചുള്ള (Ch 5/537 മുതൽ 5/937 വരെയുള്ള) 400 മീറ്റർ റോഡ് പ്രവൃത്തിക്കുവേണ്ടി 9 കോടി രൂപയുടെ ഒരു അഡീഷണൽ എസ്റ്റിമേറ്റ് കിഫ്ബിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

**റോഡുകളുടെ ഈടും സുരക്ഷയും**

24(3241) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റോഡിൽ മഴവെള്ളം കൃത്യമായ രീതിയിൽ നിർമാർജ്ജനം ചെയ്യാൻ കഴിയാത്തതു കാരണം റോഡ് തകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി വിഷയത്തിൽ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ മഴവെള്ളത്തിന്റെ സുഗമമായ നിർഗ്ഗമനത്തിനാവശ്യമായ ഓടകളും കലുങ്കുകളും റോഡിന്റെ നിരപ്പിനനുസരിച്ചാണ് നിർമ്മിക്കുന്നത്. നിലവിൽ റോഡിൽ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് ഓടകളും കലുങ്കുകളും നിർമ്മിച്ച് ഇത് പരിഹരിക്കുന്നതാണ്. ഇത്തരത്തിൽ കാനകളോ കലുങ്കുകളോ നിർമ്മിക്കുന്നതിന് പ്രായോഗികമായി തടസ്സങ്ങളുള്ള സ്ഥലങ്ങളിൽ വെള്ളക്കെട്ടിന്റെ പ്രശ്നം പരിഹരിയ്ക്കുന്നതിനായി റോഡ് നിർമ്മാണത്തിനായി പൂട്ടുകട്ടകൾ ഉപയോഗിയ്ക്കുന്ന രീതിയും അനുവർത്തിച്ചു വരുന്നു. നിലവിലുള്ള ഓടകളും കലുങ്കുകളും വൃത്തിയാക്കി ജലനിർഗ്ഗമനം സുഗമമാക്കുന്നതിനായി പ്രീ-മൺസൂൺ പ്രവൃത്തിയിലും റണ്ണിംഗ് കോൺട്രാക്ട്

പ്രവൃത്തിയിലും ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) വകുപ്പിനുകീഴിലുള്ള റോഡിലെ ബ്ലാക്ക് സ്പോട്ട് അഥവാ അപകട സാധ്യത കൂടിയ സ്ഥലങ്ങളിലെ അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

അപകടം നടക്കുന്ന സ്ഥലങ്ങളിൽ തുടർന്നും അപകടങ്ങൾ ഒഴിവാക്കുന്നതിനായി പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സംയുക്ത സ്ഥല പരിശോധന നടത്തി റോഡിലെ അപകടകാരണമാകുന്ന വിഷയങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് ആവശ്യമായുള്ള നടപടികൾ ഫണ്ട് ലഭ്യതയനുസരിച്ച് സ്വീകരിച്ചുവരുന്നു. ആക്സിഡന്റ് ബ്ലാക്ക് സ്പോട്ടുകളിൽ അടിയന്തര സുരക്ഷാ മുൻകരുതൽ പ്രവൃത്തികൾ (Immediate Cautionary Measures) നടപ്പിലാക്കി അപകട തീവ്രത കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സുസ്ഥിര സുരക്ഷ പ്രവൃത്തികൾ (Short Term Measures) സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ നടപ്പിലാക്കി ബ്ലാക്ക് സ്പോട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

അപകട സാധ്യത കൂടിയ സ്ഥലങ്ങളിൽ ശാസ്ത്രീയ റോഡ് നിർമ്മാണ

രീതികൾ അവലംബിച്ചുകൊണ്ട് റോഡ് സുരക്ഷാസംവിധാനങ്ങൾ ശക്തിപ്പെടുത്തിയും വേഗത നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി രേഖപ്പെടുത്തിയും റോഡിന് അപകടങ്ങളുടെ തോത് കുറയ്ക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

കൂടാതെ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകളിൽ ബ്ലാക്ക് സ്പോട്ട് ഒഴിവാക്കുന്നതിനുവേണ്ടി sign boards, solar blinkers, chevrons, delineates, rumble strip തുടങ്ങിയ temporary rectification പ്രവൃത്തികളും ചെയ്ത് റോഡ് അപകടരഹിതമാക്കാറുണ്ട്.

(സി) വാട്ടർ പൈപ്പ്ലൈൻ, ടെലികോം ലൈൻ തുടങ്ങിയ പ്രവൃത്തികൾക്കായി ബി.എം. ആൻഡ് ബി.സി. നിലവാരത്തിലുള്ള റോഡുകൾ നിരന്തരം പൊളിക്കുന്നത് സൃഷ്ടിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ റോഡ് നിർമ്മാണത്തിൽ യൂട്ടിലിറ്റി കോറിഡോറെന്ന ആശയം നടപ്പിൽ വരുത്തുന്നതിനായി വകുപ്പിന് മുൻകയ്യെടുത്ത് നടത്താവുന്ന നടപടികൾ വിശദീകരിക്കാമോ?

കെ.ആർ.എഫ്.ബി-സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി

നിർമ്മിക്കുന്ന റോഡുകളിൽ പ്രത്യേകം യൂട്ടിലിറ്റി ഡക്ടുകൾ നിർമ്മിച്ച് മുകളിലൂടെയുള്ള ഇലക്ട്രിക് ലൈനുകൾ റോഡിന് അടിയിലൂടെ കടത്തി വിടുന്നു. കൂടാതെ വാട്ടർ ലൈൻ റോഡിന് എക്സ്ട്രീം എന്റിലൂടെയും ക്രമീകരിക്കുന്നതിലൂടെ നിരന്തരമായുള്ള റോഡ് വെട്ടിപ്പൊളിക്കൽ ഒഴിവാക്കാൻ സാധിക്കുന്നു.

ദേശീയപാതയെ രണ്ടു വരി പേവ്ഡ് ഷോൾഡറോടുകൂടി വകസിപ്പിക്കുന്നതിനുള്ള DPR study നടക്കുന്നതിൽ കേബിൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പേസ്/യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പി.ഡബ്ല്യൂ.ഡി. മൊബൈൽ ആപ്**

25(3242) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ് പി.ഡബ്ല്യൂ.ഡി. ഫോർ യൂ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; നാളിതുവരെ എത്ര പരാതികൾ ലഭിച്ചു; എത്ര എണ്ണം പരിഹരിച്ചു; എത്ര എണ്ണം

പരിഹരിക്കാനുണ്ട്; കാരണം വ്യക്തമാക്കുമോ; പ്രസ്തുത ആപ്പ് നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നാളിതുവരെ എത്ര തുക ചെലവഴിച്ചു?

പി.ഡബ്ല്യു.ഡി. ഫോർ യൂ ആപ്പ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. നാളിതുവരെ 33455 പരാതികൾ ലഭിച്ചു. ഇതിൽ 22496 പരാതികൾ പൂർണ്ണമായും പരിഹരിച്ചു. 10949 പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചില പരാതികൾ മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ടതാണ്. ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികൾ സംബന്ധിച്ച പരാതികൾ ഘട്ടം ഘട്ടമായാണ് പരിഹരിച്ചു വരുന്നത്. Supply, Installation, Testing and Commissioning of a Web based Software System for Road Maintenance Management System for the Kerala Public works Department എന്ന പദ്ധതിയിലുൾപ്പെട്ട എട്ട് Task കളിൽ ഒരു ടാസ്ക് ആയാണ് പ്രസ്തുത ആപ്പ് വികസിപ്പിച്ചത്.

**അരുവിക്കര നിയോജക മണ്ഡലത്തിലെ റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി**

26(3243) <u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ ബി എം &ബി സി നിലവാരത്തിലേയ്ക്ക് ഇനി ഉയർത്തേണ്ട റോഡുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത റോഡുകളുടെ നീളവും പ്രതീക്ഷിത ചെലവും വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**തൃശ്ശൂർ ജില്ലയിലെ റോഡുകളുടെ നിർമ്മാണ പുരോഗതി**

27(3244) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കുറ്റിപ്പുറം റോഡിന്റെയും കൊടുങ്ങല്ലൂർ-തൃശ്ശൂർ റോഡിന്റെയും നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പാക്കേജ് 3 പദ്ധതിയിലുൾപ്പെടുത്തി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ടി.പി. നടപ്പിലാക്കുന്ന കൊടുങ്ങല്ലൂർ–ഷൊർണ്ണൂർ റോഡിന്റെ പുനരുദ്ധാരണം 30 ശതമാനവും തൃശ്ശൂർ – കുറ്റിപ്പുറം റോഡിന്റെ പുനരുദ്ധാരണം 21 ശതമാനവും നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്.

(ബി) റീബിൽഡ് കേരളയിലുൾപ്പെട്ട പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തികളുടെ മന്ദഗതിയിലുള്ള പോക്ക് ഗതാഗത കുരുക്കും യാത്രാ ദുരിതവുമുണ്ടാക്കുന്നതിനാൽ ആയതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

പ്രവൃത്തി നടക്കുന്ന ഭാഗങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റേയും പോലീസ് ഉദ്യോഗസ്ഥരുടേയും സഹായത്തോടെ നിലവിലെ ഗതാഗതം ഒറ്റവരിയാക്കി മറു ഭാഗത്തെ ഗതാഗതം സമീപറോഡുകളിലൂടെ തിരിച്ചു വിട്ട് ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**റോഡിന്റെ പേരുമാറ്റത്തിനുള്ള നടപടികൾ**

28(3245) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ തലയോലപ്പറമ്പിൽ നിന്നും കുത്താട്ടുകുളത്തിനുപോകുന്ന റോഡിന്റെ മുത്തോലിപുരം മൃഗാശുപത്രി ജംഗ്ഷനിൽ നിന്നും 2.2 കിലോ മീറ്റർ ദൂരത്തിൽ ആച്ചിക്കൽ ഭാഗത്ത് ഉദയഗിരി പള്ളിക്കു സമീപം എം.സി റോഡിലേക്ക് ചേരുന്ന പി. ഡബ്ല്യൂ. ഡി. റോഡിന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ റോഡെന്ന് നാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

ടി റോഡിന്റ നാമകരണം സംബന്ധിച്ച് നൽകിയ നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) റോഡിന്റെ പേരുമാറ്റം സംബന്ധിച്ച് ചീഫ് എഞ്ചിനീയർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിലുണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

(ബി&സി) ഈ വിഷയത്തിന്മേൽ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ 08-02-2024-ൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ റിപ്പോർട്ട് 13-02-2024-ൽ ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ കാലതാമസമുണ്ടായിട്ടില്ല.

**തൊടുപുഴ മാരിയിൽ കലുങ്ക് പാലം അപ്രോച്ച് റോഡ് നിർമ്മാണം**

29(3246) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മാരിയിൽ കലുങ്ക് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്ന നടപടികൾ ഏതുഘട്ടത്തിലാണ്;

ഇടുക്കി ജില്ലയിലെ മാരിയിൽ കലുങ്ക് പാലത്തിന്റെ പുനർ

നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിൽ ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരമുള്ള വ്യക്തതകൾ വരുത്തി പുനഃസമർപ്പിക്കുവാൻ 07-02-2024-ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ (പാലങ്ങൾ) വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി കൈക്കൊള്ളുമോ?

മാരിയിൽ കലുങ്ക് പാലത്തിന് 2 അപ്രോച്ച് റോഡുകൾ നിർമ്മിക്കേണ്ടതായുണ്ട്. ഇതിൽ തൊടുപുഴ ഭാഗത്തെ നിർമ്മാണ പ്രവൃത്തി MLA ADS ഫണ്ട് ഉപയോഗിച്ച് പുരോഗതിയിലാണ്. റീവർക്ക് ചെയ്ത പ്രൊപ്പോസൽ ലഭ്യമാക്കി ഭരണാനുമതി നൽകുന്ന മുറയ്ക്ക് കാഞ്ഞിരമറ്റം ഭാഗത്തെ അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയും.

**തൊടുപുഴ റിവർ വ്യൂ റോഡ് നിർമ്മാണം**

30(3247) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ റിവർ വ്യൂ റോഡ് (വെങ്ങല്ലൂർ-പാപ്പൂട്ടിഹാൾ)

വികസനത്തിനായി അവശേഷിക്കുന്ന ഭൂമി ഏറ്റെടുക്കുന്ന നടപടി ഏതു ഘട്ടം വരെയായി; ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കാൻ നടപടി കൈക്കൊള്ളുമോ;

തൊടുപുഴ പാപ്പൂട്ടിഹാൾ - വെങ്ങല്ലൂർ റിവർവ്യൂ റോഡിന്റെ നിർമ്മാണത്തിനായി അവശേഷിക്കുന്ന 56-ാം മത്തെ പ്ലോട്ട് ഏറ്റെടുക്കുന്നതിനായി ടി സ്ഥലത്തിന്റെയും അതിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെയും വിലയായ 29,73,741/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) റോഡ് വികസനത്തിനായി ഏറ്റെടുത്ത ഭൂമി മുഴുവൻ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളുമോ?

(ബി & സി) ഏറ്റെടുത്ത ഭൂമി മുഴുവൻ ഉപയോഗപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് 56-ാം മത്തെ പ്ലോട്ടേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി. അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ

കഴിയുന്നതാണ്.

**കടുത്തുരുത്തി വടക്കംകൂർ ബൈപ്പാസ്**

31(3248) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കടുത്തുരുത്തി വടക്കംകൂർ ബൈപ്പാസിന്റെ അലൈൻമെന്റ് പുതുക്കി ഉത്തരവിറക്കുന്നത് സംബന്ധിച്ച് 05-09-2023-ൽ ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കടുത്തുരുത്തി ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ആവിഷ്കരിച്ച വടക്കംകൂർ ബൈപ്പാസ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(സി) കടുത്തുരുത്തി വടക്കംകൂർ ബൈപ്പാസിന്റെ അലൈൻമെന്റ് പുതുക്കി ഉത്തരവിറക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(എ-സി) വടക്കുംകൂർ ബൈപ്പാസിന്റെ അലൈൻമെന്റ് പുതുക്കി പുതിയ

അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തിക്ക് ചീഫ് എഞ്ചിനീയർ നിരത്ത് വിഭാഗം ഭരണാനുമതി നൽകിയിട്ടുള്ളതും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അനുമതിക്ക് നൽകുന്നതാണ്.

(ഡി) കട്ടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസിനുവേണ്ടി സർക്കാർ ഉത്തരവുപ്രകാരം 2008-2009 കാലഘട്ടത്തിൽ ഏഴ് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും ഇപ്പോഴും വിനിയോഗിക്കാവുന്ന വിധത്തിൽ നിലനിൽക്കുന്നതുമായ തുക പുതിയ അലൈൻമെന്റ് പ്രകാരമുള്ള പ്രവൃത്തിക്ക് വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ;

കട്ടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസിന് 830 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 34.3 ലക്ഷം രൂപയുടെ പ്രവൃത്തി Part TS നൽകി ക്രമീകരിച്ചിരുന്നു. നിലവിൽ 2009-ൽ ഭരണാനുമതി നൽകിയ ശേഷം നിരവധി തവണ ഷെഡ്യൂൾ നിരക്ക് വ്യത്യാസം വരികയും സ്ഥലത്തിന്റെ വിലയിൽ ഗണ്യമായ മാറ്റമുണ്ടാവുകയും ചെയ്തിട്ടുണ്ട്. ആയവ കൂടി കണക്കിലെടുത്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ

ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

(ഇ) പുതിയ അലൈൻമെന്റ് പ്രകാരം കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസ് പദ്ധതി കടുത്തുരുത്തി ടൗൺ കണക്റ്റിംഗ് റോഡ് വികസന പദ്ധതിയെന്ന് മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പിറവം കടുത്തുരുത്തി റോഡിൽ അലരി ജംഗ്ഷനിൽ നിന്നാരംഭിച്ച് കടുത്തുരുത്തി ടൗൺ ഒഴിവാക്കി ഏറ്റുമാനൂർ എറണാകുളം റോഡിൽ മുട്ടുചിറ ജംഗ്ഷനോട് ചേർന്ന് വരുന്ന രീതിയിലായിരുന്നു വടക്കുംകൂർ ബൈപ്പാസ് വിഭാവനം ചെയ്തിരുന്നത്. നിലവിൽ കടുത്തുരുത്തി ടൗൺ കണക്ടിംഗ് റോഡ് വികസന പദ്ധതിയെന്ന രീതിയിൽ ബഹു.കടുത്തുരുത്തി എംഎൽഎ CMT Meeting ൽ നിർദ്ദശിച്ചിട്ടുണ്ട്. ഇതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒരോടം പാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണം**

32(3249) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ ഒരോടം പാലം-വൈലോങ്ങര

ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഫണ്ടിംഗ് അനുമതി ലഭിച്ചതിനെ തുടർന്ന് പ്രവൃത്തി നടപ്പിലാക്കുന്നതിന് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

ഒരോടം പാലം-വൈലോങ്ങര ബൈപ്പാസ് പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഡി.പി.ആർ-ന് കിഫ്ബി 22-05-2023-ന് അംഗീകാരം നൽകി. തുടർന്ന് പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് 29-05-2022-ന് അർത്ഥനാ പത്രം നൽകി, ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 4(1) വിജ്ഞാപനം 16-12-2023-ന് പുറത്തിറക്കി, 07-02-2024-ന് SIA Public hearing പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിനുശേഷം സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള ടെണ്ടർ

നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിനുശേഷം സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**കൂത്തുപറമ്പ് മണ്ഡലത്തിന് സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ നിന്നും ധനസഹായം**

33 (3250) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ നിന്നും ധനസഹായത്തിനായി 2023-24-ൽ സമർപ്പിച്ച നിർദ്ദേശങ്ങളിൽ നിന്നും

ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എ & ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നുള്ള The Central Road Fund Act, 2000 ഉം അതിന്റെ ഭേദഗതികളിലും നൽകിയിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും ധനസഹായത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത്. പ്രസ്തുത ആക്ടിലെ Section 7 പ്രകാരം inter state connectivity യും സാമ്പത്തിക പ്രാധാന്യവുമുള്ള സ്റ്റേറ്റ് റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. ഡീ നോട്ടിഫൈ ചെയ്ത ദേശീയപാതകൾ, ദേശീയപാതയായി മാറ്റാൻ സാധ്യതയുള്ള റോഡുകൾ, അന്തർ സംസ്ഥാന റോഡുകൾ, ദേശീയപാത ബൈപ്പാസുകൾ, സാമ്പത്തിക പ്രാധാന്യമുള്ള റോഡുകളുടെ സുരക്ഷയ്ക്കും, ട്രാഫിക് കുറക്കുന്നതിനുമായി രണ്ടു ദേശീയപാതകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ മുതലായവക്ക് ഈ ഫണ്ടുപയോഗിക്കാം. റോഡ് സേഫ്റ്റി വർക്കുകൾ, ആർ.ഒ.ബി./ ആർ.യു.ബി,

പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് മുൻഗണനയുണ്ടായിരിക്കും. ഇതിലുൾപ്പെടുത്തുന്ന റോഡുകൾക്കു 10 കി.മീ. നീളമെങ്കിലുമുണ്ടായിരിക്കണം.

(സി) കൂത്തുപറമ്പ് മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾ പ്രസ്തുത നിർദ്ദേശങ്ങളിലുൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കുമോ?

സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും ധനസഹായത്തിനായി 2023-24 സാമ്പത്തിക വർഷത്തിലേക്കായി സമർപ്പിച്ച നിർദ്ദേശങ്ങളിൽ കൂത്തുപറമ്പ് മണ്ഡലത്തിൽ നിന്നുള്ള പ്രവൃത്തികളുൾപ്പെട്ടിട്ടില്ല.

**വാടാനപ്പള്ളി പഞ്ചായത്ത് പരിധിയിലെ സർവ്വീസ് റോഡ് നിർമ്മാണം**

34(3251) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ 7, 9, 10, 11, 12 എന്നീ വാർഡുകളിലൂടെ കടന്ന് പോകുന്ന എൻ.എച്ച് 66-ന്റെ ഇരുവശത്തുമുള്ളവർക്ക് സഞ്ചരിക്കുന്നതിനോ പഞ്ചായത്ത് റോഡിലേക്ക് പ്രവേശിക്കുന്നതിനോ സർവ്വീസ് റോഡില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ 7, 9, 10, 11, 12 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്ന ദേശീയപാത 66 ന്റെ താഴെപറയുന്ന ചെയിനേജുകളിൽ ഇരുഭാഗത്തും സർവീസ് റോഡുകൾ സംബന്ധിച്ച് ദേശീയപാത അതോറിറ്റി നൽകിയ മറുപടി താഴെ കൊടുക്കുന്നു.

i) ചെയിനേജ് 360+940 മുതൽ 361+700 വരെ 760 m

ii) ചെയിനേജ് 363+780 മുതൽ 365+060 വരെ 1280 m

iii) ചെയിനേജ് 366+210 മുതൽ 366+982 വരെ 772 m സർവീസ് റോഡ് നിലവിലുണ്ട്.

ചെയിനേജ് 361+700 മുതൽ 363+780 വരെ 2080 മീറ്റർ ദൂരത്തിലും ചെയിനേജ് 365+060 മുതൽ 366+210 വരെ 1150 മീറ്റർ ദൂരത്തിലും ഇരുവശത്തേക്കുമുള്ള 2 വരിപ്പാതയായി സർവീസ് റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ സാങ്കേതികമായി നിർമ്മാണം സാധ്യമല്ലായെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) ഏങ്ങണ്ടിയൂരിലെയും വാടാനപ്പാള്ളിയിലെയും ജനങ്ങൾ ഉപയോഗിച്ച് വരുന്ന പി.ഡബ്ല്യു.ഡി. റോഡായ ഈസ്റ്റ് ടിപ്പു സുൽത്താൻ

റോഡ് 350 മുതൽ 650 വരെ ചെയിൻ നമ്പരിൽ ബൈപ്പാസ് കടന്ന് പോകുന്നിടത്ത് അടിപ്പാതയോ മൈനർ ജംഗ്ഷനോ അനുവദിക്കുക വാടാനപ്പള്ളി പഞ്ചായത്തിലെ ഉപ്പുപടന്ന റോഡ്, ശാരദ ഫാർമസി റോഡ്, മേപ്പങ്ങാട് അമ്പലം റോഡ്, കൈത കായൽ റോഡ് തുടങ്ങിയ റോഡുകൾക്ക് സർവ്വീസ് റോഡ് അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) വാടാനപ്പള്ളി പഞ്ചായത്ത് പരിധിയിലെ മേൽപ്പറഞ്ഞ റോഡുകൾക്ക് സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി എടുക്കുമോ; വിശദാംശം നൽകാമോ?

(ബി-ഡി) സർവീസ് റോഡുകൾ കൂടാതെ ദേശീയപാത മുറിച്ച് കടക്കുന്നതിന് ഒരു ഫ്ലൈഓവർ, 2 വെഹിക്കുലാർ അണ്ടർ പാസുകൾ, 1 Small Vehicular Underpass, 26 ബോക്സ് കൾവർട്ടുകൾ എന്നിവ ഈ ഭാഗത്ത്

നൽകിയിട്ടുണ്ടെന്നാണ് NHAI നൽകിയ മറുപടി. കൂടാതെ ചെയിനേജ് 365+150 (പുളിയംതുരുത്ത് ക്രോസ് റോഡ്), 365+820 (തളിക്കുളം - പുലമ്പുഴക്കടവ് ക്രോസ് റോഡ്) എന്നീ ഭാഗങ്ങളിൽ അധികമായി SVUP (Small Vehicular Under Pass) അനുവദിച്ചിട്ടുള്ളതിനാൽ ടിപ്പുസുൽത്താൻ റോഡിലേക്ക് തടസ്സമില്ലാതെ സഞ്ചരിക്കാൻ സാധിക്കും. അതിനാൽ സർവീസ് റോഡ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനങ്ങളിൽ മറ്റ് നടപടികൾ സ്വീകരിക്കേണ്ടി വരുന്നില്ലായെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ റോഡുകൾ ബി.എം./ബി.സി. നിലവാരത്തിൽ നവീകരിക്കാൻ നടപടി**

35(3252) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡല പരിധിയിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ എത്ര കിലോമീറ്റർ റോഡാണ് നിലവിലുള്ളത് അറിയിക്കാമോ;

പയ്യന്നൂർ മണ്ഡല പരിധിയിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ

252.181 കീ.മീ റോഡാണ് നിലവിലുള്ളത്.

(ബി) ഇതിൽ എത്ര കിലോമീറ്റർ റോഡാണ് ബി.എം,ബി.സി നിലവാരത്തിൽ നവീകരിച്ചിട്ടുള്ളതെന്നും, എത്ര കിലോമീറ്റർ റോഡാണ് ബി.എം,ബി.സി നിലവാരത്തിൽ നവീകരിക്കാൻ ബാക്കിയുള്ളതെന്നും വ്യക്തമാക്കാമോ;

178.300 കീ.മീ റോഡ് ബി.എം, ബി.സി നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്. 73.881 കീ.മീ റോഡ് ബി.എം, ബി.സി നിലവാരത്തിൽ നവീകരിക്കാൻ ബാക്കിയുണ്ട്.

(സി) ബി.എം, ബി.സി നിലവാരത്തിൽ നവീകരിക്കാൻ ബാക്കിയുള്ള റോഡുകൾ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ ആവശ്യമായ നടപടികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; അറിയിക്കാമോ?

പരിശോധിക്കാം.

**കുറ്റ്യാടി നിയോജകമണ്ഡലത്തിൽ മഴക്കാലപൂർവ്വ റോഡ് പുനരുദ്ധാരണം**

36 (3253) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ മഴക്കാലത്തിനു മുൻപായി നടത്താൻ ഉദ്ദേശിക്കുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കുറ്റ്യാടി നിയോജക മണ്ഡലത്തിൽ മഴക്കാലത്തിനു മുൻപായി നടത്താൻ ഉദ്ദേശിക്കുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1) വട്ടോളി പാതിരിപ്പറ്റ റോഡ് കി.മീ 0/000 മുതൽ 3/250 വരെ.

2) പൊക്ലാരത്ത് താഴെ മാണിക്കോത്ത് താഴെ പള്ളിയത്ത് റോഡ് കി.മീ 2/700 മുതൽ 4/300 വരെ.

3) വില്ല്യാപ്പള്ളി ആയഞ്ചേരി റോഡ് കി.മീ 1/650 മുതൽ 4/000 വരെ.

4) വില്ല്യാപ്പള്ളി ചെമ്മരത്തൂർ റോഡ് കി.മീ 0/000 മുതൽ 1/800 വരെ.

**ആലുവ-മൂന്നാർ രാജപാതയുടെ പുനരുദ്ധാരണം**

37(3254) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ രാജപാതയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാതയുടെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഇൻവെസ്റ്റിഗേഷനുവേണ്ടിയുള്ള നിരാക്ഷേപപത്രം അനുവദിക്കുന്നതിനായി മലയാറ്റൂർ, മൂന്നാർ, മാങ്കുളം എന്നീ ഫോറസ്റ്റ് ഡിവിഷനുകളെ സമീപിച്ചപ്പോൾ ഓൾഡ് ആലുവ മൂന്നാർ (രാജപാത) നിർമ്മാണത്തിനായി പരാമർശിച്ചിരിക്കുന്ന സ്ഥലം 1985-ലെ റിസർവ് നോട്ടിഫിക്കേഷൻ പ്രകാരം മലയാറ്റൂർ ഇടിയറ നോട്ടിഫൈഡ് റിസർവ് വനത്തിന്റെ ഭാഗമായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണെന്നും അനധികൃത പ്രവേശനം, കയ്യേറ്റം, വനനശീകരണം എന്നിവ തടഞ്ഞ് കേരള വന നിയമം 1961, ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980, മറ്റ് വനനിയമങ്ങൾ എന്നിവ പ്രകാരം സംരക്ഷിച്ച് പരിപാലിച്ച് വരുന്ന റിസർവ്

വനത്തിനുള്ളിലാണെന്നും കൂടാതെ റിസർവ് നോട്ടിഫിക്കേഷനിൽ മേൽ പറഞ്ഞ റോഡിനെക്കുറിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ലെന്നും പൊതുമരാമത്തു വകുപ്പിന്റെ ആവശ്യ പ്രകാരം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനുവദിച്ചാൽ സസ്യ ജന്തുജാലങ്ങളുടെ നാശത്തിനിടയാവുകയും ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം സംഭവിക്കുകയും ചെയ്യുമെന്നും ഇതുസംബന്ധിച്ച് WP(C)No. 25663/2020 നമ്പർ കേസ് നിലവിൽ തീർപ്പാക്കാതെ കോടതിയുടെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ സംരക്ഷിത വനത്തിന്റെ ആവാസ വ്യവസ്ഥയെ ബാധിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേക്ക് ഇൻവെസ്റ്റിഗേഷന്റെ ഭാഗമായി നിരാക്ഷേപസാക്ഷ്യപത്രം അനുവദിക്കുന്നത് പരിഗണിക്കാനാവില്ലായെന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ അറിയിച്ചിട്ടുണ്ട്.

**മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണ പ്രവൃത്തി**

38(3255) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണത്തിനായുള്ള ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ നടപടികൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

മഞ്ചേരി ഒലിപ്പുഴ റോഡുപ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽ നിന്ന് 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിരുന്നു. ഇതിൽ ഭൂമിയേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഭൂമിയേറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്ന് 19-01-2021-ൽ അനുമതി ലഭിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുപ്പിനുള്ള സർവ്വേ അതിരടയാള നിയമ പ്രകാരമുള്ള 6(1) നോട്ടിഫിക്കേഷൻ 09-06-2022 തീയതിയിൽ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭൂമിയേറ്റെടുപ്പിനായുള്ള കണ്ടിജൻസി ചാർജ് മലപ്പുറം കിഫ്ബി എൽ.എ തഹസിൽദാർ യൂണിറ്റ് 2 ന് കൈമാറിയിട്ടുണ്ട്. NATPAC സമർപ്പിച്ച LA പ്ലാൻ / അലൈൻമെന്റുപ്രകാരം റോഡ് പ്രവൃത്തിക്കാവശ്യമായ വീതിയിൽ സ്ഥലമേറ്റെടുക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിച്ച് റവന്യൂ വകുപ്പിന് സ്കെച്ച് സമർപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. തുടർന്ന് റവന്യൂ വകുപ്പ് മുഖാന്തരം RFCT LARR ആക്ട് 2013 ചട്ടങ്ങൾക്ക് വിധേയമായി സ്ഥലമേറ്റെടുപ്പ്

നടപടികൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് കരുതുന്നു.

(ബി) റോഡിനായി സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾ പൊളിക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) റോഡ് നിർമ്മാണത്തിനായി സ്വകാര്യ വ്യക്തികളുടെ എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്; അവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

(ബി&സി) NATPAC തയ്യാറാക്കിയ അലൈൻമെന്റ്പ്രകാരം റോഡിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുപ്രകാരമുള്ള LA സ്കെച്ച് തയ്യാറാക്കുന്ന പ്രവൃത്തിയാണിപ്പോൾ പുരോഗമിക്കുന്നത്. LA സ്കെച്ച് തയ്യാറാക്കുന്നതിനായി FMB സ്കെച്ച് 31-01-2024 തീയ്യതിയിൽ ലഭ്യമായിട്ടുണ്ട്. FMB സ്കെച്ച് സൂപ്പർ ഇംപോസ് ചെയ്യുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഈ സ്കെച്ച് പൂർത്തിയായതിനുശേഷം മാത്രമേ ഏതൊക്കെ വില്ലേജുകളിലെ ഏതൊക്കെ സർവ്വേ നമ്പറുകളിൽ നിന്ന് സ്വകാര്യ വ്യക്തികളുടെ എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും കെട്ടിടങ്ങൾ പൊളിക്കേണ്ടതുണ്ടോയെന്നും സംബന്ധിച്ച അന്തിമ വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

**എഫ്.ഡി.ആർ. പദ്ധതി പ്രകാരം റോഡ് നവീകരിക്കുന്നതിനുള്ള നടപടികൾ**

39 (3256) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡിന് കിഫ്ബി പദ്ധതി പ്രകാരം ഭരണാനുമതി ലഭ്യമാക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നവീകരണത്തിനായി 2017-ൽ 10 കോടി രൂപ കിഫ്ബിയിൽ നിന്ന് അനുവദിച്ചെങ്കിലും സ്റ്റാൻഡേർഡ് വിഡ്ത്ത് ഇല്ലെന്ന കാരണത്താൽ റോഡ് നവീകരണം നടപ്പിലാക്കാൻ കഴിയാത്ത വിഷയം പരിഹരിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഈ വിഷയവുമായി ബന്ധപ്പെട്ട് കേരള റോഡ് ഫണ്ട് ബോർഡിൽ നിലവിലുള്ള ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(എ & ബി) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡിന് 01-11-2016-ൽ 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം പൂർത്തിയാക്കുകയും 10 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രവൃത്തിയുടെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി 06-03-2018-ൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഭൂമിയേറ്റെടുക്കുന്നതിനായുള്ള തുക ഉൾപ്പെടുത്തിയിരുന്നില്ല.

ഡി.പി.ആർ.-ന്റെ പരിശോധനയുടെ ഭാഗമായി കിഫ്ബി ഉദ്യോഗസ്ഥരുടെ 28-03-2019-ലെ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം നിലവിൽ 10m ROW ഇല്ലാത്തതിനാൽ, ആയതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തി ഡി.പി.ആർ. പുന:സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ 7-10 മീറ്റർ വീതിയിലുള്ള റോഡ് കിഫ്ബി മാനദണ്ഡ പ്രകാരം മിനിമം 10 മീറ്റർ Row യിൽ നിർമിക്കാൻ സ്വകാര്യ ഭൂമിയേറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുപ്പിനുള്ള തുക ഡി.പി.ആർ.-ൽ ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രോജക്ട് ഡയറക്ടർ പ്രോജക്ട് മാനേജ്മെന്റ്

യൂണിറ്റ്, കെ.ആർ.എഫ്.ബി.-യിൽ നിലവിലുള്ള ഫയലിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) കിഫ്ബിയുടെ തന്നെ എഫ്.ഡി.ആർ. പദ്ധതി പ്രകാരം തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഈ വിഷയം സംബന്ധിച്ച് കിഫ്ബിയുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഫ്രീ സറണ്ടർ മുഖാന്തരം സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ FDR പദ്ധതിയിൽ ഉൾപ്പെടുത്തി ടി റോഡ് നവീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടെങ്കിലും കിഫ്ബി സാമ്പത്തികാനുമതി നൽകിയ പദ്ധതികൾ മാത്രമാണ് എഫ്.ഡി.ആർ. ഒന്നാമത്തെ ഫെയിസിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. കിഫ്ബി മാനദണ്ഡ പ്രകാരം 10 മീറ്റർ RoW ലഭ്യമല്ലാത്തതിനാലും ഫ്രീ സറണ്ടർ രീതിയിൽ ഭൂമി ലഭ്യമല്ലാത്തതിനാലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ പ്രവൃത്തി FDR പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ലായെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്.

**വടയാർ-ചന്തപാലം-മുളക്കുളം റോഡിന്റെ നിർമ്മാണ പ്രവൃത്തി**

40(3257) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം, കടുത്തുരുത്തി മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന വടയാർ-ചന്തപാലം-മുളക്കുളം റോഡിന്റെ നിർമ്മാണ കാലാവധി എന്നുവരെയാണെന്ന് അറിയിക്കുമോ;

വടയാർ-ചന്തപാലം-മുളക്കുളം റോഡിന്റെ നിർമ്മാണ കാലാവധി 11-11-2023 വരെയായിരുന്നു.

(ബി) നിലവിൽ നിർമ്മാണത്തിന്റെ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്;

നിലവിൽ നിർമ്മാണ പുരോഗതി 25.34 ശതമാനമാണ്

(സി) പ്രസ്തുത പ്രവൃത്തിക്ക് നിർമ്മാണ കരാറിലെ കാലാവധി അനുസരിച്ചുള്ള പുരോഗതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

അതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

കരാറിലെ കാലാവധി അനുസരിച്ചുള്ള നിർമ്മാണ പുരോഗതിയില്ലാത്തതിനാൽ കോൺട്രാക്ടർക്ക് നോട്ടീസ് നൽകുകയും പുരോഗതി കൈവരിക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പിറവം റെയിൽവേ സ്റ്റേഷൻ, വെള്ളൂർ കെ.പി.പി.എൽ. എന്നിവിടങ്ങളിലേക്കുള്ള ഏക റോഡാണ് ഇതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ഇ) പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

05-02-2024-ന് കെ.എസ്.ടി.പി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2 ആഴ്ചയ്ക്കുള്ളിൽ പുരോഗതി കൈവരിച്ചില്ലെങ്കിൽ കരാർ വ്യവസ്ഥ പ്രകാരം കോൺട്രാക്ടർക്ക് Notice to correct നൽകാൻ കെ.എസ്.ടി.പി. തീരുമാനിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ആകെ ദൈർഘ്യം

41 (3258) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ആകെ ദൈർഘ്യം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇത് രാജ്യത്തിന്റെ റോഡ് ശൃംഖലയുടെ എത്ര ശതമാനത്തോളം വരുമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ റോഡ് ശൃംഖലയിൽ പൊതുമരാമത്ത് റോഡുകൾ, ദേശീയ പാതകൾ, വിവിധ വകുപ്പുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന റോഡുകൾ എന്നിവയുടെ ദൈർഘ്യം എത്രയാണെന്ന് തരം തിരിച്ച് വിശദമാക്കാമോ;

(എ & ബി)

നിരത്ത് വിഭാഗം

സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നീളം കണക്കാക്കിയിട്ടുണ്ട്. ഇത് ഏകദേശം

രാജ്യത്തിന്റെ റോഡ് മേഖലയുടെ 0.46% ഓളം വരും. സംസ്ഥാനത്തെ റോഡ് ശൃംഖലയിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുവരുന്നത് 29573.16 km റോഡാണ്. (SH- 4128.38 km MDR- 25444.7 km).

ദേശീയപാത വിഭാഗം

കേരളത്തിലെ ദേശീയ പാതകളുടെ നീളം 1781.56 കി.മി ആണ്. അതിൽ 548.കി.മി പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിലും 1228.56 കി.മി NHAI -യുടെ അധികാര പരിധിയിലും പരിപാലിച്ചു വരുന്നു. കൂടാതെ 62 കി.മി പഴയ ദേശീയപാത 66 ദേശീയപാത വിഭാഗത്തിന്റെ കീഴിലുണ്ട്. വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

റിക്ക്

റിക്ക് ലിമിറ്റഡിന്റെ കീഴിൽ തിരുവനന്തപുരം, കോട്ടയം, കാസർഗോഡ് ജില്ലകളിലായി 83 Km ദൈർഘ്യം വരുന്ന നാലു റോഡുകളുടെ (വെള്ളനാട്-ചെറ്റച്ചൽ റോഡ്, കാഞ്ഞിരപ്പള്ളി - കാഞ്ഞിരംകവല റോഡ്, വിദ്യാനഗർ-സീതാംഗോളി റോഡ്, ഉപ്പള-കനിയാന റോഡ്) പ്രവൃത്തി പൂർത്തീകരിച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എഗ്രിമെന്റ് പ്രകാരം കരാറുകാരൻ പരിപാലന പ്രവൃത്തികൾ നടത്തി വരുന്നു.

നിരത്ത് പരിപാലന വിഭാഗം

പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിനു കീഴിൽ 2828 കി. മീ. റോഡ് പരിപാലിക്കുന്നുണ്ട്.

കെ.ആർ.എഫ്.ബി - പി.എം.യു

ആകെ 4853 കിലോമീറ്റർ റോഡുകളാണ് കിഫ്ബി ധനസഹായത്തിലൂടെ വിവിധ പദ്ധതികളിലായി കെ.ആർ.എഫ്.ബി - പി.എം.യുവിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

(സി) റോഡ് നിർമ്മാണ മേഖലയിൽ ബജറ്റ് വിഹിതത്തിൽ നിന്നുള്ള ചെലവ് 2016-17-ലേതിൽ നിന്നും 2021-22-ൽ എത്ര കോടിയായി വർദ്ധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ആറ് വർഷത്തിനുള്ളിൽ ആയതിൽ എത്ര മടങ്ങ് വർദ്ധനവുണ്ടായിട്ടുണ്ട്; അറിയിക്കുമോ;

നിരത്ത് വിഭാഗത്തിൽ 2016-17-ൽ 1925.91 കോടി രൂപയും 2021-22-ൽ 2305.64 കോടി രൂപയുമാണ് ചെലവഴിച്ചത്. 19.71% വർദ്ധനവാണുണ്ടായത്.

(ഡി) ബജറ്റ് വിഹിതത്തിൽ നിന്നുള്ള ചെലവിന് പുറമെ 2016-17 മുതൽ

റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

2016-17 മുതൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി മുഖേന 234.48 കോടി രൂപയുടെ റോഡ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗം

2016-17 മുതൽ KIIFB മുഖേന 364.23 കോടി രൂപയുടെ 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കെ.ആർ.എഫ്.ബി - പി.എം.യു

2016-2017 മുതൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി മുഖേന പ്രവൃത്തിയ്ക്കും സ്ഥലം ഏറ്റെടുക്കലിനുമായി 20916 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

**ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണം**

42(3259) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. 2 റീച്ചുകളിലായി ആകെ 1.8 കി.മീ ദൈർഘ്യം വരുന്ന പ്രസ്തുത പദ്ധതിയുടെ രണ്ടാം റീച്ചിൽ എം.ഇ.എസ്. ജംഗ്ഷനിലെ സ്ഥലമേറ്റെടുത്ത് പുതിയ പാലവും അപ്രോച്ച് റോഡും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 5.148 കോടി രൂപ വിനിയോഗിച്ച് ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചിരുന്നതുമാണ്. എന്നാൽ നിർദ്ദിഷ്ട അലൈൻമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പ്രയോഗിക ബുദ്ധിമുട്ടുകളുള്ളതിനാൽ നിലവിലുള്ള മുൻസിപ്പൽ റോഡ് പൂർണ്ണമായും

വിനിയോഗിച്ചും ഭൂമി ഏറ്റെടുക്കൽ പരമാവധി കുറച്ചും ബൈപ്പാസ് നിർമ്മിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കണമെന്ന് ബഹു. പൂഞ്ഞാർ എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ക്രമീകരിക്കുകയും പുതിയ അലൈൻമെന്റ് നിശ്ചയിക്കുകയും മുമ്പ് അംഗീകരിച്ചിരുന്ന അലൈൻമെന്റ് റദ്ദ് ചെയ്ത്, പുതുക്കിയ അലൈൻമെന്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതാണ്. പുതിയ അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ഏറ്റെടുക്കേണ്ട ഭൂമിയുടെ ഏകദേശ അളവും സർവ്വേ നമ്പരും ഉൾപ്പെടുത്തി റിക്വിസിഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയർ കോട്ടയം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം, 19-12-2023-ന് ജില്ലാ കളക്ടർ, കോട്ടയത്തിന് നൽകിയിട്ടുണ്ട്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ ഹൈവേ**

43(3260) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മുഖേന നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതിയെപ്പറ്റി കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഏത് ഏജൻസിയാണ് പഠനം

നടത്തുന്നത്; വിശദമാക്കുമോ?

കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ 12.7 കി.മീ ആണ് കല്ല്യാശ്ശേരി മണ്ഡലത്തിൽ കൂടി കടന്നുപോകുന്നത്. അലൈൻമെന്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ NATPAC പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം തയ്യാറാക്കിയ അലൈൻമെന്റിന്റെ സാധ്യത പരിശോധിച്ചു വരുന്നു.

**വെട്ടിപൊളിച്ചിട്ടിരിക്കുന്ന റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കാൻ നടപടി**

44 (3261) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിലടക്കം നിരവധി റോഡുകൾ മാസങ്ങളായി വെട്ടിപൊളിച്ചിട്ടിരിക്കുന്നതുമൂലം സാധാരണക്കാരുടെ യാത്ര ദുരിതപൂർണ്ണമാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വെട്ടിപൊളിച്ചിട്ടിരിക്കുന്ന റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർവ്വ സ്ഥിതിയിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ജല അതോറിറ്റി വെട്ടിപൊളിക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ പൊതുമരാമത്ത് വകുപ്പ് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ-സി) വെട്ടിപ്പൊളിയ്ക്കുന്ന റോഡുകൾ സമയബന്ധിതമായി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 14-02-2023-ലെ സ.ഉ(കൈ) നം. 11/2023/പൊമവ പ്രകാരവും 14-09-2023-ലെ സ.ഉ(കൈ)നം. 49/2023/പൊമവ പ്രകാരവും നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഏജൻസികൾ ഇത് നടപ്പിലാക്കുവാൻ വൈകിയാൽ ആവശ്യമായ ഇടപെടലുകൾ നടത്താറുണ്ട്.

**പാലക്കാട് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം**

45(3262) **ശ്രീ. കെ. ഡി. പ്രസേനൻ:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മലയോര ഹൈവേയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ കാഞ്ഞിരംപാറ മുതൽ ഗോപാലപുരം കന്നിമാരിമേട് നെട്ടമണി പനങ്ങാട്ടിരി വിത്തനശ്ശേരി ഐനാമ്പാടം വഴി തങ്കം ജംഗ്ഷൻ വരെ കടന്നുപോകുന്ന റോഡിന് 70.957 കി. മീ ദൈർഘ്യമാണുള്ളത്. ടി പദ്ധതി 5 സ്ട്രെച്ചുകളായാണ് നടപ്പിലാക്കുന്നത്.

1. കാഞ്ഞിരംപാറ മുതൽ കുമരംപുത്തൂർ വരെ

കാഞ്ഞിരംപാറ മുതൽ കുമരംപുത്തൂർ വരെയുള്ള 18.1 കി. മീ നീളമുള്ള ടി റോഡിനെ മലയോര ഹൈവേ നിലവാരമായ 12 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ പ്രകാരം കിഫ്ബിയിൽ നിന്നും 05-04-2023-ന് 91.40 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയുണ്ടായി. ടി റോഡ് മണ്ണാർക്കാട് മണ്ഡലത്തിലെ ജില്ലാ അതിർത്തിയായ കാഞ്ഞിരംപാറ നിന്ന് ആരംഭിച്ച് അലനല്ലൂർ കോട്ടോപ്പാടം വഴി കുമരംപുത്തൂരിലെ എൻ.എച്ച്. 966-ൽ വന്നു ചേരുന്നു. തുടർന്ന് സ്ഥല ലഭ്യത ഉറപ്പ് വരുത്തുന്നതിന് റവന്യൂ വിഭാഗത്തിന്റെ സഹായം ആവശ്യപ്പെടുകയും റോഡിന്റെ അതിരുകൾ നിജപ്പെടുത്തി

ലഭിക്കുകയുമുണ്ടായി. അപ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്നും അധികമായി സ്ഥലം ആവശ്യമില്ലെന്ന് മനസ്സിലാക്കിയതിൻ പ്രകാരം ടി പ്രവൃത്തിയുടെ സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് 01-02-2024 തീയതിയിൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തരം സാങ്കേതികാനുമതിക്കായി സമർപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2. ഗോപാലപുരം മുതൽ കന്നിമാരിമേട് വരെ (Ch 0/000 to 14/860).

ഗോപാലപുരം മുതൽ കന്നിമാരിമേട് വരെയുള്ള 14.86 കി. മീ നിളമുള്ള റോഡിനെ മലയോര ഹൈവേ നിലവാരമായ 12 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും 05-04-2023-ന് 73.21 കോടി രൂപയ്ക്കുള്ള സാമ്പത്തികാനുമതി നൽകുകയുണ്ടായി. ടി റോഡ് ചിറ്റൂർ മണ്ഡലത്തിലൂടെയാണ് കടന്നു പോകുന്നത്. ചിറ്റൂർ മണ്ഡലത്തിലെ ഗോപാലപുരം മുതൽ ആരംഭിച്ച് മൂലത്തറ കൈകാട്ടി മീനാക്ഷിപുരം വഴി കന്നിമാരിമേട് വന്നു ചേരുന്നു. ടി റോഡിൽ ഫ്രീ സറണ്ടർ മുഖാന്തരം സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ ബൗണ്ടറി തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ

സ്വീകരിച്ചു വരുന്നു. ടി റോഡിൽ ഉൾപ്പെടുന്ന മൂലത്തറ മെയിൻ ബ്രിഡ്ജ്, റൈറ്റ് ബാങ്ക് കനാൽ ബ്രിഡ്ജ്, ലെഫ്റ്റ് ബാങ്ക് കനാൽ ബ്രിഡ്ജ് എന്നീ പാലങ്ങളുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് 12-01-2024 തീയതിയിൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശങ്ങളുൾപ്പെടുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തരം സാങ്കേതികാനുമതിക്കായി സമർപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

3. കന്നിമാരിമേട് മുതൽ നെടുമണി വരെ (Ch 14/860 to 30/590).

കന്നിമാരിമേട് മുതൽ നെടുമണി വരെയുള്ള 15.73 കി. മീ നീളമുള്ള ടി റോഡിനെ മലയോര ഹൈവേ നിലവാരമായ 12 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും 05-04-2023-ന് 73.21 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയുണ്ടായി. ടി റോഡ് ചിറ്റൂർ, നെന്മാറ തുടങ്ങിയ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നുണ്ട്. ചിറ്റൂർ മണ്ഡലത്തിൽ 2.59 കി. മീറ്റർ ദൂരവും നെന്മാറ മണ്ഡലത്തിൽ 13.14 കി. മീറ്റർ ദൂരവും കടന്നു പോകുന്നു. ചിറ്റൂർ മണ്ഡലത്തിലെ കന്നിമാരിമേട് നിന്ന് ആരംഭിച്ച് മുതലമട

നെന്മാറ മണ്ഡലത്തിലെ മീങ്കര ഡാം വഴി ചുള്ളിയാർമേട്, മാഞ്ചിറ എന്നീ പ്രദേശങ്ങളിലൂടെ നെടുമണിയിൽ വന്ന ചേരുന്നു. ടി റോഡിൽ ഫ്രീ സറണ്ടർ മുഖാന്തരം സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ ബൗണ്ടറി തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സൈറ്റിൽ പുരോഗമിച്ച് വരുന്നു.

4. പനങ്ങാട്ടിരി മുതൽ വിത്തനശ്ശേരി വരെ (Ch 103/280 to 110/350).

പനങ്ങാട്ടിരി മുതൽ വിത്തനശ്ശേരി വരെയുള്ള 7.057 കി. മീ നീളമുള്ള ടി റോഡിനെ മലയോര ഹൈവേ നിലവാരമായ 12 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും 30-03-2023-ന് 33.18 കോടി രൂപയുള്ള സാമ്പത്തികാനുമതി നൽകുകയുണ്ടായി. ടി റോഡ് നെന്മാറ മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. നെന്മാറമണ്ഡലത്തിലെ വട്ടേക്കാടിൽ നിന്നും ആരംഭിച്ച് കരിങ്കുളം എലവഞ്ചേരി കുമ്പളക്കോട് പ്രദേശങ്ങളിൽ കൂടി കടന്ന് വിത്തനശ്ശേരിയിൽ വന്ന ചേരുന്നു. ടി റോഡിൽ ഫ്രീ സറണ്ടർ മുഖാന്തരം സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ ബൗണ്ടറി തിട്ടപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ റവന്യൂ വകുപ്പിൽ നിന്ന് പുരോഗമിച്ച് വരുന്നു. ഇത് അന്തിമ ഘട്ടത്തിലാണ്.

5. ഐനാമ്പാടം മുതൽ തങ്കം ജംഗ്ഷൻ വരെ (Ch 113/150 to 128/375).

ഐനാമ്പാടംമുതൽ തങ്കം ജംഗ്ഷൻ വരെയുള്ള 15.21 കി. മി നീളമുള്ള റോഡിനെ മലയോര ഹൈവേ നിലവാരമായ 12 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും 27-04-2023-ന് 75.83 കോടി രൂപയുള്ള സാമ്പത്തികാനുമതി നൽകയുണ്ടായി. ടി റോഡ് ആലത്തൂർ, നെന്മാറ, തരൂർ തുടങ്ങിയ മണ്ഡലങ്ങളിലൂടെ കടന്നു പോകുന്നു. നെന്മാറ മണ്ഡലത്തിൽ 0.91 കി. മീറ്റർ ദൂരവും, ആലത്തൂർ മണ്ഡലത്തിലെ 10.00 കി. മീറ്റർ ദൂരവും, തരൂർ മണ്ഡലത്തിൽ 4.30 കി. മീറ്റർ ദൂരത്തിലും ടി റോഡ് കടന്നു പോകുന്നു. നെന്മാറ മണ്ഡലത്തിലെ ഐനമ്പാടത്തിൽ നിന്നും ആരംഭിച്ച് ആലത്തൂർ മണ്ഡലത്തിലെ കടമ്പിടി ചിറ്റിലഞ്ചേരി മുടപ്പല്ലൂർ വഴി തരൂർ മണ്ഡലത്തിലെ വടക്കെഞ്ചേരി തങ്കം ജംഗ്ഷനിൽ എൻ. എച്ച്. 544-ൽ വന്നു ചേരുന്നു. ടി റോഡിൽ ഫ്രീ സറണ്ടർ മുഖാന്തരം സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ ബൗണ്ടറി തിട്ടപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ റവന്യൂ വകുപ്പിൽ നിന്ന് പുരോഗമിച്ചുവരുന്നു.

## സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

46(3263) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട കോട്ടൂളി-സിവിൽ സ്റ്റേഷൻ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം 2-ലാണ് കോട്ടൂളി -സിവിൽ സ്റ്റേഷൻ റോഡ് ഉൾപ്പെട്ടിട്ടുള്ളത്.

പദ്ധതിയുടെ രണ്ടാംഘട്ട ഭരണാനുമതി നൽകുന്നതിനുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഭൂമി ഏറ്റെടുത്ത് നൽകേണ്ടത്;

കോട്ടൂളി-സിവിൽ സ്റ്റേഷൻ റോഡ് പ്രവൃത്തിയിൽ 2.8280 H ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കോഴിക്കോട് നഗര പാത വികസന പദ്ധതിയുടെ ഭാഗമായി രൂപികരിച്ചിട്ടുള്ള സ്പെഷ്യൽ തഹസിൽദാർ ഉൾപ്പെട്ട എൽ.എ.

യൂണിറ്റാണ് ഭൂമി ഏറ്റെടുക്കുന്നത്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

ഭരണാനുമതി നൽകുന്ന മുറയ്ക്ക് നടപടികളാരംഭിക്കാനാകും.

**മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡ്**

47(3264) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിലെ മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡ് ഗതാഗത യോഗ്യമല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിലൂടെ കടന്നുപോകുന്ന, പൊതുമരാമത്ത് വകുപ്പ് - നിരത്ത് ഉപവിഭാഗം കാര്യാലയത്തിനുകീഴിലെ പ്രധാന ജില്ലാ പാതയാണ്, കി.മീ. 0/000 മുതൽ 12/000 വരെയുള്ള മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡ്. ഓപ്പൺ ഗ്രേഡ് ചിപ്പിംഗ് കാർപ്പെറ്റ് നിലവാരത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ടി

റോഡിന്റെ വിവിധ ഭാഗങ്ങളിലായി കരിങ്കൽ ക്വാറികൾ പ്രവർത്തിച്ചുവരുന്നതും അമിത ഭാരം വഹിച്ചുള്ള വാഹനങ്ങളുടെ നിരന്തര സഞ്ചാരം നിമിത്തം റോഡ് തകരാർ സംഭവിക്കാറുള്ളതിനാൽ ഈ നിരത്തിലെ കിമീ 0/000 മുതൽ 12/000 വരെയുള്ള ഭാഗങ്ങൾ റണ്ണിങ് കോൺട്രാക്റ്റിലുൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് - നിരത്ത് / നിരത്ത് പരിപാലന വിഭാഗം പരിപാലിച്ച് വരികയുമാണ്.

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

അടിയന്തരമായി നവീകരിക്കപ്പെടേണ്ടുന്ന കിമീ 0/000 മുതൽ 5/500 വരെയുള്ള നിരത്തു ഭാഗത്തിനായി [PWD/RB/EST/4463/2023-5-1-1] GENERAL – Improvements to Mampad Povathinkalatty Road km 0/00 to 5/500 – Improvements by providing BM and BC to Mampad Povathinkalatty Road Km 0/00 to 5/500-General Civil Work } 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കും.

## തകർന്നു കിടക്കുന്ന പി.ഡബ്ല്യൂ.ഡി. റോഡുകൾ

48(3265) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പി.ഡബ്ല്യൂ.ഡി റോഡുകളുടെ ശോച്യാവസ്ഥ ഗൗരവമായി കാണുന്നുണ്ടോ; വിശദാംശം നൽകുമോ; തകർന്നു കിടക്കുന്ന പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ലിസ്റ്റ് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്തെ ഭൂരിഭാഗം റോഡുകളും മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയാണ്. റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതിന് റണ്ണിംഗ് കോൺട്രാക്റ്റ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. റോഡുകളിലുണ്ടാകുന്ന അപാകത അതാത് ഘട്ടങ്ങളിൽ പരിഹരിക്കുന്നതിന് റണ്ണിംഗ് കോൺട്രാക്റ്റിലൂടെ സാധിക്കാറുണ്ട്. കിഫ്ബി പദ്ധതിയുടെ ഭാഗമായ റോഡുകളിൽ കിഫ്ബി പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനനുസരിച്ച് അറ്റകുറ്റപണികൾ നിർവ്വഹിക്കുന്നു.

**പൂഴിത്തറ വളവ് വീതികൂട്ടൽ**

49(3266) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ചാപ്പനങ്ങാടി-ഇന്ത്യനൂർ-കോട്ടക്കൽ റോഡിലെ പൂഴിത്തറ വളവ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) അലൈൻമെന്റ് പ്രകാരം വളവിന്റെ വീതി കൂട്ടുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രവൃത്തിയുടെ അലൈൻമെന്റ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ 18-09-2023-ൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ വളവ് നികത്തുന്നതിനായി സ്ഥലം

ലഭ്യമാക്കേണ്ടുന്ന വ്യക്തികളിൽ നിന്നും സ്ഥലം ഫ്രീ സറണ്ടറായി ലഭ്യമാകുമോയെന്ന വിഷയത്തിൽ മുനിസിപ്പാലിറ്റി തലത്തിൽ ചർച്ച ചെയ്ത് തീരുമാനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

**റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിനും അപകടനഷ്ടപരിഹാരം നല്കുന്നതിനും നടപടി**

50(3267) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന്റെയും റോഡ് പരിപാലിക്കുന്നതിന്റെയും ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന്റെയും റോഡ് പരിപാലിക്കുന്നതിന്റെയും ചുമതല പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റേയും നിരത്ത് പരിപാലന വിഭാഗത്തിന്റേതുമാണ്.

(ബി) പ്രസ്തുത ഉത്തരവാദിത്തത്തിൽ വീഴ്ച വരുത്തുന്നതുമൂലം ആളുകൾ കുഴികളിൽ വീണ് അപകടങ്ങളുണ്ടാകുമ്പോൾ പൊതുമരാമത്ത് വകുപ്പ് നഷ്ടപരിഹാരം നല്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

റോഡ് അപകടങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിൽ നിന്നും നഷ്ടപരിഹാരം നൽകുന്നത് നിലവിലെ നിയമപ്രകാരം അനുവദനീയമല്ല.

**മഴയ്ക്ക് മുൻപുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നൽകിയ കരാറുകളുടെ വിശദാംശം**

51(3268) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-2023, 2023-2024 സാമ്പത്തിക വർഷങ്ങളിൽ റോഡുകളിൽ മഴയ്ക്ക് മുൻപുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നൽകിയ കരാറുകളുടെ വിശദാംശം നൽകാമോ; ഓരോ കരാറിന്റെയും ടെൻഡർ നടപടികളേത് തീയതിയിലാണ് തുടങ്ങിയതെന്നത് വിശദമാക്കാമോ?

2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ റോഡുകളിൽ മഴയ്ക്കു മുമ്പുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നിരത്തു വിഭാഗം നൽകിയ കരാറുകളുടെ വിശദ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു, പി.എം.യു, കെ.ആർ.എഫ്.ബി നൽകിയ കരാറുകളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കൊല്ലം-തിരുമംഗലം ദേശീയപാത പുനരുദ്ധാരണം**

52(3269) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ കൊല്ലം - തിരുമംഗലം ദേശീയപാതയിൽ കോയിയ്ക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെയുള്ള മൂന്ന് കിലോമീറ്റർ ദേശീയപാത നാലുവരിയാക്കാനും മൂന്നാംകുറ്റി, കരിക്കോട് എന്നിവിടങ്ങളിലെ റെയിൽവെ ഓവർ ബ്രിഡ്ജുകൾ പുനർനിർമ്മിക്കാനും മുൻ സർക്കാർ കിഫ്ബി മുഖേന 447 കോടി രൂപ അനുവദിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

ദേശീയപാത 744-ൽ കൊല്ലം-തിരുമംഗലം ദേശീയപാതയിൽ ഗതാഗത കുരുക്കുള്ള കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ 3 കി.മീ. നാലുവരിപ്പാതയാക്കുന്നതിനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ലൈഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനുംവേണ്ടി കിഫ്ബിയിലുൾപ്പെടുത്തി 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങളെന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ?

(ബി&സി) 2022-23 ബജറ്റിലുൾപ്പെടുത്തിയിട്ടുള്ള കൊല്ലം ചെങ്കോട്ട റോഡ് നാലുവരി പാത നിർമ്മാണത്തിന് 05-11-2022-ൽ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കൊല്ലം-ചെങ്കോട്ട റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 01-08-2023-ന് പി.ഡബ്ല്യു.ഡി സെക്രട്ടറിയുടെ നേതൃത്വത്തിൽ യോഗം നടത്തുകയും ടി യോഗത്തിൽ, വീതി കൂട്ടൽ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ സ്ട്രെച്ച് NHAI-യുടെ പരിഗണനയിലിരിക്കുന്ന പ്രോജക്റ്റിൽ ഉൾപ്പെട്ടു വരുന്നവയായതിനാൽ പദ്ധതി തൽക്കാലം നിർത്തിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിരിക്കുകയാണ്.

**കരമന-വെള്ളറട റോഡ് നിർമ്മാണം**

53(3270) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് വഴി നടപ്പാക്കുന്ന കരമന-വെള്ളറട റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

കരമന-വെള്ളറട റോഡിന്റെ (35.5 കി.മീ) പുനരുദ്ധാരണ പ്രവൃത്തിക്ക് വേണ്ടി ലാൻഡ് അക്ക്വിസിഷനുമായി ബന്ധപ്പെട്ട നടപടികൾ നടന്നു വരുന്നു. കരമന-വെള്ളറട റോഡ് 3 റീച്ചായാണ് ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്നു വരുന്നത്. 1st റീച്ചിന്റെ (കരമന മുതൽ കുണ്ടമൺകടവ് പാലം വരെ (0/000-5/500) 11(1) പ്രസിദ്ധീകരിച്ചിട്ടുള്ളതും 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ റവന്യ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നതുമാണ്. ആദ്യ റീച്ചിന്റെ സ്ഥലമേറ്റെടുക്കലിനായി 120 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. 2nd റീച്ചിന്റെ (കുണ്ടമൺകടവ് മുതൽ ഞാറവിള വരെ (5/500-20/000) 4(1)

പ്രസിദ്ധീകരിച്ചിട്ടുള്ളതും 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ റവന്യ വകുപ്പിൽ നിന്നും സ്വീകരിച്ച വരുന്നതുമാണ്. 3rd റീച്ചിന്റെ (ഞാറവിള മുതൽ വെള്ളറട വരെ (20/000-35/500) 4(1) പ്രസിദ്ധീകരിച്ചിട്ടുള്ളതും 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിച്ച വരുന്നതുമാണ്.

(ബി) ഇതിനായി ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

ഉണ്ട്. സർക്കാർ ഉത്തരവ് നമ്പർ.335/2016/പൊ.മ.വ, പ്രകാരം കരമന-വെള്ളറട റോഡിന്റെ (8.375 ഹെക്ടർ) ഭൂമി ഏറ്റെടുക്കലിനായി 15-02-2016-ൽ 21.448 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 30% തുക (6.4346 കോടി) എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായും 5% തുക (1.0724 കോടി) ആനുഷംഗിക ചെലവുകൾക്കായും (ആകെ 7.507 കോടി) സർക്കാർ നൽകിയതിൽ 1.0724 കോടി രൂപ കണ്ടിൻജൻസി ചാർജ്ജ് ഇനത്തിൽ റവന്യ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് നിർമ്മാണമെന്ന് പൂർത്തീകരിയ്ക്കാനാകുമെന്നും

ആയതിന്റെ തുടർ നടപടികൾ എന്തെന്നും വിശദമാക്കാമോ?

റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ പരിഗണിക്കുന്നതാണ്.

**കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

54(3271) **<u>ശ്രീ. എം. മുകേഷ്</u>:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; ഭൂമിയേറ്റെടുക്കലിന് എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തി ഭൂമിയേറ്റെടുക്കൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം നഗര പാത വികസന പദ്ധതിയുടെ നടത്തിപ്പിനായി G.O.(Rt)No.74/2022/PWD dated 22-01-2022 പ്രകാരം 365.34 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 8.341 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 435,65,03,647/- (നാനൂറ്റി മുപ്പത്തി അഞ്ച് കോടി

അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി നാൽപത്തി ഏഴ് രൂപ മാത്രം) ഏകദേശ കമ്പോളവിലയും 50 ലക്ഷം രൂപ കണ്ടിൻജൻസി ചാർജ്ജിനത്തിലും അർത്ഥനാധികാരി ഒടുക്കേണ്ടതാണെന്നും കൊല്ലം നഗരപാത വികസന പദ്ധതിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ.2, കുണ്ടറ, കൊല്ലം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം പദ്ധതിയുടെ തുടർനടപടികൾക്കായി കണ്ടിൻജൻസി ചാർജ്ജായ അമ്പത് ലക്ഷം രൂപ അനുവദിക്കുന്നതിനും ലാൻഡ് അക്വിസിഷൻ തുകയായ 435,65,03,647/- (നാന്നൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി നാൽപത്തി ഏഴ് രൂപ മാത്രം) രൂപയ്ക്കുള്ള ഭരണാനുമതി നൽകുന്നതിനും വേണ്ടി സർക്കാർ നടപടി സ്വീകരിച്ചു വരുന്നു.

**പ്രീ മൺസൂൺ കാലയളവിൽ അറ്റകുറ്റപ്പണികൾ**

55(3272) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യു.ഡി.യുടെ നിയന്ത്രണത്തിലുള്ള ദേശീയപാതകളിൽ 2022,

2023 വർഷങ്ങളിൽ പ്രീ മൺസൂൺ കാലയളവിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നടപ്പ സാമ്പത്തിക വർഷവും മുൻ സാമ്പത്തിക വർഷവും തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ദേശീയപാതകളിൽ 2022, 2023 വർഷങ്ങളിൽ പ്രീ മൺസൂൺ കാലയളവിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2,37,69,500/- രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

**റോഡുകളുടെ ഗുണനിലവാര പരിശോധന**

56(3273) **ശ്രീ. ടി. സിദ്ദിഖ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാത്ത് റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റോഡ് നിർമ്മാണഘട്ടത്തിൽ ഏതെല്ലാം തരത്തിലുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണനിലവാര പരിശോധനകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ;

(എ & ബി) റോഡുകളുടെ നിർമ്മാണത്തിന്റെ സാങ്കേതിക ഗുണമേന്മയും പ്രവൃത്തിയുടെ ഗുണനിലവാരവും പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 3 ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും 11 ജില്ലകളിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും നിലവിലുണ്ട്. സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നതിന്റെ ഭാഗമായി സൈറ്റുകളിൽ വെച്ച് തന്നെ പരിശോധനകൾ നടത്തുന്നതിലേയ്ക്കായി പുതുതായി 3 ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികളുടെ ജി.എസ്.ബി., ഡബ്ല്യു.എം.എം. ഉൾപ്പെടെയുള്ള ഗ്രേഡിംഗ് സാമ്പിളുകൾ സൈറ്റിൽ ചെയ്യുന്ന മെറ്റീരിയൽ ശേഖരിച്ച് കൊണ്ട് അതിന്റെ രണ്ടാം ശ്രേണിയിൽ ഉൾപ്പെട്ട സീവ് അനാലിസിസ് ടെസ്റ്റിന് വിധേയമാക്കി തുടർന്ന് പ്രവൃത്തിയുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിന് ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് വഴി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് കഴിയുന്നുണ്ട്. അതുപോലെ തന്നെ ടാറിംഗ് പ്രവൃത്തിയുടെ ബി.എം. & ബി.സി. ക്ലോസ് ഗ്രേഡ്, ഡി.ബി.എം. എന്നിവയുടെ

ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും ഈ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെ സീവ് അനാലിസിസ് ടെസ്റ്റുകൾ ചെയ്ത് വിലയിരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന ബിറ്റുമിന്റെ ഷെഡ്യൂളിൽ പറയപ്പെടുന്ന അളവുകൾ സൈറ്റിൽ ഉപയോഗപ്പെടുത്തുന്നുണ്ടോയെന്നുള്ളത് ബിറ്റുമിൻ എക്സ്ട്രാക്ഷൻ ടെസ്റ്റുകൾ വഴി പരിശോധിക്കുന്നതിനും റോഡിന്റെ ഘനം കണ്ടെത്താൻ കോർ കട്ടർ, നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള സീവ് ഷെയ്ക്കർ, ഹോട്ട് എയർ ഓവൻ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വെള്ളം നിർമ്മാണത്തിന്റെ ഗുണനിലവാരത്തിൽ വളരെയധികം സ്വാധീനിക്കുന്നുയെന്നത് മനസ്സിലാക്കി വാട്ടർ ക്വാളിറ്റി അനലൈസർ സംവിധാനവും ഈ മൊബൈൽ ടെസ്റ്റിംഗ് ലാബിൽ സജ്ജമാണ്. ഇതിലൂടെ വെള്ളത്തിന്റെ pH, ക്ലോറൈഡ് അയോൺ സാന്ദ്രത മുതലായവ നിർണ്ണയിക്കാനാകും. സൈറ്റുകളിൽ പോയി സാമ്പിളുകൾ സ്വീകരിച്ച് വളരെ പെട്ടെന്നുതന്നെ ഗുണനിലവാര പരിശോധന ഫലം നൽകാൻ ഈ

മൊബൈൽ ലാബിനു കഴിയുന്ന രീതിയിലാണ് സജ്ജമാക്കിയിട്ടുള്ളത്.

(സി) പ്രസ്തുത പരിശോധനയിൽ നിർമ്മാണത്തിൽ പിഴവ് കണ്ടെത്തിയതിനാൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര റോഡുകൾ പുനർനിർമ്മിച്ചു; അവ ഏതൊക്കെ; ഇതിന്റെ അധിക ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിർമ്മാണ ഘട്ടത്തിൽ ഗുണനിലവാര പരിശോധനയിൽ പിഴവ് കണ്ടെത്തിയാൽ ആയത് പരിഹരിക്കേണ്ട ഉത്തരവാദിത്തം കരാറുകാരിൽ നിക്ഷിപ്തമാണ്. കേടുപാടുകൾ സംഭവിച്ച ഭാഗങ്ങളിൽ അത് പരിഹരിച്ച റോഡുകളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

**കരാറുകാർക്കെതിരെ നടപടി**

57(3274) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ വിവിധ പ്രവൃത്തികൾക്കായി പൊളിച്ചതിനുശേഷം പൂർവ്വസ്ഥിതിയിലാക്കാത്തതിന്റെ പേരിൽ മുൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കരാറുകാർക്കെതിരെ നടപടി സ്വീകരിയ്ക്കണമെന്ന് യൂട്ടിലിറ്റി പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തിയ ഏജൻസികളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികളിലാണ് അപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്; എത്ര കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചു; എത്ര പേരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

**വാമനപുരം മണ്ഡലത്തിൽ എസ്.എൽ.റ്റി.എഫ് പദ്ധതി**

58(3275) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ എസ്.എൽ.റ്റി.എഫ് പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തിയിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്ക് ചെലവാക്കിയ തുകയും അറിയിക്കാമോ;

വാമനപുരം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെങ്കിലും പ്രവൃത്തികൾ ഇനി ഏറ്റെടുത്ത് പൂർത്തിയാക്കാനുണ്ടോ; വിശദമാക്കാമോ?

കല്ലിയോട് മൂന്നാനക്കുഴി റോഡിൽ കലുങ്ക് നിർമ്മാണമെന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

59 (3276) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കുറുമാലി-തൊട്ടിപ്പാൾ-മുളങ്ങ് റോഡ്, ചെങ്ങാലൂർ-മണ്ണംപേട്ട-മാവിൻ ചുവട് റോഡ് എന്നീ പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവൃത്തികൾ നടപ്പാക്കുന്നതിൽ കരാറുകാർ കാലതാമസവും മനഃപ്പൂർവ്വമായ അലംഭാവവും കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത റോഡുകളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും തൈക്കാട്ടുശ്ശേരി റോഡിന്റെ നവീകരണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ഇനിയും പ്രവൃത്തി തുടങ്ങാത്ത സാഹചര്യത്തിലും പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എ & ബി) കുറുമാലി - തൊട്ടിപ്പാൾ - മുളങ്ങ് റോഡിന്റെ നിർമ്മാണ പ്രവൃത്തി നടത്തുന്ന കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി റീ അറേഞ്ച് ചെയ്യുന്നത് സംബന്ധിച്ച് നിലവിലുള്ള കോടതി വിധിക്കനുസരണമായി നടപടികൾ സ്വീകരിച്ചു വരുന്നു. തൈക്കാട്ടുശ്ശേരി റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറക്ക് ഒറിജിനൽ പ്രവൃത്തി ചെയ്യാൻ കഴിയുന്നതാണ്. ചെങ്ങാലൂർ-മണ്ണംപേട്ട-മാവിൻചുവട് റോഡിന്റെ ബി.സി. പ്രവൃത്തികളും ട്രാഫിക് സേഫ്റ്റി പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്.

മേൽ പ്രവൃത്തി ഉടൻ ആരംഭിച്ചില്ലെങ്കിൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതായിരിക്കും.

(സി) മനഃപ്പൂർവ്വമായി പ്രവൃത്തികളിൽ കാലതാമസവും വീഴ്ചയും വരുത്തുന്ന കരാറുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

പ്രവൃത്തികളിൽ അകാരണമായി കാലതാമസവും വീഴ്ചയും വരുത്തുന്ന കരാറുകാർക്കെതിരെ SBD Condition പ്രകാരവും PWD Manual നിബന്ധനകൾ പ്രകാരവുമുള്ള നപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരം കരാറുകാർക്ക് പിഴ ചുമത്തുകയും കരാറുകാരെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി അവസാനിപ്പിച്ച് പുനർ ഏർപ്പാട് ചെയ്ത് പ്രവൃത്തി നടപ്പിലാക്കി വരുന്നു.

**കൊല്ലം മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗം പ്രവൃത്തികൾ**

60(3277) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും

നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിലവിലെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**കരിയം-ഇടവക്കോട്-പാറോട്ടുകോണം, കാര്യവട്ടം-ചെങ്കോട്ടുകോണം റോഡുകളുടെ പ്രവൃത്തി**

61(3278) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരിയം-ഇടവക്കോട്-പാറോട്ടുകോണം റോഡ്, കാര്യവട്ടം-ചെങ്കോട്ടുകോണം റോഡ് എന്നീ പ്രവൃത്തികളുടെ ടെണ്ടർ കഴിഞ്ഞ് മാസങ്ങളായിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

കരിയം-ഇടവക്കോട്-പാറോട്ടുകോണം-കാര്യവട്ടം-ചെങ്കോട്ടുകോണം റോഡ് പ്രവൃത്തിക്ക് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി 6 തവണ ടെണ്ടർ ചെയ്തിരുന്നെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ല. തുടർന്ന് 7-ാം തവണ 15-02-2024-ന് ടെണ്ടർ ഓപ്പണിംഗ് തീയതി വച്ച് ടെണ്ടർ ചെയ്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ നടപടി**

62(3279) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണിപൂർത്തിയായ പൊതുമരാമത്ത് റോഡുകൾ വിവിധ ആവശ്യങ്ങളെന്ന പേരിൽ വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനും വെട്ടിപ്പൊളിച്ചാൽ തന്നെ ഉടനടി പുനഃസ്ഥാപിക്കുന്നതിനുമായി ഈ സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എ&ബി) സംസ്ഥാനത്തിന്റെ മുൻഗണനാ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പദ്ധതിയായ ജൽജീവൻ മിഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ടും മറ്റ് കുടിവെള്ള പദ്ധതികൾ, കേബിളുകൾ സ്ഥാപിക്കൽ എന്നിവയ്ക്കുമാണ് റോഡുകൾ വെട്ടിപ്പൊളിക്കേണ്ടി വന്നിട്ടുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ വെട്ടിപ്പൊളിക്കുന്ന റോഡുകൾ അടിയന്തരമായി പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 14-02-2023-ലെ

GO(MS)No.11/2023/PWD പ്രകാരവും 14-09-2023-ലെ GO(MS)No.49/2023/PWD പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് നിലവിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതോ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതോ ആയ റോഡുകളൊഴികെ, വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കൈമാറുന്ന എല്ലാ റോഡുകളും പൂർവ്വസ്ഥിതിയിൽ പുനസ്ഥാപിക്കേണ്ടത് വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. പൈപ്പ് സ്ഥാപിച്ച ശേഷമുള്ള റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി ഗുണനിലവാരം ഉറപ്പാക്കി വാട്ടർ അതോറിറ്റിയുടേയും പൊതുമരാമത്ത് വകുപ്പിന്റെയും ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കേണ്ടത്. കൂടാതെ പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന നൽകുന്ന ഗുണനിലവാരസർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുന്ന പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മാത്രമേ വാട്ടർ അതോറിറ്റി ബന്ധപ്പെട്ട കരാറുകാരുടെ ബിൽ തുക നൽകാവൂയെന്നും

നിഷ്കർഷിച്ചിട്ടുള്ളതുമാണ്.

പൊതുമരാമത്ത് വകുപ്പ് നിലവിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതോ പുതിയ പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതോ ആയ റോഡുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡ് കുഴിക്കേണ്ട അവസരത്തിൽ, വാട്ടർ അതോറിറ്റിയിൽ നിന്നും റെസ്റ്റോറേഷൻ തുക ഈടാക്കി, പൈപ്പിടൽ, താൽകാലിക റെസ്റ്റോറേഷൻ എന്നിവ വാട്ടർ അതോറിറ്റി പൂർത്തിയാക്കിയശേഷം റോഡിന്റെ റെസ്റ്റോറേഷൻ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തിയോടൊപ്പം നടപ്പിലാക്കി വരുന്നു. ജൽജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 14-09-2023-ലെ സ.ഉ.(കൈ)നം.49/2023/PWD, തിരുവനന്തപുരം നമ്പർ ഉത്തരവ് കൂടി പുറപ്പെടുവിച്ചിട്ടുണ്ട്.

ടെലികോം, കെ.എസ്.ഇ.ബി. കേബിളുകൾ, ഗ്യാസ് പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് റോഡുകൾ കുഴിക്കേണ്ടി വരുന്ന അവസരങ്ങളിലും ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും റെസ്റ്റോറേഷൻ തുക

ഈടാക്കി പൊതുമരാമത്ത് വകുപ്പ് നേരിട്ട് റെസ്റ്റോറേഷൻ നടപ്പിലാക്കുന്ന അവസരത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക, സൂപ്പർവിഷൻ ചാർജ്ജ് എന്നിവ ഈടാക്കി പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു.

ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നതിന് 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും, പെർഫോമെൻസ് ഗ്യാരന്റിയും സ്വീകരിക്കുന്നു. റോഡു കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രഞ്ചലസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഇത്തരത്തിൽ പൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിലൂടെ പ്രതിവർഷം ശരാശരി എത്ര തുകയുടെ നഷ്ടമാണ്

പൊതുമരാമത്ത് വകുപ്പിന് വരുന്നതെന്നും ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര തുക ഇത്തരത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

വെട്ടിപ്പൊളിയ്ക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള തുക റോഡ് പൊളിയ്ക്കുന്ന ഏജൻസി തന്നെയാണ് ചെലവഴിക്കുന്നത്.

**ഗ്രാമീണ റോഡുകളുടെ നവീകരണം**

63(3280) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പ് വൺ ടൈം ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിലൂടെ കടന്നു പോകുന്നതുമായ പ്രധാന റോഡുകൾ, പി.ഡബ്ള്യു.ഡി. ഏറ്റെടുക്കുന്നതിനായി നേരത്തെ നടപടികൾ സ്വീകരിക്കുകയും പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ള റോഡുകൾ

എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനും ഗതാഗത യോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

LSGD റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന കാര്യം പരിശോധിച്ചു വരുന്നു.

**തിരുവനന്തപുരം - നെയ്യാർഡാം റോഡിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റോഡ് വികസന പദ്ധതികൾ**

64(3281) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം-നെയ്യാർഡാം റോഡിൽ ചൂണ്ടുപലക മുതൽ കള്ളിക്കാട് വരെയുള്ള പ്രദേശത്ത് റോഡ് വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടന്നു വരുന്നതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികളുടെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകാമോ?

കെ.ആർ.എഫ്.ബി - പി.എം.യു.-നു കീഴിൽ വരുന്ന കിഫ്ബി റോഡ് പ്രവൃത്തികളിൽ ഉൾപ്പെട്ട തിരുവനന്തപുരം - നെയ്യാർ ഡാം റോഡിൽ ചൂണ്ടുപലക മുതൽ കള്ളിക്കാട് വരെയുള്ള പ്രദേശത്ത് റോഡ് വികസനത്തിന് 16-09-2019-ൽ കിഫ്ബിയിൽ നിന്നും 58.93 കോടിയുടെ സാമ്പത്തിക

അനുമതി നൽകിയിരുന്നു. ഈ റോഡിന്റെ അലൈൻമെന്റ് തയ്യാറാക്കി സ്ഥലമേറ്റെടുക്കലിനായി ജില്ലാ കളക്ടർക്ക് അർത്ഥന നൽകി, 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റോഡിൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും 4(1) വിജ്ഞാപനത്തിനുള്ള തുടർ നടപടികൾക്കായി റവന്യൂ അധികൃതരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ റോഡിലെ വാട്ടർ അതോറിറ്റി പ്രവൃത്തി വൈകുന്നതും സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നതും പദ്ധതിയുടെ ഡിസൈൻ അന്തിമമാവാത്തതും റോഡിന്റെ നിലവിലുണ്ടായിരുന്ന ശോചനിയാവസ്ഥയും കണക്കിലെടുത്ത് റോഡിന്റെ ബി.സി. ഓവർലേ പ്രവൃത്തിയ്ക്കായി 3.5 കോടിയുടെ അധിക സാമ്പത്തിക അനുമതി 02-06-2022-ലെ ഉത്തരവ് പ്രകാരം കിഫ്ബി നൽകുകയുണ്ടായി. തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്ത് 14-03-2023-ൽ എഗ്രിമെന്റ് വെച്ച് ആരംഭിച്ചു. നിലവിൽ പ്രവൃത്തി 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ 12-10-2023-ൽ നൽകിയ വിവിധ കാരണങ്ങളാൽ താത്കാലികമായി മരവിപ്പിക്കാൻ ഉദ്ദേശിക്കുന്ന

പദ്ധതികളുടെ ലിസ്റ്റിൽ പ്രസ്തുത പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്.

**എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡ്**

65 (3282) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ കിഫ്ബിവഴി അനുമതി ലഭ്യമായ ഇ.എം.എസ് അക്കാദമി റോഡിന്റെയും പൊട്ടൻകാവ് നെല്ലിക്കാട് റോഡിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രസ്തുത റോഡുകളുടെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) കാട്ടാക്കട മണ്ഡലത്തിൽ കിഫ്ബിവഴി ലഭ്യമായ ഇ.എം.എസ്. അക്കാദമി റോഡിന്റെയും പൊട്ടൻകാവ് നെല്ലിക്കാട് റോഡിന്റെയും പ്രവൃത്തി എഫ്.ഡി.ആർ. സാങ്കേതിക വിദ്യയിൽ ഉൾപ്പെടുത്തി ടെൻഡർ ചെയ്യുകയും L1 ബിഡർ എസ്റ്റിമേറ്റ് തുകയേക്കാൾ 23.73% ഉയർന്ന തുക ക്വാട്ട് ചെയുകയും ചെയ്തു. നാല്പത്തിയെട്ടാമത് ടെൻഡർ

അപ്രൂവൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ടെൻഡർ അംഗീകാരത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗം നടത്തുന്ന പ്രവൃത്തികൾ

66(3283) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ മെയിന്റനൻസ് പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ–സി) കുന്നത്തുനാട് മണ്ഡലത്തിൽ RC പ്രവൃത്തികൾ ഉൾപ്പെടെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 917.856 ലക്ഷം രൂപ

അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും (നിരത്തു പരിപാലന വിഭാഗം നടപ്പിലാക്കുന്ന പ്രവൃത്തി ഉൾപ്പെടെ) അനുബന്ധമായി+ ചേർക്കുന്നു.

**തീരദേശ ഹൈവേ**

67(3284) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തീരദേശ ഹൈവേ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തീരദേശ ഹൈവേയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം ജില്ലയിലെ തീരദേശ ഹൈവേ കാപ്പിൽ മുതൽ അഴീക്കൽ വരെയാണ് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 6(1) ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ രൂപരേഖ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരമുള്ള കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

**റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകളുടെ പരിശോധന**

68(3285) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകളുടെ പരിശോധന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിശോധനയിൽ നിർമ്മാണത്തിലും കരാർ പ്രകാരമുള്ള പരിപാലനത്തിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലത്തു ഇപ്രകാരമുള്ള എത്ര ക്രമക്കേടുകൾ കണ്ടെത്തിയെന്നും എന്തൊക്കെ നടപടികൾ പ്രസ്തുത കരാറുകാർക്കെതിരെ സ്വീകരിച്ചെന്നും നടപടി നേരിട്ട കരാറുകാർ ആരൊക്കെയാണെന്നുമുള്ള വിശദാംശം ജില്ല തിരിച്ച ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. റണ്ണിംഗ് കോൺട്രാക്ട്, റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം പൊതുമരാമത്ത് വകുപ്പിലെ വിവിധ വിംഗുകളുടെ പ്രവർത്തന

പുരോഗതി എന്നിവ സംബന്ധിച്ച് പരിശോധന നടത്തി Action Taken Report, rectification report എന്നിവ തയ്യാറാക്കി വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിലേയ്ക്കായി 29-01-2024-ലെ സ.ഉ(സാധാ) നം. 106/2024/പൊമവ പ്രകാരം ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശോധനാസംഘം രൂപീകരിച്ചിട്ടുണ്ട്. പരിശോധന നടന്നു വരുന്നു.

**എം.സി. റോഡിന് സമാന്തരമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന നാലുവരി പാത**

69(3286) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച, എം.സി. റോഡിന് സമാന്തരമായി കേശവദാസപുരം മുതൽ അങ്കമാലി വരെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന നാലുവരി പാത കൊല്ലം ജില്ലയിൽ കടന്നുപോകുന്നത് ഏതെല്ലാം ഭാഗങ്ങളിലൂടെയാണെന്നതിന്റെ രൂപരേഖ/അലൈൻമെന്റ് തയ്യാറായിട്ടുണ്ടോ;

പദ്ധതിയുടെ ഭാഗമായ കൊല്ലം ജില്ലയിൽ കൊട്ടാരക്കര ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കലിന് 11.035 കോടിയുടെ സാമ്പത്തിക

അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ സ്ഥലമേറ്റെടുക്കൽ നടപടിക്രമങ്ങൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. അലൈൻമെന്റ് പഠനം നടന്നുവരുന്നു.

(ബി) പ്രസ്തുത ഹൈവേ പുനലൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലെ സംസ്ഥാന പാത, എം.സി. റോഡ് എന്നിവയെ കൊല്ലം ജില്ലയിൽ പ്രസ്തുത പാത എവിടെയൊക്കെ മറികടക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പാതയുടെ നിർമ്മാണത്തിനായി പുനലൂർ താലൂക്കിൽ ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയുടെ വിസ്തൃതി വില്ലേജ് അടിസ്ഥാനത്തിൽ അറിയിക്കാമോ?

(ബി - ഡി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി DPR, LA പ്ലാൻ എന്നിവ തയ്യാറാക്കിയാൽ മാത്രമേ കടന്നുപോകുന്ന വില്ലേജുകൾ, ഭൂമിയുടെ വിസ്തൃതി എന്നിവ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

**വരന്തരപ്പിള്ളി-നന്തിപുരം റോഡിന്റെ നിർമ്മാണം**

70(3287) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി-നന്തിപുരം റോഡിന്റെ നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ച് മാസങ്ങൾ പിന്നിട്ടിട്ടും അനുമതി ലഭിക്കാത്തതിനാൽ അടിയന്തരമായി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

(എ & ബി) പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവൃത്തി**

71(3288) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിയ പൊതുമരാമത്ത് റോഡുകളിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം റോഡുകളുടെ നവീകരണ പ്രവൃത്തി നടക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉന്നതതലയോഗം നടത്തിയിട്ടും സമയബന്ധിതമായി ഇത്തരം പ്രവൃത്തികൾ പൂർത്തിയാക്കാത്തത് പരിശോധിക്കുമോ;

ഇതുമായി ബന്ധപ്പെട്ട് PWD യും KWA യും സംയുക്തമായി നടത്തുന്ന ഉന്നതതല യോഗങ്ങളിലെ തീരുമാനങ്ങൾ അനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ റോഡുകളിലെ പ്രവൃത്തികൾക്കാണ് പ്രസ്തുത പരാതികൾ നിലനിൽക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

പേരാമ്പ്ര മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന പ്രവൃത്തികൾക്ക് പരാതികൾ നിലനിൽക്കുന്നു.

1. പി.യു.കെ.സി.(എസ്.എച്ച്. - 38) കി.മീ. 32/250 മുതൽ 33/100 വരെ

2. കടിയങ്ങാട് പെരുവണ്ണാമുഴി റോഡ് കി.മീ. 4/200 മുതൽ 7/000 വരെ - എന്നീ പ്രവൃത്തികൾ

3. കൊല്ലം - നെല്യാടി -മേപ്പയൂർ റോഡ്

**കുന്നത്തുനാട് മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികൾ**

72(3289) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിലവിലെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന

നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. Construction of New Building for Smart Village Office at Kunnathunadu – പ്രവൃത്തി പൂർത്തീകരിച്ചു.

2. Construction of New Building for GHSS Pazhamthottam ടെണ്ടർ നടപടികൾ പൂർത്തിയായി. A.S. No. G.O(Rt)No. 2042/2023/GEDN dated 21/03/2023, amounting 200 Lakhs

3. Construction of School Building for GHSS South Vazhakkulam -Plastering നടന്നുകൊണ്ടിരിക്കുന്നു A.S. No. G.O(Rt)No. - 564/2023/GEDN - dated 23/01/2023. amounting 100 Lakhs

(ബി) ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ - Budget Work 2019-2020- Construction of 2nd floor for Mini Civil Station at Kolenchery Phase II -

Balance Work ഭരണാനുമതിയ്ക്കായി കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന്മേൽ റവന്യൂ വകുപ്പ്, ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ആരാഞ്ഞിരിക്കുകയാണ്.

(സി) പട്ടിമറ്റം റസ്റ്റ് ഹൗസ് നവീകരണത്തിനായി അനുവദിച്ച തുക എത്രയെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

പട്ടിമറ്റം റസ്റ്റ് ഹൗസ് നവീകരണത്തിനായി അനുവദിച്ച തുക 5 ലക്ഷം - പ്രവൃത്തി പൂർത്തീകരിച്ചു.

**വടക്കഞ്ചേരി പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ് പ്രവൃത്തിയുടെ രണ്ടാം ഘട്ടം**

73(3290) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ് രണ്ടാം ഘട്ടം പ്രവൃത്തി നിലവിലേത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തിയെന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന്

വ്യക്തമാക്കാമോ?

(എ&ബി) വടക്കഞ്ചേരി പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് രണ്ടാം ഘട്ട പ്രവൃത്തിയ്ക്ക് 2024-25 ബഡ്ജറ്റിൽ (വോളിയം 2 പേജ് നമ്പർ 47 സീരിയൽ നമ്പർ 1010) 2 കോടി രൂപ വകയിരുത്തി 100 രൂപ ടോക്കൺ പ്രൊവിഷനാണ് അനുവദിച്ചത്. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പ്രവൃത്തി പരിഗണിക്കുന്നതാണ്.

**തോലനൂർ ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം**

74(3291) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തോലനൂർ ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിലേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ?

2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തോലനൂർ ഗവ.ആർട്സ് &

സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരമുള്ള സ്ട്രക്ചറൽ ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ സ്ട്രക്ച്ചറൽ വിംഗ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി DPR സമർപ്പിക്കുന്നതിനും ഭരണാനുമതി ലഭിച്ചശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

**ക്ലിഫ്ഹൗസിൽ നിർമ്മാണ പ്രവൃത്തികൾ**

75(3292) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ക്ലിഫ്ഹൗസിൽ ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് പൊതുമരാമത്ത് വകുപ്പ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നടപ്പാക്കിയിട്ടുള്ളത്; ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ

വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ക്ലിഫ്ഹൗസിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**മാവേലിക്കര പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് നവീകരിക്കുന്നതിന് നടപടി**

76(3293) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ ഒന്നാം നിലയിലുള്ള ഹാളിൽ എ.സി. സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ ഒന്നാം നിലയിലുള്ള ഹാളിൽ എ.സി. സ്ഥാപിക്കുന്നതിന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നെന്മാറ നിയോജക മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ**

77 (3294) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തി പൊതുമരാമത്ത് കെട്ടിട വിഭാഗം നിർമ്മാണ ചുമതല നിർവഹിക്കുന്ന നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ സി.എച്ച്.സി, പല്ലാവൂർ ജി.എൽ.പി സ്കൂൾ, കൊടുവായൂർ ജി.എച്ച്.എസ്.എസ്, മുതലമട ജി.എച്ച്.എസ്.എസ് എന്നിവിടങ്ങളിലെ പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മാണ ചുമതല വഹിക്കുന്ന നെന്മാറ നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നെന്മാറ സി.എച്ച്.സി കെട്ടിടം നിലവിലുള്ള പഴയ കെട്ടിടം

പൊളിച്ചുമാറ്റി സൈറ്റ് തടസ്സരഹിതമാക്കുന്നതിന് 19-12-2023, 11-01-2024 തീയതികളിൽ നെന്മാറ സി.എച്ച്.സി സൂപ്രണ്ടിന് കത്ത് നൽകിയിട്ടുണ്ട്. ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് 11-01-2024-ൽ സി.എച്ച്.സി സൂപ്രണ്ടിന് നൽകിയിരുന്നു. ആശുപത്രി അധികൃതർ പ്ലാനിൽ മാറ്റങ്ങൾ/കൂട്ടി ചേർക്കലുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് 07-02-2024-ൽ നെന്മാറ പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരത്തിൽ പൊതുമരാമത്ത് ആർക്കിടെക്റ്റുമായി കൂടിയ യോഗത്തിൽ ചർച്ച ചെയ്യുകയും ആയതുപ്രകാരം ആർക്കിടെക്ച്ചറൽ വിഭാഗം പുതുക്കിയ രൂപരേഖ തയ്യാറാക്കി വരികയാണ്.

2. പല്ലാവൂർ G.L.P സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 08-02-2024-ലെ G.O.(Rt)No.153/2024/PWD പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി വരുന്നു.

3. മുതലമട GHSS-ന്റെ വിവിധ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് ആർക്കിടെക്ച്ചറൽ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു.

4. കൊടുവായൂർ GHSS-ന് പ്രസ്തുത പ്രവൃത്തിയുടെ Structural Frame Work ഉം Masonry Work ഉം പൂർത്തീകരിച്ച് Plastering പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളെന്ന് തുടങ്ങിയെന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

നെന്മാറ സി.എച്ച്.സി കെട്ടിടം, മുതലമട GHSS എന്നിവയ്ക്ക് വിശദമായ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് മണ്ണ് പര്യവേഷണത്തിനുള്ള നടപടികൾ സ്വീകരിച്ച് സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്.

പല്ലാവൂർ G.L.P സ്കൂളിന്റെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി 08-02-2024-ലെ G.O.(Rt)No.153/2024/PWD പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി തുടങ്ങുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതും എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചാൽ ഒരു വർഷ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതുമാണ്.

കൊടുവായൂർ GHSS-ന്റെ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 24-05-2023-ന് കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 24-11-2024-നാണ്.

**സർക്കാർ ആഫീസുകൾക്ക് വാടകയ്ക്ക് കെട്ടിടം**

78(3295) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ ഓഫീസുകൾക്ക് വാടകയ്ക്ക് കെട്ടിടം ഏറ്റെടുക്കുമ്പോൾ വാടക നിശ്ചയിക്കുന്ന നടപടി ക്രമങ്ങളുടെ വിശദാംശം അറിയിക്കാമോ?

സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ ഓഫീസുകൾക്ക് സ്വകാര്യ വ്യക്തികളുടെ കെട്ടിടം വാടകയ്ക്ക് ഏറ്റെടുക്കുമ്പോൾ വാടക നിശ്ചയിക്കുന്ന നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

10-01-2022-ലെ G.O(Ms) No. 01/2022/PWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് നിലവിൽ വാടക നിർണ്ണയം നടത്തുന്നത്. ഇതിനായി

ഒക്യുപെയിംഗ് ഡിപ്പാർട്ട്മെന്റ് താഴെ പറയുന്ന രേഖകൾസമർപ്പിക്കേണ്ടതാണ്.

1. പെർഫോമ (to be signed by the owner of the building and Client Department)

2. ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് (Original Signed by Thahasildar)

3. കാലപ്പഴക്കം നിർണ്ണയ സർട്ടിഫിക്കറ്റ് (Original from Local Body Panchayath/Municipality/Corporation)

4. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്

5.കെട്ടിടത്തിന്റെ പ്ലാൻ (രജിസ്റ്റേർഡ് ഇൻസ്റ്റിറ്റ്യൂഷൻ/ആർക്കിടെക്ട്/എഞ്ചിനീയർ/ടൗൺ പ്ലാനർ/സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയത്)

6. അഡ്മിസിബിൾ ഏരിയ കാൽക്കുലേഷൻ ഷീറ്റ് (രജിസ്റ്റേർഡ് ഇൻസ്റ്റിറ്റ്യൂഷൻ/ആർക്കിടെക്ട്/എഞ്ചിനീയർ/ടൗൺപ്ലാനർ, സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയത്)

7.സൈറ്റ്പ്ലാൻ (രജിസ്റ്റേർഡ് ഇൻസ്റ്റിറ്റ്യൂഷൻ ആർക്കിടെക്ട്/ എഞ്ചിനീയർ/ടൗൺ പ്ലാനർ/ സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയത്)

8. പ്ലിന്ത് ഏരിയ & കാർപെറ്റ് ഏരിയ കാൽക്കുലേഷൻ ഷീറ്റ് (രജിസ്റ്റേർഡ് ഇൻസ്റ്റിറ്റ്യൂഷൻ/ആർക്കിടെക്ട്/എഞ്ചിനീയർ/ടൗൺപ്ലാനർ/സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയത്)

9. ലൈസെൻസിന്റെ പകർപ്പ് രജിസ്റ്റേർഡ് ഇൻസ്റ്റിറ്റ്യൂഷൻ/ആർക്കിടെക്ട്/എഞ്ചിനീയർ ടൗൺ പ്ലാനർ/ സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയത്)

10. ഒക്യുപെയിംഗ് ഡിപ്പാർട്ട്മെന്റിലെ ഗസറ്റഡ്/നോൺ ഗസറ്റഡ്, സ്റ്റാഫ് പാറ്റേൺ

11. ഓഫീസ് റിക്വയർമെന്റ്സ്

12. നോൺ അവെയിലിബിലിറ്റി സർട്ടിഫിക്കറ്റ് (NAC)

13. റന്റ് സർട്ടിഫിക്കറ്റ് (PWD യുടെ)

(ബി) കിഫ്ബി, കെ-ഡിസ്ക് തുടങ്ങിയ സർക്കാർ അനുബന്ധ സ്ഥാപനങ്ങളും ഏജൻസികളും കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ മേല്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കാറുണ്ടോ; ഉണ്ടെങ്കിൽ കിഫ്ബി, കെ-ഡിസ്ക് എന്നീ സ്ഥാപനങ്ങൾ വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾക്ക് നാളിതുവരെ വാടക നിർണ്ണയിച്ചുനൽകിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയ്ക്ക് വരുന്ന കെട്ടിട വാടക സംബന്ധിച്ച അപേക്ഷകളിൽ ഈ നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കാറുണ്ട്.

**നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി**

79(3296) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പെരിങ്ങമല പഞ്ചായത്തിലെ ജവഹർ കോളനി ഹൈസ്കൂളിൽ നബാർഡ് ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ പെരിങ്ങമല പഞ്ചായത്തിൽ നബാർഡ് ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന ജവഹർ കോളനി ഹൈസ്കൂളിൽ ഗ്രൗണ്ട് ഫ്ലോർ സ്ട്രക്ചറൽ വർക്കും, masonry വർക്കും പൂർത്തീകരിച്ചിട്ടുള്ളതായും ഫസ്റ്റ് ഫ്ലോറിന്റെ 30 കോളം നിർമ്മിച്ചിട്ടുള്ളതായും കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നബാർഡ് ട്രാഞ്ചെ 23-ൽ ഉൾപ്പെട്ടതും ടി ട്രാഞ്ചെയുടെ കാലാവധി കഴിഞ്ഞതിനാൽ പ്രവൃത്തി നിർത്തി വച്ചിരിക്കുകയുമാണ്.

(ബി) നബാർഡ് ഫണ്ടിന്റെ കാലാവധി അവസാനിച്ചതുമൂലം നിർമ്മാണം നിർത്തിവയ്ക്കേണ്ട സ്കൂൾ കെട്ടിടങ്ങൾ എത്രയെണ്ണമുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കാമോ?

നബാർഡ് ട്രാഞ്ചെ 23 ഫണ്ടിന്റെ കാലാവധി അവസാനിച്ചതുമൂലം നിർമ്മാണം നിർത്തി വയ്ക്കേണ്ട സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. Construction of a new building block for Govt. UPS Jawahar Colony, Palode.

2. Construction of new building Govt. HS Cherinniyoor.

3. Construction of a new building block for Govt. HS Anappara, Vithura.

4. Construction of a new building for Govt. UPS Naluchira, Alappuzha.

(സി) നബാർഡ് ഫണ്ടിന്റെ കാലാവധി നീട്ടി നൽകി കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നബാർഡ് ഫണ്ടിന്റെ കാലാവധി നീട്ടി നൽകി കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ Tranche 23 extend ചെയ്യാനും അല്ലാത്ത പക്ഷം Plan Fund പൂർത്തിയാക്കാനുള്ള അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**കാട്ടാക്കട കോർട്ട് കോംപ്ലക്സ് നിർമ്മാണം**

80(3297) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; മൂന്നാംഘട്ട നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത എസ്റ്റിമേറ്റ് ഹൈക്കോടതി രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട കോടതി സമുച്ചയത്തിന്റെ രണ്ടാംഘട്ട പ്രവൃത്തികളിൽ 90 ശതമാനം പൂർത്തീകരിക്കുകയും ഫിനിഷിംഗ് പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു. മൂന്നാംഘട്ട നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പരിശോധനയ്ക്കുശേഷം ഭരണാനുമതിക്കായി ഹൈക്കോടതി രജിസ്ട്രാർക്ക് സമർപ്പിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

81(3298) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ 2016-17 മുതൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ 2016-17 മുതൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**ഉപ്പള ഫയർ സ്റ്റേഷൻ, സീതാംഗോളി ഐ.ടി.ഐ. എന്നിവയുടെ കെട്ടിട നിർമ്മാണം**

82(3299) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബഡ്ജറ്റിലുൾപ്പെട്ട ഉപ്പള ഫയർ സ്റ്റേഷൻ, സീതാംഗോളി ഐ.ടി.ഐ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നിലവിലേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

1. ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം

ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന 90 സെന്റ് സ്ഥലം തടസ്സരഹിതമായി 29-12-2023-ലെ ജോയിന്റ് ഇൻസ്പെക്ഷൻ പ്രകാരം അളന്ന് തിട്ടപ്പെടുത്തി വില്ലേജ് സ്കെച്ച് 20-01-2024-ൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 2023-24 ബഡ്ജറ്റ് അനുബന്ധം II

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാല്യം 11 ൽ 2827 ക്രമനമ്പർ പ്രകാരം 30 ലക്ഷം രൂപ ഉൾപ്പെട്ടിട്ടുണ്ട്. ടി Proposal-നുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കിവരുകയാണ്. Proposal സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ചുറ്റുമതിലും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും കുഴൽകിണറിനായി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക്, ആയവ ഒന്നാംഘട്ടമായി ചെയ്തു തീർക്കുവാൻ സാധിക്കുന്നതാണ്.

2.<u>ഐ.ടി.ഐ., സീതാംഗോളി കെട്ടിട നിർമ്മാണം</u>

ഗവൺമെന്റ് ഐ.ടി.ഐ. സീതാംഗോളി നിർമ്മിക്കുന്നതിനായി 2023-24- വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പ്രഖ്യാപിച്ച ഒരു കോടി രൂപ അടങ്കൽ തുകയായി നിജപ്പെടുത്തിക്കൊണ്ട് ഐ.ടി.ഐ. അധികൃതരുടെ നിർദ്ദേശപ്രകാരം രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതുപ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, ഭരണാനുമതിക്കായി പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉപ്പള ഫയർസ്റ്റേഷൻ നിർമ്മാണസ്ഥലത്തിന്റെ അതിർത്തി നിർണ്ണയം ചെയ്ത സ്കെച്ചും പ്ലാനും വില്ലേജ് ഓഫീസിൽ നിന്ന് 20-01-2024-ലാണ് കെട്ടിട വിഭാഗം കാര്യാലയത്തിൽ ലഭിച്ചത്. ആയതുപ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ബഡ്ജറ്റിലുൾപ്പെട്ട പ്രകാരം ഐ.ടി.ഐ. സീതാംഗോളിക്ക്, നിലവിലെ കെട്ടിടത്തിന്റെ മുകളിൽ ഫസ്റ്റ് ഫ്ലോർ നിർമ്മിക്കുന്നതിനായി രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കിവരികയായിരുന്നു. എന്നാൽ ടി നിർമ്മാണത്തിന് KDP ഫണ്ട് ലഭ്യമായതിനെത്തുടർന്ന് ബഡ്ജറ്റ് പ്രവൃത്തിയ്ക്കായി ഭരണാനുമതി ലഭിക്കുന്നതിന് പുതിയ സ്ഥലം കണ്ടെത്തുകയും ആയതിന് ഐ.ടി.ഐ. അധികൃതരുടെ നിർദ്ദേശ പ്രകാരം രൂപരേഖ തയ്യാറാക്കി വരുകയും ചെയ്യുന്നു. നിലവിൽ രണ്ട് പദ്ധതികൾക്കും ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റും രൂപരേഖയും തയ്യാറാക്കി വരുന്നു.

(സി) ടി പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

പ്രവൃത്തികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ**

83(3300) **ശ്രീ. കടകംപള്ളി സുരേന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് (സ്പെഷ്യൽ ബിൽഡിംഗ്സ്) പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.-യുടെ പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ച് 3 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

പാങ്ങാപ്പാറ ഐ.എഫ്.എച്ച്.സി.-യുടെ പുതിയ കെട്ടിട നിർമ്മാണത്തിന് 06-10-2020-ലെ G.O(Rt)No. 925/2020/PWD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിനുവേണ്ടി ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് തിരുവനന്തപുരം കോർപ്പറേഷൻ Landscaping

പ്രവൃത്തികൾ നടത്തിയതിനെത്തുടർന്ന് ഈ കോമ്പൗണ്ടിൽ തന്നെയുള്ള പഴയ ഒരു കെട്ടിടവും Extend ചെയ്ത ഒരു Temporary Structure-ഉം പൊളിച്ചുകൊണ്ട് ടി പ്രവൃത്തിയുടെ കെട്ടിടം നിർമ്മിക്കുവാൻ തീരുമാനമായി. ആയതിനെത്തുടർന്ന് 24-09-2021-ൽ ഈ ഭരണാനുമതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുതന്നെ Soil Investigation-നുവേണ്ട എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഇതുപ്രകാരം 01-06-2022-ന് Soil Investigation പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. 11-03-2022-ൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച Structural Design-ൽ Pile Foundation-നാണ് നിർദ്ദേശിച്ചിരുന്നത്. Foundation-നുവേണ്ടി കൂടുതൽ തുക ആവശ്യമായി വരുന്നതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യും ഹോസ്പിറ്റൽ അതോറിറ്റിയുമായി 29-05-2023-ൽ ചേർന്ന യോഗത്തിൽ കൂടുതൽ ഫണ്ട് ലഭ്യമാകുവാൻ സാധ്യതയില്ലാത്തതിനാൽ ടി കെട്ടിടം രണ്ട് നിലയാക്കുന്നതിനും തീരുമാനമെടുത്തു. ആയതിന്റെ അടിസ്ഥാനത്തിൽ ആർക്കിടെക്ചറൽ ഡ്രായിംഗ് റിവൈസ് ചെയ്ത് 21-08-2023-ന് ലഭ്യമാകുകയും സ്ട്രക്ചറൽ ഡിസൈൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ

സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് വരുകയാണ്. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(ബി) ആക്കുളം എൻ.സി.സി. ആസ്ഥാനത്തിന്റെ നിർമ്മാണം 3 വർഷം കഴിഞ്ഞിട്ടും അനന്തമായി നീണ്ടു പോകുന്നതിന്റെ കാരണം വിശദമാക്കാമോ?

കോവിഡുമൂലമുണ്ടായ പ്രതിസന്ധി പ്രവൃത്തിയുടെ പുരോഗതിക്ക് തടസ്സമായിരുന്നു. മേൽ പ്രവൃത്തിയുടെ മന്ദഗതിയിലുള്ള പുരോഗതി മനസ്സിലാക്കി ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർ സൈറ്റ് സന്ദർശിച്ച് കരാറുകാരന് കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പ്രവൃത്തി നല്ല രീതിയിൽ പുരോഗമിച്ചുവരുന്നു.

(സി) ശ്രീകാര്യം മിനി സിവിൽ സ്റ്റേഷൻ ഡി.പി.ആർ. സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ?

ശ്രീകാര്യം മിനി സിവൽ സ്റ്റേഷന്റെ ഡി.പി.ആർ.-മായി ബന്ധപ്പെട്ട്, 24-02-2023-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടറുമായി ചേർന്ന യോഗത്തിൽ ശ്രീകാര്യം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 2019-20-ൽ 20 ശതമാനം ബഡ്ജറ്റ് പ്രൊവിഷൻ ഉൾപ്പെടുത്തി റവന്യൂ വിഭാഗത്തിന് അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഭൂമിയേറ്റെടുത്ത് സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായുള്ള ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിക്കുവാൻ തീരുമാനിച്ചുവെന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. 10-04-2023-ൽ ടി പ്രവൃത്തിക്കായി Rough Cost Estimate സമർപ്പിക്കുവാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടു. 23-02-2023-ൽ തിരുവനന്തപുരം തഹസിൽദാർ ടി പ്രവൃത്തിക്കുവേണ്ടി ഭൂമിയേറ്റെടുക്കുന്നതിന് ഒരു കോടി എട്ടു ലക്ഷം രൂപ വേണ്ടി വരുമെന്നറിയിച്ചു. മൂന്ന് നിലകളോടുകൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് KMDR 2019-ഉം CPWD PAR 2019-ഉം പ്രകാരം 12.96 കോടി രൂപയും തഹസിൽദാർ നിർദ്ദേശിച്ച ഭൂമി വിലയായ 1.08 കോടി രൂപയും ചേർന്നുള്ള തുകയ്ക്ക്

ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 25-04-2023-ൽ ജില്ല കളക്ടറിനോട് No. EESBL/269/2022-D5-PWD-ൽ കത്ത് പ്രകാരം സ്പെഷ്യൽ ബിൽഡിംഗ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീകാര്യം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. സംബന്ധിച്ച തീരുമാനം ഇതുവരെയും അന്തിമമായിയെടുത്തിട്ടില്ലെന്നും പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനും ഏതൊക്കെ ഓഫീസുകളാണ് ടി മിനി സിവിൽ സ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ടതെന്നത് സംബന്ധിച്ച വിഷയവും നിലവിൽ പരിശോധിച്ച് വരുന്നതായും ആയത് പൂർത്തീകരിച്ചതിനുശേഷം പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും സഹിതമുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനും ഭരണാനുമതിക്കുമായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ലഭ്യമാക്കുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(ഡി) മണ്ണന്തല എൻ.സി.സി ആസ്ഥാനത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

മണ്ണന്തല എൻ.സി.സി. ആസ്ഥാനത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കരാർ പ്രകാരം 30-12-2024 വരെയാണ്. പ്രവൃത്തി പുരോഗതിയിലാണ്. പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കാട്ടാക്കട പഞ്ചായത്തിൽ ഇ.എം.എസ്. ലൈബ്രറി നിർമ്മാണവും കുറ്റിക്കാട് കുളം നവീകരണവും**

84(3301) <u>ശ്രീ. ഐ. ബി. സതീഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാൻ അനുമതി ലഭ്യമായ ഇ.എം.എസ്. ലൈബ്രറി നിർമ്മാണ പ്രവൃത്തി, കുറ്റിക്കാട് കുളം നവീകരണ പ്രവൃത്തി എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കാട്ടാക്കട പഞ്ചായത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാൻ അനുമതി ലഭ്യമായ ഇ.എം.എസ്. ലൈബ്രറി

നിർമ്മാണ പ്രവൃത്തി, കുറ്റിക്കാട് കുളം നവീകരണ പ്രവൃത്തി എന്നീ രണ്ടു പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി, ഇ.എം.എസ്. ലൈബ്രറി 03-04-2023-ലും "Kuttikkattukulam Old Age Park and Cultural Stage 08-08-2023-ലും പ്രവൃത്തി ആരംഭിക്കുന്നതിനായി കരാറുകാർക്ക് കൈമാറിയിരുന്നെങ്കിലും നാളിതുവരെയായി പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ അനുമതിയോടുകൂടി കുറ്റിക്കാട് കുളത്തിൽ മത്സ്യകൃഷി നടക്കുന്നതിനാൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി കുളം വറ്റിച്ച് മത്സ്യക്കുഞ്ഞുങ്ങളെ മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 11-08-2023-ൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിന് നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കത്ത് നൽകിയിരുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 17-01-2024-ന് കാട്ടാക്കട പഞ്ചായത്ത് പ്രസിഡന്റിനും 08-02-2024-ന് ജില്ലാ കളക്ടർക്കും കത്ത് നൽകിയിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് കുറ്റിക്കാട് കുളത്തിൽ നടത്തി വരുന്ന മത്സ്യകൃഷി മാറ്റി നൽകുന്നതിന് പഞ്ചായത്ത് പ്രസിഡന്റുമായി നടത്തിയ ചർച്ചയിൽ മാർച്ച് 2023 മുതൽ മാർച്ച് 2024 വരെ ഒരു വർഷത്തേക്കാണ് മത്സ്യകൃഷി നടത്തുവാൻ അനുമതി നൽകിയിരിക്കുന്നതെന്നും ഇതിനിടയിൽ മത്സ്യങ്ങളെ മാറ്റി നൽകണമെങ്കിൽ പഞ്ചായത്ത്, മത്സ്യകൃഷി നടത്തുന്ന ആൾക്ക് കുളം വറ്റിച്ച് നൽകേണ്ടി വരുമെന്നും അതിനുള്ള ഫണ്ട് നിലവിൽ പഞ്ചായത്തിലില്ലാത്തതിനാൽ പൊതുമരാമത്ത് വകുപ്പ് കരാറുകാരന് പ്രവൃത്തി തുടങ്ങുമ്പോൾ മത്സ്യങ്ങളെ മാറ്റണമെന്ന് കാട്ടാക്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിരുന്നു. തടസ്സങ്ങൾ നീക്കാതെ പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരൻ വിസമ്മതിച്ചതിനാൽ ടി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ മത്സ്യക്കുഞ്ഞുങ്ങളെ മാറ്റി നൽകുന്ന മുറയ്ക്കുമാത്രമേ പ്രവൃത്തികൾ

ആരംഭിക്കുവാൻ കഴിയുകയുള്ളൂവെന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**മുനമ്പത്ത്ക്കടവ് പാലം**

85 (3302) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന്, ബേപ്പൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്ത്ക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മുനമ്പത്ത്ക്കടവ് പാലം നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 550 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പൂർത്തികരിച്ചിട്ടുണ്ടോ; ആയത് പൂർത്തിയാക്കിയതിനുശേഷം ഡി.പി.ആർ. അടക്കമുള്ള തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു.

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് നിർവ്വഹണ ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിർവ്വഹണ ഏജൻസിയെ നിയമിച്ചിട്ടില്ല.

## ഗോശ്രീ പാലത്തിൽ വാഹനബാഹുല്യം കാരണം അനുഭവപ്പെടുന്ന ഗതാഗത കുരുക്ക്

86(3303) **ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിൽ നിന്നും വൈപ്പിൻ കരയിലെ ബോൾഗാട്ടി ജംഗ്ഷനിലേക്കുള്ള ഗോശ്രീ പാലത്തിൽ വാഹനബാഹുല്യം കാരണം അനുഭവപ്പെടുന്ന ഗതാഗത കുരുക്കും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളത്ത് നിന്ന് ഹൈക്കോടതി വഴി കണ്ടെയിനർ റോഡിലൂടെ തൃശ്ശൂർ ഭാഗത്തേക്കുള്ള വാഹനങ്ങളുടെ ബാഹുല്യവും മുനമ്പം-അഴിക്കോട് പാലവും തീരദേശ ഹൈവേയും യാഥാർത്ഥ്യമാകുന്നതോടെ

ഈ മേഖലയിൽ ഉണ്ടാകാവുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് ഗോശ്രീ പാലത്തിന് സമാന്തരമായി പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) നിലവിൽ ഗോശ്രീ പാലങ്ങൾ ജിഡ (Goshree Island Development Authority) യുടെ ആസ്തിയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഗോശ്രീ 1- പാലത്തിന് സമാന്തരമായി എറണാകുളത്തേയും ബോൾഗാട്ടി ദ്വീപിനേയും ബന്ധിപ്പിക്കുന്ന പാലം പൊതുമരാമത്ത് പാലം വിഭാഗത്തിന്റെ പരിധിയിൽ വരുന്നതല്ല. ഗോശ്രീ 2-പാലത്തിന് സമാന്തരമായി രണ്ട് വരി പാലം നിലവിലുണ്ട്. ഗോശ്രി 3-പാലത്തിന് സമാന്തരമായി കാളമുക്ക് ജംഗ്ഷനിൽ നിന്ന് വല്ലാർപാടത്തേയ്ക്ക് പാലം നിർമ്മിക്കുന്നതിനുവേണ്ടി 70 കോടി രൂപയുടെ പ്രവൃത്തി 2023-24 ബഡ്ജറ്റിൽ 100 രൂപാ ടോക്കൺ പ്രൊവിഷനായി ഉൾപ്പെട്ടിരുന്നു. 18-10-2023-ൽ ചേർന്ന സി.എം.റ്റി. മീറ്റിംഗിൽ പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് എം.എൽ.എ. നിർദ്ദേശിച്ചിരുന്നത് പ്രകാരം 40.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം, എറണാകുളം കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു.

(സി) ഇതുസംബന്ധിച്ച് മന്ത്രിക്ക് സമർപ്പിച്ചിരുന്നതും പരിശോധിക്കുന്നതിനായി 18-09-2023-ലെ 6694/എം(ഡബ്ല്യൂ&ടി)/23 നമ്പർ കത്ത് പ്രകാരവും 23-12-2023-ലെ 7256/എം(ഡബ്ല്യൂ&ടി)/23/വിഐപി. നമ്പർ കത്ത് പ്രകാരവും പൊതുമരാമത്ത് വകുപ്പ്, പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് കൈമാറിയതുമായ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

18-09-2023, 23-12-2023 എന്നീ തീയതികളിലെ നിവേദനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും 05-12-2023-ൽ ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഗോശ്രീ പാലത്തിന് സമാന്തരമായി പാലം നിർമ്മിക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം

എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി വരുന്നു.

**കോഴിക്കോട് പുതിയപാലത്തെ വലിയ പാലം നിർമ്മാണം**

87(3304) **ശ്രീ. അഹമ്മദ് ദേവർകോവിൽ:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് പുതിയപാലത്തെ വലിയ പാലം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ പുതിയ പാലത്ത് വലിയ പാലം എന്ന പ്രവൃത്തിക്ക് 10-07-2017-ൽ 60 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 30-06-2018-ൽ 59.01 കോടി രൂപയുടെ സാമ്പത്തി കാനുമതിയും നൽകിയിട്ടുണ്ട്. 26-06-2023-ൽ പ്രസ്തുത പ്രവൃത്തിക്ക് കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ പ്രവൃത്തിയുടെ 20 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ആകെയുള്ള 34 pile-ൽ 33 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. Pile cap, pier, girder beam എന്നീ

പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കോട്ടൂളി വില്ലേജിലെ 42/14, 42/1C, കസബ വില്ലേജിലെ 399 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന 0.397 Ha ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകാത്തതിനാൽ പാലത്തിന്റെ ഒരു pile നിർമ്മാണം തടസ്സപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനുള്ള അധിക ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു.

**കാവാലിപ്പുഴ ഷുക്കുപാലം നിർമ്മാണം**

88 (3305) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവാലിപ്പുഴ ഷുക്കുപാലത്തിന് മണ്ണുപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കുകയും അതുപ്രകാരം ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2019-20 ബഡ്ജറ്റിൽ കിടങ്ങൂർ-കാവാലിപ്പുഴ ശുക്കുപാലം മീനച്ചിലാറിനു കുറുകെ നിർമ്മിക്കുന്നതിന് (KEL തയ്യാറാക്കിയ പ്രോജക്റ്റ്) 40

ലക്ഷം രൂപ വകയിരുത്തിയിരുന്നു. സസ്പെൻഷൻ പാലത്തിനുപകരം സ്റ്റീൽ ലാറ്റിസ് ഗിർഡർ ലൈറ്റ് വെഹിക്കുലർ പാലമാണ് KEL നിർദ്ദേശിച്ചിരിക്കുന്നത്. സ്റ്റീൽ ലാറ്റിസ് പാലത്തിന് ഡി.പി.ആർ. തയ്യാറാക്കാൻ 13,61,606/- രൂപ KEL ആവശ്യപ്പെട്ടതിനാൽ, പ്രസ്തുത രൂപകൽപ്പന പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തെക്കൊണ്ട് നിർവഹിപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും അതിൻപ്രകാരം ഡിസൈൻ വിഭാഗം സൈറ്റ് സന്ദർശിച്ച്, മണ്ണുപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 2019-20-ൽ നാല്പത് ലക്ഷം രൂപ വകയിരുത്തിയിരുന്ന കാവാലിപ്പുഴ തൂക്കുപാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടിയേത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ഡി) 2020-നുശേഷം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(സി&ഡി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് മണ്ണ് പരിശോധന നടത്തി ഡിസൈൻ വിഭാഗത്തിൽ സമർപ്പിക്കേണ്ടതുണ്ട്. മണ്ണ് പരിശോധനയ്ക്കായുള്ള

എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഇരവിപുരം റെയിൽവെ മേല്പാലം നിർമ്മാണം**

89(3306) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം റെയിൽവെ മേൽപ്പാലത്തിന്റെ (ആർ.ഒ.ബി-എൽ.സി. നമ്പർ 547) നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടുപോകുന്നുയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇരവിപുരം റെയിൽവേ മേൽപ്പാലത്തിന്റെ റെയിൽവേ നേരിട്ട് നിർമ്മിക്കുന്ന സ്പാനും അനുബന്ധ സ്പാനുകളും ഒഴികെ മറ്റു സ്പാനുകളുടെ ഗർഡറുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. റെയിൽവേ സ്പാനുകളുടെ പ്രവൃത്തി റെയിൽവേ പൂർത്തീകരിച്ചാൽ മാത്രമേ അനുബന്ധ സ്പാനുകളുടെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ റെയിൽവേ സ്പാനുകളുടെ ഗർഡറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചശേഷമേ ഒരു വശത്തെ

റീട്ടെയിനിംഗ് വാളിന്റെയും ഡ്രെയിനേജിന്റെയും പ്രവൃത്തി ആരംഭിക്കാവൂ എന്ന് റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ട്. റെയിൽവേയുടെ ഗർഡർ ഇറക്ഷൻ പ്രവൃത്തി മാർച്ചിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണെന്ന് റെയിൽവേ അറിയിക്കുകയുണ്ടായി. റെയിൽവേയുടെ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം അടിയന്തരമായി പദ്ധതി പൂർത്തീകരിക്കുന്നതാണ്.

(ബി) ഇരവിപുരം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മയ്യനാട് എൽ.സി. നമ്പർ 551, എസ്.എൻ. കോളേജ് ജംഗ്ഷൻ എൽ.സി. നമ്പർ 543, കല്ലുംതാഴം (കുറ്റിച്ചിറ) എൽ.സി. നമ്പർ 77, കൂട്ടിക്കട എൽ.സി. നമ്പർ 549, പോളയത്തോട് എൽ.സി. നമ്പർ 545 എന്നീ അഞ്ച് ആർ.ഒ.ബി.കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

<u>മയ്യനാട് റെയിൽവേ മേൽപ്പാലം</u>

മയ്യനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ SPV ആയി നിയമിക്കുകയും പദ്ധതിക്കായി 25.95 കോടി രൂപയ്ക്ക്

അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കാവശ്യമായി വരുന്ന സർക്കാർ ഭൂമികൾ കൈമാറുന്നതിന്റെ ഭാഗമായി വെള്ളമണൽ ഹയർ സെക്കന്ററി സ്കൂളിന്റെ 0.77 ആർ ഭൂമി ലാന്റ് ട്രാൻസ്ഫർ മുഖേന കൈമാറുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്ന് പൊതു വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് NOC-ക്കായി അപേക്ഷ കൈമാറുകയും പൊതു വിദ്യാസവകുപ്പിൽ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. റെയിൽവേയിൽ നിന്നും ജി.എ.ഡി. ക്ക് അംഗീകാരം 10-01-2024-ൽ ലഭിച്ചു. Single Entity Basis-ൽ മേൽപ്പാലം നിർമ്മിക്കുന്നതിന് ആർ.ബി.ഡി.സി.കെ.-യ്ക്ക് അനുവാദം നൽകണമെന്ന് റെയിൽവേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ അംഗീകാരം ലഭിച്ചാൽ കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും കഴിയും.

<u>കൂട്ടിക്കട റെയിൽവേ മേൽപ്പാലം</u>

കൊല്ലം ജില്ലയിലെ കൂട്ടിക്കട ആർ.ഒ.ബി.യുടെ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തി യിട്ടുള്ളതും പദ്ധതിക്കായി കിഫ്ബി 52.24 കോടി രൂപക്ക് അംഗീകാരം

നൽകിയിട്ടുള്ളതുമാണ്. റെയിൽവേയിൽ നിന്നും ജി.എ.ഡി.ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർമാണത്തിനായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു.

എസ്.എൻ. കോളേജ് റെയിൽവേ മേൽപ്പാലം

കൊല്ലം നിയോജകമണ്ഡലത്തിലെ എസ്.എൻ. കോളേജ് റെയിൽവേ മേൽപ്പാല നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതും പദ്ധതിക്കായി കിഫ്ബി 44.66 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ആർ.ഒ.ബി. യുടെ ജി.എ.ഡി. റെയിൽവേ അംഗീകരിച്ചിട്ടുള്ളതാണ്. ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.

കല്ലുംതാഴം റെയിൽവേ മേൽപ്പാലം

കല്ലുംതാഴം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി നിയമിക്കുകയും കിഫ്ബി 30.93 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. റെയിൽവേയിൽ നിന്ന്

ആർ.ഒ.ബി.യുടെ ജി.എ.ഡി.യ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ അലൈൻമെന്റ് തുടങ്ങുന്നത് നിലവിലെ കൊല്ലം ബൈപ്പാസിൽ നിന്നായയതിനാൽ NHAI-യുടെ NOC ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ NOC നാളിതുവരെ ലഭ്യമായിട്ടില്ല. NOC ലഭിക്കുന്ന മുറയ്ക്ക് അംഗീകരിച്ച ജി.എ.ഡി. പ്രകാരമുള്ള അലൈൻമെന്റ് അനുസരിച്ച് എൽ.എ.പ്ലാൻ തയ്യാറാക്കി അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതാണ്.

**പോളയത്തോട് ആർ.ഒ.ബി.**

പോളയത്തോട് ആർ.ഒ.ബി.-യുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗും എസ്റ്റിമേറ്റും ദക്ഷിണ റെയിൽവേ അംഗീകരിച്ചിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളെല്ലാം പുരോഗമന ഘട്ടത്തിലാണുള്ളത്. ആർ.ഒ.ബി.-യുടെ നിർമാണത്തിനേറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി രേഖപ്പെടുത്തി കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ ഓഫീസറെ നിയമിക്കുകയും 11 (1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു. സ്ഥലമെടുപ്പിനുനൽകേണ്ട നഷ്ടപരിഹാര

തുകയായ 12.12 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരുന്നു.

**കുളിമാട് പാലം തകർന്ന സംഭവം**

90(3307) **ശ്രീ. എ. പി. അനിൽ കുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളിമാട് പാലം, പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ തകർന്ന സംഭവത്തെക്കുറിച്ച് ഏതൊക്കെ രീതിയിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത്; അന്വേഷണത്തിലെ കണ്ടെത്തലുകൾ വിശദമാക്കാമോ?

പൊതുമരാമത്ത് വിജിലൻസ് വിഭാഗം മുഖാന്തരമുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത്. പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിന്റെ ആവശ്യാർത്ഥം NIT-യിൽ നടത്തിയ പരിശോധനയിൽ ഹൈഡ്രോളിക് ജാക്കിൽ കണ്ടെത്തിയ തകരാറും, ദൃസാക്ഷികളുടെ മൊഴിയും, ബീം മറിഞ്ഞുവീണ രീതിയും വിശകലനം ചെയ്തതിൽ നിന്നും ജാക്കിന്റെ പ്രവർത്തനത്തിലുണ്ടായ അപാകതയാണ് അപകടത്തിന്റെ കാരണമെന്ന്

കണ്ടെത്തിയതായി റിപ്പോർട്ടിൽ പറയുന്നു. ഗുണനിലവാര പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ ഇതുവരെയുള്ള നിർമ്മിതികൾക്ക് ഗുണമേന്മ സംബന്ധിച്ച ആശങ്കകൾ നിലനിൽക്കുന്നില്ലായെന്നാണ് വിജിലൻസിന്റെ കണ്ടെത്തൽ. പ്രവൃത്തിക്കായി കരാർ കമ്പനി നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയവും നൈപുണ്യവും ഉണ്ടായിരുന്നതായി കാണുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു.

(ബി) പാലം തകർന്നതുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

റിപ്പോർട്ടിലെ നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിക്കുവാൻ പദ്ധതി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രവൃത്തിയുടെ ചുമതലയുണ്ടായിരുന്ന KRFB അസിസ്റ്റന്റ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ജില്ലയ്ക്ക് പുറത്തേക്ക് മാറ്റി നിയമിക്കുകയും ചെയ്തു.

(സി) പ്രസ്തുത പാലം തകർന്നതുമൂലമുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം എങ്ങനെയാണ് ഈടാക്കിയതെന്ന് വ്യക്തമാക്കാമോ?

സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ല. കരാർ പ്രകാരം കേടുപാടുകൾ സംഭവിച്ച ബീമുകൾ കരാർ കമ്പനിയുടെ ചെലവിൽ തന്നെ സൈറ്റിൽ നിന്ന് നീക്കം ചെയ്ത് പകരം പുതിയത് നിർമ്മിച്ച് പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കിയിരുന്നു. കരാർ പ്രകാരം ബീം മാറ്റി പുതിയത് നിർമ്മിക്കുന്നതിനും നിലവിലുള്ള നിർമ്മിതിയുടെ തുടർപരിശോധനകൾക്കും കേടുപാടുകൾ തീർക്കുന്നതിനുള്ള പൂർണ്ണമായ ചെലവ് കരാർ കമ്പനിയുടെ ഉത്തരവാദിത്തമാണ്.

**ഏനാന്തി പാലത്തിന്റെ പുനർനിർമ്മാണം**

91(3308) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏനാന്തി പാലത്തിന്റെ പുനർനിർമ്മാണം സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത്

കാര്യാലയത്തിലാണ് ഉള്ളതെന്ന് അറിയിക്കാമോ; ടി പാലത്തിന്റെ സാങ്കേതികാനുമതി എന്നത്തേക്ക് ലഭ്യമാകുമെന്നും ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും അറിയിക്കാമോ; വിശദമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏനാന്തി പാലത്തിന്റെ പുനർ നിർമ്മാണത്തിനായി സാങ്കേതികാനുമതി നൽകുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ അമ്പിട്ടാൻപൊട്ടി ശാന്തിഗ്രാമിലെ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ ഏത് കാര്യാലയത്തിലാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പാലം നിർമ്മാണത്തിന് സർക്കാരിന്റെ അനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ (CRIF) (Setu Bandhan) ഉൾപ്പെട്ടുവരുന്ന പാലമായതിനാൽ ദേശീയപാത വിഭാഗമാണ് ഈ പ്രവൃത്തി

നടപ്പിലാക്കേണ്ടത്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) വഴിക്കടവ് പുഞ്ചക്കൊല്ലി അളക്കൽ പട്ടികവർഗ്ഗ കോളനിയിലേക്കുള്ള പാലം 2019-ലെ പ്രളയത്തിൽ തകർന്നുപോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി ഇരുമ്പുപാലത്തിന് പകരം നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പുതിയ പാലത്തിന്റെ നിർമ്മാണത്തിന് കണക്കാക്കുന്ന എസ്റ്റിമേറ്റ് തുക എത്രയാണെന്നും അറിയിക്കുമോ?

വഴിക്കടവ് പുഞ്ചക്കൊല്ലി അളക്കൽ പട്ടികവർഗ്ഗ കോളനിയിലേക്കുള്ള പാലം പുനർ നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി തുടങ്ങിയെങ്കിലും മേൽ ഭാഗത്ത് ബോൾഡറുകളുള്ളതിനാൽ ബോറിംഗ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ പാലങ്ങൾ വിഭാഗത്തിന് മതിയായ സെക്ഷൻ ഓഫീസുകളോ ഉദ്യോഗസ്ഥരോയില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലമ്പൂർ കേന്ദ്രമാക്കി പൊതുമരാമത്ത് പാലങ്ങൾ വിഭാഗം കാര്യാലയം സ്ഥാപിക്കുവാൻ സർക്കാർ തയാറാകുമോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണം സംബന്ധിച്ച് ഒരു പ്രവൃത്തി പഠനം നടത്തുവാൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയിരുന്നു. മലപ്പുറം ജില്ലയിൽ പുതുതായി പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകൾ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. സാമാജികർ നൽകിയ നിവേദനങ്ങൾ പ്രസ്തുത പ്രവൃത്തി പഠനത്തിനായി ഐ.എം.ജി-ക്ക് കൈമാറി നൽകിയിരുന്നു. ഐ.എം.ജി. റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ചുവരുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് വകുപ്പിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ സാധിക്കും.

**പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം**

92(3309) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന കുമ്മല്ലൂർ-പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണത്തിനായി 15.7 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 12.57 കോടി രൂപയുടെ ധനാനുമതിയും ലഭിച്ചിട്ടുണ്ട്. കുമ്മല്ലൂർ പള്ളിക്കമണ്ണടി പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായുള്ള 19(1) നോട്ടിഫിക്കേഷൻ 19-05-2023-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വിഭാഗത്തിൽ അന്തിമ ഘട്ടത്തിലാണ്.

(ബി) പള്ളിക്കമണ്ണടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെന്തെങ്കിലും തടസങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിച്ച്

പാലത്തിന്റെ നിർമ്മാണോദ്ഘാടനം എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്ന് അറിയിക്കാമോ?

കുമ്മല്ലൂർ-പള്ളിക്കമണ്ണടി പാലത്തിന്റെ സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അവലോകനം ചെയ്തശേഷം സാങ്കേതികമായ ചില ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. അതുപ്രകാരമുള്ള തിരുത്തലുകൾ പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിയ ഡിസൈൻ വിഭാഗത്തിൽ നടന്നുവരുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാം.

**ഇരവിപുരം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

93(3310) **<u>ശ്രീ. എം. നൗഷാദ്</u>**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കച്ചിക്കടവ്-മുണ്ടയ്ക്കൽ (പുതിയപാലം), വലിയവിള-മയ്യനാട് (പുതിയപാലം), കൊണ്ടേത്ത്-മുണ്ടയ്ക്കൽ (നിലവിലുള്ള പാലം പൊളിച്ച് നിർമ്മാണം), ഇരവിപുരം (നിലവിലുള്ള പാലം പൊളിച്ച് നിർമ്മാണം) എന്നീ നാല്

പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

1. മുണ്ടക്കൽ കച്ചിക്കടവ് പാലം

7.95 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 27.82 കോടിയുടെ (സ്ഥലം ഏറ്റെടുപ്പിന് 11 കോടി രൂപ ഉൾപ്പെടെ) പുതുക്കിയ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

2. വലിയവിള മയ്യനാട് പാലം (വിളക്കുമരം - കാരിക്കുഴി തോട് പാലം)

നിലവിൽ പാലത്തിന്റെ പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്, മയ്യനാട് ഭാഗത്തെ അപ്രോച്ച് റോഡിനായുള്ള പ്രവൃത്തികളും തുടങ്ങിയിട്ടുണ്ട്. ഇരവിപുരം ഭാഗത്ത് കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നൽകേണ്ട ഭൂമി നാളിതുവരെയായി കൈമാറ്റം ചെയ്തു നൽകിയിട്ടില്ല.

3. മുണ്ടക്കൽ കൊണ്ടത്ത് പാലം

പാലത്തിനും കച്ചിക്കടവ്, മുണ്ടക്കൽ റോഡിനുമായി ലഭിച്ച 5.5 കോടി രൂപയുടെ ഭരണാനുമതി നിലവിലുണ്ട്. 8.44 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയ്ക്കും നാമകരണ മാറ്റത്തിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

4. ഇരവിപുരം പാലം

2021-22 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ലഭിച്ച പാലത്തിന്റെ 7.60 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായിവരുന്ന സ്ഥലമേറ്റെടുക്കലിന്റെ വിശദാംശം നൽകാമോ?

വലിയവിള-മയ്യനാട് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ച് വരുന്നു. മുണ്ടയ്ക്കൽ കച്ചികടവ് പാലം, മുണ്ടയ്ക്കൽ കൊണ്ടേത്ത് പാലം, ഇരവിപുരം പാലം എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി, കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ

ആരംഭിക്കുവാൻ സാധിക്കുന്നതാണ്. വലിയവിള മയ്യനാട് പാലം (വിളക്കുമരം - കാരിക്കുഴി തോട് പാലം) - ഇരവിപുരം ഭാഗത്ത് കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നൽകേണ്ട 15.28 സെന്റ് ഭൂമി നാളിതുവരെയായി കൈമാറ്റം ചെയ്തു കിട്ടിയിട്ടില്ല. മുണ്ടക്കൽ കച്ചിക്കടവ് പാലം - 0.42 ഹെക്ടർ സ്ഥലം ഏറ്റെടുപ്പ് നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

മുണ്ടക്കൽ കൊണ്ടേത്ത് പാലത്തിനും ഇരവിപുരം പാലത്തിനും സ്ഥലം ഏറ്റെടുപ്പ് ആവശ്യമില്ല.

**കുറവിലങ്ങാട് പള്ളിയുടെ ഭാഗത്ത് സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം**

94(3311) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് പള്ളിയുടെ ഭാഗത്ത് സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം നടപ്പാക്കുന്നതിന് പി.ഡബ്ല്യു.ഡി.-യുടെ അനുമതി ലഭിക്കുന്നതു സംബന്ധിച്ച് 5-09-2023-ൽ പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും ചീഫ് എഞ്ചിനീയർക്കും നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കടുത്തുരുത്തി മണ്ഡലത്തിലുൾപ്പെട്ട കുറവിലങ്ങാട് മാർത്ത് മറിയം ആർക്കി എപ്പിസ്കോപ്പൽ ദേവാലയത്തിൽനിന്നും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരുന്ന നിവേദനത്തിൽ കോട്ടയം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് റോഡ് മുറിച്ച് കടക്കുമ്പോഴുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും കാൽനടയാത്രക്കാർക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണത്തിലൂടെ സാധിക്കുമെന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ?

(എ-സി) ഇലക്കാട് -കുറവിലങ്ങാട് -പള്ളിത്താഴം -മടയംകുന്നം റോഡിൽ കുറവിലങ്ങാട് പള്ളിയുടെ ഭാഗത്ത് സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം നടപ്പാക്കുന്നതിനെ സംബന്ധിച്ച് 05-09-2023-ൽ ലഭ്യമായ നിവേദനം ചീഫ് എഞ്ചിനീയർ (നിരത്തുകൾ) മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പരിശോധനയ്ക്ക് നൽകുകയും 19-01-2024-ൽ പള്ളി

അധികാരികളുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ സംയുക്ത സ്ഥല പരിശോധന നടത്തുകയും ചെയ്തു. ഡീറ്റെയിൽഡ് ഡ്രോയിംഗ് തയ്യാറാക്കിയ ശേഷം തുടർ നടപടികൾ സ്വീകരിക്കും.

**അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലം**

95 (3312) **ശ്രീ. മഞ്ഞളാംകുഴി അലി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

പ്രസ്തുത മേൽപ്പാലം നിലവിൽ കോഴിക്കോട് -പാലക്കാട് -ദേശീയപാത 966-ൽ സ്ഥിതിചെയ്യുന്ന ROB-യ്ക്ക് മുൻപ് ആരംഭിക്കുന്ന ഓരാടം പാലം-മാനത്തുമംഗലം ബൈപ്പാസ് റോഡിനോടനുബന്ധിച്ച് പുതുതായി നിർമ്മിക്കാനുള്ളതാണ്. നിലവിലെ ഭരണാനുമതി കാലഹരണപ്പെട്ടതു കാരണം പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിലേയ്ക്കായി ആവശ്യമായ എസ്റ്റിമേറ്റ് മുതലായവ ആവശ്യപ്പെട്ട് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. റെയിൽവേ മേൽപ്പാലത്തിന്റെ

General Alignment Drawing (GAD) അംഗീകരിക്കുന്നതിന് P&E ചാർജ്ജായി 16,23,800/- രൂപ സതേൺ റെയിൽവേയ്ക്ക് അടച്ചിട്ടുണ്ട്. റെയിൽവേ നിർദ്ദേശിച്ച മാറ്റങ്ങൾക്കനുസരിച്ച് പുതിയ GAD തയ്യാറാക്കി നൽകുന്നതിന് ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡിസൈൻ ഓഫീസ്, എറണാകുളത്തിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മേൽപ്പാലത്തിന്റെ ജി.എ.ഡി. (ജനറൽ അലൈൻമെന്റ് ഡ്രോയിങ്) അംഗീകരിച്ച് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ദീർഘകാലമായിട്ടും ഇതുലഭിക്കാത്ത കാര്യം റെയിൽവേ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഈ വിഷയത്തിൽ ഏറ്റവും ഒടുവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഇല്ല. റെയിൽവേയ്ക്ക് സമർപ്പിച്ച GAD -യിൽ വരുത്തേണ്ട മാറ്റങ്ങൾ റെയിൽവേ അതോറിറ്റി ആവശ്യപ്പെട്ടതനുസരിച്ച് നടപ്പിൽ വരുത്തുന്നതിന് ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡിസൈൻ ഓഫീസ്, എറണാകുളത്തിന് കത്ത് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ഭൂമിയേറ്റെടുക്കുന്നതിനുവേണ്ടി സർവ്വേ ചെയ്തതിന്റെ വിശദാംശങ്ങൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിലേയ്ക്കാവശ്യമായ വിവരങ്ങൾ നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

**കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പാലങ്ങൾ**

96(3313) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കനീസാകടവ് പാലം, കോയിക്കൽ പടിക്കൽ പാലം, മാർക്കറ്റ് പാലം എന്നിവയുടെ

നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

കനീസാകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട സാമൂഹികാഘാതപഠനം പൂർത്തിയായിട്ടുണ്ട്. പാലം നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെയും നിർമ്മിതികളുടെയും വില നിർണ്ണയിക്കുന്ന നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കോയിക്കപ്പടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട സാമൂഹികാഘാതപഠനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മാർക്കറ്റ് പാലം നിർമ്മിക്കുന്നതിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ കരാർ ഉടമ്പടി ആയിട്ടുണ്ട്.

**മാക്കേക്കടവ് – നേരെകടവ് പാലം നിർമ്മാണം**

97(3314) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാക്കേക്കടവ്-നേരെകടവ് പാലത്തിന് 2018-2019 ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ?

നേരേക്കടവ്-മാക്കേക്കടവ് പാലത്തിന് 2018-19 ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. 16-02-2012-ലെ സ.ഉ(സാധാ)നം.238/12/ പൊ.മ.വ നം. ഉത്തരവ് പ്രകാരം 98.09 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിയെന്നാണ് ആരംഭിച്ചതെന്നും എത്ര കോടി രൂപയ്ക്കാണ് കോൺട്രാക്ട് ടെൻഡർ കൊടുത്തതെന്നും വിശദമാക്കാമോ?

ഈ പ്രവൃത്തി 16-06-2016-ൽ ആരംഭിച്ചു. 78.40 കോടി രൂപയ്ക്കാണ് ടെണ്ടർ കൊടുത്തിട്ടുള്ളത്.

(സി) പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും കോൺട്രാക്ടർക്ക് എത്ര രൂപയുടെ ബില്ല് മാറികൊടുത്തുവെന്നും വിശദമാക്കാമോ?

നേരെക്കടവ്-മാക്കേക്കടവ് പാലത്തിന്റെ 55 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 100 പൈലുകളിൽ 96 എണ്ണവും 23 പൈൽ ക്യാപ്പുകളിൽ 21 എണ്ണവും എല്ലാ പിയറുകളും പിയർ ക്യാപ്പുകളും നാവിഗേഷൻ സ്പാനിലെ 8 ബീമുകളും പൂർത്തിയായിട്ടുണ്ട്. 50.48 കോടി രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്.

(ഡി) പുതിയ എസ്റ്റിമേറ്റിനുവേണ്ടി കോൺട്രാക്ടർ നൽകിയ അപേക്ഷയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

39.9116 കോടി രൂപയ്ക്ക് നേരേക്കടവ്- മാക്കേക്കടവ് പാലത്തിന്റെ ബാക്കി പ്രവൃത്തി കരാറുകാരൻ ചെയ്യുവാൻ തയ്യാറാണോ, സമർപ്പിച്ച എസ്റ്റിമേറ്റ് തുക ശരിയാണോ, തുകയിൽ വർദ്ധന വരുത്തി പ്രവൃത്തി നിലവിലെ കരാറുകാരന് തന്നെ നൽകുന്നതിനുള്ള ന്യായീകരണം എന്നിവ വ്യക്തമാക്കി സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറോട് 27-01-2024 -ൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഈ പ്രവൃത്തി എന്തുകാരണത്താലാണ് വർഷങ്ങളായി മുടങ്ങി കിടക്കുന്നതെന്ന് വിശദമാക്കാമോ?

16-06-2016-ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി കോടതി വ്യവഹാരംമൂലം സ്ഥലം ലഭ്യമല്ലാത്തതിനാൽ തടസ്സപ്പെടുകയാണുണ്ടായത്. നിലവിൽ സ്ഥലം പൂർണ്ണമായും ലഭ്യമാണെങ്കിലും പ്രവൃത്തി തുടരുന്നതിനായി കരാറുകാരൻ അധിക തുക ആവശ്യപ്പെട്ടിട്ടുണ്ട്. കരാറുകാരൻ ആവശ്യപ്പെട്ട തുകയും DSoR

നിരക്കിലുള്ള തുകയും താരതമ്യം ചെയ്ത് പ്രവൃത്തിയുടെ ബാക്കി ഭാഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കോട്ടക്കൽ മണ്ഡലത്തിലെ പാണ്ടമംഗലം പാലം പുനർ നിർമ്മിക്കുന്നതിന് നടപടി

98(3315) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പാണ്ടമംഗലം പാലം പുനർ നിർമ്മിക്കുന്നത് സംബന്ധിച്ച എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (പാലങ്ങൾ വിഭാഗം) (പ്രൈസ് ഐഡി: ബിആർ/2021/864) സ്വീകരിച്ച നടപടികളുടെ വിശദാംശം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) കോട്ടയ്ക്കൽ മണ്ഡലത്തിലെ പാണ്ടമംഗലം പാലം പുനർ നിർമ്മാണത്തിനായി പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു.

**ഞാവിളിൻ കടവ് പാലം പദ്ധതി**

99(3316) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ-ഒറ്റപ്പാലം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഞാവിളിൻ കടവ് പാലം പദ്ധതി പ്രവൃത്തിക്കായി പൊതുമരാമത്ത് (പാലം) വകുപ്പ് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് elevated structure ആയി നിർമിക്കുന്നതിനുള്ള

TGD ലഭ്യമായിട്ടുണ്ട്. ലക്കിടി പേരൂർ 2 വില്ലേജിൽ നിന്നും പെരിങ്ങോട്ടുകുറിശ്ശി വില്ലേജിൽ നിന്നും നിലം പരിവർത്തനത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത ഭരണാനുമതി ഉത്തരവ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി നിലവിലേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഒറ്റപ്പാലം, തരൂർ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ നടന്ന യോഗത്തിലെ തീരുമാന പ്രകാരം 11-01-2024-ൽ പൊതുമരാമത്ത് വകുപ്പും റവന്യൂ വകുപ്പും ചേർന്ന് നടത്തിയ സംയുക്ത സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിൽ നിന്നും ലഭിച്ച Cost of Acquisition-ൽ പറയുന്ന കണ്ടിജൻസി തുക ഇനത്തിൽ 12,18,216/- രൂപയാണ് വരുന്നത്. പ്രസ്തുത തുകയിൽ 5 ലക്ഷം രൂപ അടിയന്തരമായി ഒടുക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമാക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നതായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചു.

**വടകര നിയോജകമണ്ഡലത്തിൽ പാലം നിർമ്മിക്കുന്ന പദ്ധതി**

100(3317) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പൊതുമരാമത്ത് ബ്രിഡ്ജ് വിഭാഗത്തിനുകീഴിൽ വടകര നിയോജക മണ്ഡലത്തിനായി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; ഓരോ പ്രവൃത്തിക്കായും അനുവദിച്ച ഫണ്ടുകളുടെയും ഭരണാനുമതി ഉത്തരവുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വടകര നിയോജകമണ്ഡലത്തിലെ അഴിത്തലക്കടവിൽ പാലത്തിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുന്നു. എസ്റ്റിമേറ്റ് തുക 5,20,000/-രൂപയാണ്.

(ബി) വടകര നിയോജകമണ്ഡലത്തിലെ തോണിത്തലയ്ക്കൽ പാലം ഒരു വശം തകർന്ന് അപകടാവസ്ഥയിൽ ആയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാലത്തിന്റെ അപ്രോച്ച് റോഡിൽ വിള്ളൽ വീണത് പൊതുമരാമത്ത് റോഡ്സ് വിഭാഗം പരിഹരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ സൈഡ് പ്രൊട്ടക്ഷനുവേണ്ടി 24.21 ലക്ഷം രൂപയുടെ മെയിന്റനൻസ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന നടപടി പുരോഗമിച്ചു വരുന്നു.

(സി) തോണിത്തലയ്ക്കൽ പാലം പുതുക്കിപ്പണിയുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്ന കാര്യം അടിയന്തര പ്രാധാന്യം നൽകി പരിഗണിക്കുമോ?

തോണിത്തലക്കൽ പാലം ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിനും (എസ്റ്റിമേറ്റ് തുക -2,00,000/- രൂപ) മെയിന്റനൻസ് വർക്കിനുവേണ്ടിയുള്ള (24,21,000/- രൂപ) എസ്റ്റിമേറ്റിനും ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വടകര നിയോജകമണ്ഡലത്തിലെ തുരുത്തിമുക്ക് പാലം നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഈ പദ്ധതിക്കായി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാകുമോ; ഇതിനായി എത്ര തുകയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത്?

തുരുത്തിമുക്ക് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തിയായി. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, ഡിസൈൻ ലഭ്യമാക്കുന്നതിനുവേണ്ടി ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിച്ചു വരുന്നു. പഠനത്തിനായി 4,40,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഇ) തുരുത്തി മുക്കിൽ പുതിയ പാലം എപ്പോഴത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ ലഭ്യമാകുമോ?

തുരുത്തി മുക്ക് പാലത്തിന്റെ ഡിസൈൻ ലഭ്യമാവുന്ന മുറയ്ക്ക് പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം**

101(3318) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം റെയിൽവേയുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയതിനുശേഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

കൊല്ലം ജില്ലയിലെ ലെവൽക്രോസ് നമ്പർ 554-ൽ പരവൂർ-ഒല്ലാൽ റെയിൽവേ മേൽപ്പാലം പദ്ധതി 2023-24 റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 24-11-2023-ന് സംയുക്ത പരിശോധന പൂർത്തീകരിച്ച ശേഷം റെയിൽവേയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള തിരുത്തലുകൾ വരുത്തി, അടിപ്പാതയുടെ സാധ്യത റെയിൽവേയും

ആർ.ബി.ഡി.സി.കെ-യും സംയുക്തമായി പരിശോധിച്ച റിപ്പോർട്ടോടുകൂടി തയ്യാറാക്കിയ ജി.എ.ഡി. റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണത്തിനും സ്ഥലമേറ്റെടുപ്പിനുമായി 36.75 കോടി രൂപയുടെ അനുമതി കിഫ്ബി നൽകിയിട്ടുള്ളതാണ്. ജി.എ.ഡി.-യുടെ അംഗീകാരം ലഭിച്ചാലുടനെ തന്നെ സ്ഥലമേറ്റെടുപ്പുമായി മുന്നോട്ടുപോകുവാൻ കഴിയും.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി**

102(3319) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കന്നിപുറം, ആയയിൽ, പൊഴിയൂർ എന്നീ സ്ഥലങ്ങളിൽ നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പൊഴിയൂർ പാലം നിർമ്മിക്കുന്നതിനായി ഇൻലാൻഡ് നാവിഗേഷൻ വകുപ്പിൽനിന്നും എൻ.ഒ.സി. ലഭിക്കുന്നതിന് നിലവിലെ ഡിസൈനിൽ

നിന്നും 3 മീറ്റർ ഉയരം കൂട്ടി പാലം ഡിസൈൻ ചെയ്യേണ്ടതായുണ്ട്. ഇത്തരത്തിൽ വ്യതിയാനം വരുത്തിയാൽ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. പരമാവധി സ്ഥലം ഏറ്റെടുക്കുന്നത് കുറയ്ക്കാനായി മറ്റ് അലൈൻമെന്റുകൾ കൂടി പരിഗണിക്കേണ്ടതായുണ്ട്. ഇതിനായി, സർവ്വേ നടത്തുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വേ പൂർത്തീകരിച്ച് അലൈൻമെന്റ് തീരുമാനിക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്. കുന്നിപ്പുറം പാലത്തിന് 30-12-2023-ൽ 9.86 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിക്കായി കിഫ്ബി 21-08-2017-ൽ അനുവദിച്ച സാമ്പത്തിക അനുമതി തുക അപര്യാപ്തമായതിനാൽ പുതുക്കിയ സാമ്പത്തിക അനുമതിക്കായി 14-01-2024-ൽ കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയയിൽ മുള്ളറ വിള പാലത്തിന് ആകെ 20.06 കോടി രൂപയാണ് സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളത്. നിലവിൽ പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 11(1) നോട്ടിഫിക്കേഷൻ

പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലിനായി കിഫ്ബിയിൽ നിന്നും 2.97 കോടി രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിലേയ്ക്കായി അവശേഷിക്കുന്ന വർക്കിംഗ് ഫണ്ട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം അനുമതിക്കായി കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ഓരോ പാലങ്ങൾക്കും ഡി.പി.ആർ. പ്രകാരം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

പൊഴിയൂർ പാലത്തിന്റെ പുനർനിർമ്മാണത്തിന് ഡി.പി.ആർ. അനുസരിച്ച് 03-03-2023-ൽ 867 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കുന്നിപ്പുറം പാലത്തിന് ഡി.പി.ആർ. പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക അടക്കം 9.86 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബിയിൽ നിന്നും ലഭിച്ചത്. ഇതിൽ 5.27 കോടി രൂപ സ്ഥലമേറ്റെടുക്കലിനായി ചെലവഴിച്ചു. തുടർന്ന് പാലം നിർമ്മാണത്തിനും യൂട്ടിലിറ്റി ഷിഫ്റ്റിംഗിനും ചേർത്ത് 9.86 കോടി രൂപയുടെ സാങ്കേതിക അനുമതി 30-12-2023-ൽ നൽകി. ഈ തുകയും സ്ഥലം ഏറ്റെടുക്കലിന്

ചെലവഴിച്ച തുകയും ചേർത്ത് 15.16 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതിക്കായി 14-01-2024-ൽ കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മുള്ളറവിള പാലത്തിന് ഡി.പി.ആർ. പ്രകാരം 20.06 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് ലഭിച്ചിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കൽ, പാലം നിർമ്മാണം എന്നിവയുൾപ്പെടെയാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. നിലവിൽ പ്രവൃത്തി സ്ഥലം ഏറ്റെടുക്കൽ ഘട്ടത്തിലാണ്.

**ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അപകടാവസ്ഥയിലുള്ള പാലങ്ങളുടെ നിർമ്മാണം**

103(3320) **ശ്രീ. എൻ. കെ. അക്ബർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അപകടാവസ്ഥയിലുള്ള എത്ര പാലങ്ങളുടെ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പൂർത്തികരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കറുകമാട് പാലം, മന്ദലാംകുന്ന് പാലം, വളാകം തോട് പാലം, മൂന്നാംകല്ല് പാലം, അണ്ടത്തോട് പാലം എന്നീ പാലങ്ങളുടെ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പാലങ്ങളുടെ പുനർനിർമ്മാണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ള പാലങ്ങളുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(സി) പാലങ്ങളുടെ പുനർനിർമ്മാണത്തിനായി എത്ര പദ്ധതികൾ സർക്കാരിന്റെ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(ബി&സി) കറുകമാട് പാലം പുനർനിർമ്മാണം, അണ്ടത്തോട് പാലം പുനർ നിർമ്മാണം എന്നിവയ്ക്കായി പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പ് ഡെഫർ ചെയ്തിട്ടുണ്ട്.

(ഡി) 2023-24 സാമ്പത്തിക വർഷത്തിൽ എത്ര പാലങ്ങളുടെ പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

2023-24-ൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനുകീഴിൽ 3 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

1. അകമല പാലം

2. അത്താണി പാലം

3. തായ്ക്കരച്ചിറ ഡബിൾ പാലം

**മേൽപ്പാലങ്ങളുടെ നിർമ്മാണം**

104(3321) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെവൽ ക്രോസുകളില്ലാത്ത കേരളം എന്ന സർക്കാരിന്റെ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ എത്ര മേൽപ്പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇനി എത്ര മേൽപ്പാലങ്ങളാണ് സംസ്ഥാനത്ത് വേണ്ടിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ലെവൽക്രോസുകളില്ലാത്ത കേരളം എന്ന ലക്ഷ്യം എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

(എ&ബി) ലെവൽ ക്രോസ് രഹിത കേരളം എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 99 റെയിൽവെ മേൽപാലങ്ങൾ നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൽ 72 എണ്ണത്തിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണ ചുമതല കെ.ആർ.ഡി.സി.എൽ-നും നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം ഒന്നിച്ച് പുരോഗമിക്കുന്നത്. ആർ.ബി.ഡി.സി.കെ.-യ്ക്ക് നിർമ്മാണ ചുമതലയുള്ള മേൽപ്പാലങ്ങളിൽ കാഞ്ഞങ്ങാട്, ഫറോക്ക്, ഗുരുവായൂർ എന്നീ ആർ.ഒ.ബി.-കൾ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു. നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന റെയിൽവേ മേൽപ്പാലങ്ങളിൽ 10 എണ്ണം ഈ വർഷം പൂർത്തീകരിക്കാൻ കഴിഞ്ഞേക്കുമെന്ന് ആർ.ബി.ഡി.സി.കെ. അറിയിച്ചു. 25 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 9 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ GAD റെയിൽവേയുടെ അംഗീകാരത്തിനായി

സമർപ്പിച്ചിരിക്കുകയാണ്. 7 ആർ.ഒ.ബി.-കളുടെ അലൈൻമെന്റ് തീരുമാനമായിട്ടില്ല. എറണാകുളത്തിനും ഷൊർണ്ണൂറിനും ഇടയ്ക്കുള്ള റെയിൽവേയുടെ മൂന്നാമത്തെ റെയിൽവേ ലൈനിന്റെ അലൈൻമെന്റ് തീരുമാനമാകാത്തതിനാൽ 3 പദ്ധതികൾ നിർത്തി വച്ചിരിക്കുകയാണ്. 4 ആർ.ഒ.ബി.-കളുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. ഒരു ആർ.ഒ.ബി.-യുടെ ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ 2023-24 റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി റെയിൽവേയുമായി 50:50 ചെലവ് പങ്കിടൽ അടിസ്ഥാനത്തിൽ അനുമതി ലഭിച്ച 34 ആർ.ഒ.ബി.കളുടെ നിർവ്വഹണ ഏജൻസിയായി ആർ.ബി.ഡി.സി.കെ. -യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെ.ആർ.ഡി.സി.എൽ.-ന് നിർമ്മാണ ചുമതലയുള്ള മേൽപ്പാലങ്ങളിൽ 3 എണ്ണത്തിന് ഭരണാനുമതി നൽകുകയും എൽ.സി. 12-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. റെയിൽവേയിൽ നിന്ന് ജി.എ.ഡി./അലൈൻമെന്റ്-ന് അംഗീകാരം ലഭിക്കാനുള്ള മേൽപ്പാലങ്ങൾക്ക് ആയത് ലഭിച്ചാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകൂ.

## കരേക്കാട് കുണ്ടുവായിൽ ഓവ് പാലം നിർമ്മാണം

105(3322) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ മാറാക്കര പഞ്ചായത്തിലെ കണ്ണംകുളം-കണ്ണംകടവ്-മുക്കിലപ്പീടിക-വായനശാല റോഡിൽ കരേക്കാട്-കുണ്ടുവായിൽ ഓവ് പാലത്തിന്റെ ഭിത്തികളിൽ വലിയ വിള്ളൽ രൂപപ്പെട്ടും ഇരുമ്പ് കമ്പികൾ ദ്രവിച്ചും കോൺക്രീറ്റ് പാളികൾ അടർന്ന് വീണും പാലം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഓവ് പാലം പുതുക്കിപ്പണിയുന്നതിനും തകർന്ന് കിടക്കുന്ന അപ്രോച്ച് റോഡ് നവീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

(എ-സി) പ്രസ്തുത ഓവുപാലം പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനുംവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത പ്രവൃത്തിക്ക് 29-01-2024-ൽ 23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുമുണ്ട്. ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. അതോടൊപ്പം തകർന്നുകിടക്കുന്ന അപ്രോച്ച് റോഡും നവീകരിക്കുന്നതിനുള്ള നടപടികളും പരിഗണനയിലാണ്.

**കൊണ്ടോട്ടി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കാൻ നടപടി**

106(3323) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൻ കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തുന്നതിന് സർക്കാരിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനുകീഴിൽ സർക്കാരിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) നിലവിൽ ജോലിഭാരം കൂടുതലുള്ള പ്രസ്തുത കെട്ടിട വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവ് നിലനിൽക്കുന്നുയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ മുഹ്സിൻ അമീൻ സ്ഥലം മാറിയതിനുശേഷം പ്രസ്തുത തസ്തികയിൽ ആരെയാണ് നിയമിച്ചിട്ടുള്ളതെന്നും ടി വ്യക്തി ഇതിനകം ചാർജ് എടുത്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) കൊണ്ടോട്ടി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജിന് പകരം സ്ഥിരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 25-07-2023-ലെ EB3/9999/2021 നമ്പർ ഉത്തരവ് പ്രകാരം കൊണ്ടോട്ടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയുടെ ഒഴിവിലേയ്ക്ക് ശ്രീ. ശ്രീരാജ്.വി-യെ നിയമിച്ചിരുന്നു. എന്നാൽ നിലവിൽ ടി ഉത്തരവിനെതിരെ കോടതി വ്യവഹാരം നിലനിൽക്കുകയാണ്.

**കോഴിക്കോട് ജില്ലയിൽ ജോലി ചെയ്യുന്ന ഓഫീസ് അസിസ്റ്റന്റ്/ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ**

107(3324) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ വയനാട് സ്വദേശികളായ എത്ര ആദിവാസി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ മറ്റു ജില്ലകളിൽ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിൽ വയനാട് സ്വദേശികളായ ആദിവാസി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 1 |
| ഇടുക്കി | 4 |

| | |
|---|---|
| എറണാകുളം | 1 |
| തൃശ്ശൂർ | 1 |
| മലപ്പുറം | 1 |
| കോഴിക്കോട് | 2 |
| കണ്ണൂർ | 1 |

(ബി) കോഴിക്കോട് ജില്ലയിൽ ഈ വകുപ്പിനുകീഴിൽ ജോലി ചെയ്യുന്ന ഓഫീസ് അസിസ്റ്റന്റ്/ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പേരു വിവരങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ഈ വകുപ്പിനുകീഴിൽ ജോലി ചെയ്യുന്ന ഓഫീസ് അസിസ്റ്റന്റ്/ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കഴിഞ്ഞ 2 വർഷത്തിലധികമായി ഈ വകുപ്പിനുകീഴിൽ കോഴിക്കോട് ജില്ലയിൽ ജോലി ചെയ്യുന്ന ജീവനക്കാർ എത്ര പേർ സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; അതിൽ എത്ര പേരുടെ അപേക്ഷ അംഗീകരിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇതുസംബന്ധിച്ച് ചീഫ് എഞ്ചിനീയർ ഓഫീസിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(സി&ഡി) കോഴിക്കോട് ജില്ലയിൽ നിന്നും വയനാട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റത്തിനായി ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിന് ആനുപാതികമായ ഒഴിവുകൾ ലഭ്യമല്ലാത്തതിനാൽ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ഇ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉണ്ണി കെ. ആർ. (പെൻ നമ്പർ: 759254, ഓഫീസ് അറ്റൻഡന്റ്) കഴിഞ്ഞ വർഷങ്ങളിൽ സമർപ്പിച്ചിട്ടുള്ള സ്ഥലം മാറ്റ അപേക്ഷകളിൽ നടപടി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

02-12-1991-ലെ GO(P) No.36/91/P&ARD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷം ഒരു ജില്ലയിലുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം ആണ് അന്തർജില്ലാ സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നത്. വയനാട് ജില്ലയിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിന് ആനുപാതികമായ ഒഴിവുകൾ

നിലവിൽ വരാത്തതിനാൽ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ**

108(3325) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി, നിലമ്പൂർ, ഏറനാട്, വണ്ടൂർ, തിരുവമ്പാടി, നിയോജകമണ്ഡലങ്ങളിൽ 2019 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളും ചെലവഴിച്ച തുകയും നിയോജകമണ്ഡലങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) മേൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രവൃത്തി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചത് സംസ്ഥാന സർക്കാരാണോയെന്നും എത്ര ശതമാനം തുകയാണ് സംസ്ഥാനം ഇതിനായി ചെലവഴിക്കേണ്ടതെന്നും പദ്ധതികളുടെ പേരും നിയോജകമണ്ഡലവും ഉൾപ്പെടുത്തി വിവരം നൽകാമോ?

(എ&ബി) <u>ദേശീയപാത വിഭാഗം</u>

കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രവൃത്തി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചത് സംസ്ഥാന സർക്കാരാണ്. ഇതിൽ CRIF പദ്ധതിയിൽ സംസ്ഥാന സർക്കാർ ആദ്യം തുക ചെലവഴിക്കുകയും അത് കേന്ദ്രം reimburse ചെയ്യുകയും ചെയ്യുന്നു.+

(സി) കേന്ദ്ര ഇൻഫ്രാസ്ട്രക്ച്ചർ & റോഡ്സ് ഫണ്ടിനുവേണ്ടിയുള്ള പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

Ministry of Road Transport and Highways-ൽ നിന്നുള്ള The Central Road Fund Act, 2000-ഉം അതിന്റെ ഭേദഗതികളിലുമുള്ള മാനദണ്ഡങ്ങൾ പ്രകാരം പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ ഡിവിഷൻ ഓഫീസുകളിൽ നിന്ന് ശിപാർശ ചെയ്തു വരുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പ്രൊഫോർമ സഹിതം ദേശീയപാത വിഭാഗം MoRTH-ന്റെ അനുമതി ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പിലെ പരിശോധനകൾക്കുശേഷം പദ്ധതി നിർദേശം MoRTH-ന് സമർപ്പിക്കുകയാണ് ചെയ്യുന്നത്.

**സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

109(3326) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ റോഡ് ഗതാഗതം സുഗമമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

കേരള റോഡ് ഫണ്ട് ബോർഡ് മുഖേന സംസ്ഥാനത്തെ പ്രധാന നഗരങ്ങളായ തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലാണ് നഗരപാത വികസന പദ്ധതി നടപ്പാക്കുന്നത്. ഇവയിൽ തിരുവനന്തപുരത്തും കോഴിക്കോടും പണി പൂർത്തീകരിച്ചതിനുശേഷം പരിപാലനഘട്ടത്തിലാണ്. കൂടാതെ കണ്ണൂരും കൊല്ലവും ആലപ്പുഴയും കോഴിക്കോടുള്ള മാനാഞ്ചിറ - വെള്ളിമാടുകുന്ന്,

ചെറുവണ്ണൂർ-അരീക്കോട് ഫ്ലൈ ഓവർ എന്നീ നഗര പദ്ധതികളാണ് കെ.ആർ.എഫ്.ബി.-യുടെ കീഴിലുള്ളത്.

1. കോഴിക്കോട് നഗരപാത വികസന പദ്ധതി
   ഘട്ടം I (ബി)-മാനാഞ്ചിറ– വെള്ളിമാടുകുന്ന് റോഡ്

10-10-2023-ലെ G.O.(Rt)No.1333/2023/PWD പ്രകാരം ടി പദ്ധതിക്ക് 131.21 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതി സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. ഈ പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചു.

2. കോഴിക്കോട് നഗര പാത വികസന പദ്ധതി
   ചെറുവണ്ണൂർ - അരീക്കോട് മേൽപ്പാലം

06-06-2022-ലെ G.O.(Rt)No.613/2022/PWD പ്രകാരം കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂർ, അരീക്കോട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതി DBFOT –Annuity Mode-ൽ 1.70

കി.മീ. മേൽപ്പാല നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു.

3. കണ്ണൂർ നഗര പാത വികസന പദ്ധതി

കണ്ണൂർ നഗര പാത വികസന പദ്ധതിക്ക് 03-08-2017-ലെ G.O.(Rt)No.1159/2017/PWD പ്രകാരം 401.467 കോടി രൂപയ്ക്ക് (ഭൂമി ഏറ്റെടുക്കുന്നതിന് ഒഴികെ) 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയുണ്ടായി. ആകെ 11 കോറിഡോറുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 11 കോറിഡോറുകളിൽ കോറിഡോർ നം. 9,10,11 (ഫേസ് -1) എന്നിവ ഒഴിച്ച് ബാക്കി എല്ലാ കോറിഡോറുകളും ഭൂമി ഏറ്റെടുത്താണ് റോഡ് നവീകരിക്കുന്നത്. നിലവിൽ ഭൂമി ഏറ്റെടുക്കേണ്ടതായ 8 കോറിഡോറുകളിൽ (ഫേസ്-2, കോറിഡോർ 01,03,08,12), (ഫേസ്-3, കോറിഡോർ 02,04,05,07) ഭൂമി ഏറ്റെടുക്കൽ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 30.12.2023-ലെ G.O.(Rt)No. 1645/2023/PWD പ്രകാരം കണ്ണൂർ നഗര പാത വികസന പദ്ധതി ഘട്ടം 1-ന് 16.15 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.

4. ആലപ്പുഴ നഗരപാത വികസന പദ്ധതി - മുപ്പാലം ജംഗ്ഷൻ വികസനം

27-11-2019-ലെ G.O.(Rt)No.1389/2019/PWD പ്രകാരം മുപ്പാലം ജംഗ്ഷൻ വികസനത്തിനായി 17.44 കോടി രൂപയുടെ ഭരണാനുമതി നൽകി. ടി പദ്ധതി പുരോഗമിച്ച് വരുന്നു.

5. ആലപ്പുഴ നഗരപാത വികസന പദ്ധതി - ഘട്ടം - 1

08-06-2022-ലെ G.O.(Rt)No.626/2022/PWD പ്രകാരം ആലപ്പുഴ നഗര പാത വികസന പദ്ധതി ഒന്നാം ഘട്ടത്തിനായി 59.67 കോടി രൂപയുടെ ഭരണാനുമതി നൽകി. ടി പദ്ധതി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി കൊല്ലം ജില്ലയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കൊല്ലം നഗരപാത വികസന പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | റോഡിന്റെ പേര് | നീളം | ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെ ഏരിയ (ഹെക്ടറിൽ) |
|---|---|---|---|
| 1. | മേവറം-കാവനാട് (പഴയ എൻ.എച്ച്) | 13.15 കി.മീ. | 5.73 |

| | | | |
|---|---|---|---|
| 2. | റെയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ | 6.30 കി.മീ. | 1.006 |
| 3. | തിരുമുല്ലാവാരം - കല്ലുപാലം- കച്ചേരി ജംഗ്ഷൻ | 4.31 കി.മീ. | 1.605 |
| | ആകെ | 23.76 കി.മീ. | 8.341 |

കൊല്ലം നഗരപാത വികസന പദ്ധതിയുടെ നടത്തിപ്പിനായി 22-01-2022-ലെ G.O.(Rt)No.74/2022/PWD പ്രകാരം 365.34 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 8.341 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 435,65,03,647/- (നാനൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുനൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം) ഏകദേശ കമ്പോള വിലയും, 50 ലക്ഷം രൂപ കണ്ടിൻജൻസി ചാർജ്ജിനത്തിലും കണക്കാക്കിയിരിക്കുന്നു. കണ്ടിൻജൻസി ചാർജ്ജായ അമ്പത് ലക്ഷം രൂപ അനുവദിക്കുന്നതും ലാൻഡ് അക്വിസിഷൻ തുകയായ 435,65,03,647/- (നാനൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുനൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകുന്നതും പരിശോധിച്ചുവരുന്നു.

## നിലമ്പൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

110(3327) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ച നിലമ്പൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികളേതെല്ലാമായിരുന്നു എന്നറിയിക്കാമോ?

നിലമ്പൂർ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച പ്രവൃത്തികൾ താഴെ ചേർക്കുന്നു.

PWD കോംപ്ലക്സ് നിർമ്മാണം - 300 ലക്ഷം

GLPS വാരിക്കൽ, കരുളായി കെട്ടിട നിർമ്മാണം - 100 ലക്ഷം

GLPS വീട്ടിക്കുത്ത്, നിലമ്പൂർ കെട്ടിട നിർമ്മാണം - 400 ലക്ഷം

GLPS മൂത്തേടം കെട്ടിട നിർമ്മാണം - 100 ലക്ഷം

ഗവ. മാനവേദൻ ജി.എച്ച്.എസ്.എസ്. നിലമ്പൂർ ലാബ് ബിൽഡിംഗ് നിർമ്മാണം - 200 ലക്ഷം.

(ബി) 2023-24-ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ പൊതുമരാമത്ത് ബിൽഡിംഗ് കോംപ്ലക്സ് നിർമ്മാണം (പേജ് നമ്പർ 43, ഇന നമ്പർ 645), മൂത്തേടം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് കെട്ടിട നിർമ്മാണം (പേജ് നമ്പർ 24, ഇനം നമ്പർ 345) എന്നീ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി എന്നത്തേക്ക് പുറപ്പെടുവിക്കാനാകുമെന്നും വിശദമാക്കാമോ?

പൊതുമരാമത്ത് ബിൽഡിംഗ് കോംപ്ലക്സ് നിർമ്മാണം, മൂത്തേടം ഗവൺമെന്റ് ഹയർസെക്കന്ററി കെട്ടിടനിർമ്മാണം എന്നീ പ്രവൃത്തികളുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തിന്റെ ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തിയിട്ടുണ്ട്. ആയതിന്റെ പ്ലാൻ പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ട് വിഭാഗത്തിൽ തയ്യാറാക്കി

വരുന്നു. പ്ലാൻ പൂർത്തിയായാലുടൻ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്.

(സി) 2024 മാർച്ച് 31-നകം പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായില്ലെങ്കിൽ അവയ്ക്ക് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക റദ്ദാകുമോയെന്നും അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തികൾക്ക് നടപ്പുസാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമായില്ലെങ്കിലും വകയിരുത്തിയ തുക റദ്ദാകുന്ന സാഹചര്യം നാളിതുവരെ ഉണ്ടായിട്ടില്ല. മേൽ പ്രവൃത്തികളുടെ രൂപരേഖ ആർക്കിടെക്ട് വിഭാഗത്തിൽ തയ്യാറാക്കി വരുകയാണ്.

**പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള**

**വിജിലൻസ് വിഭാഗത്തിന്റെ പരിശോധന**

111(3328) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ ഈ സർക്കാരിന്റെ

കാലയളവിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത ക്രമക്കേടുകളിൽ ഉത്തരവാദികളായവർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ നടപടികൾ, കേരള സിവിൽ സർവ്വീസുകൾ (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഉദ്യോഗസ്ഥർക്കെതിരെ മേൽ സൂചിപ്പിച്ചിട്ടുള്ള ചട്ടങ്ങളിലെ ചട്ടം 11 പ്രകാരമുള്ള ശിക്ഷകൾ നൽകിയാണ് നടപടികൾ തീർപ്പാക്കി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്രമക്കേടുകളിൽ ഉൾപ്പെട്ട 134 ഉദ്യോഗസ്ഥർക്കെതിരെ വിവിധ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 70 പേർക്കെതിരെയുള്ള നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കിയിട്ടുണ്ട്. 64 പേർക്കെതിരെയുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്.

## പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള നടപടികൾ

112(3329) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന കെ.ആർ.എഫ്.ബി.-യെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയ പതിനാറുങ്ങൾ വെന്നിയൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ നടപടികൾ എന്തെല്ലാമായി; വിശദമാക്കാമോ?

പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് റോഡ് പ്രവൃത്തിക്ക് 10-07-2017-ൽ 100 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയ പാതയിൽ പൂക്കിപ്പറമ്പിൽ നിന്നും ആരംഭിച്ച് പരപ്പനങ്ങാടി അരീക്കോട് റോഡിൽ പതിനാറുങ്ങൽ എന്ന സ്ഥലത്തു എത്തിച്ചേരുന്ന രീതിയിൽ നിർദ്ദേശിച്ചിരുന്ന പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ

പ്രവൃത്തി പൂർത്തിയാക്കുകയും ആയത് പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചതുമാണ്. എന്നാൽ റോഡിന്റെ 6.5 കിലോമീറ്റർ പൂർണമായും വയലിലൂടെയാണ് നിർദേശിച്ചിരുന്നത്. നെൽകൃഷി ചെയ്യുന്ന വയലിലൂടെ വൻതോതിൽ വയൽ നികത്തി പുതിയ റോഡ് നിർമ്മിക്കുന്നതിനോട് കർഷകർ എതിർപ്പ് പ്രകടിപ്പിച്ചതിനെ തുടർന്ന് പദ്ധതിയുടെ അലൈൻമെന്റ് ദേശീയ പാത വെന്നിയൂരിൽ നിന്നും ആരംഭിച്ച് പരപ്പനങ്ങാടി അരീക്കോട് റോഡിലെ പതിനാറുങ്ങൽ എന്ന സ്ഥലത്ത് അവസാനിക്കുന്ന രീതിയിൽ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചു, ആയതുപ്രകാരം പുതുക്കിയ അലൈന്മെന്റിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഡിസൈൻ വിങ്ങിനോട് ആവശ്യപ്പെടുകയും അതിൻ പ്രകാരം KRFB യും RIQCL ഉം സംയുക്ത സ്ഥല പരിശോധന നടത്തുകയും ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നതിനുള്ള നടപടികൾ RIQCL മുഖാന്തരം പുരോഗമിച്ചു വരികയും ചെയ്യുന്നു.

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകൾ സഹിതം വിശദമാക്കാമോ?

പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് റോഡ് പ്രവൃത്തിക്ക് 10-07-2017-ലെ GO (Rt) No.942/2017/PWD പ്രകാരം 100 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഈ പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് ഇനി പൂർത്തീകരിക്കാനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

റീ-ഇൻവെസ്റ്റിഗേഷൻ നടത്തി തയ്യാറാക്കുന്ന പുതിയ അലൈൻമെന്റിന്റെ സാധ്യത പരിശോധിച്ചതിനുശേഷം പദ്ധതിയുടെ പേര് വെന്നിയൂർ പതിനാറുങ്ങൽ ബൈപ്പാസ്സെന്ന് പുനർ നാമകരണം ചെയ്യുന്നതിനായി പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഡി.പി.ആർ. ഡിസൈൻ വിങ്ങിൽനിന്നും ലഭ്യമാക്കി അത് കിഫ്ബിയുടെ സാമ്പത്തികാനുമതിക്ക് സമർപ്പിക്കുകയും അനുമതി ലഭ്യമാക്കിയശേഷം സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി, പ്രവൃത്തിയുടെ എസ്റ്റിമേറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ച് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ ചെയ്ത് നിർമാണം ആരംഭിക്കാവുന്നതാണ്.

(ഡി) ഈ പ്രവൃത്തിയുടെ ഫയലിപ്പോൾ ഏത് ഓഫീസിലാണെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

അലൈൻമെന്റ് അന്തിമമാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ RIQCL കോഴിക്കോട് മുഖാന്തരം പുരോഗമിച്ചുവരുന്നു.

**നാഷണൽ ഹൈവേ വികസനം**

113 (3330) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കലിനും മറ്റും സംസ്ഥാന സർക്കാർ എത്ര തുകയാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ദേശീയപാത 66-ന്റെ സ്ഥലമേറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന വിഹിതമായി ഇതുവരെ 5580.74 കോടി രൂപ ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നാഷണൽ ഹൈവേയുടെ ഓരോ റീച്ചിന്റേയും നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ദേശീയപാത 66-ന്റെ 19 റീച്ചുകളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

**കോഴിക്കോട്-കൊല്ലഗൽ ദേശീയപാത വികസനം**

114(3331) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-കൊല്ലഗൽ ദേശീയപാത 766 വികസനത്തിനായി എത്ര മീറ്റർ വീതിയിലാണ് ഭൂമി ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട്-കൊല്ലഗൽ ദേശീയപാത വികസനത്തിനായി ഏകദേശം 18 മീറ്റർ മുതൽ 30 മീറ്റർ വരെ വീതിയിൽ ഭൂമി ഏറ്റെടുക്കുന്നുണ്ട്.

(ബി) ആയതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണുള്ളതെന്ന് വ്യക്തമാക്കുമോ?

3A നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഏകദേശം ഒരു വർഷത്തിനുള്ളിൽ സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതിനുശേഷം നടപടിക്രമങ്ങൾ പാലിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**എലിവേറ്റഡ് ഹൈവേ നിർമ്മാണം**

115(3332) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയിൽ ഫോർട്ട് കൊച്ചിയേയും വൈപ്പിനേയും ബന്ധിപ്പിക്കുന്നതിന് ഭൂഗർഭ ടണൽ അല്ലെങ്കിൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിനായുള്ള ഡി.പി.ആർ. ഏതെങ്കിലും ഏജൻസി സാധ്യത പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇതിന് വേണ്ടി വരുന്ന ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ-സി) കെ.ആർ.എഫ്.ബി.-പി.എം.യു. മുഖാന്തരം നടപ്പിലാക്കുന്ന തീരദേശ ഹൈവേയുടെ എറണാകുളം ജില്ലയിലെ ആദ്യ റീച്ച് ഫോർട്ട് കൊച്ചിയിൽ അവസാനിക്കുന്നു. രണ്ടാം റീച്ച് വൈപ്പിനിൽ നിന്നും ആരംഭിക്കുന്നു. ഫോർട്ട് കൊച്ചിക്കും വൈപ്പിനും ഇടയിൽ അന്താരാഷ്ട്ര കപ്പൽ പാത കടന്നുപോകുന്നതിനാൽ ഈ ഭാഗത്ത് റോഡ്/പാലം നിർമ്മാണം വിഭാവനം ചെയ്തിരുന്നില്ല. എന്നാൽ ഈ ഭാഗത്ത് ഭൂഗർഭ ടണൽ നിർമ്മിക്കുവാൻ കെ-റെയിൽ സാധ്യത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലാണ്.

**കൊല്ലം-ചെങ്കോട്ട ദേശീയ പാത നാലുവരിപ്പാത ആക്കുന്നതിന് നടപടി**

116(3333) <u>ശ്രീ. പി. എസ് സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 2022-23 ബഡ്ജറ്റിൽ പരാമർശിച്ച കൊല്ലം-ചെങ്കോട്ട ദേശീയ പാത നാലുവരിപ്പാത ആക്കുന്ന പ്രവൃത്തിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കൊല്ലം ചെങ്കോട്ട റോഡ് നാലുവരിപ്പാത നിർമ്മാണത്തിന് 05-11-2022 ലെ GO(Rt) നം.1069/2022/PWD ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിന്റെ ഹൈവേ ഡിസൈൻ യൂണിറ്റ് സ്ഥല പരിശോധന നടത്തി പദ്ധതി പ്രവർത്തിയുടെ Pre Feasibility Report തയ്യാറാക്കുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ; വിശദമാക്കാമോ?

ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ ഹൈവേ ഡിസൈൻ യൂണിറ്റ് സ്ഥലപരിശോധന നടത്തി പദ്ധതി പ്രവർത്തിയുടെ Pre-Feasibility report തയ്യാറാക്കിയിട്ടുണ്ട്.

(സി) ഈ പദ്ധതിക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും പ്രസ്തുത തുകയിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

എം.സി. റോഡ് നാലുവരി പാതനിർമാണം (കേശവദാസപുരം–അങ്കമാലി), കൊല്ലം ചെങ്കോട്ട റോഡ് നാലുവരിപ്പാത നിർമ്മാണം എന്നീ 2 പദ്ധതികൾക്കായി 1500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ Pre Feasibility Report പ്രകാരം ഉൾപ്പെട്ടിട്ടുള്ള പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

ചിന്നക്കട മുതൽ കോട്ടവാസൽ വരെയുള്ള 81.250km റോഡിനെ നാലു വരിപ്പാതയാക്കൽ (Row- 24m consists of 7m carriageway with 1.5m paved shoulder on either side of 2.0m wide raised median with 2m space to accommodate drain cum utility duct with footpath and 0.5m earthen shoulder.), 149 ക്രോസ് ഡ്രെയിനേജ് സ്ട്രക്ച്ചറുകൾ, 8 ROBs/RUB, 9 minor bridge, 1 major bridge എന്നിവയുടെ പുനർനിർമ്മാണം/ വീതി കൂട്ടിയുള്ള നിർമ്മാണം.

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

കൊല്ലം-ചെങ്കോട്ട റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 01-08-2023-ന് പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയുടെ നേതൃത്വത്തിൽ യോഗം നടത്തുകയും ടി യോഗത്തിൽ, വീതി കൂട്ടൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ സ്ട്രെച്ച് NHAI-യുടെ പരിഗണയിലിരിക്കുന്ന പ്രോജക്റ്റിൽ ഉൾപ്പെട്ടുവരുന്നവ ആയതിനാൽ NHAI യുടെ അന്തിമ തീരുമാനത്തിനായി പദ്ധതി പ്രവർത്തനം തൽക്കാലം നിർത്തി വയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിരിക്കുകയാണ്.

**ദേശീയപാത 66 തലപ്പാടി-ചെങ്കള റീച്ച് നിർമ്മാണം**

117 (3334) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത 66 തലപ്പാടി-ചെങ്കള റീച്ച് നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ച് മാറ്റപ്പെട്ട മരങ്ങൾക്കുപകരം പദ്ധതി പൂർത്തീകരിക്കുമ്പോൾ മരങ്ങൾ

നട്ട് പിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ നടത്തുന്ന വൃക്ഷ മൂല്യനിർണ്ണയം (Tree Valuation) പ്രകാരം ദേശീയപാത വികസനത്തിനായി മുറിക്കുന്ന മരങ്ങളുടെ എണ്ണത്തിന്റെ 10 ഇരട്ടി മരങ്ങൾ ദേശീയപാത അതോറിറ്റി വച്ച് പിടിപ്പിക്കണമെന്ന് നിബന്ധന ചുമത്തിയിട്ടുണ്ട്. അത് പ്രകാരം വനം വകുപ്പുമായി ചേർന്ന് മുറിച്ച മരങ്ങളുടെ 10 ഇരട്ടി മരങ്ങൾ വച്ച് പിടിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**പി.ഡബ്ല്യൂ.ഡി.-4 യു**

118(3335) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി-4 യു ആപ്പിന്റെ നിർമാണ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

PWD 4 U APP ഉൾപ്പെട്ട Agreement no. 324/KSTP/PMT/PWD/2020-Dated 05/06/2020 കരാറിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത ആപ്പ് നിർമ്മിക്കുന്നതിനുള്ള കരാർ കമ്പനിയെ ടെൻഡർ നടപടികളിലൂടെയാണോ തെരെഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ; ടെൻഡർ നടപടികളിലൂടെയല്ല തെരഞ്ഞെടുത്തതെങ്കിൽ കാരണം വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കരാർ കമ്പനിയെ തെരഞ്ഞെടുത്തത് ലോകബാങ്ക് വ്യവസ്ഥകൾക്ക് വിധേയമായി രാജ്യാന്തര ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ്.

(സി) ടെൻഡർ നടപടികളിലൂടെയാണ് തെരെഞ്ഞെടുത്തത് എങ്കിൽ ടെൻഡറിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശവും അവ ക്വാട്ട് ചെയ്ത തുക എത്രയാണെന്ന വിവരവും ലഭ്യമാക്കാമോ?

ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ വിവരങ്ങളും അവർ ക്വാട്ട് ചെയ്ത തുകയുടെ വിശദാംശങ്ങളും Bid Valuation-നുശേഷം ലഭിച്ച സ്കോറുകളുടെ വിശദാംശങ്ങളും അനുബന്ധം 2 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**താല്ക്കാലിക, കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ**

119(3336) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പുകളിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും താല്ക്കാലിക, കരാർ അടിസ്ഥാനത്തിലുള്ള എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; എങ്കിൽ ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്;

(ബി) ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2023 ഡിസംബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

(എ &ബി) വിവരം ശേഖരിച്ചു വരുന്നു.

**പൊതുമരാമത്ത് വകുപ്പിൽ കോൺട്രാക്ടർ ലൈസൻസ്**

120 (3337) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോൺട്രാക്ടേഴ്സ് ലൈസൻസ് ലഭിക്കുവാൻ വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (1) ആയി ചേർക്കുന്നു.+

(ബി) സംസ്ഥാനത്ത് നിലവിലുള്ള കരാറുകരുടെ (കെട്ടിടങ്ങൾ, റോഡുകൾ) എണ്ണം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ 5318-ഉം നിരത്ത് വിഭാഗത്തിന്റെ കീഴിൽ 8344-ഉം കോൺട്രാക്ടർ ലൈസൻസുകൾ നിലവിലുണ്ട്.

(സി) കോൺട്രാക്ടേഴ്സ് ലൈസൻസ് ലഭിക്കുവാൻ വനിതകൾക്ക് എന്തെങ്കിലും ഇളവുകൾ ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഇല്ല.

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര വനിത കരാറുകാർ ഉണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

PWD Manual clause 1908.1-ൽ പരാമർശിച്ചിട്ടുള്ള ഫോർമാറ്റിൽ അപേക്ഷ നൽകുന്നത് സ്ത്രീ ആണോ പുരുഷനാണോ എന്ന വിവരം ആവശ്യപ്പെടുന്നില്ല.

(ഇ) എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് കരാർ ലൈസൻസ് ലഭിക്കുവാൻ വേണ്ടി പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർക്കുന്നു.+

(എഫ്) നിലവിൽ സംസ്ഥാനത്ത് എത്ര എസ്.സി./എസ്.ടി. കരാറുകാർ ഉണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

CIVIL-A- 12
CIVIL-B- 7
CIVIL-C- 78

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

CIVIL-D- 44
ELECTRICAL-C- 1

### കമ്മുട്ടികളം കലുങ്ക് നിർമ്മാണം

121(3338) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുറം-നിലമ്പൂർ റോഡിൽ കമ്മുട്ടികളം ഭാഗത്ത് (2/600) നിലവിലുള്ള കലുങ്ക് പുതുക്കി പണിയുന്നത് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (നിരത്തു വിഭാഗം) (പി.ഡബ്ല്യു.ഡി./ആർ.ബി./ഇ.എസ്.റ്റി./22660/2022) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പ്രസ്തുത പ്രവൃത്തിക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ നൽകി കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്.

പാലാ ബൈപാസ് മൂന്നാംഘട്ട പൂർത്തീകരണം

122 (3339) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ബൈപാസ് മൂന്നാംഘട്ട പൂർത്തീകരണത്തിന് വിഘാതമായി നിൽക്കുന്ന പാലാ മരിയൻ ജംഗ്ഷനിലെ സാജൻ ഗീതാഞ്ജലിയുടെ ഉടമസ്ഥതയിലെ സ്ഥലവും വീടും ഏറ്റെടുക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പാലാ മരിയൻ ജംഗ്ഷനിലെ സാജൻ ഗീതാഞ്ജലിയുടെ ഉടമസ്ഥതയിലുള്ള സ്ഥലവും വീടും ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടുത്തി

പുതിയ ഭരണാനുമതിക്കായി നൽകിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ഡിസൈൻസ് വിഭാഗത്തിലെ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ**

123(3340) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് പൊതുമരാമത്ത് ഡിസൈൻസ് വിഭാഗത്തിൽ നിലവിൽ പൂർത്തിയാക്കാനുള്ളത്; ഇവ ഓരോന്നും ഡ്രോയിങ്ങും മറ്റനുബന്ധരേഖകളും തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിൽ ലഭിച്ച തീയതികൾ അറിയിക്കുമോ;

(ബി) സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഫണ്ട് അനുവദിക്കപ്പെട്ടിട്ടും ഡിസൈൻ വിഭാഗത്തിൽനിന്ന് ഡ്രോയിങ്ങുകളും മറ്റ് രേഖകളും ലഭിക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡിസൈൻ വിഭാഗത്തിൽ ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടായതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(എ-സി) 1. ഫാമിലി കോർട്ട് വടകര:- 08-08-2020-ന് ലഭിച്ച ആർക്കിടെക്ചറൽ ഡ്രോയിംഗ്സും (AR No. 111/20(D) dated 08-08-2020) 09-11-2020-ന് ലഭിച്ച സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും അനുസരിച്ച് പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടെൻറ്റേറ്റീവ് ഡ്രോയിംഗ് 30-11-2020-ന് ഡിസൈൻ വിഭാഗത്തിൽ നിന്നും നൽകിയിട്ടുണ്ട്. തുടർന്ന് നടത്തിയ സ്ഥലപരിശോധനയിൽ മൂന്ന് വശങ്ങളിലുള്ള ബേസ്മെന്റ് വാൾ ആവശ്യമില്ലായെന്ന് കണ്ടെത്തുകയും അതിനാൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് റിവൈസ് ചെയ്യാൻ ആവശ്യപ്പെട്ട് 09-11-2022-ന് ഡിസൈൻ വിഭാഗത്തിൽ കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് 920 ലക്ഷത്തിനുള്ള റിവൈസ്ഡ് ഭരണാനുമതി 08-02-2023-ന് നൽകി. 16-04-2023-ന് സാങ്കേതികാനുമതി നൽകി. പൈൽ ഫൗണ്ടേഷൻ മാറ്റി റാഫ്റ്റ് ഫൗണ്ടേഷൻ റെക്കമെന്റേഷൻ ഉൾപ്പെടുത്തികൊണ്ടുള്ള കത്ത് 13-10-2023-ന് ഡിസൈൻ

വിഭാഗത്തിൽ ലഭിച്ചു. റിവൈസ് ചെയ്തു കിട്ടിയ 06-01-2023-ലെ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്രകാരം റാഫ്റ്റ് ഫൗണ്ടേഷൻ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡീറ്റെയിൽ ഫൗണ്ടേഷൻ ഡ്രോയിംഗ് സൈറ്റിൽ സെറ്റ് ഔട്ട് ചെയ്തു ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നതിനായി 16-11-2023-ന് നൽകിയിട്ടുണ്ട്. 27-12-2023-ന് റാഫ്റ്റ് ഫൗണ്ടേഷൻ ഫീസിബിൾ ആണെന്ന് ബിൽഡിംഗ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി തന്നെ രൂപകൽപന ചെയ്ത് നൽകുവാൻ സാധിക്കും.

2. വടകര നിയോജകമണ്ഡലത്തിലെ പുതുപ്പണം പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ടെൻറ്റേറ്റീവ് ഡിസൈൻ പുരോഗമിച്ചു വരുന്നു.

3. വടകര നിയോജകമണ്ഡലത്തിലെ തുരുത്തിമുക്ക് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കാനുള്ള വിവരങ്ങൾ 25-11-2023-ന് ലഭിക്കുകയും

ആയതിന്റെ രൂപകൽപന പുരോഗമിച്ചു വരികയുമാണ്. സമയബന്ധിതമായി രൂപകൽപന പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പെൻഡിംഗായുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കി ലഭ്യമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഓരോ പ്രവൃത്തിയും പൂർത്തിയാക്കി ലഭ്യമാക്കാൻ കഴിയുന്ന തീയതി അറിയിക്കുമോ?

പെൻഡിംഗായിട്ടുള്ള പ്രവൃത്തികളുടെ രൂപകല്പന സമയബന്ധിതമായി തന്നെ പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഡിസൈൻ വിഭാഗത്തിനുകീഴിൽ പ്രത്യേകിച്ച് കോഴിക്കോട് ജില്ലയിൽ ആവശ്യത്തിന് സ്റ്റാഫുകൾ ഇല്ലാത്തതാണോ ഡ്രോയിങ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തതിനു കാരണം?

ഡിസൈൻ വിഭാഗത്തിന് കീഴിലെ കോഴിക്കോട് ജില്ലയിൽ നിലവിലെ സ്റ്റാഫ് പാറ്റേൺ ഉപയോഗപ്പെടുത്തി ഡിസൈൻ പ്രവൃത്തികൾ പരമാവധി കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) എങ്കിൽ ഡിസൈൻ വിഭാഗത്തിൽ ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും പെൻഡിംഗ് പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കി ലഭ്യമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഡിസൈൻ പ്രവൃത്തികൾ പരമാവധി കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

**പൊതുജനങ്ങൾക്ക് ഭീഷണിയാകുന്ന മരങ്ങൾ മുറിച്ചു മാറ്റൽ**

124 (3341) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഭീഷണിയായി സർക്കാർ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കാനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

മരങ്ങൾ മുറിച്ച് മാറ്റുന്നതിന് മുൻപ് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ വില നിർണ്ണയം നടത്തി മുറിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കേണ്ടതുണ്ട്. അതിനുശേഷം ലേലം നടത്തിയാണ് മരങ്ങൾ മുറിച്ച് മാറ്റുന്നത്. സോഷ്യൽ ഫോറസ്ട്രി വിഭാഗം സാക്ഷ്യപ്പെടുത്തുന്ന വില ലഭ്യമാകാത്തതിനാൽ പല പ്രാവശ്യം ലേലം ചെയ്യേണ്ടി വരാറുണ്ട്. കൂടുതൽ വില ലഭ്യമാക്കുന്നതുവരെ പുനർലേലം ചെയ്യുന്നത് കാലതാമസം ഉണ്ടാക്കാറുണ്ട്. ലേലം നടക്കുന്ന വിവരം സർക്കാർ ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും നോട്ടീസ് പതിപ്പിച്ച് കൂടുതൽ പ്രചരണം നൽകാറുണ്ട്. ലേലം നടക്കാത്ത സാഹചര്യങ്ങളിൽ ഓഫീസർമാരുടെ അധികാര പരിധിയിൽ നിന്നുകൊണ്ട് Survey Report തുകയേക്കാൾ കുറഞ്ഞ തുകയ്ക്കും ലേലം നടത്തി ഉത്തരവാദിത്തപ്പെട്ട അധികാരിയുടെ അംഗീകാരം നേടി എത്രയുംവേഗം അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റാറുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന Tree Committee-യിൽ നിന്നും അപകടകരമാണെന്ന് റിപ്പോർട്ട് ലഭിക്കുന്ന മരങ്ങൾ, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ

നിയന്ത്രണത്തിലുള്ള ഭൂമിയിലാണെങ്കിൽ ആയവ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തിയും പ്രീമൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയും കാലതാമസമില്ലാതെ തന്നെ ചെയ്തു വരുന്നു.

(ബി) ഇത്തരത്തിൽ മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്യാതെ നശിച്ച് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്ത് വിൽക്കുകയാണ് ചെയ്യുന്നത്.

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി**

125(3342) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് എത്ര കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ നൽകിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ മുഖേന അല്ലാതെ നൽകിയിട്ടുണ്ട്; ടെൻഡർ മുഖേന അല്ലാതെയുള്ള പ്രവൃത്തികൾക്ക് നൽകിയ പരമാവധി തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) യു.എൽ.സി.സി.എസ്.-ന് ലഭിച്ച പ്രവൃത്തികളിൽ, എൽ 1 കരാറുകാരൻ അല്ലാതിരുന്നിട്ടും പത്ത് ശതമാനത്തിൽ താഴെയോ അതിന് തുല്യമോ ആയ തുകയുടെ അടിസ്ഥാനത്തിൽ യു.എൽ.സി.സി.എസ്.-ന് മുൻഗണന നൽകിയതിനാൽ എത്ര പ്രവൃത്തികൾ ലഭിച്ചുവെന്നും ഏതൊക്കെയാണെന്നും എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇപ്രകാരം നൽകിയതെന്നും വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

### വിവിധ ടൂറിസം പദ്ധതികളുടെ വ്യാപനം

126(3343) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ടൂറിസം, മുസിരിസ് ടൂറിസം തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കുവാനും സ്ത്രീ സൗഹൃദ ടൂറിസം ശൃംഖല, നൈറ്റ് ലൈഫ്

ആസ്വാദന പദ്ധതി എന്നിവയ്ക്ക് തുടക്കമിടുവാനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൈതൃക ടൂറിസം, മുസിരിസ് ടൂറിസം തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ട്. സ്ത്രീ സൗഹൃദ ടൂറിസം ശൃംഖല, നൈറ്റ് ലൈഫ് ആസ്വാദന പദ്ധതി എന്നിവ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. പൈതൃക ടൂറിസത്തിന്റെ വികസനം ലക്ഷ്യമാക്കി വകുപ്പ് മുസിരിസ് ഹെറിറ്റേജ് പദ്ധതി, ആലപ്പുഴ ഹെറിറ്റേജ് പദ്ധതി, തലശ്ശേരി ഹെറിറ്റേജ് പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ഇവയുടെ ഭാഗമായുള്ള പദ്ധതി പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. പ്രസ്തുത പദ്ധതികൾ പൂർണ്ണത കൈവരിക്കുന്ന ക്രമത്തിൽ കൂടുതൽ വ്യാപിപ്പിക്കുന്നത് പരിശോധിക്കുന്നതാണ്. കൂടാതെ പുതിയ ഹെറിറ്റേജ് പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുമാണ്. സമൂഹത്തിലെ സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം

ഉയർത്തുന്നതിനും തികച്ചും സ്ത്രീ സൗഹൃദമായ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടത്തി വരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വുമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. ഇവയെല്ലാം ഏകോപിപ്പിച്ച് ഒരു സ്ത്രീ സൗഹൃദ ടൂറിസം നെറ്റ്വർക്ക് രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ചെയ്തുവരുന്നു. സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടമായി വിനോദസഞ്ചാര വകുപ്പ് കനകക്കുന്ന് കൊട്ടാരവളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ശംഖുമുഖത്ത് ഡി.റ്റി.പി.സി. മുഖേന നൈറ്റ് ലൈഫ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു.

(ബി) കോവിഡിനുശേഷം കേരളത്തിൽ ടൂറിസത്തിന്റെ വ്യാപ്തി പലവിധത്തിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ടൂറിസം സ്റ്റേറ്റാക്കി മാറ്റാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

കോവിഡിനുശേഷം കേരളത്തിൽ ടൂറിസത്തിന്റെ വ്യാപ്തി പലവിധത്തിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ടൂറിസം സ്റ്റേറ്റാക്കി മാറ്റാനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവൃത്തികളാണ് വകുപ്പ് നടത്തി വരുന്നത്. ഇതിന്റെ ഭാഗമായി വലിയ രീതിയിലുള്ള ആഭ്യന്തര ക്യാമ്പയിനുകൾ സംഘടിപ്പിച്ചുകൊണ്ട് ആഭ്യന്തര സഞ്ചാരികളെ വൻതോതിൽ ആകർഷിച്ചു. കോവിഡാനന്തരം ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കാൻ പ്രത്യേകം മാർക്കറ്റിംഗ് ക്യാമ്പയിനുകൾ നടത്തിയും കാരവൻ ടൂറിസം പോലുള്ള നൂതന ടൂറിസം പദ്ധതികൾ നടപ്പിലാക്കിയും മുടങ്ങിയ ചാമ്പ്യൻസ് ബോട്ട് ലീഗ് പുന:സംഘടിപ്പിച്ചും ബേപ്പൂർ വാട്ടർ ഫെസ്റ്റ് തുടങ്ങിയവ പോലുള്ള ടൂറിസം പുനരുജ്ജീവന പരിപാടികൾ കോവിഡിന്റെ ആഘാതം മറികടന്ന്

കേരളത്തിലേക്കെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് ശക്തമായ പിന്തുണ നൽകുന്നതിനായി, കേരളത്തിലെ ടൂറിസം സംരംഭകരെ ആകർഷിക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2023 നവംബർ 16 ന് തിരുവനന്തപുരത്ത് വച്ച് ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് (TIM)-ന്റെ ആദ്യ പതിപ്പ് നടത്തുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങൾവഴി ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുക, കേരളത്തിലേയ്ക്കെത്തുന്ന ആഭ്യന്തര-വിദേശ സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുക, ടൂറിസം മേഖലയിൽ തൊഴിൽ അവസരങ്ങൾ കൂടുതൽ സൃഷ്ടിക്കുക എന്നിങ്ങനെ ടൂറിസത്തിന്റെ പ്രോത്സാഹനത്തിനും ആസൂത്രണത്തിനും വികസനത്തിനും സാദ്ധ്യമാകുന്നതാണ്. ഇതുകൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രാദേശിക ടൂറിസത്തെ വളർത്താൻ ഒട്ടനവധി നൈപുണ്യ വികസന പരിശീലന പരിപാടികളാണ് നടത്തിവരുന്നത്.

**വിനോദസഞ്ചാര മേഖലയിൽ കടൽ തീരങ്ങൾക്കുള്ള സാധ്യതകൾ**

127(3344) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിശാലവും പ്രകൃതിരമണീയവുമായ കടൽത്തീരങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ആഭ്യന്തര-വിദേശ വിനോദസഞ്ചാരികൾക്ക് ആസ്വാദ്യമായവിധം ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന നൂതനമായ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിശാലവും പ്രകൃതിരമണീയവുമായ കടൽത്തീരങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ആഭ്യന്തര-വിദേശ വിനോദസഞ്ചാരികൾക്ക് ആസ്വാദ്യമായ വിധം സാഹസിക വിനോദങ്ങളും അന്തർദേശീയ നിലവാരത്തിലുള്ള സാഹസിക ഫെസ്റ്റിവെലുകളും സംഘടിപ്പിച്ചുവരുന്നു. ജലസാഹസിക വിനോദ രംഗത്ത് പുത്തൻ ഉണർവേകുന്നതിനായി സംസ്ഥാനത്തെ തീരദേശമുള്ള ജില്ലകളിൽ 9 എണ്ണത്തിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ബേപ്പൂർ, ബേക്കൽ, മുഴിപ്പിലങ്ങാട്, താനൂർ, ചാവക്കാട്, വർക്കല, കുഴിപ്പള്ളി എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന അഡ്വഞ്ചർ ടൂറിസത്തിന്റെയും ഉത്തരവാദിത്ത ടൂറിസം മിഷന്റെയും നേതൃത്വത്തിൽ സർഫിംഗ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയ യുവാക്കളെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റായി രൂപീകരിക്കുകയും അവരെ ചേർത്തുകൊണ്ട് കേരളത്തിൽ ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ആദ്യ സർഫിംഗ് അക്കാദമി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇന്റർനാഷണൽ സർഫിംഗ് ഫെസ്റ്റിവലും സംഘടിപ്പിക്കുന്നുണ്ട്. വാട്ടർ സ്പോർട്സ് പ്രേമികൾക്ക് സർഫിംഗ് എന്ന പുതിയ കായിക വിനോദവും അതിന്റെ ജീവിതരീതിയും ആസ്വദിക്കാനുള്ള അവസരവും ഇത്തരം ഈവന്റുകളിൽ നൽകുന്നതാണ്. ബേക്കൽ ബീച്ച് ഫെസ്റ്റ്, ബേപ്പൂർ വാട്ടർ ഫെസ്റ്റ് എന്നിവ വൻതോതിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പരിപാടികളാണ്.

(ബി) തീരജനതയുടെ പങ്കാളിത്തവും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതി നിർവഹണത്തിൽ ഇവരുടെ സഹായ-സഹകരണങ്ങൾ ഉറപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടോ?

തീരജനതയുടെ പങ്കാളിത്തവും പുരോഗതിയും ലക്ഷ്യമാക്കിയുള്ള പദ്ധതി പ്രവർത്തനങ്ങളാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഇത്തരം പദ്ധതി നിർവഹണത്തിൽ ഇവരുടെ സഹായ-സഹകരണങ്ങൾ ഉറപ്പാക്കുന്നതിന് പരിഗണന നൽകി വരുന്നു.

(സി) സംസ്ഥാനത്തെവിടെയെല്ലാമാണ് നിലവിൽ ബീച്ച് ഫെസ്റ്റുകൾ സംഘടിപ്പിക്കാറുള്ളത്; ഓരോന്നിന്റേയും സംഘാടനം, സവിശേഷത എന്നിവ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്ത് വിവിധ ഇടങ്ങളിൽ ബീച്ച് ഫെസ്റ്റ് സംഘടിപ്പിക്കുന്നുണ്ട്. ഏതെങ്കിലും സംഘടനകളോ, അസ്സോസിയേഷനുകളോ, ക്ലബ്ബുകളോ ബീച്ച് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനായി ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നപക്ഷം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച്

അനുവദിക്കാറുണ്ട്. ബേപ്പൂർ വാട്ടർ ഫെസ്റ്റ് ഡി.റ്റി.പി.സി. സംഘടിപ്പിക്കുന്ന ബീച്ച്ടൂറിസം വാട്ടർഫെസ്റ്റ് ആണ്. ബേക്കൽ ബീച്ച് ഫെസ്റ്റ് മലബാറിലെ പ്രമുഖ ബീച്ച് ഫെസ്റ്റായി വളർന്നുവരികയാണ്.

**കെ.ടി.ഡി.സി.യുടെ വർക്കേഷൻ പദ്ധതി**

128 (3345) ശ്രീ. പി എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ വിനോദസഞ്ചാര മേഖലകളിലേക്ക് ഐ.ടി.മേഖലയിൽ ജോലി ചെയ്യുന്നവരെ കൂടുതലായി ആകർഷിക്കുന്നതിനുള്ള സാധ്യതകൾ പരിശോധന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഐ.ടി. മേഖലകളിൽ ജോലി ചെയ്യുന്നവരെ പ്രാദേശിക വിനോദസഞ്ചാര മേഖലകളിലേക്ക് ആകർഷിക്കുന്നതിനായി

കെ.ടി.ഡി.സി.-യുടെ നേതൃത്വത്തിൽ വർക്കേഷൻ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ഐ.ടി. സ്ഥാപനങ്ങളിലെ ജീവനക്കാർക്കുകൂടി പ്രയോജനകരമാകുന്ന രീതിയിൽ ടൂർ പാക്കേജുകളും മറ്റ് അനുബന്ധ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഐ.ടി. മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് വിനോദസഞ്ചാരത്തോടൊപ്പം ഓൺലൈനായി അവരുടെ തൊഴിൽ ചെയ്യുന്നതിനും സൗകര്യപ്പെടുന്ന തരത്തിലാണോ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ?

(എ-ഡി) തൊഴിലിടങ്ങളിലുണ്ടാകുന്ന ജോലി സമ്മർദ്ദം കുറയ്ക്കുന്നതിനായി വിനോദത്തിനുള്ള ഘടകങ്ങളോടൊപ്പം ജോലി ചെയ്യാനുള്ള സൗകര്യങ്ങളും ഒരുക്കി, തൊഴിലും വിനോദവും ഒരുമിച്ച് കൊണ്ടുപോകുന്ന പുതിയ ആശയമാണ് "വർക്കേഷൻ". പ്രകൃതിയുമായി ചേർന്നുനിൽക്കുന്ന രീതിയിൽ, ഒരു ടൂറിസം സങ്കേതത്തിനുതകുന്ന

രീതിയിലുള്ള മുറികൾ, ആധുനിക ഫർണിച്ചറുകൾ, ബാൽക്കണികൾ, റെസ്റ്റോറന്റുകൾ, നടവഴികൾ, സൈക്കിൾ റൂട്ട്, ട്രെക്കിങ്ങ്, ബോട്ട് സഫാരി, ക്യാമ്പ് ഫയർ, പാചക സൗകര്യങ്ങൾ എന്നിവയ്ക്കുപുറമെ വർക്കേഷൻ പാക്കേജുകൾക്ക് ആവശ്യമായ മറ്റു ഘടകങ്ങൾ ചുവടെ പറയും പ്രകാരമാണ്:

1. തടസ്സമില്ലാത്ത വൈദ്യുതി വിതരണം

2. മികച്ച ഇന്റർനെറ്റ് സേവനവും ഉയർന്ന ബാൻഡ് വിഡ്ത്തും

3. നല്ല ഗതാഗത സൗകര്യം

4. മനോഹരമായ സൗകര്യമുള്ള മീറ്റിംഗ് ഹാളുകൾ

5. ആളുകൾക്ക് വിശ്രമിക്കാനും ജോലി ചെയ്യാനും വർക്ക് പോഡുകൾ

6. ഫിറ്റ്നസ് റൂം, യോഗ സെന്റർ, പ്രിന്റ് & സ്റ്റേഷനറി, ലോൺട്രി, വൈദ്യ സഹായം, ഗൈഡ് ടൂർ, 24/ 7 റൂം സർവീസ് എന്നിവ

കെ.ടി.ഡി.സി. മുഖേന നെയ്യാറിൽ വർക്കേഷൻ പദ്ധതി നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. നെയ്യാർ വന്യജീവി

സങ്കേതത്തിന്റെയും നെയ്യാർ ഡാമിന്റെയും സാമീപ്യം, ട്രെക്കിംഗ്, ബോട്ടിംഗ് സൗകര്യം, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് മതിയായ ഇടം, എന്നിവയാണ് ഈ മേഖലയുടെ പ്രത്യേകത. ടെക്നോപാർക്കിലെയും സ്റ്റാർട്ടപ് മിഷനിലെയും ഉദ്യോഗസ്ഥർ നെയ്യാർ ഡാമിലെ കെ.റ്റി.ഡി.സി. ഹോട്ടലിലെ 8 ഏക്കർ ക്യാമ്പസും 7 മുറികളും ഒരു ഡോർമിറ്ററിയും സന്ദർശിച്ച് വിലയിരുത്തിയതിനനുസരിച്ച് നെയ്യാർ വർക്കേഷൻ പദ്ധതിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് നെയ്യാർ ഡാമിലെ ഇക്കോണമി ഹോട്ടലായ ടാമറിൻഡ്, വർക്കേഷനുവേണ്ടി മാറ്റുന്നതിലേക്കായി, 5 ഗ്ലാസ് ഡോമുകൾ, 7 മുറികളുടെ നവീകരണം, 20 പുതിയ റൂമുകളുടെ നിർമ്മാണം, നീന്തൽകുളം, കളിസ്ഥലം, വർക്ക് പോഡ്സ് തുടങ്ങിയവ ഉൾപ്പെടുത്തിയ 10 കോടി രൂപയുടെ പദ്ധതി, സർക്കാർ പരിശോധിച്ചുവരുന്നു. പദ്ധതി പുരോഗമിക്കുന്നതനുസരിച്ച് ഇന്ത്യയിലെയും വിദേശത്തെയും IT അധിഷ്ഠിത പ്രൊഫഷണലുകൾക്ക് ഉപയോഗപ്പെടുന്ന രീതിയിലാണ് ഇത്തരം വർക്കേഷനുകൾ ആവിഷ്കരിക്കുന്നത്.

**ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടി**

129(3346) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 കാലയളവിൽ സംസ്ഥാനത്ത് ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ?

ഉണ്ട്. 2022 കലണ്ടർ വർഷത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ (18867414), 2021 കലണ്ടർ വർഷവുമായി (7537617) താരതമ്യം ചെയ്യുമ്പോൾ 150.31 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 2023 കലണ്ടർ വർഷത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ (21871641) 2022 കലണ്ടർ വർഷവുമായി (18867414) താരതമ്യം ചെയ്യുമ്പോൾ 15.92 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ വിനോദസഞ്ചാര കേന്ദ്രങ്ങളിലാണ് കൂടുതലായി സഞ്ചാരികൾ എത്തിയതെന്ന് വിശദമാക്കാമോ?

ആഭ്യന്തര വിനോദസഞ്ചാരികൾ കൂടുതൽ എത്തിയ കേരളത്തിലെ വിവിധ ജില്ലകളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആഭ്യന്തര-വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി, നൂതനവും കാലികവുമായുള്ള നിരവധി പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിന്റെ വൈവിധ്യമാർന്ന പ്രത്യേകതകൾ സഞ്ചാരികളിൽ എത്തിക്കുന്നതിന് വിദേശരാജ്യങ്ങളിൽ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നുണ്ട്. പ്രധാനപ്പെട്ട മീറ്റുകളിൽ കേരളം ശ്രദ്ധേയമാവുകയും ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോവിഡാനന്തരം കേരളത്തിലെ ടൂറിസം മേഖലയിൽ ഒരു കുതിച്ചു ചാട്ടമുണ്ടാക്കുന്നതിനും കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ചും വിദേശികളെ

\+ നിമയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആകർഷിക്കുന്നതിനുമായി കാരവൻ ടൂറിസം എന്ന നവീന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇതുകൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിലേക്കായി നിരവധി നൂതനമായ പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകി നടപ്പാക്കിവരുന്നു.

പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടെൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങളിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചുകൊണ്ട് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

<u>ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്</u>

സാഹസിക ജല കായിക മത്സരങ്ങളുടെ ഭൂപടത്തിൽ കേരളത്തിന് ഇടം നേടിക്കൊടുത്ത ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് മൂന്ന് വർഷമായി നടത്തിവരുന്നു. ആഗോള ടൂറിസം രംഗത്ത് ബേപ്പൂർ ഫെസ്റ്റ് ഇതിനകം

ജനപ്രീതി നേടിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൂടുതൽ വിദേശസഞ്ചാരികൾ വരും വർഷങ്ങളിൽ കേരളത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

മലബാർ റിവർ ഫെസ്റ്റ്

കേരളത്തിലെ സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട്, കൂടുതൽ വിദേശടൂറിസ്റ്റുകളേയും ആഭ്യന്തര സഞ്ചാരികളെയും ആകർഷിക്കുന്നതിനായി ജലസാഹസിക പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തുഷാരഗിരിയിൽ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരം നടത്തുകയുണ്ടായി. മലബാർ റിവർ ഫെസ്റ്റിന്റെ ഭാഗമായി നടത്തിയ വാട്ടർ കയാക്കിംഗ് മത്സരങ്ങളിൽ ദേശീയ അന്തർദേശീയതലത്തിൽ ശ്രദ്ധേയരായ കയാക്കർമാർ പങ്കെടുക്കുകയുണ്ടായി.

സിനിമ ടൂറിസം

പ്രശസ്ത സിനിമകൾ ചിത്രീകരിച്ച സ്ഥലങ്ങളെ അവയുടെ ഓർമ്മകൾ നിലനിർത്തിക്കൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി വിനോദസഞ്ചാരവകുപ്പ് സിനിമ ടൂറിസം പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു.

വിവിധ സിനിമകളുടെ ഭാഗമായിട്ടുള്ള സംസ്ഥാനത്തെ പ്രകൃതിസുന്ദരമായ ഒട്ടേറെ സ്ഥലങ്ങൾ വിനോദസഞ്ചാര പ്രദേശങ്ങളായി അടയാളപ്പെടുത്തുവാനും തൽഫലമായി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും സിനിമ ടൂറിസം ലക്ഷ്യമിടുന്നു.

ഓണാഘോഷം, നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, ഉത്സവങ്ങൾ, ചാമ്പ്യൻസ് ബോട്ട് ലീഗ്, ക്രിസ്തുമസ്-പുതുവർഷത്തിന്റെ ഭാഗമായി ലൈറ്റിംഗ് ഫെസ്റ്റിവൽ തുടങ്ങിയ പരിപാടികളിലൂടെ പ്രകൃതി സൗന്ദര്യത്തോടൊപ്പം സംസ്ഥാനത്തിന്റെ സംസ്കാരവും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾക്ക് തനത് ഭക്ഷണരീതികളുടെ വൈവിധ്യവും ഗുണമേന്മയും അനുഭവവേദ്യമാക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ നാടിന്റെ തനത് രുചി വൈവിധ്യങ്ങളെ പരിചയപ്പെടുത്തുന്ന ബ്രോഷറുകൾ പുറത്തിറക്കുകയും കെ.ടി.ഡി.സി. മുഖേന ഭക്ഷ്യമേളകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഹോംസ്റ്റേകൾക്കും സർവ്വീസ്ഡ് വില്ലകൾക്കും അംഗീകാരം നൽകുമ്പോൾ

തന്നെ തനത് ഭക്ഷ്യവിഭവങ്ങൾ സഞ്ചാരികൾക്ക് നൽകണമെന്ന് നിഷ്കർഷിക്കാറുമുണ്ട്.

സംസ്ഥാനത്തെ തനത് ഭക്ഷ്യവൈവിധ്യം അന്താരാഷ്ട്രതലത്തിൽ പരിചയപ്പെടുത്താനായി ടൂറിസം വകുപ്പ് ഇന്റർനാഷണൽ ക്യുസിൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആർ.റ്റി. മിഷന്റെ ആഭിമുഖ്യത്തിലും കേരളത്തിന്റെ രുചി വൈവിധ്യം സഞ്ചാരികളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ടൂറിസം വികസന മാതൃകയും ജലസാഹസ ടൂറിസവും

130(3348) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ടൂറിസം സാധ്യതകളെ സൗന്ദര്യപരമായി പ്രയോജനപ്പെടുത്തുന്നതിനും തനതായ ഒരു ടൂറിസം വികസന മാതൃക രൂപപ്പെടുത്തുന്നതിനും വേണ്ടി എന്താക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിന്റെ വിനോദസഞ്ചാര മേഖല അന്താരാഷ്ട്ര തലത്തിൽ ഊന്നൽ നല്കിയിരുന്നത് കേരളത്തിന്റെ സുന്ദരമായ ഭൂപ്രകൃതി, ഉത്സവങ്ങൾ, സമ്പന്നമായ പൈതൃകം മുതലായവയാണ്. നിലവിൽ വിനോദസഞ്ചാര മേഖലയുടെ ഊന്നൽ എക്സ്പീരിയൻഷ്യൽ ടൂറിസത്തിലേക്ക് മാറി വരികയാണ്. ഇത് മുൻനിർത്തിയാണ് വിനോദസഞ്ചാര വകുപ്പ് കേരളാ ടൂറിസം വേർഷൻ 2.0 രൂപപ്പെടുത്തിയിട്ടുള്ളത്. അതോടൊപ്പം തന്നെ നമുക്കു ചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നുവരുന്നതിന് സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശ ചട്ടക്കൂട് എന്ന നിലയിൽ ഒരു രൂപകൽപന നയം അഥവാ ഡിസൈൻ പോളിസി രൂപപ്പെടുത്തുന്നതിനുള്ള നടപടികളും ടൂറിസം വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജലസാഹസ ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താനുതകുന്ന എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ ജലസാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര തലത്തിൽ ചുവടെ ചേർക്കുന്ന മത്സരങ്ങളും ഫെസ്റ്റുകളും സംഘടിപ്പിക്കുന്നു.

- മലബാർ റിവർ ഫെസ്റ്റിവൽ
- ചാലിയാർ റിവർ ചലഞ്ച്
- ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ്
- പിണറായി വാട്ടർ ഫെസ്റ്റിവൽ 2023
- കയാക്കിംഗ് ചമ്പ്യൻഷിപ്പ് കണ്ണൂർ
- സർഫിംഗ് അക്കാദമി ഗോദീശ്വരം കോഴിക്കോട്
- ഫ്ലോട്ടിംഗ് ബ്രിഡ്ജ്
- സർഫിംഗ് ഫെസ്റ്റ്, വർക്കല

ഇതിനുപുറമെ, ബീച്ചുകൾ അന്തർദേശീയ നിലവാരത്തിലുള്ള വാട്ടർ സ്പോർട്സ് ഓപ്പറേറ്റിംഗ് ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിലേയ്ക്കായി ബീച്ച് ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു.

**ടൂറിസം ഫെസിലിറ്റേഷൻ സെന്റർ**

131 (3349) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. രാജ:

ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ നിക്ഷേപകരെ സഹായിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ടൂറിസം ഫെസിലിറ്റേഷൻ സെന്റർ വഴി എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

2023 നവംബർ 16-ന് തിരുവനന്തപുരത്ത് സംഘടിപ്പിക്കപ്പെട്ട ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്-ന് തുടർച്ചയായാണ് ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെന്റർ രൂപീകരിച്ചത്. നിക്ഷേപകർക്ക് വിവിധ പദ്ധതികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകുകായെന്ന ലക്ഷ്യത്തോടെയാണ് "ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ" രൂപീകരിച്ചിട്ടുള്ളത്. നിക്ഷേപകർക്ക് വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമായും മറ്റ് വിവിധ വകുപ്പുകളുമായി ബന്ധപ്പെടുന്നതിനുള്ള ഒരു സിംഗിൾ പോയിന്റ് ഓഫ് കോണ്ടാക്റ്റ് ആയാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. വിവിധ പദ്ധതികളുടെ നിർവ്വഹണവേളയിൽ നിക്ഷേപകർ അഭിമുഖീകരിക്കേണ്ടിവരുന്ന നിയമപരവും സാങ്കേതികവുമായ വിവിധ

തടസ്സങ്ങളും മറ്റ് ബുദ്ധിമുട്ടുകളും ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യുവാനും ഇവ പരിഹരിക്കുന്നതിന് നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുവാനുമുള്ള ഒരു സംവിധാനമെന്നത് കൂടിയാണ് ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ?

ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്-ന്റെ ഭാഗമായി സർക്കാറിന്റെ അധീനതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ടൂറിസം പദ്ധതികൾ, സ്വകാര്യ പദ്ധതികൾ, വിവിധ സ്റ്റാർട്ടപ്പ് പദ്ധതികൾ മുതലായവയിലുള്ള നിക്ഷേപാവസരങ്ങളെ സംബന്ധിച്ച് മനസിലാക്കുവാൻ നിക്ഷേപകർക്ക് അവസരം ലഭിച്ചു. ഇതുകൂടാതെ വിവിധ സർക്കാർ പദ്ധതികളിലും സ്വകാര്യ പദ്ധതികളിലും സ്റ്റാർട്ടപ്പ് പദ്ധതികളിലും താത്പര്യപത്രം സമർപ്പിക്കുകവഴി പദ്ധതി നിർവ്വഹണത്തിന്റെ തുടർഘട്ടങ്ങളിൽ ഭാഗമാകുവാനുള്ള അവസരവും

നിക്ഷേപകർക്ക് ലഭ്യമായി. നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ വിനോദ സഞ്ചാരവകുപ്പ് സ്വീകരിച്ചു വരികയാണ്. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് 2023-നുശേഷമുള്ള ഫോളോ-അപ് പ്രവർത്തനങ്ങളുടെ സുഗമവും വിജയകരവുമായ നടത്തിപ്പിന് 16-01-24-ലെ സ.ഉ (സാധാ)നം. 21/2024/TSM പ്രകാരം ഒരു ടെമ്പററി ഫെസിലിറ്റേഷൻ സെന്റർ രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, മോണിറ്ററിംഗ് കമ്മിറ്റി, പ്രോജക്റ്റ് എക്സിക്യൂഷൻ ടീം എന്നിവയുടെ രൂപീകരണം, ഏകജാലക സംവിധാനം വഴിയുള്ള അനുമതികൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി.-യുമായുള്ള സഹകരണം, വിവിധ പദ്ധതികൾക്കുള്ള അനുമതികൾ ത്വരിതഗതിയിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനമായ കെ-സ്വിഫ്റ്റ് സംവിധാനം പ്രയോജനപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മുതലായവയാണ് നിക്ഷേപ പ്രോത്സാഹനത്തിനായി സ്വീകരിച്ചിട്ടുള്ള വിവിധ നടപടികൾ.

**(സി) ടൂറിസം മേഖലയിൽ സഹകരണ സംഘങ്ങളുമായി സഹകരിച്ച് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?**

ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലും നടപ്പിലാക്കുന്നുണ്ട്. സഹകരണ മേഖലയുടെ പങ്കാളിത്തമുള്ള പദ്ധതികളെ ടൂറിസം വകുപ്പ് പ്രോത്സാഹിക്കും.

**പൈതൃക ആരാധനാലയങ്ങളുടെ വികസനം**

132 (3350) **ശ്രീ. കെ. ജെ. മാക്സി:**
**ശ്രീ. സി. കെ. ഹരീന്ദ്രൻ:**
**ശ്രീ. കെ. കെ. രാമചന്ദ്രൻ:**
**ശ്രീ. ടി. ഐ. മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം വ്യത്യസ്ത ടൂറിസം പദ്ധതികളിലായി കേരളത്തിന്റെ പൈതൃക ആരാധനാലയങ്ങളുടെ വികസനത്തിനും സന്ദർശന സൗകര്യങ്ങൾക്കുമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പദ്ധതികൾ എവിടെയാക്കെയാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

വിനോദസഞ്ചാര വകുപ്പ് ആലപ്പുഴ ഹെറിറ്റേജ് പദ്ധതി, മുസിരിസ് ഹെറിറ്റേജ് പദ്ധതി, തലശ്ശേരി ഹെറിറ്റേജ് പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി എന്നിവയിലുൾപ്പെടുത്തി കേരളത്തിലെ പൈതൃക ആരാധനാലയങ്ങളുടെ വികസനത്തിനും സന്ദർശന സൗകര്യങ്ങൾക്കുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മുസിരിസ് പൈതൃക പദ്ധതിയിലുൾപ്പെടുത്തി വികസനവും നവീകരണവും നടത്തി വരുന്ന ആരാധനാലയങ്ങൾWED

പദ്ധതി പൂർത്തീകരിച്ചവ

- ചേരമാൻ ജുമാമസ്ജിദ്
- മാള ജൂതപ്പള്ളികൾ
- കൊട്ടക്കാവ് ക്രിസ്ത്യൻ പള്ളി
- കീഴ്ത്തളി ശിവ ക്ഷേത്രം
- ഐരാണിക്കുളം മഹാദേവ ക്ഷേത്രം
- ഹോളി ക്രോസ് പള്ളി
- ആറങ്കാവ് ക്ഷേത്രം
- ചേന്ദമംഗലം ഭഗവതി ക്ഷേത്രം

- ശ്രീകൃഷ്ണസ്വാമി ക്ഷേത്രം-പാലിയം
- കുന്നത്തുതാളി മഹാദേവ ക്ഷേത്രം
- പുതിയതൃക്കോവ് ശിവക്ഷേത്രം
- ശ്രീമൂകാംബിക ക്ഷേത്രം-പറവൂർ
- ചെറിയ പള്ളി - ഗോതുരുത്ത്
- വലിയപള്ളി - ഗോതുരുത്ത്
- ഹോളി ക്രോസ് പള്ളി - ചേന്ദമംഗലം
- ശിവക്ഷേത്രം - ടി.കെ.എസ്. പുരം
- ശ്രീകൃഷ്ണ ക്ഷേത്രം - എസ്.എൻ. പുരം
- അയ്യപ്പക്ഷേത്രം - പടക്കുളം
- ശിവക്ഷേത്രം - ശൃംഗപുരം
- ശ്രീകൃഷ്ണ ക്ഷേത്രം - ശ്രീനാരായണപുരം
- മഹാദേവ ക്ഷേത്രം - തൃപ്പേക്കുളം

പദ്ധതി ആരംഭിക്കേണ്ടത്

- കുത്താട്ടുകുളം ശ്രീ മഹാദേവ ക്ഷേത്രം

ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതിയിലുൾപ്പെടുത്തി വികസനവും നവീകരണവും നടത്തിവരുന്ന ആരാധനാലയങ്ങൾ. തലസ്ഥാന നഗരിയിലെ വിവിധ 30 പൈതൃക കെട്ടിടങ്ങളെ ഉൾപ്പെടുത്തി 5 സോണുകളിലായി 35.60 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

<u>പദ്ധതി പൂർത്തീകരിച്ച ആരാധനാലയങ്ങൾ</u>

- സി.എസ്.ഐ മാറ്റീർ മെമ്മോറിയൽ ചർച്ച്
- സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച്
- സെന്റ് ജോസഫ് ചർച്ച്
- പാളയം ജുമാ മസ്ജിദ്
- ശ്രീ ശക്തി വിനായക ടെംബിൾ

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 4 പദ്ധതികൾക്ക് 2017-ൽ ഭരണാനുമതി നൽകി. താഴെ പറയുന്നവയിൽ ആദ്യ മൂന്നു പ്രവൃത്തികൾ പൂർത്തീകരിച്ചു.

- കൺസർവേഷൻ ഓഫ് ഓൾഡ് ഫയർ ടാങ്ക് ആൻഡ് ഡെവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ ഹെറിറ്റേജ് സ്ട്രീറ്റ് അറ്റ് താഴെ അങ്ങാടി
- കൺസർവേഷൻ ഓഫ് തലശ്ശേരി പിയർ & ഡെവലപ്മെന്റ് ഓഫ് ഫുഡ് സ്ട്രീറ്റ് & സ്കൾപ്ച്ചർ പാർക്ക്

- കൺസർവേഷൻ റീ യൂസ് ഓഫ് ഗുണ്ടർട്ട് ബംഗ്ലോ ആസ് ലാഗ്വേജ് മ്യൂസിയം, ജർമൻ സ്റ്റഡി സെന്റർ

തലശ്ശേരി പൈതൃക ടൂറിസം രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി കണ്ണൂർ വയനാട് ജില്ലകളിലായി 11 പദ്ധതികൾക്ക് 2019-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരിച്ചവ

- കൊട്ടിയൂർ ടെമ്പിൾ - ടൂറിസം സ്പീരിയൻസ് സ്ട്രീറ്റ്
- സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് - സ്ട്രീറ്റ് ഡെവലപ്പ്മെന്റ് & ലാൻഡ് സ്കേപ്പ് ഡിസൈൻ
- താഴെ അങ്ങാടി സ്ട്രീറ്റ് ഡെവലപ്മെന്റ്
- ഗുണ്ടർട്ട് ബംഗ്ലോ - ഡെവലപ്മെന്റ് ഓഫ് മ്യൂസിയം കമ്പോണന്റ്സ്
- തൊടീക്കളം ടെമ്പിൾ ഡെവലപ്മെന്റ് ഓഫ് മ്യൂസിയ -ഓഫ് മ്യൂറൽസ് വിത്ത് ടൂറിസം അമിനിറ്റീസ്

- മൃദംഗ ശൈലേശ്വരി ടെമ്പിൾ ഡെവലപ്മെന്റ് ഓഫ്-പഴശ്ശി മ്യൂസിയം & ഗ്യാലറി
- ഡെവലപ്മെന്റ് ഓഫ് മക്രേരി ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂസിക്
- വള്ളിയൂർകാവ് - വിപണന കേന്ദ്രത്തിന്റെയും പ്രദർശന ശാലയുടെയും വികസനം

<u>പദ്ധതി പുരോഗമിക്കുന്നവ</u>

- ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ആർട്ട് & സോഷ്യൽ റിഫോംസ്
- കൺസ്ട്രക്ഷൻ ഓഫ് കോമ്പൗണ്ട് വാൾ ലാൻഡ് സ്കേപ്പിംഗ് ആൻഡ് പ്രിമൈസസ് ലൈറ്റിംഗ് ഫോർ ഗുണ്ടർട്ട് ബംഗ്ലോവ് എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കിഫ്ബി മുഖാന്തരം തലശ്ശേരി പൈതൃക പദ്ധതിയിലുൾപ്പെടുത്തി വികസനവും നവീകരണവും നടത്തി വരുന്ന ആരാധനാലയങ്ങൾ

<u>ഫേസ് I</u>

<u>പദ്ധതി പൂർത്തീകരിച്ചവ</u>

- അണ്ടലൂർക്കാവ്

- കൊട്ടിയൂർ ശിവ ക്ഷേത്രം സ്ട്രീറ്റ്സ്കേപ്പ്

- മക്രേരി ക്ഷേത്രം (ടൂറിസ്റ്റ് അമിനിറ്റീസ് സ്ട്രീറ്റ്സ്കേപ്പ് )

- ജഗന്നാഥ ക്ഷേത്രം

- ലോകനാർക്ഷേത്രം

<u>പദ്ധതി പുരോഗമിക്കുന്നവ</u>

- പിണ്ടലി കളരി ഹൗസ്

- ഇല്ലിക്കുന്ന് ചർച്ച്

- കൊട്ടിയൂർ ശിവ ക്ഷേത്രം

- തിരുവങ്ങാട് രാമസ്വാമി ക്ഷേത്രം

<u>ഫേസ് II</u>

<u>പൂർത്തീകരിച്ചവ</u>

- ശ്രീ ചിറക്കൽ കാവ് ഭഗവതി ക്ഷേത്രം

- വള്ളിയൂർക്കാവ് ക്ഷേത്രം

<u>പദ്ധതി പുരോഗമിക്കുന്നവ</u>

- പുരളിമല ക്ഷേത്രം
- ശ്രീ ഊർപ്പഴച്ചിക്കാവ് ക്ഷേത്രം
- ശ്രീ പെരളശ്ശേരി ക്ഷേത്രം
- കൊട്ടിയൂർ സൂര്യ നാരായണ ക്ഷേത്രം
- ശ്രീ തച്ചോളി മാണിക്കോത്ത് ക്ഷേത്രം

കിഫ്ബി മുഖാന്തരം ആലപ്പുഴ പൈതൃക പദ്ധതിയിലുൾപ്പെടുത്തി വികസനവും നവീകരണവും നടത്തി വരുന്ന ആരാധനാലയങ്ങൾ

<u>പൂർത്തീകരിച്ചവ</u>

- കൺസർവേഷൻ ഓഫ് സൗക്കർ മസ്ജിദ്
- കൺസർവേഷൻ ഓഫ് മക്ക മസ്ജിദ്

<u>പദ്ധതി പുരോഗമിക്കുന്നവ</u>

- ബാലകൃഷ്ണ ക്ഷേത്രം

(ബി) തീർത്ഥാടന ടൂറിസത്തിന്റെ പുരോഗതിക്കായി നാളിതുവരെ ഏതൊക്കെ മെട്രോ സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും ഇനി ഏതൊക്കെ മെട്രോ സൈറ്റുകളാണ് തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ വിവിധ ആരാധനാലയങ്ങളെ പരിചയപ്പെടുത്തുകയും സംസ്ഥാനത്തിന്റെ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ പൈതൃകം അനാവരണം ചെയ്യുന്നതിന് വ്യത്യസ്തങ്ങളായ മൈക്രോസൈറ്റുകൾ ടൂറിസം വകുപ്പ് തയ്യാറാക്കി വരുന്നു.

കേരളത്തിലെ പ്രധാന തീർഥാടന കേന്ദ്രമായ ശബരിമലയെക്കുറിച്ച് ബഹുഭാഷാ മൈക്രോസൈറ്റാണ് തയ്യാറാക്കുന്നത്. യാത്ര, താമസ സൗകര്യങ്ങൾ, ബഹുഭാഷാ ഇ-ബ്രോഷറുകൾ തുടങ്ങി ശബരിമല തീർഥാടകർക്ക് സഹായകമാകുന്ന നവീകരിച്ച മൈക്രോസൈറ്റാണ് വികസിപ്പിക്കുന്നത്.

ഇംഗ്ലീഷിന് പുറമേ ഹിന്ദി, തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിലും ഉള്ളടക്കം വികസിപ്പിച്ചുകൊണ്ടാണ് ശബരിമല മൈക്രോസൈറ്റ് വിപുലീകരിക്കുന്നത്. ശബരിമല തീർഥാടനത്തെക്കുറിച്ചുള്ള ഇ-ബ്രോഷർ, പ്രൊമോഷണൽ ഫിലിം, ഓൺലൈൻ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ എന്നിവയും ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു. പ്രതിവർഷം ലക്ഷക്കണക്കിന് ഭക്തർ എത്തുന്ന ശബരിമല തീർഥാടനം തടസ്സരഹിതവും സുഖപ്രദവുമായ അനുഭവമാക്കി മാറ്റാൻ ഇതുവഴി സാധിക്കും. ശബരിമല ദർശനത്തെക്കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ, ഭൂമിശാസ്ത്രപരമായ വിശദാംശങ്ങൾ, സാംസ്കാരിക സ്ഥിതിവിവരക്കണക്കുകൾ, ക്ഷേത്രവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ എന്നിവ മൈക്രോസൈറ്റിൽ ഉൾക്കൊള്ളുന്നു. സമഗ്രമായ ഉള്ളടക്കത്തിനൊപ്പം തീർഥാടകർക്ക് യാത്രാപദ്ധതി കൃത്യമായി ആസൂത്രണം ചെയ്യാനും മൈക്രോസൈറ്റ് സഹായിക്കും. ശബരിമല മൈക്രോസൈറ്റിനുപുറമേ ശ്രീപദ്മനാഭസ്വാമി ക്ഷേത്രം ഓഗ്മെന്റഡ് റിയാലിറ്റി ഹെറിറ്റേജ് ടൂർ എന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

ഇസ്ലാം മതത്തിലെ സവിശേഷമായ ആചാരങ്ങൾ, കലകൾ, ഉത്സവങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ സമഗ്ര വിവരങ്ങൾ അടങ്ങുന്ന മൈക്രോസൈറ്റും രൂപകൽപ്പന ചെയ്യുന്നുണ്ട്. കേരളത്തിലെ ഇസ്ലാം മതത്തിന്റെ സാമൂഹിക-സാംസ്കാരിക പരിണാമം പ്രദർശിപ്പിക്കുന്ന ഇ-ഡിജിറ്റൽ നിർമ്മാണപദ്ധതിയും നടപ്പിലാക്കി വരുന്നു. നേരത്തെ കേരളത്തിലെ ക്ഷേത്രങ്ങൾ, ക്രിസ്തുമതം, ജൂതമതം എന്നിവയെക്കുറിച്ച് സമാനമായ മൈക്രോസൈറ്റുകൾ കേരള ടൂറിസം വികസിപ്പിച്ചിരുന്നു. ഈ പദ്ധതികളിലൂടെ തീർഥാടന ടൂറിസത്തിന്റെ സമഗ്ര പുരോഗതിയാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

(സി) പത്മനാഭസ്വാമി ക്ഷേത്രത്തിലെത്തുന്ന തീർത്ഥാടകർക്ക് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് വിനോദസഞ്ചാര വകുപ്പ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ തീർത്ഥാടക ടൂറിസം പ്രോത്സാഹിപ്പിക്കാൻ ക്ഷേത്രത്തിന്റെ സുരക്ഷയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ

ഓഗ്മെന്റഡ് റിയാലിറ്റി പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ക്ഷേത്രം സന്ദർശിക്കാനെത്തുന്നവർക്ക് ക്ഷേത്രത്തെയും ചുറ്റുപാടുമുള്ള ചരിത്ര നിർമ്മിതികളെയും ഓഗ്മെന്റഡ് റിയാലിറ്റി (AR)സാങ്കേതികതയിലൂടെ മൊബൈൽ ഫോൺ വഴി ഒരു ആപ്പിലൂടെ തത്സമയം പരിചയപ്പെടുത്തുന്നതാണ് പദ്ധതി. കിഴക്കേകോട്ടയിൽ നിന്നും ക്ഷേത്ര സന്ദർശനത്തിനായി പ്രവേശിക്കുന്നവർക്ക് മൊബൈൽ ആപ്പിലൂടെ മുന്നിലുള്ള ചരിത്ര മന്ദിരത്തിന്റെയോ നിർമ്മിതിയുടെയോ ചരിത്രം സ്ക്രീനിൽ ലഭിക്കും. ഓഡിയോ വീഡിയോ ഇൻപുട്ടുകളിലൂടെയാണ് ആകർഷകവും കൗതുകകരവുമായ ചരിത്ര വിവരങ്ങൾ സഞ്ചാരികൾക്ക് നൽകുക. പത്മനാഭ സ്വാമി ക്ഷേത്രത്തിനെ ചുറ്റിയുള്ള റോഡുകളിലൂടെ ക്യാമറ ഓൺ ചെയ്ത് സഞ്ചരിച്ചാൽ ഇരു വശത്തുമുള്ള തെരഞ്ഞെടുത്ത ചരിത്രസ്മാരകങ്ങളുടെ വിവരങ്ങൾ സഞ്ചാരികൾക്ക് ഇതിലൂടെ ലഭ്യമാകും.

**വൈപ്പിൻകരയെ ഡെസ്റ്റിനേഷൻ കേരള പദ്ധതിലുൾപ്പെടുത്താൻ നടപടി**

133(3351) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ കേരള പദ്ധതി പ്രകാരം വിനോദസഞ്ചാര കേന്ദ്രങ്ങളെയും സ്ഥലങ്ങളെയും ടൂറിസം ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് ലഭ്യമാക്കാമോ?

ഡെസ്റ്റിനേഷൻ കേരള പദ്ധതി പ്രകാരം ടൂറിസം ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിക്കുന്നതിന് 04-02-2011-ലെ സ.ഉ (സാധാ) നം. 874/2011/TSM പ്രകാരം മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ടൂറിസം ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി, ചെറായി ബീച്ച്, കുഴിപ്പള്ളി-ചെറായി-മുനമ്പം ബീച്ചുകൾ എന്നീ ടൂറിസം കേന്ദ്രങ്ങൾ ഡെസ്റ്റിനേഷൻ കേരള സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ബോൾഗാട്ടി പാലസ്, പുതുവൈപ്പ്, എളങ്കുന്നപ്പുഴ, കുഴുപ്പിള്ളി, ചെറായി, മുനമ്പം തുടങ്ങിയ ബീച്ചുകളും കടലിന്റെയും കായലിന്റെയും പുഴയുടെയും സാമീപ്യവും ഞാറക്കൽ-മാലിപ്പുറം ടൂറിസം അക്വാസെന്റർ, പള്ളിപ്പുറം കോട്ട ഉൾപ്പടെ വൈപ്പിൻ കരയിലെ ഏതെല്ലാം പ്രദേശങ്ങളാണ് ടൂറിസം ഡെസ്റ്റിനേഷൻ സംബന്ധിച്ച ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ പ്രദേശത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയുടെ

കീഴിൽ വൈപ്പിൻകര മേഖലയെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) വൈപ്പിൻ കരയിലെ കുഴിപ്പള്ളി-ചെറായി-മുനമ്പം ബീച്ചുകൾ ഡെസ്റ്റിനേഷൻ കേരള സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈപ്പിൻകര ടൂറിസം മേഖലയെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് 04-02-2011-ലെ സ.ഉ (സാധാ) നം.874/2011/TSM പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സീകരിക്കുന്നതാണ്.

**പേരാമ്പ്ര മണ്ഡലത്തിലെ ടൂറിസം പ്രവർത്തനങ്ങൾ**

134(3352) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലുള്ള പ്രൊപ്പോസലുകൾ ഏതൊക്കെയാണ്;

(ബി) പേരാമ്പ്രയിലെ ചേർമലയിൽ നടക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ്; ഇത് എന്നത്തേയ്ക്കു പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(എ&ബി) പേരാമ്പ്രയിലെ ചേർമലയിൽ വിനോദസഞ്ചാര വകുപ്പ് അനുമതി നൽകിയിട്ടുള്ള കേവ് പാർക്ക് അറ്റ് ചേർമല, പേരാമ്പ്ര പദ്ധതിയുടെ 40 ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. M/s KEL ലിമിറ്റഡ് നിർവ്വഹണ ഏജൻസിയായ പ്രസ്തുത പദ്ധതി 2024 ജൂൺ മാസത്തോടുകൂടി പൂർത്തികരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പ്രദേശത്തിന്റെ ഉയരവും അവിടെനിന്നുള്ള നഗരകാഴ്ചയും കണക്കിലെടുത്ത് ഒരു റിവോൾവിംഗ് കഫറ്റീരിയ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പദ്ധതി നിർദ്ദേശം സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മേലരുവിയിൽ പുതിയ ടൂറിസം പദ്ധതി**

135(3353) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ മേലരുവി പ്രദേശത്ത് പുതിയ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് പരിശോധന നടത്താമോ;

(ബി) ഏറെ ടൂറിസം സാധ്യതയുള്ള മേലരുവിയിൽ പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കുമോ?

പദ്ധതി നിർദേശം ലഭ്യമാവുന്ന മുറയ്ക്ക് സ്ഥല ലഭ്യതയുടെയും സാധ്യതാ പഠനത്തിന്റെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ബേക്കൽ ടൂറിസം പദ്ധതിയിൽ പാട്ടത്തിന് നൽകിയ റിസോർട്ടുകൾ**

136 (3354) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര റിസോർട്ടുകളാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

ബേക്കൽ റിസോർട്ട്സ് ഡെവെലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബി.ആർ.ഡി.സി.) അധീനതയിലുള്ള ആറ് റിസോർട്ട് സൈറ്റുകളിൽ മൂന്ന് റിസോർട്ട് സൈറ്റുകളാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. ഇവയിൽ, പാട്ടകരാർ വ്യവസ്ഥയിൽ പാട്ടത്തിന് നൽകപ്പെട്ട താജ് ബേക്കൽ റിസോർട്ട് & സ്പാ, ലളിത് റിസോർട്ട് & സ്പാ എന്നീ 2 റിസോർട്ടുകൾ പ്രവർത്തനം ആരംഭിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഒരു റിസോർട്ട് നിർമ്മാണം നല്ല രീതിയിൽ പുരോഗമിക്കുന്നു. മറ്റു 3 റിസോർട്ട് സൈറ്റുകളുടെ നിലവിലുള്ള സ്ഥിതി വിവരം ചുവടെ പ്രതിപാദിക്കുന്നു.

<u>റിസോർട്ട് സൈറ്റ് നമ്പർ 1:</u>

പുതിയ പാട്ടക്കരാറുകാരെ കണ്ടെത്തുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു.

റിസോർട്ട് സൈറ്റ് നമ്പർ 2- ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ്, തിരുവനന്തപുരം.

റിസോർട്ട് നിർമ്മാണം ആരംഭിച്ചിരുന്നുവെങ്കിലും നിർമ്മാണം 9 വർഷമായി മുടങ്ങി കിടക്കുകയാണ്.

റിസോർട്ട് സൈറ്റ് നമ്പർ 7- ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ്, എറണാകുളം:-

റിസോർട്ട് നിർമ്മാണം ആരംഭിച്ചുവെങ്കിലും പിന്നീട് മുടങ്ങിയിരുന്നു. നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ, റവന്യൂ റിക്കവറി നടപടികളിലൂടെ തിരിച്ചെടുത്ത് പുതിയ പാട്ടക്കരാറുകാരെ കണ്ടെത്തുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ നടന്നു വരുന്നു.

(ബി) പാട്ടത്തുക ഇനത്തിൽ ബി.ആർ.ഡി.സി.-ക്ക് വർഷംതോറും എത്ര രൂപ വരുമാനം ലഭിക്കുമെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) റിസോർട്ട് പാട്ടത്തിനെടുത്തവർ പാട്ടകുടിശിക വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കുടിശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

(ബി-ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പാട്ടത്തുകയായി 176 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള ആകെ 6 റിസോർട്ട് സൈറ്റുകളിൽ, പാട്ടക്കരാർ വ്യവസ്ഥയിൽ 3 റിസോർട്ടുകളാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. ഇതിൽ ഉൾപ്പെട്ട താജ് ബേക്കൽ റിസോർട്ട് & സ്പാ, ഗ്ലോബ് ലിങ്ക് ഹോട്ടൽസ് എന്നിവർ പാട്ടത്തുക അടക്കുന്നുണ്ട്. ലളിത് റിസോർട്ട് & സ്പാ, ഉദുമ പാട്ടതുക കുടിശ്ശികയായി 205 ലക്ഷം രൂപ നൽകുവാനുണ്ട്. റിസോർട്ട് സൈറ്റ് നമ്പർ 2-തിരുവനന്തപുരം ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ് റിസോർട്ട് നിർമ്മിതാക്കളിൽ നിന്നും കിട്ടേണ്ടതായ പാട്ടതുകയും പലിശയുൾപ്പെടെയുള്ള കുടിശ്ശികയായ 1865 ലക്ഷം രൂപയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു. ബാങ്ക് ബാധ്യതകളുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ നടന്നു വരുന്നു. റിസോർട്ട് സൈറ്റ് നമ്പർ 7-എറണാകുളം ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ് റിസോർട്ട് നിർമ്മാതാവിൽ നിന്നും കിട്ടേണ്ടതായ

പാട്ടത്തുകയും പലിശയുമുൾപ്പെടെയുള്ള 802 ലക്ഷം രൂപയുടെ കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ട തുടർ നടപടികളും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു

**ബാലുശ്ശേരി മണ്ഡലത്തിലെ നമ്പിക്കുളം ഇക്കോ ടൂറിസം പദ്ധതി**

137(3355) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ നമ്പിക്കുളം ഇക്കോ ടൂറിസം പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നമ്പിക്കുളം ഇക്കോടൂറിസം പദ്ധതി പ്രദേശത്തേക്ക് നിർമ്മാണ സാമഗ്രികൾ എത്തിക്കാനുള്ള വഴി സൗകര്യം പരിമിതമായിരുന്നു. തുടക്കത്തിൽ ഓഫ് റോഡ് വാഹനങ്ങൾക്കു മാത്രമാണ് ഇവിടെ എത്താൻ സാധിച്ചിരുന്നത്. നിലവിൽ റോഡ് വികസനം പുരോഗമിച്ചതിനാൽ വാച്ച്

ടവർ നിർമാണം, പാർക്കിംഗ് ഏരിയ, നടപ്പാത എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് വിനോദസഞ്ചാരികൾക്ക് തുറന്ന് കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ശുചിമുറി ബ്ലോക്ക്, വൈദ്യുതി കണക്ഷൻ, പദ്ധതി പ്രദേശത്തു വെള്ളം എത്തിക്കാനുള്ള പ്ലംബിംഗ് ജോലികൾ, ചെയിൻ ലിങ്ക് ഫെൻസിംഗ് എന്നിവ പൂർത്തിയാക്കിയാൽ മാത്രമേ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനം സാധ്യമാവൂ. ഇതിനായി തയാറാക്കിയ 72.32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതി പൂർത്തിയാക്കാനാവും.

**കോന്നാട്ട് ബീച്ച് ടൂറിസം പദ്ധതി**

138(3356) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കോന്നാട്ട് ബീച്ച് ടൂറിസം പദ്ധതിക്കായി മുൻപ് അഞ്ച് കോടി രൂപ അനുവദിച്ച പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(ബി&സി) 21-08-2019-ലെ സ.ഉ.(സാധാ)നം. 268/2019/ടൂറിസം പ്രകാരം കോഴിക്കോട് ബീച്ച് സ്പോർട്സ് സോൺ പദ്ധതി നടപ്പിലാക്കുന്നതിനായി 4,99,85,278/- രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. സൈക്കിൾ ട്രാക്ക്, ജോഗിങ് ട്രാക്ക്, കുട്ടികളുടെ കളിസ്ഥലവും കളി ഉപകരണങ്ങളും, ടോയിലറ്റ് ബ്ലോക്ക്, ഇലക്ട്രിഫിക്കേഷൻ, ഓപ്പൺ ജിം എക്വിപ്മെന്റ്സ് എന്നിവയായിരുന്നു പ്രധാന ഘടകങ്ങൾ. പദ്ധതി നിർവ്വഹണ ചുമതല കോഴിക്കോട് ഡി.ടി.പി.സി.-ക്കായിരുന്നു. ഡി.ടി.പി.സി. നിർമ്മാണ ചുമതല ഹാർബർ എൻജിനീയറിങ് വകുപ്പിനെ ഏൽപ്പിക്കുകയുണ്ടായി. ഹാർബർ എൻജിനീയറിംഗ് വകുപ്പ് പദ്ധതി ടെണ്ടർ ചെയ്ത് കരാറുകാരനെ കണ്ടെത്തുകയും പദ്ധതി ആരംഭിക്കാനുള്ള നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിക്കുയും ചെയ്തു. എന്നാൽ പ്രാദേശികമായ എതിർപ്പുമൂലം പദ്ധതി നാളിതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

**കൊല്ലം ജില്ലയിലെ ടൂറിസം പദ്ധതികൾ**

139(3357) **ശ്രീ. എം. മുകേഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ടുള്ള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭരണാനുമതി ലഭിച്ച ആദ്യഘട്ടത്തിന്റെ നിർവ്വഹണത്തിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 07-08-2023-ലെ സ. ഉ. (സാധാ.) 398/2023/ടൂറിസം നമ്പർ സർക്കാർ ഉത്തരവുപ്രകാരം 10,19,05,104/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ നിർവഹണ ഏജൻസിയായി M/s. കേരള

ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിങ് (KEL) ലിമിറ്റഡിനെ തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ തിരുമുല്ലാവാരം തീർത്ഥാടന വിനോദസഞ്ചാര കേന്ദ്രം, തങ്കശ്ശേരി പൈതൃക ടൂറിസം പദ്ധതി എന്നീ പദ്ധതികൾക്ക് നാളിതുവരെയായി ഭരണാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മരാമത്ത് പണികളുടെ വിശദ വിവരണം അടങ്ങിയ അനുബന്ധം രണ്ടിന്റെ രണ്ടാം വാല്യത്തിൽ (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ) ഉൾപ്പെട്ട പദ്ധതികളായിരുന്നു തിരുമുല്ലാവാരം തീർഥാടന വിനോദ സഞ്ചാര കേന്ദ്രവും തങ്കശേരി പൈതൃക ടൂറിസം പദ്ധതിയും. മൊത്തം അടങ്കലിന്റെ 20 ശതമാനം തുക വകയിരുത്തിയിരിക്കുന്ന പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയാറാകുന്ന

മുറയ്ക്കാണ് ഭരണാനുമതിക്ക് പരിഗണിക്കാറുള്ളത്. സ്ഥല ലഭ്യതയുടെയും സാധ്യതാ പഠനത്തിന്റെയും അടിസ്ഥാനത്തിലാണ് ഇത്തരം പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് തയാറാക്കുന്നതും ഭരണാനുമതിക്കുമുള്ള നടപടികൾ സ്വീകരിക്കുന്നതും. ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്കു തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ ടൂറിസം വകുപ്പിന്റെ പ്ലാൻ-നോൺ പ്ലാൻ ഫണ്ട് വിനിയോഗിച്ചും കിഫ്ബി ഫണ്ട് വിനിയോഗിച്ചും നടപ്പിലാക്കുന്നതിന് അനുമതി നൽകിയതും നിർവ്വഹണം പുരോഗമിച്ച് വരുന്നതുമായ വിവിധ പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം ജില്ലയിൽ നോൺ പ്ലാൻ/കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. കൊല്ലം ജില്ലയിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഭരണാനുമതി നൽകിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും ഇപ്രകാരമാണ് :

| ക്രമ നം. | പദ്ധതി | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | കൊല്ലം സർക്കാർ അതിഥി മന്ദിരത്തിൽ പൂന്തോട്ട നിർമാണവും തുടർന്നുള്ള പരിപാലനവും | 1,41,54,204 രൂപ | പൂർത്തിയായി |
| 2. | കൊല്ലം ഗവ. ഗസ്റ്റ് ഹൗസിന്റെ ചുറ്റുമതിൽ നിർമാണം | 12,60,000 രൂപ | പൂർത്തിയായി |
| 3. | കൊല്ലം ഗവ. ഗസ്റ്റ് ഹൗസിലെ നിലവിലുള്ള സ്റ്റീൽ ടവറിന്റെയും ഓവർഹെഡ് ടാങ്കിന്റെയും അറ്റകുറ്റപ്പണി | 14,70,000 രൂപ | ആരംഭിച്ചിട്ടില്ല |
| 4. | ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി: പടിഞ്ഞാറെ കല്ലട ഗ്രാമീണ ടൂറിസം- 'നിഴലിടം' (90,00,000 രൂപ). | വിനോദ സഞ്ചാര വകുപ്പിന്റെ വിഹിതം 50,00,000 രൂപ | പുരോഗമിക്കുന്നു |
| 5. | കൊല്ലം ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഒന്നാം ഘട്ടം | 10,19,05,104 രൂപ | ആരംഭിച്ചിട്ടില്ല |
| 6. | കൊല്ലം എസ്. എൻ. കോളജ് റയിൽവേ മേൽപ്പാലത്തിനു താഴെയുള്ള ഭാഗത്തെ സൗന്ദര്യവൽക്കരണ പദ്ധതി | 2,00,00,000 രൂപ | കരാർ ഒപ്പുവച്ചു; നിർമാണം ആരംഭിച്ചിട്ടില്ല. |
| 7. | തെന്മലയിൽ സംഗീത ജലധാര നവീകരിക്കാനും തെന്മല ഇക്കോ ടൂറിസം പുനരുജ്ജീവിപ്പിക്കാനുമുള്ള പദ്ധതി | 1,82,00,000 രൂപ | പുരോഗമിക്കുന്നു |
| 8. | തെന്മല ഇക്കോടൂറിസത്തിലെ തൂക്കുപാലത്തിന്റെയും എലിവേറ്റഡ് വാക്ക് വേയുടെയും നവീകരണവും അറ്റകുറ്റപ്പണിയും അനുബന്ധ സിവിൽ ജോലികളും എന്ന പദ്ധതി | 72,95,383 രൂപ | ആരംഭിച്ചിട്ടില്ല |

**പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ വിനോദസഞ്ചാര സ്പോട്ടുകളാക്കുന്ന പദ്ധതി**

140(3358) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ നവീകരിച്ചും ലൈറ്റിംഗ് നടത്തിയും വിനോദസഞ്ചാര സ്പോട്ടുകളാക്കുന്ന പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ നവീകരിച്ചും ലൈറ്റിംഗ് നടത്തിയും വിനോദസഞ്ചാര സ്പോട്ടുകളാക്കുന്ന പദ്ധതിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെ അധീനതയിലുള്ള കോഴിക്കോട് ജില്ലയിലെ ഫറോക്ക് പഴയ പാലം ദീപാലംകൃതമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന് സമീപമുള്ള ഫ്ലൈ ഓവർ ദീപാലംകൃതമാക്കുന്നതിന് സ്മാർട്ട് സിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പാലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പാലങ്ങളുടെ ലിസ്റ്റ് അന്തിമമായിട്ടില്ല.

(സി) മുക്കംകടവ് പാലത്തിനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുക്കം കടവ് പാലം ദീപാലംകൃതമാക്കുന്നതിന് മുന്നോടിയായി പരിശോധന നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

### ഫാം ടൂറിസം പദ്ധതി

141(3359) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ പെരിങ്ങമല പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കൃഷി വകുപ്പിന്റെ ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവയെ

ഫാം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിലെ പെരിങ്ങമല പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കൃഷി വകുപ്പിന്റെ ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവയെ ഫാം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കൃഷി വകുപ്പിന് താൽപര്യമുണ്ടെങ്കിൽ ഫാം ടൂറിസവുമായി ബന്ധപ്പെട്ട നിബന്ധനകളനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**നെല്ലിയാമ്പതി ടൂറിസം പദ്ധതി**

142(3360) **ശ്രീ. കെ. ബാബു (നെന്മാറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തിയുടെ ഉദ്ഘാടനം ഉൾപ്പെടെ കഴിഞ്ഞിട്ടും പദ്ധതി നാളിതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ലായെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി തുടങ്ങുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് വിശദമാക്കുമോ;

(സി) നിലവിലുള്ള തടസ്സങ്ങൾ നീക്കി പ്രസ്തുത ടൂറിസം പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ-സി) 17-08-2020-ലെ സ.ഉ.(സാധാ)നം.271/2020/ടൂറിസം പ്രകാരം പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ വിനോദ സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള പദ്ധതിക്ക് 5,13,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിയുടെ നോഡൽ ഏജൻസി KTIL-ഉം നിർവഹണ ഏജൻസി HITES ഉം ആണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാറുകാരന് സാധനസാമഗ്രികൾ കൊണ്ടുപോകാൻ വനം വകുപ്പിൽ നിന്നും അനുമതിയ്ക്കായുള്ള അപേക്ഷ സമർപ്പിച്ചുവെങ്കിലും വനഭൂമിയിൽ നിർമ്മാണപ്രവത്തികൾ നടത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കില്ലായെന്ന് വനം വകുപ്പ് അറിയിക്കുകയുണ്ടായി. വനം വകുപ്പിന്റെ നിലപാടിൽ മാറ്റം വന്ന്, അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നെല്ലിയാമ്പതിയിൽ വിനോദസഞ്ചാര വകുപ്പ്

നടപ്പിലാക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതാണ്.

### തലസ്ഥാന നഗരിയിലെ ടൂറിസം വികസനപദ്ധതികൾ

143(3361) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം തലസ്ഥാന നഗരിയിൽ ടൂറിസം വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

ഈ സർക്കാർ നിലവിൽ വന്നശേഷം തലസ്ഥാന നഗരിയിൽ ടൂറിസം വികസനത്തിനായി 30 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മുൻസർക്കാരിന്റെ കാലത്ത് തലസ്ഥാന നഗരിയിൽ ടൂറിസം വികസനത്തിനായി നടപ്പിലാക്കിയ ഏതെല്ലാം പദ്ധതികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻസർക്കാരിന്റെ കാലത്ത് തലസ്ഥാന നഗരിയിൽ ടൂറിസം വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളിൽ 22 എണ്ണമാണ് പൂർത്തീകരിക്കാനുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളിൽ ഉദ്ഘാടനത്തിന് തയ്യാറായ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളിൽ 9 എണ്ണം ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 7 പദ്ധതികൾ ഉദ്ഘാടനത്തിന് സജ്ജമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കാസർഗോഡ് വീരമലക്കുന്ന് ടൂറിസം പദ്ധതി

144 (3362) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി എത്ര കോടി രൂപ ഏതൊക്കെ പദ്ധതികൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

\+ നിമയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിമയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടൂറിസം പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കാസർഗോഡ് ജില്ലയിലെ വീരമലക്കുന്ന് ടൂറിസം പദ്ധതി എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വീരമലക്കുന്ന് ടൂറിസം പദ്ധതിക്കായി 9.11 ഏക്കർ ഭൂമി ലഭ്യമാകേണ്ടതുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**അരുവിക്കര ഡാം ടൂറിസം പദ്ധതി**

145(3363) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാം ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം അറിയിക്കാമോ?

അരുവിക്കരയിൽ ഒരു പുതിയ വിനോദസഞ്ചാര പദ്ധതി ആവിഷ്കരിക്കുവാൻ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ബഹു. എം.എൽ.എ.-

\+ നിമയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ M/s. HITES എന്ന ഏജൻസിയെ പദ്ധതി സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരുന്നു. വിനോദസഞ്ചാര വകുപ്പിന്റെയും M/s. HITES ന്റെയും പ്രതിനിധികൾ സംയുക്തമായി 10-11-2023-ന് പദ്ധതി പ്രദേശത്ത് സന്ദർശനം നടത്തുകയും 11-01-2024-ന് വീണ്ടും കൂടിയ യോഗത്തിൽ പദ്ധതി വിശദമായി ചർച്ച ചെയ്യുകയുമുണ്ടായി. ബഹു. എം.എൽ.എ.-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥരും DTPC സെക്രട്ടറി, എക്സിക്യൂട്ടിംഗ് ഏജൻസിയുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. തുടർന്ന് പദ്ധതി രൂപ രേഖ തയ്യാറാക്കാൻ M/s. HITES എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും അടിയന്തരമായി സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കാലതാമസം കൂടാതെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. എക്സിക്യൂട്ടിംഗ് ഏജൻസിയുടെ യോഗം ചേർന്ന് DPR തയ്യാറാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

**146(3364)** **ശ്രീ. എം. എസ്. അരുൺ കുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

2016-17 മുതൽ ഇതുവരെ മാവേലിക്കര മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പ് അനുവദിച്ചതും നടപ്പാക്കിയതുമായ പദ്ധതികൾ ഇവയാണ്:

1. ഡെവലപ്മെന്റ് ഓഫ് ടൂറിസം ഡെസ്റ്റിനേഷൻ അറ്റ് വെട്ടിക്കോട്, ആലപ്പുഴ.

2. ഡെസ്റ്റിനേഷൻ ചലഞ്ച് - ഇരപ്പൻപാറ റയിൻബോ വാട്ടർ ഫാൾസ് ആൻഡ് ഇക്കോടൂറിസം പ്രോജക്റ്റ്.

(ബി) ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

1. ഡെവലപ്മെന്റ് ഓഫ് ടൂറിസം ഡെസ്റ്റിനേഷൻ അറ്റ് വെട്ടിക്കോട് പദ്ധതിക്ക് 98,66,761 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ ഭാഗമായ കുളത്തിന് ചുറ്റുമുള്ള കരിങ്കൽ കെട്ട് ഗ്രാമപഞ്ചായത്ത് പൂർത്തിയാക്കിയാൽ മാത്രമേ വിനോദ സഞ്ചാര വകുപ്പിന്റെ നിർമാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂയെന്നതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാനായിട്ടില്ല.

2. താമരക്കുളം ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ഡെസ്റ്റിനേഷൻ ചാലഞ്ച് പദ്ധതി പ്രകാരം നടപ്പാക്കുന്ന ഇരപ്പൻപാറ റയിൻബോ വാട്ടർ ഫാൾസ് ആൻഡ് ഇക്കോടൂറിസം പ്രോജക്റ്റിന് 29,31,815 രൂപയുടെ ഭരണാനുമതി ലഭിച്ചു. പദ്ധതിക്കായി 09-08-2023-ൽ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കരാർ ഒപ്പുവച്ചു.

പദ്ധതിയിൽ വിനോദ സഞ്ചാര വകുപ്പിന്റെ പരമാവധി വിഹിതം 17,59,089 രൂപയാണ്. പദ്ധതിക്ക് സാങ്കേതികാനുമതി നേടാനുള്ള നടപടികൾ നിലവിൽ പുരോഗതിയിലാണ്.

**മൂലത്തറ ഡാം വാട്ടർ വ്യൂ പാർക്ക്**

147(3365) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂലത്തറ ഡാം വാട്ടർ വ്യൂ പാർക്ക് എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്കു പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

(എ&ബി) 15-09-2023-ലെ സ.ഉ.(സാധാ)നം.473/2023/ടൂറിസം പ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ മണ്ഡലത്തിലെ പെരുമാട്ടി പഞ്ചായത്തിലെ "വാട്ടർ വ്യൂ പാർക്ക് അറ്റ് മൂലത്തറ ഡാം" എന്ന പദ്ധതിക്ക് 4,99,00,000/-(നാല് കോടി തൊണ്ണൂറ്റി ഒൺപത് ലക്ഷം രൂപ) രൂപയുടെ

ഭരണാനുമതി നൽകിയിരുന്നു. വിനോദസഞ്ചാര ഡയറക്ടർ ടെണ്ടർ നടപടികളിലൂടെ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി M/s. KEL-നെ തിരഞ്ഞെടുക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതി 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### തവനൂർ മണ്ഡലത്തിലെ സൺസെറ്റ് ബീച്ച് പാർക്ക്

148(3366) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽ പുറത്തൂർ പഞ്ചായത്തിലെ പടിഞ്ഞാറെക്കരയിൽ സൺസെറ്റ് ബീച്ച് പാർക്കിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) 21-08-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നം.265/2019/ടൂറിസം പ്രകാരം തവനൂർ മണ്ഡലത്തിൽ പുറത്തൂർ പഞ്ചായത്തിലെ പടിഞ്ഞാറേക്കര സൺസെറ്റ് ബീച്ച് പാർക്ക് പദ്ധതിക്ക് രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ 50 ശതമാനം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നതനുസരിച്ച് മാത്രമേ പൂർത്തീകരണ കാലയളവ് തീരുമാനിക്കാൻ കഴിയൂ.

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കരിമ്പുകയം ടൂറിസം പദ്ധതി**

149(3367) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ കരിമ്പുകയം പ്രദേശത്തെ ചെക്ക് ഡാം പ്രയോജനപ്പെടുത്തി കുട്ടവഞ്ചി, ചെറുവള്ളങ്ങൾ എന്നിവ ഉപയോഗിച്ചുള്ള ടൂറിസം പദ്ധതിയുടെ സാധ്യത പഠിച്ച് പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

പദ്ധതി നിർദ്ദേശം ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**കോതമംഗലം മണ്ഡലത്തിലെ അയ്യപ്പൻ മുടി ടൂറിസം പദ്ധതി**

150(3368) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ അയ്യപ്പൻ മുടിയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഈ പ്രദേശത്തിന്റെ ടൂറിസം സാധ്യത കണക്കിലെടുത്ത് പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോതമംഗലം മണ്ഡലത്തിലെ അയ്യപ്പൻ മുടിയിലെ വിനോദ സഞ്ചാര പദ്ധതിക്കായി സ്ഥലപരിശോധന നടത്തിയിരുന്നു. സ്ഥലലഭ്യതയുടെയും സാധ്യതാ പഠനത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതി നിർദേശം സർക്കാരിൽ ലഭ്യമാവുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കുറ്റ്യാടി മണ്ഡലത്തിലെ വിനോദസഞ്ചാര വികസനം

151(3369) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലകളുടെ വികസനത്തിനായി നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലകളുടെ വികസനത്തിനായി നടന്നുവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി - ചൊവ്വ പുഴ ഇക്കോ ടൂറിസം- മണിയൂർ ഗ്രാമപഞ്ചായത്ത്

2. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി- ലോകനാർകാവ് പിൽഗ്രിം ടൂറിസം വികസനം.

**പള്ളിക്കത്തോട് അരുവിക്കുഴി ടൂറിസം പദ്ധതി**

152(3370) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കത്തോട് അരുവിക്കുഴി ടൂറിസം പദ്ധതിയുടെ മൂന്നാം ഘട്ടത്തിന് തുക അനുവദിക്കുന്ന നടപടികൾ നിലവിലേത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പള്ളിക്കത്തോട് അരുവിക്കുഴി വെള്ളച്ചാട്ടം ടൂറിസം മേഖലയിൽ കുട്ടികൾക്കായുള്ള പാർക്ക് സ്ഥാപിക്കുന്ന മൂന്നാം ഘട്ടത്തിന് പ്രത്യേക പരിഗണന നൽകാമോ?

(എ&ബി) അരുവിക്കുഴി ടൂറിസം പദ്ധതിക്കായി KEL വിശദമായ പദ്ധതി രേഖ (DPR) സമർപ്പിച്ചിരുന്നെങ്കിലും ചില സാങ്കേതിക പിഴവുകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച DPR ലഭ്യമാക്കുവാൻ KEL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഉടുമ്പൻചോല മണ്ഡലത്തിലെ ടൂറിസം പ്രവൃർത്തികൾ**

153 (3371) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

(എ&ബി) ഉടുമ്പൻചോല മണ്ഡലത്തിൽ നിലവിൽ 'ജാലകം ഇക്കോ പാർക്ക് ഫേസ് I & II' എന്ന പ്രവൃത്തി നിലവിൽ നടന്നു വരുന്നു. രാജാക്കാട് ഗ്രാമപഞ്ചായത്തിലെ കനകക്കുന്ന് വ്യൂ പോയിന്റ് വികസനം, നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ 'സഹ്യദർശൻ പാർക്ക് അറ്റ് പാപ്പിനിമേട്'' പദ്ധതികൾക്ക് 'ഡെസ്റ്റിനേഷൻ ചാലഞ്ച്'' പദ്ധതി പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇവ പ്രാരംഭഘട്ടത്തിലാണ്. കനകക്കുന്ന് വ്യൂ പോയിന്റ് വികസന പദ്ധതിയുടെ കരാർ നടപടികൾ പുരോഗമിക്കുന്നു. 'സഹ്യദർശൻ പാർക്ക് അറ്റ് പാപ്പിനിമേട്'' പദ്ധതി ടെൻഡർ ഘട്ടത്തിലാണ്.

**മലബാർ ലിറ്ററി സർക്യൂട്ട്**

154 (3372) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ആദ്യ സാഹിത്യ ടൂറിസം സർക്യൂട്ട് എന്ന് വിശേഷിപ്പിക്കപ്പെടുന്ന മലബാർ ലിറ്ററി സർക്യൂട്ട്-ന്റെ രൂപീകരണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളും സ്ഥാപനങ്ങളുമാണ് പ്രസ്തുത സർക്യൂട്ടിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വായനക്കാരുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ സാഹിത്യ കൃതികളിലെ മണ്ണും-കാലവും-ഭൂമികയും കോർത്തിണക്കി മലബാർ ലിറ്ററി സർക്യൂട്ടിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതികൾ തയ്യാറാക്കാമോ?

(എ-സി) മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി.

വാസുദേവൻ നായർ തുടങ്ങിയവരുമായി ബന്ധപ്പെട്ട വിവിധ പ്രദേശങ്ങളെ കോർത്തിണക്കിക്കൊണ്ട് മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി നടപ്പിലാക്കപ്പെടുന്ന പദ്ധതിയാണ് മലബാർ ലിറ്റററി സർക്യൂട്ട്. ടി പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ 58.37 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. ഫേസ് 1 പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ഗേറ്റ് വേ അറ്റ് ബേപ്പൂർ മറീന, സൈനേജ് അറ്റ് റിസർവ് ഫോറസ്റ്റ് ചാലിയം, സൈനേജ് അറ്റ് ബഷീർ സ്മാരകം ബേപ്പൂർ, ഡയറക്ഷൻ സൈനേജ് അറ്റ് ബേപ്പൂർ എന്നിവയാണ് നടപ്പിലാക്കുന്നത്.

കോഴിക്കോട് ജില്ലയിൽ ആദ്യ ഘട്ടത്തിൽ ബേപ്പൂർ മറീനയിൽ മലബാർ ലിറ്റററി സർക്യൂട്ടിന്റെ എൻട്രി ഗേറ്റ് നിർമ്മാണം, ചാലിയം റിസർവ് ഫോറസ്റ്റ് ഏരിയയിൽ സൈനേജ്, ബഷീർ മെമ്മോറിയൽ പ്രദേശത്ത് സൈനേജ്, ഡയറക്ഷൻ സൈനേജ് അറ്റ് ബേപ്പൂർ എന്നിവയാണ് നടപ്പിലാക്കുന്നത്.

പ്രസ്തുത പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ

പുരോഗമിച്ചുവരുന്നു.

## യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത ഏജൻസികളെ കരിമ്പട്ടികയിൽപ്പെടുത്തൽ

155 (3373) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പിലെ പ്രവൃത്തികൾ ഏറ്റെടുത്ത് യഥാസമയം പൂർത്തിയാക്കാത്ത ഏജൻസികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഒഴിവാക്കുന്നതിന് ടൂറിസം വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിനോദസഞ്ചാര വകുപ്പിലെ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കാത്തതു സംബന്ധിച്ച് ഡയറക്ടർ നൽകിയ റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) എങ്കിൽ ഏതൊക്കെ ഏജൻസികളെ ഒഴിവാക്കണമെന്നാവശ്യപ്പെട്ടാണ് കത്ത് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി

സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) (എ) പിരിവിന്റെ അതേ ഉത്തരം

**വടക്കഞ്ചേരിയിലെ ശിവരാമ പാർക്ക് നവീകരണം**

156(3374) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബജറ്റിൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരിയിലെ ശിവരാമ പാർക്ക് നവീകരണ പ്രവൃത്തി നിലവിലേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) വടക്കഞ്ചേരിയിൽ സ്ഥിതി ചെയ്യുന്ന ശിവരാമ പാർക്കിന്റെ നവീകരണവുമായി ബന്ധപ്പെട്ട വിശദമായ രൂപരേഖ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**എരുമേലി പിൽഗ്രിം അമിനിറ്റി സെന്റർ**

157(3376) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന

ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ എരുമേലി പിൽഗ്രിം അമിനിറ്റി സെന്ററിന്റെ രണ്ടാംഘട്ട നവീകരണ പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഒരു കോടി അമ്പത് ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ എരുമേലി പിൽഗ്രിം അമിനിറ്റി സെന്ററിന്റെ രണ്ടാംഘട്ട നവീകരണ പ്രവൃത്തികൾക്കായി തയാറാക്കിയ 1.50 കോടി രൂപയുടെ വിശദ പദ്ധതി രേഖയ്ക്ക് (DPR) സാങ്കേതിക കാരണങ്ങളാൽ ഭരണാനുമതി നൽകിയിട്ടില്ല. പോരായ്മകൾ പരിഹരിച്ച് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**വിനോദസഞ്ചാര മേഖലകളിലെ അപകട മരണങ്ങൾ**

158(3377) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u>

ശ്രീ. പി. കെ. ബഷീർ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലകളിൽ യുവാക്കളുടെയും വിദ്യാർത്ഥികളുടെയും അപകടമരണങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിനോദസഞ്ചാര മേഖലകളിലെ അപകടങ്ങൾ ഒഴിവാക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കുന്നു.

ടൂറിസം വകുപ്പ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം തേടുന്നുണ്ട്. മാത്രവുമല്ല പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വ്യന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം

പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റ് ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.

ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ആയതിനിടയാക്കുന്ന കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

(എ) പിരിവിന്റെ അതേ ഉത്തരം

(സി) ഇത്തരം അപകടങ്ങൾക്കുള്ള പ്രധാന കാരണങ്ങളിലൊന്ന് മദ്യം, മയക്കുമരുന്ന് എന്നിവയുടെ അനിയന്ത്രിത ഉപയോഗമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

മദ്യം, മയക്കുമരുന്ന് എന്നിവയുടെ അനിയന്ത്രിതമായ ഉപയോഗം മൂലമാണ് അപകടങ്ങൾ ഉണ്ടാകുന്നതെന്ന് സ്ഥിതിവിവരക്കണക്കുകളിൽ നിന്നും ലഭ്യമല്ല.

(ഡി) ഇത്തരം അപകട മരണങ്ങൾ ഒഴിവാക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് അവബോധമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

നിലവിൽ ടൂറിസം വകുപ്പ് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദ സഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ മുന്നറിയിപ്പുകൾ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ഥാപിക്കാറുണ്ട്. കൂടുതൽ കേന്ദ്രങ്ങളിൽ ഇവ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നു. ഒപ്പം ലൈഫ് ഗാർഡുകൾ, ടൂറിസം പോലീസ്,

ടൂറിസം കേന്ദ്രങ്ങളിലെ ജീവനക്കാർ എന്നിവരും ജാഗ്രതാ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

**വിനോദസഞ്ചാര മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനം**

159 (3378) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ വർദ്ധനവിന് അനുസൃതമായി വിനോദസഞ്ചാര മേഖലകളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളം സന്ദർശിക്കുന്ന വിദേശ - സ്വദേശി വിനോദസഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി ടൂറിസം വകുപ്പ് വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി

ചേർന്നുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഗ്രാമീണ മേഖലയിലെ സാധാരണ ജനങ്ങൾക്കും വിനോദ സഞ്ചാര വ്യവസായത്തിന്റെ ഗുണഫലങ്ങൾ അനുഭവവേദ്യമാക്കുവാൻ ഉത്തരവാദിത്ത ടൂറിസം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിലൂടെ സുസ്ഥിരവും പ്രകൃതി സൗഹാർദ്ദവുമായ ടൂറിസം വികസനമാണ് ലക്ഷ്യമിടുന്നത്. സന്ദർശകർക്ക് വളരെ വേഗം ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരുവാൻ വേണ്ടി ഹെലി ടൂറിസം എന്ന നൂതന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഇതിനുപറമേ രാത്രികാല ടൂറിസം, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന നടത്തുന്ന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, കൂടാതെ കോവളത്തെയും ഇടുക്കി ജില്ലയിലെ ഡെസ്റ്റിനേഷനുകളിലെയും മാലിന്യ സംസ്ക്കരണത്തിനായുള്ള പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഡെസ്റ്റിനേഷനുകളിൽ നിലവാരമുള്ള ടോയ്ലെറ്റുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കോവളം, മൂന്നാർ, വർക്കല ടൂറിസം ഡെസ്റ്റിനേഷനുകളെ ആധുനിക രീതിയിൽ

നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) റോഡുകളുടെ ശോചനീയാവസ്ഥയും റോഡരുകിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങളും വിനോദസഞ്ചാര മേഖലയെ പ്രതികൂലമായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കുടുംബശ്രീയുടെ സഹകരണത്തോടെ സംസ്ഥാനത്തെ ഡി.റ്റി.പി.സി.-കൾ മുഖേന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു. റോഡരികിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(സി) എങ്കിൽ ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(ബി) പിരിവിന്റെ അതേ ഉത്തരം

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേനയുള്ള ടൂറിസം പ്രവൃത്തികൾ**

160(3379) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ

കോൺട്രാക്ട് സൊസൈറ്റിക്ക് എത്ര കോടി രൂപയുടെ ടൂറിസം പ്രവൃത്തികൾ നൽകിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

(ബി) ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ മുഖേനയല്ലാതെ നൽകിയിട്ടുണ്ട്; എങ്കിൽ പ്രസ്തുത പ്രവൃത്തികൾക്ക് നൽകിയ പരമാവധി തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

(എ) പിരിവിന്റെ അതേ ഉത്തരം

(സി) യു.എൽ.സി.സി.എസ്സ്.-ന് ലഭിച്ച പ്രവൃത്തികളിൽ എൽ 1 കരാറുകാരൻ അല്ലാതിരുന്നിട്ടും 10 ശതമാനത്തിൽ താഴെയോ അതിന് തുല്യമോ ആയ തുകയുടെ അടിസ്ഥാനത്തിൽ യു.എൽ.സി.സി.എസ്സ്.-ന് മുൻഗണന നൽകിയതുപ്രകാരം എത്ര പ്രവൃത്തികൾ ലഭിച്ചുവെന്നും അവ ഏതൊക്കെയെന്നും അത് എത്ര കോടി രൂപയുടെ പദ്ധതികൾ ആണെന്നും വ്യക്തമാക്കാമോ?

(എ) പിരിവിന്റെ അതേ ഉത്തരം

**വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണം**

161 (3380) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണം പരിഷ്കരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ, സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം ഏറെ കാര്യക്ഷമമായാണ് നടന്നുവരുന്നത്. രക്ഷാകർതൃ, അദ്ധ്യാപക സമൂഹത്തിന്റെ സഹകരണത്തോടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടുംകൂടി വളരെ മികവാർന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

സ്കൂളുകൾക്ക് പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വിദ്യാർത്ഥികൾക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ പരിശോധിക്കാൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശുചിത്വവും വൃത്തിയുമുള്ള സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്നതും അത് കുട്ടികൾക്ക് വിതരണം ചെയ്യുന്നതും. കുട്ടികൾക്ക് നൽകുന്നതിന് മുൻപായി അദ്ധ്യാപകരും എസ്.എം.സി അംഗങ്ങളും ഉച്ചഭക്ഷണം രുചിച്ചുനോക്കി അതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നു. റാൻഡം രീതിയിൽ സ്കൂളുകളിൽ നിന്ന്, ഭക്ഷണ, കുടിവെള്ള സാംപിളുകൾ ശേഖരിച്ച് അവ എൻ.എ.ബി.എൽ, എഫ്.എസ്.എസ്.എ.ഐ അക്രഡിറ്റേഷനുള്ള ലബോറട്ടറിയിൽ കെമിക്കൽ, മൈക്രോബയോളജിക്കൽ പരിശോധനകൾക്ക് വിധേയമാക്കുന്നു. ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ മാത്രമേ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് ഉപയോഗിക്കുവാൻ പാടുള്ളൂവെന്നും അവ കഴിവതും സർക്കാർ ഏജൻസികളുടെ ഔട്ട്ലെറ്റുകളിൽ നിന്ന് വാങ്ങണമെന്നും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ കേന്ദ്രവിഹിത കുടിശ്ശികയുണ്ടോ; എന്നാൽ കേന്ദ്ര കുടിശ്ശിക സമയബന്ധിതമായി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

കേന്ദ്രവിഹിതം കുടിശ്ശികയില്ല.

**ഒരേ ക്യാമ്പസിനകത്ത് വിവിധ വിഭാഗം സ്കൂളുകളുടെ പ്രവർത്തനം**

162(3381) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന എൽ.പി, യു.പി, സെക്കണ്ടറി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളുടെ എണ്ണം ഗവൺമെന്റ്, എയിഡഡ് തരം തിരിച്ച് ലഭ്യമാക്കാമോ?

| ഗവൺമെന്റ് സ്കൂളുകളുടെ എണ്ണം | എയ്ഡഡ് സ്കൂളുകളുടെ എണ്ണം |
|---|---|
| എൽ.പി-2598 | എൽ.പി-3906 |
| യു.പി-871 | യു.പി -1871 |
| ഹൈസ്കൂൾ-1229 | ഹൈസ്കൂൾ-1433 |
| എച്ച്.എസ്.ഇ-819 | എച്ച്.എസ്.ഇ-846 |
| വി.എച്ച്.എസ്.ഇ-261 | വി.എച്ച്.എസ്.ഇ- 128 |

(ബി) ഒരേ ക്യാമ്പസിനകത്ത് എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ

സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങൾ പ്രവർത്തിച്ചു വരുന്ന ഗവൺമെന്റ്, എയ്ഡഡ് സ്ഥാപനങ്ങളുടെ എണ്ണം തരം തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

(സി) ഒരേ ക്യാമ്പസിൽ പ്രവർത്തിക്കുന്ന എൽ.പി, യു.പി, സെക്കണ്ടറി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ വിഭവങ്ങൾ പങ്കുവയ്ക്കുന്നത് സംബന്ധിച്ചുള്ള തർക്കങ്ങൾ രേഖാമൂലം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരേ ക്യാമ്പസിനകത്ത് വിവിധ വിഭാഗങ്ങൾ പ്രവർത്തിക്കുന്നത് കാരണം ഉടലെടുത്ത എത്ര തർക്കങ്ങളാണ് രേഖാമൂലം സർക്കാരിന്റെ മുൻപാകെയുള്ളത്; വിശദമാക്കാമോ?

രേഖാമൂലം പരാതികൾ ലഭിച്ചിട്ടില്ല.

(ഡി) വിഭവങ്ങൾ പങ്കുവയ്ക്കുന്നത് സംബന്ധിച്ചുള്ള തർക്കങ്ങൾ ഉണ്ടെങ്കിൽ അത്തരം തർക്കങ്ങൾ എപ്രകാരമാണ് പരിഹരിച്ചത്; ഇതുമായി ബന്ധപ്പെട്ട കേസ്സുകളിൽ സർക്കാരിന്റെ പരിഗണനയിലുള്ള ഫയലുകളുടെ നമ്പർ സഹിതമുള്ള വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പരീക്ഷാഭവൻ കൗണ്ടറുകളിലെ ഉദ്യോഗസ്ഥർ**

163(3382) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവനിലെ അപേക്ഷകൾ സ്വീകരിക്കുന്ന കൗണ്ടറിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനായി എത്ര ഉദ്യോഗസ്ഥരാണുള്ളതെന്ന് അറിയിക്കുമോ?

പരീക്ഷാഭവനിലെ അപേക്ഷകൾ സ്വീകരിക്കുന്ന കൗണ്ടറിൽ ഒരു ഉദ്യോഗസ്ഥനാണുള്ളത്.

(ബി) പ്രസ്തുത കൗണ്ടറിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനും കംപ്യൂട്ടറിൽ ഫയൽ നമ്പറിടുന്നതിനും ആവശ്യമായ ജീവനക്കാരില്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അപേക്ഷകൾ സ്വീകരിക്കുന്നതിനും കംപ്യൂട്ടറിൽ ഫയൽ നമ്പറിടുന്നതിനും നിലവിൽ ആവശ്യമുള്ള ജീവനക്കാരുണ്ട്.

(സി) പരീക്ഷാഭവനിലെ എൻക്വയറി കൗണ്ടറിൽ എത്ര ഉദ്യോഗസ്ഥരെ പോസ്റ്റ് ചെയ്തിട്ടുണ്ടെന്നും അവരുടെ ഡ്യൂട്ടി എന്താണെന്നും വ്യക്തമാക്കാമോ?

പരീക്ഷാഭവനിലെ എൻക്വയറി കൗണ്ടറിൽ 2 ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. എൻക്വയറി കൗണ്ടറിന് മുമ്പിൽ അന്വേഷണത്തിന് വരുന്ന പൊതുജനങ്ങളുടെ സംശയങ്ങൾക്ക് കൃത്യമായ മറുപടി നൽകുക, എൻക്വയറി കൗണ്ടറിലെ ഫോണുകളിലേക്ക് വരുന്ന എല്ലാ കോളുകളും അറ്റൻഡ് ചെയ്യുക, ഫോൺ കോളുകൾക്ക് കൃത്യമായ മറുപടി നൽകുക എന്നീ ഡ്യൂട്ടികളാണ് അവർക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ളത്.

(ഡി) പരീക്ഷാഭവനിൽ അപേക്ഷകൾ സ്വീകരിക്കുന്ന സ്ഥലത്ത് നെറ്റ് കണക്ഷൻ പ്രശ്നം നിലനിൽക്കുന്നുണ്ടോ; എങ്കിൽ നെറ്റ് കണക്ഷൻ പ്രശ്നം ഉണ്ടാകുന്നതിന്റെ കാരണവും ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളും അറിയിക്കുമോ?

പരീക്ഷാഭവനിൽ അപേക്ഷകൾ സ്വീകരിക്കുന്ന സ്ഥലത്ത് നിലവിൽ നെറ്റ് കണക്ഷൻ പ്രശ്നങ്ങൾ ഒന്നും തന്നെയില്ല.

(ഇ) നെറ്റ് കണക്ഷൻ ലഭിക്കാതെ വരുമ്പോൾ അപേക്ഷ

സ്വീകരിക്കുന്നത് എങ്ങനെയാണെന്നും അത്തരത്തിലുള്ള അപേക്ഷകൾ കംപ്യൂട്ടറിൽ എൻട്രി ചെയ്യുന്നതിന് എത്ര ദിവസമെടുക്കുമെന്നും വ്യക്തമാക്കാമോ?

നെറ്റ് കണക്ഷൻ ലഭിക്കാതെ വരുമ്പോൾ അപേക്ഷ ടോക്കൺ നമ്പറിന്റെ അടിസ്ഥാനത്തിൽ വാങ്ങുകയും നെറ്റ് വരുന്ന മുറയ്ക്ക് അപേക്ഷയിന്മേൽ തപാൽ നമ്പറിട്ട് കംപ്യൂട്ടറിൽ എൻട്രി വരുത്തി സെക്ഷനിൽ എത്തിക്കുകയും ചെയ്യുന്നു.

(എഫ്) പരീക്ഷാഭവനിലെ തപാൽ സെക്ഷനിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്ന് തസ്തിക സഹിതം അറിയിക്കുമോ; നിലവിൽ പരീക്ഷാഭവനിലെ തപാലിൽ ലഭിച്ച പരാതികളിൽ /അപേക്ഷകളിൽ എത്ര പരാതികൾ ഇനിയും തീർപ്പാക്കാനുണ്ടെന്ന് പരാതികളുടെ സ്വഭാവം തിരിച്ച് വിശദമാക്കാമോ?

പരീക്ഷാഭവനിലെ തപാൽ സെക്ഷനിൽ 1 സീനിയർ സൂപ്രണ്ട്, 2 സീനിയർ ക്ലാർക്ക്, 5 ക്ലാർക്ക് എന്നീ ജീവനക്കാർ ജോലി നോക്കുന്നു. പരീക്ഷാഭവനിൽ 2023 ജനുവരി മുതൽ 2024 ജനുവരി വരെ ലഭിച്ച

പരാതികളുടെയും/അപേക്ഷകളുടെയും ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ജി) പരീക്ഷാഭവനിൽ പരാതികൾ/അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും ഓൺലൈനായി അപേക്ഷകളുടെ സ്റ്റാറ്റസ് ചെക്ക് ചെയ്യുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പരീക്ഷാഭവനിൽ പരാതികൾ/അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും ഓൺലൈനായി അപേക്ഷകളുടെ സ്റ്റാറ്റസ് പരിശോധിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ നിലവിൽ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

**പാചക തൊഴിലാളികളെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

164 (3383) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ പാചക തൊഴിലാളികളെ നിയമിക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം. എൻ.എം.എ 1/

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

8696/2023/ഡിജിഇ തീയതി: 29/05/2023, പേജ് നം.5, ഖണ്ഡിക 8, ഉപഖണ്ഡിക 1-5, 7 എന്നിവ പ്രകാരം പൊതുവിദ്യാലയങ്ങളിൽ പാചക തൊഴിലാളികളെ നിയമിക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1) പാചകത്തൊഴിലാളികളെ പുതിയതായി നിയമിക്കുന്നതിനും പ്രത്യേക സാഹചര്യങ്ങളിൽ പിരിച്ച് വിടുന്നതിനുമുള്ള അധികാരം സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികൾക്കാണ്.
2) പാചകത്തൊഴിലാളികളുടെ നിയമനത്തിൽ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്കും, എസ്.സി, എസ്.റ്റി, ഒ.ബി.സി, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവർക്കും മുൻഗണന നൽകേണ്ടതാണ്.
3) പാചകത്തിലെ വൈദഗ്ധ്യം, ആരോഗ്യം, ശുചിത്വം, പ്രാദേശിക പ്രാതിനിധ്യം എന്നിവ കണക്കിലെടുത്ത് വേണം പാചകത്തൊഴിലാളികളെ നിയമിക്കേണ്ടത്. നേത്ര, ചർമ്മ, ശ്വാസകോശ സംബന്ധമായ രോഗങ്ങളില്ലായെന്ന് തെളിയിക്കുന്ന അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ

പ്രാക്ടീഷണർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിയമനത്തിനപേക്ഷിക്കുന്ന ഘട്ടത്തിൽ പാചകത്തൊഴിലാളി സമർപ്പിക്കേണ്ടതാണ്.

4) നിലവിൽ 500 കുട്ടികൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് ഒരു പാചക തൊഴിലാളിയേയും 500 കുട്ടികൾക്ക് മുകളിൽ 2 തൊഴിലാളികളേയും നിയമിക്കാവുന്നതാണ്.

5) നിയമിക്കപ്പെടുന്ന പാചകത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്. ആറ് മാസത്തിലൊരിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രം (PHC), കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC) എന്നിവ മുഖാന്തരം ആരോഗ്യ പരിശോധന നടത്തി ഹെൽത്ത് കാർഡ് പുതുക്കേണ്ടതാണ്.

6) പാചകത്തൊഴിലാളികളുടെ നിയമനം, പിരിച്ചുവിടൽ എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്ന യോഗത്തിൽ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയിലെ നാലിൽ മൂന്ന് അംഗങ്ങളെങ്കിലും പങ്കെടുത്തിരിക്കണം. ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ

ആഫീസറുടെയോ, നൂൺമീൽ ആഫീസറുടെയോ സാന്നിദ്ധ്യത്തിൽ വേണം പ്രസ്തുത യോഗം ചേരേണ്ടത്.

(ബി) ഇവർക്ക് നൽകാനുള്ള പ്രതിഫലം കുടിശികയുണ്ടോ; എങ്കിൽ എത്ര തുക കുടിശിക ഉണ്ടെന്നും ഏതു കാലയളവ് മുതലാണ് കുടിശിക ഉള്ളതെന്നും വ്യക്തമാക്കാമോ; കുടിശിക തീർത്ത് വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

2023-24 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള പാചകത്തൊഴിലാളികളുടെ ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 2024 ജനുവരി മാസത്തെ ഓണറേറിയം കുടിശ്ശികയായി വിതരണം ചെയ്യേണ്ടതുണ്ട്. ഇതിനായി 16.50 കോടി രൂപ ആകെ ആവശ്യമായി വരും. സംസ്ഥാന അധിക വിഹിതത്തിൽ നിന്നും ഓണറേറിയം വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**മാതൃഭാഷാ പഠനം ശക്തിപ്പെടുത്താൻ പദ്ധതി**

165 (3384) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃഭാഷാ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ ഭാഷാ നൈപുണ്യം ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മാതൃഭാഷാ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മലയാളത്തിളക്കം, ശ്രദ്ധ വായന ചങ്ങാത്തം, വായനവസന്തം, നല്ല മലയാളം മുതലായ പദ്ധതികളും, വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. പഠനോത്സവം, ഭാഷോത്സവം എന്നിവയും മാതൃഭാഷയുടെ പഠനത്തിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളാണ്. കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങളായ തമിഴ്, കന്നട മീഡിയം സ്കൂളിലെ കുട്ടികൾക്ക് മലയാളം പഠിക്കുന്നതിന് നല്ല മലയാളം എന്ന പേരിൽ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

ഒന്ന്, രണ്ട് ക്ലാസുകളിൽ കുട്ടികളുടെ എഴുത്തും വായനയും

മെച്ചപ്പെടുത്തുന്നതിന് കുഞ്ഞുവായന, കുഞ്ഞെഴുത്ത് എന്നീ പ്രവർത്തനങ്ങൾ സമഗ്ര ശിക്ഷ, കേരളയുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ നടന്നുവരുന്നു.

**പ്രീ പ്രൈമറിതലം**

സർക്കാർ അംഗീകൃത സ്കൂളിലെ പ്രീ-പ്രൈമറി തലത്തിലെ കുട്ടികൾക്ക് മാതൃഭാഷയിലുള്ള പുസ്തകങ്ങൾ ലഭ്യമാക്കികൊണ്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഭാഷാ വികാസ ഇടങ്ങൾ നൽകി. അതിന്റെ ഭാഗമായി കഥോത്സവം, വരയുത്സവം ആട്ടവും പാട്ടും എന്നിവ സമഗ്രശിക്ഷ കേരളത്തിന്റെ തേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു.

**ക്ലാസ്സ് – ഒന്ന്, രണ്ട്, മൂന്ന്, നാല്**

മാതൃഭാഷാ പരിപോഷണത്തിന്റെ ഭാഗമായി ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി സംയുക്ത ഡയറി, സചിത്ര നോട്ട് പുസ്തകം എന്നിവ നൽകിക്കൊണ്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. മാതൃഭാഷാ പരിപോഷണ പദ്ധതിയുടെ ഭാഗമായി ഭാഷാ ഉത്സവം സംഘടിപ്പിച്ചു. പാട്ടരങ്ങ്, രചനോത്സവം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ സമഗ്ര ഗുണമേന്മ പരിപാടികൾ നടപ്പിലാക്കുന്നു.

**കുട്ടികളുടെ ഡയറി-** സംയുക്ത ഡയറിയിലെ ഏറ്റവും മികച്ച രചനകൾ തിരഞ്ഞെടുത്തുകൊണ്ട് കുട്ടികളുടെ ഡയറി തയ്യാറാക്കി പ്രകാശനം ചെയ്തു.

**ഹൈസ്കൂൾ, ഹയർ സെക്കന്ററി, യു.പി വിഭാഗം**

ബഡ്ഡിംഗ് റൈറ്റേഴ്സ് സ്റ്റാർസ് പദ്ധതി - മാതൃഭാഷാ പരിപോഷണത്തിന്റെ ഭാഗമായി കുട്ടികളുടെ വായനയെയും എഴുത്തിനെയും പ്രത്യേകിച്ച് സർഗ്ഗാത്മക രചനയെ പ്രോത്സാഹിപ്പിക്കുംവിധം തയ്യാറാക്കിയ പദ്ധതി 6 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 6000/-, 10000/- രൂപ നൽകിക്കൊണ്ട് പുസ്തകങ്ങൾ വാങ്ങാൻ അനുവദിക്കുകയും ക്ലാസ്സ്തല, ബി.ആർ.സി തല, ജില്ലാതല വായനാക്കൂട്ടം, എഴുത്തുകൂട്ടം എന്നിവ സംഘടിപ്പിച്ചുവരുന്നു. ക്ലാസ് തല പ്രവർത്തനത്തിന്റെ ഭാഗമായി മികച്ച വായനക്കാരെയും എഴുത്തുകാരെയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. കുട്ടികളുടെ സർഗ്ഗാത്മക രചനകൾ പ്രകാശനം ചെയ്യാനുള്ള അവസരവും ഒരുക്കുന്നു. കുട്ടികളിൽ മലയാള ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി സമഗ്രശിക്ഷ മലയാളത്തിളക്കം എന്ന പാക്കേജ് നടപ്പാക്കുന്നുണ്ട്. ഭാഷയുടെ വ്യവഹാര രൂപങ്ങളിലൂടെ കുട്ടികളെ സർഗ്ഗാത്മക വായനയിലും എഴുത്തിലും

രചനയിലും പ്രാവീണ്യമുള്ളവരാക്കി മാറ്റുകയാണ് ഈ പദ്ധതിക്കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ കുട്ടികളുടെ ഭാഷാശേഷി പരിപോഷിപ്പിക്കുന്നതിനായി ബഡ്ഡിംഗ് റൈറ്റേഴ്സ് എന്ന പരിപാടിയും സമഗ്ര ശിക്ഷ നടപ്പാക്കിവരുന്നു.

സാങ്കേതികവിദ്യ ഭാഷാ പഠനത്തിനും ഫലപ്രദമായി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കി ഇ-ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയർ വികസിപ്പിച്ച് എല്ലാ സ്കൂളുകളിലേക്കും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിലെ അധ്യാപർക്ക് പ്രത്യേക പരിശീലനവും നൽകി. ഭാഷാ കമ്പ്യൂട്ടിംഗ് പരിചയപ്പെടുത്തുന്നതിന് (മാതൃഭാഷ ഉൾപ്പെടെ സംസ്ഥാനത്തെ സ്കൂളുകളിൽ നിലവിൽ പഠിപ്പിക്കുന്ന വിഷയങ്ങൾ) ഐ.ടി പാഠപുസ്തകങ്ങൾ സംവിധാനം ഒരുക്കിയിട്ടുണ്ട്.

(ബി) മാതൃഭാഷാ പഠനത്തോടൊപ്പം മറ്റ് ഭാഷകളുടെ പഠനവും ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

എല്ലാ കുട്ടികൾക്കും ദേശീയ ഭാഷയായ ഹിന്ദിയിൽ പ്രാവീണ്യം നേടുന്നതിനും ഹിന്ദി ഭാഷ വിനിമയം ചെയ്യുന്നതിനുംവേണ്ടി സമഗ്ര ശിക്ഷ കേരളം, സുരീലി ഹിന്ദി എന്ന സവിശേഷ പരിപാടി യു.പി ക്ലാസ്സുകളിൽ നടപ്പിലാക്കുന്നുണ്ട്.

പൊതു വിദ്യാലയത്തിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ വിനിമയശേഷി കൂടുതൽ മെച്ചപ്പെടുത്താൻ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് ഹലോ ഇംഗ്ലീഷ്, ഇതുവഴി തെറ്റുകൂടാതെയും ഭയം കൂടാതെയും ഇംഗ്ലീഷ് ഭാഷ പ്രയോഗിക്കാൻ സാധിക്കുന്നതിലൂടെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ മികവ് കൈവരിക്കുന്നു.

മുകുളം എന്ന പേരിൽ ഒന്നു മുതൽ അഞ്ചുവരെ ക്ലാസിലെ കുട്ടികൾക്കായി ശില്പശാല സംഘടിപ്പിക്കുന്നു. പ്രാദേശിക ഭാഷയിൽ തയ്യാറാക്കിയ വീഡിയോകളിലൂടെയും കഥകളിലൂടെയും പാഠങ്ങൾ സംവദിപ്പിക്കുന്നു. കുട്ടികളിൽ പ്രാദേശിക ഭാഷയിലൂടെ എഴുത്തും വായനയുമായി ബന്ധപ്പെട്ട അടിസ്ഥാന കഴിവുകളിലെ വികാസം ഇതു വഴി കൈവരിക്കുന്നു. കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുകയാണ് ലക്ഷ്യം.

എസ്.എസ്.കെ-യുടെ ആഭിമുഖ്യത്തിൽ പഠിതാക്കളുടെ ഇംഗ്ലീഷ് ഭാഷയിലെ ആശയവിനിമയ ശേഷി വികസിപ്പിക്കുന്നതിനായി ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ് തുടങ്ങിയ പരിപാടികൾ സമഗ്ര ശിക്ഷ നടപ്പിലാക്കി വരുന്നു. ഇതിലൂടെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പഠനം രസകരവും അവരുടെ ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഉറുദു ഭാഷാ പരിപോഷണത്തിനായി പ്യാരി ഉറുദു, സംസ്കൃത മാധുരി, അറബിക് ഭാഷാ പരിപോഷണത്തിനായി അഹ്ലൻ അറബിക് എന്നീ പഠന പോഷണ പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്.

കൈറ്റിന്റെ നേതൃത്വത്തിൽ മാതൃഭാഷാ പഠനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ ലളിതവും രസകരവുമാക്കുന്നതിന് ഇ-ലാംഗ്വേജ് ലാബിൽ ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഇംഗ്ലീഷിനോടൊപ്പം മറ്റ് ഭാഷാപഠനത്തിനും ഇ-ലാംഗ്വേജ് ലാബ് ഉപയോഗിക്കാവുന്നതാണ്.

**പൊതു വിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

166 (3385) <u>ശ്രീ. മുഹമ്മദ് മുഹസിൻ:</u>
<u>ശ്രീ. ജി. എസ്. ജയലാൽ:</u>

ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും വിദ്യാഭ്യാസ നിലവാരവും മെച്ചപ്പെടുത്തുകയും പാഠ്യപദ്ധതി വിദ്യാർത്ഥി സൗഹൃദമാക്കുകയും ചെയ്തിട്ടും ഒരു ചെറിയ ശതമാനം കുട്ടികൾ ഇപ്പോഴും സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിക്കുന്നതായുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022-23 വർഷം 2944(0.08%) കുട്ടികൾ സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ചതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ 2013-14 മുതലുള്ള വിവരങ്ങൾ പരിശോധിച്ചാൽ ഇത്തരത്തിലുള്ള കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി മനസിലാക്കുന്നു. 2013-14-ൽ 10343 കുട്ടികൾ വിദ്യാഭ്യാസം ഉപേക്ഷിച്ചിരുന്നത് 2019-20-ൽ 4012 ആയും 2022-23-ൽ 2944 ആയും കുറയുകയാണുണ്ടായത്. 2022-23 വർഷം വിദ്യാഭ്യാസം ഉപേക്ഷിച്ച കുട്ടികളിൽ നല്ലൊരു ശതമാനവും അതിഥി തൊഴിലാളികളുടെ കുട്ടികളാണെന്നതും ശ്രദ്ധേയമാണ്.

(ബി) 2022-2023-ലെ കണക്ക് പ്രകാരം വിദ്യാഭ്യാസം ഉപേക്ഷിക്കുന്ന കുട്ടികളിൽ കൂടുതലും ആൺകുട്ടികളാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം പരിശോധിക്കുന്നതിനും പഠനത്തിലേക്ക് ഇവരെ തിരികെ കൊണ്ടുവരുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

2022-23-ലെ കണക്ക് പ്രകാരം വിദ്യാഭ്യാസം ഉപേക്ഷിക്കുന്ന കുട്ടികളിൽ കൂടുതലും ആൺകുട്ടികളാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022-2023 വർഷം കൊഴിഞ്ഞുപോയ 2944 കുട്ടികളിൽ 1839 പേരും ആൺകുട്ടികളാണ്. ശതമാനാടിസ്ഥാനത്തിൽ കണക്കാക്കിയാൽ 63% പേരും ആൺകുട്ടികളാണ്. ഇവരെ പഠനത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്കൂൾ അദ്ധ്യാപകരുടെയും പി.ടി.എ-യുടെയും നേതൃത്വത്തിൽ ക്ലാസ്സിലെത്താത്ത കുട്ടികളുടെ വീടുകൾ സന്ദർശിച്ച ബോധവൽക്കരണം നടത്തിയും, സൗജന്യ പഠനം - പാഠപുസ്തകം. - യൂണിഫോം - | പോഷക സമ്പുഷ്ടമായ ഭക്ഷണം എന്നിവ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നതിന് കുട്ടികളെയും

രക്ഷിതാക്കളെയും ബോധവാന്മാരാക്കിയും യാത്രാക്ലേശം അനുഭവിക്കുന്ന കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനായി എസ്.ടി. വകുപ്പ് ഗോത്രവാഹിനി, ഗോത്രസാരഥി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയും കുട്ടികൾക്ക് യാത്രാ സൗകര്യം വർധിപ്പിക്കുന്നതിനായി റോഡ് നിർമ്മാണം, വാഹന സാകര്യം, സൗജന്യ വാഹനയാത്ര എന്നിവ ഏർപ്പെടുത്തിയും കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും ഒരുക്കുവാൻ രക്ഷിതാക്കളെ ബോധവൽക്കരിച്ചും പഠനം പൂർത്തിയാക്കിയാൽ ലഭ്യമാകുന്ന ജോലി സാധ്യതകളെക്കുറിച്ച് മനസിലാക്കിക്കൊടുത്തും കുട്ടികളെ കൂടുതലായി കോ-കരിക്കുലർ, എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങളിൽ പങ്കെടിപ്പിച്ചും, ലഹരിമുക്ത ബോധവൽക്കരണം കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകിയും കുട്ടികളെ സ്കൂളിൽ തിരികെ എത്തിക്കാനാവശ്യമായ നടപടികൾ കൈക്കൊണ്ടു വരുന്നു.

(സി) ഒൻപതാം ക്ലാസിൽ പഠനം ഉപേക്ഷിക്കുന്ന ആൺകുട്ടികളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ ലഹരി ഉപയോഗശീലം കുട്ടികൾ പഠനം ഉപേക്ഷിക്കുന്നതിന് കാരണമാകുന്നുണ്ടോ; വിശദീകരിക്കുമോ?

ഒൻപതാം ക്ലാസ്സിൽ പഠനം ഉപേക്ഷിക്കുന്ന ആൺകുട്ടികളിൽ ലഹരി ഉപയോഗം കാരണം പഠനം ഉപേക്ഷിക്കുന്നതായി കണ്ടെത്തിയിട്ടില്ല. എന്നാൽ സ്കൂളുകൾ മുഖേന ലഹരിമുക്ത ബോധവത്കരണം കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകി വരുന്നുണ്ട്.

(ഡി) ഭിന്നശേഷിക്കാർ, മസ്തിഷ്ക സംബന്ധമായ അസുഖം ബാധിച്ചവർ വിവിധതലത്തിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ തുടങ്ങിയവരുടെ പഠനത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ?

ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനായി നിരവധി അധിക പിന്തുണ സംവിധാനങ്ങൾ പൊതുവിദ്യാഭാസത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. സ്കൂളുകളിൽ ഭിന്നശേഷി കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകരെ പിന്തുണയ്ക്കുന്നതിനായി എലിമെന്ററി വിഭാഗത്തിൽ 1521 സെക്കണ്ടറി വിഭാഗത്തിൽ 1365 എന്നിങ്ങനെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിച്ചിട്ടുണ്ട്. തീവ്രമായ പരിമിതികൾ അനുഭവിക്കുന്ന

കുട്ടികളെ സഹായിക്കുന്നതിനായി സ്കൂളുകളിൽ 60 ആയമാരെയും ഓട്ടിസം സെന്ററുകളിൽ 168 ആയമാരെയും നിയമിച്ചിട്ടുണ്ട് .

എല്ലാ വർഷവും ബി.ആർ.സി. തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി വിദഗ്ദ്ധരുടെ നിർദേശപ്രകാരം അവശ്യംവേണ്ട സഹായ ഉപകരണങ്ങൾ, തെറാപ്പി സർവീസ് എന്നിവ നൽകി വരുന്നു. എല്ലാ ബി.ആർ.സി.-കളിലും ഒരു ഓട്ടിസം സെന്ററുകളും ഒരു ക്ലസ്റ്ററിൽ ഒന്ന് എന്ന ക്രമത്തിൽ സ്പെഷ്യൽ കെയർ സെന്ററുകളും ഇത്തരം കുട്ടികൾക്ക് അധിക പിന്തുണ ഒരുക്കുന്നതിലേക്കായി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്സ് അലവൻസ്, റീഡർ അലവൻസ്, പെൺകുട്ടികൾക്ക് സ്റ്റൈപ്പൻഡ് തുടങ്ങിയ വിവിധ അലവൻസുകളും നൽകി വരുന്നു.

**1. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സാമ്പത്തിക സഹായം**

കേരള സർക്കാരിന്റെ പൊതു വിദ്യാലയങ്ങളിൽ ഒന്ന് മുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സാമ്പത്തിക സഹായത്തിനായി സംസ്ഥാന പദ്ധതി പ്രകാരം 2202-02-109-70 (പി) എന്ന

ശീർഷകത്തിൽ നിന്ന് പദ്ധതി നടത്തിപ്പിനായി തുക ലഭിച്ചു വരുന്നു. ടി തുകയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ബുക്ക് & സ്റ്റേഷനറി അലവൻസ് (പ്രതിവർഷം 1500/- രൂപ)മെഡിക്കൽ കെയർ & ഹെൽത്ത് സപ്പോർട്ടിംഗ് അലവൻസ് (പ്രതിവർഷം -2500/-രൂപ) അലവൻസ് ടു പർചെയ്സ് ബ്രെയ്‌ലി ലേണിംഗ് മെറ്റിരിയൽസ് (ഒന്ന് മുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രതിവർഷം 2500/- രൂപ, ആറ് മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രതിവർഷം 4500/- രൂപ), സ്പെഷ്യൽ അലവൻസ്സ് ടു ബെഡ്റിഡൻ സ്റ്റുഡന്റ്സ് (പ്രതിവർഷം 2500/- രൂപ) എന്നീ ഇനങ്ങളിലായാണ് തുക അനുവദിച്ച് നൽകിയത്. ഇതിൽ അലവൻസ് ടു പർച്ചേസ് ബ്രെയ്‌ലി ലേണിംഗ് മെറ്റീരിയൽസ് കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് മാത്രമായും സ്പെഷ്യൽ അലവൻസ് ടു ബെഡ് റിഡൺ- കിടപ്പിലായ കുട്ടികൾക്ക് മാത്രമായും നിജപ്പെടുത്തിയിരിക്കുന്നു. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം 40 ശതമാനമോ അതിലധികമോ വൈകല്യമുള്ള ശ്രവണ വൈകല്യം, കാഴ്ച വൈകല്യം, അസ്ഥിസംബന്ധമായ വൈകല്യം, ഓട്ടിസം, ബുദ്ധിപരമായ വെല്ലുവിളികൾ

നേരിടുന്ന കുട്ടികൾ എന്നീ വിഭാഗം കുട്ടികൾക്കാണ് സാമ്പത്തിക സഹായത്തിന് അർഹതയുള്ളത്. 23,885 കുട്ടികൾക്കാണ് 2023-24 വർഷം ഇതുവരെ സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്. ഒരു കുട്ടിക്ക് 4000/- രൂപയിൽ കുറയാതെയുള്ള തുക നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും സാമ്പത്തിക സഹായത്തിന് അർഹതയുള്ള കുട്ടികളുടെ പട്ടിക ഓരോ ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ കാര്യാലയം വഴി ശേഖരിച്ചു. പട്ടിക ലഭ്യമായതനുസരിച്ച് 5 ഘട്ടങ്ങളിലായാണ് തുക അനുവദിച്ചിട്ടുള്ളത്; അനുവദിച്ച തുക എ.ഇ.ഒ. മുഖേന കുട്ടികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തന്നെ കൈമാറണമെന്ന നിർദ്ദേശവും നൽകിയാണ് ഉപഡയറക്ടർമാരുടെ കാര്യാലയങ്ങളിലേക്ക് നൽകിയിരുന്നത്.

**2.മോഡൽ ഇൻക്ളൂസ്സീവ് സ്കൂൾ**

2022-23 സാമ്പത്തിക വർഷം ഐ.ഇ.ഡി. സെക്ഷൻ മുഖേന നടപ്പിലാക്കിയ ഒരു പുതിയ പദ്ധതിയാണ് "മോഡൽ ഇൻക്ളൂസ്സീവ് സ്കൂൾ" സംസ്ഥാന പദ്ധതി പ്രകാരം 2202-02-109-70(പി) എന്ന ശീർഷകത്തിലാണ്

പദ്ധതി നടത്തിപ്പിനായി തുക വകയിരുത്തിയിട്ടുള്ളത്. ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾച്ചേരൽ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനാവശ്യമായ പിന്തുണ നൽകുകായെന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഈ പദ്ധതിയിലൂടെ ഇത്തരം കുട്ടികൾക്കാവശ്യമായ തെറാപ്പി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും രക്ഷാകർത്താക്കൾക്കും ഇത്തരം കുട്ടികളുടെ സഹപാഠികൾക്കും അവബോധം നൽകുന്നതിനും സാധ്യമാകും.

2023-24 വർഷം ഒരു ജില്ലയിലെ രണ്ട് ബി.ആർ.സി-കളിൽ നിന്നായി 3 സ്കൂളുകൾ വീതം തെരഞ്ഞെടുത്താണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. ഇപ്രകാരം ഒരു ജില്ലയിലെ 6 സ്കൂൾ എന്ന കണക്കിൽ സംസ്ഥാനത്തൊട്ടാകെ 84 സ്കൂളുകൾക്കാണ് 2023-24 വർഷം ഈ പദ്ധതിയുടെ പ്രയോജനം പ്രത്യക്ഷത്തിൽ ലഭ്യമാകുന്നതെങ്കിലും പ്രാന്ത പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികൾക്ക് കൂടി എത്തിച്ചേരാൻ കഴിയുന്ന സ്കൂളുകളെയാണ് ഈ പദ്ധതിക്ക് വേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത് എന്നതിനാൽ കൂടുതൽ സ്കൂളുകൾക്കും കുട്ടികൾക്കും ഈ പദ്ധതി പ്രയോജനകരമാണ്. എച്ച്.ഐ, വി.ഐ, ഐ.ഡി

എന്നീ വിഭാഗം കുട്ടികൾക്കാണ് കൂടുതൽ പ്രാമുഖ്യം നൽകിയിട്ടുള്ളത് എങ്കിലും മറ്റ് ഭിന്നശേഷി വിഭാഗം കുട്ടികൾക്കും ഈ പദ്ധതി ഉപയോഗപ്രദമാണ്.

ബാരിയർ ഫ്രീ ക്ലാസ്സ് റൂം അറേഞ്ച്മെന്റ് ഫർണിച്ചർ, ഫിക്സ്ച്ചേർസ്, മെഡിക്കൽ ചെക്ക് അപ്പ്, ഇൻഡിവിഡ്വൽ കെയർ പ്ലാൻ & റെക്കോർഡ്സ്, ടീച്ചിംഗ് ലേണിംഗ് എയ്ഡ്സ്-ബോധവൽക്കരണ ശാക്തീകരണ പരിപാടികൾ, മ്യൂസിക്കൽ/സ്പോർട്സ്/ആർട്സ്/ക്രാഫ്റ്റ്സ്/ഐറ്റംസ് സെൽഫ് ഡിഫൻസ് & എക്സ്പോഷർ ട്രിപ്പ്, വാട്ടർ പ്യൂരിഫയർ, തെറാപ്പി ഉപകരണങ്ങൾ, ഡോക്യുമെന്റേഷൻ എന്നിവയ്ക്കായിട്ടാണ് ടി തുക ചെലവഴിക്കേണ്ടതെന്ന നിർദ്ദേശവും നൽകിയിരുന്നു.

**3. പരീക്ഷാനുകൂല്യങ്ങൾ**

40 ശതമാനമോ അതിലധികമോ വൈകല്യ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരീക്ഷാഭവൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് അർഹമായ പരീക്ഷാനുകൂല്യങ്ങളും നൽകി വരുന്നു.

ഈ ആനുകൂല്യങ്ങളും പദ്ധതികളും കുട്ടികളുടെ കൊഴിഞ്ഞു പോക്കിനെ

തടയാൻ ഒരു പരിധി വരെ സഹായമാകുന്നുണ്ട്.

**അദ്ധ്യാപകരുടെ തസ്തിക നിർണ്ണയം**

167(3386) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്രവർഷമായി അദ്ധ്യാപകരുടെ തസ്തിക നിർണ്ണയം നടക്കുന്നില്ലായെന്ന് വ്യക്തമാക്കാമോ;

(ബി) തസ്തിക നിർണ്ണയം നടക്കാത്തതിനാൽ പ്രയാസം അനുഭവിക്കുന്ന എത്ര അദ്ധ്യാപകരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കെ.ഇ.ആർ. അദ്ധ്യായം XXIII ചട്ടം 12(1) പ്രകാരം അധ്യയന വർഷത്തെ 6-ാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തുന്നത്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എല്ലാ വർഷവും തസ്തിക നിർണ്ണയം ചട്ടപ്രകാരം നടത്തേണ്ടതുണ്ട്. എന്നാൽ തസ്തിക നിർണ്ണയം നടത്താൻ പറ്റാത്ത സാഹചര്യങ്ങൾ ഉണ്ടായാൽ, കഴിഞ്ഞ അധ്യയന വർഷത്തെ

തസ്തിക നിർണ്ണയം തന്നെ തുടർ വർഷങ്ങളിലേക്ക് ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ ചട്ടത്തിൽ വ്യവസ്ഥയുണ്ട്. അപ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും അതത് അധ്യയന വർഷം തസ്തിക നിർണ്ണയം നടത്തുകയോ, മുൻ വർഷങ്ങളിൽ നടത്തിയ തസ്തിക നിർണ്ണയം ബാധകമാക്കുകയോ ചെയ്തുവരുന്നു. കോവിഡ് കാലയളവിലൊഴികെ മറ്റ് അക്കാദമിക വർഷങ്ങളിൽ തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ട്.

(സി) ദിവസവേതാനാടിസ്ഥാനത്തിൽ ജോലി ചെയ്ത എത്ര അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ ബാക്കിയുണ്ട്; പ്രസ്തുത അദ്ധ്യാപകർക്ക് എത്ര മാസത്തെ ശമ്പളം നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

(ഡി) കാസർകോട് പൊതുവിദ്യാഭ്യാസ ജില്ലയിലെ നെല്ലിക്കുന്ന് അൻവാറുൾ ഉലൂം എ.യു.പി. സ്കൂളിൽ ആയിഷത്ത് ഷിഫാന ടി. എസ്, ആയിഷത്ത് ഷംസാന എന്നീ അദ്ധ്യാപികമാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നോ എന്ന്

വ്യക്തമാക്കാമോ?

ജോലി ചെയ്തിരുന്നു.

(ഇ) എങ്കിൽ ഏത് വർഷം, എത്ര മാസമാണ് ജോലി ചെയ്തതെന്നും പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം നൽകിയിരുന്നോ എന്നും വ്യക്തമാക്കാമോ; പ്രസ്തുത അദ്ധ്യാപകർക്ക് എന്തുകൊണ്ടാണ് ശമ്പളം നൽകാതിരുന്നതെന്നും എന്നത്തേയ്ക്ക് നൽകുമെന്നും വ്യക്തമാക്കാമോ?

2023-24 അധ്യയന വർഷം ആയിഷത്ത് ഷിഫാന ടി.എസ്., ആയിഷത്ത് ഷംസാന എന്നീ അദ്ധ്യാപകർ അൻവാറുൾ ഉലും എ.യു.പി. സ്കൂളിൽ 7 മാസം ജോലി ചെയ്തിരുന്നു. ടി അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടില്ല. സമന്വയ മുഖേന ലഭ്യമായ ടി അദ്ധ്യാപകരുടെ നിയമനാംഗീകാര ശിപാർശയിൽ ന്യൂനതകൾ ഉള്ളതിനാൽ അത് പരിഹരിക്കുവാൻ സ്കൂൾ പ്രധാനാദ്ധ്യാപകന് നിർദ്ദേശം നൽകിയിട്ടുണ്ട്. സമന്വയ ഫയലിൽ DATE OF OCCURRENCE OF VACANCY തെറ്റായി രേഖപ്പെടുത്തിയത് തിരുത്താനും അപ്പോയിന്റ്മെന്റ് ഓർഡറിൽ വേക്കൻസിയെക്കുറിച്ച് വ്യക്തത വരുത്താനും പ്രധാനാദ്ധ്യാപകന് നിർദ്ദേശം

നൽകിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ഇവരുടെ നിയമനം അംഗീകരിക്കുന്നതിനും തുടർന്ന് ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാനും പ്രധാനാദ്ധ്യാപകന് നിർദ്ദേശം നൽകുന്നതുമാണ്.

**ഗസറ്റ് വിജ്ഞാപനത്തിലൂടെയുള്ള പേര് മാറ്റം എസ്.എസ്.എൽ.സി. ബുക്കിൽ വരുത്താൻ നടപടി**

168(3387) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസറ്റ് വിജ്ഞാപനത്തിലൂടെ പിതാവിന്റെ പേര് മാറ്റം വരുത്തിയാൽ ആ മാറ്റം എസ്.എസ്.എൽ.സി. ബുക്കിലും വരുത്തുന്നതിന് നിലവിൽ തടസ്സമുണ്ടോ; വിശദീകരിക്കുമോ?

ഗസറ്റ് വിജ്ഞാപനത്തിലൂടെ പിതാവിന്റെ പേര് മാറ്റം വരുത്തുന്നതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി ബുക്കിൽ പിതാവിന്റെ പേര് തിരുത്തി നൽകുന്നില്ല. എസ്.എസ്.എൽ.സി ബുക്കിൽ പിതാവിന്റെ പേര് തിരുത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന

സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുമാണ്.

(ബി) ഏതെങ്കിലും ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് തടസ്സമെങ്കിൽ ആ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

29-12-2011 തീയതിയിലെ സ.ഉ.(സാധാ)നം.5867/11/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മാതാപിതാക്കളുടെ പേര് എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) തടസ്സങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

29-12-2011 തീയതിയിലെ സ.ഉ.(സാധാ)നം.5867/11/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മാതാപിതാക്കളുടെ പേര് എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രൈമറി വിദ്യാലയങ്ങളിൽ ലൈബ്രറികളും സയൻസ് ലാബുകളും**

**169(3388) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) കുട്ടികളിൽ പഠനതാൽപ്പര്യവും സ്വഭാവ രൂപീകരണവുമുണ്ടാകുന്ന പ്രധാനപ്പെട്ട ഘട്ടമാണ് പ്രൈമറി, അപ്പർ പ്രൈമറി തലങ്ങൾ എന്നിരിക്കെ കയ്പമംഗലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രൈമറി, അപ്പർ പ്രൈമറി വിദ്യാലയങ്ങളിൽ ക്ലാസ് ലൈബ്രറികളും ആവശ്യമായ സയൻസ് ലാബുകളും പ്രവർത്തിക്കുന്നുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കാമോ?**

64 ക്ലാസ് ലൈബ്രറികളും 26 സയൻസ് ലാബുകളും കയ്പമംഗലം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്നു. ടി സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**(ബി) വായനാശീലം വളർത്തുന്നതിനായി പ്രൈമറി തലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് എന്തെല്ലാം തനത് പരിപാടികളാണ് വിദ്യാലയങ്ങളിൽ നടത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പ്**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവിഷ്കരിച്ചിട്ടുള്ളത്?

വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിന് 2018-19 അധ്യയന വർഷത്തിൽ ഒരു പുതിയ പദ്ധതി 'ലൈബ്രറികളും ക്ലാസ് റൂം ലൈബ്രറികളും' എന്ന പേരിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ആരംഭിക്കുകയും ആയതിനായി ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകിയിട്ടുമുണ്ട്. അതിനുശേഷം വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിനായി 'വായനയുടെ വസന്തം' എന്ന പേരിൽ പദ്ധതി ആരംഭിക്കുകയും ആയതുപ്രകാരം ഗവ.എച്ച്.എസ്, യു.പി, എയ്ഡഡ് എച്ച്.എസ്, യു.പി സ്കൂളുകൾക്ക് വിവിധ കാലയളവുകളിൽ ഈ പദ്ധതി പ്രകാരം പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുമുണ്ട്. കൂടാതെ പ്രൈമറി തലങ്ങളിലെ കുട്ടികളുടെ വായനാശീലം വളർത്തുന്നതിനായി സമഗ്ര ശിക്ഷ, കേരളത്തിന്റെ നേതൃത്വത്തിൽ ചുവടെ പറയുന്ന പരിപാടികൾ നടപ്പിലാക്കി

വരുന്നു.

1. വായനാച്ചങ്ങാത്തം

2. കുഞ്ഞുവായന

3. ക്ലാസ് ലൈബ്രറി

4. വായനാക്കാർഡുകൾ

5. ബഡ്ഡിംഗ് റൈറ്റേഴ്സ്

6. എഴുത്തുപച്ച

7. വായനാവസന്തം

**കെ-ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട പ്രതിബന്ധങ്ങൾ**

170(3389) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ അദ്ധ്യാപകരാകുന്നതിന് കെ-ടെറ്റ് നിർബന്ധമാക്കിയതെന്ന് മുതലാണ്; ഇത് സമന്വയ സോഫ്റ്റ്‌വെയറിൽ മാൻഡേറ്ററി ഫീൽഡ് ആക്കിയതെന്നു മുതലാണ്?

1-06-2012 മുതൽക്കാണ് കെ-ടെറ്റ് നിർബന്ധമാക്കിയത്. സമന്വയ

സോഫ്റ്റ്‌വെയറിൽ മാൻഡേറ്ററി ഫീൽഡ് ആക്കിയത് 15-07-2021 മുതലാണ്.

(ബി) കെ-ടെറ്റ് മാൻഡേറ്ററി ഫീൽഡ് ആക്കുന്നതിന് തൊട്ടു മുമ്പുവരെ എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തിയ നിയമനങ്ങൾ പ്രകാരം ജോലിയിൽ പ്രവേശിച്ചവർക്ക് നിയമിതരാകുമ്പോൾ കെ-ടെറ്റ് യോഗ്യത ഇല്ലായിരുന്നുവെന്ന കാരണത്താൽ നിയമനാംഗീകാരം നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരുടെ കാര്യത്തിൽ സർക്കാർ എന്ത് നടപടികളാണ് ഇതിനോടകം കൈക്കൊണ്ടിട്ടുള്ളത്; ഇവർക്ക് നിയമനാംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) NCTE മാനദണ്ഡങ്ങൾ പ്രകാരം 1-06-2012 മുതൽ സർക്കാർ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് കെ-ടെറ്റ് നിർബന്ധിത യോഗ്യതയാണ്. 2019-2020 അധ്യയന വർഷത്തിനുശേഷം കെ-ടെറ്റ് യോഗ്യതയില്ലാതെ എയ്ഡഡ് സ്കൂളുകളിൽ അധ്യാപക തസ്തികയിൽ നിയമിക്കുന്നത് ചട്ട വിരുദ്ധമാണ്. 2019-2020 അധ്യയന വർഷത്തിന് മുമ്പ് KTET യോഗ്യത

ഇല്ലാതെ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രസ്തുത യോഗ്യത ആർജ്ജിക്കുന്നതിന് വിവിധ ഘട്ടങ്ങളിലായി ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) കെ-ടെറ്റ് നിർബന്ധിത യോഗ്യതയാക്കിയിട്ടുള്ള എൽ.പി, യു.പി അദ്ധ്യാപക തസ്തികകളിലേക്കുള്ള പി.എസ്.സി വിജ്ഞാപനത്തിന്റെ അവസാന തീയതിക്ക് മുൻപായി ഈ വർഷത്തെ കെ-ടെറ്റ് പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇതുമൂലം ഈ വർഷം പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്ന ആയിരക്കണക്കിന് വരുന്ന ഉദ്യോഗാർത്ഥികൾക്ക് ഈ തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിന് വർഷങ്ങൾ കാത്തിരിക്കേണ്ട സാഹചര്യമുണ്ടാകും എന്നത് പരിശോധിക്കുകയുണ്ടായോ;വിശദമാക്കുമോ;

വർഷത്തിൽ രണ്ടു തവണയാണ് കെ-ടെറ്റ് പരീക്ഷ നടത്താറുള്ളത്. 2023 വർഷത്തെ രണ്ടാമത്തെ പൊതു കെ-ടെറ്റ് പരീക്ഷ 2023 ഡിസംബർ 29, 30 തീയതികളിലാണ് നടന്നിട്ടുള്ളത്. കെ-ടെറ്റ് പരീക്ഷയുടെ

വിജ്ഞാപനത്തിൽ തന്നെ പരീക്ഷ കഴിഞ്ഞ് രണ്ടു മാസത്തിനുള്ളിൽ മാത്രമേ ഫലപ്രഖ്യാപനം നടത്തുകയുള്ളൂവെന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. കെ-ടെറ്റ് പരീക്ഷയുടെ അടുത്ത ദിവസമാണ് (ഡിസംബർ 31) എൽ.പി, യു.പി അദ്ധ്യാപക തസ്തികകളിലേക്കുള്ള പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചത്. ആയതിന് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-01-2024 ആയിരുന്നു. ഏതു യോഗ്യതാ പരീക്ഷയിലും എന്നപോലെ കെ-ടെറ്റ് പരീക്ഷയിലും അപേക്ഷാ തീയതിയിൽ യോഗ്യത നേടിയവരെ മാത്രമേ പി.എസ്.സി പരിഗണിക്കുകയുള്ളൂ. കെ-ടെറ്റ് പരീക്ഷയുടെ അന്തിമ ഉത്തര സൂചിക തയ്യാറാക്കി 31-01-2024 ന് മുൻപ് കെ-ടെറ്റ് പരീക്ഷയുടെ ഫലപ്രഖ്യാപനം നടത്തുന്നത് പ്രായോഗികമായി സാധിക്കുന്നതല്ല. കെ-ടെറ്റ് പരീക്ഷയുടെ ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട ജോലികൾ അന്തിമഘട്ടത്തിലാണ്.

(എഫ്) എങ്കിൽ കെ-ടെറ്റ് പരീക്ഷാഫലം ഉടനടി പ്രസിദ്ധീകരിക്കുന്നതിനും ഈ വർഷം യോഗ്യത നേടിയവർക്കുകൂടി പി.എസ്.സി പരീക്ഷ എഴുതാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാന

തീയതി നീട്ടി കൊടുക്കുകയോ ഇവരെ കൂടി പരീക്ഷ എഴുതാൻ അനുവദിക്കുകയോ ചെയ്യുന്നതിന് പി.എസ്.സി.-യോട് ശിപാർശ ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത് പബ്ലിക് സർവീസ് കമ്മീഷന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയമാണ്.

സ്കൂൾ ബസ്സുകളുടെ നടത്തിപ്പ്

171(3390) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, തദ്ദേശ ഫണ്ടുകൾ തുടങ്ങിയവ ഉപയോഗിച്ച് വാങ്ങുന്ന സ്കൂൾ ബസ്സുകളുടെ നടത്തിപ്പ് പൊതുവിദ്യാലയങ്ങൾക്ക് ബാധ്യതയാകുന്നത് സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ സർക്കാർ സ്കൂളുകളിൽ സ്കൂൾ അധികൃതരുടേയും, പി.ടി.എ-യുടെയും ആവശ്യപ്രകാരം എം.എൽ.എ, എം.പി

എന്നിവരുടെ ആസ്തി വികസന ഫണ്ടിൽനിന്നാണ് നിലവിൽ സ്കൂൾബസ് അനുവദിക്കുന്നത്. കുട്ടികളിൽനിന്ന് തുക ശേഖരിച്ചും പി.ടി.എ ഫണ്ട് ഉപയോഗപ്പെടുത്തിയുമാണ് നടത്തിപ്പ് ചെലവ് സ്കൂളുകളിൽ കണ്ടെത്തുന്നത്. കുട്ടികൾ കുറവുള്ള ചില സ്കൂളുകളിൽ നിലവിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

(ബി) ഇത്തരം ആവർത്തന പരിപാലന ചെലവുകൾക്കായി മെയിന്റനൻസ് ഗ്രാന്റ് മാതൃകയിൽ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്കൂൾ ബസ് ആവർത്തന പരിപാലന ചെലവുകൾക്കായി നിലവിൽ ഫണ്ട് വിദ്യാഭ്യാസ വകുപ്പിൽ നീക്കിവച്ചിട്ടില്ല.

(സി) പൊതുവിദ്യാലയങ്ങളിലെ സ്കൂൾ ബസ്സുകളുടെ നടത്തിപ്പിനും പരിപാലനത്തിനും ധനസമാഹരണത്തിനുമായി സർക്കാർ മാർഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം സ്കൂൾ ബസ് അനുവദിച്ചുകൊണ്ടുള്ള അതാത് ജില്ലാ കളക്ടർമാരുടെ ഉത്തരവുകളിൽ സ്കൂൾ

ബസ് ഡ്രൈവറുടെ വേതനം, ഇന്ധന ചെലവുകൾ, മെയിന്റനൻസ്, ഇൻഷ്വറൻസ് തുടങ്ങിയ ആവർത്തന ചെലവുകൾ സ്കൂൾ പി.ടി.എ കമ്മിറ്റി വഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ധനസമാഹരണത്തിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

**സർക്കാർ സ്കൂളുകളിൽ പി.ടി.എ-യുടെ ഇടപെടലുകൾ**

172(3391) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ  വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക-രക്ഷകർതൃ സമിതിയുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; പി.ടി.എ.-യ്ക്ക് സർക്കാർ സ്കൂളുകളുടെ ഏതെല്ലാം ദൈനംദിന കാര്യങ്ങളിലാണ് ഇടപെടാൻ അധികാരമുള്ളതെന്നും ഏതെല്ലാം കാര്യങ്ങളിൽ ഇടപെടാനുള്ള അധികാരമില്ലായെന്നും അറിയിക്കാമോ; പി.ടി.എ.-യുടെ അമിതമായതും അധികാരമില്ലാത്തതുമായ വിഷയങ്ങളിലെ ഇടപെടലുകൾ ചില സർക്കാർ സ്കൂളുകളിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

25-06-2007-ലെ സ.ഉ(എം.എസ്) നം.126/2007/പൊ.വി.വ നമ്പർ ഉത്തരവുപ്രകാരം ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകർത്ത സമിതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. വിദ്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി കുട്ടികളുടെ നന്മയ്ക്കായി രക്ഷാകർത്താക്കളും അധ്യാപകരും തമ്മിലുള്ള സഹകരണം വളർത്തിയെടുക്കുക, നല്ലൊരു സ്കൂൾ അന്തരീക്ഷം വളർത്തിയെടുക്കുന്നതിനായി സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനായി ശ്രമിക്കുക, സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ശ്രമിക്കുക എന്നീ കാര്യങ്ങളാണ് പി.ടി.എ-യുടെ പ്രധാന ചുമതലകൾ. സ്കൂളുകളുടെ ദൈനംദിന കാര്യങ്ങളിൽ ഇടപെടുന്നതിനുള്ള അധികാരം പി.ടി.എ-യ്ക്ക് നൽകിയിട്ടില്ല.

(ബി) അദ്ധ്യാപകരല്ലാത്ത പി.ടി.എ. ഭാരവാഹികൾ ചില സർക്കാർ സ്കൂളുകളിൽ വടിയുമായി വിദ്യാർത്ഥികളുടെ അച്ചടക്കകാര്യങ്ങളിൽ ഇടപെടുന്നത് പരിശോധിക്കുമോ; ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് എന്തെങ്കിലും സർക്കുലർ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ്

ലഭ്യമാക്കാമോ; ഇല്ലെങ്കിൽ സർക്കുലർ ഇറക്കുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

പി.ടി.എ ഭാരവാഹികൾ വിദ്യാർത്ഥികളുടെ അച്ചടക്ക കാര്യങ്ങളിൽ അനാവശ്യ ഇടപെടലെന്തെങ്കിലും നടത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ സർക്കുലറുകളും പുറപ്പെടുവിച്ചിട്ടില്ല. ഇത്തരം പരാതികൾ ലഭ്യമായാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

173(3392) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ എത്ര രൂപ കേന്ദ്ര കുടിശ്ശികയുണ്ട്; വിശദമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ നിലവിൽ കേന്ദ്രകുടിശ്ശിക ഇല്ല.

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

174(3393) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി 2023-24 അക്കാദമിക വർഷം ആകെ എത്ര തുകയാണ് വേണ്ടത്; അതിൽ കേന്ദ്ര വിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി 2023-24 വർഷം 642.10 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക ഉൾപ്പെടെയാണിത്. കേന്ദ്രവിഹിതം 284.31 കോടി രൂപയാണ്. പദ്ധതിക്കുള്ള സംസ്ഥാന വിഹിതം 357.79 കോടി രൂപയാണ്.

(ബി) അതിൽ പ്രസ്തുത പദ്ധതിക്കായി നാളിതുവരെ കേന്ദ്ര വിഹിതം എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും ഇനി എത്ര രൂപ ലഭിക്കാനുണ്ടെന്നും അറിയിക്കുമോ; ഇതിൽ സംസ്ഥാനവിഹിതം എത്ര രൂപയാണ് അനുവദിക്കേണ്ടിയിരുന്നതെന്നും എത്ര രൂപ അനുവദിച്ചുവെന്നും ഇനി എത്ര രൂപ അനുവദിക്കാൻ ബാക്കിയുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

നടപ്പുവർഷം പദ്ധതിക്ക് ഇതുവരെ 211.02 കോടി രൂപ കേന്ദ്രവിഹിതമായി ലഭ്യമായിട്ടുണ്ട്. ഇനി ലഭിക്കുവാനുള്ളത് 73.29 കോടി

രൂപയാണ്. സംസ്ഥാന വിഹിതമായി അനുവദിക്കേണ്ടിയിരുന്നത് 102.75 കോടി രൂപയാണ്. ഇത് പൂർണ്ണമായും അനുവദിക്കുകയും അതോടൊപ്പം പദ്ധതിക്കുള്ള അധിക സഹായമായി 112.36 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കുള്ള അധിക സഹായമുൾപ്പടെ നടപ്പുവർഷത്തെ ചെലവുകൾക്കായി 142.68 കോടി രൂപയാണ് സംസ്ഥാന വിഹിതമായി ഇനി അനുവദിക്കേണ്ടത്.

(സി) പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചതിനുശേഷം സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രം ആവശ്യപ്പെട്ട റിപ്പോർട്ട് സംസ്ഥാനം യഥാസമയം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്രവിഹിതം ചെലവഴിച്ചതിന്റെ കണക്കുകൾ ഉൾപ്പടെ ആവശ്യപ്പെട്ട എല്ലാ റിപ്പോർട്ടുകളും യഥാസമയം സമർപ്പിച്ചിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയത് 2021-22 വർഷമാണ്. ടി വർഷം, സംസ്ഥാനത്തിന് അർഹതപ്പെട്ട രണ്ടാം ഗഡു കേന്ദ്രവിഹിതം കേന്ദ്രസർക്കാർ അനുവദിച്ചില്ല. രണ്ടാം ഗഡു

കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ 2022 ഫെബ്രുവരി 9-ന് കേന്ദ്രസർക്കാരിന് സമർപ്പിച്ചുവെങ്കിലും തുക ലഭ്യമായില്ല. പ്രൊപ്പോസലിന്മേൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ ആഭ്യന്തര ധനകാര്യ വിഭാഗം (IFD) നിരവധി തടസ്സവാദങ്ങൾ ഉയർത്തുകയും അതിനൊക്കെ രേഖകൾ സഹിതം കൃത്യമായ മറുപടികൾ യഥാസമയം തന്നെ സംസ്ഥാനം നൽകുകയും ചെയ്തിരുന്നു. കൂടാതെ, പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നേരിട്ട് ഡൽഹി സന്ദർശിച്ച് കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഈ വിഷയം ചർച്ച ചെയ്യുകയും സംസ്ഥാനത്തിന് അർഹതപ്പെട്ട തുക അടിയന്തരമായി അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാനം ചെലുത്തിയ നിരന്തര സമ്മർദ്ദങ്ങൾക്കൊടുവിൽ 2022-2023 സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു ദിവസം മുൻപാണ് (30-03-2023) 2021-22 വർഷത്തെ കുടിശ്ശിക കേന്ദ്രവിഹിതം സംസ്ഥാനത്തിന് ലഭ്യമായത്.

2022-23 വർഷം സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം പൂർണ്ണമായും ലഭിക്കുകയുണ്ടായി. മുൻവർഷത്തെ

ധനവിനിയോഗപത്രങ്ങൾ ഉൾപ്പടെ വിശദമായ പ്രൊപ്പോസലുകൾ സമർപ്പിച്ചതിന്റെയും പ്രൊപ്പോസലുകളിന്മേൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ ആഭ്യന്തര ധനകാര്യ വിഭാഗം (IFD) ഉയർത്തിയ തടസ്സവാദങ്ങൾക്ക് കൃത്യമായ മറുപടികൾ നൽകിയതിന്റെയും അടിസ്ഥാനത്തിലാണ് കേന്ദ്രവിഹിതം പൂർണ്ണമായും ലഭ്യമായത്.

നടപ്പുവർഷത്തെ (2023-24) ആദ്യ ഗഡു കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ 2023 ജൂലൈ നാലിനാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചത്. എന്നാൽ പ്രൊപ്പോസലിന്മേൽ അനാവശ്യ തടസ്സവാദങ്ങൾ ഉയർത്തി തുക അനുവദിക്കുന്നത് വൈകിപ്പിക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. കേന്ദ്രസർക്കാരിന്റെ തടസ്സവാദങ്ങൾക്ക് രേഖകൾ സഹിതം മറുപടികൾ നൽകിയതിനെത്തുടർന്ന് ആദ്യ ഗഡു കേന്ദ്ര വിഹിതത്തിന്റെ 50 ശതമാനം 2023 സെപ്റ്റംബർ 22-നും ബാക്കി 50 ശതമാനം തുക നവംബർ 17-നും അനുവദിച്ചു. ആദ്യ ഗഡു കേന്ദ്രവിഹിതം പൂർണ്ണമായും ചെലവഴിക്കുകയും അതിന്റെ വിശദമായ കണക്കുകൾ സമർപ്പിച്ചതിന്റെയും അടിസ്ഥാനത്തിൽ രണ്ടാം ഗഡു കേന്ദ്രവിഹിതത്തിന്റെ

ഒരു ഭാഗം കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാതിരിക്കുന്നതിന് ഇത് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കാലതാമസം ഉണ്ടായിട്ടില്ല.

(ഇ) അടുത്ത അക്കാദമിക വർഷം പ്രസ്തുത പദ്ധതി കുടിശ്ശികയില്ലാതെ നടപ്പിലാക്കുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നടപ്പ് വർഷത്തെ കേന്ദ്രവിഹിതം ചെലവഴിച്ചതിന്റെ ധനവിനിയോഗ പത്രങ്ങൾ യഥാസമയം തന്നെ കേന്ദ്രസർക്കാരിന് സമർപ്പിച്ചുകൊണ്ട് 2024-25 വർഷം സ്കൂളുകൾ തുറക്കുന്നതിന് മുൻപായി ആദ്യ ഗഡു കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്രവിഹിതം യഥാസമയം ലഭ്യമാകുകയാണെങ്കിൽ ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് കുടിശ്ശിക വരാതെ സ്കൂളുകൾക്ക് കൃത്യമായി തുക വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്.

## ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾ

175 (3394) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൈപ്പ് വൺ പ്രമേഹം അടക്കമുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളുടെ വിശദമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ ഇത്തരത്തിലുള്ള കുട്ടികൾക്കായി എന്തൊക്കെ ക്രമീകരണങ്ങളാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അസുഖ ബാധിതരായ കുട്ടികളുടെ ആരോഗ്യം കണക്കിലെടുത്ത് പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ?

(ബി&സി)

1. ഇൻസുലിനെടുക്കുന്ന കുട്ടികൾക്ക് വൃത്തിയുള്ളതും

സ്വകാര്യതയുള്ളതുമായ മുറി/സ്ഥലം സ്കൂളിൽ നിർബന്ധമായും ഒരുക്കേണ്ടതാണ്.

2. ടൈപ്പ് വൺ പ്രമേഹമുള്ള ഒരു കുട്ടിക്ക് ഉച്ചയ്ക്ക് മുൻപും വൈകുന്നേരവും ലഘുഭക്ഷണം കഴിക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ക്ലാസ് ടീച്ചർ ചെയ്ത് കൊടുക്കേണ്ടതാണ്.

3. ടൈപ്പ് വൺ പ്രമേഹമുള്ള കുട്ടികൾക്ക് അവരുടെ സ്കൂൾ പരീക്ഷകൾക്കും മറ്റ് മത്സരപരീക്ഷകൾക്കും താഴെപ്പറയും പ്രകാരം ആവശ്യമായ അനുവാദങ്ങൾ നൽകിയിട്ടുണ്ട്.

പഞ്ചസാര ഗുളികകൾ കൈവശം കരുതുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

ടൈപ്പ് വൺ പ്രമേഹമുള്ള കുട്ടികൾ മരുന്നുകൾ/പഴങ്ങൾ, ലഘുഭക്ഷണങ്ങൾ, കുടിവെള്ളം, ബിസ്ക്കറ്റ്, നിലക്കടല, ഡ്രൈഫ്രൂട്ട്സ് എന്നിവ പരീക്ഷാഹാളിൽ കൊണ്ടുവരുന്നതിന് അനുവദിക്കുകയും ഈ വക സാധനങ്ങൾ ഇൻവിജിലേറ്റർ/അധ്യാപകൻ പരിശോധിച്ച് കുട്ടികളുടെ കൈവശം തന്നെ സൂക്ഷിക്കുവാൻ അനുവദിക്കുകയും ആവശ്യമെങ്കിൽ ആയവ

പരീക്ഷാ സമയത്ത് കുട്ടികൾക്ക് ഭക്ഷിക്കുന്നതിനുള്ള അനുവാദവും നൽകിയിട്ടുണ്ട്.

ടൈപ്പ് വൺ പ്രമേഹമുള്ള കുട്ടികൾക്ക് ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോസ് ടെസ്റ്റിംഗ് സ്ട്രിപ്പ് എന്നിവ പരീക്ഷാ ഹാളിൽ കൊണ്ടുപോകുന്നതിനുള്ള അനുവാദം നൽകുകയും അവ ഇൻവിജിലേറ്റർ/അദ്ധ്യാപകൻ വശം സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇത്തരം കുട്ടികൾക്ക് പരീക്ഷയ്ക്ക് ഇടയിൽ ആവശ്യമെങ്കിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് പരിശോധിക്കാനും ആഹാര വസ്തുക്കൾ ആവശ്യാനുസരണം കഴിക്കാനും കുട്ടിയെ അനുവദിക്കുന്നുണ്ട്.

(Continous Glucose Monotoring (CGM), Flash Glucose Monotoring (FGM), ഇൻസുലിൻ പമ്പുകൾ എന്നിവ പരീക്ഷാ വേളയിലും ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഒരു സ്മാർട്ട് ഫോൺ റീഡറായി ഉപയോഗിക്കുകയാണെങ്കിൽ, രക്തത്തിലെ പഞ്ചസാരയുടെ അളവ് നിരീക്ഷിക്കാൻ അത് അധ്യാപകൻ/ഇൻവിജിലേറ്റർക്ക് കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കുട്ടിക്ക് വൈദ്യസഹായം ആവശ്യമെന്ന് തോന്നുന്ന വേളയിൽ രക്ഷകർത്താവിനെ വിവരം അറിയിക്കേണ്ടതും അടിയന്തരമായി അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി**

176(3395) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-ൽ കേന്ദ്ര സർക്കാർ പാചക ചെലവ് ഇനത്തിൽ വരുത്തിയ വർദ്ധനവ് ഉൾപ്പെടുത്തി സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സ്കൂളുകൾക്ക് ഉച്ചഭക്ഷണ നടത്തിപ്പിനായി അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ ശിപാർശകളടങ്ങിയ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂളുകളിൽ വിതരണം ചെയ്ത ഉപകരണങ്ങൾ**

177(3396) **ശ്രീ. പി. വി. ശ്രീനിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിലൂൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂളുകളിൽ വിതരണം ചെയ്ത ഉപകരണങ്ങളുടെ വിശദാംശം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത ഉപകരണങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അവയുടെ പ്രവർത്തനക്ഷമത ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂളുകളിൽ 3,89,28,480/- (മൂന്നുകോടി എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി നാന്നൂറ്റി എൺപത് രൂപ മാത്രം) രൂപയുടെ ഉപകരണങ്ങൾ നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പുവരുത്തുന്നതിനായി അഞ്ചു വർഷ വാറണ്ടി, ഇൻഷുറൻസ് പരിരക്ഷ, ഉപകരണങ്ങൾ കേടായാൽ അത് പരിഹരിക്കുന്നതിന് കാൾ സെന്റർ, ഓൺലൈൻ പരാതി പരിഹാര സംവിധാനം തുടങ്ങിയവ ഉറപ്പുവരുത്തുകയും വാറണ്ടി അവസാനിക്കുന്ന ലാപ്‌ടോപ്പ്, പ്രൊജക്ടർ എന്നിവയ്ക്ക് AMC (Annual Maintenance Contract)-യും ഏർപ്പെടുത്തിയിട്ടുണ്ട്.

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശ്ശിക**

178 (3397) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ കേന്ദ്ര സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്രസർക്കാർ കുടിശ്ശിക വരുത്തിയിരുന്നു. 2021-22 വർഷം സംസ്ഥാനത്തിന് അർഹതപ്പെട്ട രണ്ടാം ഗഡു കേന്ദ്രവിഹിതമായ 132.90

കോടി രൂപ ടി വർഷം കേന്ദ്രസർക്കാർ അനുവദിച്ചില്ല. സംസ്ഥാനം ചെലുത്തിയ നിരന്തര സമ്മർദ്ദങ്ങൾക്കൊടുവിൽ 2022-2023 സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു ദിവസം മുൻപാണ് (30-03-2023) ടി തുക കേന്ദ്രസർക്കാർ അനുവദിച്ചത്. നടപ്പ് വർഷത്തിന്റെ ആദ്യ രണ്ട് പാദങ്ങളിലും കേന്ദ്രസർക്കാർ കുടിശ്ശിക വരുത്തിയിരുന്നു. സ്കൂളുകൾ തുറന്ന് മൂന്നര മാസങ്ങൾക്കുശേഷമാണ് ഇക്കൊല്ലത്തെ ആദ്യ ഗഡു കേന്ദ്രവിഹിതം ലഭ്യമായത്. നിലവിൽ കേന്ദ്രവിഹിതത്തിൽ കുടിശ്ശികയില്ല.

കേന്ദ്രവിഹിതം ലഭ്യമാകുന്നതിൽ വരുന്ന കാലതാമസം ആനുപാതിക സംസ്ഥാനവിഹിതത്തിന്റെ റിലീസിനെ സ്വാഭാവികമായി ബാധിക്കുന്നതല്ലാതെ സംസ്ഥാന സർക്കാർ കുടിശിക വരുത്തിയിട്ടില്ല. നടപ്പ് വർഷത്തെ ആദ്യ ഗഡു കേന്ദ്രവിഹിതം ലഭിക്കുന്നതിൽ വന്ന കാലതാമസം കണക്കിലെടുത്ത് പദ്ധതിക്കുള്ള സംസ്ഥാന വിഹിതത്തിൽ നിന്ന് 81.54 കോടി രൂപ മുൻകൂറായി സംസ്ഥാന സർക്കാർ റിലീസ് ചെയ്തിരുന്നു. നടപ്പ് വർഷം പദ്ധതിക്ക് ഇതുവരെ 211.02 കോടി രൂപ കേന്ദ്രവിഹിതമായി ലഭ്യമായപ്പോൾ സംസ്ഥാന വിഹിതമായി 215.11 കോടി രൂപ റിലീസ് ചെയ്തു.

(ബി) എല്ലാ സ്കൂളുകളിലും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ ഗുണനിലവാരമുള്ള ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പരിധിയിൽ വരുന്ന 12024 സ്കൂളുകളിൽ 9666 സ്കൂളുകളിൽ പച്ചക്കറിത്തോട്ടങ്ങൾ സജ്ജീകരിക്കുകയും അവയിൽ നിന്നുള്ള വിളവുകളുപയോഗിച്ച് തയ്യാറാക്കുന്ന കറികൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതോടൊപ്പം, പല സ്കൂളുകളിലും നെൽകൃഷി, ചെറുധാന്യകൃഷി എന്നിവയും നടക്കുന്നുണ്ട്.

(സി) സ്കൂൾ കുട്ടികൾക്ക് ആവശ്യമുള്ള പോഷകാഹാരം ലഭ്യമാക്കാൻ സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി സർക്കാർ പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആഴ്ചയിൽ രണ്ട് ദിവസം പാലും ഒരു ദിവസം മുട്ടയും നൽകിവരുന്നു. മുട്ട കഴിക്കാത്ത കുട്ടികൾക്ക് നേന്ത്രപ്പഴം നൽകുന്നു. നിലവിൽ സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നില്ല. ഉച്ചഭക്ഷണ

പദ്ധതി ചെലവുകൾക്കായി സ്കൂളുകൾക്ക് അനുവദിക്കുന്ന തുകയിൽ നിന്ന് തന്നെയാണ് സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിയ്ക്കുള്ള ചെലവും നടത്തുന്നത്.

**പുതുക്കിയ സ്കൂൾ പാറ്റേൺ**

179 (3398) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ പുതുക്കിയ സ്കൂൾ പാറ്റേൺ വിശദമാക്കാമോ; സംസ്ഥാനത്ത് അത് എന്നത്തേയ്ക്കാണ് പ്രായോഗികമാക്കുകയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ സ്കൂൾ പാറ്റേൺ പുതുക്കിയിട്ടില്ല. സ്കൂൾ പാറ്റേൺ പുതുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ ഇത്തരത്തിൽ പാറ്റേൺ മാറ്റുന്നതിലൂടെ ലക്ഷ്യമിടുന്ന പ്രയോജനങ്ങൾ അറിയിക്കാമോ;

(സി) പാറ്റേൺ മാറ്റുന്നത് ഏതെങ്കിലും സമിതിയുടെ നിർദേശം

നടപ്പിലാക്കുന്നതിന്റെ ഭാഗമാണോ; എങ്കിൽ ആ സമിതിയുടെ റിപ്പോർട്ടിന്റെ വിശദാംശം അറിയിക്കാമോ?

(ബി&സി) ബാധകമല്ല.

**സ്കൂൾ പാഠ്യപദ്ധതിയിൽ ഭരണഘടനാ പഠനം**

180 (3399) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതിയിൽ ഏത് ക്ലാസ് മുതലാണ് ഭരണഘടനാ പഠനം ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതിയിൽ പ്രൈമറിതലത്തിൽ പരിസരപഠനത്തിന്റെ ഭാഗമായും ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിൽ സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളുടെ ഭാഗമായും വിവിധ സന്ദർഭങ്ങളിൽ ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പുതിയതായി തയ്യാറാക്കിയിട്ടുള്ള എല്ലാ പാഠപുസ്തകങ്ങളിലും ഭരണഘടനയുടെ ആമുഖം, മൗലിക കർത്തവ്യങ്ങൾ, കുട്ടികളുടെ

അവകാശങ്ങൾ എന്നീ ഭാഗങ്ങൾ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഒന്നാം ക്ലാസ് മുതൽ തന്നെ ഭരണഘടനയും പൗരധർമ്മവും ചുമതലകളും അവകാശങ്ങളും പഠിക്കുന്നതിന് അവസരം ലഭിക്കത്തക്ക വിധത്തിൽ സിലബസിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

ഭരണഘടനയെ സംബന്ധിച്ച് എല്ലാ വിദ്യാർത്ഥികൾക്കും സമഗ്രമായ ധാരണ വികസിപ്പിക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 2024-25 അധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുന്ന പുതിയ പാഠപുസ്തകങ്ങളിൽ വിവിധ ക്ലാസുകളിലായി ഉൾച്ചേർത്തിട്ടുണ്ട്. 'ജനങ്ങൾ ജനങ്ങളാൽ' എന്ന അഞ്ചാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ ജനാധിപത്യ ഭരണസംവിധാനത്തെക്കുറിച്ചും ഭരണഘടനയിൽ ജനാധിപത്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. 'ഭരണഘടന - വഴിയും വഴികാട്ടിയും' എന്ന ഏഴാം ക്ലാസ് സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിന്റെ മൂന്നാം അധ്യായത്തിൽ ഭരണഘടന നിലവിൽ വന്നത് മുതൽ ഭരണഘടനയുടെ

സവിശേഷതകൾ, വ്യത്യസ്ത നിയമങ്ങൾ എന്നിവയെക്കുറിച്ചും ഭരണഘടനാ ധർമ്മങ്ങളെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. ഒമ്പതാം ക്ലാസിലെ 'ഭരണസ്ഥാപനങ്ങൾ' എന്ന അധ്യായത്തിലൂടെ ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വർക്കല പണയിൽ ഗവൺമെന്റ് എൽ.പി.എസ്-ന്**
**പുതിയ കെട്ടിടം**

181(3400) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പണയിൽ ഗവൺമെന്റ് എൽ.പി.എസ്-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിലെ കെട്ടിടം പൊളിച്ചുമാറ്റി സൈറ്റ് ക്ലിയർ ചെയ്തു നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, സ്കൂളിന് നൽകിയ 31-10-2023-ലെ ബി.എസ്.സി/8637/2018 നമ്പർ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

പണയിൽ ഗവ.എൽ.പി. സ്കൂളിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിൽ ഫിറ്റ്നസുള്ളതും ക്ലാസ്സുകൾ

പ്രവർത്തിക്കുന്നതുമായ കെട്ടിടം പൊളിച്ചുമാറ്റേണ്ടതുണ്ട്. ടി കെട്ടിടം പൊളിക്കുന്നതിനായി പ്രസ്തുത സ്കൂൾ പ്രവർത്തിക്കുന്നതിനായി പകരം സംവിധാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ടെണ്ടർ നടപടി പൂർത്തിയായതിനാൽ നിലവിലെ കെട്ടിടം ഇടിച്ചു മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

നിലവിലെ കെട്ടിടം പൊളിക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുന്നന്താനം പാലയ്ക്കത്തകിടി സെന്റ് മേരിസ് ഹൈസ്കൂൾ നിർമാണം**

182(3401) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നന്താനം പാലയ്ക്കത്തകിടി സെന്റ് മേരീസ് ഹൈസ്കൂളിന് കിഫ്ബി ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന്

വ്യക്തമാക്കാമോ?

കുന്നന്താനം പാലയ്ക്കത്തകിടി സെന്റ് മേരീസ് ഹൈസ്കൂളിൽ കിഫ്ബി മുഖേനയുള്ള 3 കോടി രൂപയും എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള ഒരു കോടി രൂപയും ചേർത്ത് നാല് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത കെട്ടിടനിർമ്മാണം സംബന്ധിച്ച ഇ-ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതി നിർവഹണത്തിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(സി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി അംഗീകരിച്ച Letter of Acceptance ലഭിക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കാൻ സാധിക്കും.

**പൊതുപരീക്ഷാസ്ക്വാഡുകളിലെ അംഗങ്ങളെ നിയമിക്കുന്നതിനുള്ള മാനദണ്ഡം**

183(3402) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി തലത്തിലെ പൊതുപരീക്ഷയിൽ സ്ക്വാഡുകളിലെ അംഗങ്ങളെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇവരുടെ ജോലി സ്വഭാവം എങ്ങനെയാണ്; ആലപ്പുഴ ജില്ലയിൽ കഴിഞ്ഞവർഷം ഈ സ്ക്വാഡ് നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റീജണൽ ഡെപ്യൂട്ടി ഡയറക്ടർമാരാണ് അവരവരുടെ അധികാര പരിധിയിലുള്ള ജില്ലകളിൽ മോണിറ്ററിംഗ് സ്ക്വാഡുകൾ സംഘടിപ്പിക്കുന്നത്. ജില്ലാ കോ-ഓർഡിനേറ്റർ, സീനിയർ പ്രിൻസിപ്പൽമാർ എന്നിവർക്ക് സ്ക്വാഡിൽ അംഗങ്ങളാകാവുന്നതാണ്. പരീക്ഷാ രജിസ്റ്ററുകൾ, ക്രമക്കേടുകൾ, സീറ്റിംഗ് അറേഞ്ച്മെന്റ്, ക്ലാസ് റൂം ഇൻവിജിലേറ്റർമാരുടെ ഡ്യൂട്ടി, വിദ്യാർത്ഥികളുടെ പരീക്ഷാ കൺസഷനുകൾ എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾ സ്ക്വാഡുകൾക്ക് പരിശോധിക്കാവുന്നതാണ്. ആലപ്പുഴ ജില്ലയിൽ ശ്രീ. സജി ജെ., പ്രിൻസിപ്പാൾ, വി.എം.ജി.എച്ച്.എസ്.എസ് വയലാർ,

ശ്രീ. ബാബു കെ., പ്രിൻസിപ്പാൾ, എസ്.വി.എച്ച്.എസ്.എസ് കുടശനാട്, ശ്രീമതി അനില എം.ആർ, പ്രിൻസിപ്പാൾ, എൻ.എസ്.എസ്. എച്ച്.എസ്.എസ് പാണാവള്ളി എന്നിവരടങ്ങുന്ന ഒരു ടീം 10-03-2023 മുതൽ 30-03-2023 വരെ വിവിധ തീയതികളിലായി 60-ഓളം സ്കൂളുകളിൽ പരിശോധന നടത്തുകയും മേഖല ഉപമേധാവി 10-ഓളം സ്കൂളുകളിൽ മിന്നൽ പരിശോധന നടത്തുകയും ചെയ്തു. ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

**ഹയർ സെക്കണ്ടറിതലത്തിലെ അദ്ധ്യയന ദിനങ്ങൾ**

184(3403) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു അദ്ധ്യയന വർഷം സംസ്ഥാനത്തെ പ്ലസ് വൺ ക്ലാസ്സുകളിൽ 200 അദ്ധ്യയന ദിനങ്ങൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്ലസ് വൺ ക്ളാസ്സുകളിൽ 200 അദ്ധ്യയന ദിനങ്ങൾ ഈ വർഷം ലഭിച്ചിട്ടില്ലെങ്കിലും മുൻ വർഷത്തേക്കാൾ 50 ദിവസം മുൻപ് ക്ലാസ് തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രവേശന നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ചും അദ്ധ്യാപകരുടെ മറ്റ് ചുമതലകൾ ഒഴിവാക്കിയും ഹയർ സെക്കണ്ടറി തലത്തിൽ ഇരുന്നൂറ് അദ്ധ്യയന ദിനങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

**സ്കൂൾ കുട്ടികളിൽ ലഹരി മരുന്ന് ഉപയോഗം**

185(3404) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളിൽ ലഹരി മരുന്ന് ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂൾ തലത്തിൽ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സ്കൂൾ കുട്ടികളിൽ ലഹരി മരുന്ന് ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് നടപടി

സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കണ്ടെത്തുന്നതിനും അവ ഇല്ലായ്മ ചെയ്യുന്നതിനുംവേണ്ട പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നുണ്ട്.

(സി) സ്കൂളുകളിൽ കുട്ടികൾ കൃത്യമായി ഹാജരാകുന്നില്ലെങ്കിൽ ആ വിവരം രക്ഷിതാക്കളെ അറിയിക്കുന്ന പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

പൂർണ്ണമായി നടപ്പിലായിട്ടില്ല.

(ഡി) സ്കൂളുകളിൽ കുട്ടികൾക്കുവേണ്ടി നടത്തുന്ന ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സ്കൂളുകളിൽ വിദ്യാലയ ജാഗ്രത സമിതി രൂപീകരണം, വിദ്യാലയ ജാഗ്രത, ബ്രിഗേഡുകളുടെ രൂപീകരണം, സ്കൂൾതല ഡ്രോപ് ബോക്സ് സ്ഥാപിക്കൽ, മെഡിക്കൽ-ദന്ത പരിശോധന ക്യാമ്പ്, ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഹ്രസ്വചിത്ര നിർമ്മാണം, അമ്മ റിസോഴ്സ് ഗ്രൂപ്പ് (ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക്), സ്പോർട്സ്,

യോഗ, സൈക്ലിംഗ്, പട്ടം പറത്തൽ (കുട്ടികൾക്ക് ആവേശവും താൽപ്പര്യവും ഉണർത്തുന്ന കായിക ഇനം), ലഹരി വിരുദ്ധ പ്രവർത്തനങ്ങളുൾപ്പെടുത്തി പ്രാദേശിക സംവാദ സദസ്സ്, കുട്ടികൾക്കുള്ള ലൈഫ് സ്കിൽ പരിശീലനം, എക്സിബിഷൻ-കം-വെൽനസ് പ്രോഗ്രാമുകൾ അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

**സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ നടപടി**

186 (3405) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികളെ ലഹരി വിൽപ്പനയ്ക്കായി ദുരുപയോഗം ചെയ്യുന്നതും സ്കൂൾ പരിസരത്തെ ലഹരി വിൽപ്പന തടയുന്നതിനും

വിദ്യാഭ്യാസവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം തടയുന്നതിന് സ്കൂളുകളിൽ വിദ്യാലയ ജാഗ്രത സമിതി രൂപീകരണം, വിദ്യാലയ ജാഗ്രത, ബ്രിഗേഡുകളുടെ രൂപീകരണം, സ്കൂൾതല ഡ്രോപ് ബോക്സ് സ്ഥാപിക്കൽ, മെഡിക്കൽ-ദന്ത പരിശോധന ക്യാമ്പ്, ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഹ്രസ്വചിത്ര നിർമ്മാണം, അമ്മ റിസോഴ്സ് ഗ്രൂപ്പ് (ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക്), സ്പോർട്സ്, യോഗ, സൈക്ലിംഗ്, പട്ടം പറത്തൽ (കുട്ടികൾക്ക് ആവേശവും താൽപ്പര്യവും ഉണർത്തുന്ന കായിക ഇനം), ലഹരി വിരുദ്ധ പ്രവർത്തനങ്ങളുൾപ്പെടുത്തി പ്രാദേശിക സംവാദ സദസ്, കുട്ടികൾക്കുള്ള ലൈഫ് സ്കിൽ പരിശീലനം, എക്സിബിഷൻ കം വെൽനസ് പ്രോഗ്രാമുകൾ, അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ രക്ഷിതാക്കൾക്കായി എന്തെങ്കിലും പദ്ധതികൾ വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സ്കൂളുകളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പാക്കുന്നതിനായി അമ്മ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.

### വിദ്യാലയങ്ങളിലെ ഇന്റർനെറ്റ് ഉപയോഗം

187(3406) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിൽ ഇനിയും കെ-ഫോൺ പദ്ധതി പ്രകാരം ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള വിദ്യാലയങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഇവിടങ്ങളിൽ എന്നത്തേയ്ക്കിത് ലഭ്യമാക്കാൻ സാധിക്കും?

കയ്പമംഗലം മണ്ഡലത്തിൽ ആകെയുള്ള 86 സ്കൂളുകളിൽ 59 എണ്ണത്തിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിൽ 2024

മാർച്ച് 31-നകം ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) ഈ ഇന്റർനെറ്റ് സൗകര്യം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി ഐ.ടി വകുപ്പ് വഴി മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമായി നടത്താൻ സാധിക്കുമോ; വിശദാംശം നൽകുമോ?

വിദ്യാർത്ഥികളുടെ പഠനപ്രവർത്തനത്തിന് സഹായകരമാകുകായെന്ന രീതിയിൽ തന്നെയാണ് സ്കൂളുകളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നത്. നിലവിൽ സർക്കാർ ഓഫീസുകളിലെ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനും പരാതി പരിഹാരത്തിനുമായി കെ-ഫോൺ കേന്ദ്രീകൃത കാൾ സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട്.

**മഞ്ചേശ്വരം മണ്ഡലത്തിൽ ഡി.റ്റി.എച്ച്. സ്ഥാപിക്കുന്ന പ്രവൃത്തി**

188(3407) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ 149 വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ

ഓൺലൈൻ പഠനത്തിനാവശ്യമായ ഡി.റ്റി.എച്ച്. സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സ്ഥാപിച്ചിട്ടുണ്ട്.

(ബി) എങ്കിൽ സിറ്റി കൂൾ ഇലക്ട്രോണിക്സ്, കാസർഗോഡ് എന്ന സ്ഥാപനമാണോയിതു സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ?

ടെലിവിഷൻ സ്ഥാപിച്ചത് എ.എസ്. എന്റർപ്രൈസസ്, ഡൽഹിയെന്ന സ്ഥാപനവും ഡി.റ്റി.എച്ച്. സ്ഥാപിച്ചത് സിറ്റി കൂൾസ് ഇലക്ട്രോണിക്സെന്ന സ്ഥാപനവുമാണ്.

(സി) ഏത് ഫണ്ട് ഉപയോഗിച്ചാണ് ഈ പ്രവൃത്തി ചെയ്തതെന്നും ഏത് ഉത്തരവ് പ്രകാരമാണ് ഈ സ്ഥാപനത്തെ പ്രവൃത്തി ചെയ്യുന്നതിന് ചുമതലപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ?

മഞ്ചേശ്വരം എം.എൽ.എ.-യുടെ 2020-21 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ജില്ലാ കലക്ടറുടെ 09-07-2020-ലെ RD5/833/2020/11932/ADC നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും കാസർഗോഡ് വിദ്യാഭ്യാസ

ഉപഡയറക്ടറുടെ 10-08-2020-ലെ D3/5992/20 നമ്പർ ഉത്തരവ് പ്രകാരം പ്രവൃത്തി നടത്തുന്നതിന് ഈ സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ഭരണാനുമതി തുക എത്രയാണെന്നും ഭരണാനുമതി ലഭിച്ചതെപ്പോഴാണെന്നും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

09-07-2020-ൽ 25.63 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ഇ) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ എപ്പോഴാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ; പ്രവൃത്തി ഏറ്റെടുത്ത സ്ഥാപനത്തിന് തുക നൽകിയോയെന്നും ഇല്ലെങ്കിൽ എത്ര തുക നൽകാനുണ്ടെന്നും തുക എന്നത്തേയ്ക്ക് നൽകുമെന്നും വ്യക്തമാക്കാമോ?

പൂർത്തീകരിച്ച്, ടെലിവിഷൻ സ്ഥാപിച്ചതിനുള്ള തുകയായ 17,86,063/- രൂപ 10-03-2022-ന് കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ മാറി നൽകിയിട്ടുണ്ട്. ഡി.റ്റി.എച്ച്. സ്ഥാപിച്ചതിന്റെ ബിൽ സമർപ്പിച്ചതിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാനത്തിൽ ആയതിന്റെ തുകയായ 4,09,750/- രൂപ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് അടിസ്ഥാന സൗകര്യവികസനം**

189 (3408) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം ആലത്തൂർ നിയോജക മണ്ഡലത്തിലെ സർക്കാർ - എയ്ഡഡ് വിദ്യാലയങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ലഭിച്ച തുകയും തുക നൽകിയ ഏജൻസിയും പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

2016-നുശേഷം ആലത്തൂർ നിയോജക മണ്ഡലത്തിലെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) നിലവിൽ ഓരോ പ്രവൃത്തിയുടേയും പ്രവർത്തന പുരോഗതി എന്താണെന്ന് അറിയിക്കാമോ?

2016-നുശേഷം ആലത്തൂർ നിയോജക മണ്ഡലത്തിലെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധമായി+ചേർത്തിട്ടുണ്ട്.

(സി) 2016-നുശേഷം എം.എൽ.എ. ഫണ്ട് ലഭ്യമായ ആലത്തൂർ നിയോജക മണ്ഡലത്തിലെ സർക്കാർ- എയ്ഡഡ് സ്കൂളുകളുടെ പേരും തുകയും വ്യക്തമാക്കാമോ?

2016-നുശേഷം ആലത്തൂർ മണ്ഡലത്തിലെ സ്കൂളുകൾക്ക് ലഭ്യമായിട്ടുള്ള എം.എൽ.എ ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**പ്ലസ്ടു കോമ്പിനേഷൻ മാറ്റം**

190(3409) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം പാവനാത്മ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി 28-01-2023-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പ്ലസ് ടു കൊമേഴ്സ് കോമ്പിനേഷനിൽ മാറ്റം വരുത്തുന്നതിനായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന് സാമ്പത്തിക ബാധ്യത വരുത്താത്തതിനാലും എറണാകുളം ജില്ലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും പ്രസ്തുത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി ബാച്ചുകൾ പുനഃക്രമീകരിക്കുന്നതിനായി 22-12-2022-ലെ GO(Rt) No. 8329/2022/G.Edn ഉത്തരവുപ്രകാരം ഒരു കമ്മിറ്റി സർക്കാർ രൂപീകരിക്കുകയുണ്ടായി. കമ്മിറ്റിയുടെ പ്രവർത്തന അജണ്ടയിലുണ്ടായിരുന്ന വിഷയങ്ങളിൽ ഒന്നായിരുന്നു വിദ്യാലയങ്ങളിലെ കോമ്പിനേഷൻ മാറ്റത്തെ സംബന്ധിച്ചത്. ആയതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമായ അപേക്ഷകളിൽ കോതമംഗലം പാവനാത്മ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയിൽ നിന്നുമുള്ള അപേക്ഷ ലഭിച്ചിരുന്നു. ആയത് പരിശോധിച്ചു വരുന്നു.

**പരവൂർ കോട്ടപ്പുറം ഗവ. എൽ.പി.എസ്.**
**കെട്ടിടത്തിന്റെ നിർമ്മാണം**

191(3410) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂർ നഗരസഭയിലെ കോട്ടപ്പുറം ഗവ. എൽ.പി.എസ് കെട്ടിടത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കേണ്ടതിന്റെ

ആവശ്യകത സംബന്ധിച്ച് സ്ഥലം എം.എൽ.എ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബി ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷന്റെ ചുമതലയിൽ നടക്കുന്ന പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ അവശേഷിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും കെട്ടിടനിർമ്മാണമെന്ന് പുന:രാരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടപ്പുറം ഗവ. എൽ.പി.എസ്-ന്റെ നിലവിൽ ശേഷിക്കുന്ന പ്രവൃത്തിക്ക് റീടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് negotiation കത്ത് നൽകിയിരുന്നു. ആയതിന്റെ മറുപടി നിശ്ചിത സമയത്ത് ലഭിക്കാത്തതിനാൽ നിയമപരമായ നടപടി സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## വർക്കല മണ്ഡലത്തിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം

192(3411) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവുകളിൽ വർക്കല മണ്ഡലത്തിലെ പൊതു വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്കൂളുകളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും സ്കൂളുകൾ തിരിച്ച് വിശദമാക്കാമോ?

മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവുകളിൽ വർക്കല മണ്ഡലത്തിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

## വട്ടേക്കാട് ജി.യു.പി. സ്കൂൾ കെട്ടിടത്തിന്റെ പൂർത്തീകരണം

193(3412) ശ്രീ. കെ. ബാബു (നെന്മാറ):താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ പ്ലാൻഫണ്ടിൽ നിന്നും ഒരു കോടി രൂപ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ച നെന്മാറ നിയോജക മണ്ഡലത്തിലെ വട്ടേക്കാട് ജി.യു.പി. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പ്രവൃത്തി ഇത്രയും കാലം പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ?

നിർവഹണ ഏജൻസിയുടെ നിസ്സഹരണം കാരണം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) ഈ സ്കൂളിൽ കെട്ടിടസൗകര്യമില്ലാത്തത് കഴിഞ്ഞ വർഷത്തെ അഡ്മിഷനെ ഉൾപ്പെടെ ബാധിച്ചതുകൊണ്ട് കെട്ടിടം പണി അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഈ സ്കൂളിന്റെ കെട്ടിടം പണി എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കക്കാട് ഗവ. എൽ.പി. സ്കൂൾ കെട്ടിടത്തിന് പ്ലാൻ ഫണ്ട്**

194(3413) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരശ്ശേരി പഞ്ചായത്തിലെ കക്കാട് ഗവ.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിന് പ്ലാൻ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫണ്ട് അനുവദിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ കക്കാട് ഗവ.എൽ.പി.സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് ലഭിക്കുകയുണ്ടായി. എന്നാൽ എൽ.എസ്.ജി.ഡിയുൾപ്പെടെയുള്ള അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ശീർഷകത്തിൽ തുകയൊന്നും

വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകുവാൻ കഴിഞ്ഞിട്ടില്ല.

**തിരുപുറം ഹയർ സെക്കണ്ടറി സ്കൂൾ മന്ദിരം നിർമ്മാണം**

195(3414) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തിരുപുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് അനുവദിച്ച ഒരു കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന മന്ദിരത്തിന്റെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ തിരുപുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണത്തിന്റെ സാങ്കേതിക അനുമതി ഘട്ടത്തിൽ PRICE SOFTWARE-ലുണ്ടായ ചില സാങ്കേതിക തടസ്സങ്ങൾ കാരണം എസ്.പി.വി-യായി ചുമതലപ്പെടുത്തിയിട്ടുള്ള കിലയ്ക്ക്

അനുമതി നൽകുന്നതിന് സാധിക്കാതെ വന്നു. ഇത് പരിഹരിച്ച് സാങ്കേതികാനുമതി നൽകി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

**അദ്ധ്യാപകർക്ക് സംരക്ഷണാനുകൂല്യം**

196(3415) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ  വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 അധ്യയന വർഷം മുതൽ 2014-15 വരെ അധിക തസ്തികകളിൽ നിയമനാംഗീകാരം നേടുകയും പിന്നീട് തസ്തിക നഷ്ടംമൂലം പുറത്തുപോകേണ്ടി വരികയും ചെയ്ത അദ്ധ്യാപകർക്ക് സംരക്ഷണാനുകൂല്യം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

ചില വ്യവസ്ഥകളോടെ 14-07-2022-ലെ സ.ഉ(അച്ചടി) നം.08/2022/പൊ.വി.വ പ്രകാരം സർക്കാർ ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്ന കാലയളവിൽ മാതൃസ്കൂളിൽ പുനർനിയമിക്കപ്പെട്ട് തുടർന്നുവന്നതിനാൽ ഈ ആനുകൂല്യത്തിന്

പരിഗണിക്കപ്പെടാതെ പോവുകയും 2023-24 വർഷത്തിൽ തസ്തിക നഷ്ടപ്പെടുകയും ചെയ്ത കുന്ദമംഗലം ഉപജില്ലയിലെ പറമ്പിൽ കടവ് എം.എ.എം. യു.പി. സ്കൂൾ ജൂനിയർ അറബിക് അദ്ധ്യാപിക സജ്ന ഇ.കെ., സ.ഉ. നമ്പർ 8/2022/പൊ.വി.വ. സർക്കാർ ഉത്തരവിന്റെ ആനുകൂല്യം തനിക്കും അനുവദിച്ച നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എസ് സി3/219/2023-ജിഇഡിഎൻ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

14-07-2022-ലെ സ.ഉ.(അച്ചടി)നം.8/2022/പൊ.വി.വ. ഉത്തരവിന്റെ ആനുകൂല്യം തനിക്കും നൽകണമെന്നാവശ്യപ്പെട്ട് 12-09-2023 തീയതിയിൽ ശ്രീമതി സജ്ന.ഇ.കെ സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 20-09-2023-ലെ എസ്.സി3/219/2023 നം.കത്ത് പ്രകാരം പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ 09-02-2024-ന് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഹർജിക്കാരിയുടെ ആവശ്യം എസ്.സി3/219/2023/പൊ.വി.വ നമ്പർ

ഫയലിൽ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത സംരക്ഷണാനുകൂല്യം സജ്ന ഇ.കെ.യ്ക്ക് നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഈ ഫയലിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

2011-12 മുതൽ 2014-15 വരെ അധിക തസ്തികയിൽ നിയമിതരായി നിയമനാംഗീകാരം ലഭിച്ച് തസ്തിക നഷ്ടപ്പെട്ട് പുറത്തായ അധ്യാപകർക്ക് ഡി.ജി.ഇ-യുടെ 5/08/2022-ലെ എച്ച്2/10483/2022/ഡി.ജി.ഇ ഉത്തരവ് പ്രകാരം സംരക്ഷണാനുകൂല്യം അനുവദിച്ചിരുന്നു. എന്നാൽ ശ്രീമതി.സജ്ന ഇ.കെ 15-07-2019-ന് പുനർ നിയമിക്കപ്പെട്ട് അംഗീകാരം നേടിയതിനാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ടിയാളുടെ തസ്തിക 15-07-2023-ന് മാത്രമാണ് നഷ്ടപ്പെടുന്നത്. ഹർജിക്കാരിക്ക് 14-07-2022 ലെ സ.ഉ.(അച്ചടി)നം.8/2022/പൊ.വി.വ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം അനുവദിച്ച് നൽകാൻ കഴിയുമോയെന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റിട്ടയർ ചെയ്തവർക്ക് പുനർനിയമനം

197(3416) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ നിന്നും റിട്ടയർ ചെയ്തവർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ പുനർനിയമനം നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളിലാണ് സർവീസിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ പുനർനിയമിച്ചിട്ടുള്ളതെന്നും അവർ ആരെല്ലാമാണെന്നും എവിടെയെല്ലാം ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഇവർക്ക് ശമ്പളവും മറ്റാനുകൂല്യവും നൽകുന്നതിനുവേണ്ടി ഓരോ സ്ഥാപനത്തിനും പ്രതിമാസം ചെലവാകുന്ന തുക എത്രയെന്ന് വിശദമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**അദ്ധ്യാപക തസ്തിക നിർണ്ണയ നടപടികൾ**

198(3417) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തിലെ കുട്ടികളുടെ കണക്കെടുപ്പിനുശേഷം ഓരോ ജില്ലകളിലേയും അദ്ധ്യാപക തസ്തിക നിർണ്ണയ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ?

2023-2024 വർഷത്തെ അധിക തസ്തിക ഒഴിച്ചുള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ 08-09-2023 തീയതിയിൽ പൂർത്തീകരിച്ചു. അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിവരുന്നു.

(ബി) അദ്ധ്യാപക തസ്തിക നിർണ്ണയത്തിനുശേഷം പുതിയ തസ്തികകൾ ആവശ്യമാണെന്ന് കാണുന്ന പക്ഷം ആയത് ഈ അധ്യയന വർഷം തന്നെ അനുവദിക്കുമോ; വിശദമാക്കാമോ?

അധിക തസ്തികകൾ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## ഹയർ സെക്കണ്ടറി വിഭാഗത്തിലെ അറബി ഭാഷാ പഠനം

199(3418) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ അറബി ഭാഷ അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ എത്ര കുട്ടികൾ വേണമെന്നറിയിക്കുമോ?

21-04-1998-ലെ സർക്കാർ ഉത്തരവ് (സാധാ)നം.125/98/പൊവിവ പ്രകാരം അറബിക് ഉപഭാഷയ്ക്ക് തസ്തിക സൃഷ്ടിക്കുന്നതിന് ഒരു ബാച്ചിൽ 10 വിദ്യാർത്ഥികളുണ്ടാകണമെന്നാണ് നിഷ്കർഷിച്ചിരുന്നത്. എന്നാൽ 16-12-2019-ലെ സർക്കാർ കത്ത് നം.610/റ്റി2/19/പൊവിവ പ്രകാരം 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച ബാച്ചുകളിൽ അറബിക് തസ്തിക സൃഷ്ടിക്കുന്നതിന് ഒരു ബാച്ചിൽ 25 വിദ്യാർത്ഥികൾ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) 2019 വരെ ഹയർ സെക്കണ്ടറിയിൽ അറബിക്, ഉറുദു, സംസ്കൃതം, കന്നട, തമിഴ് എന്നീ ഭാഷകൾ പഠിപ്പിക്കാൻ പത്തു കുട്ടികൾ വേണമെന്ന രീതിയിൽ നിന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 16-12-2019-ലെ

610/02/2019 നമ്പർ സർക്കുലർ പ്രകാരം അറബിക് ഭാഷയ്ക്കുമാത്രം ഇരുപത്തിയഞ്ച് കുട്ടികൾ വേണമെന്ന നിബന്ധന ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുറപ്പെടുവിച്ചതെന്നു വിശദമാക്കാമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) അറബിക് ഭാഷയ്ക്കുമാത്രം ഇരുപത്തിയഞ്ച് കുട്ടികൾ വേണമെന്ന സർക്കുലർ പിൻവലിക്കാൻ ആവശ്യമായ എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ;വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള സ്കൂൾ കെട്ടിട നിർമ്മാണം

200(3419) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചാലഞ്ച് ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പ്രവൃത്തി പൂർത്തിയാക്കിയ എത്ര എയ്ഡഡ് സ്കൂളുകളുണ്ട്; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ ചാലഞ്ച് ഫണ്ട് വിനിയോഗിച്ച് നിർമ്മാണ

പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ എയ്ഡഡ് സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സെന്റ് മേരീസ് എൽ.പി.എസ്. പുന്നച്ചേരി

2. വേങ്ങാട് മാപ്പിള യു.പി.എസ്.

3. അബ്ദുറഹ്മാൻ സ്മാരക യു.പി.എസ്.ചെണ്ടയാട്

4. ചെറുകുന്ന് മുസ്ലീം എൽ.പി.എസ്.

5. താവത്ത് ദേവീ വിലാസം എൽ.പി.എസ്.

6. ചെറുതാഴം എ.എൽ.പി.എസ്.

7. എസ്.എൻ.ഡി.പി. എൽ.പി.എസ്.തിരുമേനി

8. സെന്റ് ജോർജ്ജ് ഹൈസ്കൂൾ, ചെമ്പത്തൊട്ടി

9. മേരിലാന്റ് ഹൈസ്കൂൾ, മടമ്പം

(ബി) പ്രസ്തുത സ്കൂളുകളിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്നവ ഏതൊക്കെയാണ്?

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സെന്റ് മേരീസ് എൽ.പി.എസ്. പുന്നച്ചേരി

2. ചെറുകുന്ന് മുസ്ലീം എൽ.പി.എസ്.

3. താവത്ത് ദേവി വിലാസം എൽ.പി.എസ്.

4. ചെറുതാഴം എ.എൽ.പി.എസ്.

(സി) പ്രസ്തുത മണ്ഡലത്തിൽ ചാലഞ്ച് ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ ഏതൊക്കെ സ്കൂളുകൾക്കാണ് ഫണ്ട് നൽകാൻ ബാക്കിയുള്ളത്; വ്യക്തമാക്കാമോ?

താവത്ത് ദേവീവിലാസം എൽ.പി. സ്കൂളിനാണ് ഫണ്ട് നൽകുവാനുള്ളത്.

(ഡി) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

**അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കുന്നതിന് നടപടി**

201(3420) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വിവിധ മാനേജ്മെന്റുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ. എന്നീ തസ്തികകളിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകളാണ് വിവിധ എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളിൽ നാളിതുവരെ തീർപ്പാക്കാതെ കിടക്കുന്നതെന്നും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാത്തതിന്റെ കാരണം എന്താണെന്നും ഓഫീസ് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ?

എൽ.പി.എസ്.ടി - 193

യു.പി.എസ്.ടി - 320

എച്ച്.എസ്.ടി - 288

മറ്റുള്ള അദ്ധ്യാപക തസ്തികകൾ-99 എന്നിങ്ങനെയാണ് തീർപ്പാക്കാതെ കിടക്കുന്ന പ്രൊപ്പോസലുകൾ. വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത അദ്ധ്യാപകരുടെ നിയമനാംഗീകാരത്തിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ അപ്പീൽ അപേക്ഷകളിന്മേൽ അനുകൂല തീർപ്പുണ്ടാക്കിയ കേസുകളിൽ ബന്ധപ്പെട്ട എ.ഇ.ഒ., ഡി.ഇ.ഒ.-മാർ അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ നൽകാത്ത എത്ര കേസുകളാണ് നിലവിൽ എറണാകുളം ജില്ലയിലുള്ളതെന്ന് വ്യക്തമാക്കാമോ?

46 നിയമനങ്ങളാണ് ഇപ്രകാരമുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) ശമ്പളം പോലും ലഭിക്കാതെ വർഷങ്ങളായി ജോലി ചെയ്യുന്ന മാനേജ്മെന്റ് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനാംഗീകാരം ത്വരിതഗതിയിലാക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും പാലിക്കാതെ സമർപ്പിക്കുന്ന നിയമനാംഗീകാര പ്രൊപ്പോസലുകളിന്മേൽ മാത്രമാണ് അംഗീകാരം വൈകുന്നത്. നിയമനാനുസൃതമായ കേസുകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് പി.എഫ് അക്കൗണ്ട്**

202(3421) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-നുശേഷം എയ്ഡഡ് സ്കൂളിൽ താത്കാലിക നിയമനാംഗീകാരം കിട്ടിയ അദ്ധ്യാപകർക്ക് പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

(ബി) ഇവരുടെ അർഹതപ്പെട്ട ശമ്പള കുടിശ്ശിക പി.എഫ്-ൽ ലയിപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

**മാർബേസിൽ സ്കൂളിലെ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ സമർപ്പിച്ച അപേക്ഷ**

203 (3422) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർബേസിൽ സ്കൂളിലെ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) ശ്രീമതി സ്മിതാ കുര്യന്റെ പ്രമോഷനുമായി ബന്ധപ്പെട്ട് എറണാകുളം

റീജണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരിക്കുന്ന അപേക്ഷ (നം.ബി1/6686/2022/ആർഡിഡി/എച്ച്എസ്ഇ/ഇകെഎം) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തരമായി തീർപ്പു കൽപ്പിച്ച് ടിയാൾക്ക് പ്രമോഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) എറണാകുളം ജില്ലയിലെ കോതമംഗലം മാർബേസിൽ ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ് ആയ ശ്രീമതി സ്മിത കുര്യന്റെ എച്ച്.എസ്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം എറണാകുളം മേഖല ഉപമേധാവിയുടെ 09-02-2024-ലെ RDDHSE/EKM/6686/ 2022-B1(A6) നമ്പർ ഉത്തരവുപ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

### വിദ്യാർത്ഥികൾക്ക് നൽകുന്ന ഗ്രേസ് മാർക്ക്

204(3423) <u>ശ്രീ ഡി കെ മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പത്താം ക്ലാസ്സ്, പ്ലസ്ടു വിഭാഗം വിദ്യാർത്ഥികൾക്ക് ഏതെല്ലാം മികവുകളുടെ അടിസ്ഥാനത്തിലാണ് ഗ്രേസ് മാർക്ക് നൽകുന്നതെന്നും ഓരോ വിഭാഗത്തിനും എത്ര മാർക്ക് വരെയാണ് ഗ്രേസ് മാർക്ക് നൽകുന്നതെന്നും വിശദമാക്കാമോ?

പത്താം ക്ലാസ്സ്, പ്ലസ്ടു വിഭാഗം വിദ്യാർത്ഥികൾക്ക് ഏതെല്ലാം മികവുകളുടെ അടിസ്ഥാനത്തിലാണ് ഗ്രേസ് മാർക്ക് നൽകുന്നതെന്നും നിലവിൽ ഓരോ വിഭാഗത്തിനും എത്ര മാർക്ക് വരെയാണ് ഗ്രേസ് മാർക്ക് നൽകുന്നതെന്നുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ**

205(3424) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് സർക്കാർ നൽകിവരുന്ന സ്കോളർഷിപ്പുകളും മറ്റാനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**I.കേന്ദ്ര സർക്കാർ സോളർഷിപ്പകൾ**

1. മൈനോറിറ്റി പ്രീ-മെട്രിക് സ്കോളർഷിപ്പ് - 9, 10 ക്ലാസുകളിൽ

പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, പാഴ്സി, ജൈനർ, ബുദ്ധർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്കായുള്ള സ്കോളർഷിപ്പ്

2. അംഗപരിമിതരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് - 9,10 ക്ലാസുകളിൽ പഠിക്കുന്ന അംഗപരിമിതരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് സ്കോളർഷിപ്പ് തുക അനുവദിക്കുന്നു).

3. നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്- ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 8-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് പരീക്ഷാഭവൻ നടത്തുന്ന എഴുത്തുപരീക്ഷ പാസ്സായി റാങ്ക് ലിസ്റ്റിലുൾപ്പെടുന്ന 3473 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 12000/- രൂപ വീതം 9, 10, +1, +2 ക്ലാസുകളിൽ സ്കോളർഷിപ്പ് തുക നൽകി വരുന്നു.

4. ബീഗം ഹസ്രത് മഹൽ നാഷണൽ സ്കോളർഷിപ്പ് - 9, 10 ക്ലാസുകളിൽ പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, പാഴ്സി, ജൈനർ, ബുദ്ധർ

എന്നീ വിഭാഗങ്ങളിൽപ്പെടുന്ന പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്.

## II. സംസ്ഥാന സർക്കാർ സ്കോളർഷിപ്പുകൾ

1. മുസ്ലീം/നാടാർ/മറ്റ് മുന്നോക്ക/പിന്നോക്ക മുന്നോക്ക സമുദായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്

   5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന 25000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള യു.പി/എച്ച്.എസ് ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പ്രതിവർഷം യു.പി വിഭാഗത്തിന് 125/- രൂപയും എച്ച്.എസ് വിഭാഗത്തിന് 150/- രൂപയും നൽകി വരുന്നു.

2. എൽ.എസ്.എസ് സ്കോളർഷിപ്പ് - എല്ലാ പരീക്ഷയിലും എ ഗ്രേഡ് വാങ്ങി പാസാകുന്ന 5,6,7 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നു. 4-ാം ക്ലാസിൽ പരീക്ഷാഭവൻ നടത്തുന്ന എഴുത്തു പരീക്ഷയിൽ പാസാകുന്ന എല്ലാ കുട്ടികൾക്കും 1000/- രൂപ

വീതം സ്കോളർഷിപ്പ് തുക നൽകി വരുന്നു.

3. <u>യു.എസ്.എസ് സ്കോളർഷിപ്പ്</u> - എല്ലാ പരീക്ഷയിലും എ ഗ്രേഡ് വാങ്ങി പാസാകുന്ന 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക ലഭിക്കുന്നു.

8-ാം ക്ലാസിൽ പരീക്ഷാഭവൻ നടത്തുന്ന എഴുത്തു പരീക്ഷയിൽ പാസാകുന്ന എല്ലാ കുട്ടികൾക്കും 1500/-രൂപ വീതം സ്കോളർഷിപ്പ് തുക നൽകി വരുന്നു.

4. <u>സൈനിക് സ്കൂൾ സ്കോളർഷിപ്പ്</u> - എല്ലാ അക്കാദമിക വർഷവും കുട്ടികളുടെ എണ്ണവും കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലും സ്കോളർഷിപ്പ്, ഡയറ്റ്ട്രി ചാർജ്ജ്, ക്ലോത്തിംഗ് ചാർജ്ജ് എന്നിവ നൽകി വരുന്നു.

5. <u>രാഷ്ട്രീയ ഇന്ത്യൻ മിലിറ്ററി കേഡറ്റ് സ്കോളർഷിപ്പ്</u> - പ്രതിവർഷം ഒരു കേഡറ്റിന് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകി വരുന്നു.

6. ശുദ്ധ സംസ്കൃതം സ്കോളർഷിപ്പ്

7. സംസ്കൃതം സ്കോളർഷിപ്പ്

**<u>മറ്റാനുകൂല്യങ്ങൾ</u>**

കേരള സർക്കാരിന്റെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ബുക്ക് & സ്റ്റേഷനറി അലവൻസ് (പ്രതി വർഷം 1500/- രൂപ), മെഡിക്കൽ കെയർ & ഹെൽത്ത് സപ്പോർട്ട് അലവൻസ് (പ്രതി വർഷം 2500/- രൂപ) അലവൻസ് ടു പർച്ചേസ് ബ്രെയ്‌ലി ലേണിംഗ് മെറ്റീരിയൽസ് (ഒന്നു മുതൽ അഞ്ചു വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് പ്രതിവർഷം 2500/-രൂപ, ആറ് മുതൽ എട്ടുവരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് പ്രതിവർഷം 4500/- രൂപ), സെഷ്യൽ അലവൻസ് ടു ബെഡ് റിഡൻ സ്റ്റുഡന്റ്സ് (പ്രതിവർഷം 2500/- രൂപ) എന്നീ ഇനങ്ങളിലായി തുക അനുവദിച്ചു നൽകുന്നു.

ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾചേരൽ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് ആവശ്യമായ പിന്തുണ നൽകുകായെന്ന ലക്ഷ്യത്തോടെ മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി നടപ്പിലാക്കി വരുന്നു. 40 ശതമാനമോ അതിലധികമോ വൈകല്യമുള്ള

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരീക്ഷാഭവൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് അർഹമായ പരിക്ഷാനുകൂല്യങ്ങളും നൽകി വരുന്നു.

കേരള കലോത്സവത്തിൽ എ ഗ്രേഡ് നേടുന്ന കുട്ടികൾക്ക് 1000/- രൂപ വീതം പ്രൈസ് മണി നൽകി വരുന്നു.

സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതിപ്രകാരം തുക അനുവദിച്ചു വരുന്നു. ഇതുപ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ മരണപ്പെട്ടാൽ 50,000/- രൂപയും ഗുരുതരമായി പരിക്ക് പറ്റിയാൽ 10,000/- രൂപയും കുട്ടിയുടെ രക്ഷിതാവിന് ക്ലെയിം ആയി ലഭിക്കും. കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ ഒരു രക്ഷിതാവ് മരണപ്പെട്ടാൽ 50,000/- രൂപ (ട്രഷറി അക്കൗണ്ടിൽ) ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടികളുടെ വിദ്യാഭ്യാസാവശ്യത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നതാണ്.

സംസ്ഥാന സ്കൂൾ മീറ്റുകളിൽ പങ്കെടുത്ത് വിജയികളാകുന്നവർക്ക് പ്രൈസ് മണി, ദേശീയ സ്കൂൾ മീറ്റുകളിൽ പങ്കെടുത്ത് മെഡൽ നേട്ടം

കരസ്ഥമാക്കുന്നവർക്ക് ക്യാഷ് അവാർഡ് എന്നിവ നൽകി വരുന്നു.

(ബി) എൽ.എസ്.എസ്., യു.എസ്.എസ്. ഉൾപ്പെടെയുള്ള സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന തുക സമയബന്ധിതമായി നൽകാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ് തുക ഫണ്ട് ലഭ്യതയനുസരിച്ച് കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത സ്കോളർഷിപ്പുകളും മറ്റാനുകൂല്യങ്ങളും നൽകുന്നതിൽ കുടിശ്ശികയുണ്ടോ; വിശദമാക്കുമോ?

എൽ.എസ്.എസ്./യു.എസ്.എസ് സ്കോളർഷിപ്പ് തുക 2019-20 വർഷം മുതൽക്ക് കുടിശ്ശിക അനുവദിക്കാനുണ്ട്. സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി പ്രകാരം അനുവദിക്കുന്ന തുക കുടിശ്ശികയുണ്ട്. 2022-23 വർഷം ദേശിയ സ്കൂൾ മീറ്റുകളിൽ പങ്കെടുത്ത് മെഡൽ നേട്ടം കരസ്ഥമാക്കിയവർക്കുള്ള ക്യാഷ് അവാർഡ് കുടിശ്ശികയുണ്ട്.

(ഡി) ഇത്തരം സ്കോളർഷിപ്പ് പദ്ധതികൾ സുഗമവും കാര്യക്ഷമവുമായി

നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

വിവിധ സ്കോളർഷിപ്പ് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക തുകകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പരവൂർ കുനയിൽ ഗവ.എൽ.പി. സ്കൂളിന് കുടിവെള്ള കണക്ഷൻ**

206(3425) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ കുനയിൽ ഗവ.എൽ.പി. സ്കൂളിന് കോവിഡ് കാലത്ത് ഉപയോഗിക്കാത്ത ജലത്തിന് ചുമത്തിയ ഭീമമായ വെള്ളക്കരം ഒഴിവാക്കുന്നതിനും സ്കൂളിലെ കുടിവെള്ള കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനുമായി നവകേരള സദസ്സിൽ സമർപ്പിച്ച കെ.എൽ.എം.1260926 നമ്പർ നിവേദനത്തിന്മേൽ തുടർ നടപടികളുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

നവകേരള സദസ്സിന്റെ വെബ്സൈറ്റിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം കൊല്ലം ജില്ലാ കളക്ടർക്ക് ലഭിച്ച പ്രസ്തുത നിവേദനം വാട്ടർ

അതോറിറ്റി കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 09-02-2024-ന് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളിന് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്കൂളിലെ കുടിവെള്ളം, വൈദ്യുതി എന്നിവയുടെ ചുമതല തദ്ദേശ സ്ഥാപനങ്ങൾ ആണ് നിർവ്വഹിക്കുന്നത്. വെള്ളക്കരത്തിന്റെ കുടിശ്ശിക തദ്ദേശ സ്ഥാപനമായ പരവൂർ മുനിസിപ്പാലിറ്റി അടയ്ക്കുവാൻ തയ്യാറാകാത്തതിനാൽ വാട്ടർ അതോറിറ്റി കണക്ഷൻ വിച്ഛേദിച്ചിരുന്നു. ആയത് പുനസ്ഥാപിക്കുന്നതിന് സ്കൂൾ അധികൃതർ മുനിസിപ്പാലിറ്റിക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

**ഖാദർ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള തുടർ നടപടികളുടെ വിശദാംശം**

207(3426) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസരംഗത്ത് ആവശ്യമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനായി നിയോഗിച്ച ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ

എന്തെല്ലാം ശിപാർശകളാണുള്ളത്; ആയതിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഡോ. എം. എ. ഖാദർ അദ്ധ്യക്ഷനായുള്ള വിദഗ്ധ സമിതിയുടെ പ്രധാന ശിപാർശകൾ അനുബന്ധമായി+ കൊടുക്കുന്നു. റിപ്പോർട്ടിന്റെ ഒന്നാം ഭാഗം "മികവിനായുള്ള വിദ്യാഭ്യാസം" സർക്കാർ 28-02-2019-ലെ സ.ഉ(കൈ)നം.19/2019/പൊ.വി.വ പ്രകാരം തത്വത്തിൽ അംഗീകരിച്ച് ഉത്തരവും നൽകിയിട്ടുണ്ട്. തുടർന്ന്, ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സ.ഉ.(കൈ) നം.53/2019/പൊ.വി.വ. തീയതി 31-05-2019 പ്രകാരം താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചു:-

"എ) പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതുസംവിധാനം രൂപീകരിക്കുകയും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന അധികാരസ്ഥാനം സ്ഥാപിച്ച് അതിൽ നിക്ഷിപ്തമാകുന്നതുമാണ്. ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്നത് ഐ.എ.എസ്. കേഡറിലുള്ള ഒരു കേഡർ തസ്തികയായിരിക്കും.

ബി) ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, ബോർഡ് ഓഫ് ഹയർ സെക്കണ്ടറി എക്സാമിനേഷൻ, ബോർഡ് ഓഫ് വൊക്കേഷണൽ ഹയർസെക്കണ്ടറി എക്സാമിനേഷൻ എന്നിവ നടത്തുന്ന പൊതു പരീക്ഷകൾ നടത്തുന്നതിനായി കമ്മിഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷനെ (പരീക്ഷാ കമ്മിഷണർ) ചുമതലപ്പെടുത്തുകയും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ പരീക്ഷാ കമ്മിഷണറായി നിയമിക്കുകയും ചെയ്തു.

സി) നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി എന്നീ സ്കൂൾതല സംവിധാനങ്ങൾ അതേപോലെ തുടരുന്നതാണ്. ഇവ ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷന്റെ അധികാര പരിധിയിലായിരിക്കും. നിലവിൽ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകൾ എന്നിവയും ഹയർസെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും തൽസ്ഥിതിയിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ നിയന്ത്രണത്തിലായിരിക്കും പ്രവർത്തിക്കുന്നത്.

ഡി) സംയോജിത സംവിധാനത്തിലേക്ക് മാറ്റപ്പെടുന്ന 1 മുതൽ 12 വരെയുള്ള സ്കൂളിന്റെ മേധാവി പ്രിൻസിപ്പൽ ആയിരിക്കും. ഇത്തരം സ്കൂളുകളുടെ പൊതുചുമതലയും ഹയർസെക്കണ്ടറി വിഭാഗത്തിന്റെ അക്കാദമിക ചുമതലയും പ്രിൻസിപ്പലിനായിരിക്കും. ഇത്തരം സ്കൂളുകളിലെ നിലവിലുള്ള ഹൈസ്കൂൾ ഹെഡ് മാസ്റ്റർ തസ്തികയുടെ പേര് ഹെഡ്മാസ്റ്റർ എന്നതിനുപകരം വൈസ് പ്രിൻസിപ്പൽ എന്ന് പുനഃനാമകരണം ചെയ്യും. ഈ

മാറ്റങ്ങൾക്കനുസൃതമായ ഭരണപരമായ അനുബന്ധ സൗകര്യങ്ങൾ, പ്രിൻസിപ്പലിന്, സ്ഥാപനത്തിൽ നിലവിലുള്ള സംവിധാനങ്ങൾ ക്രമീകരിച്ച് ലഭ്യമാക്കും. പ്രിൻസിപ്പൽമാരുടെ ബോധന സമയം കുറച്ച് ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടേതിന് സമാനമാക്കുന്നത് സംബന്ധിച്ച വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിനും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ ചുമതലപ്പെടുത്തി.

ഇ) ഹയർസെക്കൻഡറി വിഭാഗമില്ലാത്ത സ്കൂളുകളിൽ നിലവിലുള്ള സംവിധാനം തൽസ്ഥിതിയിൽ തുടരുന്നതാണ്.

എഫ്) നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർസെക്കണ്ടറി വിഭാഗത്തിനുകൂടി ബാധകമായ രീതിയിൽ പൊതു ഓഫീസ് ആയിരിക്കും. അപ്രകാരം ബാധകമാക്കുമ്പോൾ അനദ്ധ്യാപക സംവിധാനം ഹയർസെക്കണ്ടറിയിലെ കുട്ടികളുടെ എണ്ണം കൂടി അടിസ്ഥാനപ്പെടുത്തിയായിരിക്കും നിർണ്ണയിക്കുക. ശമ്പള വിതരണത്തിന് ഏകീകൃത സംവിധാനം കൊണ്ടുവരുന്നതുവരെ നിലവിലുള്ള ശമ്പള വിതരണ രീതി തുടരുന്നതാണ്. ഏകീകൃത സംവിധാനത്തിൽ പ്രിൻസിപ്പലിന്റെയും

വൈസ് പ്രിൻസിപ്പലിന്റെയും കടമകളും കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷനെ ചുമതലപ്പെടുത്തി.

ജി) മേൽ പരാമർശിച്ച ഭരണനിർവ്വഹണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

വിദഗ്ധ സമിതി സമർപ്പിച്ച രണ്ടാം ഭാഗം റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) റിപ്പോർട്ടിൽ എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഘടനാ മാറ്റം എങ്ങനെയാണ് ശിപാർശ ചെയ്തിരിക്കുന്നതെന്നും അദ്ധ്യാപകരെ എങ്ങനെയാണ് പുനർ വിന്യസിപ്പിക്കുന്നതെന്നും ഓരോ തലത്തിലെയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതങ്ങൾ എങ്ങനെയാണെന്നും വെളിപ്പെടുത്തുമോ?

എൽപി, യുപി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഘടനാ മാറ്റം, അദ്ധ്യാപക പുനർ വിന്യാസം, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

എന്നിവയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

(സി) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ പ്രതിലോമകരമായ ഏതെല്ലാം ശിപാർശകളാണ് ഒഴിവാക്കിയിട്ടുള്ളതെന്നും ശിപാർശകൾ എന്നുമുതൽ നടപ്പിലാക്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളതെന്നും അറിയിക്കുമോ?

വിദഗ്ധ സമിതി സമർപ്പിച്ച രണ്ടാം ഭാഗം റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

208 (3427) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീമതി ദെലീമ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന അരി സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി ഉപയോഗിക്കാൻ സർക്കാർ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയിരുന്നോ; വിശദമാക്കാമോ?

ഇല്ല.

(ബി) നിലവിൽ കേരളത്തിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന നെല്ല് പ്രസ്തുത ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുമെന്നും നെല്ല് സംഭരണത്തിലെ നിലവിലെ പ്രതിസന്ധിക്ക് പരിഹാരമാവുമെന്നും കരുതുന്നുണ്ടോ?

കേരളത്തിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന നെല്ലിൽ നിന്നുള്ള കസ്റ്റം മിൽഡ് അരി സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് ഉപയോഗപ്പെടുത്താവുന്നതാണെന്നും അതിനാൽ ഇതുസംബന്ധിച്ച ഒരു പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി വിഷയം പരിശോധിച്ചുവരുന്നു.

വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ധാരണാപത്രം പ്രകാരം കർഷകരിൽനിന്നും നെല്ല് സംഭരിച്ച് മില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിനായി വിതരണം ചെയ്യേണ്ടതാണ്. മറ്റുപദ്ധതികൾക്ക് ഈ അരി വകമാറ്റം ചെയ്യുവാൻ അനുവദിക്കുന്നതല്ല. കർഷകരിൽനിന്നും നെല്ല് സംഭരണത്തിന് സംസ്ഥാന

സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നോഡൽ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയുടെ മേൽനോട്ടത്തിൽ നെല്ല് കർഷകരുടെ കൃഷിയിടത്തിൽ നിന്നും സംഭരിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തരം അരിയാക്കി കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം പൊതു വിതരണ സംവിധാനത്തിലൂടെ എ.എ.വൈ, പി.എച്ച്.എച്ച് കാർഡുടമകൾക്ക് വിതരണം നടത്തുകയാണ് നിലവിൽ ചെയ്തുവരുന്നത്.

(സി) ഒരു വർഷത്തേക്ക് ഉച്ചഭക്ഷണ പദ്ധതിക്കായി എത്ര ടൺ അരി വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

നടപ്പ് വർഷത്തേക്ക് 71598.85 ടൺ അരി വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആയത് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും അരി സംഭരിക്കാൻ കേന്ദ്രം ചെലവിടുന്ന തുക കേരളത്തിന് പണമായി നൽകണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇത്തരത്തിലൊരു ആവശ്യം പൊതുവിദ്യാഭ്യാസ വകുപ്പ് മുന്നോട്ട് വച്ചിട്ടില്ല.

## സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം

209(3428) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്റർ, സർക്കാർ അംഗീകാരമുള്ള ഏതെല്ലാം കോഴ്സുകളാണ് നടത്തി വരുന്നത്; കോഴ്സുകളുടെ കാലാവധി, ഇപ്പോൾ നടന്നുവരുന്ന കോഴ്സുകൾ, നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള കോഴ്സുകൾ, ഓരോ കോഴ്സുകളിലും നിലവിൽ എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തിവരുന്ന വിവിധ കോഴ്സുകൾക്ക് സർക്കാർ പി.എസ്.സി, എൻ.എസ്.ഡി.സി അംഗീകാരമുണ്ട്. പ്രസ്തുത കോഴ്സുകളുടെ കാലാവധി, വിജ്ഞാപനം ചെയ്തിട്ടുള്ള കോഴ്സുകൾ, ഓരോ കോഴ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം എന്നീ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ നടത്തുന്ന പല കോഴ്സുകളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവയുടെ അഡ്മിഷൻ സംബന്ധിച്ച് സമയബന്ധിതമായി പത്രപരസ്യങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കാത്തതിനാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് ഇവിടെ അഡ്മിഷനെടുക്കുന്നതിന് കഴിയാതെ വരുന്ന സ്ഥിതിയുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇല്ല. സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ കോഴ്സുകൾ സംബന്ധിച്ച് നിലവിൽ പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയാണ് അറിയിപ്പ് നൽകിവരുന്നത്. കോഴ്സുകളെ സംബന്ധിച്ച് പത്രപരസ്യം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(സി) സ്റ്റേറ്റ് റിസോഴ്സ് സെന്റർ ആസ്ഥാന ഓഫീസിൽ നടത്തിവന്നിരുന്ന ഡി.സി.എ. കോഴ്സ് അവസാനമായി നടത്തിയത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ; ഇവിടെ ഡി.സി.എ. കോഴ്സ് നിർത്തലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ കോഴ്സിന്റെ പുതിയ ബാച്ച്

എന്നത്തേയ്ക്ക് ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2023 ജനുവരി. കോഴ്സ് നിർത്തലാക്കിയിട്ടില്ല. 2024 മാർച്ച് ഒന്നിന് പുതിയ ബാച്ചിന്റെ ക്ലാസ് തുടങ്ങുന്നതാണ്.

(ഡി) സ്റ്റേറ്റ് റിസോഴ്സ് സെന്ററിനുകീഴിൽ നടത്തുന്ന വിവിധ കോഴ്സുകളുടെ സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം നേരിടുന്നത് കാരണം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മൂല്യനിർണ്ണയത്തിന്റെ എല്ലാ ഘടകങ്ങളും (പ്രാക്ടിക്കൽ, വൈവ) പൂർത്തീകരിച്ച് മൂന്നുമാസത്തിനുള്ളിൽ റിസൾട്ട് നൽകി വരുന്നുണ്ട്.

(ഇ) സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ പ്രവർത്തനവും ഇവിടെ നടത്തുന്ന വിവിധ കോഴ്സുകളും വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമാകുന്ന വിധം കാര്യക്ഷമമാക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ; ഇതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

ആയത് പരിശോധനയ്ക്ക് വിധേയമാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ്**

210(3429) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്. വിഭാഗങ്ങളിലായി എത്ര രൂപ വീതമാണ് ഇപ്പോൾ സ്കോളർഷിപ്പ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

എൽ.എസ്.എസ്. - 1000/-

യു.എസ്.എസ്. - 1500/-

(ബി) ഏത് വർഷത്തിലാണ് സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ചതെന്ന് അറിയിക്കുമോ?

2018-19 വർഷം മുതൽ.

(സി) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഫണ്ട് ലഭ്യതയനുസരിച്ച് സ്കോളർഷിപ്പ് തുക വിതരണം

ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**പൊതുവിദ്യാഭ്യാസത്തിന്റെ സ്വീകാര്യത ഉയർത്താൻ സ്വീകരിച്ച നടപടികൾ**

211(3430) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസത്തിന്റെ സ്വീകാര്യത ഉയർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിൻ പ്രകാരം എന്തെല്ലാം മാറ്റം പൊതുവിദ്യാഭ്യാസരംഗത്ത് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് നിരവധി അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

1. ആധുനിക സാങ്കേതികവിദ്യയെ ഫലപ്രദമായി പാഠ്യപദ്ധതി വിനിമയത്തിന് പ്രയോജനപ്പെടുത്തുന്ന തരത്തിലേക്ക് ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്സുകളായി മാറ്റി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ

തുടർച്ചയെന്ന നിലയിൽ വിദ്യാകിരണം പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കുന്നത്.

2. പ്രീപ്രൈമറി ക്ലാസ് മുറികൾ ആകർഷകവും ശിശുസൗഹൃദവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

3. എല്ലാ കുട്ടികൾക്കും കലാകായിക തൊഴിൽ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നു.

4. ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

5. ആനുകാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കുന്നു. നാല് പാഠ്യപദ്ധതി ചട്ടക്കൂടുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ശാസ്ത്രരംഗത്തും സാങ്കേതിക രംഗത്തും വിവരവിനിമയ രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങൾ, തൊഴിൽ മനോഭാവം വികസിപ്പിക്കുന്നതിന് തൊഴിൽ ഉദ്ഗ്രഥിത സമീപനം, കലാവിദ്യാഭ്യാസം, ആരോഗ്യ കായിക വിദ്യാഭ്യാസം എന്നീ

മേഖലകൾക്ക് മതിയായ പ്രാധാന്യം നൽകുക. ആഗോളതാപനം. കാലാവസ്ഥ വ്യതിയാനം. പാരിസ്ഥിതിക പ്രശ്നങ്ങൾ. മാലിന്യനിർമാർജ്ജനം തുടങ്ങിയ ആനുകാലിക പ്രസക്തമായ മേഖലകളും വൈജ്ഞാനിക സമൂഹത്തിന് അനുയോജ്യമായതും പ്രാദേശിക സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതും നൂതനത്വം പ്രോത്സാഹിപ്പിക്കുന്നതുമാകണം പാഠ്യപദ്ധതിയുടെ ഉള്ളടക്കം, മതനിരപേക്ഷ ഇടങ്ങളെ ശക്തിപ്പെടുത്തുക എന്നീ വിശാല ലക്ഷ്യങ്ങളിൽ ഊന്നിയാണ് പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുന്നത്.

6. അധ്യാപക ശാക്തീകരണത്തിനായി കാലഘട്ടത്തിന് യോജിച്ച തരത്തിൽ അധ്യാപകരെ ശാക്തീകരിക്കുന്നതിനുള്ള നിരവധി പദ്ധതികൾ എസ്.സി.ഇ.ആർ.ടി. ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

7. ഗതാഗത സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ ഗതാഗത സൗകര്യം ഉറപ്പാക്കുകായെന്ന ലക്ഷ്യത്തോടെ സ്കൂളുകളില്ലാത്ത ജനസാന്ദ്രത കുറഞ്ഞ വിദൂര ആവാസ കേന്ദ്രങ്ങളിലെ കുട്ടികൾ സ്ഥല ദൗർലഭ്യം അഭിമുഖീകരിക്കുന്ന നഗരപ്രദേശങ്ങളിലെ കുട്ടികൾ എന്നിവർക്ക് അടുത്തുള്ള

സ്കൂളുകളിൽ എത്തുന്നതിന് ഒരു കുട്ടിക്ക് 3000/- രൂപ വീതം നൽകുന്നു.

8. ശൗചാലയങ്ങൾ, കുടിവെള്ളസൗകര്യം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ജീർണ്ണിച്ച സ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമാണം തുടങ്ങിയ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ.

9. സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 2 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർഥികൾക്കും സൗജന്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതാണ്. സംസ്ഥാനത്തെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ എ.പി.എൽ. ആൺകുട്ടികൾക്ക് ഒഴികെ മറ്റെല്ലാ കുട്ടികൾക്കും രണ്ട് സെറ്റ് യൂണിഫോം സൗജന്യമായി നൽകുന്നതാണ്.

10. സ്കൂളുകളിൽ ചേരാത്തവരും കൊഴിഞ്ഞുപോയവരും പട്ടണങ്ങളിൽ വന്നെത്തുന്ന ശ്രദ്ധിക്കപ്പെടാതെ പോകുന്ന കുട്ടികളെയും പുന:രധിവസിപ്പിക്കുവാൻ പ്രത്യേക പരിശീലനങ്ങൾ നൽകുന്നതാണ്.

11. കുട്ടികളുടെ സമഗ്രവികാസത്തിനുതകുന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും അക്കാദമിക പിന്തുണ നൽകുന്നതിനുമായി

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് സ്കൂളുകൾക്കും സ്കൂൾ ഗ്രാന്റ് നൽകുന്നു. സംസ്ഥാനത്തെ ഗവൺമെൻറ് സ്കൂളുകൾക്കാണ് സമഗ്രശിക്ഷ കേരളം സ്കൂൾ ഗ്രാൻറ് നല്കുന്നത്. 4730 സ്കൂളുകൾക്ക് ഈ വർഷം ഗ്രാൻറ് നൽകും.

12. പ്രത്യേക പരിരക്ഷ ആവശ്യമായ കുട്ടികൾക്കുള്ള പരിപാടികളിൽ സംയോജിത വിദ്യാഭ്യാസം, ഉപകരണങ്ങൾ ലഭ്യമാക്കൽ, ഭവനസന്ദർശന ബോധനം, റിസോഴ്സ് റൂമുകൾ, ഓട്ടിസം സെന്ററുകൾ, വ്യത്യസ്ഥതരത്തിലുള്ള തെറാപ്പി, കറക്ടീവ് സർജറി, സി.ഡബ്ല്യൂ.എസ്.എൻ. സൗഹൃദ ടോയ്ലറ്റുകൾ, സ്കൂൾ കെടിടങ്ങളിൽ റാംപ്സും റെയിലും സ്ഥാപിക്കൽ തുടങ്ങി നിരവധി സഹായപ്രവർത്തനങ്ങൾ നടത്തുന്നതാണ്. സി.ഡബ്ല്യ.എസ്.എൻ. കുട്ടികൾക്ക് യാത്രാബത്ത നൽകുന്നു.

13. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി കുട്ടികൾക്കും പ്രീ സ്കൂൾ കുട്ടികൾക്കും ശാസ്ത്രീയമായതും വികാസ മേഖലകൾക്ക് അനുയോജ്യമായതുമായ മികച്ച അനുഭവങ്ങൾ ഒരുക്കുക, പൊതുവിദ്യാലയവുമായി ബന്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പെൺകുട്ടികൾക്കായുള്ള കൗമാര വിദ്യാഭ്യാസം - 9

മുതൽ 12 വരെ ക്ലാസ്സുകളിലെ പെൺകുട്ടികൾ കൗമാര പ്രായത്തിൽ നേരിടേണ്ടിവരുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുകയെന്നാണ് കൗമാര വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്.

14. വിദ്യാർത്ഥികൾ വിവിധ നിലവാരക്കാരാണ്. പലവിധ കാരണങ്ങൾകൊണ്ട് അവർക്ക് നാം ഉദ്ദേശിക്കുന്ന നിലവാരത്തിലേക്കെത്തുവാൻ സാധിക്കുന്നില്ല. ഈ അവസ്ഥയുടെ ശരിയായ കാരണങ്ങൾ കണ്ടെത്തുവാനും അവയ്ക്ക് പരിഹാരബോധന പ്രവർത്തനങ്ങൾ ഒരുക്കുവാനും കഴിയണം. ഇത്തരത്തിൽ വിവിധ മേഖലകളിൽ ഉയർന്ന നിലവാരത്തിലേക്ക് കുട്ടിയെ എത്തിക്കുന്നതിനായി നടത്തുന്നതാണ് 'പഠനപരിപോഷണ പരിപാടി' (Learning Enhancement Programme)

15. അക്കാദമിക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

ഉല്ലാസ ഗണിതം, ഗണിത വിജയം, വായനാച്ചങ്ങാത്തം, വായനാ വസന്തം, ശലഭപാർക്ക്, അധിക പഠന സഹായികൾ/പ്രവർത്തന

കാർഡുകൾ, ഹലോ ഇംഗ്ലീഷ്/ഹലോ വേൾഡ്, സുരീലി ഹിന്ദി, സ്കൂൾ വെതർസ്റ്റേഷൻ (സ്കൂൾ ദിനാവസ്ഥാകേന്ദ്രം), എഴുത്തു പച്ച, ഗണിതപാർക്ക്, ശാസ്ത്രപഥം, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിംഗ്, സ്കൂൾ വെതർ സ്റ്റേഷൻ, പ്രീസ്കൂൾ ശാക്തീകരണം, ടിങ്കറിംഗ് ലാബുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, എക്സ്പെർട്ട് ഇന്ററാക്ഷൻ, വെർച്വൽ ഫീൽഡ് വിസിറ്റ്, വർക്ക് എഡ്യൂക്കേഷൻ, ടാലന്റ് ലാബ്, മോഡൽ പ്രീ-സ്കൂളുകൾ, വർണ്ണക്കൂടാരം, മൺസൂണും കുട്ട്യോളും, ചലച്ചിത്രോത്സവം, ശാസ്ത്രക്കിറ്റ്, ഗണിതക്കിറ്റ്, സംസ്കൃതമാധുരി, അഹ്‌ലൻ അറബിക്, പ്യാരി ഉറുദു, സചിത്ര പുസ്തകം, സംയുക്ത ഡയറി, ക്ലാസ് ലൈബ്രറി, പ്രശ്നോത്തരി, പ്രാദേശികപ്രതിഭാകേന്ദ്രങ്ങൾ, നൂതനാശയ പദ്ധതികൾ, സംരംഭകമേള, സ്കൂൾ ലൈബ്രറി ഗ്രാന്റ്, വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ, ശാസ്ത്രപാർക്ക്, രക്ഷാകർതൃപരിശീലനം, പ്രീ-സ്കൂൾ ഉത്സവങ്ങൾ, ഭിന്നശേഷിക്കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ, വൈറ്റ് ബോർഡ്, ശബ്ദപാഠങ്ങൾ (Talking Text), വർക്ക് ഷീറ്റ്, ബി.ആർ.സി പഠനക്കൂട്ടായ്മ, ജാലകങ്ങൾക്കുമപ്പുറം (Twinning Programme), ചങ്ങാതിക്കൂട്ടം,

വിവിധ അലവൻസുകൾ, ഇൻക്ലൂസീവ് സ്പോർട്സ്, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, ഓട്ടിസം സെന്ററുകൾ, തെറാപ്പി സേവനങ്ങൾ, ബ്രെയിലി മെറ്റീരിയലുകളുടെ വിതരണം, സ്പെഷ്യൽ കെയർ സെന്ററുകൾ, മെഡിക്കൽ ക്യാമ്പുകൾ, സഹായ ഉപകരണങ്ങളുടെ വിതരണം, സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം, സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സേവനം കൂടാതെ സ്റ്റാർസ് പദ്ധതി പ്രകാരം ചുവടെപ്പറയുന്ന പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

പ്രീ-പ്രൈമറി ശാക്തീകരണം, പ്രീ-സ്കൂളുകളിൽ പ്രവർത്തനമൂലകൾ സജ്ജീകരിക്കൽ, ക്ലസ്റ്റർതല പ്രീ-സ്കൂളിംഗ്, പ്രീസ്കൂൾ അദ്ധ്യാപകർക്കും അങ്കണവാടി പ്രവർത്തകർക്കും പരിശീലനം, സ്കൂൾ റെഡിനെസ് പ്രോഗ്രാമുകൾ, മലയാളം മധുരം, ഗണിതം രസം, ബീച്ച് ടു ബെഞ്ച്, പഠനോത്സവം, ക്രിയേറ്റിവ് കോർണർ, സ്റ്റീം ഇക്കോ സിസ്റ്റം, ഇന്റഗ്രേറ്റഡ് ലാബുകൾ, പാദമുദ്രകൾ, വെർച്വൽ റിയാലിറ്റി ലാബ്, ബഡ്ഡിംഗ് റൈറ്റേഴ്സ്, ഇന്നൊവേറ്റീവ് സ്കൂൾ, സ്കൂൾ മാനേജ്മെന്റ് ട്രെയിനിംഗ്, വൊക്കേഷണലൈസേഷൻ ഓഫ് എജ്യുക്കേഷൻ, വിദ്യാർത്ഥികൾക്ക് ഓൺ ദി ജോബ് പരിശീലനം, സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, ശക്തി

(പെൺകുട്ടികൾക്കായുള്ള സ്വയം സംരംഭക ശാക്തീകരണപരിപാടി), ലൈഫ്, എക്സ്പർട്ട് ഇൻററാക്ഷൻ, വ്യാവസായിക മേഖലയുമായുള്ള NSQF സ്കൂളുകളുടെ പരിശീലനപങ്കാളിത്തം.

പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി 'വിദ്യാകിരണം' എന്ന പേരിൽ പ്രത്യേക പദ്ധതി തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയുടെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ സർക്കാർ, എയ്ഡഡ് സ്കൂൾ ഹൈടെക്കാക്കി. 2178 ഹൈസ്കൂളുകളിലേക്ക് ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ പ്രവർത്തനം വ്യാപിപ്പിച്ചു. 2000 സ്കൂളുകളിൽ റോബോട്ടിക് ലാബുകൾ സജ്ജമാക്കി, കൂടുതൽ ആകർഷകവും വൈവിധ്യമാർന്ന വിദ്യാഭ്യാസ പരിപാടികൾ കൈറ്റ്-വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നു. സ്കൂൾ പഠനത്തിലും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭരണപരമായ പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്ന വിവരവും അറിയിക്കുന്നു.

## പുതുക്കാട് മണ്ഡലത്തിൽപ്പെട്ട സ്കൂളുകളുടെ നിർമ്മാണം

212(3431) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ഗവ.എൽ.പി. സ്കൂൾ ലൂർദ്ദ്പുരം-ഇഞ്ചക്കുണ്ട്, അളഗപ്പനഗർ ഗവ.എച്ച്.എസ്.എസ്., (എൽ.പി.), മുപ്ലിയാ ഗവ. എച്ച്.എസ്.എസ്., (എൽ.പി.), കണാറ്റുപാടം ഗവ. ഹൈസ്കൂൾ (എൽ.പി.) വിഭാഗങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പുതുക്കാട് മണ്ഡലത്തിലെ സ്കൂളുകളിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗവ.എൽ.പി.സ്കൂൾ ലൂർദ്ദ്പുരം-ഇഞ്ചക്കുണ്ട്-

2021-ൽ 40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി നിർമ്മാണം പൂർത്തിയായി.

2. അളഗപ്പനഗർ ഗവ.എച്ച്.എസ്.എസ്-

ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു

3. മുല്ലിയാ ഗവ.എച്ച്.എസ്.എസ്., (എൽ.പി.)

4. കണാറ്റുപാടം ഗവ.ഹൈസ്കൂൾ(എൽ.പി.)

ടി സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

**ക്ലാസ് മുറികളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിൽ**
**മാനേജ്മെന്റ് വരുത്തിയ വീഴ്ച**

213(3432) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് എസ്.സി.വി.ബി.എച്ച്.എസ്.-ലെ ക്ലാസ് മുറികളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിൽ മാനേജ്മെന്റ് വീഴ്ച വരുത്തിയതിനാൽ സ്റ്റാഫ് ഫിക്സേഷനിൽ അദ്ധ്യാപക തസ്തികകൾ നഷ്ടമാകുകയും തന്മൂലം അദ്ധ്യാപകർ ജോലി ചെയ്ത ദിവസങ്ങളിൽ വാങ്ങിയ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തിരിച്ചടയ്ക്കാൻ ഉത്തരവാകുകയും അനദ്ധ്യാപക ജീവനക്കാർക്ക് നിലവിൽ ശമ്പളം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ്

മാനേജ്മെന്റിൽപ്പെട്ട ചിറയിൻകീഴ് SCVBHS-ലെ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ച വിഷയങ്ങൾ വർഷങ്ങളായി ഉള്ളതാണ്. 2022-23 ൽ കെട്ടിടങ്ങളുടെ ഫിറ്റ്നസ് കിട്ടാത്തതുകൊണ്ട്, മതിയായ കെട്ടിട സൗകര്യമില്ലാത്തതിനാൽ ക്ലാസ്സുകളും ഡിവിഷനുകളും കുറച്ചാണ് തസ്തിക നിർണ്ണയം നടത്തി ഡിവിഷനുകളും, തസ്തികകളും അനുവദിച്ചിരുന്നത്. 2022-23-ൽ ആകെ 15 റൂമിൽ 4 എക്സ്ട്രാ റൂമുകൾ കുറവ് ചെയ്ത് 11 ഡിവിഷനുകളും തസ്തികകളുമാണ് അനുവദിച്ചിരുന്നത്. ഇപ്രകാരം കുറവുവന്ന തസ്തികകൾ മൂലം പുറത്തായ അധ്യാപകരെ മാനേജർ ക്രമീകരിക്കുകയോ, പുനർ വിന്യസിക്കുകയോ ചെയ്തിട്ടില്ല. ക്രമീകരിക്കപ്പെടാത്ത അധ്യാപകർക്ക് വകുപ്പിന്റെ അറിവോ സമ്മതമോ ഇല്ലാതെ Drawing and Disbursing Officer കൂടിയായ പ്രഥമാധ്യാപിക ക്രമവിരുദ്ധവും ചട്ടവിരുദ്ധവുമായി ശമ്പളം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ജോലി ചെയ്തതിന് ലഭിച്ച ആനുകൂല്യങ്ങൾ മാനേജ്മെന്റിന്റെ വീഴ്ചയുടെ പേരിൽ അദ്ധ്യാപകർ തിരിച്ചടയ്ക്കണമെന്ന സമീപനം

ഉചിതമല്ലാത്തതിനാൽ മാനുഷിക പരിഗണന നൽകി ആനുകൂല്യങ്ങൾ തിരികെ പിടിക്കാനുള്ള നടപടി അവസാനിപ്പിക്കുന്നതിനും അനദ്ധ്യാപകർക്ക് അവർ ജോലി ചെയ്ത കാലയളവിലെ തടഞ്ഞു വച്ചിരിക്കുന്ന ശമ്പളം അനുവദിയ്ക്കുന്നതിനും നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ ?

ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത സ്കൂൾ മാനേജ്മെന്റ് 2023-24 അധ്യയന വർഷത്തിൽ ഫിറ്റ്നസ് നേടുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഫിറ്റ്നസ് നൽകിയിട്ടുണ്ടോ; എത്ര ക്ലാസ് മുറികൾക്ക് ഫിറ്റ്നസ് ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവ് നം. RA1/15210//2023/ഡി.ജി.ഇ തീയതി 22-12-2023 പ്രകാരം ചിറയിൻകീഴ് SCVBHS നിലവിലെ ചട്ടപ്രകാരം മാത്രം 2023-24-ലെ തസ്തിക നിർണ്ണയം നടത്തുന്നതിന് ആറ്റിങ്ങൽ ജില്ലാ

വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് അനുസരിച്ച് SCVBHS-ൽ 8 മുറികൾ 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാവുന്നതാണെന്ന് കണ്ടെത്തി. (അതായത് മൊത്തം 12 മുറികളിൽ നാല് എക്സ്ട്രാ ക്ലാസ്സ് റൂം ഒഴിവാക്കിക്കൊണ്ട് ആകെ 8 ഡിവിഷനുകൾ). ടി സ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച നടപടികൾ പൂർത്തിയായി വരവേ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22-12-2023-ലെ RA1/15210/2023/ഡി.ജി.ഇ നമ്പർ ഉത്തരവ് Kept in abeyance വച്ചുകൊണ്ട് സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) സ്കൂളിന് മതിയായ ഫിറ്റ്നസ് ലഭിക്കാത്ത പക്ഷം ഫിറ്റ്നസുള്ള ക്ലാസ് മുറികളിൽ പഠിക്കുകായെന്നത് കുട്ടികളുടെ അവകാശമായതിനാലും പഠന-പരീക്ഷാപ്രവർത്തനങ്ങളും സുരക്ഷയും മുൻനിർത്തി കുട്ടികളെ സമീപത്തെ മറ്റു സ്കൂളുകളിലേക്ക് താത്കാലികമായി മാറ്റുന്നതിന് നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

2022-23-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറും 2023-24-ൽ അസിസ്റ്റന്റ് എഞ്ചിനീയറും ചിറയിൻകീഴ് ശ്രീ ചിത്തിരവിലാസം ബോയ്സ്

ഹൈസ്കൂളിലെ പുതിയ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതാണ്. എന്നാൽ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് എഞ്ചിനീയർ നല്കിയിരുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് 11-08-2023-ൽ റദ്ദ് ചെയ്യുകയാണുണ്ടായത്. യഥാർത്ഥത്തിൽ കെട്ടിടം ഫിറ്റ് അല്ലാത്തതു കൊണ്ടല്ല, ചില സാങ്കേതിക കാരണങ്ങൾ കൊണ്ടാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യപ്പെട്ടത്. സ്കൂൾ കെട്ടിടത്തിലേയ്ക്കുള്ള വഴി, Fire NOC, 6m Access Set Back എന്നീ കാരണങ്ങൾ കൊണ്ടാണ് ഫിറ്റ്നസ് റദ്ദ് ചെയ്യപ്പെട്ടത്. നിലവിൽ സ്കൂൾ കെട്ടിടത്തിലേയ്ക്കുള്ള വഴി, Fire NOC എന്നിവ പരിഹരിക്കപ്പെട്ടു. 6m Access Set Back പ്രവർത്തനം പൂർത്തികരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ പുതിയ കെട്ടിടത്തിലാണ് എൽ.പി വിഭാഗം പ്രവർത്തിച്ചു വരുന്നത്. നിലവിൽ കുട്ടികളുടെ സുരക്ഷയ്ക്ക് യാതൊരുവിധ പ്രശ്നങ്ങളുമില്ല.

(ഇ) മേല്പറഞ്ഞ പ്രകാരം അധികമുള്ള കുട്ടികളെ മറ്റുസ്കൂളുകളിലേക്ക് മാറ്റുന്നതിനാൽ ഈ സ്കൂളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ജോലി സംരക്ഷിച്ച് മാനേജ്മെന്റിന്റെ മറ്റ് സ്കൂളുകളിൽ സീനിയോറിറ്റി

അടിസ്ഥാനത്തിൽ പുനർ വിന്യസിക്കുന്നതിനും അധികമുള്ളവരെ അദ്ധ്യാപക ബാങ്കിലേക്ക് മാറ്റി മറ്റ് സ്കൂളുകളിൽ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരിച്ച്, മാനേജർ ലിസ്റ്റ് തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ടി ലിസ്റ്റ് പ്രകാരം സംരക്ഷണത്തിന് അർഹതയുള്ളവരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി**

214(3433) <u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ കിഫ്ബിവഴി പണം അനുവദിച്ച പണി പൂർത്തിയാവാത്ത സ്കൂളുകളുടെ എണ്ണം, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി പണം അനുവദിച്ച, പണി പൂർത്തിയാവാത്ത സ്കൂളുകളുടെ എണ്ണം, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ ചുവടെ പറയുന്നു.

**3 കോടി കിഫ്ബി പദ്ധതി**

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എം.എച്ച്.എസ്.എസ് കോഴിക്കോട് സ്കൂളിന്റെ ഭൂമി സംബന്ധമായ തടസ്സങ്ങൾ പരിഹരിക്കുന്നതിന് ജില്ലാകളക്ടർ നടപടി സ്വീകരിച്ചുവരുന്നു. നിർമ്മാണത്തിന് റെയിൽവേ NOC ലഭ്യമാകേണ്ടതുണ്ട്.

ഗവ.ഗണപത് ബി.എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

ജി.ജി. ഗവ. മോഡൽ എച്ച്.എസ്.എസ് ചാലപ്പുറം സ്കൂളിന്റെ പ്രൊപ്പോസൽ കിഫ്ബിയുടെ സാങ്കേതിക അനുമതിക്ക് സമർപ്പിച്ചിരിക്കുന്നു.

ജി.എച്ച്.എസ്.ആഴ്ചവട്ടം സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

**1 കോടി കിഫ്ബി പദ്ധതി**

ജി.വി.എച്ച്.എസ്.എസ് കിനാശ്ശേരി സ്കൂളിന്റെ Project Execution

Document കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

ഗവ.ബി.എച്ച്.എസ്.എസ്.പറയഞ്ചേരി & ജി.വി.എച്ച്.എസ്.എസ് പുതിയറ എന്നീ സ്കൂളുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

ജി.ജി.യു.പി.എസ്.പൂക്കുന്ന് സ്കൂളിന് പുതിയ പ്രൊപ്പോസൽ പരിഗണനയിലുണ്ട്. KMBR പ്രകാരമുള്ള പരിശോധനകൾ നടത്തുന്നതിനായി കോഴിക്കോട് കോർപ്പറേഷന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കിഫ്ബി പദ്ധതിയിലുൾപ്പെട്ട ചില സ്കൂളുകളിൽ സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തികൾ മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികൾ തുടങ്ങാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെട്ട ചില സ്കൂളുകളിൽ PRICE SOFTWARE-ലുണ്ടായ ചില സാങ്കേതിക തടസ്സങ്ങൾ കാരണം എസ്.പി.വി-യായ കിലയ്ക്ക് അനുമതി നൽകുന്നതിന് സാധിക്കാതെവന്നു. പ്രസ്തുത പ്രശ്നമിപ്പോൾ പരിഹരിച്ചിട്ടുണ്ട്. കില തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

215(3434) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ച എത്ര സ്കൂളുകളുടെ പ്രവൃത്തികളാണ് ഇതുവരെ ആരംഭിക്കാൻ കഴിയാത്തതെന്നും ഓരോ സ്കൂളിന്റെയും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. നിലവിലേത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 2 സ്കൂളുകളുടേയും 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 2 സ്കൂളുകളുടേയും നിർമ്മാണം ആരംഭിക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

**3 കോടി കിഫ്ബി ഫണ്ട്**

ജി.എച്ച്.എസ്.എസ്. അവിടനല്ലൂർ സ്കൂളിന്റെ പുതിയ പ്രൊപ്പോസൽ

പ്രകാരം feasibility study LSGD മുഖാന്തരം നടത്തി DPR തയ്യാറാക്കി പുതുക്കിയ DSR/GST നിരക്ക് പ്രകാരം 3.90 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. Project Execution Document (PED) കില തയ്യാറാക്കി വരുന്നു.

ജി.എം.യു.പി.എസ്.പൂനൂർ സ്കൂളിന്റെ പുതുക്കിയ DSR/GST നിരക്ക് പ്രകാരം (3.90 കോടി രൂപ) എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതിക്ക് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

**1 കോടി കിഫ്ബി ഫണ്ട്**

ഗവ.യു.പി.എസ്. തൃക്കുട്ടിശ്ശേരി സ്കൂളിന്റെ ടെണ്ടർ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ സ്ഥലലഭ്യത സംബന്ധിച്ച് ചില തടസ്സങ്ങളുണ്ടായിരുന്നു. തുടർന്ന് സ്ഥലം വാങ്ങി പ്രശ്നം പരിഹരിച്ച് മണ്ണ് പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്.കായണ്ണ സ്കൂളിന്റെ stability പ്രശ്നം കാരണം

ആദ്യത്തെ പ്രൊപ്പോസൽ പരിഗണിക്കാൻ കഴിഞ്ഞില്ല.

പഴയ കെട്ടിടം പൊളിച്ചു മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിച്ച സ്കൂളുകൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികളിലെ പുരോഗതിയും വ്യക്തമാക്കാമോ?

**5 കോടി കിഫ്ബി ഫണ്ട്**

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട നടുവണ്ണൂർ ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

**3 കോടി കിഫ്ബി ഫണ്ട്**

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. അത്തോളി, ജി.എച്ച്.എസ്.എസ്. കൊക്കല്ലൂർ, ജി.ജി.എച്ച്.എസ്.എസ്. ബാലുശ്ശേരി, ജി.എച്ച്.എസ്.എസ്.പൂനൂർ, എന്നീ 4 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

**1 കോടി കിഫ്ബി ഫണ്ട്**

1കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട് ജി.എം. യു.പി.എസ്. വേളൂർ സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

ജി.യു.പി.എസ്.ഉണ്ണികുളം, ഗവ.എച്ച്.എസ്.എസ്.ശിവപുരം എന്നീ സ്കൂളുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

ജി.വി.എച്ച്.എസ്.എസ്.ബാലുശ്ശേരി സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

**കൊല്ലം ജില്ലയിൽ കേന്ദ്രീയ വിദ്യാലയം**

216(3435) **ശ്രീ. സി. ആർ. മഹേഷ്**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എത്ര കേന്ദ്രീയ വിദ്യാലയങ്ങളുണ്ടെന്ന് അറിയിക്കുമോ?

ഒരെണ്ണം.

(ബി) കേന്ദ്ര സർക്കാർ കൊല്ലം ജില്ലയിൽ പുതിയതായി കേന്ദ്രീയ വിദ്യാലയം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇവ തുടങ്ങുന്നതിനുവേണ്ടി സ്ഥലം കണ്ടെത്തി നൽകുന്നതിനും ക്ലാസുകൾ ആരംഭിക്കുന്നതിനും താത്കാലിക

കെട്ടിടം കണ്ടെത്തി നൽകുന്നതിനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ അനുമതി ലഭിച്ചിട്ടുള്ള കേന്ദ്രീയ വിദ്യാലയത്തിന് അനുയോജ്യമായ താൽക്കാലിക സൗകര്യവും ഭൂമിയും പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ ലഭ്യമാണോയെന്ന് ജില്ലാകലക്ടർ ആരാഞ്ഞിരുന്നു. എന്നാൽ അതിനുള്ള സൗകര്യം നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിൽ ലഭ്യമല്ലായെന്ന വിവരം ജില്ലാ കലക്ടറെ അറിയിച്ചിട്ടുണ്ട്.

**സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾ**

217(3436) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത എത്ര സർക്കാർ സ്കൂളുകളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബിയിൽ പ്രൊപ്പോസൽ

സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത 5 സർക്കാർ സ്കൂളുകളാണുള്ളത്. പ്രസ്തുത സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. ടി സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1)ജി.എൽ.പി.എസ് ബാലുശ്ശേരി

2)ജി.എൽ.പി.എസ് മണ്ണപ്പൊയിൽ

3)ജി.എൽ.പി.എസ് പള്ളിയോത്ത്

4)ജി.എൽ.പി.എസ് ഉള്ളിയേരി

5)ജി.എം.എൽ.പി.എസ് ഉണ്ണിക്കുളം

(ബി) സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ, എം.പി എന്നിവരുൾപ്പടെയുള്ളവരുടെ സഹകരണത്തോടെ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കാൻ സർക്കാർ തയ്യാറാവുമോ; വിശദമാക്കാമോ?

സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം ഒരു പദ്ധതി

ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം ജി.എൽ.പി.എസ്. ബാലുശ്ശേരി, ജി.എൽ.പി.എസ്. മണ്ണപ്പൊയിൽ, ജി.എം.എൽ.പി.എസ് ഉണ്ണികുളം എന്നീ സ്കൂളുകളുടെ പ്രൊപ്പോസലുകളിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ, എം.പി എന്നിവരുൾപ്പടെയുള്ളവരുടെ സഹകരണത്തോടെ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുന്ന വിഷയത്തിൽ നയപരമായ തീരുമാനം ആവശ്യമാണ്.

**ഖാദർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ചെലവായ തുക**

218 (3437) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ സ്ഥിതി വിവര കണക്കുകൾ രണ്ടാം ഭാഗം സമൂഹ വായനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല. ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ രണ്ടാം ഭാഗം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഈ വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്ക് ചെലവായ തുക, കമ്മിറ്റി അംഗങ്ങളുടെ പ്രതിഫലം, യാത്രാ ബത്ത, കൺസൾട്ടിംഗ് ഫീസ്, മറ്റ് ചെലവുകൾ എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

ഖാദർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കാകെ ചെലവായത് 14,16,814/- രൂപയാണ്.വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു:

(സി) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള തുടർ നടപടിയുടെ ഭാഗമായി കെ.ഇ.ആർ. പരിഷ്കരണവുമായി ബന്ധപ്പെട്ട് ഖാദർ കമ്മിറ്റി വിദഗ്ദ്ധ സമിതി അംഗങ്ങളായ ഡോ. സി. രാമകൃഷ്ണൻ, ജ്യോതി ചൂഡൻ എന്നിവർക്ക് പ്രതിഫലം, യാത്രാ ബത്ത, കൺസൾട്ടിംഗ് ഫീസ് എന്നിവ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തരം തിരിച്ച് വിവരം ലഭ്യമാക്കാമോ?

കോർ കമ്മിറ്റി അംഗങ്ങൾക്ക് സിറ്റിംഗ് ഒന്നിന് പ്രതിദിനം 2000/- രൂപ നിരക്കിൽ സിറ്റിംഗ് ഫീസും യാത്രാബത്തയും മാത്രമാണ് നല്കിയിട്ടുള്ളത്. കോർ കമ്മിറ്റി അംഗങ്ങളായിരുന്ന ഡോ. സി. രാമകൃഷ്ണൻ, ശ്രീ. ജ്യോതിചൂഡൻ എന്നിവർക്ക് നൽകിയ സിറ്റിംഗ് ഫീസിന്റെയും യാത്രാബത്തയുടേയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരം**

219(3438) ശ്രീമതി ഒ.എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. എന്ന നിലവിലെ സംവിധാനത്തിൽ എന്ത് മാറ്റമാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച നിയമ നിർമ്മാണമേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കാരത്തിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിലേയ്ക്കായി ശുപാർശ നൽകുന്നതിനായി നിയമിച്ച വിദഗ്ദ്ധ സമിതി ശുപാർശകൾ സർക്കാരിന് നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ ഘടനാപരവും ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട സമഗ്ര റിപ്പോർട്ടാണ് സമിതി സമർപ്പിച്ചിട്ടുള്ളത്. ആയത്

സർക്കാർ പരിശോധിച്ചുവരികയാണ്. സ്കൂൾ ഏകീകരണം സംബന്ധിച്ച് സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്നതിനായി കോർ കമ്മിറ്റി റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതും സർക്കാർ പരിശോധിച്ചുവരുന്നു. ഈ രണ്ട് റിപ്പോർട്ടുകളും പരിശോധിച്ച്, അവയിലെ ഗുണപരമായ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് സമഗ്രമായ മാറ്റങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

**എം.പി.ഫണ്ട് ചെലവഴിച്ച സ്കൂളുകൾ**

220(3439) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ലോക് സഭാ എം.പി., അദ്ദേഹത്തിന്റെ എം.പി. ഫണ്ടിൽ നിന്നും നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഫണ്ടുകൾ ചെലവഴിച്ചതെന്ന് സ്കൂളിന്റെ പേരും പദ്ധതിയും നിർദേശിച്ച തുകയും പദ്ധതിയുടെ നിലവിലെ അവസ്ഥയുമടക്കം വിശദമാക്കാമോ?

| ക്രമ നം. | സ്കൂളിന്റെ പേര് | പദ്ധതി | തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ജി.എച്ച്.എസ്.എസ് മൂത്തേടത്ത് | സ്കൂൾ ബസ് | 18,00,000 | ഉപയോഗിച്ചുവരുന്നു. |
| 2 | ജി.യു.പി.എസ് കുറുമ്പലങ്ങോട് | സ്കൂൾ ബസ് | 23,00,000 | ബസ് വിതരണത്തിനായി |

| | | | | |
|---|---|---|---|---|
| | | | | ജില്ലയിലെത്തി |
| 3 | ജി.എൽ.പി.എസ് ചോളമുണ്ട | സ്കൂൾ ബസ് | 20,00,000 | ഉപയോഗിക്കുന്നു. |

(ബി) വയനാട് ലോക് സഭാ എം.പി., അദ്ദേഹത്തിന്റെ എം.പി. ഫണ്ടിൽ നിന്നും മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി, തിരുവമ്പാടി, ഏറനാട്, വണ്ടൂർ എന്നീ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഫണ്ടുകൾ ചെലവഴിച്ചതെന്ന് സ്കൂളിന്റെ പേരും പദ്ധതിയും നിർദേശിച്ച തുകയും പദ്ധതിയുടെ നിലവിലെ അവസ്ഥയുമടക്കം വിശദമാക്കാമോ?

| ക്രമ നം. | സ്കൂളിന്റെ പേര് | പദ്ധതി | തുക | നിയോജക മണ്ഡലം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | ജി.വി.എച്ച്.എസ്. എസ് വെള്ളാർമല | ഓഡിറ്റോറിയം | 25 ലക്ഷം | കൽപ്പറ്റ | പൂർത്തീകരിച്ച |
| 2 | ജിഎൽ.പി.സ്കൂൾ പൂമല | ഹാൾ & ക്ലാസ്സ് റൂം | 30 ലക്ഷം | സുൽത്താൻ ബത്തേരി | |
| 3 | ജിഎച്ച്.എസ്.എസ്. പോരൂർ | സ്കൂൾ കെട്ടിടം | 30 ലക്ഷം | വണ്ടൂർ | |
| 4 | ജിഎൽപി.എസ് കരുവാരക്കുണ്ട് | സ്കൂൾ ബസ് | 20 ലക്ഷം | വണ്ടൂർ | ഉപയോഗിച്ചവരുന്നു. |

(സി) മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി, തിരുവമ്പാടി, ഏറനാട്, വണ്ടൂർ, നിലമ്പൂർ എന്നീ നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ 2019 മുതൽ നാളിതുവരെ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളും ചെലവഴിച്ച തുകയും സ്കൂളുകളുടെ പേരും പദ്ധതിയും നിയോജക മണ്ഡലം തിരിച്ച് വിവരം ലഭ്യമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് പദ്ധതികൾ (ന്യൂനപക്ഷ പ്രീ മെട്രിക് സ്കോളർഷിപ്പ്, ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ്, ഭിന്നശേഷി കുട്ടികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ്, നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് എന്നിവ) പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് അർഹതപ്പെട്ട എല്ലാ അപേക്ഷകളും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം ഓൺലൈനായി വെരിഫിക്കേഷൻ നടത്തി കേന്ദ്ര സർക്കാരിലെ ബന്ധപ്പെട്ട മന്ത്രാലയത്തിലേക്ക് സമർപ്പിക്കുന്ന നടപടിയാണ് സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പുവഴി നിർവഹിച്ച് വരുന്നത്. ഇപ്രകാരം നൽകുന്ന അപേക്ഷകളിൽ നിന്നും ഓരോ സംസ്ഥാനത്തേയും അർഹമായ എണ്ണം

കുട്ടികൾക്ക് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നത് കേന്ദ്ര സർക്കാരിലെ ബന്ധപ്പെട്ട മന്ത്രാലയങ്ങളാണ്. മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി, തിരുവമ്പാടി, ഏറനാട്, വണ്ടൂർ, നിലമ്പൂർ എന്നീ നിയോജക മണ്ഡലങ്ങളിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ഇതിലേക്കുള്ള സ്കോളർഷിപ്പ് തുക, കേന്ദ്രസർക്കാരിലെ ബന്ധപ്പെട്ട മന്ത്രാലയങ്ങൾ ടി സ്കോളർഷിപ്പുകൾക്ക് അർഹരാകുന്ന കുട്ടികളുടെ ബാങ്ക് അക്കൗണ്ട് മുഖാന്തരം നേരിട്ട് അനുവദിക്കുന്നതിനാൽ തന്നെ ആയതിന്റെ നിലവിലെ ക്രോഡീകരിച്ച കണക്കുകൾ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വകുപ്പിന് ലഭ്യമല്ല.

സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതിലേക്ക് മേൽ പരാമർശിച്ചിട്ടുള്ള നിയോജക മണ്ഡലങ്ങളിലെ സ്കൂളുകൾക്ക് അനുവദിച്ച തുകയുടെ വിവരം ശേഖരിച്ച് താമസംവിനാ നൽകുന്നതാണ്.

**അഴീക്കോട് മണ്ഡലത്തിൽ നിർമ്മിക്കുന്ന വിദ്യാഭ്യാസ സ്ഥാപന കെട്ടിടങ്ങൾ**

221(3440) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ചും പ്ലാൻ ഫണ്ട് ഉപയോഗിച്ചും അഴീക്കോട് മണ്ഡലത്തിൽ നിർമ്മിക്കുന്ന വിദ്യാഭ്യാസ സ്ഥാപന കെട്ടിടങ്ങൾ ഏതൊക്കെയാണെന്നും അവയുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടുപയോഗിച്ചും പ്ലാൻ ഫണ്ടുപയോഗിച്ചും അഴീക്കോട് മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കിഫ്ബി ഫണ്ട്:-**

**5 കോടി കിഫ്ബി പദ്ധതി –**

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട വളപട്ടണം ജി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണം പൂർത്തിയായി.

**3 കോടി കിഫ്ബി പദ്ധതി –**

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. കണ്ണാടിപ്പറമ്പ് സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി.

ഇ.എം.എസ്. സ്മാരക ജി.എച്ച്.എസ്.എസ്. പാപ്പിനിശ്ശേരി സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. Project Execution Document കില തയ്യാറാക്കി വരുന്നു.

ജി.എച്ച്.എസ്.എസ്. പള്ളിക്കുന്ന് സ്കൂളിന് നിലവിൽ PWD നിർമ്മിച്ച കെട്ടിടത്തിന്റെ മുകൾനില പണിയുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അതിനായി Stability പരിശോധിച്ചുവരുന്നു.

**<u>1 കോടി കിഫ്ബി പദ്ധതി</u> –**

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എച്ച്.എസ് അരോളി, ജി.എച്ച്.എസ് അഴീക്കോട്, ജി.എം.യു.പി.എസ് കാട്ടമ്പള്ളി എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി.

ജി.എച്ച്.എസ് പൂഴാതി സ്കൂളിന്റെ ടെണ്ടർ നടപടി സ്വീകരിച്ച് എഗ്രിമെന്റ് ഒപ്പുവച്ചു. പഴയ കെട്ടിടം പൊളിച്ചു മാറ്റുന്ന നടപടികൾ പൂർത്തീകരിച്ചാലുടൻ നിർമ്മാണം ആരംഭിക്കാൻ കഴിയും.

ജി.യു.പി.എസ് പൂഴാതി സ്കൂളിന്റെ നിർമ്മാണത്തിനുള്ള സ്ഥലലഭ്യത പരിശോധിച്ച് വരുന്നു.

**<u>പ്ലാൻ ഫണ്ട്</u>:-**

ഇ.എം.എസ് മെമ്മോറിയൽ ജി.എച്ച്.എസ് പാപ്പിനിശ്ശേരി സ്കൂളിന്റെ രണ്ടാം നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു.

ഗവ. വെൽഫെയർ എൽ.പി സ്കൂൾ ചെറുവക്കര ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഗവ.ഡബ്ല്യു.എൽ.പി.എസ് പൂഴാതി സ്കൂളിന് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്.

**ടൈപ്പ് വൺ ഡയബറ്റിസ് ബാധിതരായ സ്കൂൾ കുട്ടികളുടെ പരിരക്ഷ**

222(3441) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൈപ്പ് വൺ ഡയബറ്റിസ് (ജുവനൈൽ പ്രമേഹം) ബാധിതരായ സ്കൂൾ കുട്ടികളുടെ പരിരക്ഷ സംബന്ധിച്ച് അദ്ധ്യാപകർക്ക് ബോധവൽക്കരണം

നൽകുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

നിലവിൽ പത്താം ക്ലാസിലെ ബയോളജി പാഠപുസ്കത്തിൽ ടൈപ്പ് വൺ ഡയബറ്റിസിനെക്കുറിച്ചുള്ള പാഠഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആരോഗ്യ കായിക വിദ്യാഭ്യാസത്തിലെ പാഠ പുസ്തകത്തിലും ടൈപ്പ് വൺ ഡയബറ്റിസിനെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന പുതിയ പാഠ പുസ്തകങ്ങളിൽ പ്രസ്തുത വിഷയം മതിയായ പ്രാധാന്യത്തോടുകൂടി ഉൾപ്പെടുത്തുന്നതാണ്. അതുകൊണ്ടുതന്നെ അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി ടൈപ്പ് വൺ ഡയബറ്റിസിനെ സംബന്ധിച്ചുള്ള വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ അക്കാദമിക വർഷത്തെ അവധിക്കാല അദ്ധ്യാപക പരിശീലനത്തിൽ സാമൂഹ്യ സുരക്ഷ മിഷൻ പുറത്തിറക്കിയ "മിഠായി" എന്ന പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട് പരിശീലനം നൽകിയിട്ടുണ്ട്.

## എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനാംഗീകാരം

223(3442) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്.ടി., വൊക്കേഷണൽ എച്ച്.എസ്.എസ്.ടി. വിഭാഗങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള എത്ര പേർക്കാണ് നിലവിൽ നിയമനാംഗീകാരം ലഭിക്കാനുള്ളത്; പ്രസ്തുത വിഭാഗങ്ങളിൽ നിയമനാംഗീകാരം ലഭിക്കാൻ ഉള്ളവരുടെ എണ്ണം വിഭാഗം തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു .

(ബി) സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഇനിമുതൽ അധ്യാപക നിയമനം നടത്തേണ്ടതില്ലായെന്ന് നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ

നിർത്തലാക്കിയാൽ നിലവിലുള്ള അദ്ധ്യാപകരെ ഏതു രീതിയിൽ പുനർവിന്യസിക്കുമെന്ന് വ്യക്തമാക്കുമോ; നിലവിൽ നിയമനാംഗീകാരം പ്രതീക്ഷിക്കുന്ന അദ്ധ്യാപകരെ ഇത് ഏത് രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ നിർത്തലാക്കാനുള്ള തീരുമാനത്തിൽ നിന്നും സർക്കാർ പിന്മാറുമോ; വ്യക്തമാക്കുമോ?

(ബി-ഡി) വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സുകൾ നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് രാജ്യത്താകമാനം തൊഴിൽ നൈപുണ്യ പരിശീലനം നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (എൻ.എസ്.ക്യൂ.എഫ്) പാഠ്യപദ്ധതി പ്രകാരം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (National Skill Qualification

Framework) അധിഷ്ഠിതമായ നൈപുണ്യ കോഴ്സുകൾ നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിക്കുകയും സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി ബാച്ചുകളിലും എൻ.എസ്.ക്യൂ.എഫ് പ്രകാരമുള്ള ജോബ് റോളുകൾ നടപ്പിലാക്കുകയുണ്ടായി. തൊഴിൽ മേഖലകളിലുണ്ടാകുന്ന കാലികമായ മാറ്റങ്ങൾ, ദേശീയ/അന്തർദ്ദേശീയ തൊഴിൽ സാധ്യതകളുടെ അടിസ്ഥാനത്തിൽ സംജാതമാകുന്ന തൊഴിൽ ലഭ്യത എന്നിവ പരിഗണിക്കുമ്പോൾ തൊഴിൽ നൈപുണ്യ കോഴ്സുകളിൽ നിരന്തരമായ മാറ്റം അനിവാര്യമാണ്. ആയതിനാൽ എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും NSQF അധിഷ്ഠിത വൊക്കേഷണൽ സിലബസ് നടപ്പാക്കുന്നതിന്റെ ഭാഗമായി പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായ തസ്തികകൾ സംസ്ഥാനത്തെ സ്കൂളുകളിൽ നിശ്ചയിക്കുന്നതുവരെ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്ക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമന നടപടികൾ താത്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ

സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിവിധ കാരണങ്ങളാൽ (വിരമിക്കൽ, രാജി, മരണം, സ്ഥാനക്കയറ്റം, പിരിച്ചുവിടൽ, അച്ചടക്കനടപടി മുതലായവ) ഉണ്ടാകുന്ന എല്ലാ വൊക്കേഷണൽ ടീച്ചർ ഒഴിവുകളിലേക്കും വ്യവസ്ഥകളോടെ പരമാവധി ഒരു അക്കാദമിക വർഷം ദൈർഘ്യമുള്ള താൽക്കാലിക നിയമനം നടത്താനും 24-10-2021 ലെ സ.ഉ(കൈ)നം.242/2021/പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി**

224 (3443) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിലെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി ഏതെല്ലാം സ്കൂളുകളാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ സ്കൂളിനും എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) മണലൂർ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ ഇനി ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും അവയുടെ നിർമ്മാണ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

(എ-സി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ചുവടെ പറയുന്ന സ്കൂളുകൾക്ക് ഭൗതിക സൗകര്യ വികസനത്തിനായി തുക അനുവദിച്ചിട്ടുണ്ട്.

**5 കോടി കിഫ്ബി ഫണ്ട്**

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മുല്ലശ്ശേരി ഗവ.എച്ച്.എസ്.എസ് സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി.

**ഒരു കോടി കിഫ്ബി ഫണ്ട്**

ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട പി.ജെ.എം.ജി.എച്ച്.എസ്.എസ് കണ്ടശ്ശാൻകടവ് സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

ജി.എച്ച്.എസ്.എസ് വാടാനപ്പള്ളി സ്കൂളിന്റെ നിർമ്മാണം

പൂർത്തിയായി വരുന്നു.

ജി.എച്ച്.എസ്.എസ്. മണലൂർ സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതിക്കായി ഫെബ്രുവരി മാസത്തിൽ നടക്കുന്ന TS കമ്മിറ്റിയിൽ സമർപ്പിക്കുന്നതാണ് .

## സ്കൂളുകളിൽ തസ്തിക നിർണ്ണയം

225 (3444) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ തസ്തിക നിർണ്ണയം പൂർത്തിയാവാനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) തസ്തിക നിർണ്ണയ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും ആയത് പൂർത്തീകരിക്കാൻ എത്ര സമയമെടുക്കുമെന്നും വിശദമാക്കാമോ?

(എ&ബി) 2023-2024-ലെ അധിക തസ്തിക ഒഴികെയുള്ള തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. പുതിയ ചട്ടഭേദഗതി വരുന്നതുവരെ അധിക

തസ്തികകൾ അനുവദിക്കുന്നത് വിദ്യാഭ്യാസ ഓഫീസർമാരായിരുന്നു. എന്നാൽ നിലവിൽ വിവിധ ഘട്ടങ്ങളിലുള്ള പരിശോധനക്കുശേഷം, അധിക തസ്തികകൾക്ക് അനുമതി നൽകുന്നത് സർക്കാർ തലത്തിലാണ്. ഇത്തരത്തിൽ വിവിധ ഘട്ടങ്ങളിലുള്ള പരിശോധനാ നടപടികൾ പൂർത്തീകരിക്കുന്നതിനാണ് കൂടുതൽ സമയം ആവശ്യമായി വരുന്നത്. അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.

(സി) 2023 ജൂൺ മാസത്തിലെ ആറാം പ്രവൃത്തി ദിവസത്തെ കണക്കുപ്രകാരം എത്ര തസ്തികകൾ സംസ്ഥാനത്തെ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ നഷ്ടപ്പെട്ടിട്ടുണ്ട്; എൽ.പി.എസ്.ടി. തസ്തികകളുടെയും യു.പി.എസ്.ടി. തസ്തികകളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ പ്രൈമറി സ്കൂളുകളിൽ നിന്നും 1199 അധ്യാപക-അനധ്യാപക തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ട്. അതിൽ എൽ.പി.എസ്.റ്റി. തസ്തികകളുടെയും യു.പി.എസ്.റ്റി. തസ്തികകളുടെയും ജില്ല

തിരിച്ച എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

**എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിലെ ഒഴിവുകൾ**

226(3445) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ 18 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്ഥിരം തസ്തികകളിലേക്കും മറ്റ് രീതികളിലും നടത്തിയ നിയമനങ്ങളിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) ആയി എത്ര പേർ ജോലി ചെയ്യുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്ഥിരം തസ്തികകളിലേക്കും മറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രീതികളിലും നടത്തിയ നിയമനങ്ങളിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) ആയി ആരും ജോലി ചെയ്യുന്നില്ല.

**എച്ച്.എസ്.ടി(.ഇംഗ്ലീഷ് )അദ്ധ്യാപക തസ്തികകൾ**

227 (3446) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ സ്ഥിര അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് ഇംഗ്ലീഷ് അദ്ധ്യാപകരെ തന്നെ നിയമിക്കണമെന്ന ഹൈക്കോടതിവിധി 2023-24-ലെ തസ്തികനിർണ്ണയത്തിനുശേഷം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ബഹു. കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018-ന്മേൽ 10-08-2021-ന് പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽക്കാലിക എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29/11/2023 ലെ സ.ഉ (കൈ) നം. 182/2023/പൊ.വി.വ ഉത്തരവ്

പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ബി) 2023-24-ലെ തസ്തിക നിർണയം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഗവണ്മെന്റ് സ്കൂളുകളിൽ ഹൈസ്കൂൾ ഇംഗ്ലീഷ് അദ്ധ്യാപകരുടെ ആകെ ഒഴിവുകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

റഗുലർ തസ്തികകളുടെ തസ്തിക നിർണ്ണയം 08-09-2023-ൽ പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിവരുന്നു. ഗവ. സ്കൂളുകളിൽ ഹൈസ്കൂൾ ഇംഗ്ലീഷ് അദ്ധ്യാപകരുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(സി) എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് അദ്ധ്യാപക തസ്തികയിലേക്ക് നിലവിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കെ.ഇ.ആർ അദ്ധ്യായം XXXI ചട്ടം 2(2) പ്രകാരമാണ് യോഗ്യത നിശ്ചയിക്കുന്നത്. നിലവിൽ അതാത് വിഷയത്തിലെ ബിരുദവും ബി.എഡും കെ-ടെറ്റ് III-യുമാണ് യോഗ്യതകൾ. (ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾ പഠിപ്പിക്കാനുള്ളതിനാൽ ബിരുദത്തിന് രണ്ട് വിഷയങ്ങളും പഠിച്ചിരിക്കണം.)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## താല്ക്കാലിക അദ്ധ്യാപക നിയമനങ്ങളിലെ പ്രായപരിധി

228 (3447) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറ്റ്, നെറ്റ് എന്നിവയടക്കം ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളതും നിരവധി പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടും നിർഭാഗ്യവശാൽ ജോലി ലഭിക്കാതെ പോയതുമായ ഉദ്യോഗാർഥികളുടെ ഏക പ്രതീക്ഷയായിരുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ താല്ക്കാലിക അദ്ധ്യാപകരുടെ നിയമനങ്ങൾ പ്രായപരിധി പിന്നിട്ടുവെന്ന കാരണത്താൽ മാത്രം ഒഴിവാക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് പുനഃപരിശോധിക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിൽ, പി.എസ്.സി നിലവിൽ അനുവദിച്ചിട്ടുള്ള പ്രായപരിധി മാനദണ്ഡങ്ങൾ തന്നെയാണ് പാലിക്കേണ്ടത്. കെ.ഇ.ആർ അദ്ധ്യായം XIV A Rule 1 Sub-rule (2) ലെ പ്രായപരിധി സംബന്ധിച്ച വ്യവസ്ഥ തന്നെയാണ് ദിവസവേതന

നിയമനങ്ങൾക്കും ബാധകമായിട്ടുള്ളത്.

(ബി) സ്കൂളുകളിൽ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ താല്ക്കാലിക നിയമനങ്ങൾ നടത്തുന്നത്; വ്യക്തമാക്കുമോ?

അല്ല. നിലവിൽ സ്കൂൾ തലത്തിൽ ദിവസവേതന നിയമനങ്ങളാണ് താൽക്കാലിക ഒഴിവിൽ നടത്തുന്നത്. പി.എസ്.സി ലിസ്റ്റിലുള്ളവർക്ക് മുൻഗണന നൽകാറുമുണ്ട്. കുട്ടികളുടെ പഠനം മുടങ്ങാതിരിക്കുന്നതിന് താൽക്കാലിക ക്രമീകരണങ്ങൾ വേഗത്തിൽ നടത്തേണ്ടതുള്ളതുകൊണ്ടും അദ്ധ്യാപകരില്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടിയുമാണ് ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത്.

(സി) എങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണോ പ്രസ്തുത നിയമനങ്ങൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

അല്ല. നിലവിൽ സ്കൂൾ തലത്തിൽ ദിവസവേതന നിയമനങ്ങളാണ് താൽക്കാലിക ഒഴിവിൽ നടത്തുന്നത്. പി.എസ്.സി ലിസ്റ്റിലുള്ളവർക്ക് മുൻഗണന നൽകാറുമുണ്ട്. കുട്ടികളുടെ പഠനം മുടങ്ങാതിരിക്കുന്നതിന് താൽക്കാലിക ക്രമീകരണങ്ങൾ വേഗത്തിൽ നടത്തേണ്ടതുള്ളതുകൊണ്ടും

അദ്ധ്യാപകരില്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടിയുമാണ് ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത്.

**വിദ്യാഭ്യാസ വകുപ്പിലെ ആയ തസ്തികയിലുള്ളവരുടെ പ്രൊമോഷൻ**

229(3448) **ശ്രീ. കെ. ബാബു (നെന്മാറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന ലാസ്റ്റ് ഗ്രേഡ് സെർവന്റ് പരീക്ഷയിലൂടെ വിദ്യാഭ്യാസ വകുപ്പിലെ പ്രീപ്രൈമറി വിഭാഗത്തിലെ 'ആയ' തസ്തികയിൽ നിയമനം ലഭിച്ചവരിൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബൈട്രാൻസ്ഫർ നിയമനത്തിനുള്ള പരീക്ഷയ്ക്ക് അപേക്ഷിക്കാൻ നിലവിൽ കഴിയുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിലെ പ്രീപ്രൈമറി വിഭാഗത്തിലെ 'ആയ' തസ്തികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പി.എസ്.സി. മുഖേനയുള്ള ബൈട്രാൻസ്ഫർ നിയമനത്തിന് അപേക്ഷിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി) ഇതേ പരീക്ഷയിലൂടെ നിയമനം ലഭിച്ച ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്ന പ്രൊമോഷൻപോലെ 'ആയ' തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കും പ്രൊമോഷൻ നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**കാസർകോട് ജില്ലയിലെ സംഗീത അദ്ധ്യാപക തസ്തികകൾ**

230(3449) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ അവസാനമായി പി.എസ്.സി. സംഗീത അദ്ധ്യാപക പരീക്ഷ നടത്തിയതെന്നാണെന്ന് വ്യക്തമാക്കാമോ?

12-04-2022.

(ബി) എത്ര വർഷത്തിനുശേഷമാണ് ഈ പരീക്ഷ നടത്തിയതെന്ന് വ്യക്തമാക്കാമോ?

33 വർഷങ്ങൾക്കുശേഷം.

(സി) ഈ പരീക്ഷയെ തുടർന്ന് എത്ര ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

38 ഉദ്യോഗാർത്ഥികൾ.

(ഡി) പ്രസ്തുത ഉദ്യോഗാർത്ഥികൾ ഇനി ഒരു പി.എസ്.സി. പരീക്ഷ എഴുതാൻ സാധിക്കാത്തവിധം പ്രായപരിധി കഴിഞ്ഞവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജില്ലയിലെ പല മ്യൂസിക് ടീച്ചർ തസ്തികകളും ഡ്രോയിംഗിലേയ്ക്ക് മാറ്റുന്നുവെന്നത് ശരിയാണോ?

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ജില്ലയിൽ എത്ര ഹൈസ്കൂളുകളുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര സംഗീത അദ്ധ്യാപക തസ്തികകളാണ് പി.എസ്.സി.-ക്ക് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

96 ഹൈസ്കൂളുകൾ. മൂന്ന് സംഗീത അദ്ധ്യാപക തസ്തികകൾ

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

**പാലക്കാട് ജില്ലയിൽ എച്ച് എസ് ടി സോഷ്യൽ സയൻസ് തസ്തികയിലെ ഒഴിവുകൾ**

231(3450) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എച്ച്.എസ്.ടി സോഷ്യൽ സയൻസ് (കാറ്റഗറി നമ്പർ 203/2011 മലയാളം മീഡിയം) തസ്തികയിൽ നിലവിൽ ആകെ എത്ര ഒഴിവുകളുണ്ട്?

7 ഒഴിവുകൾ.

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ഇല്ല.

(സി) റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ശ്രീമതി ബീബ പി.-യും മറ്റുള്ളവരും ഫയൽ ചെയ്ത 09-11-2023-ലെ

ഒ.എ (ഇ.കെ.എം.) 1375/2021-ന്റെ ഇടക്കാല വിധിന്യായത്തിൽ 3 ഒഴിവുകൾ, ടി ഒഴിവുകളുണ്ടായ തീയതി പുതുക്കി റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4 ഒഴിവുകൾ ചുവടെ ചേർക്കുംപ്രകാരം മാറ്റിവച്ചിരിക്കുന്നു.

| ശേഷിക്കുന്ന ഒഴിവുകൾ | എണ്ണം |
|---|---|
| എൻ.സി.എ | 1 |
| അന്തർ ജില്ലാ സ്ഥലംമാറ്റം | 1 |
| പ്രൊമോഷൻ | 1 |
| പി.എസ്.സി ബൈടാൻസ്ഫർ | 1 |

**തിരുവനന്തപുരം ജില്ല എച്ച്.എസ്.എ. മാത്തമറ്റിക്സ് റാങ്ക് ലിസ്റ്റ്**

232 (3451) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ല എച്ച്.എസ്.എ. മാത്തമാറ്റിക്സ് റാങ്ക് ലിസ്റ്റ് എന്ന് നിലവിൽവന്നു; ഇതിൽനിന്നും എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് നടത്തിയതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചു; അതിലെ എൻ.ജെ.ഡി. ഒഴിവുകൾ

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ല എച്ച്.എസ്.എ. മാത്തമാറ്റിക്സ് റാങ്ക് ലിസ്റ്റ് 23-06-2023-ന് നിലവിൽവന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ ലഭ്യമായ 45 പേരും ജോലിയിൽ പ്രവേശിച്ചതിനാൽ എൻ.ജെ.ഡി. ഒഴിവുകളുണ്ടായിട്ടില്ല.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നതുമുതൽ 2024 മാർച്ച് 31 വരെ ഈ തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ എണ്ണം എത്രയാണ്; ഇതിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നറിയിക്കാമോ; ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

റാങ്ക് ലിസ്റ്റ് നിലവിൽ വന്നതുമുതൽ 2024 മാർച്ച് 31 വരെ 9 ഒഴിവുകളാണുണ്ടായിട്ടുള്ളത്. ഇതിൽ 7 ഒഴിവുകൾ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് ഒഴിവുകളിലൊന്ന് പ്രൈമറി അദ്ധ്യാപകരുടെ പ്രൊമോഷനും ഒന്ന് അന്തർജില്ലാ സ്ഥലംമാറ്റത്തിനും മാറ്റിവച്ചിരിക്കുന്നു.

(ഡി) ഈ റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിലും സപ്ലിമെന്ററി ലിസ്റ്റിലും എത്ര വീതം പട്ടികജാതിക്കാരുണ്ട്; പട്ടികജാതി വിഭാഗത്തിൽനിന്നും എത്രപേരെ ഈ റാങ്ക് ലിസ്റ്റുപ്രകാരം ഇതുവരെ നിയമിച്ചു; വിശദമാക്കാമോ?

റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിൽ എസ്.സി. ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടില്ല. സപ്ലിമെന്ററി ലിസ്റ്റിൽ 11 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 9 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിലെ എച്ച്.എസ്.ടി. മലയാളം അദ്ധ്യാപകരുടെ ഒഴിവുകൾ**

233 (3452) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അധ്യയന വർഷത്തിൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായി ആലപ്പുഴ ജില്ലയിൽ എത്ര എച്ച്.എസ്.ടി. മലയാളം അദ്ധ്യാപകർ വിരമിക്കുന്നുണ്ട്; ഏതൊക്കെ സ്കൂളുകളിൽനിന്നാണ് ഇവർ വിരമിക്കുന്നതെന്ന് വിരമിക്കൽ തീയതി അടക്കം വ്യക്തമാക്കാമോ?

7 എച്ച്.എസ്.ടി. മലയാളം അദ്ധ്യാപകർ വിരമിക്കുന്നുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2023-24-ലെ സ്റ്റാഫ് ഫിക്സേഷനശേഷം ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.ടി. മലയാളം തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ സ്കൂളുകളിലാണെന്ന് വ്യക്തമാക്കുമോ?

2023-24 സ്റ്റാഫ് ഫിക്സേഷനശേഷം ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.ടി. മലയാളം അധിക തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല.

(സി) ആലപ്പുഴ ജില്ലയിലെ ഗവ. മുഹമ്മദൻസ് ഹൈസ്കൂൾ കൊല്ലകടവ് എന്ന സ്കൂളിൽ എച്ച്.എസ്.ടി. മലയാളം ഒഴിവുണ്ടോ; ഉണ്ടെങ്കിൽ ഈ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ കൊല്ലകടവ് ഗവ. മുഹമ്മദൻസ് എച്ച്.എസ്.-ലെ എച്ച്.എസ്.ടി. മലയാളം അദ്ധ്യാപകൻ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ തിരികെ വരുമെന്ന അവസ്ഥ പരിഗണിച്ച് സ്കൂളിലുണ്ടാകുന്ന ഒഴിവിൽ ദിവസവേതന അടിസ്ഥാനത്തിൽ മാത്രമാണ് അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കുന്നത്. ടി സ്കൂളിൽ ഇപ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ ആളെ

നിയമിച്ചിട്ടുണ്ട്.

(ഡി) ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.ടി. മലയാളം തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്ത തീയതിയും വ്യക്തമാക്കുമോ?

നാല് പ്രതീക്ഷിത ഒഴിവുകൾ എച്ച്.എസ്.ടി. മലയാളം തസ്തികയിൽ 23-01-2024-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**എച്ച്.എസ്.എ. ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക**

234 (3453) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ എച്ച്.എസ്.എ. ഇംഗ്ലീഷ് പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിച്ചു; ആയതിൽനിന്ന് എത്രപേരെ നിയമിച്ചു; ഈ റാങ്ക് ലിസ്റ്റിൽ ജനറൽ മെറിറ്റിൽ എത്ര ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

10-08-2023-നാണ് എച്ച്.എസ്.ടി. ഇംഗ്ലീഷ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. നിയമിതരായവരുടെ എണ്ണം - 4. ജനറൽ മെറിറ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം - 50.

(ബി) കോഴിക്കോട് ജില്ലയിൽ 2023-24 അധ്യയന വർഷം എച്ച്.എസ്.എ. ഇംഗ്ലീഷ് എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ആയതിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു; ആയതിൽ ജോയിൻ ചെയ്യാത്തവർ എത്ര; ഈ വേക്കൻസി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തോ; വിശദാംശങ്ങൾ അറിയിക്കാമോ?

2023-24 വർഷം എച്ച്.എസ്.ടി. ഇംഗ്ലീഷിലുള്ള ഒരു ഒഴിവ് ബൈട്രാൻസ്ഫർ നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ആയതിൽ നിയമന ശിപാർശ ഇതുവരെ ലഭിച്ചിട്ടില്ല.

(സി) എച്ച്.എസ്.എ. ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയിൽ 2024 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം എത്ര റിട്ടയർമെന്റ് വേക്കൻസി നിലവിലുണ്ട് എന്നറിയിക്കാമോ; അവ ഏതെല്ലാം സ്കൂളുകളിലെന്ന് വിശദീകരിക്കാമോ?

2024 മാർച്ച് 31 വരെ എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തികയിൽ

റിട്ടയർമെന്റുകളില്ല.

(ഡി) 2024-25 അധ്യയന വർഷം ഏതെല്ലാം സ്കൂളുകളിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയിൽ ഒഴിവുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

2024-25 വർഷത്തിൽ എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തികയിലുണ്ടാവുന്ന ഒഴിവുകൾ - 3 എണ്ണം. അവ

1. ജി.എച്ച്.എസ്.എസ്. നല്ലളം - 1 ഒഴിവ്.

2. ജി.എച്ച്.എസ്.എസ്. ബാലുശ്ശേരി - 1 ഒഴിവ്.

3. ജി.എച്ച്.എസ്.എസ്. കുറ്റ്യാടി - 1 ഒഴിവ്.

**നിർവ്വഹണ ഉദ്യോഗസ്ഥരുടെ തസ്തികകളിലെ ഒഴിവുകൾ**

235(3454) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അധ്യയന വർഷാരംഭത്തിൽ വിദ്യാഭ്യാസ ഓഫീസുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കാതിരിക്കുവാൻ

സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അടുത്ത അധ്യയന വർഷം വരുന്ന ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു. സ്ഥാനക്കയറ്റം സാധ്യമല്ലാത്ത തസ്തികകളിൽ പ്ലേസ്മെന്റ്, അന്യത്രസേവനം, അധിക ചുമതല എന്നിവ മുഖേനയും ഒഴിവുകൾ നികത്തുന്നതാണ്.

(ബി) നിലവിൽ സീനിയർ സൂപ്രണ്ട് മുതൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് വരെയുള്ള എത്ര ഒഴിവുകളുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിൽ പി.എ ടു ഡി.ഇ.ഒ തസ്തികയിൽ രണ്ട് ഒഴിവുകളും എഎ/എഒ/എ.പി.എഫ്.ഒ. തസ്തികയിൽ ഒമ്പത് ഒഴിവുകളും വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലും ഹയർസെക്കണ്ടറി വിഭാഗത്തിലും അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ ഒരോ ഒഴിവുകളും നിലവിലുണ്ട്.

(സി) പ്രസ്തുത ഒഴിവുകൾ എന്നത്തേയ്ക്ക് നികത്താനാകുമെന്ന് വ്യക്തമാക്കാമോ?

ടി ഒഴിവുകൾ സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതിനായുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഹയർസെക്കണ്ടറി വിഭാഗത്തിൽ ഒഴിവുള്ള തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂൾ നിലവിലില്ലാത്ത സാഹചര്യത്തിൽ സ്ഥാനക്കയറ്റത്തിനായുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചോ, അന്യത്രസേവന വ്യവസ്ഥ മുഖാന്തരമോ പ്രസ്തുത ഒഴിവും നികത്തുന്നതാണ്.

**ഓഫീസ് അറ്റൻഡന്റുമാരുടെ അന്തർജില്ല സ്ഥലംമാറ്റം**

236(3455) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023, 2023-2024 വർഷങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ നടത്തിയ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; പ്രസ്തുത സ്ഥലം മാറ്റത്തിന്റെ വിശദവിവരങ്ങളും സ്ഥലംമാറ്റം ലഭിച്ച ആളുകളുടെ പേരും ഏത് ജില്ലയിൽനിന്നും സ്ഥലം മാറിവന്നുവെന്നതുൾപ്പടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

2022-23 വർഷത്തിൽ പാലക്കാട്, ആനക്കര, ഗവ.എച്ച്.എസ്.-ലെ അജിക്കുട്ടൻ എ.പി.-ക്ക് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01-02-2023-ലെ എ 5/11289/2016 ഉത്തരവുപ്രകാരവും 2023-24 വർഷത്തിൽ വയനാട് കുമ്പളക്കാട് ജി.യു.പി.എസ്.-ലെ രാജേഷ് പി.-ക്കും പാലക്കാട് പട്ടാമ്പി ഗവ. ഓറിയന്റൽ എച്ച്.എസ്.എസ്.-ലെ സൗമ്യ എസ്.എൻ.-ന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 04-07-2023-ലെ എ 5/730/2013 പ്രകാരവും നിയമനം നൽകുകയുണ്ടായി.

(ബി) പ്രസ്തുത വകുപ്പിലെ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയക്ടറേറ്റിൽ 2021 വരെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷം ഈ ജില്ലയിൽ ഓരോ വർഷവും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എത്ര വീതം അന്തർജില്ലാ സ്ഥലംമാറ്റങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

| വർഷം | എണ്ണം |
|---|---|

| | |
|---|---|
| 2017 | 1 |
| 2018 | 3 |
| 2019 | 2 |
| 2020 | 1 |
| 2021 | 2 |
| 2022 | 1 |
| 2023 | 2 |

(സി) 2022-2023, 2023-2024 വർഷങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് മറ്റുള്ള ജില്ലകളിൽനിന്നും ലഭ്യമായിട്ടുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം എത്രയാണെന്നും പ്രസ്തുത അപേക്ഷകളുടെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2022-23 വർഷം 12 അപേക്ഷകളും 2023-24 വർഷം 22 അപേക്ഷകളും

ലഭ്യമായിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

(ഡി) തിരുവനന്തപുരം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ 2022-23, 2023-2024 വർഷങ്ങളിൽ ഓഫീസ് അറ്റൻഡന്റുമാരുടെ തസ്തികയിൽ ആകെയുണ്ടായിട്ടുള്ള ഒഴിവുകൾ എത്രയാണെന്നും ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര ഓഫീസ് അറ്റൻഡന്റുമാരുടെ ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചെന്നും അറിയിക്കാമോ?

2022-23-ൽ ആകെ 20 ഒഴിവുകളിൽ 18 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ഒരു ഒഴിവ് അന്തർജില്ലാ സ്ഥലംമാറ്റത്തിന് നൽകുകയും 2023-24-ൽ ആകെ 47 ഒഴിവുകളിൽ 41 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും അന്തർജില്ലാ സ്ഥലമാറ്റത്തിന് 5 ഒഴിവുവന്നതിൽ 2 ഒഴിവുകളിലേയ്ക്ക് അന്തർജില്ലാ സ്ഥലമാറ്റം നൽകുകയുമുണ്ടായി.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമനാംഗീകാരം**

237(3456) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നൽകി തുടങ്ങിയോ; വിശദാംശം ലഭ്യമാക്കുമോ?

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നൽകി തുടങ്ങിയിട്ടുണ്ട്. മാനേജർമാർ നേരിട്ട് 634 നിയമനങ്ങളും എംപ്ലോയ്മെന്റ് വഴി 373 നിയമനങ്ങളും നടത്തിയിട്ടുണ്ട്.

(ബി) ഭിന്നശേഷി സംവരണ നിയമം പാലിച്ച് അംഗീകാരം നൽകുമ്പോൾ നിയമന തീയതി മുതൽ ശമ്പളം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതെന്നാണ് ലഭിക്കുകായെന്ന് വ്യക്തമാക്കുമോ?

നിയമനാംഗീകാരം ലഭിക്കുന്ന തീയതി മുതൽ ശമ്പള ആനുകൂല്യങ്ങൾ നൽകുന്നതിൽ മറ്റുതടസ്സങ്ങളില്ല. എന്നാൽ കുടിശ്ശിക തുക എപ്രകാരം നൽകണമെന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്ന

(സി) അംഗീകാരം ലഭിച്ച കാലഘട്ടത്തിലെ ശമ്പളം ഇപ്പോൾ ഏതുരീതിയിലാണ് നൽകിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് സർക്കാർ ഇറക്കിയ ഉത്തരവ്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലറുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) 2021-നുശേഷം നൽകിയ നിയമനങ്ങളിൽ ഏതെങ്കിലും അദ്ധ്യാപകർക്കോ ഓഫീസ് അസിസ്റ്റന്റുമാർക്കോ എഫ്.ടി.എം.-മാർക്കോ മുൻകാലപ്രാബല്യത്തിൽ കോടതി ഉത്തരവുപ്രകാരം അവർ ജോലി ചെയ്ത മുഴുവൻ കാലഘട്ടത്തിലെയും ശമ്പളം ട്രഷറിയിൽനിന്നും അവരുടെ അക്കൗണ്ടിലേയ്ക്ക് മാറി നൽകാനായിട്ടുണ്ടോ; എങ്കിൽ അവരുടെ ശമ്പളം നൽകാനായി വിദ്യാഭ്യാസ വകുപ്പിൽനിന്നും നൽകിയ നിർദ്ദേശത്തിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഭിന്നശേഷി നിയമം പാലിക്കാതെ അംഗീകാരം നൽകുന്ന ജീവനക്കാർക്ക് നൽകിവരുന്ന ദിവസ വേതന അടിസ്ഥാനത്തിലുള്ള നിയമനത്തിന് മുഴുവൻ ശമ്പളവും ശമ്പള സ്കെയിൽ അടിസ്ഥാനത്തിൽ എപ്പോൾ മുതലാണ് നൽകുകയെന്ന് വ്യക്തമാക്കാമോ?

ഭിന്നശേഷി നിയമനം പാലിക്കപ്പെടുന്ന മുറയ്ക്ക് മാത്രമേ നിലവിലെ നിയമപ്രകാരം ശമ്പള സ്കെയിൽ അടിസ്ഥാനത്തിൽ ശമ്പളം നൽകുവാൻ സാധിക്കുകയുള്ളൂ.

**എച്ച്.എസ്.എസ്.ടി. കൊമേഴ്സ് (ജൂനിയർ) തസ്തികയിലെ ഒഴിവുകൾ**

238(3457) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 339/2017 പ്രകാരം പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്.ടി. കൊമേഴ്സ് (ജൂനിയർ) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജെ.എ.2/56/2022/ജി.ഇ.ഡി. നമ്പർ ഫയൽപ്രകാരം ബൈട്രാൻസ്ഫർ നിയമനം നടത്തിയതിനുശേഷം യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ സ്പെഷ്യൽ റൂളിലെ വ്യവസ്ഥപ്രകാരം ശേഷിച്ച 28 ഒഴിവുകളിൽ 20 എണ്ണം മാത്രം നേരിട്ടുള്ള റിക്രൂട്ട്മെന്റിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; അവശേഷിക്കുന്ന 8 ഒഴിവുകൾക്കൂടി സ്പെഷ്യൽ റൂൾ അനുശാസിക്കുംപ്രകാരം നേരിട്ടുള്ള റിക്രൂട്ട്മെന്റിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) എച്ച്.എസ്.എസ്.ടി. കൊമേഴ്സ് അദ്ധ്യാപകർ ലെക്ചറർ തസ്തികയിലേയ്ക്ക് ജോലി നേടിപോയതുകൊണ്ട് പ്രസ്തുത തസ്തികയിൽ നിലവിലുണ്ടായിട്ടുള്ള അഞ്ച് ഒഴിവുകൾ, പ്രൊമോഷൻ മുഖേനയുണ്ടായിട്ടുള്ള രണ്ട് ഒഴിവുകൾ, ഡെപ്യൂട്ടേഷൻ മുഖേനയുണ്ടായിട്ടുള്ള ഒരൊഴിവ് എന്നിവ നേരിട്ടുള്ള നിയമനത്തിനായി നാളിതുവരെ പി.എസ്.സി.-ലേയ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്നുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചയുണ്ടാകരുതെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 2024 ഏപ്രിൽ മാസത്തിൽ അവസാനിക്കുമെന്നതുകൂടി പരിഗണിച്ചുകൊണ്ടും പ്രസ്തുത 16 ഒഴിവുകളും ഇനി സംജാതമാകാവുന്ന അർഹതപ്പെട്ട മറ്റ് ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**അദ്ധ്യാപക നിയമനം**

239(3458) **ശ്രീ. എം. വിജിൻ:** താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി., എച്ച്.എസ്.എസ്.ടി. (ജൂനിയർ), എച്ച്.എസ്.എസ്.ടി.

(സീനിയർ) വിഭാഗങ്ങളിലായി എത്ര അദ്ധ്യാപകർക്ക് നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി. വിഭാഗങ്ങളിൽ നടന്ന അദ്ധ്യാപക നിയമനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

<u>സർക്കാർ മേഖല</u>:-

1. എൽ.പി.എസ്.ടി. - 5919
2. യു.പി.എസ്.ടി. - 3681
3. എച്ച്.എസ്.ടി. - 3916

<u>എയ്ഡഡ് മേഖല</u>:-

1. എൽ.പി.എസ്.ടി. - 5367
2. യു.പി.എസ്.ടി. - 4970
3. എച്ച്.എസ്.ടി. - 3839

എച്ച്.എസ്.എസ്.ടി. (ജൂനിയർ), എച്ച്.എസ്.എസ്.ടി. (സീനിയർ) വിഭാഗങ്ങളിലെ നിയമനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## ഇൻസ്ട്രക്ടർ ഇൻ ഹ്യുമാനിറ്റീസ് ആൻഡ് ലാംഗ്വേജസ് തസ്തികയിലെ നിയമനം

240(3459) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഹൈസ്കൂൾ അസിസ്റ്റന്റ് സോഷ്യൽ സയൻസ് തസ്തികയിൽനിന്നും നിയമിക്കപ്പെടേണ്ട ഇൻസ്ട്രക്ടർ ഇൻ ഹ്യുമാനിറ്റീസ് ആൻഡ് ലാംഗ്വേജസ് എന്ന തസ്തികയിൽ ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്തെ മറ്റുടെക്നിക്കൽ ഹൈസ്കൂളുകളിൽ നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയമനങ്ങൾമൂലം 13-09-2011 വരെ കാലാവധിയുണ്ടായിരുന്ന എച്ച്.എസ്.എ. സോഷ്യൽ സയൻസ് റാങ്ക് ലിസ്റ്റിലുണ്ടായിരുന്നവർക്ക് നിയമനം ലഭിക്കാതിരുന്ന സാഹചര്യത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ്

സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം**

241 (3460) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ 2022-24 വർഷങ്ങളിലായി എൽ.പി., യു.പി., ഹൈസ്കൂൾ എന്നിവയിൽ എത്ര പുതിയ തസ്തികകൾക്കാണ് അംഗീകാരം നൽകിയതെന്ന് സർക്കാർ, എയ്ഡഡ് മേഖല എന്നിങ്ങനെ തരംതിരിച്ച് വിശദാംശം നൽകുമോ?

2023-2024 അധ്യയന വർഷത്തെ അധിക തസ്തിക ഒഴിച്ചുള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 2022-23 വർഷം അനുവദിച്ച പുതിയ തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി + ഉൾപ്പെടുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തസ്തിക നിർണ്ണയത്തിനുശേഷം ഓരോ ജില്ലയിലുമുണ്ടായ ഒഴിവുകൾ അറിയിക്കുമോ; പ്രസ്തുത തസ്തികകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിനുശേഷമുണ്ടായ ഒഴിവുകൾ സംബന്ധിച്ചുള്ള വിവരം അനുബന്ധം 2 ആയി+ ചേർക്കുന്നു. പ്രസ്തുത ഒഴിവുകൾ നിയമാനുസൃതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2023-24 വർഷത്തെ അധിക തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് നികത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**തൊഴിൽ മേഖലയിലെ തർക്കങ്ങൾ പരിഹരിക്കൽ**

242 (3461) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ തർക്കങ്ങളുണ്ടാകുകയാണെങ്കിൽ സത്വരപരിഹാരം കാണുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. തൊഴിൽ തർക്കം സംബന്ധിച്ച ഒരു പരാതി ലഭിച്ചാൽ 1947-ലെ വ്യവസായ തർക്കനിയമത്തിലെ വകുപ്പ് 12(1) പ്രകാരം അനുരഞ്ജന ചർച്ചകൾ നടത്തുന്നതിന് വിജ്ഞാപനം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 1, ഡെപ്യൂട്ടി ലേബർ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (ജി), റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) എന്നീ തലങ്ങളിൽ അനുരഞ്ജന ചർച്ച നടത്താറുണ്ട്. ജില്ലാ ലേബർ ഓഫീസർ തലത്തിൽ ലഭിക്കുന്ന പരാതികൾ പരിഹരിക്കാത്തപക്ഷം ഉന്നതതലത്തിൽ ഇടപെടൽ നടത്തി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. സംസ്ഥാനതലത്തിലുണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) തലത്തിലും ലേബർ കമ്മീഷണർ തലത്തിലും ചില സന്ദർഭങ്ങളിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തലത്തിലും ചർച്ചകൾ നടത്തി തൊഴിൽ തർക്കങ്ങൾ പരിഹരിക്കാറുണ്ട്. പ്രശ്നപരിഹാരം സാധ്യമാകാത്ത

സന്ദർഭങ്ങളിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ വകുപ്പ് 12(4) പ്രകാരം ലേബർ കമ്മീഷണറിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി തർക്കം മൂന്ന് മാസത്തിനകം തീർപ്പാക്കണമെന്ന ശിപാർശയോടുകൂടി ബഹുമാനപ്പെട്ട ലേബർ കോടതി/ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് സർക്കാരിൽനിന്നും റഫർ ചെയ്ത് നൽകിവരുന്നുണ്ട്.

(ബി) സംസ്ഥാന തൊഴിൽ വകുപ്പിനെ സുശക്തവും കാര്യക്ഷമവുമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പാക്കാൻ ആലോചിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

തൊഴിൽ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതുവഴിയും വ്യവസായതർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതുവഴിയും സംസ്ഥാനത്ത് സമാധാനപരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സാധിക്കുന്നുണ്ട്. തൊഴിൽ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം നിലനിർത്തുക, മാന്യമായ തൊഴിൽ അന്തരീക്ഷവും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരവും തൊഴിലുടമയും തൊഴിലാളിയും തമ്മിൽ ആരോഗ്യകരമായ ബന്ധം ഉറപ്പാക്കുന്നതിനും മെച്ചപ്പെട്ട നയങ്ങളിലൂടെയും

പരിപാടികളിലൂടെയും തൊഴിലാളികളുടെ സാമൂഹ്യസുരക്ഷാ കവറേജ് വർദ്ധിപ്പിക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നു.

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലി ഉറപ്പുവരുത്തുന്നതിനും അവർക്ക് തൊഴിലിന്റെ മഹത്വം മനസ്സിലാക്കിക്കൊടുക്കുന്നതിനും "കർമ്മചാരി" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തൊഴിലിടങ്ങളിലെ തൊഴിൽ സാഹചര്യം കണക്കിലെടുത്ത് വിവിധ തൊഴിൽ മേഖലകളിൽനിന്നുള്ള തൊഴിലാളികൾക്ക് "തൊഴിലാളി ശ്രേഷ്ഠ" പുരസ്കാരം നൽകിവരുന്നു. സ്ഥാപനങ്ങളെ അവയുടെ മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് അവാർഡുകൾ നൽകിവരുന്നു. അതിഥി തൊഴിലാളികളുടെ വിവരം ശേഖരിക്കുന്നതിനും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി "അതിഥി ആപ്പ്" എന്നൊരു പോർട്ടൽ നടപ്പിലാക്കിവരുന്നുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന തൊഴിൽ തർക്കങ്ങളും കയറ്റിറക്ക് തർക്കങ്ങളും നോക്കുകൂലി സംബന്ധിച്ച പരാതികളും രജിസ്റ്റർ ചെയ്യുന്നതിന് "തൊഴിൽ സേവ ആപ്പ്" എന്നൊരു മൊബൈൽ ആപ്പ്

പ്രവർത്തിച്ചുവരുന്നുണ്ട്. അതിഥി തൊഴിലാളികൾക്കിടയിൽ കണ്ടുവരുന്ന വ്യാപകമായ മയക്കുമരുന്ന് ഉപയോഗത്തിനെതിരെ “കവച്” എന്ന പേരിൽ ബോധവൽക്കരണ പരിപാടി വകുപ്പ് മുഖേന നടത്തിവരുന്നു. തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പ് ”സഹജ” എന്ന കോൾ സെന്റർ സംവിധാനം നടപ്പിലാക്കിവരുന്നു. ഈ സംവിധാനം മുഖേന പേര് വെളിപ്പെടുത്താതെ ഫോൺ കോൾ മുഖേന പ്രശ്നങ്ങൾ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരിൽ എത്തിക്കുന്നതിന് സാധിക്കുന്നുണ്ട്.

(സി) അതിഥി തൊഴിലാളികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ്

പരിശോധനകൾ നടത്തിവരുന്നതോടൊപ്പം 1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ടുപ്രകാരവും 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമപ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധനയും നടത്താറുണ്ട്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിൽ അതിഥി തൊഴിലാളികളെ നേരിട്ട് കാണുകയും നിർമ്മാണ മേഖലയിൽ ഇവർക്ക് നൽകുന്ന സുരക്ഷാക്രമീകരണങ്ങളും അനുവദിച്ചിരിക്കുന്ന താമസസൗകര്യങ്ങളും മറ്റുഅടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ പാർക്കുന്ന അതിഥി തൊഴിലാളികളെ അവിടെനിന്നും മാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് നൽകുന്ന സ്ഥലങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യം

മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ് "അപ്നാഘർ പദ്ധതി". ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായും അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായും വിവിധ പദ്ധതികൾ വിഭാവനം ചെയ്തുവരുന്നുണ്ട്. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ, സമ്പർക്ക ക്ലാസ്സുകൾ, പരസ്യ പ്രചരണങ്ങൾ, ഹ്രസ്വചിത്രങ്ങളുടെ പ്രദർശനം, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്ക്കരണ പദ്ധതികൾ എന്നിവയും തൊഴിൽ വകുപ്പിന് കീഴിൽ നടപ്പിലാക്കിവരുന്നുണ്ട്. അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്തി വരുന്നതോടൊപ്പം 1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ടുപ്രകാരവും 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമ പ്രകാരവും സംസ്ഥാന വ്യാപകമായി

തൊഴിൽ വകുപ്പ് പരിശോധനയും നടത്താറുണ്ട്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിൽ അതിഥി തൊഴിലാളികളെ നേരിട്ട് കാണുകയും നിർമ്മാണ മേഖലയിൽ ഇവർക്ക് നൽകുന്ന സുരക്ഷാ ക്രമീകരണങ്ങളും അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ പാർക്കുന്ന അതിഥി തൊഴിലാളികളെ അവിടെനിന്നും മാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുനൽകുന്ന സ്ഥലങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ് "അപ്നാഘർ പദ്ധതി". ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ സാമൂഹ്യസുരക്ഷാ പ്രശ്ങ്ങൾ പരിഹരിക്കുന്നതിനായും

അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായും വിവിധ പദ്ധതികൾ വിഭാവനം ചെയ്തുവരുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ, സമ്പർക്ക ക്ലാസ്സുകൾ, പരസ്യ പ്രചരണങ്ങൾ, ഹ്രസ്വചിത്രങ്ങളുടെ പ്രദർശനം, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്ക്കരണ പദ്ധതികൾ എന്നിവയും തൊഴിൽ വകുപ്പിന് കീഴിൽ നടപ്പിലാക്കിവരുന്നുണ്ട്.

**ഗാർഹിക തൊഴിൽ മേഖലയിലെ സ്ത്രീകൾ**

243 (3462) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാനത്ത് അസംഘടിത മേഖലയിൽ തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യസുരക്ഷയും

ഉറപ്പാക്കുന്നതിന് 2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ആക്ടിലെ (2008-ലെ 33-ാം കേന്ദ്ര ആക്ട്) 3-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് ആറ് പദ്ധതികൾ കൂട്ടിചേർത്ത് രൂപീകരിച്ച 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയിൽ 2011-ലെ ഗാർഹിക തൊഴിലാളി സ്കീം ഉൾപ്പെട്ടിട്ടുണ്ട്. ഗാർഹിക തൊഴിൽ മേഖലയിലെ സ്ത്രീ തൊഴിലാളികൾ ഉൾപ്പെടുന്ന ടി പദ്ധതിയിൽ അംഗത്വം നേടുന്നവർക്ക് പദ്ധതി വ്യവസ്ഥകൾക്ക് വിധേയമായി ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

| ക്രമ. നം. | **ആനുകൂല്യങ്ങൾ** |
|---|---|
| 1. | റിട്ടയർമെന്റ് ആനുകൂല്യം |
| 2. | വിവാഹധനസഹായം |
| 3. | പ്രസവാനുകൂല്യം |
| 4. | വിദ്യാഭ്യാസാനുകൂല്യം |
| 5. | ചികിത്സാ സഹായം |
| 6 | മരണാനന്തര സഹായവും അപകടാനുകൂല്യവും |
| 7. | വാർദ്ധക്യകാല പെൻഷൻ |
| 8. | കുടുംബ പെൻഷൻ |
| 9. | അവശതാ പെൻഷൻ |

(ബി) ഗാർഹിക തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ?

തൊഴിൽ വകുപ്പ് മുഖേന പഠനം നടത്തിയിട്ടില്ല.

(സി) ഗാർഹിക തൊഴിലാളി റിക്രൂട്ടിംഗ് ഏജൻസികൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഗാർഹിക തൊഴിലാളികളുടെ റിക്രൂട്ടിംഗ് ഏജൻസികളുടെ ഓഫീസായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 1960-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ ടി സ്ഥാപനങ്ങൾക്ക് മേൽനിയമപ്രകാരമുള്ള രജിസ്ട്രേഷൻ നൽകിവരുന്നുണ്ട്. മറ്റുലൈസൻസുകളൊന്നും തൊഴിൽ വകുപ്പ് മുഖേന നൽകിവരുന്നില്ല.

(ഡി) പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ഏതെങ്കിലും ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ഇവരെ ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകുമോ?

(ഡി&ഇ) 2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ആക്ടിലെ (2008-ലെ 33-ാം കേന്ദ്ര ആക്ട്) 2 (m) നിർവ്വചനത്തിനുകീഴിൽ വരുന്ന ഗൃഹാധിഷ്ഠിത തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതോ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതോ ആയ ആക്ടിലെ 2-ാം ഷെഡ്യൂളിൽ പരാമർശിച്ചിട്ടുള്ള നിയമങ്ങളായ The Employees State Insurance Act 1948, The Employees Provident Funds and Miscellaneous Provisions Act- 1952, The payment of Gratuity Act 1972, The Industrial Dispute Act 1947, The Maternity Benefit Act 1961, The Workers Compensation Act 1923 എന്നിവയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ അസംഘടിത മേഖലയിലെ 14 വയസ്സ് പൂർത്തീകരിക്കുകയും 59 വയസ്സ് പൂർത്തിയാവാതിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്ക് 2015-ലെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ 2011-ലെ ഗാർഹിക തൊഴിലാളി സ്കീം ഉൾപ്പെട്ടിട്ടുണ്ട്. അപ്രകാരം അംഗത്വം നേടുന്നപക്ഷം പദ്ധതി വിഭാവനം ചെയ്തിട്ടുള്ള ചികിത്സാ സഹായം,

വിദ്യാഭ്യാസാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം (സ്ത്രീ തൊഴിലാളികൾക്ക് മാത്രം) എന്നിവ ലഭിക്കുന്നതാണ്. 60 വയസ്സ് കഴിഞ്ഞ് പദ്ധതിയിൽനിന്നും വിരമിക്കുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമ പെൻഷൻ അതതുകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ നൽകിവരുന്നുണ്ട്. അസുഖമോ അപകടംമൂലമോ ഒരംഗം മരണമടഞ്ഞാൽ അവകാശിക്ക് റിട്ടയർമെന്റ് ആനുകൂല്യവും മരണാനന്തര ചെലവുകൾക്കായി 1,000/- രൂപയും മരണാനന്തരാനുകൂല്യവും ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം അംശദായം ഒടുക്കിയ അംഗത്തിന് അപകടംമൂലം തൊഴിൽ ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശരീരിക അവശത 50%-നുമുകളിലാണെങ്കിൽ അവശതാ പെൻഷൻ ലഭിക്കുന്നതാണ്. ജോലിയിൽ ഏർപ്പെട്ടിരിക്കേ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി ഈ ക്ഷേമപദ്ധതി മുഖേന പരമാവധി 10,000/-രൂപ നൽകിവരുന്നു.

**സ്ത്രീകൾക്ക് സംരക്ഷണം നൽകാൻ ഇന്റേർണൽ കംപ്ലെയിന്റ്സ് കമ്മിറ്റി**

244 (3463) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:

ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങൾ കൂടിവരുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(ബി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സംരക്ഷണം നൽകാൻ ഇന്റേർണൽ കംപ്ലൈന്റ്സ് കമ്മിറ്റി എല്ലാ മേഖലയിലും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പത്തോ അതിലധികമോ ജീവനക്കാരുള്ള സർക്കാരിതര സ്ഥാപനങ്ങളിൽ 2013-ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമം (തടയലും നിരോധിക്കലും പരിഹാരവും) നിയമപ്രകാരം ഇന്റേണൽ കംപ്ലൈയന്റ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന

പരിശോധനകളിൽ ഉറപ്പുവരുത്തുന്നതും ആയത് പാലിക്കാത്ത സ്ഥാപനങ്ങൾക്ക് പരിശോധന കുറിപ്പ് നൽകാറുമുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ ഇത്തരത്തിൽ സ്ത്രീ ജീവനക്കാർത്തന്നെ അദ്ധ്യക്ഷയായിട്ടുള്ള കമ്മിറ്റികൾ സജീവമാണ്.

(സി) തൊഴിലിടങ്ങളിൽ സ്ത്രീകൾ മാനസിക പീഡനങ്ങൾക്ക് ഇരയാകുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലന്തരീക്ഷം ലഭ്യമാകുന്നുണ്ടെന്ന് സ്ഥാപന പരിശോധനവേളയിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്താറുണ്ട്. കൂടാതെ, തൊഴിലിടങ്ങളിൽ സ്ത്രീകൾ മാനസിക പീഡനങ്ങൾക്ക് ഇരയാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി ജീവനക്കാർക്ക് വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന ക്ലാസ്സുകളുടെ നടത്തിപ്പിലേയ്ക്ക് അസിസ്റ്റന്റ് ലേബർ ഓഫീസുകളിൽനിന്നും കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടുപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ

ലിസ്റ്റ് നൽകുകയും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത ക്ലാസ്സുകളിൽ ഭാഗവാക്കാവുകയും ചെയ്യാറുണ്ട്. കൂടാതെ, സ്ത്രീ തൊഴിലാളികൾക്ക് തൊഴിലിടങ്ങളിലെ പരാതി അറിയിക്കുവാനും പരിഹരിക്കുവാനും തൊഴിൽ വകുപ്പിന്റെ സഹജ കോൾ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ടെന്ന വിവരം വനിതാ തൊഴിലാളികളെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന അറിയിച്ചുവരുന്നുണ്ട്. കൂടാതെ ടോൾ ഫ്രീ നമ്പറുകൾ (155300/180042555214) പത്രങ്ങളിലും മറ്റ് ദൃശ്യമാധ്യമങ്ങളിൽക്കൂടിയും തൊഴിലിടങ്ങളിൽ സ്റ്റിക്കറുകൾ പതിച്ചും പ്രചരിപ്പിക്കുന്നുമുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാക്രമണം തടയുന്നതിനും സ്ത്രീകൾ അഭിമാനത്തോടും അന്തഃസ്സോടും ലിംഗസമത്വത്തോടുംകൂടി ജോലി ചെയ്യുന്നതിനും സഹായകമാകുന്ന പ്രധാനപ്പെട്ട ഒരു നിയമം ആണ് POSH ആക്ട് 2013. ആയതുപ്രകാരം പത്തോ അതിൽ കൂടുതലോ തൊഴിലാളികളുള്ള സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ, അസംഘടിത തൊഴിൽ മേഖല എന്നിവിടങ്ങളിൽ ഇന്റേണൽ കമ്മിറ്റിയും പത്തിൽ കുറവുള്ള തൊഴിൽ സ്ഥലങ്ങളിൽ

ജില്ലാതലത്തിൽ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ലോക്കൽ കമ്മിറ്റിയും രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം രൂപീകരിക്കപ്പെട്ട ഇന്റേണൽ/ലോക്കൽ കമ്മിറ്റിയിൽ, തങ്ങൾക്കെതിരെയുണ്ടാകുന്ന ലൈംഗിക അതിക്രമങ്ങൾക്കെതിരെ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പരാതി നൽകാവുന്നതാണ്. അഥവാ തൊഴിലുടമയ്ക്കെതിരെയാണ് പരാതിയെങ്കിൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ലോക്കൽ കമ്മിറ്റിയിൽ പരാതി നൽകി പരിഹാരം തേടാവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളെ ചെറുക്കുന്നതിനും ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനുമായി വനിതാ ശിശു വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന ബോധവൽക്കരണ ക്യാമ്പയിനാണ് "കനൽ" കർമ്മ പദ്ധതി.

**സംസ്ഥാനത്തെ താൽക്കാലിക നിയമനങ്ങൾ**

245 (3464) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ 2016 മുതൽ എത്ര

താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ 2016 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആകെ 68816 ഉദ്യോഗാർത്ഥികൾക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ബാധകമായിട്ടുള്ള സ്ഥാപനങ്ങളിലെ താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന KS&SSR Rule-9 a (i) പ്രകാരമാണ് നടത്തേണ്ടത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച് 21-11-1957-ലെ SD2/29168/57 PD നമ്പർ ഉത്തരവിൽ എല്ലാ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിതന്നെ നടപ്പിലാക്കണമെന്നും 04-12-1958-ലെ SD 2-80414/58 നമ്പർ മെമ്മോറാണ്ടത്തിൽ പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത എല്ലാത്തരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി

നടത്തണമെന്നും വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഉദ്യോഗദായകർ അറിയിക്കുന്ന ഒഴിവുകൾക്ക് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/സർക്കുലർ എന്നിവ പാലിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ലിസ്റ്റ് നൽകുന്നു. ഉദ്യോഗദായകർ സ്ഥാപനത്തിൽ നിലവിലുള്ള താൽക്കാലിക ഒഴിവ് നിശ്ചിത മാതൃകയിലുള്ള റിക്വിസിഷൻ ഫാറത്തിൽ ബന്ധപ്പെട്ട ജില്ലാ/പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുമ്പോൾ, (PSC-യുടെ പരിധിയിലുള്ള ഒഴിവ് ആണെങ്കിൽ പി.എസ്.സി.-ൽനിന്നുള്ള Non Availability സർട്ടിഫിക്കറ്റ് സഹിതം) അത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സംവരണതത്വം പാലിച്ച് ബുക്ക് ചെയ്യുകയും ജില്ലയിലെ സബ്ഓഫീസുകളിൽ സർക്കുലേറ്റ് ചെയ്ത് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ശേഖരിച്ച് ക്രോഡീകരിച്ച് ഉദ്യോഗദായകന് നൽകുകയുമാണ് ചെയ്തുവരുന്നത്. ഈ ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ കൂടിക്കാഴ്ച നടത്തി തെരഞ്ഞെടുത്ത് നിയമനം നടത്തുന്നത് ബന്ധപ്പെട്ട ഉദ്യോഗദായകനാണ്.

(സി) ആരോഗ്യവകുപ്പിൽ നടത്തിയ 10938 താൽക്കാലിക നിയമനങ്ങളിൽ ഒരു നിയമനം മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി അർഹരായവർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പിലെ വിവിധ പദ്ധതികളിലേയ്ക്കുള്ള നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഉദ്യോഗാർത്ഥികളുടെ പരാതിയിന്മേലും ആരോഗ്യ വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് ചുമതല നൽകുകയും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ ആരോഗ്യ വകുപ്പിലെ നാഷണൽ ഹെൽത്ത് മിഷൻ, KHRWS, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികൾ, വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയിലൂടെ വിവിധങ്ങളായ

തസ്തികകളിൽ അനേകം ജീവനക്കാർ ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. വകുപ്പിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ, സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ എല്ലാ ഉദ്യോഗാർഥികൾക്കും ലഭ്യമാകത്തക്ക രീതിയിൽ ആവശ്യമായ പരിശീലനങ്ങൾ നൽകി മാതൃകാപരമായ പ്രവർത്തനം നടത്തിവരികയാണ്. ആയതിനാൽ ആരോഗ്യ വകുപ്പിലെ നാഷണൽ ഹെൽത്ത് മിഷൻ, KHRWS, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകളുൾപ്പെടെ സേവനം പ്രയോജനപ്പെടുത്തുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

**കരിയർ ഡെവലപ്മെന്റ് സെന്ററുകൾ**

246(3465) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. വാഴൂർ സോമൻ:

ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ അന്വേഷകർക്ക് പുതിയ കാലത്തെ തൊഴിൽ മേഖലയിലെ വെല്ലുവിളികൾ നേരിടാൻ കൃത്യവും തൃപ്തികരവുമായ കരിയർ നിർദ്ദേശങ്ങൾ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ട സാഹചര്യം പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

തൊഴിൽ അന്വേഷകർക്ക് പുതിയ കാലത്തെ തൊഴിൽ മേഖലയിലെ വെല്ലുവിളികൾ നേരിടാൻ കൃത്യവും തൃപ്തികരവുമായ കരിയർ നിർദ്ദേശങ്ങൾ നൽകുന്നതിന് 2016-17 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലാണ് കേരളത്തിലെ ആദ്യ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിച്ചത്. ആയതിനുശേഷം പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ,

കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ആഗോള തൊഴിൽ സാധ്യതകൾക്ക് അനുയോജ്യമായ വൈവിധ്യമാർന്ന കോഴ്സുകൾക്ക് പ്രവേശനം നേടാൻ സഹായിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ആഗോള തൊഴിൽ സാധ്യതകൾക്ക് അനുയോജ്യമായ വൈവിധ്യമാർന്ന കോഴ്സുകൾക്ക് പ്രവേശനം നേടാൻ സഹായിക്കുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(സി) തൊഴിൽ അന്വേഷകർക്ക് ഉന്നതപഠന മേഖലകളെക്കുറിച്ചും അതുവഴി എത്തിച്ചേരാൻ കഴിയുന്ന തൊഴിൽ മേഖലകളെക്കുറിച്ചും കൃത്യമായ മാർഗ്ഗനിർദ്ദേശവും സംശയനിവാരണവും ഉറപ്പാക്കുന്ന കേന്ദ്രങ്ങളായി ഇവയെ പരിവർത്തിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

തൊഴിൽ അന്വേഷകർക്ക് ഉന്നതപഠന മേഖലകളെക്കുറിച്ചും അതുവഴി എത്തിച്ചേരാൻ കഴിയുന്ന തൊഴിൽ മേഖലകളെക്കുറിച്ചും കൃത്യമായ

മാർഗ്ഗനിർദ്ദേശവും സംശയനിവാരണവും ഉറപ്പാക്കുന്ന കേന്ദ്രമായാണ് സംസ്ഥാനത്ത് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്. പരിചയസമ്പന്നനായ എംപ്ലോയ്മെന്റ് ഓഫീസറുടെ നേതൃത്വത്തിൽ മനഃശാസ്ത്രത്തിൽ വൈദഗ്ധ്യമുള്ള കരിയർ കൗൺസലറും ഇൻഫർമേഷൻ ടെക്നോളജിയിൽ മികവുപുലർത്തുന്ന ഐ.ടി. ഓഫീസറും അടങ്ങുന്നതാണ് സംസ്ഥാനത്തെ കരിയർ ഡവലപ്മെന്റ് സെന്ററുകൾ.

(ഡി) ഉദ്യോഗാർത്ഥികളിൽ ദിശാബോധവും ആത്മവിശ്വാസവും ജനിപ്പിക്കുന്നതിന് പര്യാപ്തമായ കൗൺസിലിംഗ്, മോട്ടിവേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിന് കരിയർ ഗൈഡൻസ് സെന്ററുകൾ സഹായകരമാകുമോ; വിശദീകരിക്കുമോ?

ഉദ്യോഗാർത്ഥികളിൽ ദിശാബോധവും ആത്മവിശ്വാസവും ജനിപ്പിക്കുന്നതിന് പര്യാപ്തമായ കൗൺസിലിംഗ്, മോട്ടിവേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ സഹായകരമാകുന്നുണ്ട്. വ്യക്തിയെയും കുടുംബത്തെയും ആഴത്തിൽ അറിഞ്ഞുകൊണ്ട് ജീവിത വിജയം സാധ്യമാവുന്ന വഴികൾ

തെരഞ്ഞെടുക്കാൻ സഹായിക്കുന്നതിന് പരിചയ സമ്പന്നനായ എംപ്ലോയ്മെന്റ് ഓഫീസറുടെ നേതൃത്വത്തിൽ, മനഃശാസ്ത്രത്തിൽ വൈദഗ്ദ്ധ്യമുള്ള കരിയർ കൗൺസലറുടെ സേവനം സി.ഡി.സി.-യിൽ ലഭ്യമാണ്. വ്യക്തിയുടെ പഠനനിലവാരം, സാമ്പത്തിക സ്ഥിതി, സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം, മുതലായവയെല്ലാം വിശദമായി പരിശോധിച്ച് കോഴ്സുകൾ, തൊഴിൽ മേഖലകൾ, പരിശീലന സംവിധാനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം കൃത്യമായ നിർദ്ദേശങ്ങൾ കൗൺസലർമാർ നൽകുന്നതായിരിക്കും. എടുത്ത തീരുമാനത്തിൽ വ്യക്തി എത്രമാത്രം മുന്നോട്ടുപോയെന്ന് സമയബന്ധിതമായി പരിശോധിക്കാനും സംവിധാനമുണ്ടാകും.

**ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കാൻ നടപടി**

247(3466) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ലേബർ

കമ്മീഷണർ അദ്ധ്യക്ഷനായ സബ്കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ലേബർ കമ്മീഷണർ അദ്ധ്യക്ഷനായ സബ്കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+

**കേരളാ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വം**

248(3467) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കേരളാ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശാദായം അടച്ചുവരുന്ന ശ്രീമതി സുചിത ആർ., ടി.സി.7/600, സൗപർണിക, പാട്ടത്തിൽ ലൈൻ, ശ്രീകാര്യം എന്ന വ്യക്തിക്ക് അംഗത്വകാർഡ് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത തൊഴിലാളിയുടെ അംഗത്വ രജിസ്ട്രേഷൻ നമ്പർ എത്രയെന്നും എന്നുമുതലാണ് ക്ഷേമനിധിയിൽ അംഗമായതെന്നും വ്യക്തമാക്കാമോ;

(സി) ഈ തൊഴിലാളിയുടെ രജിസ്ട്രേഷൻ എന്ന് പൂർത്തിയായെന്നും അംഗത്വ അക്കൗണ്ടിൽ എത്ര രൂപ അടച്ചിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) ബാധകമല്ല.

**ക്ഷേമനിധി ബോർഡുകൾ**

249(3468) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ഉൾപ്പെടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽനിന്നും നിലവിൽ വിതരണം ചെയ്യാനുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങളും ഓരോ എണ്ണത്തിലും വിതരണം ചെയ്യാനുള്ള തുകയും ലഭിക്കാനുള്ള

ഗുണഭോക്താക്കളുടെ എണ്ണവും ബോർഡ് തിരിച്ച് വ്യക്തമാക്കുമോ?

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ഉൾപ്പെടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽനിന്നും നിലവിൽ വിതരണം ചെയ്യാനുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങളും ഓരോ എണ്ണത്തിലും വിതരണം ചെയ്യാനുള്ള തുകയും ലഭിക്കാനുള്ള ഗുണഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു+.

**ഇതരസംസ്ഥാന തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം**

250(3469) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് നടന്ന കുറ്റകൃത്യങ്ങളിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. 2016 മുതൽ നാളിതുവരെ കൊലപാതകം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിന് 10546 ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വകുപ്പിന്റെ വിവരശേഖരണ സംവിധാനമായ ആവാസിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം അറിയാനുള്ള വിവരശേഖരണം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അവരുടെ ക്രിമിനൽ പശ്ചാത്തലം ഉൾപ്പെടെയുള്ള സമഗ്രവിവര സമാഹരണത്തിനുള്ള സംവിധാനം അടിയന്തരമായി ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

ഇല്ല. ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിവഴിയുള്ള ആനുകൂല്യങ്ങളുമാണ് ആവാസ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ക്രിമിനൽ പശ്ചാത്തല വിവരശേഖരണം സംബന്ധിച്ച് ആഭ്യന്തര വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് നിലവിൽ അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേയ്ക്ക്

കുടിയേറുന്നതിന് മുമ്പേതന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്.

**അതിഥി തൊഴിലാളികളെ നിരീക്ഷിക്കാൻ നടപടി**

251 (3470) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്തുണ്ടായ പല ക്രിമിനൽ സംഭവങ്ങളിലും അതിഥി തൊഴിലാളികൾ പ്രതിസ്ഥാനത്ത് വന്ന സാഹചര്യത്തിൽ അവർക്ക് കൃത്യമായ തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) അതിഥി തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും, സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്തുന്നുണ്ട്. 1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ടുപ്രകാരവും 1979-ലെ ഇന്റർ സ്റ്റേറ്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ടുപ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ട്. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികളെ അവിടെനിന്നും മാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുനൽകുന്ന സ്ഥലങ്ങളിലേയ്ക്ക് മാറ്റിപാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. കൂടാതെ അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ

താമസസൗകര്യം നൽകുന്നതിനുള്ള പദ്ധതിയാണ് 'അപ്നാഘർ പദ്ധതി'. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത ശുചിത്വനിലവാരം ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും നടത്താറുണ്ട്. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ടി തൊഴിലാളികൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനുള്ള ലഹരി വിരുദ്ധ പ്രചരണങ്ങളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളികൾക്കിടയിലും തൊഴിൽ വകുപ്പ് 'കവച് 2022' എന്ന പേരിൽ ലഹരി ഉപയോഗങ്ങൾക്കെതിരെ വ്യാപകമായ ബോധവൽക്കരണം

നടത്തിയിരുന്നു. ഇതരസംസ്ഥാനങ്ങളിൽനിന്നും മതിയായ രേഖകളില്ലാതെ കേരളത്തിൽ എത്തി ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനുമായി പോലീസ് ആസ്ഥാനത്തുനിന്നും 13/2009 നമ്പർ എക്സിക്യൂട്ടിവ് ഡയറക്ടീവുപ്രകാരം നിർദ്ദേശം നിലവിലുണ്ട്. കൂടാതെ സംസ്ഥാനത്തുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ ഏറ്റവും പുതിയ കണക്കുകൾ ശേഖരിക്കുന്നതിലേയ്ക്കും അവ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനുംവേണ്ടി 08-08-2023-ൽ 374/camp/ADGP LO/2023 നമ്പർ പ്രകാരമുള്ള നിർദ്ദേശങ്ങൾ ADGP Law & Order ഓഫീസിൽനിന്നും സോൺ ഐ.ജി.-മാർ, റേഞ്ച് ഡി.ഐ.ജി.-മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയാണ്. ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ രഹസ്യാന്വേഷണ വിഭാഗവും ജനമൈത്രി പോലീസും നിരന്തരം നിരീക്ഷിച്ചുവരുന്നതും തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ അവരുടെ

തിരിച്ചറിയൽ രേഖകൾ പരിശോധിക്കുകയും അവരുടെ ജീവിത സാഹചര്യവും സാമൂഹ്യപശ്ചാത്തലവും വ്യക്തികളുടെ സ്വഭാവവും അന്വേഷിച്ചറിഞ്ഞ് വരുന്നുണ്ട്. അതിഥി തൊഴിലാളികളുടെ ഇടയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവ നിയന്ത്രിക്കുന്നതിനായി എയർപ്പോർട്ട്, റെയിൽവെ സ്റ്റേഷൻ, ബസ്സ്റ്റാന്റുകൾ എന്നിവിടങ്ങളിൽ പരിശോധന ശക്തമാക്കിയും മയക്കുമരുന്ന് ഉപയോഗവും വ്യാപാരവും തടയുന്നതിന് സംസ്ഥാന തലത്തിൽ Anti-Narcotic Task Force (ANTF)-ഉം റേഞ്ച് അടിസ്ഥാനത്തിൽ NDPS Co-ordination Cell-ഉം ജില്ലാതലത്തിൽ District Anti-Narcotic Special Action Force (DANSAF) ടീമും പ്രവർത്തിച്ചുവരുന്നു.

**ഇതര സംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ**

252(3471) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾ കൊലപാതകം ഉൾപ്പെടെയുള്ള

ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2021 മുതൽ നാളിതുവരെ നടന്ന ഇത്തരം കുറ്റകൃത്യങ്ങളിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള അതിഥി തൊഴിലാളികളെ സംബന്ധിച്ച വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(ബി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് നിയമം 1979 പ്രകാരം ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമല്ല. എന്നാൽ തൊഴിൽ വകുപ്പിന്റെ ആവാസ് പദ്ധതിപ്രകാരവും കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിപ്രകാരവും അതിഥി പോർട്ടൽപ്രകാരവും ഇതരസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് Interstate Migrant

Workers Welfare Registration Ordinance കൊണ്ടുവരുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. സംസ്ഥാനത്തേയ്ക്ക് ജോലിതേടി എത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യുവാനും ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുകയുമാണ് ഓർഡിനൻസിന്റെ ലക്ഷ്യം.

(സി) ജോലിക്കായി ഇവരെ കൊണ്ടുവരുന്ന ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ലേബർ കമ്മീഷണർക്കും പോലീസ് സ്റ്റേഷനിലും റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി നിലവിലുള്ള 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act പ്രകാരമാണ് ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ

ചെയ്തുവരുന്നത്. ടി നിയമപ്രകാരം അഞ്ചോ അതിലധികമോ ഇതരസംസ്ഥാന തൊഴിലാളികൾ ഒരു കോൺട്രാക്ടർ മുഖേന ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടത് നിർബന്ധമാണ്. അതുപോലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കുവാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കും. തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുവാൻ നിയമം അനുശാസിക്കുന്നില്ല.

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിലെടുക്കുന്നുവെന്ന് സംസ്ഥാനം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ആവാസ് പദ്ധതിപ്രകാരവും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിപ്രകാരവും അതിഥി പോർട്ടൽപ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള

കണക്ക് അനുബന്ധമായി ചേർക്കുന്നു+.

**ഇതര സംസ്ഥാന തൊഴിലാളികൾ**

253(3472) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ഉണ്ടെന്ന കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമാണോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് എത്ര ഇതരസംസ്ഥാന തൊഴിലാളികളുണ്ടെന്ന കൃത്യമായ കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമല്ല. എന്നാൽ സംസ്ഥാനത്ത് ആവാസ് പദ്ധതിപ്രകാരവും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും അതിഥി പോർട്ടൽപ്രകാരവും ഇതരസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സംസ്ഥാനത്തെ മിനിമം വേതനം**

254 (3473) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവുമധികം മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും ആയതിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മിനിമം വേതന കാലാവധി കഴിയുന്ന തൊഴിൽ മേഖലകളുടെ മിനിമം വേതനം കാലോചിതമായി പുതുക്കി നിശ്ചയിക്കാറുമുണ്ട്.

(ബി) കാർഷിക-കാർഷികേതര മേഖലകളിൽ ദേശീയ ശരാശരിയുടെ ഇരട്ടിയിലധികം കൂലി ഉറപ്പ് നൽകാൻ സംസ്ഥാനത്തിന് കഴിയുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 19-11-2022-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച 'Hand book of Statistics of own Indian States, 2021-22' -ന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 726.80 രൂപയും കാർഷികേതര മേഖലയിൽ ജോലി ചെയ്യുന്ന ശരാശരി പ്രതിദിന വേതനം 681.80 രൂപയുമാണ്. ടി തുക മറ്റുസംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രതിദിന വേതനത്തേക്കാൾ ഉയർന്ന നിരക്കിലാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിലെ ദേശീയ ശരാശരി 323.20-ഉം കാർഷികേതര മേഖലയിലെ ദേശീയ ശരാശരി 326.60-മാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കാർഷിക-കാർഷികേതര മേഖലകളിൽ ദേശീയ ശരാശരിയുടെ ഇരട്ടിയിലധികം കൂലി നൽകുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(സി) പരമ്പരാഗത തൊഴിൽ മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ അറിക്കാമോ?

സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലകളായ കയർ,

കശുവണ്ടി, കൈത്തറി, ഖാദി, ബീഡി-സിഗാർ, ഹാന്റിക്രാഫ്റ്റ്, കെയിൻ ആൻഡ് ബാംബു തുടങ്ങിയ തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നുണ്ടോയെന്ന് സ്ഥാപന പരിശോധനയിലൂടെ ഉറപ്പുവരുത്താറുണ്ട്. കൂടാതെ തൊഴിലാളികൾക്ക് വർഷത്തിൽ നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്ക വിധത്തിൽ യഥാർത്ഥത്തിൽ ലഭിക്കുന്ന വരുമാനവുമായുള്ള അന്തരം കണക്കാക്കി കുറഞ്ഞത് 1250/- രൂപ ഒരു തൊഴിലാളിക്ക് സാമ്പത്തിക സഹായമായി അനുവദിക്കുന്നതിനായി തൊഴിൽ വകുപ്പ് മുഖേന സാമ്പത്തിക താങ്ങൽ പദ്ധതി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിവരുന്നു. ടി പദ്ധതിപ്രകാരമുള്ള ധനസഹായം തൊഴിൽ വകുപ്പ് മുഖേന താഴെ സൂചിപ്പിക്കുന്ന വകുപ്പ്/ബോർഡുകൾക്ക് കീഴിൽ വരുന്ന തൊഴിലാളികൾക്കാണ് നൽകിവരുന്നത്.

1. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

2. ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്

3. കയർ ഡയറക്ടറേറ്റ്

4. ബീഡി & സിഗാർ ക്ഷേമനിധി ബോർഡ്

5. ഹാന്റ് ലൂം & ടെക്സ്റ്റൈൽ ഡയറക്ടറേറ്റ്

6. ഫിഷറീസ് ഡയറക്ടറേറ്റ്

7. ഹാന്റ് ലൂം വെൽഫെയർ ഫണ്ട് ബോർഡ്.

**സ്പെഷ്യൽ റൂൾ ഭേദഗതി**

255(3474) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ജി.റ്റി. ചട്ടങ്ങൾ അനുസരിച്ച് ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ യോഗ്യതകളിൽ നാഷണൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റ് (എൻ.സി.ഐ.സി.) നിർബന്ധമാണെന്നിരിക്കെ സ്പെഷ്യൽ റൂൾ ഭേദഗതി കരടിൽ ഈ യോഗ്യത അഭിലഷണീയ യോഗ്യതയായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഈ യോഗ്യത ഇല്ലാത്ത ഇൻസ്ട്രക്ടർമാർക്ക് ഈ യോഗ്യത നേടുന്നതിനും ഡി.ജി.റ്റി. ഉത്തരവുപ്രകാരം നിർബന്ധിത യോഗ്യതയായ എൻ.സി.ഐ.സി. നിർബന്ധ

യോഗ്യതയായിതന്നെ സ്പെഷ്യൽ റൂൾ ഭേദഗതി കരടിൽ ഉൾപ്പെടുത്തി ട്രെയിനിംഗ് നിലവാരം ഉയർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനത്തിന് അഭിലഷണീയ യോഗ്യതയായും സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് വ്യവസ്ഥകളോടെയുള്ള നിർബന്ധിത യോഗ്യതയായുമാണ് നാഷണൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റ് (എൻ.സി.ഐ.സി.) സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇതരസംസ്ഥാനങ്ങളിലേതുപോലെ ഡി.ജി.റ്റി. ചട്ടപ്രകാരം കേരളത്തിൽ എല്ലാ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർക്കും വിവേചനരഹിതമായി വൈസ്പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് സീനിയോറിറ്റിപ്രകാരം പ്രൊമോഷൻ ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരിൽനിന്നും വൈസ്പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക്

സ്ഥാനകയറ്റത്തിന് എഞ്ചിനീയറിംഗ് ഡിപ്ലോമ/ബിരുദധാരികളെയാണ് പരിഗണിച്ചുവരുന്നത്.

(സി) ഐ.ടി.ഐ. ഇൻസ്ട്രക്ടർ തസ്തികയ്ക്കുള്ള യോഗ്യതകൾ ഡി.ജി.റ്റി. നിഷ്കർഷിക്കും വിധമുള്ള ക്രമപ്രകാരം സ്പെഷ്യൽ റൂൾ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത യോഗ്യതകൾ ഡി.ജി.റ്റി. നിർദ്ദേശാനുസരണമുള്ള ക്രമപ്രകാരംതന്നെ ഭേദഗതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനത്തിന് അഭിലഷണീയ യോഗ്യതയായും സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് വ്യവസ്ഥകളോടെയുള്ള നിർബന്ധിത യോഗ്യതയായുമാണ് നാഷണൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റ് (എൻ.സി.ഐ.സി.) സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളുമായി എത്രതവണ ചർച്ച നടത്തി എന്നറിയിക്കാമോ; ഈ

ചർച്ചകളുടെ മിനിറ്റ്സിന്റെ പകർപ്പുകൾ നൽകാമോ?

സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളുമായി സർക്കാർതലത്തിൽ 18-01-2017, 23-06-2022 തീയതികളിലായി രണ്ടുതവണയും വകുപ്പുതലത്തിൽ 18-08-2017-ൽ ഒരുതവണയും ചർച്ച നടത്തുകയുണ്ടായി. 18-01-2017, 18-08-2017, 23-06-2022 എന്നീ തീയതികളിലെ മിനിറ്റ്സിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

(ഇ) സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് ഏതൊക്കെ ഘട്ടങ്ങളാണ് പൂർത്തീകരിക്കുവാനുള്ളതെന്നറിയിക്കാമോ; നിലവിൽ ഈ ഫയൽ ഏതുവകുപ്പിലാണുള്ളത്; ഈ ഭേദഗതി കരടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സ്പെഷ്യൽ റൂൾ ഭേദഗതിയുടെ നടപടിക്രമങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള 19-07-2010-ലെ 11884/ആർ 1/07/പി & എ.ആർ.ഡി. നമ്പർ സർക്കുലറിലെ ഖണ്ഡിക 3 (iv) മുതൽ 3 (x) വരെയുള്ള നടപടിക്രമങ്ങളാണ് പൂർത്തീകരിക്കുവാനുള്ളത്. നിലവിൽ ഈ ഫയൽ തൊഴിലും നൈപുണ്യവും

വകുപ്പിലാണുള്ളത്. ഭേദഗതി കരടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**പേരാമ്പ്ര ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

256(3475) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ഐ.ടി.ഐ. കെട്ടിടനിർമ്മാണത്തിനുള്ള പ്രവൃത്തി എത്ര കോടി രൂപയ്ക്കാണ് ടെണ്ടർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനുള്ള പ്രവൃത്തി എസ്റ്റിമേറ്റ് തുകയായ 5,86,70,503/- (GST ഒഴികെ) രൂപയ്ക്കാണ് ടെണ്ടർ ചെയ്തിട്ടുള്ളത്.

(ബി) നിലവിലെ എല്ലാ ക്ലാസ്സുകളുടെയും നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് പ്രസ്തുത കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാവുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

നിലവിലെ തുകയ്ക്ക് നിർമ്മിക്കുന്ന കെട്ടിടത്തിലേയ്ക്ക് എല്ലാ ട്രേഡുകളും മാറ്റുവാനുള്ള സൗകര്യം ലഭ്യമാകില്ലെന്ന് വിലയിരുത്തിയിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ; വിശദാംശം നൽകാമോ?

ബാക്കി നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

**ഐ.ടി.ഐ.-കളിലെ പരിശീലന ദിവസങ്ങൾ പുനഃക്രമീകരിക്കുന്നതിന് നടപടി**

257(3476) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ജി.റ്റി.-യുടെ പുതുക്കിയ സിലബസുപ്രകാരം 2022 അധ്യയന വർഷം മുതൽ ഐ.ടി.ഐ.-കളിലെ പഠനസമയത്തിൽ വന്നിട്ടുള്ള 400 മണിക്കൂർ കുറവിന്റെ ആനുകൂല്യം സംസ്ഥാനത്തെ ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കുറവ് വന്നിട്ടുള്ള 400 മണിക്കൂറിനുപകരമായി ഓൺ ദി ജോബ് പരിശീലനത്തിന് 150 മണിക്കൂറും ഐച്ഛികമായി Language course/short term courses എന്നിവ പഠിക്കുന്നതിന് 240 മണിക്കൂറുംകൂടി ഡി.ജി.റ്റി.-യുടെ അറിയിപ്പുപ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ പ്രവൃത്തി ദിവസങ്ങളിൽ

സാരമായ കുറവുവരുന്നില്ല. ആയതിനാൽ പ്രസ്തുത ആനുകൂല്യം നൽകിയിട്ടില്ല.

(ബി) ഐ.ടി.ഐ.-കളിലെ പരിശീലന ദിവസങ്ങൾ കുറയ്ക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിൽ മൂന്നുതവണ തിരുത്തലുകൾ വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന് ഇടയായ സാഹചര്യം പരിശോധിക്കുമോ; ടി കമ്മിറ്റിയംഗങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ മിനിറ്റ്സിന്റെ പകർപ്പ് നൽകാമോ?

കമ്മിറ്റി അംഗങ്ങൾ ചർച്ച ചെയ്തുപ്രകാരം സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ തിരുത്തലുകൾ വരുത്തിയിട്ടില്ല. കമ്മിറ്റിയംഗങ്ങളുടെ അഭിപ്രായങ്ങൾ പ്രത്യേകം രേഖപ്പെടുത്തി മിനിറ്റ്സാക്കിയിട്ടില്ല.

(സി) 2022 അധ്യയന വർഷം മുതൽ സിലബസിൽനിന്നും 400 മണിക്കൂർ അഥവാ 62 പരിശീലന ദിവസങ്ങൾ കുറഞ്ഞ വിവരം മേൽ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

62 പരിശീലന ദിവസങ്ങൾ കുറഞ്ഞ വിവരം റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

(ഡി) 2022-ൽ ഐ.ടി.ഐ.-കളിൽ 62 പരിശീലന ദിവസങ്ങൾ അഥവാ 400 മണിക്കൂർ സിലബസിൽനിന്ന് കുറച്ച സാഹചര്യത്തിൽ 2014-ലെ ട്രെയിനിംഗ് മാന്വൽപ്രകാരം ആറ് ദിവസങ്ങൾ പരിശീലനം നൽകേണ്ടതുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് വ്യാവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ സർക്കാരിന് സമർപ്പിച്ച കത്തിലെ പൊരുത്തമില്ലായ്മ പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഡി.ജി.റ്റി.-യുടെ അറിയിപ്പുപ്രകാരം On the Job Training-ന് 150 മണിക്കൂറും ഐച്ഛികമായി Language course/short term courses-ന് 240 മണിക്കൂറും ആവശ്യമായതിനാൽ വകുപ്പിൽനിന്നും സർക്കാരിലേയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിൽ പൊരുത്തക്കേട് കാണുന്നില്ല.

(ഇ) ഐ.ടി.ഐ. സിലബസിൽ 400 മണിക്കൂർ കുറഞ്ഞ സാഹചര്യത്തിൽ ശനിയാഴ്ച അവധി നൽകുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ അവധി അനുവദിക്കുന്നതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നേട്ടത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

ശനിയാഴ്ച അവധി നൽകുമ്പോൾ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നേട്ടത്തെപറ്റി റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല.

## 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന്റെ ലംഘനം

258 (3477) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959- ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടുപ്രകാരം എല്ലാ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എൻഫോഴ്സ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടുപ്രകാരം എല്ലാ സർക്കാർ/അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ

അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്ന് ഉറപ്പാക്കുന്നതിനായി ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രതിമാസ സ്ഥാപന പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ആക്ടിന്റെ ലംഘനം നടന്ന എൻ.എച്ച്.എം.-ൽ എൻഫോഴ്സ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ ?

ആരോഗ്യ വകുപ്പിലെ വിവിധ പദ്ധതികളിലേയ്ക്ക് എംപ്ലോയ്മെന്റ്

വഴിയല്ലാതെ താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഉദ്യോഗാർത്ഥികളുടെ പരാതികളിന്മേലും ആരോഗ്യ വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് ചുമതല നൽകുകയും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ട് പരിശോധിച്ചതിൽ ആരോഗ്യ വകുപ്പിലെ നാഷണൽ ഹെൽത്ത് മിഷൻ, KHRWS, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികൾ, വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയിലൂടെ വിവിധങ്ങളായ തസ്തികകളിൽ അനേകം ജീവനക്കാർ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. വകുപ്പിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ, സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ എല്ലാ ഉദ്യോഗാർത്ഥികൾക്കും ലഭ്യമാകത്തക്ക രീതിയിൽ ആവശ്യമായ പരിശീലനങ്ങൾ നൽകി മാതൃകാപരമായ പ്രവർത്തനം

നടത്തിവരികയാണ്. ആയതിനാൽ ആരോഗ്യ വകുപ്പിലെ നാഷണൽ ഹെൽത്ത് മിഷൻ, KHRWS, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉൾപ്പെടെ സേവനം പ്രയോജനപ്പെടുത്തുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിയമനം നടത്തിയ എൻ.എച്ച്.എം.-ലെ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയിലൂടെ വിവിധങ്ങളായ തസ്തികകളിൽ അനേകം ജീവനക്കാർ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. വകുപ്പിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ, സ്വകാര്യ മേഖലയിലെ തൊഴിൽ

അവസരങ്ങൾ എല്ലാ ഉദ്യോഗാർത്ഥികൾക്കും ലഭ്യമാകത്തക്ക രീതിയിൽ ആവശ്യമായ പരിശീലനങ്ങൾ നൽകി മാതൃകാപരമായ പ്രവർത്തനം നടത്തിവരികയാണ്. ആയതിനാൽ ആരോഗ്യ വകുപ്പിലെ നാഷണൽ ഹെൽത്ത് മിഷൻ, KHRWS, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉൾപ്പെടെ സേവനം പ്രയോജനപ്പെടുത്തുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോട്ടയം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾ

259(3478) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ആകെ 2172 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളതെന്നുള്ള വിശദവിവരങ്ങൾ നൽകുമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**അന്തർവകുപ്പ് മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ**

260(3479) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി പാർട്ട് ടൈം ജോലിയിൽ പ്രവേശിച്ചിട്ട് ഫുൾ ടൈം ആയി സ്ഥാനക്കയറ്റം ലഭിച്ചവർക്ക് അന്തർവകുപ്പ് മാറ്റത്തിന് അർഹതയുണ്ടോ; വ്യക്തമാക്കുമോ?

പാർട്ട് ടൈം തസ്തികയിൽനിന്ന് ഫുൾടൈം തസ്തികയിൽ സ്ഥാനക്കയറ്റം നേടുന്നവരുടെ അന്തർവകുപ്പ് സ്ഥലംമാറ്റത്തിന് കേരള ലാസ്റ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടം, ചട്ടം 17 (d)-യിലെ നിബന്ധനകൾക്ക് വിധേയമായി അർഹതയുണ്ടായിരിക്കും.

(ബി) ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

08-03-1966-ലെ സ.ഉ. (പി) നം. 82/66/PD ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേനയുള്ള നിയമനങ്ങൾ**

261(3480) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെയായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽക്കൂടി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

2021 മുതൽ നാളിതുവരെയായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആകെ 34620 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിൽ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ജോലിക്കായി എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

നിലവിൽ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ജോലിക്കായി 2702467 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു+.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ**

262(3481) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം എത്രയാണെന്ന് ബിരുദതലം, ബിരുദതലത്തിന് താഴെ, ബിരുദാനന്തര ബിരുദം, മറ്റ് പ്രൊഫഷണൽ യോഗ്യത എന്നിവ തിരിച്ച് അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ (2024 ജനുവരി 31 വരെ) ആകെ 2702467 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബിരുദതലം, ബിരുദതലത്തിന് താഴെ, ബിരുദാനന്തര ബിരുദം, മറ്റ് പ്രൊഫഷണൽ യോഗ്യത എന്നിവ തിരിച്ച് ചുവടെ നൽകുന്നു.

ബിരുദതലം - 418955, ബിരുദതലത്തിന് താഴെ - 2152801, ബിരുദാനന്തര ബിരുദം - 130711, മറ്റുപ്രൊഫഷണൽ യോഗ്യത – 141346.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2021 ജൂൺ മുതൽ 2023 ഒക്ടോബർ 31 വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ആകെ 31087 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാരുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളിലുമായി താത്കാലിക/കരാർ നിയമനങ്ങളിലായി എത്ര

പേർക്ക് തൊഴിൽ നൽകിയെന്നതിന്റെ വിശദാംശം വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ? ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2021 ജൂൺ മുതൽ 2023 ഒക്ടോബർ 31 വരെ) സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാരുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളിലുമായി താൽക്കാലിക/കരാർ നിയമനങ്ങളിലായി ആകെ 24656 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരജോലി**
**ലഭിച്ചവരുടെ എണ്ണം**

263(3482) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന എത്ര പേർക്ക് സ്ഥിരമായ ജോലി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

മുൻസർക്കാരിന്റെ കാലയളവിൽ (2016 മുതൽ 2021 മേയ് വരെ) ആകെ

11192 പേർക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2021 ജൂൺ മുതൽ 2023 ഒക്ടോബർ 31 വരെ) ആകെ 6431 പേർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്ഥിര നിയമനം ലഭിച്ചിട്ടുണ്ട്.

**മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ**

**തൊഴിൽരഹിതരുടെ എണ്ണം**

264(3483) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

2021 മുതൽ നാളിതുവരെയായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന ആകെ 31087 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു+.

(ബി) മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന എത്രപേർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന ആകെ 316 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(സി) മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം എത്രയാണെന്ന് ബിരുദാനന്തര ബിരുദം, ബിരുദതലം, ബിരുദതലത്തിന് താഴെ, പ്രൊഫഷണൽ യോഗ്യത എന്നിവ തിരിച്ച് ലഭ്യമാക്കുമോ?

മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 27789 ഉദ്യോഗാർത്ഥികൾ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബിരുദാനന്തര ബിരുദം, ബിരുദതലം, ബിരുദതലത്തിന് താഴെ, പ്രൊഫഷണൽ യോഗ്യത എന്നിവ തിരിച്ചുള്ള വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു+.

**ശരണ്യ, നവജീവൻ, കെസ്റു സ്വയം തൊഴിൽ പദ്ധതികൾ**

265 (3484) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തൊഴിൽ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യപ്പെട്ട വായ്പയെയും ധനസഹായങ്ങളെയും കുറിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെസ്റ്റു, മൾട്ടിപർപ്പസ്, ശരണ്യ, നവജീവൻ, കൈവല്യ എന്നീ സ്വയംതൊഴിൽ പദ്ധതികളിലൂടെ 10204 ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിലേയ്ക്കായി 44,55,30,082/- രൂപ വായ്പ/സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

(ബി) ശരണ്യ സ്വയംതൊഴിൽ പദ്ധതിയിലൂടെ വിതരണം ചെയ്ത സഹായങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശരണ്യ സ്വയംതൊഴിൽ പദ്ധതിപ്രകാരം 6581 അശരണരായ വനിതകൾക്ക് ആകെ 31,29,85,000/- രൂപ പലിശരഹിത വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) നവജീവൻ സ്വയംതൊഴിൽ പദ്ധതിയിൽ എത്രത്തോളം

ഗുണഭോക്താക്കൾ ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ടെന്നും ഇതുവരെ എത്ര തുക വിതരണം ചെയ്യപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവജീവൻ സ്വയംതൊഴിൽ പദ്ധതി പ്രകാരം 718 സംരംഭകർക്ക് ആകെ 88,00,000/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

(ഡി) കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേഡ് അൺ എംപ്ലോയ്ഡ് (കെസ്റു) സ്വയംതൊഴിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ള കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്ക് ഈ പദ്ധതിപ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അർഹതയുണ്ട്. പരമാവധി 1,00,000/- രൂപ വായ്പയായി അനുവദിക്കുന്നു. വായ്പത്തുകയുടെ 20%

സബ്സിഡിയായി ലഭിക്കും.

(ഇ) സംരംഭങ്ങൾ ആരംഭിക്കുന്നതിന് മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് സഹായകമായിട്ടുണ്ടോ?

ഉണ്ട്

**തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മത്സര പരീക്ഷാ പരിശീലനം**

266(3485) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മത്സര പരീക്ഷാ പരിശീലനം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പരീക്ഷകൾക്കാണ് പരിശീലനം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പിലാക്കി വരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ,

യൂണിവേഴ്സിറ്റികളോടനുബന്ധിച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോകൾ, 3 പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയും സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സമന്വയ പദ്ധതിയുടെ ഭാഗമായും തൊഴിലന്വേഷകരുടെ കരിയർ സംബന്ധമായ ഏതുപ്രശ്നത്തിനും പരിഹാരം നൽകുന്ന കേന്ദ്രങ്ങളായ കരിയർ ഡെവലപ്മെന്റ് സെന്റർ മുഖേനയും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്താൻ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സമഗ്രതൊഴിൽ പുനരധിവാസ പദ്ധതിയായ കൈവല്യ പദ്ധതിയുടെ ഭാഗമായും മൽസര പരീക്ഷാ പരിശീലനം സംഘടിപ്പിച്ചുവരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സഹകരണ ബോർഡ് പരീക്ഷ, യു.ജി.സി./നെറ്റ്/ജെ.ആർ.എഫ്., ഐ.ബി.പി.എസ്., സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, കെ-ടെറ്റ് എന്നീ പരീക്ഷകൾക്ക് നാഷണൽ എംപ്ലോയ്മെന്റ്

സർവ്വീസ് മുഖേന പരിശീലനം നൽകിവരുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന 'കിലെ - ഐ.എ.എസ്. അക്കാദമിയിൽ' കേരളത്തിലെ സംഘടിത അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ കുട്ടികൾക്കും ആശ്രിതർക്കുമായി കുറഞ്ഞ ഫീസ് നിരക്കിൽ സിവിൽ സർവ്വീസ് പരിശീലനം നൽകിവരുന്നു.

(ബി) കഴിഞ്ഞ വർഷം ഏതെല്ലാം കേന്ദ്രങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ടെന്നും എത്ര ദിവസം വീതം എത്രപേർക്കായാണ് ഓരോ കേന്ദ്രങ്ങളിലും പരിശീലനം നൽകിയതെന്നും വിശദമാക്കാമോ?

<u>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ്</u>:- കഴിഞ്ഞ വർഷം പരിശീലനം നൽകിയ കേന്ദ്രങ്ങളും അനുബന്ധ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+.

<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്</u>:- തിരുവനന്തപുരത്തുള്ള 'കിലെ - ഐ.എ.എസ്. അക്കാദമിയിൽ' നിന്നും കഴിഞ്ഞ വർഷം 64 കുട്ടികൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകി. 9

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാസത്തെ കോച്ചിംഗാണ് നൽകിയത്. 75 കുട്ടികളുടെ ഈ വർഷത്തെ പരിശീലനം 19-7-2023 മുതൽ നടന്നുവരുന്നു.

**വ്യാവസായിക പരിശീലനവകുപ്പിലെ വിഷയങ്ങൾ**

267(3486) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ. പാർട്ട് 2 റൂൾ 59, റൂളിംഗ് നമ്പർ 2-ൽനിന്ന് വ്യത്യസ്തമായി വ്യാവസായിക പരിശീലന വകുപ്പ് ഇറക്കിയിട്ടുള്ള 15-06-2017-ലെ എഫ്3/37066/15, 09-11-2015-ലെ എഫ് 3/31059/2015 എന്നീ ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിന്റെ 19-05-2017-ലെ എ 1/1367/16 നമ്പർ കത്തുപ്രകാരം മൂന്ന് മാസത്തിൽ കൂടുതൽ കാലയളവുള്ള ട്രെയിനിംഗിന് പങ്കെടുക്കുന്നവർക്ക് ദിനബത്തയ്ക്ക് അർഹതയുണ്ടോയെന്ന വിഷയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടതനുസരിച്ച് 15-06-2017-ലെ എഫ്3/37066/15 നമ്പർ കത്തുപ്രകാരം മൂന്നുമാസംവരെയുള്ള ട്രെയിനിംഗിന് മാത്രമേ ദിനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂവെന്ന് കെ.എസ്.ആർ.

പാർട്ട് II റൂൾ 59-ന്റെ അടിസ്ഥാനത്തിൽ മറുപടി നൽകുകയും ചെയ്തിരുന്നു. സി.റ്റി.ഐ. ട്രെയിനിംഗുമായി ബന്ധപ്പെട്ട് എഫ്.ടി.ഐ. ബാംഗ്ലൂരിൽ താമസസൗകര്യം ലഭ്യമാകാത്തതുമായി ബന്ധപ്പെട്ട് ശ്രീ.അനിരുദ്ധ് ചന്ദ്രൻ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിൽ 05-09-2015-ൽ സമർപ്പിച്ച പരാതിയിന്മേൽ നൽകിയ വിശദീകരണമാണ് എഫ്3/31059/2015 നമ്പർ കത്തിൽ പരാമർശിക്കുന്നത്.

(ബി) 11-02-2021-ലെ സ.ഉ. (പി) നം. 29/2021/ധന പ്രകാരം കാറ്റഗറി VII ൽ ഉൾപ്പെട്ട വ്യാവസായിക പരിശീലന വകുപ്പിലെ ദിവസവേതന/കരാർ ജീവനക്കാരായ ജൂനിയർ ഇൻസ്ട്രക്ടർ/എസിഡി ഇൻസ്ട്രക്ടർ എന്നിവർക്ക് സർക്കാർ അനുവദിച്ചിരിക്കുന്ന വേതനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യാവസായിക പരിശീലന വകുപ്പിലെ ദിവസവേതന/കരാർ ജീവനക്കാർക്ക് 11-02-2021-ലെ സ.ഉ.(പി) നം.29/2021/ധന പ്രകാരം വേതനം നൽകുന്നുണ്ട്. വകുപ്പിൽ താൽക്കാലിക (ഗസ്റ്റ്) ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നത് മണിക്കൂർ അടിസ്ഥാനത്തിലാണ്. 03-08-2017-ലെ

സ.ഉ. (സാധാ)/1010/2017/തൊഴിൽ നമ്പർ ഉത്തരവനുസരിച്ചാണ് താൽക്കാലിക (ഗസ്റ്റ്) ഇൻസ്ട്രക്ടർമാർക്ക് വേതനം നൽകുന്നത്.

(സി) 29-09-2022-ലെ സ.ഉ. (സാധാ) 4183/2022/ജി.എ.ഡി. ഉദ്ധരിച്ചുകൊണ്ട് വ്യാവസായിക പരിശീലന വകുപ്പ് ഇറക്കിയ 01-10-2022-ലെ ഡി.ടി./4770/2022-എഫ് 3 ചുറ്ററിയിപ്പിൽ ജീവനക്കാർ ഹാജരാകണമെന്ന തരത്തിൽ തെറ്റായി വ്യാഖ്യാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

29-09-2022-ലെ സ.ഉ. (സാധാ) 4183/2022/ജി.എ.ഡി. പ്രകാരം നവരാത്രി പൂജയോടനുബന്ധിച്ച് സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 2022 ഒക്ടോബർ 3 (തിങ്കളാഴ്ച) അവധി അനുവദിച്ചിരുന്നു. പ്രസ്തുത പ്രവർത്തിനഷ്ടം പരിഹരിക്കുന്നതിനായി തുടർന്നുവരുന്ന ഏതെങ്കിലും അവധി ദിവസം പ്രവൃത്തി ദിവസമായി അതാത് സ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണെന്നും മേൽഉത്തരവിൽ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ 01-10-2022-ലെ ഡി.ടി/4770/2022-എഫ്3

ചുറ്ററിയിപ്പുപ്രകാരം ഐ.ടി.ഐ.-കൾക്ക് നിർദ്ദേശം നൽകിയിരുന്നു.

(ഡി) വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്കുവേണ്ടി അഡിഷണൽ ഡയറക്ടർ 11-01-2023-ൽ പുറത്തിറക്കിയ ഡി.ടി./4919/2022/ജി4 ചുറ്ററിയിപ്പിൽ വകുപ്പിലെ ജീവനക്കാർ ആരോഗ്യപരമായ കാരണങ്ങളാൽ മെഡിക്കൽ ലീവ് എടുക്കുമ്പോൾ ജില്ലാ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് പരാമർശിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാരിൽനിന്ന് ഇത്തരം നിർദ്ദേശം വ്യാവസായിക പരിശീലന വകുപ്പിനോ മറ്റുവകുപ്പുകൾക്കോ നൽകിയിട്ടുണ്ടോ; അറിയിക്കുമോ?

സർക്കാരിൽനിന്നും ഇത്തരം നിർദ്ദേശം വ്യാവസായിക പരിശീലന വകുപ്പിന് നൽകിയിട്ടില്ല. എന്നാൽ വകുപ്പ് നടത്തുന്ന ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റുകളിൽ പരീക്ഷാ ജോലികൾക്കും അനുബന്ധ ജോലികൾക്കുമായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർ മെഡിക്കൽ ലീവിനായി അപേക്ഷിക്കുകയും ടി പരീക്ഷാ ജോലികളിൽനിന്നും ഒഴിവാകുകയും ചെയ്യുന്നത് പരീക്ഷാ നടത്തിപ്പിനെ സാരമായി ബാധിക്കുന്നതുമായ അവസ്ഥയിലാണ് വകുപ്പിൽ

നിന്ന് 11-01-2023-ൽ ഡിറ്റി/4919/2022/ജി4 നമ്പർ ചുറ്ററിയിപ്പ് എല്ലാ സ്ഥാപനങ്ങൾക്കും നൽകിയത്. പരീക്ഷാ നടത്തിപ്പിനായുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുമ്പോൾതന്നെ അവധി നൽകുന്നത് സംബന്ധിച്ച വിശദമായ സർക്കുലർ വകുപ്പ് പ്രസിദ്ധീകരിക്കാറുണ്ട്.

(ഇ) സർക്കാർ ഉത്തരവുകൾ, കെ.എസ്.ആർ., കെ.എ.ടി. വിധികൾ എന്നീ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടുന്ന വിഷയങ്ങൾ ലാഘവത്തോടെയാണോ വ്യാവസായിക പരിശീലന വകുപ്പ് കൈകാര്യം ചെയ്യുന്നതെന്ന് പരിശോധിക്കുമോ; വിശദമാക്കാമോ?

സർക്കാർ ഉത്തരവുകൾ, കെ.എസ്.ആർ., കെ.എ.ടി. വിധികൾ എന്നിവ അതീവ ശ്രദ്ധയോടെയാണ് വ്യാവസായിക പരിശീലന വകുപ്പ് കൈകാര്യം ചെയ്യുന്നത്.

**കരിയർ ഡെവലപ്മെന്റ് സെന്ററുകൾ**

268(3487) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് വകുപ്പിനുകീഴിൽ കരിയർ

ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തനമാരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് എംപ്ലോയ്മെന്റ് വകുപ്പിനുകീഴിൽ 2016-17 സാമ്പത്തിക വർഷം മുതലാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചത്.

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് 7 കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലാണ് കേരളത്തിലെ ആദ്യ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചത്. ആയതിനുശേഷം പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(സി) സി.ഡി.സി.-യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കരിയർ ഡെവലപ്മെന്റ് സെന്ററിലെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഓരോ വർഷവും ആക്ഷൻ പ്ലാൻ തയ്യാറാക്കി നൽകുകയും ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട കരിയർ ഡെവലപ്മെന്റ് സെന്ററുകൾ കൃത്യമായി നടത്തുന്നുണ്ടോയെന്ന് ബന്ധപ്പെട്ട മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർ എന്നിവർ വിലയിരുത്തുകയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ഡി) കരിയർ ഇൻഫർമേഷൻ ഡാറ്റാ ബാങ്ക് ഉൾപ്പെടെയുള്ള സോഫ്റ്റ്‌വെയറുകൾ സി.ഡി.സി.-കൾക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സൈക്കോമെട്രിക് അസസ്മെന്റ് ടെസ്റ്റുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കരിയർ ഡെവലപ്മെന്റ് സെന്റർ ഡി.പി.ആർ. പ്രകാരം ഡാറ്റാ ബാങ്ക് ഉൾപ്പെടെയുള്ള സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കുന്നതിന് KASE-നെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ ശീർഷകത്തിൽ തുകയുടെ ലഭ്യതയ്ക്കനുസരിച്ച് സൈക്കോമോട്രിക് അസസ്സ്മെന്റ് ടെസ്റ്റുകളും ലഭ്യമാക്കും.

(ഇ) വകുപ്പിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി (STP)-യുടെ അടിസ്ഥാനത്തിൽ ഐ.എം.ജി. മുഖേനയാണ് വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നത്. അതിനായി ഓരോ വർഷത്തേയും ട്രെയിനിംഗ് കലണ്ടർ വകുപ്പ് തയ്യാറാക്കി ഐ.എം.ജി.-ക്ക് നൽകുകയും ഐ.എം.ജി.-ൽനിന്നും അംഗീകാരം ലഭിച്ചശേഷം പ്രസ്തുത കലണ്ടറിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് പരിശീലനം നൽകിവരുകയും ചെയ്യുന്നു. ഇതുകൂടാതെ ഗവൺമെന്റ് ഓഫ് ഇന്ത്യ (GOI) ട്രെയിനിംഗ് പ്രോഗ്രാമുകളും KILE പോലുള്ള മറ്റുസ്ഥാപനങ്ങൾ മുഖേനയുള്ള പരിശീലനങ്ങളും വകുപ്പിലെ ജീവനക്കാർക്ക് നൽകുന്നുണ്ട്.

(എഫ്) സംസ്ഥാനത്ത് കരിയർ പോളിസി പരിഗണനയിലുണ്ടോ; ഇക്കാര്യങ്ങൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

പരിഗണനയിലുണ്ട്. കരിയർ പോളിസി അന്തിമഘട്ടത്തിലാണ്.

**ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികളും**

**അദ്ധ്യാപകരും നേരിടുന്ന പ്രശ്നങ്ങൾ**

269 (3488) ശ്രീ. എം. എം. മണി:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാഴ്ച പരിമിതരായ അദ്ധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന വായനാ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെങ്കിലും സംവിധാനം വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ സ്കൂളുകളിലും പഠിക്കുന്ന കാഴ്ചപരിമിതിയുള്ള കുട്ടികൾക്ക് ബ്രെയിൽ ലിപിയിലുള്ള പാഠപുസ്തകങ്ങൾ സൗജന്യമായി നൽകിവരുന്നുണ്ട്. കൂടാതെ എല്ലാ അധ്യയനവർഷവും ആരംഭം മുതൽ മെഡിക്കൽ ക്യാമ്പ് നടത്തി അവരുടെ കാഴ്ചപരിമിതി

മറികടക്കുന്നതിനാവശ്യമായ കണ്ണടകൾ, മാഗ്നിഫൈയർ തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്നു. കൂടാതെ 'ശ്രുതിപാഠം' (ടോക്കിംഗ് ടെക്സ്റ്റ്) എന്ന പേരിൽ 100-ൽപ്പരം പുസ്തകങ്ങൾ ശബ്ദരൂപത്തിൽ എസ്.സി.ഇ.ആർ.ടി.-യുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കാഴ്ച പരിമിതരായ കുട്ടികൾക്ക് ലാർജ് പ്രിന്റ് ടെക്സ്റ്റ് ബുക്കുകളും നൽകിവരുന്നു.

(ബി) ഭിന്നശേഷി കുട്ടികൾക്കും അദ്ധ്യാപകർക്കുമായി പ്രത്യേക ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭിന്നശേഷി കുട്ടികൾക്കും അധ്യാപകർക്കുമായി www.ssakerala.in/ie എന്ന വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്.

(സി) ഭിന്നശേഷി വിദ്യാർത്ഥികൾക്കായി വീഡിയോ ക്ലാസ്സുകൾ സംപ്രേഷണം ചെയ്തുവരുന്നുണ്ടോ; വിശദവിവരം നൽകാമോ?

ഭിന്നശേഷി വിദ്യാർത്ഥികൾക്കായി വിവിധ വീഡിയോ ക്ലാസ്സുകൾ കൈറ്റ് വിക്ടേഴ്സിൽ സംപ്രേഷണം ചെയ്യുകയും കൈറ്റ് വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്കുവേണ്ടി പരീക്ഷാ സഹായിയായി സൈൻ അഡാപ്റ്റഡ്

ക്ലാസ്സുകൾ ' firstbell.kite.kerala.gov.in' എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുകയും കൈറ്റ് വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിദ്യാർത്ഥികൾക്കായി ഓഡിയോ ക്ലാസ്സുകളും വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കേൾവി പരിമിതിയുള്ളവർക്കായി 'അടയാളങ്ങൾ' എന്ന പേരിൽ പ്രത്യേക ക്ലാസ്സുകൾ 2024 ഫെബ്രുവരി 16 മുതൽ കൈറ്റ് വിക്ടേഴ്സിൽ സംപ്രേഷണം ചെയ്തുതുടങ്ങും. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്കായുള്ള വീഡിയോ പാഠങ്ങൾ "വൈറ്റ് ബോർഡ് വീഡിയോസ്" എന്ന പേരിൽ സമഗ്രശിക്ഷാ കേരളയുടെ www.ssakerala.in/ie എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**മലപ്പുറം ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രികൾ**

270(3489) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര ഇ.എസ്.ഐ. ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിൽ നിലവിൽ ഇ.എസ്.ഐ. ആശുപത്രികളൊന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്കായി ജില്ലയിൽ 7 ഇ.എസ്.ഐ. ഡിസ്പെൻസറികളും ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ ഒരു ഡിസ്പെൻസറി-കം-ബ്രാഞ്ച് ഓഫീസും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി 6 എംപാനൽഡ് ആശുപത്രികളും സെക്കണ്ടറി കെയർ സർവ്വീസസിനായി 3 ആശുപത്രികളുമുണ്ട്.

(ബി) പ്രസ്തുത ജില്ലയിൽ വിസ്തൃതിക്കും ജനസംഖ്യയ്ക്കും ആനുപാതികമായി ഇ.എസ്.ഐ. ആശുപത്രികളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിൽ കൂടുതൽ ഇ.എസ്.ഐ. ആശുപത്രികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) മലപ്പുറം ജില്ലയിൽ നിലവിൽ വിസ്തൃതിക്കും ജനസംഖ്യയ്ക്കും ആനുപാതികമായി ഇ.എസ്.ഐ. ആശുപത്രികളൊന്നും പ്രവർത്തിക്കുന്നില്ല. മലപ്പുറം ജില്ലയിലെ നിലവിലെ പരിരക്ഷിത വ്യക്തികളുടെ അംഗബലമായ

21000 എന്ന കണക്ക് ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡപ്രകാരം 100 കിടക്കകളുള്ള ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിന് പര്യാപ്തമല്ല. പരിരക്ഷിത വ്യക്തികളുടെ അംഗബലം ജില്ലയിൽ 50000 കടക്കുമ്പോൾ മാത്രമേ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്ന വിഷയം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**റവന്യൂ ഭൂമിക്കുവേണ്ടിയുള്ള അപേക്ഷകൾ**

271(3490) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ വികസന പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കാനുള്ള അപേക്ഷകൾ ലഭ്യമായിട്ടുള്ളതെന്നും ആയതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദീകരിക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് ലഭ്യമായ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കേരള സെൻട്രൽ യൂണിവേഴ്സിറ്റി പെരിയ:- കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പെരിയ വില്ലേജ് 514/pt ൽപ്പെട്ട 1.5 ഏക്കർ ഭൂമി (60.71 ആർ) കേരള സെൻട്രൽ യൂണിവേഴ്സിറ്റിക്കായി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചിട്ടുണ്ട്. എന്നാൽ അലൈൻമെന്റ് സ്കെച്ചിലെ വിസ്തീർണ്ണം റിക്വിസിഷനുമായി വ്യത്യാസം വന്നതിനെതുടർന്ന് തിരുത്തി ലഭിക്കുന്നതിനുവേണ്ടി അർത്ഥനാധികാരിക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ സ്വകാര്യവ്യക്തികളുടെ കൈവശമുള്ള ഭൂമിയും റവന്യൂ ഭൂമിയും തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

2. കാസർഗോഡ് ജില്ലയിലെ നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിക്കുന്നതിന് കൃത്രിമ ജലപാത:- കാഞ്ഞങ്ങാട് നിയമസഭ നിയോജക മണ്ഡലത്തിലെ അജാനൂർ, ബല്ല, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 44.16 ഹെക്ടർ ഭൂമി (1.50 ഹെക്ടർ റവന്യൂ

ഭൂമി ഉൾപ്പെടെ) കോവളം ബേക്കൽ ഉൾനാടൻ ജലഗതാഗതത്തിന്റെ വികസനത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിക്കുന്നതിന് കൃത്രിമ ജലപാത നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾനാടൻ ജലഗതാഗതം കണ്ണൂരിൽനിന്നും ലഭ്യമായിട്ടുള്ളതാണ്. റിക്വിസിഷൻപ്രകാരം 44.16 ഹെക്ടർ ഭൂമിയിൽ 1.50 ഹെക്ടർ റവന്യൂ ഭൂമി ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത പദ്ധതികൾ പ്രാരംഭ നടപടികളിലായതിനാൽ സർവ്വേ നടപടികൾ ആരംഭിച്ചാൽ മാത്രമേ റവന്യൂ ഭൂമിയുടെ യഥാർത്ഥ വിസ്തീർണ്ണം തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. തുടർന്ന് സ്വകാര്യഭൂമി അക്വിസിഷൻ നടപടികളിലൂടെയും റവന്യൂ ഭൂമി, ഭൂമി കൈമാറ്റത്തിലൂടെയും പദ്ധതിക്കായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മണൽ വാരൽ പുനരാരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

272 (3491) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽനിന്നും മണൽ വാരുന്നത് പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഏതെല്ലാം നദികളിൽനിന്നും മണൽ വാരുന്നതിനാണ് ഉദ്ദേശിക്കുന്നത്?

2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമപ്രകാരം തയ്യാറാക്കിയ സാന്റ് ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11 ജില്ലകളിലായി 17 നദികളിൽ മണൽ ലഭ്യത കണ്ടെത്തിയിട്ടുള്ളതാണ്.

(സി) മണൽ വാരുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ നീക്കം നടത്തേണ്ടത്

2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, MOEF&CC യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവപ്രകാരവും തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-ൽ നിന്നും പാരിസ്ഥിതിക അനുമതി ലഭ്യമായതിനുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ധ സമിതി നിയമാനുസൃതമായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് കടവുകമ്മിറ്റികൾ മുഖാന്തരം മണൽ ഖനനം നടത്തപ്പെടുന്നതാണ്. നദികളിലെ മണൽ ഖനനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടങ്ങിയ SOP (Standard Operating Procedure)-യുടെ അന്തിമരൂപം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച പ്രവൃത്തികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**ഫാറൂഖ് കോളേജിന്റെ കൈവശമുണ്ടായിരുന്ന ഭൂമി**

273(3492) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, കുഴപിള്ളി വില്ലേജുകളിൽ ഫാറൂഖ് കോളേജിന്റെ കൈവശമുള്ളതും ഉണ്ടായിരുന്നതുമായ വസ്തുവകകൾ എത്രയെന്നും ഏതെല്ലാം സർവ്വേ നമ്പറുകളിലാണുള്ളതെന്നും ഏതെല്ലാം ആധാരപ്രകാരമാണ് പ്രസ്തുത വസ്തുവകകൾ ആർജ്ജിച്ചതെന്നും വ്യക്തമാക്കാമോ; കടലെടുത്തശേഷം ഫാറൂഖ് കോളേജിന്റെ കൈവശം അവശേഷിച്ച ഭൂമി എത്രയെന്ന് വ്യക്തമാക്കാമോ?

ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ 2115/1950-ാം നമ്പർ ദാനാധാര പ്രകാരം 404.76 ഏക്കർ പണ്ടാര വക വെറിമ്പാട്ടമായി കിടന്ന വസ്തു മുഹമ്മദ് സിദ്ധിഖ് സേട്ട് ഫാറൂഖ് കോളേജിന് കൈമാറിയിട്ടുള്ളതും 609-ാം നമ്പർ പട്ടയ പ്രകാരം ഫാറൂഖ് കോളേജിന്റെ പൂർണ്ണകൈവശത്തിൽ വന്നുചേർന്നിട്ടുള്ളതുമാണ്. കുഴപ്പിള്ളി വില്ലേജിൽ പഴയ സർവ്വേ നമ്പർ

18/1ൽ ഉൾപ്പെട്ടുവരുന്നതും നിലവിൽ പുതിയ സർവ്വേ നമ്പർ 11 മുതൽ 28 വരെയും 195 മുതൽ 218/15 വരെയും ഉൾപ്പെടുന്നതുമാണ്. കടലെടുത്തശേഷമുള്ള കൈവശ വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്.

(ബി) പ്രസ്തുത ഭൂമിയിൽനിന്നും ഫാറൂഖ് കോളേജ് ആർക്കെല്ലാം വസ്തു വില്പന നടത്തിയിട്ടുണ്ടെന്നും എത്ര സെന്റ് വീതമെന്നും ഏതെല്ലാം ആധാരപ്രകാരമെന്നും വിശദമാക്കാമോ?

ഏകദേശം നാനൂറ്റി അമ്പതോളം കുടുംബങ്ങൾക്ക് വസ്തു കൈമാറിയിട്ടുള്ളതായി അറിയുന്നു. കൈമാറ്റാധാരങ്ങൾ ലഭ്യമല്ലാത്തതിനാൽ കൈമാറിയ വസ്തുവിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ലാത്തതാണ്.

(സി) ഫാറൂഖ് കോളേജിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ഫാറൂഖ് കോളേജിന് ദാനമായി ലഭിച്ചതാണെന്ന് കോടതി വിധികളുണ്ടോ; ഉണ്ടെങ്കിൽ കോടതിവിധി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഫാറൂഖ് കോളേജിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ഫാറൂഖ് കോളേജിന് ദാനമായി ലഭിച്ചതാണെന്ന് കോടതി വിധികളൊന്നുമുണ്ടായിട്ടില്ല.

2115/1950-ാം നമ്പർ ആധാര രേഖകൾ പരിശോധിച്ചതിൽ ടി വസ്തു വഖ്ഫാണെന്നും, വഖ്ഫ് ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും വഖ്ഫ് ബോർഡ് കണ്ടെത്തി. 1995-ലെ വഖ്ഫ് നിയമം 36-ാം വകുപ്പുപ്രകാരം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും വസ്തുവിവരങ്ങൾ 1995-ലെ വഖ്ഫ് നിയമം 37-ാം വകുപ്പുപ്രകാരം വഖ്ഫ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതുമാണെന്ന് വഖ്ഫ് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഗുരുവായൂർ മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

274(3493) **ശ്രീ. എൻ. കെ. അക്ബർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ആകെ എത്ര റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ടെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഗുരുവായൂർ മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ ഓഫീസുകൾക്കും മറ്റാവശ്യങ്ങൾക്കുമായി ഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട്

മുൻസർക്കാരുകളുടെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

3 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. എക്സൈസ്, പോലീസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

(സി) റവന്യൂ ഭൂമി ലഭിക്കുന്നതിന് എക്സൈസ് വകുപ്പ് അപേക്ഷ നൽകിയിരുന്നോ; എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്നും ഇക്കാര്യത്തിൽ നടപടികൾ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

ഭൂമി അനുവദിക്കുന്നതിന് 08-04-2013-ൽ എക്സൈസ് വകുപ്പ് അപേക്ഷ നൽകിയിരുന്നു. ടി ഭൂമി അനുവദിക്കുന്നതിന് പോലീസ്, രജിസ്ട്രേഷൻ വകുപ്പുകളും അപേക്ഷിച്ചിട്ടുള്ളതാണ്. ടി ഭൂമിയിൽ കൈയ്യേറ്റം ഉണ്ടായിരുന്നത് ഒഴിപ്പിച്ചിട്ടുള്ളതും പോലീസ് സ്റ്റേഷന് വേറെ ഭൂമി കണ്ടെത്തിയിട്ടുള്ളതുമാണ്. ബി.ടി.ആർ. പ്രകാരം അപേക്ഷാ ഭൂമി നഞ്ച ഇനമായതിനാൽ ഇക്കാര്യത്തിൽ LLMC തീരുമാനം ലഭിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി എക്സൈസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**റവന്യൂ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ**

275 (3494) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് റവന്യൂ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു+.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് റവന്യൂ വകുപ്പിൽ നടപ്പിലാക്കിയ ഓൺലൈൻ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ജനങ്ങൾക്ക് ഏറ്റവും ഗുണകരമാകുന്ന നിലയിൽ സമൂലമാറ്റങ്ങൾ വരുത്തി സേവനങ്ങൾ ഏറ്റവും വേഗം ജനങ്ങൾക്ക് നൽകാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിനുകീഴിലുള്ള വിവിധ ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ഏറ്റവും ഗുണകരമാകുന്ന നിലയിൽ സമൂലമാറ്റങ്ങൾ വരുത്തി വളരെ വേഗത്തിലും സുതാര്യമായ രീതിയിലും ഓൺലൈൻ ആയയാണ് ഭൂരിഭാഗം സേവനങ്ങളും നൽകിവരുന്നത്. വിശദവിവരങ്ങൾ അനുബന്ധം രണ്ടിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ഭൂമി സംബന്ധമായ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ നിർവ്വഹിക്കുകായെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമായി എന്റെ ഭൂമി പോർട്ടൽ രൂപീകരിച്ചിട്ടുള്ളതും പദ്ധതിയുടെ മുഴുവൻ നടപടികളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഭൂമി സംബന്ധമായ റിക്കാർഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും സർവ്വേ സംബന്ധമായ പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സംവിധാനം ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) കൂടുതൽ സേവനങ്ങൾ ഓൺലൈൻവഴി ലഭ്യമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ലാൻഡ് റവന്യൂ വകുപ്പിലെ ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് വളരെ സുതാര്യമായ രീതിയിൽ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായാണ് നിലവിൽ നൽകിവരുന്നത്. സർവ്വേ വകുപ്പിൽ ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആരംഭം മുതൽ അവസാനം വരെയുള്ള എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടൽ സർവ്വേയും ഭൂരേഖയും വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ ഭൂമി സംബന്ധമായ സേവനങ്ങൾ ഏകജാലക സംവിധാനത്തിൽ ലഭ്യമാകുന്നതിനുള്ള ഏകീകൃത പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ മാനേജ്മെന്റ് കൂടാതെ, എല്ലാ ഭൂമി ഇടപാടുകളിലും പൗരന്മാർക്ക് ഏകജാലക സേവനം സാധ്യമാക്കുന്നതിനുള്ള ഒരു ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റവും (ILIMS) കൂടി 'എന്റെ ഭൂമി' വഴി

ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിലൂടെ ഭൂസംബന്ധമായ സേവനങ്ങൾ നൽകിവരുന്ന രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ എന്നീ മൂന്ന് പ്രധാന വകുപ്പുകളിലെ സേവനങ്ങളെ സംയോജിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് സമഗ്രമായ സേവനം നൽകുന്ന ഏകജാലക ഓൺലൈൻ പ്ലാറ്റ്ഫോമാക്കി മാറ്റുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.

**ആശ്രിത സർട്ടിഫിക്കറ്റ്**

276(3495) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ആശ്രിത സർട്ടിഫിക്കറ്റ് നൽകുന്നതിന് വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവർക്ക് എന്തെങ്കിലും വിവേചനാധികാരം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിക്കുന്ന നിലവിലുള്ള ഗവൺമെന്റ് ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ നൽകാമോ?

വിവേചനാധികാരം നിലവിലില്ല. രേഖകൾ പരിശോധിച്ചും പ്രാദേശികാന്വേഷണം നടത്തിയും സാക്ഷിമൊഴികൾ

രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലുമാണ് സാക്ഷ്യപത്രം അനുവദിക്കുന്നത്.

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥന് അപേക്ഷകന്റെ വിവരങ്ങൾ നൽകുന്ന വ്യക്തികളുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിക്കുന്ന സർക്കുലറുകളോ ഗവൺമെന്റ് ഉത്തരവുകളോ ലഭ്യമാക്കാമോ?

പ്രാദേശികാന്വേഷണ വേളയിൽ പ്രദേശവാസികളിൽനിന്നും ലഭിക്കുന്ന വിവരങ്ങളിൽ ഐക്യരൂപ്യമില്ലാതെ വരുമ്പോഴും സംശയിക്കാൻ തക്ക കാരണങ്ങളുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കരുതുമ്പോഴും കൂടുതൽ തെളിവെന്ന നിലയിൽ അയൽക്കാരും പ്രായപൂർത്തിയായവരും ബന്ധുക്കളല്ലാത്തവരുമായ ആളുകളിൽനിന്ന് അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട് മൊഴി രേഖപ്പെടുത്തുകയും അപ്രകാരം മൊഴി നൽകുന്ന വ്യക്തികളുടെ മേൽവിലാസം ഉൾപ്പടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്. ഇത്തരത്തിൽ മൊഴി രേഖപ്പെടുത്തുമ്പോൾ തെറ്റായതോ

വ്യാജമായതോ ആയ വിവരം നൽകുന്ന പക്ഷം ആയത് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 177-ാം വകുപ്പുപ്രകാരവും മൊഴിയിൽ കയ്യൊപ്പ് ചേർക്കാൻ മൊഴി നൽകിയ വ്യക്തി വിസമ്മതിക്കുന്നത് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 180-ാം വകുപ്പുപ്രകാരവും ശിക്ഷാർഹമായ കുറ്റകൃത്യങ്ങളായിരിക്കുമെന്ന് കേരള ലാൻഡ് റവന്യൂ മാന്വൽ വാല്യം VI-ലെ ഖണ്ഡിക 215(3)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**നിലമ്പൂർ ബൈപാസ് റോഡ് നിർമ്മാണം**

277 (3496) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇക്കാര്യത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്നും ഇതുവരെ ഏതൊക്കെ നടപടികൾ പൂർത്തീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ വില്ലേജിൽ നിലമ്പൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് 10.6609 ഹെക്ടർ ഭൂമി (രണ്ടാം ഘട്ടം) എൽ.എ.ആർ.ആർ. ആക്ടുപ്രകാരം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും 20-02-2023-ൽ 4 (1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണയ്ക്ക് സമർപ്പിച്ചിട്ടുള്ളതും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുള്ളതുമാണ്. തുടർന്ന് 11 (1) വിജ്ഞാപനം 06-01-2024-ൽ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

11 (1) വിജ്ഞാപനത്തിനുശേഷം അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (BVR), ആർ.ആർ. പാക്കേജ് എന്നിവ അംഗീകരിച്ച് ഉത്തരവാകണം. റിക്വിസിഷൻ അതോറിറ്റി മുഴുവൻ ഫണ്ടും അടവാക്കിയതിനുശേഷം 19 (1) ഡിക്ലറേഷൻ പ്രസിദ്ധപ്പെടുത്തേണ്ടതും തുടർന്ന് അവാർഡ് പാസ്സാക്കി ഭൂമി റിക്വിസിഷൻ അതോറിറ്റിക്ക് കൈമാറുന്നതുമാണ്.

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനായി രണ്ട് ഘട്ടങ്ങളിലായി

ആകെ എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ഇതുവരെ എത്ര ഹെക്ടർ ഭൂമിക്ക് നഷ്ടപരിഹാരത്തുക നൽകി ഏറ്റെടുത്തുവെന്നും ആകെ ഇതുവരെ നൽകിയ നഷ്ടപരിഹാത്തുക എത്രയെന്നും അറിയിക്കാമോ; വിശദമാക്കാമോ?

നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനായി രണ്ട് ഘട്ടങ്ങളിലായി മൊത്തം 17.8050 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത 7.1441 ഹെക്ടർ ഭൂമിക്ക് നഷ്ടപരിഹാര തുകയായി 35,17,77,170/- രൂപ (മുപ്പത്തിയഞ്ച് കോടി പതിനേഴ് ലക്ഷത്തി എഴുപത്തി ഏഴായിരത്തി ഒരുനൂറ്റി എഴുപത് രൂപ മാത്രം) നൽകിയിട്ടുണ്ട്.

(സി) ഇതിന്റെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽനിന്നും ഏതെല്ലാം ഉത്തരവുകളാണ് ഇനിയും പുറപ്പെടുവിക്കേണ്ടതെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ?

അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (BVR), ആർ.ആർ. പാക്കേജ് എന്നിവ അംഗീകരിച്ച് ഉത്തരവാകണം. റിക്വിസിഷൻ അതോറിറ്റി മുഴവൻ

ഫണ്ടും അടവാക്കിയതിനുശേഷം 19(1) ഡിക്ലറേഷൻ പ്രസിദ്ധപ്പെടുത്തേണ്ടതും തുടർന്ന് അവാർഡ് പാസ്സാക്കി ഭൂമി റിക്വിസിഷൻ അതോറിറ്റിക്ക് കൈമാറുന്നതുമാണ്.

(ഡി) നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് നടപടികളെന്നാണ് ആരംഭിച്ചതെന്നും ഇതുവരെ ഇതിനായി എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചുവെന്നും ഭരണാനുമതി എത്രതവണ പുതുക്കി നൽകിയെന്നും അവസാനമായി ഏതുവർഷമാണ് റവന്യൂ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിരുന്നതെന്നും വിശദമാക്കാമോ?

14-06-2013-ലെ G.O (Rt.) No. 3359/13/RD പ്രകാരമാണ് നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനായുള്ള എൽ.എ. നടപടികൾ ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 07-05-2015-ന് LARR നിയമപ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിയിരുന്നു. അർത്ഥനാധികാരിയിൽനിന്നും നഷ്ടപരിഹാര തുക ഇനത്തിൽ 14 കോടി രൂപ 12-05-2016-ന് ലഭ്യമാവുകയും തുടർന്ന് ഒന്നാം വർക്ക് ബ്ലോക്കിനായുള്ള അവാർഡ് 25-10-2016-ന് പാസ്സാക്കുകയും ചെയ്തു. രണ്ടാം വർക്ക് ബ്ലോക്കിനായുള്ള 21,20,00,000/- രൂപ

ലഭ്യമായതിൽ അവാർഡ് 28-12-2017, 15-12-2018, 30-01-2020 എന്നീ തിയതികളിൽ പാസ്സാക്കുകയുണ്ടായി. മൂന്നാം വർക്ക് ബ്ലോക്കിനായുള്ള ഫണ്ട് അർത്ഥനാധികാരി ലഭ്യമാക്കാത്തതിനാൽ നേരത്തെ ലഭ്യമായ ഫണ്ടിൽ കുറച്ച് ഭൂഉടമകൾക്ക് മാത്രം അവാർഡ് 30-01-2020-ൽ പാസ്സാക്കി. അപ്രകാരം 35,20,00,000/- രൂപ ലഭ്യമായതിൽ 35,17,77,170/- രൂപ നഷ്ടപരിഹാരത്തുകയായി നൽകിയിട്ടുണ്ട്. നിശ്ചിത സമയപരിധിയായ 07-05-2017-നകം അർത്ഥനാധികാരിയിൽനിന്നും നഷ്ടപരിഹാരത്തുക ലഭ്യമാകാത്തതിനാൽ ബാക്കി കേസ്സുകളിൽ അവാർഡ് പാസ്സാക്കാൻ കഴിഞ്ഞിരുന്നില്ല. അപ്രകാരം ഒന്നാം ഘട്ടമായി 7.1441 ഹെക്ടർ ഭൂമിയേറ്റെടുത്തിരുന്നു. തുടർന്ന് ബഹു. ഹൈക്കോടതി അഡ്വക്കേറ്റ് ജനറലിൽനിന്നും LARR Act 2013 പ്രകാരമുള്ള 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിന് നിയമോപദേശം ലഭ്യമാകുകയും ആയതുപ്രകാരം 20-02-2023-ൽ 4 (1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 4 (1) വിജ്ഞാപനം മുതലാണ് രണ്ടാം ഘട്ടത്തിൽ (10.6609 ഹെക്ടർ ഭൂമി) പുതിയതായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

14-06-2023-ലെ G.O (Rt.) No.3359/13/RD നമ്പർ ഉത്തരവിനുശേഷം ഭരണാനുമതി പുതുക്കി നൽകിയിട്ടില്ല.

(ഇ) ഒരിക്കൽ കണക്കാക്കിയ നഷ്ടപരിഹാരത്തുക ഓരോ വർഷവും എത്ര ശതമാനം വീതമാണ് വർദ്ധിക്കുന്നതെന്നും 2015-ൽ നിലമ്പൂർ ബൈപ്പാസിനായി കണക്കാക്കിയിരുന്ന ആകെ നഷ്ടപരിഹാരത്തുക എത്രയെന്നും ഇപ്പോൾ എത്രയായി വർദ്ധിച്ചുവെന്നും അറിയിക്കാമോ?

LARR Act 2013 പ്രകാരം 4 (1) വിജ്ഞാപനം പുറപ്പെടുവിച്ച 20-02-2023 മുതൽ അവാർഡ് തീയതിവരെ ഭൂവിലയ്ക്ക് (അടിസ്ഥാന വില) 12% വർദ്ധനവും വസ്തുവിലെ കുഴിക്കൂർ ചമയങ്ങൾ അടക്കമുള്ള ഭൂമിയുടെ വിലയ്ക്ക് 100% സൊലേഷ്യവുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

**കോഴിക്കോട് ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ കണക്ക്**

278 (3497) <u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ

വിതരണം ചെയ്ത പട്ടയങ്ങളുടെ കണക്ക് ലഭ്യമാക്കാമോ?

നിലവിലെ സർക്കാരിന്റെ കാലത്ത് 14954 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ജില്ലയിൽ ഭൂമി തരംമാറ്റൽ വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് നടപടികൾ വേഗത്തിലാക്കുന്നതിന് അധിക ജീവനക്കാരെ (ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക്, സർവ്വേയർ) നിയമിച്ചിട്ടുള്ളതും ഫീൽഡ് പരിശോധനയ്ക്കായി വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കോഴിക്കോട് ജില്ലയിൽ, കോഴിക്കോട്, വടകര എന്നീ രണ്ടു റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ഫയൽ തീർപ്പാക്കുന്നതിന് 01-02-2024-ൽ അദാലത്ത് സംഘടിപ്പിച്ചിരുന്നു. കൃത്യമായ ഇടവേളകളിൽ സർക്കാർ തലത്തിലും ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിലും അവലോകനയോഗംകൂടി, തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്തുവരുന്നു.

(സി) ജില്ലയിൽ അനുവദിച്ച സ്മാർട്ട് വില്ലേജുകളിൽ പ്രവൃത്തി

പൂർത്തീകരിക്കാത്തവയുടെ എണ്ണവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

(ഡി) കോഴിക്കോട് സൗത്ത് ബീച്ചിലെ മുപ്പത്തിമൂന്ന് കുടുംബങ്ങളുടെ പട്ടയ വിതരണത്തിന്റെ നിലവിലെ അവസ്ഥ വെളിപ്പെടുത്താമോ?

കോഴിക്കോട് സൗത്ത് ബീച്ചിലെ 33 കുടുംബങ്ങൾ കൈവശം വച്ചുവരുന്ന വസ്തുക്കൾ കൈവശത്തിന്റെ അടിസ്ഥാനത്തിൽ അളന്ന് തീർക്കുന്നതിനായി പലപ്രാവശ്യം ശ്രമം നടത്തിയിട്ടുള്ളതാണ്. എന്നാൽ താരതമ്യേന ജനസാന്ദ്രത കൂടിയ ഈ സ്ഥലത്ത് പ്രദേശവാസികളുടെ നിസ്സഹകരണവും അതിർത്തി തർക്കങ്ങളും കാരണം വസ്തു അളന്നുതിരിക്കുന്ന പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. വേലിയേറ്റ വടുവിൽനിന്നും ഉദ്ദേശം 30 മീറ്റർ ദൂരം മുതൽ ആരംഭിക്കുന്ന ഈ വസ്തുക്കൾ CRZ-ൽ ഉൾപ്പെടുന്നതാണ്. ഈ വസ്തുക്കൾ സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് വസ്തുക്കളല്ല. തികച്ചും സ്വകാര്യ ജന്മം വസ്തുക്കൾ ആയതിനാൽ ലാൻഡ് ട്രൈബ്യൂണൽ മുഖേന മാത്രമേ പട്ടയ നടപടികൾ സ്വീകരിക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിയുകയുള്ളൂ. ആയതിനായി നിലവിലുള്ള അതിർത്തി തർക്കങ്ങൾ രമ്യമായി പരിഹരിച്ചതിനുശേഷം നിയമാനുസൃതം ലാൻഡ് ട്രൈബ്യൂണലിൽ അപേക്ഷ നൽകിയാൽ മാത്രമേ പട്ടയനടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള**

**പുറമ്പോക്ക് ഭൂമി**

279 (3498) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കുളം, റോഡ്, ആറ് ഉൾപ്പെടെയുള്ള വിവിധ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക്, ചട്ടത്തിൽ ഇളവ് നൽകി പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് എന്തെങ്കിലും മാർഗ്ഗനിർദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കുളം, റോഡ്, ആറ് ഉൾപ്പെടെയുള്ള വിവിധ പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്നതിന് റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ

കൈവശമുള്ള ഭൂമി റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച്, റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിലും 16-08-2023-ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഈ വിഷയത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കുന്നുണ്ട്. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ സമിതി രൂപീകരിക്കേണ്ടതുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ; കൊല്ലം ജില്ലയിൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുകയും മേൽവിഷയത്തിൽ അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടയം നൽകേണ്ടതിന്റെ എണ്ണത്തിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പും റവന്യൂ വകുപ്പും തമ്മിൽ അഭിപ്രായ വ്യത്യാസം വന്നാൽ ജില്ലാ കേന്ദ്രത്തിൽ ജില്ലാ കളക്ടറും പഞ്ചായത്തിലെ ജോയിന്റ് ഡയറക്ടറും ഉൾപ്പെടുന്ന ഒരു കോർകമ്മിറ്റി രൂപീകരിച്ച് മാസത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരുതവണ യോഗം ചേർന്ന് വിവരങ്ങൾ വിശകലനം ചെയ്യണമെന്നും പ്രസ്തുത യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി. ഈ കമ്മിറ്റികൾ രൂപീകരിക്കാനുള്ള നടപടികൾ നടപ്പിലാക്കിവരികയാണ്.

**പട്ടയം അനുവദിക്കുന്നതിന് നടപടി**

280(3499) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ, കരിമ്പ, തച്ചമ്പാറ പ്രദേശങ്ങളിൽ താമസിക്കുന്ന നൂറ്റിയമ്പതോളം കുടുംബങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ തച്ചമ്പാറ, കരിമ്പ, കാഞ്ഞിരപ്പുഴ, പഞ്ചായത്തുകളിലായി 01-01-1977-നുമുമ്പ് ഭൂമി കൈവശം വച്ചുവരുന്നവരിൽ 135 പേരുടെ ലിസ്റ്റിലുൾപ്പെട്ട തച്ചമ്പാറ പഞ്ചായത്തിൽ 25 കേസ്സുകളിലും കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ 52 കേസ്സുകളിലും റവന്യൂ-വനം വകുപ്പുകളുടെ പ്രാഥമിക സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ പട്ടയ വിതരണം**

281(3500) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ നവകേരള സദസ്സിൽ പട്ടയത്തിനായുള്ള എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ നവകേരള സദസ്സിൽ പട്ടയത്തിനായുള്ള 176 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ പട്ടയത്തിനായുള്ള എത്ര അപേക്ഷകളാണ് ഇനിയും തീർപ്പുകൽപ്പിക്കാനുള്ളതെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

കുന്നത്തുനാട് മണ്ഡലത്തിലെ നവകേരള സദസ്സിൽ പട്ടയത്തിനായി ലഭിച്ച 176 അപേക്ഷകളും തീർപ്പുകൽപ്പിക്കാനുണ്ടായിരുന്ന മറ്റ് 64 അപേക്ഷകളുമുൾപ്പെടെ ആകെ 240 അപേക്ഷകൾ താഴെപ്പറയുംപ്രകാരം വില്ലേജടിസ്ഥാനത്തിൽ തീർപ്പുകൽപ്പിക്കാനുള്ളതാണ്.

| ക്രമ നമ്പർ | വില്ലേജ് | എണ്ണം |
|---|---|---|
| 1 | മഴുവന്നൂർ | 18 |
| 2 | ഐരാപുരം | 69 |
| 3 | ഐക്കരനാട് നോർത്ത് | 32 |
| 4 | ഐക്കരനാട് സൗത്ത് | 18 |
| 5 | പുത്തൻകുരിശ് | 18 |
| 6 | തിരുവാണിയൂർ | 27 |
| 7 | വാഴക്കുളം | 15 |
| 8 | മാറമ്പിള്ളി | 9 |
| 9 | കുന്നത്തുനാട് | 9 |
| 10 | കിഴക്കമ്പലം | 15 |
| 11 | പട്ടിമറ്റം | 10 |

(സി) പ്രസ്തുത അപേക്ഷകളിന്മേൽ പട്ടയവിതരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകാമോ?

മേൽപ്പറഞ്ഞ അപേക്ഷകളിൽ നിയമാനുസൃത നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നതാണ്.

(ഡി) മണ്ഡലത്തിൽ പട്ടയ വിതരണം കൂടുതൽ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി പട്ടയ ഡാഷ് ബോർഡ് സെൽ രൂപീകരിച്ചിട്ടുള്ളതും നിയമാനുസൃത നടപടികൾ പൂർത്തീകരിച്ച് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് തയ്യാറാക്കി വരുന്നതുമാണ്.

**പട്ടയം ലഭിക്കുന്നതിനായിട്ടുള്ള അപേക്ഷകൾ**

282(3501) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ 294 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. (നഗരസഭ -6, ഗ്രാമപഞ്ചായത്ത് -288)

(ബി) തീർപ്പാക്കിയ അപേക്ഷകൾ, അവശേഷിക്കുന്ന അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കാമോ?

148 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ പുന്നയൂർ വില്ലേജ് സർവ്വേ 35/1, 47/1 ഉൾപ്പെട്ട ഭൂമിയിൽ താമസിച്ചുവരുന്നവരുടേതാണ്. പ്രസ്തുത ഭൂമി CRZ പരിധിയിൽ ഉൾപ്പെട്ടതാണോയെന്ന് പരിശോധിക്കുന്നതിനും അപേക്ഷകരുടെ ഭൂമി സർവ്വേ ചെയ്യുന്നതിനും സർവ്വേയർമാരെ നിയോഗിച്ചിട്ടുള്ളതും നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും പുനർനിക്ഷിപ്തം ചെയ്ത് കിട്ടേണ്ടതായ അപേക്ഷകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും പുനർനിക്ഷിപ്തം ചെയ്ത് കിട്ടേണ്ടതായ അപേക്ഷകൾ ഒന്നുംതന്നെയില്ല.

**മാനന്തവാടി താലൂക്ക് ലാൻഡ് ബോർഡ്**

283 (3502) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയം നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ചുകൊണ്ട് സ്റ്റേറ്റ് ലാൻഡ് ബോർഡ് മാനന്തവാടി താലൂക്ക് ലാൻഡ് ബോർഡിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ സർക്കുലറിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം കുടിയായ്മ, കുടികിടപ്പ് അവകാശങ്ങളിൽ നിരവധി വർഷങ്ങളായി ഭൂമി കൈവശംവച്ച് അനുഭവിച്ചുവരുന്നവർക്ക് ലാൻഡ് ട്രൈബ്യൂണലിൽനിന്ന് പട്ടയം നൽകുന്നതിനായി നിയമ വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ട് പട്ടയം നൽകുന്നതിനായി സംസ്ഥാന ലാൻഡ് ബോർഡ് ഒരു ആക്ഷൻ പ്ലാൻ & SOP തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഒരങ്കോക്കുന്ന് കോളനിയിലെ നിവാസികൾക്ക് ഭൂമി നൽകുന്നത്**

284(3503) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരങ്കോക്കുന്ന് കോളനിയിലെ സ്വന്തമായി ഭൂമിയില്ലാത്തതും വർഷങ്ങളായി പ്രസ്തുത സ്ഥലത്ത് താമസിച്ചുവരുന്നതുമായ നിവാസികൾക്ക് ഭൂമി കൊടുക്കുന്നതിൽ എന്താണ് തടസ്സമായിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കാന്തലാട് വില്ലേജിൽ ഇവർ താമസിക്കുന്ന പാറ പുറമ്പോക്ക് ഭൂമി അനുവദിക്കണമെന്ന ഫയൽ നിലവിൽ ആരുടെ പരിഗണനയിലാണ്; പ്രസ്തുത ഫയലിൽ ആരാണ് അന്തിമ തീരുമാനമെടുക്കേണ്ടത് എന്നറിയിക്കാമോ;

(സി) ഒരങ്കോക്കുന്ന് കോളനിയിൽ സ്ഥിര താമസക്കാരായ ഭൂമിയില്ലാത്തവർക്ക് പട്ടയം ലഭിച്ചാൽ മാത്രമേ ലൈഫ് പദ്ധതിപ്രകാരം

ലഭിച്ച വീട് നിർമ്മിക്കാൻ കഴിയുയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) ഉണ്ട്. പ്രസ്തുത ഭൂമി പാറ പുറമ്പോക്ക് ഇനത്തിൽ ഉൾപ്പെട്ടതാണ്. കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരം വിലയേറിയ ധാതുക്കളോ ഖനികളോ അടങ്ങിയിട്ടുണ്ടെന്ന് വിശ്വസിക്കപ്പെടുന്നതോ ആയ ഭൂമികൾ പതിവിന് വിധേയമല്ല. 21-01-2023-ലെ സ.ഉ. (കൈ) 12/2023/റവ നമ്പർ ഉത്തരവുപ്രകാരം ഭൂമി സർവ്വേ ചെയ്ത് പാറ ഒഴിവാക്കി താമസഭൂമി പ്രത്യേകം രേഖപ്പെടുത്തി ജില്ലാ കളക്ടർ ശിപാർശ സമർപ്പിക്കുന്ന കേസ്സുകളിൽ സർക്കാർ പരിശോധിച്ച് പട്ടയം നൽകുവാൻ ഉത്തരവ് നൽകുന്നതാണ്. കാന്തലാട് വില്ലേജിൽ പാറ പുറമ്പോക്കിൽ താമസിക്കുന്നവരുടെ വിഷയം ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിഗണനയിലാണ്.

**മത്സ്യ ഗ്രാമങ്ങളിലെ പട്ടയ വിതരണം**

285(3504) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം താലൂക്കിൽ വെസ്റ്റ് വില്ലേജിൽ ഉൾപ്പെടുന്ന പള്ളിത്തോട്ടം, മൂതാക്കര എന്നീ മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത മേഖലകളിൽ പട്ടയം അനുവദിക്കുന്നതിന് നിയമപരമായും സാങ്കേതികപരമായും തടസ്സമില്ലാത്ത കേസ്സുകളിൽ ആയത് അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

കൊല്ലം പള്ളിത്തോട്ടം മുതൽ മൂതാക്കരവരെയുള്ള തീരദേശ മേഖലയിൽ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കേണ്ട സ്ഥലങ്ങൾ കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 188, 189, 192, 196, 197 എന്നിവയിൽ ഉൾപ്പെട്ടുവരുന്നു. ടി പ്രദേശങ്ങൾ വില്ലേജ് രേഖകൾപ്രകാരം "കടൽ പുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ കൈവശക്കാർക്ക് പതിച്ചുനൽകുന്നതിന് സാധിക്കാതെവരികയും പ്രശ്നപരിഹാരത്തിനായി കൊല്ലം ജില്ലയിലെ പട്ടയ ഡാഷ് ബോർഡിൽ ടി വിഷയം ഉൾപ്പെടുത്തി, റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന

പട്ടയ അദാലത്തിൽ ചർച്ച ചെയ്തിട്ടുള്ളതും അദാലത്തിൽ കൈകൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ സർവ്വേ ഓഫ് ഇൻഡ്യയുടെ അനുമതിയോടെ സർവ്വേ ചെയ്ത് കഡസ്ട്രൽ സർവ്വേയ്ക്ക് പുറത്തായി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**പട്ടയം അനുവദിക്കുവാൻ സ്പെഷ്യൽ ടീമിനെ നിയോഗിക്കാൻ നടപടി**

286(3505) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടയം മിഷന്റെ ഭാഗമായി ലഭിച്ച അപേക്ഷകളിൽ പട്ടയം അനുവദിക്കുന്നതിന് ഭൂമി അളക്കുന്നതിനും സ്കെച്ചുകൾ തയ്യാറാക്കുന്നതിനുമായി വില്ലേജ്/മണ്ഡല അടിസ്ഥാനത്തിൽ സ്പെഷ്യൽ ടീമിനെ നിയോഗിച്ച് പട്ടയം നൽകുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പട്ടയ മിഷന്റെ ഭാഗമായി ലഭിക്കുന്ന അപേക്ഷകളിൽ സർവ്വേ നടപടികൾ സ്വീകരിക്കുന്നതിനായി സ്പെഷ്യൽ ടീമിനെ ആവശ്യമുള്ളപക്ഷം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വേയും ഭൂരേഖയും

വകുപ്പിന്റെ സഹകരണത്തോടെ സർവ്വേ ടീമിനെ നിയോഗിക്കുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചുവരുന്നു.

**വാഗമൺ വില്ലേജിലെ റാണിമുടി ഭാഗത്തുള്ള വ്യാജ പട്ടയങ്ങൾ റദ്ദാക്കുന്നതിന് നടപടി**

287(3506) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ വാഗമൺ വില്ലേജിൽപ്പെട്ട റാണിമുടി ഭാഗത്തുള്ള നൂറ്റിപ്പത്ത് ഏക്കർ സ്ഥലം മുപ്പത്തിയഞ്ച് കള്ളപട്ടയങ്ങൾ ഉപയോഗിച്ച് തട്ടിയെടുത്തിട്ടുണ്ടെന്നത് സംബന്ധിച്ച് ഇടുക്കി ജില്ലാ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി കണ്ടെത്തിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ?

ശ്രീമതി ഷേർളി @ ഫിലോമിന D/O ആൽബർട്ട്, ജോയിലാന്റ്, ഇടപ്പള്ളി, എറണാകുളം എന്നയാൾ സർക്കാരിൽ ഉൾപ്പെടെ സമർപ്പിച്ച പരാതികളുടെയും ക്രൈംബ്രാഞ്ചിന്റെ റിപ്പോർട്ടിന്റെയും അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ പീരുമേട്

താലൂക്കിൽ വാഗമൺ വില്ലേജിൽ റാണിമുടി ഭാഗത്ത് സർവ്വേ നമ്പർ 724-ൽ ഉൾപ്പെട്ടുവരുന്ന ഭൂമിയിൽ നൽകിയ 12 പട്ടയങ്ങൾ പരിശോധിച്ച് ചട്ടവിരുദ്ധമായി പട്ടയം സമ്പാദിച്ചുവെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1964 ലെ ചട്ടം 8(3) പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ കളക്ടർ 16-01-2021-ലെ സി12/3638/2019 നടപടിക്രമത്തിലൂടെ ടി പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുള്ളതാണ്. കൂടാതെ വാഗമൺ വില്ലേജിലെ സർവ്വേ നമ്പർ 724-ൽ നൽകിയിട്ടുള്ള എല്ലാ പട്ടയങ്ങളുടെയും സാധുത പരിശോധിക്കുന്നതിന് തഹസിൽദാർ (ഭൂരേഖ), പീരുമേടിനെ ചുമതലപ്പെടുത്തിയിട്ടുമുള്ളതാണ്. ഇതേസമയം പട്ടയം റദ്ദ് ചെയ്ത് ജില്ലാ കളക്ടറുടെ നടപടിയ്ക്കെതിരായി ബന്ധപ്പെട്ട അമ്പതോളംപേർ ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും 12 പട്ടാദാർമാരെയും നിലവിലുള്ള എല്ലാ തണ്ടപ്പേർ കക്ഷികളെയും നേരിൽ കേട്ട് തീരുമാനമെടുക്കുന്നതിനായി ടി അപ്പീലുകൾ ജില്ലാ കളക്ടർക്ക് റിമാൻഡ് ചെയ്തുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവാകുകയുമുണ്ടായി. ടി 12 പട്ടയങ്ങളിൽനിന്നും ഉത്ഭവിച്ചിട്ടുള്ള ആധാരങ്ങൾപ്രകാരം നിലവിൽ 150

തണ്ടപ്പേർകക്ഷികൾ പ്രസ്തുത ഭൂമിയിൽ ഉടമസ്ഥരായിട്ടുള്ളതാണ്. ലാൻഡ് റവന്യൂ കമ്മീഷണറുടെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടി തണ്ടപ്പേർ കക്ഷികളെയും പട്ടയകക്ഷികളെയും നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ നിലവിൽ ജില്ലാതലത്തിൽ നടന്നുവരുകയാണ്.

ഈ 12 പട്ടയങ്ങളിൽ 110 ഏക്കറിലെ 40 ഏക്കർ സ്ഥലം മാത്രമാണ് ഉൾപ്പെടുന്നതെന്നും അതിനാൽത്തന്നെ ബാക്കിയുള്ള സ്ഥലങ്ങളിലേയ്ക്കും ആവശ്യമായ പരിശോധന നടത്തേണ്ടതുണ്ടെന്നും പട്ടയവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട് നിർബന്ധമാകയാൽ അടിയന്തരമായി ടി 110 ഏക്കർ സ്ഥലത്തിന്റെ ബാക്കി പട്ടയങ്ങളെ സംബന്ധിച്ചുള്ള വെരിഫിക്കേഷൻ പൂർത്തിയാക്കിയാൽ മാത്രമേ ക്രൈം.140/2019 നമ്പർ കേസ്സിന്റെ തുടർനടപടികൾ പൂർത്തീകരിക്കാനാകുവെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു. തുടർന്ന് വാഗമൺ റാണിമുടി എസ്റ്റേറ്റ് ഭാഗത്തുള്ള 110 ഏക്കർ സ്ഥലത്തിലെ ബാക്കി പട്ടയങ്ങളെ സംബന്ധിച്ചുള്ള വെരിഫിക്കേഷനും ടി സ്ഥലത്ത് നടന്ന ഭൂമി കൈമാറ്റങ്ങളുടെ സാധുതയും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ

ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ പട്ടയകക്ഷികളെയും തണ്ടപ്പേർ കക്ഷികളെയും നേരിൽ കേട്ടശേഷം ടി പട്ടയങ്ങളുടെ സാധുത സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ബി) മേൽപ്പറഞ്ഞ മുപ്പത്തിയഞ്ച് പട്ടയങ്ങളിൽ എത്രയെണ്ണമാണ് വ്യാജ പട്ടയമെന്ന് തെളിഞ്ഞിട്ടുള്ളത് എന്നറിയിക്കാമോ;

(സി) വ്യാജമെന്ന് തെളിഞ്ഞിട്ടുള്ള പട്ടയങ്ങൾ റദ്ദാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; എങ്കിൽ എത്ര പട്ടയങ്ങളാണ് റദ്ദാക്കിയിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) മേൽപ്പറഞ്ഞ പട്ടയങ്ങളിൽ സാധുതയുള്ള പട്ടയങ്ങളുണ്ടെന്ന് റവന്യൂ വകുപ്പിന്റെയോ വിജിലൻസിന്റെയോ മറ്റന്വേഷണ ഏജൻസികളുടെയോ അന്വേഷണങ്ങളിൽ കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) പ്രസ്തുത വിഷയത്തിൽ വിവിധ സർക്കാർ ഏജൻസികൾ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അന്വേഷണം നടത്തി കണ്ടെത്തിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

(ബി-ഇ) മേൽവിവരിച്ചപ്രകാരം റവന്യൂ വകുപ്പ് അന്വേഷണം നടത്തിവരുകയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പട്ടയങ്ങളുടെ സാധുത സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

**കുന്നംകുളം താലൂക്കിലെ പട്ടയ വിതരണം**

288(3507) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്ക് രൂപീകരിച്ചതിനുശേഷം പ്രസ്തുത താലൂക്കിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കുന്നംകുളം താലൂക്ക് രൂപീകരിച്ചതിനുശേഷം ടി താലൂക്കിൽനിന്നും വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജ് | വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | പെരുമ്പിലാവ് | 4 |
| 2 | ചെമ്മന്തിട്ട | 1 |
| 3 | കുന്നംകുളം | 35 |
| 4 | ചൊവ്വന്നൂർ | 13 |
| 5 | വെള്ളാറ്റഞ്ഞൂർ | 15 |
| 6 | ചിറമനേങ്ങാട് | 100 |
| 7 | കരിക്കാട് | 2 |
| 8 | വേലൂർ | 3 |
| **ആകെ** | | **173** |

(ബി) പട്ടയ അപേക്ഷകളിന്മേൽ പരിശോധനയ്ക്ക് കാലതാമസം വരുന്നതിനെക്കുറിച്ച് വ്യക്തമാക്കുമോ?

കുന്നംകുളം താലൂക്കിൽ നിലവിലുള്ള പട്ടയ അപേക്ഷകളിലെ കൈവശഭൂമി ഭൂരിഭാഗവും തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള പുറമ്പോക്ക് ഭൂമിയായയതിനാൽ ആയത് റവന്യൂ വകുപ്പിലേയ്ക്ക് **ഡിവെസ്റ്റ്** ചെയ്ത് ലഭിക്കേണ്ടതുണ്ട്. ഇതിനായുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

(സി) 2023-24 സാമ്പത്തിക വർഷം വിതരണം ചെയ്യാനുള്ള

പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ചിറമനേങ്ങാട്-9, വെള്ളറക്കാട് - 1

**പുനലൂർ മണ്ഡലത്തിലെ വില്ലേജുതല ജനകീയ സമിതികളിൽ ശേഖരിച്ച പട്ടയ അപേക്ഷകൾ**

289(3508) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ വിവിധ വില്ലേജുകളിലായി നടന്ന വില്ലേജുതല ജനകീയ സമിതികളിൽ ശേഖരിച്ച പട്ടയ അപേക്ഷകളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇവയിൽ താലൂക്ക് തലത്തിൽ പരിഹരിക്കാവുന്ന അപേക്ഷകൾ എത്രയെന്നും പട്ടയ ഡാഷ് ബോർഡിൽ ചേർത്തിട്ടുള്ള അപേക്ഷകൾ എത്രയെന്നും വിശദമാക്കാമോ?

(എ&ബി) വില്ലേജുതല ജനകീയ സമിതിയിൽ പട്ടയത്തിനുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതാണ്.

(സി) വില്ലേജ് തലത്തിൽ പട്ടയ സംബന്ധമായ അപേക്ഷകൾ ഇനിയും

സ്വീകരിക്കാനുണ്ടെങ്കിൽ അവ ഏതൊക്കെ വില്ലേജുകളിൽ നിന്നാണെന്ന് വ്യക്തമാക്കാമോ; ആയവ അടിയന്തരമായി ശേഖരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് വിശദീകരിക്കാമോ?

താലൂക്ക് തലത്തിൽ തഹസിൽദാർക്ക് ലഭിക്കുന്ന അപേക്ഷകൾ അർഹതയും പതിവിന് വിധേയമാണോയെന്നും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് കൈമാറുകയും വില്ലേജ് ഓഫീസറിൽനിന്നും റിപ്പോർട്ട് വാങ്ങി താലൂക്കുതലത്തിൽ പതിവ് നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. പട്ടയ മിഷന്റെ ഭാഗമായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന പട്ടയ അസംബ്ലിയിൽ സംസ്ഥാനത്തെ എല്ലാ ജനപ്രതിനിധികൾക്കും അവരവരുടെ അധികാരപരിധിയിലുള്ള പട്ടയ വിഷയങ്ങളും പട്ടയം ലഭിക്കാത്തവരുടെ വിവരങ്ങളും അവതരിപ്പിക്കുന്നതിന് അവസരമുണ്ട്. ഇങ്ങനെ അവതരിപ്പിക്കുന്ന പട്ടയ വിഷയങ്ങളിൽ താലൂക്കുതലത്തിലും ജില്ലാതലത്തിലും പരിഹരിക്കാൻ കഴിയുന്നവ അതാത് തലങ്ങളിൽ പരിഹരിക്കപ്പെടും. ശേഷിക്കുന്നവ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി

സംസ്ഥാന ദൗത്യസംഘത്തിന്റെ തീർപ്പിന് നൽകുന്നു. അർഹരായ കൈവശക്കാർക്ക് പട്ടയത്തിനുള്ള അപേക്ഷകൾ വില്ലേജ് ഓഫീസിലോ താലൂക്ക് ഓഫീസിലോ നേരിട്ടും ആറ് മാസത്തിലൊരിക്കൽ നടക്കുന്ന പട്ടയ അസംബ്ലിയിൽ ബന്ധപ്പെട്ട ജനപ്രതിനിധി മുഖേനയും സമർപ്പിക്കാം.

(ഡി) മണ്ഡലത്തിലെ അർഹരായ മുഴുവൻ കൈവശക്കാരുടെയും പട്ടയ അപേക്ഷകൾ എന്നത്തേയ്ക്ക് ശേഖരിക്കാനാകുമെന്ന് വിശദമാക്കാമോ?

പട്ടയത്തിനുള്ള അപേക്ഷ കക്ഷികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക്, ഭൂമി പതിവ് ചട്ടങ്ങൾപ്രകാരമുള്ള പതിവ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി അർഹതപ്പെട്ടവർക്ക് പട്ടയം അനുവദിച്ചുവരുന്നു.

**മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം**

290(3509) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജിൽ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് ഭൂമിക്ക് കൈവശാവകാശരേഖ നൽകുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ?

കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജിൽ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് വനം വകുപ്പ് തടസ്സവാദം ഉന്നയിക്കുകയും പ്രസ്തുത സ്ഥലത്തിനുപകരം ഭൂമി ആവശ്യപ്പെടുകയും ചെയ്തു. ആയത് കണ്ടെത്തി പകരം ഭൂമി നൽകുന്ന നടപടികൾ സ്വീകരിക്കേണ്ടിവന്നതിനാലാണ് കൈവശാവകാശരേഖ നൽകുന്നതിന് കാലതാമസം നേരിട്ടത്.

(ബി) അവർക്ക് ഭൂമി സംബന്ധമായ രേഖകൾ നൽകുന്നതിനുള്ള നടപടികളിപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) അവർക്ക് എപ്പോൾ പട്ടയം വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചപ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ ടി വിഷയവുമായി ബന്ധപ്പെട്ട പഴയ ഫയലുകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുകയും ആയതുപ്രകാരം മേഖലാ ആർക്കൈവ്സ്, കോഴിക്കോട് ഓഫീസിൽ നടത്തിയ പരിശോധനയിൽ R.Dis ആയി തീർപ്പാക്കിയ ഫയൽ

കണ്ടെത്തിയിട്ടുള്ളതാണ്. ആയത് പരിശോധിച്ചതിൽ കോഴിക്കോട് സ്പെഷ്യൽ തഹസിൽദാരുടെ ഉത്തരവുപ്രകാരം 1980-ൽ 243 പേർക്ക് 10 സെന്റ് വീതം പതിച്ചുനൽകുകയും 1980 ആഗസ്റ്റ് 16-ന് നടന്ന പട്ടയമേളയിൽ പട്ടയ വിതരണം നടക്കുകയുമുണ്ടായെന്ന് കണ്ടെത്തി. ആർക്കൈവ്സിൽനിന്നും കണ്ടെത്തിയ 16764/79--ാം നമ്പർ ഫയൽ പരിശോധിച്ചതിൽനിന്നും 25.84 ഏക്കർ റിസർവ്ഡ് ഫോറസ്റ്റ് 1972-ലെ സർക്കാർ ഉത്തരവുപ്രകാരം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതായും കേരളാ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് 1970 പ്രകാരമാണ് ടി ഭൂമി പതിച്ചുനൽകിയതെന്നും കാണുന്നു. എന്നാൽ പട്ടയം ലഭിച്ചവരുടെ അർഹത സംബന്ധിച്ച് ചില തർക്കങ്ങളുണ്ടായ സാഹചര്യത്തിൽ വിതരണം ചെയ്തതിൽ ഏറിയ പങ്ക് പട്ടയവും 2013-ൽ സർക്കാർ റദ്ദ് ചെയ്തിട്ടുള്ളതാണ്. നിലവിൽ ടി ഭൂമി റവന്യൂ വകുപ്പിന്റെ കൈവശത്തിലാണ്. ഈ വിഷയത്തിൽ കോഴിക്കോട് ജില്ലാ കളക്ടറേറ്റിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതും ഈ വിഷയം സംസ്ഥാന പട്ടയ ഡാഷ് ബോർഡിലുൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്. ടി

നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**വനഭൂമി കൈവശം വച്ചിരുന്നവർക്ക് പട്ടയം പതിച്ച്**

**നൽകുന്നതിനുള്ള നടപടി**

291(3510) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 4-11-2023-ലെ ജി.ഒ. (ആർ റ്റി) നം. 3966/2023/ആർ ഡി നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ വനഭൂമിയിൽ ജണ്ടകെട്ടി വേർതിരിച്ച് കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം പതിച്ച് നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവുപ്രകാരം സംസ്ഥാനത്തെ മറ്റുജില്ലകളിലെ വനഭൂമി കൈവശംവച്ച് വരുന്നവർക്ക് പട്ടയം പതിച്ച് നൽകുന്നതിനുകൂടി തയ്യാറാകുമോ; ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) 4-11-2023-ലെ ജി.ഒ. (ആർ റ്റി) നം. 3966/2023/ആർ.ഡി

നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ വനഭൂമിയിൽ ജണ്ടകെട്ടി വേർതിരിച്ച് കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം പതിച്ച് നൽകുന്നതിന് ഉത്തരവായിട്ടില്ല. ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ റവന്യൂ രേഖകളിൽ 'പുരയിടം' 'തരിശ്' 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതിചെയ്യുന്നതുമായ ഭൂമി കൈവശം വച്ചിരിക്കുന്ന സംഗതികളിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 1 A ലെ ഒഴിവാക്കൽ വ്യവസ്ഥയുടെ പരിധിയിൽ വരാത്തതും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം E പ്രകാരം നിർവ്വചിച്ചിട്ടുള്ള "സർക്കാർ ഭൂമി" എന്നതിന്റെ പരിധിയിൽ വരുന്നതുമായ ഭൂമി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4-ൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടി 5, 6 ചട്ടങ്ങളിലെ പരിധി സംബന്ധിച്ച നിബന്ധന വ്യവസ്ഥകൾക്കും വിധേയമായി പട്ടികജാതി/പട്ടികവർഗ്ഗക്കാരുൾപ്പെടെയുള്ള സ്വകാര്യ വ്യക്തികൾക്ക് പതിച്ചുനൽകുന്നതിന് അനുമതി നൽകി ഉത്തരവായ 02-06-2020-ലെ സ.ഉ. (ആർ.റ്റി) നം. 2020/2020/റവ, 25-01-2021-ലെ സ.ഉ.

(ആർ.റ്റി) നം. 277/2021/റവ നമ്പർ ഉത്തരവുകളിൽ ഭേദഗതി വരുത്തിയാണ് 4-11-2023-ലെ ജി.ഒ. (ആർ.റ്റി) നം. 3966/2023/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

BTR പ്രകാരം 'പുറമ്പോക്ക്' എന്നും പട്ടാദാരന്റെ പേര് "സർക്കാർ" എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റിമാർക്ക്സ് കോളത്തിൽ "റിസർവ് വനം" എന്ന് രേഖപ്പെടുത്തിയിട്ടുമുള്ളതിനാൽ ഭൂമി പതിച്ച് നൽകുന്നതിൽ ചില എതിർപ്പുകളുണ്ടായിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ സ്പഷ്ടീകരണം വേണമെന്നും റിസർവ് വനഭൂമി പ്രത്യേകമായി ജണ്ടയിട്ട് തിരിച്ചിട്ടുണ്ടെങ്കിലും റീസർവ്വേ നടന്നപ്പോൾ സബ്ഡിവിഷൻ നടത്താതെ പ്രസ്തുത ഭൂപ്രദേശം ഒന്നാകെ ഒരു മൈനർ സർക്യൂട്ടായി സർവ്വേ ചെയ്തുമൂലം മൈനർ സർക്യൂട്ടിനുള്ളിൽ വനഭൂമിയും ജണ്ടക്കുപുറത്തുള്ള ജനവാസമേഖലയും ഉൾപ്പെട്ടുവന്നതുമൂലമാണ് മുഴുവൻ ഭൂമിയുടെയും റിമാർക്സ് കോളത്തിൽ റിസർവ് വനം എന്ന് രേഖപ്പെടുത്താൻ ഇടയായതെന്നും ഇടുക്കി ജില്ലാ കളക്ടർ വിശദീകരണം നൽകിയിരുന്നു. ഭൂമി തലമുറകളായി കൈവശം വച്ച് കൃഷി ചെയ്തുവരുന്നതിനാൽ കൈവശത്തിന്റെ കാലപഴക്കം

നിർണ്ണയിക്കുവാൻ കഴിയാത്തവിധം ഈ പ്രദേശങ്ങൾ എല്ലാംതന്നെ പൂർണ്ണമായി ജനവാസ മേഖലയാണെന്നും കൂടാതെ സെറ്റിൽമെന്റ് രജിസ്റ്റർ, പഴയ BTR എന്നിവയിൽ റിസർവ് വനം എന്ന രേഖപ്പെടുത്തലുകൾ ഇല്ലെന്നും ജില്ലാ കളക്ടർ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതും സെറ്റിൽമെന്റ് രജിസ്റ്റർ, റീസർവ്വേയ്ക്കുമുമ്പ് നിലവിലുണ്ടായിരുന്ന BTR എന്നിവപ്രകാരം പുറമ്പോക്ക്/പുരയിടം എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ റവന്യൂ രേഖകളിൽ പട്ടാദാരന്റെ പേര് "സർക്കാർ" എന്നും വസ്തുവിന്റെ വിവരണം/റിമാർക്സ് എന്നീ കോളങ്ങളിൽ "റിസർവ് വനം" എന്നും രേഖപ്പെടുത്തിയിട്ടുള്ള ഭൂമികളിലെ റിസർവ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതിരിക്കുന്ന സാഹചര്യത്തിൽ അത്തരം രേഖപ്പെടുത്തലുകൾ കണക്കിലെടുക്കാതെതന്നെ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം പ്രസ്തുത ഭൂമിയുടെ പതിവിനുള്ള യോഗ്യത/വിനിയോഗം/കൈവശങ്ങളുടെ പഴക്കം/സ്വഭാവം എന്നിവ പരിഗണിച്ച് യോഗ്യമായ കൈവശങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വേ സബ്ഡിവിഷൻ ചെയ്ത് ടി ഭൂമിയുടെ തൽസ്ഥിതി

പ്രകാരം റിക്കോർഡുകൾ തയ്യാറാക്കി പതിവ് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് 02-06-2020-ലെ സ.ഉ. (ആർ.റ്റി) നം. 2020/2020/റവ, 25-01-2021-ലെ സ.ഉ. (ആർ.റ്റി) നം. 277/2021/റവ നമ്പർ ഉത്തരവുകളിൽ വ്യക്തവരുത്തിയാണ് 4-11-2023-ലെ ജി.ഒ. (ആർ റ്റി) നം. 3966/2023/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വിഷയം മറ്റുജില്ലകളിൽ കണ്ടെത്തുകയാണെങ്കിൽ ഉത്തരവ് മറ്റുജില്ലകൾക്കുകൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടയ വിതരണം**

292(3511) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽപ്പെട്ട എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി

മണ്ഡലത്തിൽ ആകെ 48 (LA-14, LT-34) പട്ടയം വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) പട്ടയം ലഭിച്ചവരുടെ പേരും വിലാസവും ഏതുതരം പട്ടയമാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) നിലവിൽ പട്ടയത്തിന് അപേക്ഷ നൽകിയിട്ടുള്ളവരുടെ പേരുവിവരങ്ങളും അപേക്ഷകളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ചീമേനി വില്ലേജിൽപ്പെട്ട പതിനേഴ് കുടുംബങ്ങൾക്ക് പട്ടയം**

293(3512) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിൽപ്പെട്ട പതിനേഴ് കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള നടപടി പൂർത്തീകരിച്ച് ക്യാബിനറ്റിന് സമർപ്പിക്കാനിരിക്കെ ഫയൽ വീണ്ടും നിയമ വകുപ്പിന് അയച്ചത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അഞ്ഞൂറിലധികം പേർക്ക് പട്ടയം നൽകിയ പ്രസ്തുത പ്രദേശത്ത് അവശേഷിക്കുന്ന പതിനേഴോളം കുടുംബങ്ങൾക്ക് പട്ടയം നൽകാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ ചീമേനി വില്ലേജിലെ റീസർവ്വേ നമ്പർ 260/1A1A1, 260/1A1C, 118/1 എന്നിവയിൽപ്പെട്ട മിച്ചഭൂമി കൈവശം വച്ചുവരുന്നവർക്ക് കൈവശരേഖ നൽകി ഭൂനികുതി സ്വീകരിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി N1/139/2020/റവ നമ്പർ ഫയൽ മന്ത്രിസഭാ യോഗത്തിന് സമർപ്പിച്ചിരുന്നെങ്കിലും ഈ വിഷയം ഒരിക്കൽക്കൂടി നിയമ വകുപ്പുമായി കൂടിയാലോചിച്ചശേഷം പുതുക്കിയ കുറിപ്പ് മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണെന്ന 28-11-2023-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ വീണ്ടും നിയമ വകുപ്പിലേയ്ക്ക് അയച്ചു. നിലവിൽ ഫയൽ നിയമവകുപ്പിന്റെ പരിഗണനയിലാണ്.

**വാമനപുരം മണ്ഡലത്തിൽ നൽകിയ വിവിധയിനം**

**പട്ടയങ്ങളുടെ എണ്ണം**

294(3513) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം മണ്ഡലത്തിൽ നൽകിയ വിവിധയിനം പട്ടയങ്ങളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

<u>എൽ.എ പട്ടയം</u>:

| പഞ്ചായത്ത് | എണ്ണം |
|---|---|
| നെല്ലനാട് | 5 |
| പുല്ലമ്പാറ | 1 |
| കല്ലറ | 1 |
| പാങ്ങോട് | 8 |
| പാലോട് | 4 |
| പെരിങ്ങമല | 41 |
| തെന്നൂർ | 2 |
| കുറുപുഴ | 33 |
| ആനാട് | 2 |

| | |
|---|---|
| ആകെ | 97 |

<u>എൽ.റ്റി പട്ടയം:</u>

| പഞ്ചായത്ത് | എണ്ണം |
|---|---|
| ആനാട് | 4 |
| നെല്ലനാട് | 2 |
| മാണിക്കൽ | 1 |
| വാമനപുരം | 1 |
| ആകെ | 8 |

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി എത്ര പട്ടയങ്ങൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്; വിശദമാക്കാമോ?

167 പട്ടയങ്ങൾ.

**പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

295 (3514) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായൽ പുറമ്പോക്ക്, പുഴ പുറമ്പോക്ക്, തോട്

പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവയിൽ വർഷങ്ങളായി ഭൂമി കൈവശംവച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നിലവിൽ നിയമമുണ്ടോ; എങ്കിൽ പട്ടയം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

1964-ലെ കേരള ഭൂമി പതിച്ച് നൽകൽ ചട്ടങ്ങൾ 11 (2) (V) പ്രകാരം റോഡ് വീതി കൂട്ടുന്നതിന് ആവശ്യമായ പാതയോരത്തെ സ്ഥലങ്ങൾ, തുറമുഖ പരിധിക്കുള്ളിൽ (3.017 മീ.) വരുന്ന സ്ഥലങ്ങൾ അല്ലെങ്കിൽ തടങ്ങളില്ലാത്ത ജലസേചന ചാലുകളുടെ ഒരു ചെയിൻ ദൂരത്തിനുള്ളിൽ (20.117 മീ.) അല്ലെങ്കിൽ തടസ്സങ്ങളില്ലാത്ത അപ്രധാന ജലസേചന മാർഗ്ഗങ്ങളുടെ ഇരുപത് ലിംഗ്സിനുള്ളിൽ (4.02 മീ.) അല്ലെങ്കിൽ തടങ്ങളുള്ള ജലസേചന മാർഗ്ഗങ്ങളുടെ പതിനഞ്ച് ലിംഗ്സിനുള്ളിൽ (3.017 മീ.) അല്ലെങ്കിൽ റെയിൽവേ സ്റ്റേഷനുകളുടെ അതിർത്തി മുതൽ നൂറ് മീറ്ററിനുള്ളിൽ അല്ലെങ്കിൽ വിമാനത്താവളങ്ങളുടെയും ലാന്റിംഗ് ഗ്രൗണ്ടുകളുടെയും അതിർത്തിയിൽനിന്നും ഇരുന്നൂറ് യാർഡിനുള്ളിൽ (183 മീ.) അല്ലെങ്കിൽ കടൽ തീരത്തിനടുത്ത് സമുദ്രത്തിലെ ഉയർന്ന ജലനിരപ്പിൽനിന്നും

നൂറടിക്കുള്ളിൽ (30.480 മീ.) സ്ഥലം എന്നിവ പതിവിന് വിധേയമല്ല. എന്നാൽ സമുദ്രജലനിരപ്പിൽനിന്നും നൂറടിക്കുള്ളിലുള്ള തീരപ്രദേശത്തെ സ്ഥലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കുന്നതിലേയ്ക്കും കാറ്റാടി തോട്ടങ്ങൾക്കും സമുദ്രത്തിന്റെ ഉയർന്ന ജലനിരപ്പിൽനിന്നും നൂറ് യാർഡ് പരിധിയിലുള്ള സ്ഥലങ്ങൾ മീനെണ്ണയോ മീൻ വളമോ ഉത്പാദിപ്പിക്കുന്ന ഫാക്ടറികൾ സ്ഥാപിക്കുന്നതിനും താത്കാലികമായി പതിച്ചുനൽകാവുന്നതാണ്.

(ബി) ഇത്തരം ഭൂമി എത്ര വർഷക്കാലമായി കൈവശം വച്ചിരിക്കുന്നവർക്കാണ് പട്ടയം നൽകുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

വർഷങ്ങളായി ഇത്തരം ഭൂമി കൈവശംവച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

(സി) പ്രസ്തുത പുറമ്പോക്ക് ഭൂമികളിന്മേൽ പട്ടയം നൽകുന്നതിന്

എന്തെങ്കിലും പുതിയ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ?

നിലവിൽ റവന്യൂ റിക്കാർഡുകളിൽ തോട്, പുഴ, കനാൽ, കായൽ, കുളം പുറമ്പോക്കുകൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങളുടെ വിവരശേഖരണം ജില്ലാടിസ്ഥാനത്തിൽ നടത്താനും കാലാകാലങ്ങളായി നിർജ്ജീവാസ്ഥയിലുള്ളതും ഇനി ജലസ്രോതസ്സാകാൻ സാധ്യതയില്ലാത്തവയും ഗതിമാറി ഒഴുകിയതുമൂലം നിലവിൽ കരഭൂമി ആയിത്തീർന്നവയും സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായി സംയുക്തപരിശോധന നടത്താനും അർഹത പരിശോധിച്ച് വ്യവസ്ഥകൾക്ക് വിധേയമായി കൈവശക്കാർക്ക് പട്ടയം അനുവദിച്ച് നൽകാവുന്നതാണോയെന്ന് പരിശോധിക്കണമെന്നും 03-11-2023-ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. യോഗനടപടി കുറിപ്പിന്റെ പകർപ്പ് അനുബന്ധം - II ആയി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അവണൂർ അംബേദ്കർ കോളനി നിവാസികൾക്ക്**

**പട്ടയം നൽകുന്നത്**

296(3515) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവണൂർ അംബേദ്കർ കോളനിയിൽ പതിറ്റാണ്ടുകളായി താമസിച്ചുവരുന്നവർക്ക് പട്ടയ വിതരണത്തിന് മുന്നോടിയായി അവണൂർ വില്ലേജ് ഓഫീസിൽവച്ച് ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താമോ?

താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവുപ്രകാരം ഏറ്റെടുത്തതും തൃശ്ശൂർ താലൂക്കിലെ അവണൂർ വില്ലേജിൽ ഉൾപ്പെടുന്നതുമായ അവണൂർ അംബേദ്കർ കോളനിയിൽ കാലങ്ങളായി താമസിച്ചുവരുന്ന നിരവധി കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ശക്തൻ തമ്പുരാൻ ബസ്സ്റ്റാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ടവരും നേരത്തെ പട്ടയം ലഭിച്ചതിനുശേഷം ഭൂമി കൈവശത്തിലെടുക്കാത്തവരുടെ സ്ഥലത്ത് അനധികൃതമായി താമസിക്കുന്നവരും ഭൂമി അകാല കൈമാറ്റം വഴിയും അനധികൃത കൈമാറ്റം

വഴിയും ലഭിച്ചവരും കോളനി നിവാസികളായുണ്ട്. പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 2024 ജനുവരി 08, 09 തീയതികളിൽ വില്ലേജാഫീസിൽവച്ച് അദാലത്ത് സംഘടിപ്പിച്ച് അപേക്ഷകരുടെ കൈവശത്തിലുള്ള രേഖകളും മറ്റാവശ്യമായ വിവരവും ശേഖരിച്ചിട്ടുള്ളതും കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഓരോ അപേക്ഷകരുടെയും അർഹത സംബന്ധിച്ച് താലൂക്കുതലത്തിൽ പരിശോധിച്ചുവരുന്നതുമാണ്.

**ഗുരുവായൂർ മണ്ഡലത്തിലെ ഫ്ലഡ് റോഡുകൾ**

297(3516) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഫ്ലഡ് റോഡുകൾ ഏതെല്ലാം; ആയതിന്റെ പ്രവൃത്തി നിർവ്വഹണ പുരോഗതി വിശദമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നീട്ടിനൽകേണ്ടവ, റദ്ദ് ചെയ്തവ എന്നിവയുടെ വിശദാംശവും ഭരണാനുമതി നീട്ടി നൽകുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഫ്ലഡ് റോഡുകളും അവയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) ഭരണാനുമതി ലഭിച്ച ഫ്ലഡ് റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

SDRF മാനദണ്ഡപ്രകാരം അനുവദനീയമല്ലാത്ത പ്രവൃത്തികൾ ഉൾക്കൊള്ളിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമൂലവും കരാറുകാർ പ്രവൃത്തി ഏറ്റെടുക്കുന്നതിന് വിമുഖതകാണിക്കുന്നതുമൂലവും ചില പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവൃത്തികളിൽ കാലാവധി ദീർഘിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹമായ കേസ്സുകളിൽ സമയപരിധി ദീർഘിപ്പിച്ച് നൽകുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

298(3517) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ ലഭ്യമായിട്ടുള്ള തുകയുടെ വിശദാംശം നൽകുമോ?

Rs.2,14,51,012/- (രണ്ട് കോടി പതിനാല് ലക്ഷത്തി അൻപത്തി ഓന്നായിരത്തി പന്ത്രണ്ട് രൂപമാത്രം).

(ബി) പ്രസ്തുത ഫണ്ടിൽനിന്നും തുക അനുവദിക്കുവാനുള്ള എത്ര പ്രൊപ്പോസലുകൾ അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ട്; അവയിൽ എത്രയെണ്ണത്തിന് ഭരണാനുമതി നൽകി; വിശദാംശം നൽകുമോ?

നിലവിൽ ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുള്ളത് 15 പദ്ധതികളുടെ പ്രൊപ്പോസലുകളാണ്. ടി പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നത്, അടുത്ത സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിരിക്കുന്നതാണ്.

(സി) മലപ്പുറം ജില്ലയിൽനിന്നും ലഭിക്കുന്ന ഫണ്ട് മറ്റുജില്ലകളിലേയ്ക്ക് മാറ്റുന്നത്തിന് സംസ്ഥാന ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുവാനും കൂടുതൽ പ്രോജക്ടുകളും ജനസംഖ്യയുമുള്ള ജില്ലയിൽനിന്നും ലഭിക്കുന്ന ഫണ്ട് ഇവിടെത്തന്നെ ചെലവഴിക്കുന്ന സാഹചര്യവും ഉണ്ടാക്കുമോ; വിശദമാക്കാമോ?

RMF ഫണ്ട് ലഭ്യത കുറഞ്ഞ ജില്ലകളിലും നദീതീര സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആകയാൽ മണൽവാരൽ നിയമത്തിൽ വിവക്ഷിച്ചിട്ടുള്ള, സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ചുകൊണ്ട് ആവശ്യമായ സ്ഥല പരിശോധനകൾ നടത്തി ഓരോ ജില്ലകളിലേയും നദീതീര സംരക്ഷണ പ്രവൃത്തികളുടെ ആവശ്യകത മനസ്സിലാക്കിയാണ് ടി പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

(ഡി) ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ, തടയണ നിർമ്മാണം, ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന സ്ഥലങ്ങളിൽ നദികളുടെ കരസംരക്ഷണം എന്നിവയിൽ

എം.എൽ.എ.-മാരുടെ ശിപാർശകൾക്ക് മുന്തിയ പരിഗണന നൽകി അടിയന്തരമായി റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കേണ്ട ജില്ലാ വികസന സമിതി ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ദ്ധ സമിതി പരിശോധിക്കുകയും അവയിൽ ആവശ്യമുള്ളത് അംഗീകരിച്ച് സംസ്ഥാന ഉന്നതതല സമിതിയിലേയ്ക്ക് സമർപ്പിക്കുകയും സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തോടെ സർക്കാർ ഉത്തരവാകുകയും ചെയ്യുന്നതാണ് നിലവിലെ രീതി. മേൽവിഷയത്തിൽ എം.എൽ.എ.-മാരുടെ ശിപാർശകൾക്ക് മുന്തിയ പരിഗണന നൽകിവരുന്നുണ്ട്.

**പിറവം മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട്**

299(3518) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റിവർ മാനേജ്മെൻറ് ഫണ്ടിന്റെ നിലവിലെ

സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ നിലവിലെ റിവർ മാനേജ്മെന്റ് ഫണ്ടിലെ ജില്ലകൾ തോറുമുള്ള നിലവിലെ സ്ഥിതി പട്ടികയായി, അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) 2023-24 സാമ്പത്തിക വർഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷം റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുള്ള തുക പട്ടികയായി അനുബന്ധം 2 ആയി ചേർക്കുന്നു+.

(സി) പിറവം മണ്ഡലത്തിൽ 2016 മുതൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി എത്ര പദ്ധതികൾ സമർപ്പിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

(സി&ഡി) സർക്കാരിൽ പിറവം മണ്ഡലവുമായി ബന്ധപ്പെട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊപ്പോസലുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

## അനധികൃതമായി നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിയതിനെതിരെ സ്വീകരിച്ച നടപടി

300(3519) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് അനധികൃതമായി നെൽവയൽ, തണ്ണീർത്തടങ്ങൾ എന്നിവ നികത്തിയത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

| ജില്ല | പരാതികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 252 |
| കൊല്ലം | 123 |
| പത്തനംതിട്ട | 459 |
| ആലപ്പുഴ | 2256 |
| കോട്ടയം | 294 |
| ഇടുക്കി | 105 |
| എറണാകുളം | 884 |

| | |
|---|---|
| തൃശ്ശൂർ | 539 |
| പാലക്കാട് | 876 |
| മലപ്പുറം | 2002 |
| കോഴിക്കോട് | 390 |
| വയനാട് | 144 |
| കണ്ണൂർ | 66 |
| കാസർഗോഡ് | 263 |
| **ആകെ** | **8653** |

(ബി) മേൽപ്പറഞ്ഞവയിൽ എത്ര പരാതികളിൽ നെൽവയൽ തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുവാൻ സാധിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

തിരുവനന്തപുരം - 30 കേസ്സുകൾ ഉത്തരവ് നൽകിയെങ്കിലും ഒന്നും പൂർവ്വസ്ഥിതിയിലാക്കിയിട്ടില്ലാത്തതാണ്.

കൊല്ലം - 4 കേസ്സുകൾ (32 കേസുകൾ ഉത്തരവ് നൽകി).

പത്തനംതിട്ട - 92 കേസ്സുകൾ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്.

ആലപ്പുഴ - 25 കേസ്സുകൾ പൂർവ്വ സ്ഥിതിയിലാക്കിയിട്ടുണ്ട്.

കോട്ടയം - 218 കേസ്സുകൾ ഉത്തരവ് നൽകിയിട്ടുള്ളതാണ്. ഒന്നും പൂർവ്വസ്ഥിതിയിലാക്കിയിട്ടില്ല.

ഇടുക്കി - 6 കേസ്സുകൾ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്.

എറണാകുളം - 8 കേസ്സുകൾ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്.

തൃശ്ശൂർ - 17 കേസ്സുകൾ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്.

പാലക്കാട് - 24 കേസ്സുകൾ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്.

മലപ്പുറം - 21 കേസ്സുകൾ (171 കേസുകൾ ഉത്തരവ് നൽകി).

കോഴിക്കോട് - 1 കേസ് (119 കേസുകൾ ഉത്തരവ് നൽകി).

വയനാട് - 1 കേസ് (48 കേസുകൾ ഉത്തരവ് നൽകിയിട്ടുള്ളതാണ്).

കണ്ണൂർ - 14 കേസ്സുകൾ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്.

കാസർഗോഡ് - 6 കേസ്സുകൾ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്.

ആകെ 219 കേസ്സുകൾ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്.

**ഭൂമി തരംമാറ്റൽ അപേക്ഷകളിന്മേലുള്ള നടപടി**

301(3520) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റുന്നതിനായി ഓൺലൈനായും ഓഫ്‌ലൈനായും എത്ര അപേക്ഷകൾ ലഭിച്ചു; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ഭൂമി തരംമാറ്റുന്നതിനായി ഓൺലൈനായും ഓഫ്‌ലൈനായും ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം എ ആയി ചേർക്കുന്നു+.

(ബി) അവയിൽ എത്ര അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ആകെ ലഭിച്ച 619789 അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളവയുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം ബി ആയി ചേർക്കുന്നു+.

(സി) ഫോം 5-ൽ അപേക്ഷ നൽകുമ്പോൾ അപ്പീലിന് സാധ്യതയില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഹരിക്കുന്നതിന് നിയമ ഭേദഗതി പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫോറം 5 എന്നതുതന്നെ LLMC-യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്കിലെ തെറ്റ് തിരുത്തുന്നതിനുള്ള അപേക്ഷയായി സമർപ്പിക്കപ്പെടുന്ന ഒന്നായതിനാൽ അതിനെ അപ്പീൽ അവസരമായി പരിഗണിക്കാവുന്നതാണ്. കൂടാതെ, ഫാറം 5-ലുള്ള അപേക്ഷ പരിഗണിച്ച്, ചട്ടം (4 എഫ്) പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിക്കുന്ന ഉത്തരവിന്മേൽ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലോ ചട്ടങ്ങളിലോ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് കാണുന്നതിനാൽ അപ്പീൽ നൽകുന്നതിനായുള്ള വ്യവസ്ഥ നിയമത്തിലോ ചട്ടങ്ങളിലോ ഉൾപ്പെടുത്തുന്നതാണ് ഉചിതമെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഭൂമി തരംമാറ്റൽ അദാലത്ത്**

302(3521) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പുകല്പിക്കാനുള്ള അദാലത്തുകൾ ജില്ലാ, താലൂക്ക്, റവന്യൂ ഡിവിഷൻ എന്നിങ്ങനെ ഏതുതലത്തിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി നിശ്ചയിച്ചിട്ടുള്ള സമയക്രമവും വിശദീകരിക്കുമോ?

സംസ്ഥാനത്ത് ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പുകല്പിക്കാനുള്ള അദാലത്തുകൾ നിലവിൽ റവന്യൂ ഡിവിഷൻ തലത്തിലാണ് നടത്തുന്നത്. 15-01-2024 മുതൽ 17-02-2024 വരെയാണ് അദാലത്തിന് തീയതി നിശ്ചയിച്ചിട്ടുള്ളത്. അതിൽ 06-02-2024 വരെ 21 റവന്യൂ ഡിവിഷൻ തലത്തിൽ അദാലത്ത് പൂർത്തിയായിട്ടുള്ളതാണ്. ശേഷിക്കുന്ന 6 റവന്യൂ ഡിവിഷൻ തലത്തിൽ 12-02-2024, 15-02-2024, 17-02-2024 എന്നീ തീയതികളിലായിട്ടാണ് അദാലത്ത് നിശ്ചയിച്ചിട്ടുള്ളത്. അദാലത്തിന്റെ സമയക്രമം വിശദമാക്കുന്ന പട്ടിക അനുബന്ധമായി

ചേർക്കുന്നു+.

(ബി) ഇപ്രകാരമുള്ള അദാലത്തുകളിൽ അപേക്ഷ സമർപ്പിക്കുന്നതിനായി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും എന്നത്തേയ്ക്ക് തീർപ്പാക്കാനാവുമെന്ന് അറിയിക്കാമോ?

അദാലത്തുകളിൽ പരിഗണിക്കുന്നതിന് പ്രത്യേകമായ അപേക്ഷകൾ ആവശ്യമില്ല. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സൗജന്യ തരംമാറ്റത്തിന് അർഹതയുള്ള 31-12-2023 വരെ ലഭിച്ചിട്ടുള്ള അപേക്ഷകളാണ് ഇപ്രകാരമുള്ള അദാലത്തുകളിൽ പരിഗണിക്കുന്നത്. ഇക്കാലയളവിൽ ലഭിച്ചിട്ടുള്ള ഫോറം 6-ൽ സൗജന്യ തരംമാറ്റത്തിന് അർഹതയുള്ള എല്ലാ അപേക്ഷകളും തീർപ്പാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) തരംമാറ്റത്തിനായി ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും പരിഗണിക്കുന്നതിനും ആവശ്യമെങ്കിൽ ടോക്കൺ സിസ്റ്റം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും പരിഗണിക്കുന്നതിനാണ് അദാലത്ത് സംഘടിപ്പിച്ചിട്ടുള്ളത്. ഇതിൽ ടോക്കൺ ഏർപ്പെടുത്തേണ്ട കാര്യം വരുന്നില്ല.

**കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ**

**ഭൂമി തരംമാറ്റൽ അപേക്ഷ**

303(3522) **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ 2023 ഡിസംബർ 31 വരെ തീർപ്പുകൽപ്പിക്കുവാൻ അവശേഷിക്കുന്ന ഭൂമി തരംമാറ്റൽ അപേക്ഷകളുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ; ഫോറം-5, ഫോറം-6 എന്നിവയിൽ ലഭിച്ച കണക്കുകൾ പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കുമോ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ 2023 ഡിസംബർ 31 വരെ തീർപ്പുകൽപ്പിക്കുവാൻ അവശേഷിക്കുന്ന ഭൂമി തരംമാറ്റൽ അപേക്ഷകളുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള തീർപ്പാക്കാൻ അവശേഷിക്കുന്ന ഫോറം 5-

ന്റെ കണക്ക് അനുബന്ധം I ആയും ഫോറം 6-ന്റെ കണക്ക് അനുബന്ധം II ആയും ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷകളിൽ ഇരുപത്തിയഞ്ച് സെന്റിൽ താഴെയുള്ള എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്; വില്ലേജ് തിരിച്ചുള്ള എണ്ണവും വിശദാംശങ്ങളും ലഭ്യമാക്കാമോ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ 25 സെന്റിൽ താഴെയുള്ള ഫോറം 6 അപേക്ഷകളുടെ എണ്ണം അനുബന്ധം ബി ആയി ചേർക്കുന്നു+.

(സി) ഇതിനായി കോഴിക്കോട് താലൂക്കിനുകീഴിൽ വില്ലേജ് ഓഫീസുകളിലേയ്ക്ക് എത്ര ജീവനക്കാരെ നിയമിച്ച് നൽകിയിട്ടുണ്ട്; ടൈപ്പിസ്റ്റ്, ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ മാറ്റി നിയമിച്ച ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിനായി കോഴിക്കോട് താലൂക്കിനുകീഴിൽ വില്ലേജ് ഓഫീസുകളിലേയ്ക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ 10 ജീവനക്കാരെയും ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ 13 ജീവനക്കാരെയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാറ്റി നിയമിച്ചിട്ടുണ്ട്.

**ഡേറ്റാ ബാങ്കിലെ തെറ്റ് തിരുത്തൽ**

304(3523) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഡേറ്റാ ബാങ്കിലെ തെറ്റ് തിരുത്തുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 01-09-023-ലെ സ.ഉ.(കൈ) നം. 206/2023/RD പ്രകാരം സംസ്ഥാനത്ത് ഡേറ്റാ ബാങ്കിലെ തെറ്റ് തിരുത്തുന്നതിനുവേണ്ടിയുള്ള ഫോറം 5 ഉൾപ്പെടെയുള്ള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമപ്രകാരമുള്ള അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി രണ്ട് വർഷത്തേയ്ക്ക് താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനകയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും നിയമിച്ചിട്ടുണ്ട്.

ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേയ്ക്ക് അനുവദിച്ചിട്ടുമുണ്ട്. കൂടാതെ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ച് നൽകിയിട്ടുള്ളതും അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്കുകൂടി അധികാരം നൽകി അവരെയും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി നിയോഗിക്കുന്നതിന് അധികാരപ്പെടുത്തുന്ന ബിൽ 15-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ ബഹു. നിയമസഭ പാസ്സാക്കി ബഹുമാനപ്പെട്ട ഗവർണറുടെ പരിഗണനയ്ക്കായി അയച്ചുവെങ്കിലും ബഹു.ഗവർണർ പ്രസ്തുത ബിൽ ഇതുവരെയും അംഗീകരിച്ചിട്ടില്ല.

ഫോറം 5 അപേക്ഷയിൽ തീരുമാനമെടുക്കുന്നത് നിലവിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള പ്രാദേശികതല നിരീക്ഷണ സമിതിയുടെ (LLMC) റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിലാണ്.

ആയതിനാൽ, ഓരോ റവന്യൂ ഡിവിഷന്റെയും പരിധിയിൽ വരുന്ന കൃഷി ഓഫീസുകളിൽ റിപ്പോർട്ടിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം അനുസരിച്ച് എല്ലാ മാസവും കുറഞ്ഞത് ഒന്നോ അതിലധികമോ LLMC മീറ്റിംഗുകൾ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ഫോറം - 5 പ്രകാരമുള്ള അപേക്ഷകളുടെ കാര്യത്തിൽ റവന്യൂ വകുപ്പുമന്ത്രി ചെയർമാനായ സബ്ജക്ട് കമ്മിറ്റി - II പ്രത്യേക യോഗം ചേർന്ന് റവന്യൂ - കൃഷി - തദ്ദേശ വകുപ്പുതല ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് വിശദമായി ചർച്ച ചെയ്തുകൊണ്ട് ഫോറം 5-ലെ പരിശോധന വേഗതയിലാക്കാനും എല്ലാ മാസവും LLMC യോഗം ചേരാനും അവശേഷിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഡാറ്റാ ബാങ്ക് ഫെബ്രുവരിയിൽ പൂർത്തിയാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഫോറം 5-ലുള്ള അപേക്ഷയ്ക്ക് അനുബന്ധമായി 'പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ സംബന്ധിച്ച് കൃഷി ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്നാണ് നൽകിയിട്ടുള്ളത്. എന്നാൽ, ആയത് 'കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്ന് തിരുത്തി

വായിക്കേണ്ടതാണെന്നും പ്രാദേശികതല നിരീക്ഷണ സമതിയുടെ ശിപാർശ കൂടാതെതന്നെ പ്രസ്തുത റിപ്പോർട്ട് കൃഷി ഓഫീസർ സമർപ്പിച്ചാൽ മതിയാകുന്നതാണെന്നും 30-04-2020-ലെ REV-P1/55/2020-REV സർക്കുലറിന്റെ ക്രമനമ്പർ 3-ലെ വ്യവസ്ഥയിലൂടെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുകയാണ്. കൂടാതെ, അപേക്ഷയ്ക്കാധാരമായ ഒരു പ്രദേശത്ത് ഉൾപ്പെട്ടുവരുന്ന വസ്തുക്കൾ ഒരു cluster ആയി പരിശോധന നടത്തി കാലതാമസം ഒഴിവാക്കുന്നതിന് 28-11-2023-ലെ REV-P1/374/2023-REV സർക്കുലറിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ഉദ്യോഗസ്ഥരുടെ സമയവും കാര്യക്ഷമതയും ഫലപ്രദമായി വിനിയോഗിച്ച് അപേക്ഷകളുടെ തീർപ്പാക്കൽ വേഗത്തിലാക്കാനും ലക്ഷ്യമിടുന്നു.

**വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

305 (3524) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച പദ്ധതികളിൽ സർക്കാർ നിശ്ചയിക്കുന്ന വില ലഭ്യമാക്കുന്നതാണെന്ന വ്യവസ്ഥയിൽ സ്ഥലം മുൻകൂർ വിട്ടുനൽകാൻ ഉടമകൾ സന്നദ്ധമാവുന്ന പക്ഷം, നടപടികൾ പൂർത്തിയാവുന്നതിന് മുമ്പായി അത്തരം ഭൂമിയിൽ വികസന പ്രവൃത്തികൾ ആരംഭിക്കുന്നതിന് വല്ലതടസ്സവും നിലവിലുണ്ടോ?

2013-ലെ LARR നിയമപ്രകാരം നടപടികൾ പൂർത്തിയാകുന്നതിന് മുമ്പായി മുൻകൂർ വിട്ടുനൽകാൻ ഉടമകൾ സന്നദ്ധമാവുന്ന പക്ഷം, അത്തരം ഭൂമിയിൽ വികസന പ്രവർത്തികൾ ആരംഭിക്കുന്നതിന് പ്രസ്തുത നിയമം വ്യവസ്ഥ ചെയ്യുന്നില്ല.

(ബി) പ്രാഥമിക നോട്ടിഫിക്കേഷനും സംയുക്ത സർവ്വേയും പൂർത്തിയായശേഷം ഉടമകളുടെ സമ്മതത്തോടെ ഭൂമി ഏറ്റെടുക്കുന്ന പക്ഷം സ്ഥലമുടമകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് തടസ്സമുണ്ടാവുമോ; വിശദമാക്കാമോ?

RFCTLARR Act 2013-ലെ വകുപ്പ് 108 പ്രകാരം ബാധിക്കപ്പെട്ട കുടുംബങ്ങൾക്ക് മികച്ച നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും

പുനഃസ്ഥാപനത്തിനുമുള്ള ഓപ്ഷൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതായത് ഏറ്റെടുക്കേണ്ട ഭൂമിക്ക് ഈ ആക്ടുപ്രകാരം കണക്കുകൂട്ടിയതിനേക്കാൾ ഉയർന്ന നഷ്ടപരിഹാരം ഒരുസംസ്ഥാന നിയമമോ ഒരുസംസ്ഥാന ഗവൺമെന്റ് രൂപം നൽകിയ നയമോ വ്യവസ്ഥ ചെയ്യുന്നുവെങ്കിൽ ബാധിക്കപ്പെട്ട വ്യക്തിക്കോ അയാളുടെ കുടുംബാംഗത്തിനോ അങ്ങനെയുള്ള സംസ്ഥാന നിയമപ്രകാരമോ സംസ്ഥാന ഗവൺമെന്റിന്റെ നയപ്രകാരമോയുള്ള ഉയർന്ന നഷ്ടപരിഹാരവും പുനരധിവാസവും പുനഃസ്ഥാപനവും ഓപ്റ്റ് ചെയ്യാവുന്നതാണ്" എന്ന് പരാമർശിച്ചിട്ടുണ്ട്. ഇപ്രകാരം നിലവിലെ മാർക്കറ്റ് വില കണക്കാക്കിയത് പര്യാപ്തമല്ലെന്ന് ജില്ലാ കളക്ടർക്ക് ബോധ്യപ്പെടുന്ന പക്ഷം DLFC ( District Level Fair compensation) കൂടി, State Level Empowered Committee (SLEC)-യുടെ അനുമതിയോടെ ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്. കൂടാതെ സ്റ്റേറ്റ് പോളിസിപ്രകാരം നെഗോഷ്യേറ്റഡ് പർച്ചേസ് മുഖാന്തരം ഭൂമി ഏറ്റെടുക്കുന്നതിനും തടസ്സമില്ലാത്തതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടി**

306(3525) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ആയയിൽ-മുള്ളറവിള, പഴയകട-പള്ളിക്കാട്ട് കടവ് എന്നീ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ; പ്രസ്തുത ഭൂമിയേറ്റെടുക്കൽ നടപടി ഏത് വർഷത്തിലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതിന് എത്ര മാസം എടുക്കുമെന്നും ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

(എ&ബി) <u>ആയയിൽ-മുള്ളറവിള പാലം</u>: തിരുവനന്തപുരം ജില്ലയിൽ പെരുമ്പഴുതൂർ, പെരുങ്കടവിള എന്നീ വില്ലേജുകളിലുൾപ്പെട്ട 65.38 ആർസ് ഭൂമി ആയയിൽ-മുള്ളറവിള പാലം നിർമ്മാണത്തിന് 2013-ലെ എൽ.എ.ആർ.ആർ.

നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ 14-03-2018-ൽ ആരംഭിച്ചിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 10-11-2023-ലെ 3634-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടി 4 മാസത്തിനുള്ളിൽ പൂർത്തീകരിച്ച് ഭൂമി അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഴയകട-പാഞ്ചിക്കാട്ട് കടവ് പാലം: നെയ്യാറ്റിൻകര മണ്ഡലത്തിലെ പഴയകട-പാഞ്ചിക്കാട്ട് കടവ് പാലത്തിനുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ നടപടി 2018-ൽ ആരംഭിച്ചിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 10-12-2023-ലെ 4017-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് ഭൂമി അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയപാത 66-ന്റെ വികസനം**

307 (3526) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കായംകുളം ഗവ. ആയുർവേദ ആശുപത്രിയുടെ സ്ഥലം എൻ.എച്ച്.എ.ഐ. ഏറ്റെടുക്കുകയും കെട്ടിടം പൊളിച്ചുമാറ്റുകയും ചെയ്തപ്പോൾ എത്ര രൂപയാണ് കോമ്പൻസേഷനായി ലഭിച്ചതെന്നും, പ്രസ്തുത തുക എന്ത് ആവശ്യത്തിനായി വിനിയോഗിച്ചുവെന്നും അല്ലെങ്കിൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കീരിക്കാട് വില്ലേജിൽ പ്രവർത്തിച്ചുവരുന്ന കായംകുളം ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ സ്ഥലം എൻ.എച്ച്.എ.ഐ. ഏറ്റെടുക്കുകയും കെട്ടിടം പൊളിച്ചുമാറ്റുകയും ചെയ്തപ്പോൾ കെട്ടിടത്തിന്റെ കോമ്പൻസേഷൻ ഇനത്തിൽ 45,31,271/- രൂപ തിട്ടപ്പെടുത്തി അവാർഡ് പാസ്സാക്കിയിട്ടുള്ളതും ആയത് 0075-00-105-98 ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക്

നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

308(3527) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

(എ&ബി) വർക്കല ബൈപാസ് നിർമ്മാണം, ഇടവ ROB നിർമ്മാണം, കോസ്റ്റൽ ഹൈവേ വികസനം-റീച്ച് 4, പുന്നമൂട് ROB, ശിവഗിരി തൊട്ടുവേ പാലം - ശിവഗിരി അപ്രോച്ച് റോഡ് എന്നിവയുടെ വികസനത്തിനായി ഭൂമിയേറ്റെടുക്കുന്ന നടപടികൾ വർക്കല മണ്ഡലത്തിൽ നടന്നുവരുന്നു. ആയതിന്റെ പുരോഗതി ചുവടെ ചേർക്കുന്നു.

1. വർക്കല ബൈപ്പാസ് നിർമ്മാണം

വർക്കല വില്ലേജിലുൾപ്പെട്ട 519.1797 സെന്റ് സ്ഥലം വർക്കല

ബൈപ്പാസ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2013-ലെ എൽ.എ.ആർ.ആർ. നിയമം സബ്സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമിയേറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകുന്നതിന് 21-07-2022-ലെ സ.ഉ.(കൈ)നം.188/2022/റവ. പ്രകാരം സമുചിത സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനവും തുടർന്ന് 19(1) പ്രഖ്യാപനവും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ എൽ.എ. കേസുകളിലും വിശദ വിലവിവരപ്പട്ടിക അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. നിലവിൽ അവാർഡ് പാസ്സാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. ഇടവ റെയിൽവേ മേൽപ്പാലം നിർമ്മാണം

ഇടവ വില്ലേജിൽ ബ്ലോക്ക് നമ്പർ 1-ൽ വിവിധ സർവ്വേ നമ്പരുകളിൽ ഉൾപ്പെടുന്ന 69.99 ആർ ഭൂമി 2013-ലെ എൽ.എ.ആർ.ആർ. നിയമ പ്രകാരം

ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 4(1) വിജ്ഞാപനം 17-11-2018-ലും 11(1) വിജ്ഞാപനം 28-11-2019 തീയതിയിലും ഭേദഗതി വിജ്ഞാപനം 03-09-2020 തീയതിയിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുനരധിവാസ പുനഃസ്ഥാപന പാക്കേജ് 30-01-2021 തീയതിയിലും 19(1) പ്രഖ്യാപനം 15-11-2021 തീയതിയിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ആകെയുള്ള 69 എൽ.എ. കേസ്സുകളിലും വിശദ വിലവിവരപ്പട്ടിക അംഗീകരിച്ച് അവാർഡ് പാസ്സാക്കിയിട്ടുള്ളതാണ്. 51 എൽ.എ. കേസ്സുകളിൽ possession ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറിയിട്ടുള്ളതാണ്. 15 എൽ.എ. കേസ്സുകളിൽ കോടതി സ്റ്റേ നിലവിലുള്ളതാണ്.

3. <u>കോസ്റ്റൽ ഹൈവേ വികസനം-റീച്ച് 4</u>

തിരുവനന്തപുരം ജില്ലയിൽ വെട്ടൂർ, ഇടവ, അഞ്ചുതെങ്ങ്, വർക്കല വില്ലേജുകളിലുൾപ്പെട്ട 11.23 ഹെക്ടർ ഭൂമി കോസ്റ്റൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഒന്നാംപാലം മുതൽ കാപ്പിൽ വരെയുള്ള റീച്ച്-4 നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും

സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം 21-09-2023-ലെ 3102-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ, സാമൂഹിക പ്രത്യാഘാത പഠനം നടന്നുവരുന്നു.

4. <u>പുന്നമൂട് ROB</u>

വർക്കല വില്ലേജിലുൾപ്പെട്ട 47.60 ആർ ഭൂമി പുന്നമൂട് ROB നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. <u>ശിവഗിരി തൊട്ടുവേ പാലം - ശിവഗിരി അപ്രോച്ച് റോഡ്</u>

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ വർക്കല വില്ലേജിലുൾപ്പെട്ട 51 ആർ ഭൂമി ശിവഗിരി തൊട്ടുവേ പാലം - ശിവഗിരി അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകി

04-07-2023-ലെ സ.ഉ(സാധാ)നം.2479/2023/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. കണ്ടിൻജൻസി ചാർജ്ജും ഏരിയ ലിസ്റ്റും ലഭ്യമാകുന്നമുറയ്ക്ക് 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മണിയൂർ ഗ്രാമപഞ്ചായത്തിലെ ഭൂമി ഏറ്റെടുക്കൽ നടപടി**

309(3528) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിലെ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ മണിയൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ടിട്ടുള്ള 6.0190 ഹെക്ടർ ഭൂമി കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് വികസനത്തിന് എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, (നിരത്ത് വിഭാഗം) സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ നടപടികൾ

സ്വീകരിച്ചിട്ടുള്ളതും സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ തുടരുന്നതിന് അനുമതി നൽകിയിട്ടുള്ളതും തുടർന്ന് 11(1) നോട്ടിഫിക്കേഷൻ 09-11-2023 തീയതിയിലെ 3622-ാം നമ്പർ ഗസറ്റിൽ (അസാധാരണം) പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ടുള്ള സർവ്വേ - സബ്ഡിവിഷൻ റെക്കോർഡുകൾ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. തുടർന്ന് അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് (BVR) തയ്യാറാക്കുന്നതും പുനരധിവാസ പുനഃസ്ഥാപന പാക്കേജ് പ്രഖ്യാപിച്ച് 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതുമാണ്. അവാർഡ് എൻക്വയറി നടപടികൾ പൂർത്തീകരിച്ച് സമയബന്ധിതമായി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്ക് ആവശ്യമായ സർവ്വേയർമാരെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കൊയിലാണ്ടി ഓഫീസിലെ രണ്ട്

സർവ്വേയർമാരെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾക്കായി നിയോഗിച്ചിട്ടുള്ളതാണ്.

**കായംകുളം മണ്ഡലത്തിലെ പാലം നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി**

310(3529) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ കായംകുളം മാർക്കറ്റ് പാലം, കനീസാകടവ് പാലം, കോയിക്കൽ പടിയ്ക്കൽ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

മാർക്കറ്റ് പാലം: കായംകുളം വില്ലേജിൽ കരിപ്പുഴ തോടിനുകുറുകെ മാർക്കറ്റ് പാലം നിർമ്മിക്കുന്നതിന് 5 ആർസ് ഭൂമി LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 06-10-2022-ലെ സ.ഉ(ആർ.റ്റി) 4056/2022/റവ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനായി സ്പെഷ്യൽ തഹസിൽദാർ എൽ.എ.(ജനറൽ), ആലപ്പുഴയെ നിയമിച്ചിട്ടുള്ളതുമാണ്. കണ്ടിൻജൻസി ചാർജ്ജ് അർത്ഥനാധികാരി

അടയ്ക്കുന്നമുറയ്ക്ക് 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

കന്നീശ്ശക്കടവ് പാലം: ആലപ്പുഴ ജില്ലയിൽ കായംകുളം വില്ലേജിലുൾപ്പെട്ട 26.31 ആർസ് സ്ഥലം കന്നീശക്കടവ് പാലം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം 16-08-2023-ലെ 2698-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ, ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അടിസ്ഥാനവില നിർണ്ണയം, പുനരധിവാസ പാക്കേജിന്റെ ഹിയറിംഗ് എന്നിവ പൂർത്തിയാക്കി ആയതിന്റെ കരട് തയ്യാറാക്കിവരുന്നു.

കോയിക്കൽപ്പടി പാലം: ആലപ്പുഴ ജില്ലയിൽ പത്തിയൂർ വില്ലേജിലുൾപ്പെട്ട 32.50 ആർസ് സ്ഥലം കായംകുളം കായലിന് കുറുകെ കോയിക്കൽപ്പടി പാലം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് ഏജൻസിയെ നിയമിച്ച് 4(1) വിജ്ഞാപനം 13-11-2023-ലെ 3657-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാമൂഹിക പ്രത്യാഘാത പഠന

റിപ്പോർട്ടിന്മേൽ വിദഗ്ധസമിതി യോഗം 21-02-2024-ൽ നിശ്ചയിച്ചിട്ടുണ്ട്.

**പാലാ മണ്ഡലത്തിൽ കളരിയാമാക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി**

311(3530) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ മീനച്ചിലാറിന് കുറുകെ അപ്രോച്ച് റോഡില്ലാതെ നിർമ്മിച്ച കളരിയാമാക്കൽ പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുവേണ്ട സ്ഥലം ഏറ്റെടുക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കളരിയാമാക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി മീനച്ചിൽ താലൂക്കിൽ പൂവരണി വില്ലേജിലുൾപ്പെട്ട 31.53 ആർ ഭൂമി LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനായി 25-10-2021-ലെ G.O(Rt) No.3570/2021/RD നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി. സ്ഥലമേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട കണ്ടിജൻസി ചാർജ് അർത്ഥനാധികാരി അടവ് വരുത്തിയിട്ടുള്ളതായി 01-11-2023-ൽ റിപ്പോർട്ട്

ചെയ്തതിനെത്തുടർന്ന് സാമൂഹികാഘാത പഠനം നടത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ബി) പ്രസ്തുത അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

LARR ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി ഏറ്റെടുക്കൽ പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പുറമ്പോക്ക് ഭൂമി വിട്ടുനൽകുന്നതിനുള്ള കാലതാമസം പരിഹരിക്കാൻ നടപടി**

312(3531) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ആവശ്യപ്പെടുമ്പോൾ അവ വിട്ടുനൽകുന്നതിനുള്ള നടപടിക്രമങ്ങൾ

പൂർത്തിയാക്കുവാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിലിത് പരിഹരിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സേവനവകുപ്പ് എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടുവരാത്തതിനാൽ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ഉപയോഗാനുമതി നൽകി കൈമാറ്റം ചെയ്തുനൽകുവാൻ സാധിക്കുന്നതല്ല. സേവനവകുപ്പുകളല്ലാത്ത സ്ഥാപനങ്ങൾക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകുകയോ, പതിച്ചുനൽകുകയോ ആണ് ചെയ്തുവരുന്നത്. ഇത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ കാലതാമസം കൂടാതെതന്നെ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എറണാകുളം ജില്ലയിൽ അത്തരത്തിൽ ഭൂമി ആവശ്യപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് ഇങ്ങനെ ആവശ്യപ്പെട്ടിട്ടുള്ളതെന്നും

വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ മഞ്ഞപ്ര, അശമന്നൂർ, കറുകുറ്റി, വാരപ്പെട്ടി, കുന്നത്തുനാട്, എളങ്കുന്നപ്പുഴ, ഒക്കൽ, കാലടി, മഞ്ഞള്ളൂർ, വരാപ്പുഴ, എടത്തല, ഉദയംപേരൂർ, ആരക്കുഴ, തിരുവാണിയൂർ ഉൾപ്പെടെ വിവിധ ഗ്രാമപഞ്ചായത്തുകളും തൃക്കാക്കര മരട്, കൊച്ചി, അങ്കമാലി, പിറവം, തൃപ്പൂണിത്തുറ ഉൾപ്പെടെ വിവിധ നഗരസഭകളും കൊച്ചി കോർപ്പറേഷൻ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കളിസ്ഥലം, കെട്ടിട സമുച്ചയങ്ങൾ, പകൽവീട്, ടേക്ക് എ ബ്രേക്ക് പദ്ധതി, എം.സി.എഫ്., ആർ.ആർ.എഫ്. മാലിന്യ സംസ്കരണം, പൊതുയിടം, അങ്കണവാടി, ഓപ്പൺ ജിം, മൾട്ടി പർപ്പസ് കോർട്ട്, ലൈഫ് തുടങ്ങിയ നിരവധി പദ്ധതികൾക്കായി സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ആവശ്യപ്പെട്ടിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സേവനവകുപ്പ് അല്ലാത്തതിനാൽ നിലവിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥയനുസരിച്ച് പുറമ്പോക്ക് ഭൂമി ഉപയോഗാനുമതി നൽകി കൈമാറാൻ നിർവ്വാഹമില്ലാത്തതാണ്. ടി വിവരം അറിയിച്ച് ജില്ലാ കളക്ടർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് മറുപടി നൽകിയിട്ടുള്ളതാണ്. പാട്ടവ്യവസ്ഥയിൽ ഭൂമി ആവശ്യപ്പെട്ടാൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## മണ്ണന്തല-പൗഡിക്കോണം മാതൃകാ റോഡ്, ആറ്റിപ്ര പാലം നിർമ്മാണം എന്നിവയ്ക്ക് സ്ഥലം ഏറ്റെടുക്കൽ

313(3532) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല-പൗഡിക്കോണം മാതൃകാ റോഡ് സ്ഥലമെടുപ്പ് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പ് നടപടികൾ എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

മണ്ണന്തല - പൗഡിക്കോണം റോഡ് വികസനവുമായി ബന്ധപ്പെട്ട് മണ്ണന്തല മുതൽ പൗഡിക്കോണം വരെയുള്ള റീച്ച് 1 സ്ഥലമേറ്റെടുക്കൽ നടപടിയിൽ 02.1481 ഹെക്ടർ ഭൂമി ഉൾപ്പെട്ടുവരുന്നു. സ്ഥലമേറ്റെടുക്കൽ

നടപടികളുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 19-09-2023-ലെ 3064-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. എൽ.എ. കോസ്റ്റ് 45 കോടി രൂപ ലഭ്യമായതിൽ ഉള്ളൂർ വില്ലേജിലുൾപ്പെട്ട 0.3212 ഹെക്ടർ ഭൂമിയുടെ അവാർഡ് നടപടികൾ പൂർത്തിയായിട്ടുള്ളതും 29-02-2024-ന് ഭൂമി കൈമാറുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. ബാക്കി തുകയ്ക്ക് ഉളിയാഴത്തുറ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. ബാക്കി ലഭിക്കാനുള്ള എൽ.എ. കോസ്റ്റായ 92,68,47,428/- രൂപ ലഭിക്കുന്നമുറയ്ക്ക് അവാർഡ് പാസ്സാക്കി ഭൂമി പൂർണ്ണമായും ഏറ്റെടുത്ത് കൈമാറുന്നതാണ്.

(ബി) ആറ്റിപ്ര പാലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്ത് നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കാമോ?

ആറ്റിപ്ര പാലം നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികളുമായി

ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 05-10-2023-ലെ 3255-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ലഭ്യമായ എൽ.എ. കോസ്റ്റിൽ ആറ്റിപ്ര പാലത്തിനിരുകരകളിലുമുള്ള 11 എൽ.എ കേസുകളിലായി 0.0319 ഹെക്ടർ ഭൂമി ഏറ്റെടുത്ത് 30-01-2024-ൽ കൈമാറിയിട്ടുള്ളതാണ്. ബാക്കി 0.1240 ഹെക്ടർ അവാർഡ് നടപടികൾ പൂർത്തിയായിട്ടുള്ളതും ബാക്കി തുക ലഭിച്ചാലുടൻ ഏറ്റെടുത്ത് കൈമാറുന്നതാണ്.

(സി) പൗഡിക്കോണം-ശ്രീകാര്യം മാതൃകാ റോഡ് സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച് നിലവിലെ സ്ഥിതി വിശദമാക്കാമോ?

മണ്ണന്തല - പൗഡിക്കോണം - ശ്രീകാര്യം റോഡ് വികസനവുമായി ബന്ധപ്പെട്ട് പൗഡിക്കോണം മുതൽ ശ്രീകാര്യം വരെയുള്ള റീച്ച്-2 സ്ഥലമേറ്റെടുക്കൽ നടപടിയിൽ ഉള്ളൂർ, പാങ്ങപ്പാറ, ഉളിയാഴ്ത്തുറ വില്ലേജുകളിൽ 118.09 ആർസ് ഭൂമി ഉൾപ്പെട്ടുവരുന്നു. സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകുന്നതിന് സെക്ഷൻ 8(2) പ്രകാരമുള്ള ഉത്തരവ് 18-01-2024-ന് പുറപ്പെടുവിച്ചിട്ടുണ്ട്.

**എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്**

314(3533) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ സർവീസ് വകുപ്പിനുവേണ്ടി വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എളങ്കുന്നപ്പുഴ വില്ലേജിൽ സർവ്വേ നമ്പർ 412/6-ൽപ്പെട്ട 7.10 ആർ ഭൂമി ലഭിക്കുന്നതിനായി വകുപ്പുമേധാവി സമർപ്പിച്ച അർത്ഥനാപത്രത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) എളങ്കുന്നപ്പുഴ വില്ലേജിൽ സർവ്വേ നമ്പർ 412/6-ൽപ്പെട്ട 07.00 ആർ വസ്തു സ്ഥല പരിശോധന നടത്തി സർവ്വേ നടപടികൾ പൂർത്തിയാക്കി സ്കെച്ചും മഹസ്സറും വില നിർണ്ണയറിപ്പോർട്ടും തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം എളങ്കുന്നപ്പുഴ വില്ലേജ് ഓഫീസർ, ബഹു. ലാൻഡ് റവന്യൂ

കമ്മീഷണറുടെ 01-11-2018-ലെ എൽ.ആർ.കെ.2-27511/17 നമ്പർ സർക്കുലർ പ്രകാരം ഭൂമി കൈമാറ്റ റിപ്പോർട്ട് നൽകിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി ഭൂമി കൈമാറ്റ ശിപാർശ തയ്യാറാക്കി കൊച്ചി തഹസിൽദാർ, റിപ്പോർട്ട് ഫോർട്ട് കൊച്ചി സബ് കളക്ടർ മുഖേന കളക്ടർക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) പ്രസ്തുത നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഭൂമി കൈമാറ്റ ശിപാർശ ഫോർട്ട് കൊച്ചി സബ് കളക്ടർ സമർപ്പിക്കുന്നമുറയ്ക്ക് ആയത് അടിയന്തരമായി പരിശോധിച്ച് 10 ദിവസത്തിനുള്ളിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ഭൂമി കൈമാറി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ കളക്ടർ പൂർത്തീകരിക്കുന്നതാണ്.

**വടകര താലൂക്കിലെ ഭൂമി തരംമാറ്റ അപേക്ഷകൾ**

315(3534) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) വടകര താലൂക്കിൽ ഭൂമി തരംമാറ്റ അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തരം മാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി രണ്ട് വർഷത്തേക്ക് താൽക്കാലിക തസ്തിക സൃഷ്ടിച്ചും സ്ഥാനകയറ്റം വഴിയും പി.എസ്.സി. മുഖേനയും സ്ഥിര ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകികൊണ്ട് 01-09-2023-ൽ പുറപ്പെടുവിച്ച സ.ഉ.(കൈ) നം.206/2023/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനായി, വടകര താലൂക്കുൾപ്പെട്ടുവരുന്ന വടകര റവന്യൂ ഡിവിഷണൽ ഓഫീസിൽ, ഒരു സീനിയർ സൂപ്രണ്ട്, 3 ജൂനിയർ സൂപ്രണ്ടുമാർ, 3 സീനിയർ ക്ലാർക്കുമാർ എന്നിവരെയും, പി.എസ്.സി. മുഖേന 6 പുതിയ ക്ലാർക്കുമാരെയും ഈ ആവശ്യത്തിലേക്കായി നിയോഗിച്ചിട്ടുണ്ട്. എല്ലാ വില്ലേജ് ഓഫീസിലേക്കും സ്ഥലപരിശോധനയ്ക്കായി വാഹന

സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 21-04-2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരം മാറ്റത്തിനർഹതയുള്ളതും 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതുമായ ഭൂമി തരം മാറ്റ അപേക്ഷകൾ, അതിവേഗം തീർപ്പാക്കുന്നതിനായി, കോഴിക്കോട് വടകര റവന്യൂ ഡിവിഷൻ തലത്തിൽ, 01-02-2024-ന് അദാലത്ത് സംഘടിപ്പിച്ചിരുന്നു. മാത്രമല്ല, മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി/ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ കൃത്യമായ ഇടവേളകളിൽ യോഗം നടത്തി, എല്ലാ ജില്ല/റവന്യൂ ഡിവിഷണൽ ആഫീസുകളിലെയും അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്യുകയും അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത്, തീർപ്പാക്കൽ വേഗത്തിലാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ അവശേഷിക്കുന്നവ എത്രയെന്ന് അറിയിക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ, ഫോറം 5, 6, 7, 9 എന്നിവ പ്രകാരം, വടകര താലൂക്കിൽ ലഭിച്ച അപേക്ഷകളിൽ, ആകെ

3405 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്.

**1993-ലെ കേരള ഭൂമി പതിച്ചുനൽകൽ പ്രത്യേക ചട്ടങ്ങൾ**

316 (3535) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയിലെ ഡബ്ല്യൂ.എ. നമ്പർ 694/2019 നമ്പർ റിട്ട് അപ്പീലിൽ ദി കേരള ലാൻഡ് അസൈൻമെന്റ് (റെഗുലറൈസേഷൻ ഓഫ് ഒക്കുപേഷൻ ഓഫ് ഫോറസ്റ്റ് ലാൻഡ്സ് പ്രയർ ടു 01-01-1977) സ്പെഷ്യൽ റൂൾസ്, 1993-ലെ 2(e), (f), (g) ചട്ടങ്ങളിലെ ലാൻഡിന്റെ നിർവ്വചനത്തിൽ റിസർവ് വനങ്ങളിലെ കുടിയേറ്റവും നിക്ഷിപ്ത വനഭൂമിയിലെ കുടിയേറ്റങ്ങളും ഉൾപ്പെടുന്നില്ലായെന്നും ഇടുക്കി ജില്ലയിലെ കാർഡമം റിസർവ്വിൽപ്പെട്ട ഭൂമി മാത്രമേ വരികയുള്ളൂ എന്നുമാണോ പറഞ്ഞിരിക്കുന്നത്; വിശദമാക്കാമോ?

Kerala Land Assignment (Regularization of Occupations of Forest Lands Prior to 01-01-1977) Special Rules, 1993 -ലെ 2 (e), (f), (g) ചട്ടങ്ങളിലെ ലാൻഡിന്റെ നിർവ്വചനത്തിൽ 01-01-1977-നുമുമ്പുള്ള വനം

കയ്യേറ്റം ജോയിന്റ് വെരിഫിക്കേഷനിലൂടെ പൂർത്തീകരിച്ചിട്ടുള്ളവയും പ്രസ്തുത നിയമത്തിൽ ചട്ടം (f) വിവക്ഷിച്ചിട്ടുള്ള "Land" means the Forest land subjected to joint verification as defined in sub-clause(e) and Cardamom Hill Reserve land which are converted for non-Cardamom cultivation prior to 01-01-1977 in Idukki district which have been transferred from Forest Department to Revenue Department and covered in the Resurvey Records and list of lands recommended to Government of India for concurrence under Section (2) of the Forest (Conservation) Act, 1980 (Central Act 69 of 1980) but does not include lands in wildlife Sanctuaries-ഉം ഉൾപ്പെട്ടുവരുന്നു. എന്നാൽ ടി നിയമ പ്രകാരം പട്ടയത്തിന് അർഹതയുണ്ടെന്ന് കാണിച്ച് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി.4501/18 നമ്പർ കേസിലെ 08-11-2018-ലെ വിധിന്യായ പ്രകാരവും തുടർന്നുള്ള ടി കേസിലെ അപ്പീൽ നമ്പർ ഡബ്ല്യൂ-എ 694/19-ലെ 18-03-2019-ലെ വിധിന്യായ പ്രകാരവും നിക്ഷിപ്ത വനഭൂമി പതിച്ച് നൽകുവാൻ

പാടില്ലായെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ അപേക്ഷകർക്ക് പട്ടയം പതിച്ച് നൽകുന്നതിനാവശ്യമായ തരത്തിലുള്ള ഭേദഗതി മേൽ ചട്ടങ്ങളിൽ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

നിയമോപദേശം ലഭ്യമാക്കി തുടർപരിശോധന നടത്തേണ്ടതുണ്ട്.

**ഭൂമി തരം മാറ്റം**

317(3536) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ നെൽവയൽ-തണ്ണീർത്തട നിയമ ഭേദഗതി നടപ്പിലാക്കിയശേഷം എത്ര ഹെക്ടർ ഭൂമി തരം മാറ്റം നടത്തിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം താലൂക്കടിസ്ഥാനത്തിലും

ജില്ലാടിസ്ഥാനത്തിലും തരംമാറ്റം അനുവദിച്ച് ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) അനുബന്ധമായി+ ചേർക്കുന്നു.

## സർക്കാർ പുറമ്പോക്ക് ഭൂമി

318(3537) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണാവള്ളി വില്ലേജ് ഓഫീസിന്റെ പരിധിയിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷനുസമീപം സർക്കാർ പുറമ്പോക്ക് ഭൂമി കയ്യേറി കെട്ടിടം നിർമ്മിക്കുകയും കൈവശം വെയ്ക്കുകയും ചെയ്തവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പാണാവള്ളി വില്ലേജോഫീസിന്റെ പരിധിയിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷനുസമീപം സർവ്വേ 61/1-ൽപ്പെട്ട വില്ലേജ് രേഖകൾ പ്രകാരം പുറമ്പോക്കുവഴി എന്നുകാണുന്ന വസ്തുവിൽ ശ്രീമതി വിജയകുമാരി, ശ്രീ. റ്റി. ഡി. പ്രകാശൻ എന്നിവർ അനധികൃതമായി ഭൂമി കൈയ്യേറി കെട്ടിടം നിർമ്മിക്കുകയും കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീമതി വിജയകുമാരി WP(C) 19722/23 നമ്പരായും ശ്രീ. റ്റി. ഡി പ്രകാശൻ 28280/23 നമ്പരായും ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത കേസുകളിൽ വിധി ഉത്തരവ് വന്നിട്ടുള്ളതാണ്. ടി ഉത്തരവിൽ ടി കക്ഷികൾക്ക് അവരുടെ കൈവശം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കാനും അവരെ കേൾക്കുന്നതിനും നിയമപരമായ നോട്ടീസ് നടത്തി ടി കക്ഷികളെ വിചാരണ നടത്തുന്നതിന് PWD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെടുന്നതനുസരിച്ച് സർവ്വേ നടത്തുന്നതിനായി സർവ്വേയർമാരെ തഹസിൽദാർ നിയോഗിക്കുവാനും ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ PWD അധികൃതരിൽനിന്നും ഇതുവരെ തുടർ നിർദ്ദേശങ്ങളൊന്നും തഹസിൽദാർക്ക് ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രദേശത്ത് എത്ര പുറമ്പോക്ക് ഭൂമിയുണ്ടെന്നും ആയത് ആരെല്ലാമാണ് കൈവശം വച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പ്രദേശത്ത് സർവ്വേ 61/1-ൽ 06.13 ആർ പുറമ്പോക്ക് ഭൂമിയുണ്ട്.

ആയതിൽ 0.94 ആർസ് വസ്തുവിൽ ശ്രീമതി വിജയകുമാരി എന്നവരും, 01.29 ആർസ് വസ്തുവിൽ ശ്രീ റ്റി. ഡി. പ്രകാശൻ എന്നിവരും അനധികൃതമായി ഭൂമി കൈയ്യേറി കെട്ടിടം നിർമ്മിക്കുകയും കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്.

**റവന്യൂ ഭൂമി പൊതുശ്മശാനത്തിനുവേണ്ടി കൈമാറുന്നതിന് നടപടി**

319(3538) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ ഭൂമി പൊതുശ്മശാനത്തിനുവേണ്ടി കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനുള്ള ഭൂമി കൈമാറാൻ സാധിച്ചില്ലെങ്കിൽ പാട്ടത്തിന് നൽകാറുണ്ടോ; എങ്കിൽ അതിന്റെ സ്ലാബ് നിരക്ക്, നടപടിക്രമങ്ങൾ എന്നിവ വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് റവന്യൂ ഭൂമി പൊതുശ്മശാനത്തിനുവേണ്ടി കൈമാറുന്നതിന് പ്രത്യേക നടപടി ക്രമങ്ങൾ നിലവിലില്ല. നിലവിലെ ഭൂമി പതിവ് ചട്ടങ്ങളിൽ ശ്മശാനത്തിനായി ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. പൊതുശ്മശാനം നിർമ്മിക്കുകായെന്നത്

ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതിനാലും ഒരു പൊതു ആവശ്യമെന്ന നിലയിലും ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട്, ഗ്രാമ പഞ്ചായത്തുകൾക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശ്മശാനം നിർമ്മിക്കുന്നതിന് ഭൂമി പാട്ടത്തിന് നൽകിവരുന്നു.

**പാട്ടക്കാലാവധി**

320(3539) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമിയും കെട്ടിടവും തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞ് കൈവശം വച്ചിരിക്കുന്നതുമായ സർക്കാർ ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നിയമാനുസൃത നോട്ടീസ് നൽകുകയും,

തുക ഒടുക്ക് വരുത്താത്തപക്ഷം കക്ഷിക്കെതിരെ 1968-ലെ റവന്യൂ റിക്കവറി നിയമപ്രകാരമുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ പാട്ടം റദ്ദ് ചെയ്ത് 1958-ലെ കേരള ഭൂമി സംരക്ഷണ ചട്ടങ്ങൾ പ്രകാരം ഭൂമി സർക്കാർ അധീനതയിലേക്ക് തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര ഹെക്ടർ ഭൂമിയും എത്ര കെട്ടിടങ്ങളും ഈ സർക്കാർ നാളിതുവരെ പിടിച്ചെടുത്തുവെന്നും ഇനി പിടിച്ചെടുക്കാനുള്ളവയുടെ വിശദാംശവും വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് 2.6642 ഹെക്ടർ ഭൂമി തിരിച്ചെടുത്തിട്ടുള്ളതാണ്. തിരുവനന്തപുരം ജില്ലയിൽ 0.2605 ഹെക്ടർ, കൊല്ലം ജില്ലയിൽ 94 സെന്റ്, ആലപ്പുഴ ജില്ലയിൽ 0.7703 ഹെക്ടർ, ഇടുക്കി 4.567 സെന്റ്, തൃശ്ശൂർ ജില്ലയിൽ 47.57 സെന്റ്, മലപ്പുറം ജില്ലയിൽ 1.6150 ഹെക്ടർ, കണ്ണൂർ 00.0040 ഹെക്ടർ എന്നീ വസ്തുക്കൾ തിരിച്ചെടുക്കാനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) ഇത്തരത്തിൽ കൈവശം വച്ചിരിക്കുന്ന ഭൂമിയും കെട്ടിടങ്ങളും പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളിൽപ്പെട്ട എത്ര കേസ്സുകളുണ്ടെന്നും അവ സർക്കാരിൽ നിക്ഷിപ്തമാക്കാൻ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന തുടർനടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

കോട്ടയം ഒഴികെയുള്ള ജില്ലകളിൽ നിലവിൽ കോടതി വ്യവഹാരങ്ങളിൽപെട്ട 68 കേസ്സുകളുണ്ടെന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോടതികളിൽ നിലവിലുള്ള കേസ്സുകളിൽ ഊർജ്ജിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ട് കോടതി നടപടി വേഗത്തിലാക്കാൻ നിർദ്ദേശം നൽകാറുണ്ട്. കോടതി ഉത്തരവ് ലഭിച്ച കേസ്സുകളിൽ ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**വെറും പാട്ടം ഉൾപ്പെടെയുള്ള ഭൂമി ജന്മാവകാശ ഭൂമിയാക്കുന്നതിനുള്ള നടപടി**

321(3540) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വെറും പാട്ടം ഉൾപ്പെടെയുള്ള ഭൂമി ജന്മാവകാശ

ഭൂമിയാക്കി മാറ്റുന്നതിനുള്ള ലാൻഡ് ട്രിബ്യൂണൽ നടപടിക്രമങ്ങൾ കാലതാമസമുണ്ടാക്കുന്നതിനാൽ ഇത് പരിഹരിക്കുന്നതിന് വെറും പാട്ടം ഉൾപ്പെടെയുള്ള ഭൂമി ജന്മമാവകാശ ഭൂമിയാക്കി മാറ്റുന്നതിനുള്ള നടപടിക്രമം പരമാവധി ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കേരളത്തിൽ ജന്മി-കുടിയാൻ ബന്ധത്തിൽ ആദ്യകാലത്തുണ്ടായിരുന്ന ഒരുതരം കുടിയായ്മയാണ് വെറുംപാട്ടം. കുടിയായ്മ കൈവശഭൂമിക്കുമേൽ പൂർണ്ണമായ ഉടമസ്ഥാവകാശം 1963-ലെ കേരള ഭൂപരിഷ്കരണ നിയമം, 13-ാം വകുപ്പ് പ്രകാരം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവരുടെ നിയമാനുസൃത അർഹത പരിശോധിക്കാനുള്ള നിയമപരമായ അധികാരം ലാൻഡ് ട്രൈബ്യൂണലുകൾക്കാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 100 ദിന പരിപാടികളിലൂടെയും പട്ടയമിഷനിലൂടെയും ഒരു ലക്ഷത്തിൽപരം ആളുകൾക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങൾ നൽകിയിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിന് വിധേയമായി നടപടി ക്രമങ്ങൾ ലഘൂകരിച്ച് ആവശ്യമായ സ്പഷ്ടീകരണങ്ങൾ നൽകിയിട്ടുണ്ട്.

## ഫ്ലഡ് റോഡുകളുടെ ഭരണാനുമതി

322 (3541) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂത്തുപറമ്പ് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഫ്ലഡ് റോഡുകൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും ഇനം തിരിച്ച് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂത്തുപറമ്പ് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഫ്ലഡ് റോഡുകളും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും അനുബന്ധം 1+ ആയി ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി നീട്ടി നൽകേണ്ട റോഡുകൾ ഏതെല്ലാമാണെന്നും ആയത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോയെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി കാലാവധിക്കകത്ത് പ്രവൃത്തി പൂർത്തിയാകാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് ആവശ്യപ്പെട്ട

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡുകളുടെ നിലവിലെ സ്ഥിതി അനുബന്ധം 2[+] ആയി ചേർക്കുന്നു. കാലാവധി ദീർഘിപ്പിക്കുന്നതിന് ജില്ലാ കളക്ടർ സമർപ്പിച്ച ശിപാർശകൾ പരിശോധിച്ച് അർഹമായ കേസ്സുകളിൽ ഭരണാനുമതി ദീർഘിപ്പിച്ച് നൽകുകയോ ഭരണാനുമതി പുതുക്കി നൽകുകയോ ചെയ്തുവരുന്നുണ്ട്.

**നെയ്യാറ്റിൻകര, തിരുപുറം എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തി**

323(3542) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര, തിരുപുറം എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസമെന്തെന്ന് വിശദമാക്കാമോ;

(ബി) ഈ വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ കരാർ പ്രകാരം എത്ര മാസത്തിനകം പൂർത്തീകരിക്കണമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്ലാൻ സ്കീം 2021-22 പ്രകാരം സ്മാർട്ട് ഓഫീസ് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെയും പ്ലാൻ സ്കീം 2022-23

+

പ്രകാരം ഭരണാനുമതി നൽകിയ തിരുപുറം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയുണ്ടായി. നെയ്യാറ്റിൻകര വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ടി ഏജൻസിയുമായി 26-03-2022-ന് ഏർപ്പെട്ടിട്ടുള്ള കരാറിൽ 26-09-2022-നം തിരുപുറം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ടി ഏജൻസിയുമായി 26-10-2022-ന് ഏർപ്പെട്ടിട്ടുള്ള കരാറിൽ 26-07-2023-നം കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ നിശ്ചിത സമയപരിധിക്കകം നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം ഏജൻസിക്ക് നൽകിയതിൻപ്രകാരം നെയ്യാറ്റിൻകര വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി 80 ശതമാനവും തിരുപുറം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി 65 ശതമാനവും പൂർത്തീകരിച്ചിട്ടുള്ളതും ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലുമാണ്.

**തിരുവല്ല റവന്യൂ ടവറിലെ ലിഫ്റ്റുകൾ പ്രവർത്തനക്ഷമമാക്കാൻ നടപടി**

324(3543) <u>ശ്രീ മാത്യൂ ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ല റവന്യൂ ടവറിൽ വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന അംഗപരിമിതരുൾപ്പെടെയുള്ളവരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച്, റവന്യൂ ടവറിലെ പ്രവർത്തനരഹിതമായ ലിഫ്റ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തിരുവല്ല റവന്യൂ ടവറിലെ പ്രവർത്തന രഹിതമായ രണ്ട് ലിഫ്റ്റുകൾക്കായുള്ള ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ്, ക്വട്ടേഷൻ മുഖേന ഒരു ഏജൻസിയെ ഏൽപ്പിക്കുകയും ടവറിലെ ക്യാപ്സ്യൂൾ ലിഫ്റ്റ് പ്രവർത്തന ക്ഷമമാക്കുകയും രണ്ടാമത്തെ ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയുമാണ്. കൂടാതെ ടവറിൽ പുതിയ ലിഫ്റ്റ് സ്ഥാപിക്കുന്നതിനായി ഇ-ടെണ്ടർ ചെയ്തു. എന്നാൽ ടെണ്ടറിൽ യോഗ്യതയുള്ളവരില്ലാത്തതിനാൽ റീ-ടെണ്ടർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## അരുവിക്കര നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജാക്കേണ്ട ഓഫീസുകളുടെ വിവരം

325(3544) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ ഏതെല്ലാം വില്ലേജ് ആഫീസുകളാണ് സ്മാർട്ട് വില്ലേജ് ആഫീസുകളാക്കി മാറ്റിയിട്ടുള്ളതെന്നും ഇനി സ്മാർട്ട് വില്ലേജ് ആക്കേണ്ട ഓഫീസുകൾ ഏതൊക്കെയാണെന്നും അറിയിക്കാമോ?

അരുവിക്കര നിയോജക മണ്ഡലത്തിൽ ആകെയുള്ള 9 വില്ലേജ് ഓഫീസുകളിൽ മണ്ണൂർക്കര, വിതുര, അരുവിക്കര, വെള്ളനാട് എന്നീ വില്ലേജ് ഓഫീസുകളെ വിവിധ പദ്ധതികളിലുൾപ്പെടുത്തി സ്മാർട്ട് ആക്കിയിട്ടുള്ളതും വീരണകാവ് വില്ലേജ് ഓഫീസിന് സ്മാർട്ട് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി പ്ലാൻ സ്കീം 2023-24 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. അരുവിക്കര നിയോജക മണ്ഡലത്തിൽ ആര്യനാട്, ഉഴമലയ്ക്കൽ, പെരുംകുളം, തൊളിക്കോട് എന്നീ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുവാൻ ബാക്കിയുള്ളത്.

(ബി) പ്രസ്തുത വില്ലേജ് ആഫീസുകൾ സ്മാർട്ട് വില്ലേജ് ആഫീസുകൾ ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കുമോ?

വിവിധ പദ്ധതികളിലുൾപ്പെടുത്തി അടുത്ത രണ്ട് വർഷക്കാലത്തിനിടയിൽ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

**സ്മാർട്ട് വില്ലേജുകൾ**

326(3545) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നാളിതുവരെയായി എത്ര വില്ലേജ് ആഫീസുകൾ സ്മാർട്ട് വില്ലേജ് ആഫീസുകളായി ഉയർത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ നാളിതുവരെ 36 വില്ലേജുകൾക്ക് സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ളതും അതിൽ 32 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത വില്ലേജ് ഓഫീസുകളുടെ

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) കയ്യൂർ വില്ലേജ് ഓഫീസ് സ്മാർട്ടാക്കിയെങ്കിലും ഓഫീസ് ഫർണിച്ചറുകൾ ഉൾപ്പെടെയുള്ളവ ഏർപ്പെടുത്താൻ വൈകുന്നതെന്തുകൊണ്ടെന്ന് വിശദമാക്കാമോ?

കയ്യൂർ വില്ലേജ് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തുക തയ്യാറാക്കുന്നതിനാധാരമായി നിലവിലുണ്ടായിരുന്ന നിർദ്ദിഷ്ട നിരക്കുകളിൽ (കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ) വ്യതിയാനം വന്നതിനാൽ ടി എസ്റ്റിമേറ്റ് തുക പുതുക്കേണ്ട സാഹചര്യമുണ്ടായി. ആയതിനാൽ ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയിൽ നിജപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കേണ്ടതായി വന്നതിനാലാണ് ഫർണിച്ചർ ഉൾപ്പെടെയുള്ളവ ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ ഫർണിച്ചർ ഉൾപ്പെടെയുള്ള ഇ-ഓഫീസ് സൗകര്യം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തി അടുത്ത സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

327(3546) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം കൈക്കൊണ്ടത് എപ്പോഴാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ആയതിന് ഭരണാനുമതി ലഭിച്ചിരുന്നോ; എങ്കിൽ എപ്പോഴാണ് ലഭിച്ചതെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഇതുവരെ ടെൻഡർ നടപടിയിലേയ്ക്ക് പോകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(എ-ഡി) കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള

ഭരണാനുമതി നൽകുന്നതിൽ തീരുമാനമായിട്ടില്ല. അതിൻ പ്രകാരമുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിരുന്നുവെങ്കിലും ജില്ലാ കളക്ടർ, തഹസീൽദാർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിലവിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കാസർഗോഡ് താലൂക്ക് ഓഫീസിനുവേണ്ട മതിയായ സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ടി എസ്റ്റിമേറ്റ് പുതുക്കി എത്രയുംവേഗം സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**പുതുക്കോട് വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നത്**

328(3547) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പുതുക്കോട് വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു; ആയതിന്റെ തുടർപ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) തരൂർ മണ്ഡലത്തിലെ പുതുക്കോട് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് നിർവ്വഹണ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത ഏജൻസിയുമായി കരാറിൽ ഏർപ്പെടുന്നതിനും അതിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**തഹസിൽദാർമാരുടെ പി &എം ട്രെയിനിംഗ്**

329(3548) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഹസിൽദാർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന്റെ ഭാഗമായി പൂർത്തീകരിക്കേണ്ട പി&എം ട്രെയിനിംഗ് (പോലീസ് ആന്റ് മജിസ്റ്റീരിയൽ) ജോലി ചെയ്യുന്ന ജില്ലയിൽത്തന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

തഹസിൽദാർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന്റെ ഭാഗമായി പൂർത്തീകരിക്കേണ്ട പി & എം ട്രെയിനിംഗ് (പോലീസ് ആന്റ് മജിസ്റ്റീരിയൽ) ജോലി ചെയ്യുന്ന ജില്ലയിൽത്തന്നെ പൂർത്തികരിക്കണമെന്ന്

നിഷ്കർഷിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

(ബി) തഹസിൽദാർമാരുടെ മാതൃജില്ലയിൽ പ്രസ്തുത ട്രെയിനിംഗ് പൂർത്തീകരിക്കുന്നത് വിലക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് വിലക്കിയിരിക്കുന്നത്; പകർപ്പ് ലഭ്യമാക്കാമോ;

(സി) മറ്റ് ജില്ലകളിൽ ജോലി ചെയ്തുവരുന്ന തഹസിൽദാർമാർക്ക് പ്രസ്തുത പരിശീലനം അവരുടെ മാതൃ ജില്ലയിൽ പൂർത്തീകരിക്കാൻ അനുവാദം നൽകുന്നത് പരിഗണിക്കുമോ?

(ബി & സി) ഇല്ല. തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരെ ജില്ലാ അടിസ്ഥാനത്തിലാണ് സ്ഥലം മാറ്റി നിയമിക്കുന്നത്. അപ്രകാരം ടി ജീവനക്കാരുടെ ലാവണ ഓഫീസ് അതത് ജില്ലാ എസ്റ്റാബ്ലിഷ്മെന്റിനുകീഴിലാണ് വരുന്നത്. ടി ജീവനക്കാരെ പി&എം ട്രെയിനിംഗിന് നിയോഗിക്കേണ്ടത് അതത് ജില്ലാ കളക്ടർമാരാണ്. ഒരു ജില്ലാ കളക്ടർക്ക് മറ്റൊരു ജില്ലയിലേക്ക് തഹസിൽദാർമാരെ പി&എം ട്രെയിനിംഗിന് നിയോഗിക്കാൻ കഴിയില്ല. 8 ആഴ്ച നീണ്ടുനിൽക്കുന്ന പരിശീലനമാണ് പി & എം ട്രെയിനിംഗിൽ ജീവനക്കാർക്ക് നൽകുന്നത്.

അതിൽ 6 ആഴ്ച പോലീസ് ട്രെയിനിംഗും 2 ആഴ്ച മജിസ്റ്റീരിയൽ ട്രെയിനിംഗുമാണ്. പോലീസ് ട്രെയിനിംഗ് ജീവനക്കാർ ജോലി ചെയ്യുന്ന ജില്ലയിലെ വിവിധ തലത്തിലുള്ള പോലീസ് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലും, മജിസ്റ്റീരിയൽ ട്രെയിനിംഗ് ജീവനക്കാർ ജോലി ചെയ്യുന്ന ജില്ലയിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലുമാണ് നൽകുന്നത്. അതിന് അതത് ജില്ലാ കളക്ടർമാരാണ് നടപടിക്രമം പുറപ്പെടുവിച്ച് ജീവനക്കാരെ നിയോഗിക്കേണ്ടത്. ഒരു ജീവനക്കാരന്റെ/ജീവനക്കാരിയുടെ ലാവണ ഓഫീസ് ഒരു ജില്ലയിലായതിനാൽ മറ്റൊരു ജില്ലയിലേക്ക് പ്രസ്തുത പരിശീലനത്തിന് നിയോഗിക്കുന്നത് ശമ്പളം നൽകുന്നതുൾപ്പടെ സാങ്കേതിക തടസ്സമുണ്ടാക്കുന്നതാണ്. 8 ആഴ്ച നീണ്ടുനിൽക്കുന്ന പരിശീലന കാലയളവിനുള്ളിൽ, എക്സിക്യൂട്ടിവ് മജിസ്ട്രേറ്റ് പദവിയായതിനാൽ, തെരഞ്ഞെടുപ്പ്, ദുരന്തനിവാരണം എന്നിങ്ങനെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ജീവനക്കാരെ തിരികെ വിളിക്കേണ്ട ആവശ്യം വരികയാണെങ്കിൽ, അടിയന്തരമായി പരിശീലനം നിർത്തി വയ്പിച്ച് ജീവനക്കാരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന്, ടി ജീവനക്കാർ

അതത് ജില്ലകളിൽത്തന്നെ പ്രസ്തുത ട്രെയിനിംഗിന് വിധേയമാകേണ്ടത് ആവശ്യമാണ്. മേൽസാഹചര്യത്തിൽ, മറ്റ് ജില്ലകളിൽ ജോലി ചെയ്തുവരുന്ന തഹസിൽദാർമാർക്ക്, പ്രസ്തുത പരിശീലനം അവരുടെ മാതൃ ജില്ലയിൽ പൂർത്തീകരിക്കാൻ അനുവാദം നൽകുന്നത് അപ്രായോഗികവും ഭരണപരമായി അസൗകര്യം സൃഷ്ടിക്കുന്നതുമായതിനാൽ മാതൃജില്ലയിൽ പരിശീലനം പൂർത്തിയാക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ പരിഗണിക്കാനാവില്ല.

## ഹജൂർ ശിരസ്തദാർ തസ്തിക

330(3549) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഹജൂർ എന്ന പേര് ശിരസ്തദാർ തസ്തികയ്ക്ക് നൽകിയിരിക്കുന്നത് ആധുനിക ജനാധിപത്യ വ്യവസ്ഥിതിക്ക് നിരക്കുന്നതല്ലെന്നും ആയത് കൊളോണിയൽ ഭരണത്തിന്റെ ശേഷിപ്പ് ആണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഹജൂർ ശിരസ്തദാർ എന്ന തസ്തികപ്പേര് കാലോചിതമായി

പുനർനാമകരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) റവന്യൂ വകുപ്പിൽ ഹുസൂർ എന്ന പേര് ശിരസ്തദാർ തസ്തികയ്ക്ക് നൽകിയിരിക്കുന്നത് ആധുനിക ജനാധിപത്യ വ്യവസ്ഥിതിക്ക് നിരക്കുന്നതല്ലെന്നും ആയത് കൊളോണിയൽ ഭരണത്തിന്റെ ശേഷിപ്പ് ആണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടില്ല.

**മണലൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ**

331(3550) **ശ്രീ. മുരളി പെരുനെല്ലി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ നിലവിലെ അംഗീകൃത തസ്തികകളും നിലവിലുള്ള ഒഴിവുകളും സംബന്ധിച്ച് വിശദവിവരങ്ങൾ വില്ലേജ് ഓഫീസ് അടിസ്ഥാനത്തിൽ നൽകാമോ?

അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഭൂരിഭാഗവും ഗ്രൂപ്പ് വില്ലേജുകളായി പ്രവർത്തിക്കുന്ന പ്രസ്തുത വില്ലേജ് ഓഫീസുകളിൽ സേവനങ്ങൾക്കായി എത്തുന്നവർക്ക് യഥാസമയം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേവനങ്ങൾ ലഭ്യമാകുന്നതിന് തടസ്സമുണ്ടാകാനിടയുള്ളതിനാൽ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത വില്ലേജ് ഓഫീസുകളിലെ വി.എഫ്.എ. തസ്തികയിലെ ഒഴിവുകൾ കേരള പി.എസ്.സി.യുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വില്ലേജ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ കേരള പി.എസ്.സി. മുഖേനയും സ്പെഷ്യൽ വില്ലേജ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ എച്ച്.ആർ.എം.എസ്. മുഖേനയും നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മണലൂർ മണ്ഡലത്തിൽ ഏതെല്ലാം വില്ലേജ് ഓഫീസുകൾ ഇതുവരെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി എന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിലെ, എറവ്-പരക്കാട് മണ്ഡലത്തിൽ ഭാഗികമായി ഉൾപ്പെടുന്ന ഇയ്യാൽ-ചിറനെല്ലൂർ എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ മുല്ലശ്ശേരി-

അന്നക്കര വില്ലേജ് ഓഫീസ് നവീകരണം വഴി സ്മാർട്ടാക്കി മാറ്റിയിട്ടുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ആഫീസ് ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

മണലൂർ മണ്ഡലത്തിലെ പാവറട്ടി-വെങ്കിടേനാട്, മനക്കൊടി-വെളുത്തൂർ എന്നീ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാവറട്ടി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി സ്ഥലം തർക്കരഹിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മനക്കൊടി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റവന്യൂ ഓഫീസുകളിലേക്ക് ജോലി ക്രമീകരണം**

332(3551) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ്

ഓഫീസുകളിൽനിന്നും മറ്റ് റവന്യൂ ഓഫീസുകളിലേക്ക് ജോലി ക്രമീകരണം പാടില്ലെന്ന നിർദ്ദേശം വ്യാപകമായി ലംഘിക്കപ്പെടുന്നതും അതുമൂലം ഭൂരിപക്ഷം വില്ലേജുകളിലും സാംഗ്ഷൻഡ് സ്ട്രെംഗ്തിലുള്ള ജീവനക്കാർ പോലും ലഭ്യമല്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

വില്ലേജ് ഓഫീസുകളിൽ ലാവണമുള്ള ജീവനക്കാർ നിലവിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ മറ്റ് ഓഫീസുകളിൽ തുടരുന്നുണ്ടെങ്കിൽ ആയത് ഉടൻ പ്രാബല്യത്തിൽ റദ്ദാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് ലംഘിക്കപ്പെട്ടോയെന്ന് പരിശോധിക്കുന്നതാണ്. അതോടൊപ്പം ജീവനക്കാർക്ക് വില്ലേജ് സേവനം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻപ്രകാരം വില്ലേജ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ക്ലാർക്ക് തസ്തികയിൽ 3 വർഷത്തെ വില്ലേജ് സേവനവും ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് വില്ലേജ് ഓഫീസർ തസ്തികയിൽ 2 വർഷത്തെ സേവനവും നിർബന്ധമാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

**ഭൂമി തരംമാറ്റം അപേക്ഷകൾ**

333(3552) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് അദാലത്ത് നടത്തുമ്പോൾ ഫീസിളവുള്ള അപേക്ഷകൾക്കാണോ മുൻഗണന നൽകുന്നത്; എങ്കിൽ പ്രസ്തുത മാതൃകയിൽ ഫീസ് അടവാക്കേണ്ട കേസ്സുകൾക്ക് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ചാൽ സർക്കാരിന് വരുമാനം ലഭിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് കർമ്മപദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; ഭാവിയിൽ അദാലത്തുകൾ തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇപ്പോൾ നടത്തിവരുന്ന അദാലത്തിൽ ഫീസിളവുള്ള അപേക്ഷകൾക്കാണ് നിലവിൽ മുൻഗണന നൽകിയിട്ടുള്ളത്. ഫീസടവാക്കേണ്ട കേസ്സുകൾക്ക് മാത്രമായി പ്രത്യേക കർമ്മപദ്ധതി

നിലവിൽ ആവിഷ്കരിച്ചിട്ടില്ല. നിലവിൽ നടത്തിവരുന്ന അദാലത്തിന്റെ ഫലപ്രാപ്തി/ബന്ധപ്പെട്ട മറ്റ് വസ്തുതകൾ വിലയിരുത്തി, ആവശ്യമെങ്കിൽ അദാലത്തുകൾ തുടർന്നും സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) 2023-24 വർഷത്തിൽ സംസ്ഥാനത്താകെ എത്ര പട്ടയം വിതരണം ചെയ്യാൻ സാധിച്ചു; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2023-24 വർഷത്തിൽ ഇതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം 61904 ആണ്. 30000 പട്ടയങ്ങൾ വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. 61904-ന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1+ ആയി ചേർക്കുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിൽ പട്ടയം അനുവദിക്കുന്നതിനുള്ള നടപടി**

334(3553) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി തീരപ്രദേശത്തെ കോളനികളിലുള്ള താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി തീരപ്രദേശത്തെ കോളനികളിലുള്ള താമസക്കാർക്ക് പട്ടയം അനുവദിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാനത്ത് വിവിധ സർക്കാർ പുറമ്പോക്കുകളിൽ താമസിക്കുന്ന അർഹരായ കൈവശക്കാർക്ക് നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾ പരിഹരിച്ച് പട്ടയം നൽകുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ച പട്ടയ മിഷനിലുൾപ്പെടുത്തി ഈ വിഷയം പരിശോധിച്ച്, അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ നടന്നുവരികയുമാണ്.

(ബി) ഈ കോളനികളിലുള്ള താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഉത്തരവുകളോ സർക്കുലറുകളോ നിർദ്ദേശങ്ങളോ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകൾ സഹിതം വിശദമാക്കാമോ?

പ്രസ്തുത കോളനികളിലുള്ള താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടില്ല.

**പട്ടയം അനുവദിച്ചിട്ടും പ്ലോട്ട് അളന്നുകൊടുക്കാത്ത കേസ്സുകൾ അടിയന്തരമായി പരിഹരിക്കാൻ നടപടി**

335(3554) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയം അനുവദിച്ചിട്ടും പ്ലോട്ട് അളന്നുകൊടുക്കാത്ത എത്ര കേസ്സുകളാണ് പയ്യന്നൂർ താലൂക്ക് പരിധിയിൽ നിലവിലുള്ളതെന്ന് അറിയിക്കാമോ?

പട്ടയം അനുവദിച്ചിട്ടും പ്ലോട്ട് അളന്നുകൊടുക്കാത്ത എത്ര കേസ്സുകളാണ് പയ്യന്നൂർ താലൂക്ക് പരിധിയിൽ നിലവിലുള്ളതെന്നത് സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമല്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ താലൂക്കിൽ പന്ത്രണ്ടായിരത്തോളം പട്ടയം അനുവദിച്ചിരുന്നു. ഇവയിൽ 60 ശതമാനത്തോളം പ്ലോട്ടുകൾ പട്ടയം

നൽകിയ സമയത്തുതന്നെ അളന്നുനൽകിയിരുന്നു. എന്നാൽ വസ്തു അളന്നുലഭിച്ചവരിൽ ആരുംതന്നെ ഭൂമി കൈവശപ്പെടുത്തുകയോ അതിർത്തി ഇട്ടുസംരക്ഷിക്കുകയോ ചെയ്തിരുന്നില്ല. നിലവിൽ പ്രസ്തുത സ്ഥലത്ത് നേരത്തേ ഭൂമി അളന്നുലഭിച്ചിരുന്നവരും, നേരത്തേ അളന്നുലഭിക്കാത്തവരുമായ നിരവധി ആളുകൾ ഭൂമി അളന്നുലഭിക്കുന്നതിന് ജില്ലാകളക്ടർ മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രത്യേക സർവ്വേ ടീമിനെ നിയോഗിച്ച് ഇത്തരം കേസ്സുകൾ അടിയന്തരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ജില്ലയിൽ ഇക്കാര്യത്തിനായി ആവശ്യത്തിന് സർവ്വേയർമാർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, പ്രസ്തുത സ്ഥലം അളന്നുതിരിക്കേണ്ടത് ആവശ്യമാണെന്ന് കാണുന്നപക്ഷം ആയതിനായി പ്രത്യേക സർവ്വേ ടീമിനെ നിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആദിവാസികളുടെ ഭൂമി നഷ്ടമായതായ പരാതി

336(3555) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂലഗംഗൽ, വെച്ചപ്പതി, വെള്ളകുളം തുടങ്ങിയ ആദിവാസി ഊരുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നാലായിരത്തോളം ഏക്കർ ഭൂമി ആദിവാസികൾക്ക് നഷ്ടപ്പെട്ടതായി ഒറ്റപ്പാലം സബ് കളക്ടർക്ക് പരാതി നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മൂലഗംഗൽ, വെച്ചപ്പതി, വെള്ളകുളം തുടങ്ങിയ ആദിവാസി ഊരുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നാലായിരത്തോളം ഏക്കർ ഭൂമി ആദിവാസികൾക്ക് നഷ്ടപ്പെട്ട വിഷയം സംബന്ധിച്ച് ഒറ്റപ്പാലം സബ് കളക്ടറുടെ കാര്യാലയത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. എങ്കിലും പ്രസ്തുത വിഷയം സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഷോളയൂർ വില്ലേജ് ഓഫീസർ മുഖേന അന്വേഷണം നടത്തിയതിൽ ഈ മേഖലയിൽ വിശദമായ സർവ്വേ നടപടികൾ ആവശ്യമാണെന്ന് കണ്ടതിന്റെ

അടിസ്ഥാനത്തിൽ ഷോളയൂർ വില്ലേജിനെ ഡിജിറ്റൽ സർവ്വേയിൽ ഉൾപ്പെടുത്തി അടിയന്തരമായി സർവ്വേ പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) നവകേരള സദസ്സ് മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നടന്നപ്പോൾ മേൽ വിഷയം സംബന്ധിച്ച് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും ആരൊക്കെയാണ് പരാതികൾ നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നവകേരള സദസ്സ് മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നടന്നപ്പോൾ മേൽ വിഷയം സംബന്ധിച്ച് 1. ശ്രീ.നഞ്ചൻ S/o രേശൻ, വെച്ചപ്പതി 2. ശ്രീ. വെള്ളിങ്കിരി S/o ചെല്ലൻ, വെള്ളകുളം, 3. ശ്രീ.വെള്ളിങ്കിരി മുതൽ പേർ വെള്ളകുളം 4. ശ്രീ.മരുതൻ S/o കടലൻ, വെള്ളകുളം, 5. ശ്രീ.കുപ്പൻ S/o ചെല്ലൻ, വെള്ളകുളം, 6. ശ്രീമതി. പാപ്പ D/o രാമൻ, വെള്ളകുളം തുടങ്ങിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 6 പേരുടെ പരാതികൾ ലഭിച്ചിട്ടുണ്ട്. ടി പരാതികൾ പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഒരേ ഭൂമിക്ക് ഒന്നിലധികം അവകാശികളുള്ള എത്ര സംഭവങ്ങളാണ് പ്രസ്തുത പ്രദേശത്ത് കണ്ടെത്തിയിട്ടുള്ളത്; ഇതിൽ എത്രയെണ്ണത്തിനാണ് നാളിതുവരെ പരിഹാരം കണ്ടിട്ടുള്ളത്; അറിയിക്കാമോ; പരിഹാരമുണ്ടാക്കിയ കേസ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഷോളയൂർ വില്ലേജിൽ റീ സർവ്വേ നടന്നിട്ടില്ലാത്തതിനാൽ ഒരേ സർവ്വേ നമ്പറിൽ നികുതി അടയ്ക്കുന്ന വ്യത്യസ്ത വ്യക്തികളെ സംബന്ധിച്ച വിവരങ്ങൾ കണ്ടെത്തിയിട്ടില്ല. എന്നാൽ ഷോളയൂർ വില്ലേജിൽ റെലിസ് പോർട്ടലിൽ നികുതി സ്വീകരിക്കുന്ന നടപടികൾ നടന്നുവരുന്നതിനാൽ ആയതു പൂർത്തിയാകുന്നമുറയ്ക്ക് ഒരേ ഭൂമിക്ക് ഒന്നിലധികം അവകാശികളുണ്ടെങ്കിൽ കണ്ടെത്തുവാൻ കഴിയുന്നതാണ്.

(ഡി) ഇത്തരം കേസ്സുകളിൽ വ്യാജ ആധാരങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് കണ്ടെത്തിയിരുന്നോ; എങ്കിൽ വ്യാജ ആധാരങ്ങൾ ഉണ്ടാക്കിയത് ആരാണെന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ

നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ?

നിലവിൽ വ്യാജ ആധാരങ്ങൾ ഉണ്ടാക്കിയതായി കണ്ടെത്തിയിട്ടില്ല. വിശദമായ പരിശോധനകൾക്കുശേഷം മാത്രമേ വ്യാജ ആധാരങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് പൂർണ്ണമായ വിവരം കണ്ടെത്തുവാൻ കഴിയുകയുള്ളൂ. എന്തായാലും ഇക്കാര്യത്തിൽ ശക്തമായ പരിശോധന തന്നെയാണ് നടത്തുക.

**പാലക്കാട് ജില്ലയിലെ വില്ലേജുകളിലെ റീസർവ്വേ**

337(3556) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ കഴിഞ്ഞതെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ ആകെയുള്ള 157 വില്ലേജുകളിൽ റീസർവ്വേ കഴിഞ്ഞ 116 വില്ലേജുകളുടെ പേര് വിവരങ്ങൾ അനുബന്ധം 1+ആയി ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ വില്ലേജിലും റീസർവ്വേ സംബന്ധിച്ച പരാതികൾ എത്രയെന്നും അതിൽ എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ;

ജില്ലയിലെ റീസർവ്വേ സംബന്ധിച്ച പരാതികളുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധം 2+ആയി ചേർക്കുന്നു.

(സി) പരാതികൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഫീസുകളിൽ അടിയന്തരമായി അവ തീർപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റീസർവ്വേ അപാകതകൾ സംബന്ധിച്ച പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എല്ലാ മാസവും തീർപ്പാക്കലിന്റെ പുരോഗതി സർവ്വെ വകുപ്പുമുഖേന അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നതാണ്.

+

**അന്യാധീനപെട്ടുപോയ പഞ്ചായത്തുഭൂമി**

338(3557) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാകാലങ്ങളായി വിവിധ കാരണങ്ങളാൽ ഒട്ടേറെ പഞ്ചായത്തുഭൂമി അന്യാധീനപ്പെട്ടുപോയിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ മലപ്പുറം ജില്ലയിൽ അന്യാധീനപ്പെട്ടുപോയ സ്ഥലങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും ഐ.പി.പി. സെന്ററിനുവേണ്ടി കെട്ടിടം നിർമ്മിച്ചതും ഇപ്പോൾ ഗ്രാമ പഞ്ചായത്തിലെ ഒരു അങ്കണവാടി പ്രവർത്തിക്കുന്നതുമായ കുന്നുൾമാടിലെ പി.എച്ച്.സി. ഡോർമിറ്ററിയെന്ന പേരിലുള്ള കെട്ടിടം നിലനിൽക്കുന്ന കൊണ്ടോട്ടി പള്ളിക്കൽ വില്ലേജിൽ ബ്ലോക്ക് 10-ൽ റീ.സ.നമ്പർ 414/2-ൽപ്പെട്ട ഭൂമി സംബന്ധിച്ച് ഒരു സ്വകാര്യ

വ്യക്തി അവകാശവാദം ഉന്നയിച്ചതിനാൽ അവിടെ ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങൾ നടത്തുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതും, പള്ളിക്കൽ വില്ലേജ് ബ്ലോക്ക് 10 റീ.സ.414/2-ൽപ്പെട്ട 35 സെന്റ് സ്ഥലത്ത് ഐ.പി.പി.സ്കീം പ്രകാരം ഏകദേശം 1984-85 വർഷത്തിൽ നിർമ്മിക്കപ്പെട്ട പി.എച്ച്.സി.ഡോർമിറ്ററി കെട്ടിടത്തിന്റെ ഒരു മുറിയിൽ ക്ലനോൾമാട് അങ്കണവാടി പ്രവർത്തിച്ചുവരുന്നതും ടി കോമ്പൗണ്ടിൽ ഹാളുകളായി നിർമ്മിച്ചിട്ടുള്ള മറ്റ് കെട്ടിടത്തിൽ പഞ്ചായത്ത് എം.സി.എഫ്. ആരംഭിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും പരിസരവാസികളുടെ എതിർപ്പിനെത്തുടർന്ന് ആയത് ഉപേക്ഷിക്കുകയുണ്ടായി.

(സി) പ്രസ്തുത സ്ഥലത്തിന്റെ നികുതി പരാതിക്കാരൻ 2021 മുതൽ അടച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് അടവാക്കിയ റവന്യൂ ഉദ്യോഗസ്ഥനെതിരെ നടപടിക്ക് ഗ്രാമപഞ്ചായത്ത് ശിപാർശ ചെയ്തിട്ടുണ്ടോ; റവന്യൂ വകുപ്പിന്റെ മേൽനടപടി റദ്ദ് ചെയ്യുന്നതിന് സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലപ്പുറം ജില്ല കൊണ്ടോട്ടി താലൂക്കിൽ പള്ളിക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 10, റീസർവ്വേ 414/2-ൽപ്പെട്ട 0.7068 ഹെക്ടർ ഭൂമി ബി.റ്റി.ആർ. പ്രകാരം സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതാണ്. ആയതിൽ 0.5230 ഹെക്ടർ ഭൂമിക്ക് 11 തണ്ടപ്പേരുകളിലായി സ്വകാര്യ വ്യക്തികൾ നികുതി അടവാക്കി വരുന്നതും ബാക്കിയുള്ള 0.1838 ഹെക്ടർ ഭൂമി ഇനി നികുതി അടവാക്കാനുള്ളതുമാണ്. ടി ഭൂമി സംബന്ധിച്ച് പരപ്പനങ്ങാടി മുൻസിഫ് കോടതിയിൽ OS 56/2022, IA 3/2022 കേസ് നിലവിലുണ്ട്. ടി നികുതി സ്വീകരിച്ച റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടിക്കുവേണ്ടി പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ശിപാർശ ചെയ്തിട്ടില്ല.

(ഡി) ഈ സ്ഥലത്തെക്കുറിച്ചും നാശോന്മുഖമായ കെട്ടിടത്തെക്കുറിച്ചും 30-10-2021-ന് ചേർന്ന ജില്ലാവികസനസമിതി യോഗനിർദ്ദേശത്തെ തുടർന്ന് എച്ച്.എം.സി. നൽകിയ അറിയിപ്പ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

എച്ച്.എം.സി. അറിയിപ്പ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

## തൃക്കരിപ്പൂർ മണ്ഡലത്തിലെ കുടുംബങ്ങൾക്ക് കൈവശരേഖ നൽകുന്നതിനുള്ള നടപടി

339(3558) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പുഴ പുറമ്പോക്കുകളിലും പഞ്ചായത്ത് പുറമ്പോക്കുകളിലുമായി താമസിച്ചുവരുന്ന എത്ര കുടുംബങ്ങൾക്ക് കൈവശരേഖ ഇനിയും നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ പുഴ പുറമ്പോക്കുകളിലും പഞ്ചായത്ത് പുറമ്പോക്കുകളിലുമായി താമസിച്ചുവരുന്ന പതിവ് അപേക്ഷ സമർപ്പിച്ച 109 കുടുംബങ്ങൾക്ക് പട്ടയം നൽകാൻ ബാക്കിയുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇത് ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും ആർക്കൊക്കെയാണെന്നും ഉള്ള വിവരം ലഭ്യമാക്കാമോ;

(സി) ഈ കുടുംബങ്ങൾ എത്ര വർഷമായി ഇവിടെ താമസിച്ചുവരുന്നുവെന്ന് വ്യക്തികളുടെ പേര് സഹിതം ലഭ്യമാക്കാമോ?

(ബി&സി) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ, പടന്ന, വലിയപറമ്പ, തൃക്കരിപ്പൂർ പഞ്ചായത്തുകളിലായാണ് പതിവിന് അപേക്ഷിച്ച 109 കുടുംബങ്ങൾ 20 വർഷത്തിലധികമായി താമസിച്ചുവരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കോഴിക്കോട് നോർത്തിൽനിന്നും നവകേരള സദസ്സിൽ ലഭിച്ച നിവേദനങ്ങൾ**

340(3559) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നവകേരള സദസ്സുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന് എത്ര നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നവകേരള സദസ്സുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന് 407 നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| നടപടി ആരംഭിച്ചത് | 77 |
| റിപ്പോർട്ട് സമർപ്പിച്ചത് | 52 |
| തീർപ്പാക്കിയത് | 07 |
| പെൻഡിംഗ് | 271 |
| ആകെ | 407 |

(ബി) പ്രസ്തുത നിവേദനങ്ങളിൽ തീർപ്പാക്കിയവയുടെ എണ്ണം അറിയിക്കാമോ?

7 നിവേദനങ്ങൾ തീർപ്പാക്കിയിട്ടുള്ളതാണ്.

**ജില്ലാ വികസന സമിതിയുടെ വിശദാംശങ്ങൾ**

341 (3560) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വികസന സമിതി രൂപീകരിക്കുന്നത് സംബന്ധിച്ചും അതിന്റെ ഘടന, പ്രവർത്തന രീതി, ഉദ്ദേശലക്ഷ്യം എന്നിവ സംബന്ധിച്ചും സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്/സർക്കുലർ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

ജില്ലാ വികസന സമിതി രൂപീകരിക്കുന്നത് സംബന്ധിച്ചും അതിന്റെ ഘടന, പ്രവർത്തന രീതി, ഉദ്ദേശലക്ഷ്യം എന്നിവ സംബന്ധിച്ചും സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-1+ ആയി ചേർത്തിരിക്കുന്നു.

(ബി) 2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെ മലപ്പുറം ജില്ലയിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ ഹാജർ ബുക്കിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ; ഈ യോഗത്തിൽ മൂന്നോ അതിൽ കൂടുതൽ തവണയോ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെ മലപ്പുറം ജില്ലയിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾക്കായി ഹാജർ ബുക്കിന്റെ പകർപ്പ് അനുബന്ധം-2-+ ആയി ചേർത്തിരിക്കുന്നു.

പ്രസ്തുത യോഗത്തിൽ മൂന്നോ അതിൽ കൂടുതൽ തവണയോ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+

പങ്കെടുക്കാത്ത ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചമ്രവട്ടം പ്രൊജക്ട് ഡിവിഷൻ
2. സൂപ്രണ്ട്, ഗവ.ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത്
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., മലപ്പുറം
4. ജില്ലാ പോലീസ് മേധാവി, മലപ്പുറം
5. ലീഡ് ബാങ്ക് മാനേജർ
6. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് ഡിവിഷൻ, നിലമ്പൂർ
7. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോഷ്യൽ ഫോറസ്ട്രി
8. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ്
9. പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര ലഘൂകരണ വിഭാഗം

(സി) പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ട ഉദ്യോഗസ്ഥർക്കുപകരം ആളെ നിയോഗിക്കുന്നതിന് ജില്ലാ വികസന സമിതി ചെയർമാൻ കൂടിയായ ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണോ; വ്യക്തമാക്കാമോ?

ജില്ലാ വികസന സമിതി യോഗത്തിൽ പങ്കെടുക്കേണ്ട ഉദ്യോഗസ്ഥർക്ക് പകരം ആളെ നിയോഗിക്കുന്നതിന് ജില്ലാ വികസന സമിതി ചെയർമാൻ കൂടിയായ ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണ്.

പ്രസ്തുത യോഗത്തിൽ എല്ലാ ജില്ലാതല ഉദ്യോഗസ്ഥരും നിർബന്ധമായി പങ്കെടുക്കണമെന്ന് കൃത്യമായ സ്റ്റാൻഡിംഗ് ഉത്തരവ് നിലവിലുണ്ട്. എന്നാൽ ചില അനിവാര്യ സാഹചര്യങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ആയത് വ്യക്തമായ കാരണം സഹിതം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്ത് ജില്ലാ കളക്ടറുടെ മുൻകൂർ അനുമതിയോടെ ജില്ലാതല ഉദ്യോഗസ്ഥന്റെ പ്രതിനിധിയെ പങ്കെടുപ്പിക്കണമെന്ന് നിർദ്ദേശിക്കാറുണ്ട്.

(ഡി) മേൽ സൂചിപ്പിച്ച കാലയളവിൽ അത്തരത്തിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കാതെ പ്രതിനിധികളെ അയച്ചതിന് ചെയർമാന്റെ അനുമതി വാങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രസ്തുത കാലയളവിൽ ജില്ലാതല ഉദ്യോഗസ്ഥർ വിവിധ കാരണങ്ങളാൽ യോഗത്തിൽ ഹാജരാകാത്തത് സംബന്ധിച്ച് മുൻകൂർ അനുമതി ജില്ലാ കളക്ടറിൽനിന്നും നേടുകയും പകരം പ്രതിനിധിയെ പങ്കെടുപ്പിക്കുകയും

ചെയ്തിട്ടുണ്ട്.

**വെച്ചൂർ വില്ലേജിൽപ്പെട്ട വസ്തുക്കളുടെ ഫെയർ വാല്യൂ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി**

342 (3561) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിലെ വെച്ചൂർ വില്ലേജിൽപ്പെട്ട വസ്തുക്കളുടെ ഫെയർവാല്യൂ വസ്തുവിന്റെ മാർക്കറ്റ് വാല്യൂവിനേക്കാൾ വളരെ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജിൽപ്പെട്ട വസ്തുക്കളുടെ ഫെയർവാല്യൂ കൃത്യമായി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ന്യായവില പുനർനിർണ്ണയിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ നിയമാനുസൃതമായി വിചാരണനടപടികൾ സ്വീകരിച്ചുവരുന്നതാണ്. നിലവിൽ അപ്പീൽ അപേക്ഷ പ്രകാരം ന്യായവില

കുറവുചെയ്തിട്ടുള്ള മാതൃസർവ്വേ നമ്പരുകൾ ഒഴിവാക്കി ബാക്കിയുള്ള മാതൃസർവ്വേ നമ്പരുകൾക്ക് ന്യായമായ വില നിശ്ചയിച്ചുനൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് പാലാ റവന്യൂ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

**ഭൂമി തരംമാറ്റം**

343(3562) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21-ലെ കാലയളവിലുള്ള സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭൂമി തരംമാറ്റത്തിലൂടെ എത്ര തുക ലഭിച്ചു; വിശദാംശം സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; ഏതു ശീർഷകത്തിലാണ് ഈ തുക വരവ് വെച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഭൂമി തരംമാറ്റത്തിലൂടെ സർക്കാരിന് റവന്യൂ ലഭിച്ചുതുടങ്ങിയത് 2018-ലെ ഭേദഗതി നിയമം നിലവിൽ വന്നതിനുശേഷമാണ്. ആദ്യഘട്ടത്തിൽ '0029-00-800-90' എന്ന ശീർഷകത്തിലും പിന്നീട് '0029-00-800-88 Receipts collection under Rule 12(9) of the Kerala Conservation

of Paddy Land and Wetland (Amendment Act) 2018' എന്ന ശീർഷകത്തിലുമാണ് റവന്യൂ ശേഖരിച്ചുവരുന്നത്. 2018-19 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെയുള്ള കണക്കുകളും 2023 വർഷം ഏപ്രിൽ മുതൽ നവംബർ മാസം വരെയുള്ള കണക്കുകളും അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഭൂമിതരം മാറ്റത്തിലൂടെ ലഭിക്കുന്ന തുക കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിക്ഷേപിക്കണമെന്ന നിയമ വ്യവസ്ഥ അനുസരിച്ച് തുക കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക കൈമാറിയത് സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മേൽപ്പറഞ്ഞ പ്രകാരം തുക കൈമാറി നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത തുക ഏത് രീതിയിൽ വിനിയോഗിച്ചുവെന്ന വിശദാംശം നൽകുമോ?

(ബി&സി) ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഫണ്ടെന്ന് പരാമർശിക്കപ്പെടുന്ന "കാർഷിക അഭിവൃദ്ധി ഫണ്ട്" രൂപീകരിക്കേണ്ടതാണെന്നും ഫണ്ടിന്റെ സ്വരൂപിക്കലും കൈകാര്യം ചെയ്യലും വിനിയോഗിക്കലും നിർണ്ണയിക്കപ്പെടാവുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരമായിരിക്കുന്നതാണെന്നുമാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇപ്രകാരം കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട്, ധനകാര്യ (Budget Wing A) വകുപ്പിന്റെ സ.ഉ.(സാധാ)നം.7382/2019/ധന. നമ്പർ ഉത്തരവ് പ്രകാരം, (ഉത്തരവ് അനുബന്ധമായി+ ചേർത്തിരിക്കുന്നു) 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരമുള്ള എല്ലാ വരവുകളും '0029-00-800-88-Receipts collected under the Kerala Conservation of Paddy land and wetland (Amendment) Act 2018' എന്ന ശീർഷകത്തിൽ അടവാക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. കൂടാതെ, ധനകാര്യ (Expenditure-B) വകുപ്പിന്റെ 01-12-2019 തീയതിയിലെ സ.ഉ.(സാധാ)നം.9444/2019/ധന. നമ്പർ ഉത്തരവ് പ്രകാരം, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരമുള്ള ചെലവുകൾക്കായി '2029-00-800-74' എന്ന ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചുകൊണ്ടും ഉത്തരവായിരുന്നു.

മേൽ പ്രകാരം, ധനകാര്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ളതും സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ശീർഷകങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നതുമായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതേ നടപടികൾ പ്രകാരമാണ് മേൽ പരാമർശിച്ച ശീർഷകങ്ങൾ മുഖേന റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നത്.

ധനകാര്യ (സ്ട്രീം ലൈനിങ്) വകുപ്പിന്റെ യഥാക്രമം 09-04-2019 തീയതിയിലെ സ.ഉ.(സാധാ)നം.2909/ധന., 16-05-2019 തീയതിയിലെ സ.ഉ. (സാധാ)നം.3738/2019/ധന. എന്നീ ഉത്തരവുകൾ പ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) നിയമവും ആയതിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ പ്രകാരവുമുള്ള ചെലവുകൾക്കായി തുക ചെലവാക്കുന്നതിനുവേണ്ടി, ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിൽ ഒരു സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് തുറക്കുന്നതിന് അനുമതിയും നൽകിയിട്ടുള്ളതാണ്. മേൽ പരാമർശിച്ച ഹെഡ് ഓഫ് അക്കൗണ്ടിൽ വരുന്ന തുക, സർക്കാരിൽനിന്നും അനുമതി നൽകുന്നമുറയ്ക്ക് ലാൻഡ് റവന്യൂ കമ്മീഷണർ ആരംഭിച്ചിട്ടുള്ള STSB അക്കൗണ്ടിലേക്കുമാറ്റി, ടി നിയമ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ചെലവുകൾ നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

22-02-2022-ലെ സ.ഉ.(കൈ)നം.56/2022/RD, 26-11-2022-ലെ സ.ഉ.

(കൈ)നം.278/2022/RD, എന്നീ ഉത്തരവുകൾ പ്രകാരം ഭൂമി തരംമാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി 10 കോടി രൂപ വീതം തുക അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ, അധിക ധനവിനിയോഗാനുമതി/ധനഃപുനർവിനിയോഗ പ്രകാരവും ചട്ടപ്രകാരമുള്ള ആവശ്യങ്ങൾക്കായി തുക അനുവദിച്ചിട്ടുള്ളതാണ്.

**ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ**

344 (3563)ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അപേക്ഷകളുടെ നിജസ്ഥിതി പരിശോധിക്കാൻ സംവിധാനങ്ങളുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദിനംപ്രതി പുതിയ അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനാലാണ് അപേക്ഷകളുടെ എണ്ണത്തിൽ

വർദ്ധനവുണ്ടാകുന്നത്. എന്നാൽ മുൻകാലങ്ങളെ അപേക്ഷിച്ച് അപേക്ഷകളുടെ എണ്ണത്തിൽ നേരിയ കുറവ് വന്നിട്ടുണ്ട്. റവന്യൂ ഡിവിഷൻ ആഫീസ് തലത്തിലും, വില്ലേജ് തലത്തിലും കൃഷി ആഫീസറും അപേക്ഷകളുടെ നിജസ്ഥിതി പരിശോധിക്കുന്നുണ്ട്.

(ബി) തരം മാറ്റത്തിനായി ലഭിച്ച അപക്ഷകളുടെയും പരിഹരിക്കപ്പെട്ട അപേക്ഷകളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഈ ആവശ്യത്തിലേക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

തരംമാറ്റത്തിനായി 07-02-2024 വരെ ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം 6,19,789 (ഓഫ് ലൈൻ 226901 + ഓൺ ലൈൻ 392888) ആണ്. അതിൽ 366176 അപേക്ഷകൾ (ഓഫ് ലൈൻ 223241 + ഓൺ ലൈൻ 142935) തീർപ്പാക്കിയിട്ടുണ്ട്.

22-02-2022 തീയതിയിലെ സ.ഉ.(കൈ)നം.56/2022/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം, (ഉത്തരവ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്) തരംമാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി, 990

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താൽക്കാലിക തസ്തികകൾ 6 മാസത്തേയ്ക്ക് സൃഷ്ടിച്ച്, ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, 179 ദിവസ കാലയളവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ക്ലാർക്ക്, സർവ്വേയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ താൽക്കാലികമായി നിയമിക്കുന്നതിനും ഉത്തരവായിരുന്നു. ശേഷം, 26-11-2022-ലെ സ.ഉ.(കൈ)278/2022/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം, ഒന്നാം ഘട്ടത്തിൽ നിയമിച്ച താൽക്കാലിക ജീവനക്കാരുടെ സേവനം 179 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് പുനർനിയമിച്ച് ഉത്തരവായിരുന്നു. നിലവിൽ, 01-09-2023 തീയതിയിലെ സ.ഉ.(കൈ) 206/2023/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം രണ്ട് വർഷത്തിനുശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാമെന്ന നിബന്ധനയിൽ രണ്ട് വർഷത്തേയ്ക്ക് താൽക്കാലിക തസ്തിക സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും നിയമിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. കൂടാതെ, മുമ്പ് സേവനം അനുഷ്ഠിച്ചിരുന്ന 140 സർവ്വേയർമാരിൽനിന്നും പ്രവർത്തന മികവ്

പുലർത്തിയ 123 സർവ്വേയർമാരെ ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്കുകൂടി നിയമിച്ചും ഉത്തരവായിട്ടുള്ളതാണ്.

**സർവ്വേ പരാതികളിന്മേൽ നടപടി**

345(3564) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ നടപടികളുമായി ബന്ധപ്പെട്ട പരാതികൾ ജനകീയ പങ്കാളിത്തത്തോടെ പരിഹരിക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് കൃത്യമായി വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ?

(എ & ബി) റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ട പരാതികൾ നിലവിൽ Original Land Complaints (OLC)/Appeal Land Complaints ആയി പരിഹരിക്കുന്നതിന് സംവിധാനമുണ്ട്. സർവ്വേ നടപടികളുടെ ആദ്യഘട്ടം പൂർത്തീകരിച്ച് 9(2) പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിൽത്തന്നെ ഭൂമിയുടെ

ഉടമസ്ഥന് റീസർവ്വേയുടെ ഭാഗമായ തന്റെ രേഖകൾ കാണാൻ എന്റെ ഭൂമി എന്ന പോർട്ടലിലൂടെ അവസരമുണ്ട്. രേഖകളിൽ എന്തെങ്കിലും സംശയമുണ്ടായാൽ പരാതി നൽകാനും പരാതി പരിഹരിച്ച് മാത്രം റവന്യൂ വകുപ്പിന് റീസർവ്വേ രേഖകൾ കൈമാറുകയും ചെയ്യുന്ന രീതിയിലാണ് പുതിയ ഡിജിറ്റൽ റീസർവ്വേ നടപ്പിലാക്കുന്നത്. ഇതിനാൽ തുടർപരാതികൾ/LRM കേസ്സുകൾ പരമാവധി ഇല്ലാതാവുന്ന വിധമാണിത് തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ സർവ്വേ നടക്കുന്ന സാഹചര്യത്തിൽ കൈവശ ഭൂമിയിൽ ഉണ്ടാവുന്ന വ്യതിയാനം/വ്യത്യാസം ഉൾപ്പെടെയുള്ള പരാതികൾ നിലവിലെ ചട്ടങ്ങൾ പരിഹരിക്കുന്നതിനുപരിയായി സംജാതമാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സെറ്റിൽമെന്റ് ആക്റ്റ് കൊണ്ടുവരുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നതും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.

(സി) ബന്ധപ്പെട്ട നിയമങ്ങൾ കാലോചിതമായി പരിഷ്കരിച്ച് ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ

സ്വീകരിക്കുമോ; വിശദമാക്കാമോ?

നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ സർവ്വേ നടപടികൾ

346(3565) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ സർവ്വേ നടപടികൾക്ക് റവന്യൂ വകുപ്പ് ചുമതലപ്പെടുത്തിയത് ഏത് ഓഫീസിനെയാണെന്ന് വ്യക്തമാക്കാമോ?

മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ.), KRDCL, കോഴിക്കോട്-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ പ്രവൃത്തിയുടെ സർവ്വേ നടപടികൾ വൈകുന്നതായ പരാതി പരിഹരിക്കാൻ പ്രത്യേകമായി സർവ്വേയറെ നിയോഗിച്ചുകൊണ്ട്

തീരുമാനമെടുത്തിട്ടുണ്ടോ; സർവ്വേയറെ ലഭ്യമാക്കിയിട്ടും സംയുക്ത പരിശോധന നീണ്ടുപോവുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലമേറ്റെടുക്കൽ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(ബി&സി) കൊയിലാണ്ടി (എൽ.എ.) എൻ.എച്ച് ഓഫീസിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തുവന്ന ഒരു സർവ്വേയറെ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KRDCL കോഴിക്കോട് ഓഫീസിലേക്ക് 01-01-2024-ന് നിയമിച്ച് ഉത്തരവായിരുന്നുവെങ്കിലും കൊയിലാണ്ടി ഓഫീസിലെ ജോലികൾ പൂർത്തിയാക്കുവാൻ ബാക്കിയുണ്ടായ സാഹചര്യത്തിൽ സർവ്വേയറെ വിടുതൽ ചെയ്തിരുന്നില്ല. എന്നാൽ മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തിയാക്കാനുള്ള സാഹചര്യത്തിൽ ടി സർവ്വേയറെ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KRDCL കോഴിക്കോട് കാര്യാലയത്തിലേക്ക് വിടുതൽ ചെയ്തിട്ടുള്ളതും മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ സർവ്വേ

ജോലിക്കായി ടി കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് സർവ്വേയർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് സംയുക്ത പരിശോധന നടപടികൾ പൂർത്തിയാക്കേണ്ടതും സർവ്വേയറെ ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**തിരുവനന്തപുരം ജില്ലയിലെ ഡിജിറ്റൽ സർവ്വേയുടെ പുരോഗതി**

347(3566) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ ഡിജിറ്റൽ സർവ്വേയുടെ പുരോഗതി വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ഡിജിറ്റൽ സർവ്വേയ്ക്കുവേണ്ടി ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 22 വില്ലേജുകളിൽ 8 വില്ലേജുകളുടെ സർവ്വേ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാക്കി 3 വില്ലേജുകളുടെ 90% സർവ്വേ ജോലികളും 2 വില്ലേജുകളുടെ 70-90% ജോലികളും ബാക്കി 9 വില്ലേജുകളുടെ സർവ്വേ

ജോലികൾ പുരോഗതിയിലുമാണ്. പ്രസ്തുത 22 വില്ലേജുകളിലായി നാളിതുവരെ 19,988 ഹെക്ടർ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ട സർവ്വേ പ്രവർത്തനങ്ങൾക്ക് 20-10-2023-ന് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുള്ളതും ആയതിൽ 21 വില്ലേജുകളെ തിരുവനന്തപുരം ജില്ലയിൽനിന്നും ഉൾപ്പെടുത്തിയിട്ടുള്ളതും നിലവിൽ 2 വില്ലേജുകളിൽ സർവ്വേ ആരംഭിച്ചിട്ടുള്ളതുമാണ്. ഒന്നാം ഘട്ടത്തിലെ വില്ലേജുകളുടെ സർവ്വേ പൂർത്തിയാകുന്നമുറയ്ക്ക് രണ്ടാം ഘട്ടത്തിലും തുടർന്നുള്ള ഘട്ടങ്ങളിലുമായി കൂടുതൽ വില്ലേജുകളുടെ സർവ്വേ ആരംഭിക്കുന്നതാണ്.

**ലൈസൻസുള്ള സർവ്വേയർമാർക്ക് അനുമതി നിഷേധിക്കുന്ന നടപടി**

348(3567) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേജുകളിൽ ഭൂമിയുടെ ക്രയവിക്രയങ്ങൾ നടത്തുന്നതിന് സ്കെച്ച് തയ്യാറാക്കാനുള്ള അധികാരം സർവ്വേ ഡിപ്പാർട്ട്മെന്റിലെ സർവ്വേയർമാരെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ലൈസൻസുള്ള സർവ്വേയർമാർക്ക്

ഇക്കാര്യത്തിൽ അനുമതി നിഷേധിക്കുന്നതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ;

(ബി) ഡിജിറ്റൽ സർവ്വേ സംവിധാനത്തിൽ ലളിതമായി തയ്യാറാക്കാൻ സാധിക്കുന്ന സ്കെച്ചുകൾ ഡിപ്പാർട്ടുമെന്റിലെ സർവ്വേയർമാർമാത്രം തയ്യാറാക്കിയാൽ മതിയെന്ന തീരുമാനം അധികമായി സർവ്വേയർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാധ്യത വരുത്തുന്നതിനും ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേജുകളിൽ ഭൂമിയുടെ ക്രയവിക്രയങ്ങൾ നടത്തുന്നതിന് സ്കെച്ച് തയ്യാറാക്കാനുള്ള അധികാരം സർക്കാർ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ/ലൈസൻസ്ഡ് സർവ്വേയർക്കോ ആയിരിക്കും.

(സി) സാധാരണക്കാരുടെ ഭൂമി ക്രയവിക്രയങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സ്കെച്ച് തയ്യാറാക്കാൻ സമയബന്ധിതമായി സർവ്വേയർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യം അഴിമതിക്കും കാലതാമസത്തിനും

ഇടയാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. ഡിജിറ്റൽ സർവ്വേ നടപടികളും ടി സർവ്വേയിൽനിന്ന് ലഭിക്കുന്ന ഡിജിറ്റൽ രേഖകളും ഭൂമിയുടെ ക്രയവിക്രയങ്ങൾ കൂടുതൽ ലളിതവും അനയാസവും ജനോപകാരമാക്കുവാനും ഉദ്ദേശിച്ചിട്ടുള്ളതാണ്. ഡിജിറ്റൽ സർവ്വേയ്ക്കുശേഷം ഡിജിറ്റൽ പോക്കുവരവ് വേളയിൽ മറിച്ചുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കണ്ണൂർ ജില്ലയിൽ ഡിജിറ്റൽ സർവ്വേ**

349 (3568) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഡിജിറ്റൽ സർവ്വേ നടക്കുന്ന വില്ലേജുകളുടെയും പൂർത്തിയായ വില്ലേജുകളുടെയും പട്ടിക താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിൽ ഡിജിറ്റൽ സർവ്വേ നടക്കുന്ന വില്ലേജുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | താലൂക്ക് | വില്ലേജ് |
|---|---|---|
| 1 | ഇരിട്ടി | വിളമന |
| 2 | കണ്ണൂർ | എളയാവൂർ |
| 3 | കണ്ണൂർ | കണ്ണൂർ 1 |
| 4 | ഇരിട്ടി | ചാവശ്ശേരി |
| 5 | ഇരിട്ടി | കരിക്കോട്ടക്കരി |
| 6 | ഇരിട്ടി | കാണിച്ചാർ |
| 7 | ഇരിട്ടി | ആറളം |
| 8 | കണ്ണൂർ | കണ്ണൂർ 2 |
| 9 | കണ്ണൂർ | പള്ളിക്കുന്ന് |
| 10 | കണ്ണൂർ | പുഴാതി |
| 11 | കണ്ണൂർ | വളപട്ടണം |
| 12 | കണ്ണൂർ | അഴീക്കോട് സൗത്ത് |
| 13 | തലശ്ശേരി | കോട്ടയം |
| 14 | തലശ്ശേരി | തലശ്ശേരി |

മേൽ പറഞ്ഞിരിക്കുന്ന വില്ലേജുകളിൽ ക്രമനമ്പർ 6 മുതൽ 14 വരെ 9 വില്ലേജുകളുടെ സർവ്വേ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ പുരോഗതിയിലാണ്. ബാക്കിവരുന്ന 5 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ വിവിധ ഘട്ടങ്ങളിലാണ്.

രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയ ആകെ 14 വില്ലേജുകളിൽ കീഴല്ലൂർ, കീഴൂർ എന്നീ വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേയും പുരോഗതിയിലാണ്.

(ബി) അഴീക്കോട് മണ്ഡലത്തിൽ ഡിജിറ്റൽ സർവ്വേ നടക്കുന്നതും പൂർത്തിയായതുമായ വില്ലേജുകളുണ്ടോ; വിശദമാക്കാമോ?

അഴീക്കോട് മണ്ഡലത്തിലെ പള്ളിക്കുന്ന്, അഴീക്കോട് സൗത്ത്, പുഴാതി, വളപട്ടണം എന്നീ വില്ലേജുകളുടെ സർവ്വേ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ പുരോഗതിയിലാണ്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ അഴീക്കോട് നോർത്ത്, പാപ്പിനിശ്ശേരി, ചിറക്കൽ എന്നീ വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ ഉടൻ ആരംഭിക്കുന്നതുമാണ്.

**ഡിജിറ്റൽ റീസർവ്വേയുടെ പുരോഗതി**

350 (3569) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതനസാങ്കേതികവിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തെ ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഡിജിറ്റൽ സർവ്വേ റെക്കോർഡുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി അളന്ന 89 വില്ലേജുകളും ഡിജിറ്റൽ സർവ്വേ പുരോഗമിക്കുന്ന 27 വില്ലേജുകളും ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വേ നാലു വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയാണ് 2022 നവംബർ 1-ന് തുടക്കം കുറിച്ചിട്ടുള്ളത്. നൂതന സർവ്വേ സാങ്കേതിക വിദ്യകളായ CORS, RTK Rover, Robotic ETS, Drone എന്നിവ ഉപയോഗിച്ചാണ് സർവ്വേ നടത്തുന്നത്. ടി പദ്ധതി ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 70 വില്ലേജുകളുടെ 9(2)

പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. 36 വില്ലേജിന്റെ 90% സർവ്വേ ജോലികളും 27 വില്ലേജിന്റെ 70-90% ജോലികളും ബാക്കി വില്ലേജിന്റെ സർവ്വേ ജോലികളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത 200 വില്ലേജുകളിലായി നാളിതുവരെ 2,35,096.73 ഹെക്ടർ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ട 200 വില്ലേജുകളുടെ സർവ്വേ ജോലികളും ഇതോടൊപ്പം പുരോഗമിച്ചുവരുന്നു.

(ബി) ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുമ്പോൾ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ ഏകോപിപ്പിച്ച് ഇന്റഗ്രേറ്റഡ് പോർട്ടൽ നിലവിൽ വരുന്നതോടെ ഭൂമിസംബന്ധമായ വിവരങ്ങൾക്ക് കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് കഴിയുമോ; വിശദീകരിക്കുമോ?

നിലവിൽ സർവ്വേ, റവന്യൂ രജിസ്ട്രേഷൻ വകുപ്പുകൾ പ്രത്യേകം പ്രത്യേകം കൈകാര്യം ചെയ്തുവരുന്ന ഭൂമി സംബന്ധമായ സേവനങ്ങൾ/പോർട്ടലുകൾ ഒരു ഏകജാലക സംവിധാനത്തിൽ ലഭ്യമാകുന്നതിനുള്ള ഏകീകൃത വെബ്പോർട്ടൽ ആണ് Integrated Land

Information Management System(ILIMS). ആയത് "എന്റെ ഭൂമി" വഴി നടപ്പിലാക്കിയിട്ടുണ്ട്. ടി പോർട്ടൽ ഉടൻ പ്രായോഗിക തലത്തിൽ നടപ്പിൽ വരുന്നതാണ്. ഇതിലൂടെ ഭൂസംബന്ധമായ സേവനങ്ങൾ നൽകിവരുന്ന രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ എന്നീ മൂന്ന് പ്രധാന വകുപ്പുകളിലെ സേവനങ്ങളെ സംയോജിപ്പിച്ച്, പൊതുജനങ്ങൾക്ക് സമഗ്രമായ സേവനം ലഭ്യമാക്കുന്നതിനാണ് പ്രസ്തുത പോർട്ടലിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ പൊതുജനങ്ങൾക്ക് അവരവരുടെ ഭൂമി സംബന്ധമായ ആവശ്യങ്ങൾക്ക് വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ പരിഹാരം കാണാനാവുന്നതാണ്.

(സി) ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുന്നതോടെ ഭൂമി സംബന്ധമായ എല്ലാ അപേക്ഷകളും ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി പരിഹരിക്കപ്പെടുന്നതിനുമുള്ള സംവിധാനം ഉറപ്പാക്കുമോ; വിശദീകരിക്കുമോ?

ഡിജിറ്റൽ സർവ്വേ പദ്ധതി പൂർത്തിയാകുന്നതോടെ സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച്

ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ, ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സാധിക്കുന്നതാണ്. ഇതിലൂടെ പൊതുജനങ്ങൾക്ക് കൃത്യമായ ഭൂരേഖകളും സ്കെച്ചും ലഭ്യമാകുന്നതും, ഭൂസംബന്ധമായ എല്ലാ സേവനങ്ങളും വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കുന്നതാണ്. വില്ലേജുകളിലെ റവന്യൂ കണക്കിൻ പ്രകാരമുള്ള ഭൂവുടമസ്ഥരുടെ വിവരം "എന്റെ ഭൂമി" പോർട്ടലിൽ നൽകിയിട്ടുണ്ട്. ഇത് ബന്ധപ്പെട്ട ഭൂവുടമയ്ക്ക് പരിശോധിക്കുന്നതിനും അപാകതയുള്ളപക്ഷം പോർട്ടൽ മുഖേനതന്നെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സാധിക്കുന്നതുമാണ്.

ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവ്വേ അതിരടയാള ആക്ട് സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം പ്രസ്തുത വില്ലേജുകളുടെ മാപ്പുകളും, അനുബന്ധ വിവരങ്ങളും "എന്റെ ഭൂമി" (https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ, ബന്ധപ്പെട്ട ക്യാമ്പ് ഓഫീസ് സന്ദർശിച്ചോ

റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്.

(ഡി) സർവ്വേ സംബന്ധമായ രേഖകളുടെ അവ്യക്തതമൂലം മന്ദഗതിയിലായിട്ടുള്ള വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഡിജിറ്റൽ സർവ്വേയുടെ പൂർത്തീകരണം സഹായകമാകുമോ; വിശദീകരിക്കുമോ?

ആധുനിക ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി അത്യാധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് ഏറ്റവും നൂതനമായ റെക്കോർഡുകളാണ് തയ്യാറാക്കുന്നത്. ആയതിനാൽതന്നെ ഡിജിറ്റൽ സർവ്വേ പൂർത്തീകരണത്തോടെ ഭൂമിയുടെ വ്യക്തവും ആധികാരികവുമായ സർവ്വേ റെക്കോർഡുകൾ തയ്യാറാക്കാൻ സാധിക്കുന്നതാണ്. അതിനാൽ തന്നെ വികസന പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽ സർവ്വേ ഏറെ സഹായകമാകും.

**കുറ്റ്യാടി –തുണേരി–വേറ്റുമ്മൽ–കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതിക്ക് ഭൂസർവേ നടപടി**

351(3570) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കുറ്റ്യാടി–തൂണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി പുനരുദ്ധരിക്കാൻ തൂണേരി, എടച്ചേരി ഗ്രാമപഞ്ചായത്തുകളിൽ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത ഭൂമിയിൽ ഇറിഗേഷൻ-റവന്യൂ വകുപ്പിന്റെ സംയുക്ത സർവ്വേ നടപടി ആരംഭിച്ചിട്ടുണ്ടോ?

നാദാപുരം മണ്ഡലത്തിലെ തൂണേരി, എടച്ചേരി ഗ്രാമപഞ്ചായത്തുകളിൽ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത ഭൂമിയിൽ ഇറിഗേഷൻ വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) സർവ്വേ നടപടി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

വടകര താലൂക്ക് സർവ്വേയർമാരുടെ സേവനം ഉപയോഗപ്പെടുത്തി തൂണേരി, എടച്ചേരി വില്ലേജുകളിൽ കനാലിന്റെ ഇരുവശങ്ങളിലുമായി 12 കി.മീ. സർവ്വേ ജോലി ജനവരി മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിലെ ഡിജിറ്റൽ റീസർവ്വേ**

352(3571) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന ഡിജിറ്റൽ റീസർവ്വേയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി അളന്ന 89 വില്ലേജുകളും ഡിജിറ്റൽ സർവ്വേ പുരോഗമിക്കുന്ന 27 വില്ലേജുകളും ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വേ റെക്കോർഡുകൾ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് 2022 നവംബർ 1-ന് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെ ആകെ 8 ഘട്ടങ്ങളിലായാണ് 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 70 വില്ലേജുകളുടെ സർവ്വേ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 36 വില്ലേജിന്റെ 90%

സർവ്വേ ജോലികളും 27 വില്ലേജിന്റെ 70-90% സർവ്വേ ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ സർവ്വേ ജോലികൾ പുരോഗതിയിലുമാണ്. പ്രസ്തുത 200 വില്ലേജുകളിലായി 12-02-2024 വരെ 2,35,096.73 ഹെക്ടർ സർവ്വേ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ട സർവ്വേ പ്രവർത്തനങ്ങൾക്ക് 20-10-2023-ൽ തുടക്കം കുറിച്ചുകൊണ്ട് രണ്ടാംഘട്ട 200 വില്ലേജുകളുടെ സർവ്വേ ജോലികളും പുരോഗതിയിലാണ്.

(ബി) ആലപ്പുഴ ജില്ലയിൽ എത്ര വില്ലേജുകളിൽ എത്ര ഹെക്ടർ സ്ഥലം റീസർവ്വേ ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്?

ആലപ്പുഴ ജില്ലയിൽ ഡിജിറ്റൽ റീസർവ്വേയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പുളിങ്കുന്ന്, വെളിയനാട്, കുത്തിയതോട്, ചേർത്തല നോർത്ത്, അരൂർ, എഴുപുന്ന, കടക്കരപള്ളി, പട്ടണക്കാട് എന്നീ 8 വില്ലേജുകളിലായി 8,150.709 ഹെക്ടർ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലയിൽ അടുത്ത ഘട്ടത്തിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഡിജിറ്റൽ റീസർവ്വേയുടെ രണ്ടാംഘട്ടത്തിൽ ആലപ്പുഴ ജില്ലയിലെ

അർത്തുങ്കൽ, കോടംതുരുത്ത്, മാന്നാർ, ആര്യാട് തെക്ക്, അമ്പലപ്പുഴ, ഹരിപ്പാട്, കീരിക്കാട്, തെക്കേക്കര, കൈനകരി വടക്ക് എന്നീ 9 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ റീസർവ്വേ നടപടികൾ**

353(3572) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ തീരപ്രദേശത്ത് താമസിക്കുന്ന ഒട്ടേറെ കുടുംബങ്ങളുടെ ഭൂമി മിക്കതും പണ്ടുമുതലേ ദേവസ്വം ഭൂമിയായി ലഭിച്ചിട്ടുള്ളതും കൈമാറി വന്നിട്ടുള്ളതുമായതിനാൽ ഇവർക്ക് ബാങ്ക് ലോണിന് അപേക്ഷിക്കുന്നതിനും മറ്റാനുകൂല്യങ്ങൾ ലഭിക്കുന്നതിനും തടസ്സം നേരിടുന്ന സാഹചര്യത്തിൽ മണ്ഡലത്തിലെ ജനസാന്ദ്രത മുൻനിർത്തി ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് എത്രയുംവേഗം ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സർവ്വേ നടത്തുന്നതിനും ഭൂമി സംബന്ധമായ എല്ലാ വസ്തുതകളും ഡിജിറ്റലൈസ് ചെയ്യുന്നതിനുമുള്ള

നടപടികൾ സ്വീകരിക്കാമോ?

തൃശ്ശൂർ ജില്ലയിൽ ഡിജിറ്റൽ സർവ്വേയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 23 വില്ലേജുകളുടെ സർവ്വേ ജോലികൾ പുരോഗതിയിലാണ്. രണ്ടാംഘട്ട സർവ്വേ പ്രവർത്തനങ്ങൾക്ക് 20-10-2023-ന് തുടക്കം കുറിച്ചിട്ടുള്ളതും കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ 2 വില്ലേജുകൾ (ചെന്ത്രാപ്പിന്നി, എടത്തിരുത്തി) ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ശേഷിക്കുന്ന വില്ലേജുകളെ തുടർഘട്ടങ്ങളിൽ ഉൾപ്പെടുത്തി ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതുമാണ്.

(ബി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എടത്തിരുത്തി വില്ലേജ് കേന്ദ്രീകരിച്ചുകൊണ്ടുള്ള റീസർവ്വേ നടപടികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

കൈപ്പമംഗലം നിയോജകമണ്ഡലത്തിലുൾപ്പെട്ട എടത്തിരുത്തി വില്ലേജ് രണ്ടാംഘട്ട സർവ്വേ പ്രവർത്തനങ്ങൾക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. ടി വില്ലേജിന്റെ പ്രാരംഭ ജോലികൾ പുരോഗതിയിലാണ്.

(സി) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ഇനിയും പട്ടയം

ലഭിക്കാത്ത കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കാമോ?

കൈപ്പമംഗലം മണ്ഡലത്തിലെ 19 അപേക്ഷകർക്ക് പട്ടയം നൽകാനുള്ളതാണ്. അതിൽ 14 അപേക്ഷകൾ കടൽ പുറമ്പോക്ക് വിഭാഗത്തിലും 4 അപേക്ഷകൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് പുനർനിക്ഷിപ്തം ചെയ്തുലഭിക്കേണ്ടതും ഒരു അപേക്ഷ ഇറിഗേഷനിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കേണ്ടതുമാണ്. ഈ അപേക്ഷകളെല്ലാം പട്ടയം ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ടി അപേക്ഷകൾക്ക് പട്ടയം നൽകുന്നതിനുള്ള തുടർനടപടികൾ പുരോഗതിയിലുമാണ്.

**തൃശ്ശൂർ ജില്ലയിലെ ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾ**

354(3573) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങളേത് ഘട്ടത്തിലാണെന്നും നാളിതുവരെ എത്ര വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ ഡിജിറ്റൽ സർവ്വേയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 23 വില്ലേജുകളിൽ 2 വില്ലേജുകളുടെ സർവ്വേ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 9 വില്ലേജുകളുടെ 90% സർവ്വേ ജോലികളും 6 വില്ലേജുകളുടെ 70-90% സർവ്വേ ജോലികളും ബാക്കി വില്ലേജുകളുടെ സർവ്വേ ജോലികൾ പുരോഗതിയിലുമാണ്. പ്രസ്തുത 23 വില്ലേജുകളിലായി നാളിതുവരെ 11,600 ഹെക്ടർ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വേയുടെ രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ 23 വില്ലേജുകളാണുൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാം ഘട്ടത്തിലെ വില്ലേജുകളുടെ സർവ്വേ പൂർത്തിയാകുന്നമുറയ്ക്ക് രണ്ടാം ഘട്ടത്തിലെ വില്ലേജുകളുടെ സർവ്വേ ആരംഭിക്കുന്നതാണ്.

(ബി) ജില്ലയിൽ റീസർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ജില്ലയിൽ ഡിജിറ്റൽ സർവ്വേയുടെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 23 വില്ലേജുകളിലായി നാളിതുവരെ 11,600 ഹെക്ടർ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ടി വില്ലേജുകളുടെ റീസർവ്വേ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള

നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നു. ഡിജിറ്റൽ സർവ്വേയുടെ രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ 23 വില്ലേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) മണലൂർ മണ്ഡലത്തിലെ റീസർവ്വേ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഡിജിറ്റൽ റീസർവ്വേയുടെ ആദ്യഘട്ടത്തിൽ മണലൂർ മണ്ഡലത്തിലെ കാരമുക്ക്, മനക്കൊടി എന്നീ വില്ലേജുകളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. നാളിതുവരെ കാരമുക്ക് വില്ലേജിലെ 378.78 ഹെക്ടറും മനക്കൊടി വില്ലേജിലെ 489.74 ഹെക്ടറും സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ബ്രഹ്മകുളം വില്ലേജിന്റെ ജോലികൾ പ്രാരംഭഘട്ടത്തിലാണ്.

**ഡിജിറ്റൽ റീസർവ്വേ നടപടികൾ**

355 (3574) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u>
<u>ശ്രീ. കെ. ബാബു (നെന്മാറ):</u>
<u>ശ്രീ. എ. പ്രഭാകരൻ:</u>

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണ്; നാളിതുവരെ എത്ര വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ പൂർത്തിയാക്കുന്നതിന് ആസൂത്രണം ചെയ്ത നടപടികൾ വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവ്വേ പരമ്പരാഗത രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി അളന്ന 89 വില്ലേജുകളും ഡിജിറ്റൽ സർവ്വേ പുരോഗമിക്കുന്ന 27 വില്ലേജുകളും ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വേ റെക്കോർഡുകൾ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതി 2022 നവംബർ 1-ന് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ

വീതവും നാലാം വർഷം 350 വില്ലേജുകളുമുൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 70 വില്ലേജുകളുടെ സർവ്വേ നടപടികൾ പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 36 വില്ലേജുകളുടെ 90% സർവ്വേ ജോലികളും 27 വില്ലേജുകളുടെ 70-90% ജോലികളും ബാക്കി വില്ലേജുകളുടെ സർവ്വേ ജോലികൾ പുരോഗതിയിലുമാണ്. പ്രസ്തുത 200 വില്ലേജുകളിലായി 12-02-2024 വരെ 2,35,096.73 ഹെക്ടർ സർവ്വേ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടത്തിലെ 200 വില്ലേജുകളുടെ സർവ്വേ പ്രവർത്തനങ്ങൾക്ക് 20-10-2023-ന് തുടക്കമായിട്ടുള്ളതും നിലവിൽ 34 വില്ലേജുകളിൽ സർവ്വേ ആരംഭിച്ചിട്ടുള്ളതുമാണ്. ഒന്നാം ഘട്ടത്തിലെ വില്ലേജുകളുടെ സർവ്വേ പൂർത്തിയാകുന്നമുറയ്ക്ക് രണ്ടാംഘട്ടത്തിലെ കൂടുതൽ വില്ലേജുകളുടെ സർവ്വേ ആരംഭിക്കുന്നതാണ്.

(സി) ഡിജിറ്റൽ റീസർവ്വേയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഡിജിറ്റൽ സർവ്വേ പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിനും വകുപ്പിലെ മാനുഷിക വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുമായി 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും കരാറടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തേയ്ക്ക് താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിൻപ്രകാരം ജില്ലകളിൽ നിയമനം നൽകിവരുന്നതും ടി നിയമനം സാങ്കേതിക ജോലിയായതുകൊണ്ടുതന്നെ 179 ദിവസത്തെ സർവ്വീസ് കാലയളവിൽ ആധുനിക സർവ്വേ രീതികളിൽ ഉദ്യോഗാർത്ഥികൾ ആർജ്ജിക്കുന്ന പരിചയസമ്പത്ത് പദ്ധതി നിർവ്വഹണത്തിന് മുതൽക്കൂട്ടാക്കുന്നതിനായി 179 ദിവസത്തെ സർവ്വീസ് പൂർത്തീകരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഒരു ദിവസത്തെ സർവ്വീസ് ബ്രേക്ക് നൽകി ടി ഉദ്യോഗാർത്ഥികളുടെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തി പുനർനിയമനം നൽകി വരുന്നതുമാണ്. നിലവിൽ 1305 കോൺട്രാക്ട് സർവ്വേയർമാരും 2014 കോൺട്രാക്ട് ഹെൽപ്പർമാരും ജോലി

ചെയ്തുവരുന്നതുമാണ്. ശേഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ നിയമനം അന്തിമഘട്ടത്തിലുമാണ്. ഇതുകൂടാതെ ഡിജിറ്റൽ സർവ്വേ നടപടികൾക്കായി വകുപ്പിലെ പി.എസ്.സി.വഴി നിയമിതരായ സ്ഥിരം സർവ്വേയർമാരുടെ കുറവ് നികത്തുന്നതിനായി സർവ്വേ വകുപ്പിൽ കാലങ്ങളായി ഒഴിഞ്ഞുകിടന്നതും റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതുമായ 110 ഡ്രാഫ്റ്റ്സ്മാൻ തസ്തികകളെ പരിവർത്തനം ചെയ്ത് സർവ്വേയർ തസ്തികകളാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകൊണ്ട് സർവ്വേയർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**ഭൂമി പരിവർത്തനം ചെയ്യുന്നതിനുള്ള അപേക്ഷകൾ**

356(3575) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഭൂമി പരിവർത്തനം ചെയ്യുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഭൂമി പരിവർത്തനം

ചെയ്യുന്നതിന് 619789 (ഓൺലൈൻ - 392888, ഓഫ് ലൈൻ -226901) അപേക്ഷകൾ (07.02.2024 വരെ) ലഭിച്ചിട്ടുണ്ട്.

(ബി) അതിൽ എത്ര അപേക്ഷകൾ പരിഗണിച്ചിട്ടുണ്ടെന്നും ഇപ്രകാരം എത്ര ഭൂമി പരിവർത്തനം ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇപ്രകാരം ലഭിച്ച 619789 ലഭിച്ച അപേക്ഷകളിൽ 07.02.2024 വരെ 366176 അപേക്ഷകൾ പരിഗണിച്ച് തീർപ്പുകൽപ്പിച്ചിട്ടുണ്ട്. ഇപ്രകാരം പരിവർത്തനം ചെയ്തിട്ടുള്ള ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

**ഗൃഹശ്രീ ഭവന പദ്ധതി**

357(3576) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ ഭവന പദ്ധതി വഴി 2022-23-ൽ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഈ പദ്ധതി പ്രകാരം പാലക്കാട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിൽ എത്ര വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2022-2023-ൽ പാലക്കാട് ജില്ലയിൽ 77 വീടുകളുൾപ്പെടെ 362 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്കുസമീപം നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതി പ്രകാരം 2022-23-ൽ നടപ്പിലാക്കിയ പദ്ധതിയെ സംബന്ധിച്ച വിശദവിവരം നൽകാമോ?

2022-23 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട ജില്ലയിൽ കോന്നി മെഡിക്കൽ കോളേജിനുസമീപവും കോട്ടയം മെഡിക്കൽ കോളേജിനുസമീപവും ആശ്വാസ് വാടക വീട് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ സ്ഥലം ബോർഡിന് താൽക്കാലികമായി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്നതനുസരിച്ച് ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. എന്നാൽ കോന്നി മെഡിക്കൽ കോളേജിനുസമീപം പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം

ലഭിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവെങ്കിലും ഇതുവരെയും ബോർഡിന് സ്ഥലം ലഭിച്ചിട്ടില്ല. ആയതിനാൽ ടി പദ്ധതി ബോർഡിന് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

**എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം**

358(3577) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുംവിധം പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു അന്താരാഷ്ട്ര ടൂറിസം ഹബ് പദ്ധതി പൊതുസ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്തി നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇന്ത്യയിലെ പ്രസിദ്ധമായ തീർത്ഥാടന

കേന്ദ്രമായ ശബരിമലയിലേയ്ക്കുള്ള തീർത്ഥാടകരുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും പ്രസ്തുത സ്ഥലം ദക്ഷിണേന്ത്യയിലെ സുപ്രധാന വിനോദ സഞ്ചാര കേന്ദ്രമായ തേക്കടിയുടെ സമീപത്തായതിനാലും ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ പിൽഗ്രിമേജ് ടൂറിസം/വിനോദ സഞ്ചാര ടൂറിസം എന്നിവയുടെ വികസനം സാധ്യമാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

**അപകട ഭീഷണിയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം**

359(3578) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിലെ മണ്ണിടിച്ചിൽ മുതലായ അപകട ഭീഷണിയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ശിപാർശ ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുസഹിതം വിശദമാക്കാമോ; പ്രസ്തുത കുടുംബങ്ങളെ

പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലുൾപ്പെട്ട മണ്ണാർക്കാട് താലൂക്ക് പാലക്കയം വില്ലേജിലെ 15 കുടുംബങ്ങളെ അപകട ഭീഷണിയുള്ള പ്രദേശങ്ങളിൽനിന്നും മാറ്റിപ്പാർപ്പിക്കുന്നതിനായി വിദഗ്ധ സമിതി നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ പാലക്കയം വില്ലേജിലെ 6 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

പ്രസ്തുത 6 കുടുംബങ്ങളിൽ ശ്രീമതി.സിനി W/o സജി, പതിനാറു പാറയിൽ വീട്, വട്ടപ്പാറ, പാലക്കയം എന്നിവരെ മാത്രമാണ് മാറ്റിപ്പാർപ്പിക്കുന്നതിന് യോഗ്യതയുള്ളതായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കണ്ടെത്തി ശിപാർശ സമർപ്പിച്ചിട്ടുള്ളത്. ശ്രീമതി സിനിക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശേഷിക്കുന്ന 5 കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ച പരിശോധനാ റിപ്പോർട്ടുകൾ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

## പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശം

360 (3579) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) അവയിൽ നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെയും അവയിൽ നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലക്കാട് ജില്ലയിലെ രജിസ്ട്രാർ ഓഫീസുകളുടെ നവീകരണ പ്രവൃത്തികൾ

361(3580) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ രജിസ്ട്രാർ ഓഫീസുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ കുമരനെല്ലൂർ സബ് രജിസ്ട്രാർ ഓഫീസിൽ റെക്കോർഡ് റൂമിന്റെ നവീകരണത്തിന്റെ ഭാഗമായി കോംപാക്റ്റർ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം രജിസ്ട്രാർ ഓഫീസുകൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പാലക്കാട് ജില്ലയിലെ കോട്ടായി, കൊടുവായൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനായി 15-02-2021, 17-02-2021 എന്നീ

തീയതികളിൽ ഭരണാനുമതി നൽകുകയുണ്ടായി. കോട്ടായി സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 22-03-2023-ലെ G.O.(Rt)No.338/2023/PWD നമ്പർ ഉത്തരവ് പ്രകാരം 190 ലക്ഷം രൂപയുടെയും കൊടുവായൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 30-03-2022-ലെ G.O.(Rt)No.346/2022/ PWD നമ്പർ ഉത്തരവ് പ്രകാരം 122 ലക്ഷം രൂപയുടെയും പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു+.

**ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിലെ അപാകത**

362(3581) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിൽ മുന്നാട് വില്ലേജിൽ 2010-ലെ ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിൽ തൊട്ടടുത്ത വില്ലേജുകളെക്കാൾ ക്രമാതീതമായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് താലൂക്കിലെ മുന്നാട് വില്ലേജിലും ടി വില്ലേജിനോട് അതിർത്തി പങ്കിടുന്ന കള്ളാർ, കുറ്റിക്കോൽ, ബേഡടുക്ക തുടങ്ങിയ വില്ലേജുകളോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലും സർവ്വേ നമ്പറുകളിലുമാണ് തൊട്ടടുത്ത വില്ലേജുകളിലെ സമാനമായ ഭൂമികളുടെ ന്യായവിലയുമായി താരതമ്യം ചെയ്യുമ്പോൾ മൂന്നിരട്ടിയോളം നിരക്കിൽ ന്യായവില നിശ്ചയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) ഇതുപരിഹരിച്ച് നൽകുന്നതിനായുള്ള തുടർനടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ന്യായവില നിർണ്ണയിച്ചത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉള്ളപക്ഷം ന്യായവില കരട് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനുള്ളിൽ അപ്രകാരമുള്ള അപേക്ഷകൾ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ആയത് പരിഗണിച്ച് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ അന്തിമമായി ന്യായവില നിർണ്ണയിച്ച് ഫോറം എ-യിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണെന്നുമാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ പരാതിക്കാസ്പദമായ ഭൂമിയുടെ ന്യായവിലയെ സംബന്ധിച്ച്

നിശ്ചിത കാലയളവിൽ പരാതികളൊന്നും ലഭ്യമായിരുന്നില്ല. 2010-ൽ നിർണ്ണയിച്ച ന്യായവിലയ്ക്കെതിരെയുള്ള ആക്ഷേപങ്ങളും അപ്പീലുകളും നൽകുന്നതിനുള്ള കാലാവധി കഴിഞ്ഞ സാഹചര്യത്തിലും ഒരു വില്ലേജിലെ മൊത്തത്തിലുള്ള ന്യായവില നിർണ്ണയിച്ചതിലുള്ള അപാകത ആയതിനാലും ടി വിഷയത്തിൽ സർക്കാർ തീരുമാനം അനിവാര്യമാണ്. പ്രസ്തുത വിഷയത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ കാസർഗോഡ് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് ജില്ലാ കളക്ടർ ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്**

363(3582) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാതാപിതാക്കൾ മക്കൾക്ക് നൽകുന്ന ഇഷ്ടദാനം, സഹോദരങ്ങൾ തമ്മിലുള്ള ഭാഗഉടമ്പടി, ഒഴികുറി എന്നിവയ്ക്ക് നിലവിൽ സ്റ്റാമ്പ് ഡ്യൂട്ടി എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത്തരം രജിസ്ട്രേഷനുകൾക്ക് സ്റ്റാമ്പ്

ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

കുടുംബാംഗങ്ങൾ തമ്മിലുള്ള ദാനത്തിനും ഇഷ്ടദാനത്തിനും അവകാശഒഴികുറിക്കും കേരള മുദ്രപത്രനിയമം പട്ടിക ക്രമ നം.31(എ), 51A(എ), 48(എ) എന്നിവ പ്രകാരം ഏറ്റവും കുറഞ്ഞത് 1000/- രൂപ നിരക്കിൽ വസ്തുവിന്റെ ന്യായവില അല്ലെങ്കിൽ പ്രതിഫലം ഇവയിൽ ഏതാണ് കൂടുതലായുള്ളത് ആയതിന്റെ 0.2% എന്ന നിരക്കിലാണ് (ഓരോ ആയിരം രൂപയ്ക്കും 2 രൂപ നിരക്കിൽ) സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നത്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്ര ആധാരത്തിന് കേരള മുദ്രപത്രനിയമം 42(എ) പ്രകാരം ഏറ്റവും കുറഞ്ഞത് 1000/- രൂപ നിരക്കിൽ വസ്തുവിന്റെ വിഭാഗഓഹരിയുടെ ന്യായവില അല്ലെങ്കിൽ യഥാർത്ഥവില ഇവയിൽ ഏതാണ് കൂടുതലായുള്ളത് ആയതിന്റെ 0.15% എന്ന നിരക്കിലാണ് (ഓരോ 10000/- രൂപയ്ക്കും 15 രൂപ എന്ന നിരക്കിൽ) സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നത്.

ഇത്തരം രജിസ്ട്രേഷനുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ കൂടുതൽ ഇളവുകൾ നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

**നികുതിയുടെ സ്ലാബ്**

364(3583) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഇടപാടുകളിൽ രജിസ്ട്രേഷൻ ഫീ ആയി രജിസ്ട്രാർ ഓഫീസിൽ അടക്കേണ്ടിവരുന്ന നികുതിയുടെ സ്ലാബ് വിശദമാക്കാമോ?

1908-ലെ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 78 പ്രകാരം കേരളത്തിലെ രജിസ്ട്രേഷൻ ഫീസ് നിരക്കുകൾ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷൻ ഫീസ് പട്ടിക ആർട്ടിക്കിൾ 1A(1) പ്രകാരം വിലയാധാരങ്ങളുടെ രജിസ്ട്രേഷന് വസ്തുവിന്റെ ഫെയർവാല്യൂ അല്ലെങ്കിൽ യഥാർത്ഥ വില ഇതിൽ ഏതാണോ കൂടുതലായുള്ളത് ആയതിന്റെ 2 ശതമാനമാണ് രജിസ്ട്രേഷൻ ഫീസായി ഈടാക്കുന്നത്. കുടുംബാംഗങ്ങൾ തമ്മിലുള്ള ധനനിശ്ചയാധാരം, ദാനം എന്നിവയ്ക്ക് ഒരു ശതമാനം ഫീസും ഈടാക്കിവരുന്നു.

(ബി) എല്ലാത്തരം ഭൂമിക്കും ഒരേ നികുതിയാണോ; വിശദമാക്കാമോ?

എല്ലാത്തരം ഭൂമിയുടെയും രജിസ്ട്രേഷന് വസ്തുവിന്റെ ഫെയർവാല്യൂ അല്ലെങ്കിൽ യഥാർത്ഥ വില ഇതിൽ ഏതാണോ കൂടുതലായുള്ളത് ആയതിന്റെ 2 ശതമാനമാണ് രജിസ്ട്രേഷൻ ഫീസായി ഈടാക്കുന്നത്.

(സി) രജിസ്ട്രേഷൻ നടത്തുമ്പോൾ ഉപയോഗിക്കുന്ന മുദ്രപേപ്പറുകൾ, ആയതിനുള്ള സ്റ്റാമ്പ് എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഒരു ലക്ഷം രൂപ വരെ മുദ്രവില വരുന്ന ആധാരങ്ങൾക്ക് നിലവിൽ നോൺ ജൂഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾ സ്റ്റാമ്പ് വെണ്ടർമാരിൽ നിന്നും വാങ്ങാവുന്നതാണ്. ഒരു ലക്ഷം രൂപയിൽ കൂടുതൽ മുദ്രവില ആവശ്യമുള്ളവയ്ക്ക് നോൺജൂഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾ ഇ-സ്റ്റാമ്പ് രൂപത്തിലും ഉപയോഗിച്ചുവരുന്നു.

**മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി കിട്ടുന്നതിന് അപേക്ഷ**

365(3584) **ശ്രീ. കെ. പ്രേംകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ശ്രീമതി സുമ നാരായണൻകുട്ടിയുടെ

3324/2013 ആധാരത്തിൽ ഉള്ള ബ്ലോക്ക് 78 ടി.പി. 1083 196/17 റീസർവ്വേ നമ്പർ 309/3 ൽ ഉൾപ്പെട്ട 60 സെന്റ് സ്ഥലത്തിൽ നിന്നും 20 സെന്റ് സ്ഥലം 5 പേർക്ക് സൗജന്യമായി രജിസ്റ്റർ ചെയ്ത് നൽകാൻ തീരുമാനിച്ച വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി കിട്ടുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ച തീയതിയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; എന്തുകൊണ്ടാണ് ഇതിന്മേൽ തീരുമാനം എടുക്കാൻ ഇത്രയും കാലതാമസം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ശ്രീമതി സുമ നാരായണൻകുട്ടിയുടെ 06-07-2023 തീയതി രേഖപ്പെടുത്തിയ അപേക്ഷ 10-07-2023 തീയതിയിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷ 08-05-2023 തീയതിയിലെ GO(Rt)No.31/2023/TAXES നമ്പർ ഉത്തരവിന്റെ പരിധിയിൽ വരുന്നതാണോയെന്ന് വ്യക്തമല്ലാത്തതിനാലും ടി

അപേക്ഷയിന്മേൽ നടപടി സ്വീകരിക്കേണ്ടത് പാലക്കാട് ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലായതിനാലും ടി അപേക്ഷയിന്മേൽ ജെ2/134/2023/നി.വ നമ്പർ ഫയലിൽ 05-12-2023 തീയതിയിൽ പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**വില കുറച്ചുകാണിച്ച് രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഭൂവുടമകളിൽനിന്ന് പിഴ ഈടാക്കൽ**

366(3585) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വില കുറച്ചുകാണിച്ച് രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഭൂവുടമകൾക്ക് അതിന്റെ പേരിൽ നോട്ടീസ് അയച്ച് പിഴ അടയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഏതുവർഷം വരെയുള്ള ഇടപാടുകാരെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽനിന്നും നാളിതുവരെ എത്ര വരുമാനം ലഭിച്ചു; വിശദാംശം വ്യക്തമാക്കാമോ; ഇപ്രകാരം പിഴ ഈടാക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ?

വില കുറച്ചുകാണിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങൾക്ക് കേരള മുദ്രപത്രനിയമം 1959 വകുപ്പ് 45(ബി) പ്രകാരം കുറവുമുദ്രയും ഫീസും ഈടാക്കുന്നതിന് നോട്ടീസ് അയയ്ക്കുന്നുണ്ട്. വിലകുറച്ചുകാണിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ആധാരങ്ങൾക്കും കുറവ് മുദ്രയും ഫീസും ഒടുക്കേണ്ടതുള്ളതിനാൽ അപ്രകാരമുള്ള ഇടപാടുകാർക്കാണ് നോട്ടീസ് അയച്ചുവരുന്നത്. ഇതിലൂടെ നാളിതുവരെ മുദ്രവിലയും ഫീസുമുൾപ്പെടെ 454.99 കോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്. വസ്തുവിന്റെ വിലയോ പ്രതിഫലമോ കുറച്ചുകാണിച്ചാണ് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് ബോധ്യപ്പെട്ടാൽ, കുറവുമുദ്രയും, ഫീസും ഈടാക്കുവാൻ കേരള മുദ്രപത്രനിയമം 1959 -ലെ വകുപ്പ് 45(ബി) പ്രകാരം വ്യവസ്ഥയുണ്ട്.

**ഭൂമിയുടെ ന്യായവില**

367(3586) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില പരിഷ്കരിക്കുന്നത്

സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനറും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട് ജില്ലാ കളക്ടർമാർ തിരുവനന്തപുരം, ദേവികുളം, തൃശ്ശൂർ, പെരിന്തൽമണ്ണ സബ് കളക്ടർമാർ എന്നിവർ അംഗങ്ങളായും ഒരു സബ് കമ്മിറ്റി 09-07-2015-ലെ ജി.ഒ.(ആർ.റ്റി) 3598/15/ആർ.ഡി. നമ്പറായി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി രണ്ടുതവണ യോഗം വിളിച്ചുചേർക്കുകയും ന്യായവില പുനർനിർണ്ണയം സംബന്ധിച്ച് ഒരു ഏകദിന ശിൽപ്പശാല നടത്തുകയുമുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ നൽകിയ ശിപാർശകൾ പരിഗണിച്ചും ഒരു പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. ഈ പ്രൊപ്പോസൽ കണക്കിലെടുത്ത് സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില

പുനർനിർണ്ണയം നടത്തുവാൻ അനുമതി നൽകിയും മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചും 14-08-2018-ൽ സ.ഉ.(കൈ)നം.302/2018/റവ. നമ്പരായി സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവുപ്രകാരം സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയ നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ എന്നിവർ അംഗങ്ങളായിവരുന്ന ഒരു മോണിട്ടറിംഗ് കമ്മിറ്റിയും രൂപീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ടി ഉദ്യോഗസ്ഥർക്കുപുറമേ സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ, അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ.), അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം.) അസിസ്റ്റന്റ് കമ്മീഷണർ (എസ്.സി.) നോഡൽ ഓഫീസർ സ്റ്റേറ്റ് ഐ.ടി. സെൽ എന്നിവരെക്കൂടി ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണർ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതുമാണ്.

(ബി) ഭൂമിയുടെ ന്യായവില ഇരുപത് ശതമാനം ഒറ്റയടിക്ക് വർദ്ധിപ്പിച്ചതിനെത്തുടർന്ന് 2023 വർഷത്തിൽ സർക്കാരിലേയ്ക്ക് ഈയിനത്തിൽ ലഭിച്ച വരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത

വരുമാനം മുൻവർഷം ഇതേസമയം ലഭിച്ചതിൽനിന്നും എത്ര വ്യത്യാസമുണ്ടെന്നുകൂടി അറിയിക്കുമോ?

ഏപ്രിൽ 2022 മുതൽ ജനുവരി 2023 വരെയുള്ള വരുമാനം 4246.80 കോടി രൂപയും ന്യായവില ഇരുപത് ശതമാനം വർദ്ധനവ് വരുത്തിയതിനുശേഷം ഏപ്രിൽ 2023 മുതൽ ജനുവരി 2024 വരെയുള്ള വരുമാനം 4194.92 കോടി രൂപയുമാണ്. 2023-24 ജനുവരി വരെയുള്ള വരുമാനം മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ വരുമാനത്തിൽ 51.88 കോടി രൂപ കുറവ് വന്നതായികാണുന്നു.

(സി) ന്യായവിലയുടെ അമിതമായ വർദ്ധനവും തെറ്റായ ന്യായവില നിർണ്ണയവും റിയൽ എസ്റ്റേറ്റ് മേഖലയെ കാര്യമായി ബാധിച്ചിട്ടുണ്ടെന്നും ഭൂമിയുടെ വില്പന കാര്യമായി കുറഞ്ഞിട്ടുണ്ടെന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ രംഗത്തുണ്ടായ മാന്ദ്യം മറികടക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ?

ന്യായവിലയുടെ അമിതമായ വർദ്ധനവും തെറ്റായ ന്യായവില നിർണ്ണയവും റിയൽ എസ്റ്റേറ്റ് മേഖലയെ കാര്യമായി ബാധിച്ചിട്ടുള്ളതായും

മേൽകാരണങ്ങളാൽ ഭൂമിയുടെ വിൽപ്പന കാര്യമായി കുറഞ്ഞിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭൂവസ്തു അറ്റാച്ച്മെന്റ് നടപടികൾ**

368(3587) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരാൾക്കെതിരെയുള്ള ധനപരമായ ബാധ്യതകൾ അയാളുടെ ഭൂവസ്തു ജപ്തി ചെയ്ത് ഈടാക്കുവാൻ നിർദ്ദേശിച്ച് കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ (വസ്തു പണയപ്പെടുത്തിയുള്ള വായ്പകൾ ഒഴികെയുള്ളത്) സംബന്ധിച്ച വിവരങ്ങൾ നിർദ്ദിഷ്ട ജപ്തി വസ്തുവിന്റെ സബ് രജിസ്ട്രാർ ഓഫീസ്/വില്ലേജ് ഓഫീസ് ഭൂരേഖകളിലും സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നും നൽകുന്ന എൻകംബ്രൻസ് സർട്ടിഫിക്കറ്റുകളിലും രേഖപ്പെടുത്തണമെന്ന് ബന്ധപ്പെട്ട ചട്ടങ്ങളിൽ അനുശാസിക്കുന്നുണ്ടോ എന്നറിയിക്കാമോ?

1908-ലെ രജിസ്ട്രേഷൻ ആക്ടിലെ 57-ാം വകുപ്പനുസരിച്ച് ഒന്നാം

പുസ്തകത്തിലെ ഇൻഡക്സിലുള്ള പതിവുകളാണ് ബാധ്യത സർട്ടിഫിക്കറ്റിൽ ചേർത്ത് നൽകുന്നത്. രജിസ്ട്രേഷൻ ആക്ട് വകുപ്പ് 89 പ്രകാരം നീതിന്യായ കോടതികൾ പുറപ്പെടുവിക്കുന്ന ജപ്തി/വിടുതൽ ഉത്തരവുകളും റവന്യൂ റിക്കവറി ആക്ട് പ്രകാരം റവന്യൂ ഓഫീസർ പുറപ്പെടുവിക്കുന്ന ജപ്തി ഉത്തരവുകളും അതത് സബ് രജിസ്ട്രാർ ഓഫീസുകളിലെ ഒന്നാം പുസ്തകത്തിൽ ഫയൽ ചെയ്യേണ്ടതുണ്ട്. ആയതിനാൽ കോടതി ഒരു വസ്തുവിന്മേൽ പുറപ്പെടുവിച്ചിട്ടുള്ള ജപ്തി ബാധ്യത ഉത്തരവുകൾ ഒന്നാം പുസ്തകത്തിൽ ഫയൽ ചെയ്യപ്പെടുന്നതിനാൽ ബാധ്യതാ സർട്ടിഫിക്കറ്റിൽ പ്രസ്തുത ജപ്തി ഉത്തരവ് രേഖപ്പെടുത്തുന്നതാണ്.

(ബി) ഇപ്രകാരം രേഖപ്പെടുത്താത്ത സാഹചര്യങ്ങളിൽ നീതിന്യായ കോടതികളുടെ ഇടക്കാല/അന്തിമ അറ്റാച്ച്മെന്റ് ഉത്തരവുകൾക്കുശേഷം ഈ വസ്തു വിൽപ്പന നടത്തുമ്പോൾ ഈ അറ്റാച്ച്മെന്റ് ഉത്തരവുകൾ സംബന്ധിച്ച വിവരങ്ങൾ/നടപടികൾ യഥാസമയം അറിയാതെ വസ്തുവാങ്ങുന്ന ആൾ നിർദ്ദിഷ്ട വസ്തു അറ്റാച്ച്മെന്റ് നടപടികൾക്ക് വിധേയമാകുന്നതിനാൽ വഞ്ചിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് നീതിന്യായ കോടതികൾ/മറ്റ് അധികാര സ്ഥാപനങ്ങൾ പുറപ്പെടുവിക്കുന്ന ഒരു വസ്തുവിന്മേലുള്ള ഇടക്കാല/അന്തിമ അറ്റാച്ച്മെന്റ് ഉത്തരവുകൾ (നിർദ്ദിഷ്ട വസ്തു നിയമാനുസൃതം പണയപ്പെടുത്തി കരസ്ഥമാക്കുന്ന വായ്പകൾ ഒഴികെയുള്ള സംഗതികളിൽ) സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വസ്തുവിന്റെ സബ് രജിസ്ട്രാർ ഓഫീസ്/വില്ലേജ് ഓഫീസ് രേഖകളിലും സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നും നൽകുന്ന എൻകംബ്രൻസ് സർട്ടിഫിക്കറ്റുകളിലും രേഖപ്പെടുത്തുന്നതിന് വ്യവസ്ഥചെയ്ത് ചട്ടങ്ങൾ പരിഷ്കരിക്കാമോ?

പ്രസ്തുത വ്യവസ്ഥകൾ രജിസ്ട്രേഷൻ ആക്ടിൽ നിലവിലുള്ളതിനാൽ ചട്ടങ്ങൾ പരിഷ്കരിക്കേണ്ടതായി കാണുന്നില്ല.

**പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം**

369(3588) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കിഫ്ബി മുഖേന നിർമ്മിക്കുന്നതിന് 05-12-2017 തീയതിയിൽ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി 05-10-2018 തീയതിയിൽ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് കരാർ നൽകുകയുമുണ്ടായി. തുടർന്ന് കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ജോലിക്കുമുമ്പുള്ള മണ്ണ് പരിശോധനയിൽ മണ്ണിന് ബലക്ഷയമുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് കരിങ്കല്ല് ഫൗണ്ടേഷനുപകരം പൈലിംഗ് ചെയ്ത് ഫൗണ്ടേഷൻ നിർമ്മിക്കേണ്ടതിനാൽ, ആയതുപ്രകാരം റീടെൻഡർ വിളിക്കുന്നതിന് പുതുക്കിയ 2018-ലെ ഡി.എസ്.ആർ. നിരക്കുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി

റ്റി.എസ്. കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാഴൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക അനുവദിക്കുന്നതിന് നടപടി**

370(3589) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചിരുന്ന ദേവസ്വം ബോർഡ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക എത്രയുണ്ടെന്നും പ്രസ്തുത കുടിശ്ശിക നൽകുന്നതിനുള്ള നടപടികളേത് ഘട്ടത്തിലാണെന്നും അറിയിക്കാമോ; ഇതുസംബന്ധിച്ച ഫയൽ നമ്പർ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാടക കുടിശ്ശിക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) വാഴൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നതും കുടിശ്ശിക അനുവദിക്കുന്നതും സംബന്ധിച്ചുള്ള വിഷയം നികുതി (ഇ) വകുപ്പിൽ E3/38/2024-TAXES എന്ന

ഫയലിൽ പരിശോധിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പ് നൽകിയ റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം 68.82 ച. മീ ഏരിയയ്ക്ക് പ്രതിമാസം ₹9,947/- രൂപ നിരക്കിൽ കണക്കാക്കിയാൽ 13-02-2021 മുതൽ 13-01-2024 വരെയുള്ള 35 മാസത്തെ വാടക കുടിശ്ശിക 3,48,145/- (മൂന്ന് ലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി ഒരുനൂറ്റി നാൽപ്പത്തി അഞ്ച്) രൂപയാണ്.

**ഉദുമ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം**

371(3590) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) കെട്ടിടം പൂർത്തീകരിച്ച സ്ഥിതിക്ക് ക്യാബിൻ, ഫർണ്ണിച്ചർ, കമ്പ്യൂട്ടർ തുടങ്ങിയവ അനുവദിച്ച് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് ഈ വർഷംതന്നെ മാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ ഉദുമ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ട്. സൈറ്റ് പ്രിപ്പറേഷൻ/കോംപാക്ടർ ജോലികൾ പൂർത്തിയാക്കുവാനുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ സൈറ്റ് പ്രിപ്പറേഷൻ/കോംപാക്ടർ ജോലികൾ നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന ഓഫീസുകളുടെ ലിസ്റ്റിൽ ഉദുമ ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ ധനപുനർവിനിയോഗംവഴി തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസ് നവീകരണം**

372(3591) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക മന്ദിരമായ നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസ് നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം 1968-ലെ കേരള

പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവസ്തു ആക്ടിന്റെ പരിധിയിൽ സംരക്ഷിക്കുവാൻ യോഗ്യമല്ലായെന്ന് പുരാവസ്തു വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്.

(ബി) നവീകരണ പ്രവൃത്തി നിർവ്വഹിക്കുന്നുണ്ടെങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ?

നവീകരണത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്ത സാഹചര്യത്തിൽ നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

**കുറ്റ്യാടി മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ**

373(3592) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വില്യാപ്പള്ളി, തിരുവള്ളൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ പുതിയ കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ

സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ട്. സൈറ്റ് പ്രിപ്പറേഷൻ/കോംപാക്ടർ സ്ഥാപിക്കൽ ജോലികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസുകളുടെ പൂർത്തീകരണ പ്രവർത്തനങ്ങൾ ശേഷിക്കുന്നതിനാൽ ഓഫീസ് പഴയ കെട്ടിടത്തിൽത്തന്നെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓഫീസ് പ്രവർത്തനം അടിയന്തരമായി പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൈറ്റ് പ്രിപ്പറേഷൻ/കോംപാക്ടർ സ്ഥാപിക്കൽ ജോലികൾ പൂർത്തിയാക്കി പുതിയ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂമി രജിസ്ട്രേഷനിൽ നിന്നുള്ള വരുമാനം**

374(3593) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നടന്ന ഭൂമി രജിസ്ട്രേഷൻ എത്രയെന്നും ഈയിനത്തിൽ ലഭിച്ച വരുമാനം എത്രയെന്നുമുള്ള വിവരങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിന്റെ, 2021 മെയ് മാസം മുതൽ 2024 ജനുവരി മാസം വരെയുള്ള ഭൂമി രജിസ്ട്രേഷനുകളുടെ എണ്ണവും, ആകെ വരുമാനവും പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| കാലയളവ് | ആധാരങ്ങളുടെ എണ്ണം | സ്റ്റാമ്പ് ഡ്യൂട്ടി | രജിസ്ട്രേഷൻ ഫീസ് | ആകെ |
|---|---|---|---|---|
| 05/2021 മുതൽ 03/2022 വരെ | 861448 | 3026.23 | 1106.53 | 4132.76 |
| 04/2022 മുതൽ 03/2023 വരെ | 1036863 | 4138.57 | 1523.54 | 5662.12 |
| 03/2023 മുതൽ 01/2024 വരെ | 728038 | 3067.63 | 1127.30 | 4194.92 |

**തെയ്യം മ്യൂസിയം സ്ഥാപിക്കാൻ നടപടി**

375(3594) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ പുതിയതായി സ്ഥാപിക്കുന്ന തെയ്യം മ്യൂസിയത്തിനായി സർക്കാർ നോഡൽ ഏജൻസിയായ M/s കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന 7,96,27,309/- രൂപയുടെ DPR തയ്യാറാക്കി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതികമായ ചില കാരണങ്ങളാൽ സമയബന്ധിതമായി ടി പദ്ധതി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ടി പദ്ധതി നടപ്പിലാക്കുന്നതിന് മറ്റൊരു അംഗീകൃത ഏജൻസിയായ M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോടിനെ

ച്ചമതലപ്പെടുത്തുകയും തുടർന്ന് 14 കോടി രൂപയുടെ പുതിയ DPR തയ്യാറാക്കി ടി ഏജൻസി നൽകുകയും ചെയ്തു. 26-09-2023 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗം ഇത് പരിഗണിച്ചു. DPR-ലെ സാങ്കേതികമായ ചില കാര്യങ്ങളിന്മേൽ വിശദീകരണം നൽകുന്നതിന് മ്യൂസിയം വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ. എം. വിജിൻ അവർകളുടെ സാന്നിദ്ധ്യത്തിൽ വകുപ്പുമന്ത്രി 12-02-2024-ൽ ഈ വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കുകയും പദ്ധതി എത്രയുംപെട്ടെന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**പയ്യന്നൂർ ഗാന്ധി സ്മൃതി മ്യൂസിയം**

376(3595) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഗാന്ധി സ്മൃതി മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനാവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ?

പയ്യന്നൂർ ഗാന്ധി സ്മൃതി മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുനൽകിയിട്ടുള്ളതാണ്. മ്യൂസിയത്തിലേക്ക് കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് തയ്യാറാക്കിവരുന്നു.

(ബി) മ്യൂസിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

മ്യൂസിയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് നിലവിൽ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

## തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം

377(3596) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളും സ്മാരകങ്ങളും സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ;

വിശദമാക്കാമോ?

1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച സ്മാരകങ്ങളിൽ, ആവശ്യകത അനുസരിച്ച് ശാസ്ത്രീയ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പുരാവസ്തു മ്യൂസിയങ്ങൾ, ജില്ലാ പൈതൃക മ്യൂസിയങ്ങൾ, പ്രാദേശിക മ്യൂസിയങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും പരിപാലനത്തിനും പുരാവസ്തു വകുപ്പ് യഥാവിധി നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ മ്യൂസിയങ്ങളുടെയും സ്മാരകങ്ങളുടെയും സംരക്ഷണത്തിനായി മേൽപറഞ്ഞവ കൂടാതെപുതിയ പദ്ധതികൾ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടിയുള്ള ഹിൽ പാലസ് മ്യൂസിയത്തിലെ ഗ്യാലറികളുടെ പുനഃസജ്ജീകരണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. നാല്പതോളം നിർമിതികളും എട്ട് കുളങ്ങളും

മതിൽക്കെട്ടുകളും അലങ്കാരപ്പണിത്തരങ്ങളുള്ള വിവിധതരം നിർമ്മിതികളും ഉൾപ്പെടെ, 49 ഏക്കർ സ്ഥലത്താണ് ഹിൽപാലസ് കെട്ടിട സമുച്ചയം സ്ഥിതി ചെയ്യുന്നത്. നിർമ്മിതികളുടെ അവസ്ഥ പരിഗണിച്ച് മുൻഗണനാക്രമം നിശ്ചയിച്ചാണ് വകുപ്പ് ഘടനാ സംരക്ഷണ പ്രവൃത്തികൾ നിർവഹിച്ചുപോരുന്നത്. തെക്കേമാളിക, വടക്കേമാളിക, നടുവിലെ മാളിക, പത്തുമുറി, ശിലാശില്പ ഗ്യാലറി അനെക്സ് എന്നീ പ്രധാന നിർമ്മിതികളുടെ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. നിലവിൽ നടപ്പുര മാളിക, നേത്യാരമ്മ ബംഗ്ലാവ്, പുത്തൻ മാളിക എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹിൽപാലസിന്റെ നവീകരണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ ഹിൽപാലസ് സമുച്ചയത്തിലെ കെട്ടിടങ്ങളുടെ ശാസ്ത്രീയ സംരക്ഷണ പ്രവൃത്തികൾക്കായി 2,10,28,435/- രൂപയുടെ സർക്കാർ ഭരണാനുമതി

ലഭിച്ചിട്ടുള്ളതും ഇതിൽ 1,35,88,492/ രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി പുനഃസജ്ജീകരണം നടത്തുന്ന മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് ഷെയറായ 1,01,10,000/-രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചിട്ടുള്ളതും ആയത് മ്യൂസിയം നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള മുഖേന ചെലവഴിച്ചിട്ടുള്ളതുമാണ്.

**കുണ്ടമൺകടവ് പാലം സംരക്ഷിത സ്മാരകമാക്കാൻ നടപടി**

378(3597) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടമൺകടവ് പാലം സംരക്ഷിത സ്മാരകമാക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളും തുടർനടപടികളും വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ പഴയ കുണ്ടമൺകടവ് പാലം പുരാവസ്തു

വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ആവശ്യമായ റവന്യൂ വിശദാംശങ്ങൾ ജില്ലാ കളക്ടറിൽനിന്നും ലഭിക്കുന്നമുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ചരിത്രവും പൈതൃകവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

379(3598) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരിത്ര സ്മാരകങ്ങളുടെയും രേഖകളുടെയും മറ്റും സംരക്ഷണവും നവീകരണവും അനിവാര്യമാണെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പ് നടത്തിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് പ്രകാരം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള നിർമ്മിതികളുടെയും പുരാവശിഷ്ടങ്ങളുടെയും സംരക്ഷണമാണ് പുരാവസ്തു

വകുപ്പിന്റെ പ്രധാന കർത്തവ്യം. ചരിത്രപരമായും, കലാപരമായും, പുരാവസ്തുപരമായും പ്രാധാന്യമുള്ളതും നൂറ് വർഷത്തിലേറെ പഴക്കമുള്ളതുമായ ദേശീയ പ്രാധാന്യമില്ലാത്ത സ്മാരകങ്ങളെയാണ് വകുപ്പ് ഇത്തരത്തിൽ സംരക്ഷിച്ചുപോരുന്നത്. ടി ആക്ടിന്റെ പരിധിയിൽ സംരക്ഷണയോഗ്യമെന്ന് പരിശോധിച്ച് ഉറപ്പാക്കിയാണ് നിർമ്മിതികളെ സംരക്ഷിതസ്മാരകങ്ങളായി പ്രഖ്യാപിക്കുന്നതും അവയുടെ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതും. പുരാവസ്തു വകുപ്പിൽ നിർമ്മിതി സംരക്ഷണ വിഭാഗം, രാസസംരക്ഷണ വിഭാഗം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാണ് ചരിത്ര പൈതൃകശേഷിപ്പുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. സംരക്ഷിത സ്മാരകങ്ങളുടെ കാലികമായ പരിശോധനകൾ നടത്തുകയും ജീർണ്ണത ബാധിക്കുന്നതായി മനസ്സിലാക്കുന്ന സന്ദർഭത്തിൽ അവ പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയുമാണ് ചെയ്യുന്നത്. ഓരോ സ്മാരകത്തിന്റെയും പ്രത്യേകതകൾ അനുസരിച്ചുള്ള സമീപനങ്ങളാണ് നിർമ്മിതി സംരക്ഷണത്തിന്റെ കാര്യത്തിൽ വകുപ്പ് സ്വീകരിക്കുന്നത്. പരമ്പരാഗത

മാർഗ്ഗങ്ങൾ ഉപയോഗിക്കേണ്ടിടത്ത് അവ പ്രയോജനപ്പെടുത്തിയും നവീന രീതികൾ അവലംബിക്കേണ്ടതായ ഇടങ്ങളിൽ അവ ഉപയോഗപ്പെടുത്തിയുമുള്ള പ്രവൃത്തികളാണ് നിർവ്വഹിക്കുന്നത്. രാസസംരക്ഷണത്തിൽ പ്രിവന്റീവ് കൺസർവേഷൻ രീതികളാണ് വകുപ്പ് മുഖ്യമായും സ്വീകരിക്കുന്നത്. സ്മാരകങ്ങൾക്ക് ജീർണ്ണത ബാധിക്കാതിരിക്കാനുള്ള മുൻകരുതലുകളാണ് ഇതിൽ പ്രധാനം. ദൈനംദിന പരിരക്ഷ നൽകാൻ കഴിയുന്ന അത്രയും സ്മാരകങ്ങൾക്ക് അത് നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംരക്ഷിത സ്മാരകങ്ങൾക്ക് ജീർണ്ണത ബാധിക്കാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ജീർണ്ണത ബാധിച്ചവയെ ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വിധേയമാക്കി അവയുടെ ആയുസ്സ് വർദ്ധിപ്പിക്കുകയും ചെയ്തുപോരുന്നു. ഇതുകൂടാതെ വിവിധ ഇടങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പൗരാണിക അവശിഷ്ടങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ രക്ഷാർത്ഥമുള്ള ഉത്ഖനനം നടത്തി പുരാവസ്തുക്കൾ വീണ്ടെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിക്കുന്നുണ്ട്. പുരാവസ്തു വകുപ്പിന്റെ ചുമതലയിലുള്ള പുരാവസ്തു

മ്യൂസിയങ്ങളിലും ജില്ലാ പൈതൃക മ്യൂസിയങ്ങളിലും, പ്രാദേശിക മ്യൂസിയങ്ങളിലുമായി ഇത്തരത്തിൽ കണ്ടെടുക്കുന്ന പുരാവസ്തുക്കൾ പൊതുജനങ്ങൾക്കായി പ്രദർശിപ്പിച്ചുവരുന്നു.

കാലപ്പഴക്കംമൂലം നാശോന്മുഖമായ ചരിത്രരേഖകളുടെ സംരക്ഷണ പ്രവർത്തനത്തിനായി പുരാരേഖ വകുപ്പിലെ കൺസർവേഷൻ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ വിവിധ ശാസ്ത്രീയസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിരികയാണ്. രേഖകളുടെ ശാസ്ത്രീയ സംരക്ഷണത്തിന്റെ ഭാഗമായി രേഖാസംരക്ഷണം, വിഷയ സൂചിക തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾക്കായി വകുപ്പിൽ നടപ്പുസാമ്പത്തിക വർഷം 10 പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ചരിത്ര പ്രധാന്യമുള്ള പുരാരേഖകളുടെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളും 2008 മുതൽ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തിന്റെ ചരിത്രപരവും മാനവീയവും മഹനീയവുമായ സംസ്കൃതി വിളിച്ചോതുന്ന പുരാരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും കാലപ്പഴക്കംമൂലം നാശോന്മുഖമായ പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിന് രാസസംരക്ഷണം നൽകുന്നതിനുമുള്ള നടപടികളുടെ പുരോഗതി

വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാന പുരാരേഖാ വകുപ്പിന്റെ കൈവശമുള്ള ചരിത്രപരവും സാംസ്കാരികവുമായി പ്രാധാന്യമുള്ള പുരാരേഖകളുടെ ഡിജിറ്റൈസേഷൻ മുൻഗണനാക്രമത്തിൽ നടന്നുവരികയാണ്. കാലപ്പഴക്കംമൂലം നാശോന്മുഖമാകുന്ന ചരിത്രരേഖകളുടെ സംരക്ഷണ പ്രവർത്തനത്തിനായി വകുപ്പിലെ കൺസർവേഷൻ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ വിവിധ ശാസ്ത്രീയ രാസസംരക്ഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു. ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സാംസ്കാരികകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി, വകുപ്പ് തലവൻ, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറി പ്രതിനിധി, സംസ്ഥാന IT മിഷൻ പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന നാലംഗ കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി സമിതി യോഗം ചേർന്ന് ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. കൺസർവേഷൻ പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിക്കുന്നതിന് വകുപ്പുതല സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.

പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള വിവിധ മ്യൂസിയങ്ങളിലും സ്റ്റോറുകളിലും സൂക്ഷിച്ചിരിക്കുന്ന പുരാവസ്തുക്കളുടെ സംരക്ഷണനില (conservation status) വകുപ്പ് പരിശോധിക്കുകയും ആവശ്യകത അനുസരിച്ച് അവ രാസസംരക്ഷണത്തിന് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. നിലവിൽ വകുപ്പിന്റെ കൈവശമുള്ള വിവിധ നിധിശേഖരങ്ങളുടെ രാസസംരക്ഷണ പ്രവൃത്തി പുരോഗമിക്കുകയാണ്.

(സി) കേരളത്തിലെ ഏക മുസ്ലീം രാജവംശമായ കണ്ണൂർ അറയ്ക്കൽ കൊട്ടാരവും മ്യൂസിയവും അനുബന്ധ വസ്തുക്കളും സംരക്ഷിക്കുന്നതിനും സുരക്ഷിതമായ പ്രദർശനവും പരിപാലനവും നടത്തുന്നതിനും കഴിയത്തക്ക തരത്തിൽ ആവശ്യമായ നടപടികളും ഇടപെടലുകളും നടത്തുമോ?

കണ്ണൂരിലെ അറയ്ക്കൽ കൊട്ടാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. ഉടമസ്ഥാവകാശം യഥാർത്ഥ ഉടമസ്ഥരിൽ നിലനിർത്തിയാണ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിരുന്നത്. 2004-05 സാമ്പത്തിക വർഷം 90 ലക്ഷം രൂപ ചെലവഴിച്ച് സ്മാരകത്തിന്റെ

സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് പൂർത്തിയാക്കിയിരുന്നു. തുടർന്ന് കെട്ടിടത്തിൽ ജീർണ്ണത ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അടിയന്തര സംരക്ഷണ പ്രവൃത്തികൾ വകുപ്പ് നിർവ്വഹിച്ചിട്ടുള്ളതും ആയതിലേക്ക് 21,60,429/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. തുടർന്നും സംരക്ഷിത സ്മാരകത്തിന്റെ സംരക്ഷണത്തിന് ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്. എന്നാൽ അറയ്ക്കൽ കൊട്ടാരത്തിൽ സജ്ജീകരിച്ചിരിക്കുന്ന മ്യൂസിയത്തിന്റെ സംരക്ഷണ, പരിപാലന ചുമതല പുരാവസ്തു വകുപ്പിനില്ല. ടി മ്യൂസിയത്തിന്റെ നടത്തിപ്പ് ചുമതല അറയ്ക്കൽ കുടുംബവുമായി ബന്ധപ്പെട്ട അറയ്ക്കൽ ട്രസ്റ്റിൽ നിക്ഷിപ്തമാണ്.

**കിളിമാനൂർ കീഴ്പേരൂരിൽനിന്ന് ലഭിച്ച പുരാരേഖകൾ**

380(3599) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ രാജവംശത്തിന്റേയും മാർത്താണ്ഡവർമ്മയുടെയും

ആദ്യകാല ആസ്ഥാനം എന്ന് വിശേഷിപ്പിക്കപ്പെടുന്ന കിളിമാനൂർ കീഴ്പേരൂരിൽ നിന്ന് ഈ വിഷയം സംബന്ധിച്ച് എന്തെല്ലാം പുരാരേഖകളും പുരാവസ്തുക്കളുമാണ് ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്ക്, വെള്ളല്ലൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന തിരുപ്പാൽക്കടൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്ര പരിസരത്തുനിന്നും മൺകുടത്തിൽ അടക്കം ചെയ്ത നിലയിൽ 2598 ചെമ്പ് നാണയങ്ങൾ ലഭിക്കുകയുണ്ടായി. തിരുവിതാംകൂർ ഭരണാധികാരികൾ വിനിമയ ആവശ്യത്തിനായി പുറത്തിറക്കിയ നാലുകാശ്, എട്ടുകാശ്, ഒരു ചക്രം എന്നിവയാണ് ലഭിച്ച നാണയങ്ങൾ. ടി നാണയങ്ങൾ 03-12-2019-ൽ വകുപ്പ് ഏറ്റെടുത്തിട്ടുള്ളതും തുടർന്ന് രാസസംരക്ഷണം നടത്തി സൂക്ഷിച്ചുപോരുന്നതുമാണ്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ?

ടി പ്രദേശത്ത് വിശദമായ പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആറ്റിങ്ങൽ കലാപവുമായി ബന്ധപ്പെട്ട തെളിവുകൾ**

381(3600) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കലാപവുമായി ബന്ധപ്പെട്ട എന്തെല്ലാം പുരാവസ്തു-പുരാരേഖ തെളിവുകളാണ് നിലവിൽ വകുപ്പിന്റെ പക്കലുള്ളത്; ഇവ പൊതുജനങ്ങൾ അറിയുന്നതിനും മനസ്സിലാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ആറ്റിങ്ങൽ കലാപവുമായി ബന്ധപ്പെട്ട അഞ്ചുതെങ്ങ് കോട്ട കേന്ദ്ര പുരാവസ്തു വകുപ്പ് ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് പരിപാലിക്കുകയും സന്ദർശകർക്ക് പ്രവേശന സൗകര്യം ഒരുക്കിയിട്ടുള്ളതുമാണ്. ആറ്റിങ്ങൽ റാണിമാരുടെ ആസ്ഥാനമായിരുന്ന ആറ്റിങ്ങൽ കൊട്ടാരം കേരള പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുകയും സ്മാരകത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ

പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്. ആറ്റിങ്ങൽ കൊട്ടാരത്തിൽ പഠനാവശ്യാർത്ഥം, പഠിതാക്കൾക്കും ഗവേഷകർക്കും പ്രവേശനാനുമതി നൽകിവരുന്നുണ്ട്. കലാപവുമായി ബന്ധപ്പെട്ട വസ്തുക്കളൊന്നുംതന്നെ പുരാവസ്തു വകുപ്പിന്റെ പക്കൽ സൂക്ഷിക്കുന്നില്ല. ആറ്റിങ്ങൽ കലാപവുമായി ബന്ധപ്പെട്ട് പുരാരേഖാ തെളിവുകളൊന്നും പുരാരേഖ വകുപ്പിന് ലഭ്യമായിട്ടില്ല.

(നക്ഷത്ര ചിഹ്നമിടാത്ത 3347, 3375 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭാ വെബ്സൈറ്റിൽ ലഭ്യമല്ല).

* * * * * * * * *

## II തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയിലെ ഒൻപതാം സമ്മേളനത്തിലെ
12-09-2023-ലെ നക്ഷത്രചിഹ്നമിടാത്ത 2119-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം

**കോഴിക്കോട് ജില്ലയിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

(2119) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം കളിസ്ഥലങ്ങളാണ് നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) ഇവയിൽ ഏതിനെല്ലാമാണ് ഭരണാനുമതി ലഭ്യമാക്കിയത്;

(സി) ഒളവണ്ണ മാവത്തുംപടി ഗ്രൗണ്ട് നവീകരണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ,

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ ചുവടെ ചേർത്തിട്ടുള്ള 12 കളിസ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. നൊച്ചാട് ഗ്രാമപഞ്ചായത്ത് (വാർഡ്-1)

2. ഓമശ്ശേരി ഇ. കെ. ഉണ്ണിമൊയ്തീൻ സ്മാരക മിനി സ്റ്റേഡിയം

3. വനുഖം ഗവ. ഹൈസ്കൂൾ മൈതാനം-മൂടാടി ഗ്രാമപഞ്ചായത്ത്

4. മാവത്തുംപടി പഞ്ചായത്ത് ഗ്രൗണ്ട്- ഒളവണ്ണ

5. വളയം ഗ്രാമപഞ്ചായത്ത്, കല്ലുനിറ

6. കണ്ണാട്ടികുളം മിനി സ്റ്റേഡിയം

7. ചിക്കിലോട് ഒളിയിമ്മലിൽ മിനിസ്റ്റേഡിയം

8. ആദിയൂർ മിനി സ്റ്റേഡിയം

9. മണിയൂർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട്

10. കൊടിയത്തൂർ സ്റ്റേഡിയം/ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം

11. കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം

12. പൂളക്കടവ് ഗ്രൗണ്ട്, കോഴിക്കോട് കോർപ്പറേഷൻ

(ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള കളിസ്ഥലങ്ങളുടെ ലിസ്റ്റിന് സമഗ്ര ഭരണാനുമതി നൽകി 18-10-2023-ലെ സ.ഉ.(സാധാ.) നം.305/2023/കാ.യു.വ., 04-11-2023-ലെ സ.ഉ.(സാധാ.) നം.320/2023/കാ.യു.വ. എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) ഒളവണ്ണ മാവത്തുംപടി ഗ്രൗണ്ട് നവീകരണത്തിന് എം.എൽ.എ ഫണ്ടായി 50 ലക്ഷം രൂപ അനുവദിച്ചതായി ജില്ലാ കളക്ടർ 19-04-2023 തീയതിയിലെ ADCKKD/373/2023-RD3 നമ്പർ കത്ത് പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുടർപരിപാലന സർട്ടിഫിക്കറ്റ്, നോൺ അസിസ്റ്റൻസ് സർട്ടിഫിക്കറ്റ്, അസറ്റ് രജിസ്റ്റർ എന്നിവ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുകയും പദ്ധതിക്കായി 1 കോടി രൂപയുടെ സംയോജിതമായ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള

ഫൗണ്ടേഷൻ മുഖേന തയ്യാറാക്കി വരികയുമാണ്.

## III സബ്മിഷൻ

(3) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് മെച്ചപ്പെട്ട ചികിത്സാ സൗകര്യം നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.യുടെ സബ്മിഷന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി

പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് നിർമ്മിക്കുന്നതിനായി 26-05-2012-ലെ സ.ഉ. (കൈ) നം. 72/12/പജപവവിവ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. 20-05-2014 ഉത്തരവ് പ്രകാരം ആയത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തണമെന്നും തീരുമാനിച്ചിരുന്നു. 559.68 കോടി രൂപയുടെ ഡി.പി.ആർ.-ന് 30-03-2015-ൽ അംഗീകാരം നൽകുകയും ചെയ്തു.

തുടക്കത്തിൽ ഈ സംരംഭത്തിന്റെ നിർമ്മാണ മേൽനോട്ട ചുമതല ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള HSCC (India) Ltd.

ആയിരുന്നു. എഗ്രിമെന്റ് കണ്ടീഷൻ പാലിക്കാതിരുന്നതിനാൽ അവർക്കുപകരം കേരള PWD-യെ ഏൽപ്പിക്കുയും ചെയ്തു. 2015-ൽ പ്രവൃത്തി PWD-യെ ഏൽപ്പിച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേഗത കൈവന്നത് 2016-ന് ശേഷമാണ്.

മെഡിക്കൽ കോളേജിന്റെ ഡി.പി.ആർ.-ൽ ഉൾപ്പെട്ട അക്കാഡമിക് ബിൽഡിംഗ്, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ, ചുറ്റുമതിൽ നിർമ്മാണം, ഭൂഗർഭ ജലസംഭരണി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ പ്രോജക്ടിലെ പ്രധാന നിർമ്മാണ പ്രവൃർത്തിയായ ഹോസ്പിറ്റൽ ബിൽഡിംഗിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ഹോസ്പിറ്റൽ ബിൽഡിംഗിലെ ഒ.പി.ഡി ബ്ലോക്ക് ഉപയോഗപ്പെടുത്തി ഒ.പി. സൗകര്യം 2021 മുതൽ പാലക്കാട് മെഡിക്കൽ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, നിലവിൽ പണി പൂർത്തീകരിച്ച ഹോസ്പിറ്റൽ വാർഡ് ബ്ലോക്കിന്റെ മൂന്ന് നിലകൾ ഉപയോഗപ്പെടുത്തി നൂറ് കിടക്കകളോടുകൂടിയ ഐ.പി. സൗകര്യം സജ്ജീകരിച്ച് വരികയാണ്. ഹോസ്പിറ്റലിന്റെ പൂർണ്ണ തോതിലുള്ള

പ്രവർത്തനം ഉടൻ പൂർത്തീകരിക്കുന്ന രീതിയിൽ നടപടികൾ പുരോഗമിച്ചുവരുന്നു.

മെഡിക്കൽ കോളേജിൽ നാളിതുവരെ ആകെ 489.14 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഈ സാമ്പത്തിക വർഷം ചെലവഴിച്ച 37.14 കോടി രൂപയും ഉൾപ്പെടും. ഇതുകൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണ നിർവ്വഹണ ചെലവുകൾക്കായി 90 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നല്ല പരിശ്രമം നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി എന്റെ അദ്ധ്യക്ഷതയിൽ 11 പ്രാവശ്യം അവലോകന യോഗങ്ങൾ കൂടുകയുണ്ടായി. ഇതുവരെ നാല് ബാച്ച് വിദ്യാർഥികൾ എം.ബി.ബി.എസ്. കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്. നാല് ഡിപ്പാർട്ട്മെന്റുകളിലായി പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അനുമതി ആരോഗ്യ സർവകലാശാലയിൽനിന്ന് ലഭിച്ചിട്ടുണ്ട്. അടുത്ത അധ്യയന വർഷം തന്നെ പ്രസ്തുത കോഴ്സുകൾ

ആരംഭിക്കുന്നതിനുള്ള നടപടികളും NMC-തലത്തിൽ പുരോഗമിക്കുകയാണ്. കൂടാതെ, വിവിധ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. മെഡിക്കൽ കോളേജിനോടനുബന്ധിച്ച് 2023-24-ൽ ഒരു നഴ്സിംഗ് കോളേജും ആരോഗ്യ വകുപ്പ് ആരംഭിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് External Electrical Substation, Firefighting work, External Drainage & Sewage work, Service Road, Gas Supply System, Service Building (Boiler), Mortuary, പവർ ലോണ്ട്രി തുടങ്ങിയ പ്രധാന പ്രവൃത്തികൾക്കെല്ലാം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ കോളേജിൽ അനിവാര്യ തസ്തികകളായ മെഡിക്കൽ സൂപ്രണ്ട്, 2 ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ട്, റെസിഡൻഷ്യൽ മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് റെസിഡൻഷ്യൽ മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ നിയമനം നടത്തുകയുണ്ടായി.

പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ ആരംഭിക്കാൻ പത്തോളജി

വിഭാഗത്തിൽ മൂന്ന് തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. കൂടാതെ പുതിയ 42 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ Super Speciality വിഭാഗത്തിലേയ്ക്ക് ആവശ്യമായ തസ്തിക സൃഷ്ടിക്കാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. മെഡിക്കൽ കോളേജിൽ നിലവിൽ ഒഴിവുണ്ടായിരുന്ന അദ്ധ്യാപക തസ്തികകളിൽ കരാർ/ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമനം നടത്തി പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകുകയാണ്.

നിലവിൽ പ്രതിദിനം ഏകദേശം ആയിരത്തോളം രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടുന്നു. ആശുപത്രി പൂർണ്ണ സജ്ജമാകുന്നതോടുകൂടി പ്രതിദിനം 3000 പേർക്ക് ഒ.പി. വിഭാഗത്തിലും 500 പേർക്ക് ഐ.പി. വിഭാഗത്തിലും വിദഗ്ദ്ധ ചികിത്സ നൽകാൻ കഴിയുന്നതാണ്. തൽഫലമായി മേഖലയിലെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെയും ചികിത്സാ രംഗത്തെയും "സെന്റർ ഫോർ എക്സലൻസ്" ആയി പാലക്കാട് മെഡിക്കൽ കോളേജ് മാറുന്നതാണ്.

(4) <u>കായിക്കര കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളെ</u>

സംബന്ധിച്ച് ശ്രീമതി ഒ. എസ്. അംബിക, എം.എൽ.എ.യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ വക്കം, അഞ്ചുതെങ്ങ് വില്ലേജുകളിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടുവരുന്ന 0.5043 ഹെക്ടർ ഭൂമി എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം, എക്സിക്യൂട്ടിവ് എഞ്ചിനീയർ അർത്ഥന നൽകിയിരുന്നു. സാമൂഹികാഘാത പഠനം നടത്തുന്നതിനുവേണ്ടി പ്ലാനറ്റ് കേരള, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനം 08-12-2021-ലെ അസാധാരണ ഗസറ്റ് നമ്പർ 3578 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സെക്ഷൻ 8(2) പ്രകാരം ഭൂമിയേറ്റെടുക്കൽ നടപടി തുടരുന്നതിന് അനുമതി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

പ്രാരംഭ വിജ്ഞാപനം 27-07-2022-ലെ അസാധാരണ ഗസറ്റ് നമ്പർ

2484 പ്രകാരവും ആർ.&ആർ. പാക്കേജ് 12-11-2023-ന് അംഗീകരിച്ച് സെക്ഷൻ 19 പ്രകാരമുള്ള പ്രഖ്യാപനം 04-12-2023-ലെ അസാധാരണ ഗസറ്റ് നമ്പർ 3939 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. എൽ.എ.കോസ്റ്റ് പൂർണ്ണമായും ലഭ്യമായിട്ടില്ലാത്തതാണ്.

കായിക്കര പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഏറ്റെടുക്കലിനുശേഷം ബാക്കിയാകുന്ന 4 കക്ഷികളുടെ ഉടമസ്ഥതയിലുള്ള 0.0238 ഹെക്ടർ ഭൂമി കൂടി LARR Act സെക്ഷൻ 94(3) പ്രകാരം ഏറ്റെടുക്കുന്നതിന് 16-01-2024 തീയതി ജില്ലാ കളക്ടർക്ക് അനുമതി നൽകിയിട്ടുള്ളതാണ്. 12-02-2024 തീയതിയിൽ ലാൻഡ് അക്വിസിഷൻ ഓഫീസർ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയത് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(5) <u>നദികളിൽനിന്ന് മണൽ വാരൽ പുനരാംരഭിക്കുന്നതിനുള്ള നടപടി സംബന്ധിച്ച ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ.യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

2001-ലെ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ നദികളിൽ

മണൽവാരൽ നടത്തുന്നതും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നത്. നദികളിൽനിന്ന് വിവേചനരഹിതവും അനിയന്ത്രിതവുമായ മണൽവാരൽ നദീതീരങ്ങളിൽ വൻതോതിൽ മണ്ണിടിച്ചിലിനും നദികളുടെ നാശത്തിനും കാരണമാവുകയും ജൈവ ഭൗതീക പാരിസ്ഥിതിക വ്യവസ്ഥ തകരാറിലാവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സംസ്ഥാനത്ത് നദികളെ സംരക്ഷിക്കുന്നതിനുവേണ്ടി മണൽ വാരൽ നിയന്ത്രിക്കുന്നതിനുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രസ്തുത നിയമം നിയമസഭ പാസ്സാക്കിയത്. നദികളിൽനിന്നും വാരാവുന്ന മണലിന്റെ അളവ് കണ്ടെത്തുന്നതിന് കാലാകാലങ്ങളിൽ സാന്റ് ഓഡിറ്റിംഗ് ഉൾപ്പെടെ നടത്താൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമത്തിന്റെ സാധുത സംബന്ധിച്ച് തർക്കങ്ങളുണ്ടായിട്ടുള്ളതും ഇസ്മയിൽ Vs. ഡെപ്യൂട്ടി തഹസിൽദാർ & അതേർസ് എന്ന കേസിൽ ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നിയമത്തിന്റെ ഭരണഘടനാ സാധുത അംഗീകരിക്കുകയും ചെയ്തിട്ടുള്ളതുമാണ്.

2016 വരെ ഈ രീതിയിൽ സംസ്ഥാനത്ത് നദികളുടെ

സംരക്ഷണത്തിനായി മണൽ വാരൽ നടത്തിവന്നിരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിലെ ദീപക് കുമാർ vs ഹരിയാന സർക്കാർ എന്ന കേസിൽ മണൽ വാരൽ നടത്തുന്നതിന് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുടെ ക്ലിയറൻസ് (EC) നിർബന്ധമാക്കിയതിനെ തുടർന്നാണ് സംസ്ഥാനത്ത് മണൽവാരൽ നിർത്തി വയ്ക്കേണ്ടി വന്നത്.

തുടർന്ന് 2016-ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം Environmental Impact Assessment വിജ്ഞാപനവും sustainable sand mining guidelines-ഉം പുറപ്പെടുവിച്ചു. കോടതി വിധികളുടേയും മേൽപ്പറഞ്ഞ വിജ്ഞാപനങ്ങളുടേയും അടിസ്ഥാനത്തിലുള്ള ഒരു മാർഗ്ഗനിർദ്ദേശം 2018-ൽ സംസ്ഥാന റവന്യൂ വകുപ്പ് പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മണൽവാരൽ നടപടികൾ ആരംഭിക്കാൻ തുടങ്ങുകയും ചെയ്ത അവസരത്തിലാണ് 2020-ൽ ദേശീയ ഹരിത ട്രൈബ്യൂണൽ മണൽവാരലിന് ആവശ്യമുള്ള DSR തയ്യാറാക്കേണ്ടത് National accreditation board of education and training, അല്ലെങ്കിൽ Quality Council of India-യുടെ അംഗീകൃത കൺസൾട്ടന്റുമാർ

മുഖേനയായിരിക്കണം എന്നും ഇതുപ്രകാരമായിരിക്കണം മൈനിംഗ് പ്ലാൻ തയ്യാറാക്കേണ്ടതെന്നും നിർദ്ദേശിക്കുകയുണ്ടായത്.

ഇതിനെത്തുടർന്ന് സുപ്രീംകോടതി വിധിയുടേയും കേന്ദ്ര സർക്കാർ വിജ്ഞാപനങ്ങളുടേയും ഗ്രീൻ ട്രൈബ്യൂണൽ വിധിയുടേയും അടിസ്ഥാനത്തിൽ നടപടികൾ വിശദീകരിച്ചുകൊണ്ട് 14-02-2022-ൽ 694/26RD എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ചുള്ള നടപടിക്രമങ്ങൾ ജില്ലകളിൽ പൂർത്തീകരിച്ചുവരികയാണ്.

സംസ്ഥാനത്തെ 32 നദികളിൽ നടത്തിയ സാന്റ് ഓഡിറ്റിംഗിന്റെ അടിസ്ഥാനത്തിൽ കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം എന്നീ 8 ജില്ലകളിലാണ് മണൽ ഖനന സാധ്യതകളുള്ള സൈറ്റുകൾ കണ്ടെത്തിയിട്ടുള്ളത്. കോഴിക്കോട്, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിൽ മണൽവാരൽ സാധ്യതയുള്ള സൈറ്റുകളില്ലായെന്ന് കണ്ടെത്തി.

മലപ്പുറം ജില്ലയുടെ DSR നടപടിക്രമം പാലിച്ച് State Environment Impact Assessment Authority (SEIAA)യുടെ അംഗീകാരം ലഭിച്ച്

അന്തിമമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 2024 മാർച്ച് അവസാനത്തോടുകൂടി മലപ്പുറം ജില്ലകളിലെ കടലുണ്ടി, ചാലിയാർ എന്നീ നദികളിൽനിന്നും മണൽ ഖനനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റുജില്ലകളിൽ ഇതേ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ഈ വർഷംതന്നെ മണൽവാരൽ പുനരാരംഭിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിലവിലുള്ള മണൽവാരൽ നിയന്ത്രണ നിയമം വ്യവസ്ഥ ചെയ്യുന്ന രീതിയിൽ കടവ് കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് തന്നെയായിരിക്കും മണൽവാരൽ പുനരാരംഭിക്കുക. ജനപ്രതിനിധികളും പരിസ്ഥിതി പ്രവർത്തകരും തൊഴിലാളികളും ഉൾപ്പെടുന്ന ജനാധിപത്യപരമായി വിഭാവനം ചെയ്തിട്ടുള്ള പ്രാദേശിക കടവു കമ്മിറ്റികൾ വഴി മണൽ വാരുന്നതിലൂടെ കടവുകൾ സംരക്ഷിക്കുക എന്നതാണ് നിയമം ലക്ഷ്യമാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പുഴകൾ സംരക്ഷിക്കുന്നതിൽ വലിയ ഉത്തരവാദിത്വം ഉള്ളതുകൊണ്ടാണ് കടവു കമ്മിറ്റികളുടെ അദ്ധ്യക്ഷൻമാരായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരെ നിശ്ചയിച്ചിട്ടുള്ളത്.

ഉദ്ദേശിച്ച നിലയിൽ മണൽ വാരൽ പുനരാരംഭിക്കുമ്പോൾ കേരളത്തിലെ പുഴകളെ സംരക്ഷിക്കുന്നതോടൊപ്പം ഒരു പരിധി വരെ സംസ്ഥാനത്തെ മണലിന്റെ ദൗർലഭ്യവും പരിഹരിക്കാനാവുമെന്നാണ് ലക്ഷ്യം വയ്ക്കുന്നത്.

(6) മാവേലിക്കര നിയോജക മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം അതീവ രൂക്ഷമായ സാഹചര്യത്തിൽ ശുദ്ധ ജല വിതരണം അടിയന്തരമായി നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യകത സംബന്ധിച്ച ശ്രീ. എം. എസ്. അരുൺകുമാർ എം.എൽ.എ.യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി.

മാവേലിക്കര നഗരസഭയിലെ എല്ലാ വാർഡുകളിലും നിലവിലെ 4.5 MLD ശേഷിയുള്ള മാവേലിക്കര ജലശുദ്ധീകരണ ശാലയിൽനിന്നുള്ള ജലം വിതരണം ചെയ്യുന്നുണ്ട്. തഴക്കര പഞ്ചായത്തിൽ മാവേലിക്കര ജലശുദ്ധീകരണശാലയിൽ നിന്നുള്ള വെള്ളവും കൂടാതെ തഴക്കര, മാങ്കാംകുഴി, ഇറവങ്കര എന്നീ കിണറുകളിലെയും താന്നിക്കുന്ന്, കണ്ണാട്ട്മൂടി എന്നീ കുഴൽക്കിണറുകളിലെ വെള്ളവും ചേർന്ന് ഏകദേശം 1 MLD ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. തേക്കേക്കര പഞ്ചായത്തിൽ വരേണക്കൽ, ചെറുകുന്നം, പള്ളിയാംവട്ടം എന്നീ സ്ഥലങ്ങളിലെ കുഴൽക്കിണറുകളിൽനിന്നാണ് 0.5 MLD ജലവിതരണം നടത്തുന്നത്. വള്ളികുന്നം പഞ്ചായത്തിൽ രാമഞ്ചിറ, വട്ടത്തറ എന്നീ കുഴൽക്കിണറുകളിൽനിന്നും 0.5 MLD ജലവിതരണം നടത്തുന്നുണ്ട്. നൂറനാട്,

ചുനക്കര, പാലമേൽ, താമരക്കുളം എന്നീ പഞ്ചായത്തുകൾക്കായി നൂറനാട് പഞ്ചായത്തിലെ പാറ്റൂരിൽ 10 MLD ജലശുദ്ധീകരണശാലയിൽനിന്നും കൂടാതെ താമരക്കുളം പഞ്ചായത്തിൽ ചിറക്കൽ, പൊരുവിക്കൽ, പാലക്കൽ, ഉഴലിച്ചിറ എന്നീ കുഴൽക്കിണറുകളിൽനിന്നും പുന്നക്കുറ്റി, മാവുള്ളതിൽ എന്നീ തുറന്ന കിണറുകളിൽനിന്നും നിലവിൽ 10.5 MLD ജലവിതരണം നടത്തുന്നുണ്ട്.

**ജൽജീവൻ മിഷൻ പദ്ധതി**

നിയോജകമണ്ഡലത്തിലെ തഴക്കര, തെക്കേക്കര, വള്ളികുന്നം, താമരക്കുളം, നൂറനാട്, പാലമേൽ, ചുനക്കര എന്നീ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതി പ്രകാരം നിലവിലെ പാറ്റൂർ 10 MLD Dual Media Filter സ്ഥാപിച്ച് ജല ശുദ്ധീകരണശാലയുടെ ശേഷി 13 MLD-യായി വർദ്ധിപ്പിച്ച് നവീകരിക്കുന്നതിനും ഇതിനായി അച്ചൻകോവിലാറിന്റെ തീരത്ത് പുതിയ ഇൻടേക്ക് വെൽ നിർമ്മിക്കുന്നതിനും ജലശുദ്ധീകരണശാലയുടെ കോമ്പൗണ്ടിൽ നൂറനാട് പഞ്ചായത്തിനായി (6 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള) പുതിയ ഉന്നതതല ജലസംഭരണി

സ്ഥാപിക്കുന്നതിനും വള്ളികുന്നം പഞ്ചായത്തിലെ പടയണിവട്ടത്ത് ഭൂതല ജല സംഭരണിയും (1 ലക്ഷം ലിറ്റർ) ഉന്നതതല ജലസംഭരണിയും (6 ലക്ഷം ലിറ്റർ) സ്ഥാപിക്കുന്നതിനും ഇതിലേയ്ക്കുള്ള ട്രാൻസ്മിഷൻ മെയിൻ (6.3 കി.മീ 300 മി.മീ. ഡി.ഐ. പൈപ്പ്), തഴക്കര പഞ്ചായത്തിൽ 12 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെയും വിതരണ ശൃംഖലയുടെയും പ്രവൃത്തി, തെക്കേക്കര പഞ്ചായത്തിലെ വിതരണശൃംഖലയുടെ പ്രവൃത്തി, പ്രായിക്കര 15 MLD ജലശുദ്ധീകരണശാലയുടെ നവീകരണ പ്രവൃത്തികൾ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, അച്ചൻകോവിലാറിന് കുറുകെ പൈപ്പ് സ്ഥാപിക്കൽ, ഈ പഞ്ചായത്തുകളിലെ ജലവിതരണ ശൃംഖലകൾ, മേൽപ്പറഞ്ഞ പഞ്ചായത്തുകളിലായി 60068 എണ്ണം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകൽ, മാവേലിക്കര നഗരസഭ പരിധിയിൽ 30 MLD ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി 221.43 കോടി രൂപയുടെ ഭരണാനുമതി ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ അച്ചൻകോവിലാറിന്റെ തീരത്ത് പുതിയ

ഇൻടേക്ക് വെൽ സ്ഥാപിക്കുന്ന പ്രവൃത്തി, തഴക്കര പഞ്ചായത്തിലെ പ്രവൃത്തികൾ, തെക്കേകര പഞ്ചായത്തിലെ പ്രവൃത്തികൾ, പ്രായിക്കര 15 MLD ജലശുദ്ധീകരണശാലയുടെ നവീകരണ പ്രവൃത്തികൾ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, അച്ചൻകോവിലാറിന് കുറുകെ പൈപ്പ് സ്ഥാപിക്കൽ എന്നിവ ടെണ്ടർ നടപടികളിലാണ്. ജൽജീവൻ മിഷൻ പദ്ധതി വഴി 23626 എണ്ണം കണക്ഷനുകൾ ഇതുവരെ നൽകിക്കഴിഞ്ഞു.

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളികുന്നം പഞ്ചായത്തിൽ പ്രവൃത്തികൾ നടന്നുവരുന്നു. പടയണിവട്ടത്ത് 6 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തികൾ 90% പൂർത്തീകരിച്ചിട്ടുണ്ട്. ഈ ടാങ്കിലേയ്ക്ക് പ്രായിക്കര ജല ശുദ്ധീകരണശാലയിൽ നിന്നുള്ള ജലം എത്തിക്കുന്ന മുറയ്ക്ക് കൂടുതൽ കാര്യക്ഷമമായി വള്ളികുന്നം പഞ്ചായത്തിൽ ജലവിതരണം നടത്താൻ കഴിയും. ഇപ്പോൾ ട്യൂബ് വെൽ മുഖേനയാണ് ഈ പഞ്ചായത്തിൽ ജലവിതരണം നടത്തിവരുന്നത്.

തഴക്കര പഞ്ചായത്തിൽ ജൽജീവൻ മിഷൻ ഒന്നാം ഘട്ടത്തിൽ 965 കണക്ഷനുകൾ പി.എച്ച്. ഡിവിഷൻ ആലപ്പുഴ കാര്യാലയം മുഖേന

നൽകിയിരുന്നു. അതുകൂടാതെ പുതിയ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ അവസാന ഘട്ടത്തിലാണ്. കൂടാതെ തഴക്കര പഞ്ചായത്തിലെ മാവേലിക്കര കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി തഴക്കര പഞ്ചായത്തിനേയും ചെട്ടികുളങ്ങര പഞ്ചായത്തിനേയും ചേർത്ത് ഒരു പുതിയ 30 MLD ശുദ്ധീകരണശാലയുടെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ പദ്ധതിയിൽ തഴക്കര പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് 11 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തികൂടി പൂർത്തീകരിച്ചാൽ തഴക്കര പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുന്നതാണ്.

മാവേലിക്കര തെക്കേക്കരയിലെ പ്രവൃത്തിയുടെ ദർഘാസ് അന്തിമ ഘട്ടത്തിലാണ്. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ പ്രായിക്കര ശുദ്ധീകരണശാലയിൽനിന്നും വിതരണം ചെയ്യുന്ന ജലം കുറത്തികാട് നിലവിലുള്ള ഉന്നതതല ജലസംഭരണിയിൽ ശേഖരിച്ച് ജലവിതരണം നടത്തുന്നതോടുകൂടി മാവേലിക്കര-തെക്കേക്കര പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്. ഇതിന് തടസ്സമായിട്ടുള്ളത്

അച്ചൻകോവിലാറിലൂടെ പൈപ്പ് കടന്നുവരുന്നതും മാവേലിക്കര റെയിൽവേ സ്റ്റേഷനടുത്ത് കല്ലുമലയെന്ന പ്രദേശത്ത് റെയിൽവേ ലൈൻ ക്രോസ്സ് ചെയ്യുന്ന പ്രവൃത്തിയുമാണ്. ടി പ്രവൃത്തികളും പൂർത്തിയാകുന്നതോടെ മാവേലിക്കര-തെക്കേക്കര പഞ്ചായത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതാണ്.

**അമൃത് 2.0 പദ്ധതി**

മാവേലിക്കര നിയമസഭ മണ്ഡലത്തിൽ മാവേലിക്കര മുനിസിപ്പാലിറ്റിയും നൂറനാട്, പാലമേൽ, ചുനക്കര, താമരക്കുളം, തഴക്കര, മാവേലിക്കര-തെക്കേക്കര, വള്ളികുന്നം എന്നീ 7 പഞ്ചായത്തുകളുമാണുള്ളത്. അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മുനിസിപ്പാലിറ്റിയിൽ 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കാലഹരണപ്പെട്ട എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന 2 പ്രവൃത്തികൾക്കും 1050 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിക്കുമായി 8.465 (6.98 +0.153+1.332) കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ 750 ഗാർഹിക കുടിവെള്ള കണക്ഷനുകളും 11 കി.മീ. പൈപ്പ്

ലൈനുകളും സ്ഥാപിച്ചുകഴിഞ്ഞു. ഇത് പൂർത്തിയാകുന്നതോടെ മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും.

അപ്രകാരം ജൽജീവൻ മിഷൻ പദ്ധതി, അമൃത് 2.0 പദ്ധതി, വിവിധ ജലശുദ്ധീകരണശാലകളുടെ നവീകരണം, ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും.

(7) പൂന്തുറ പുലിമുട്ട് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച ശ്രീ. ആന്റണി രാജു, എം.എൽ.എ.യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

പൂന്തുറ ഭാഗത്തുണ്ടായിരുന്ന പുലിമുട്ട് കാലപ്പഴക്കംകൊണ്ട് ഭാഗികമായി തകർന്നുപോയ അവസ്ഥയിലായിരുന്നു. അത് പുനരുദ്ധരിക്കുന്നതിനുവേണ്ടി 17.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 19-06-2023-ലെ സ.ഉ. (സാധാ) 557/2023/ജവിവ പ്രകാരം പൂന്തുറ പുലിമുട്ട് പുനരുദ്ധരിക്കുന്നതിനുവേണ്ടി 17.5 കോടി രൂപയുടെ ഭരണാനുമതി

നൽകുകയും ചെയ്തു.

പൂന്തുറ ഭാഗത്ത് 20 മീ. നീളമുള്ള രണ്ടും 40 മീറ്റർ നീളമുള്ള രണ്ടും 60 മീറ്റർ നീളമുള്ള നാലും പുലിമുട്ടുകളാണുണ്ടായിരുന്നത്. വലിയ കല്ലുകൾ കൊണ്ടാണ് ഈ പുലിമുട്ടുകൾ നിർമ്മിച്ചിരുന്നത്.

പൊതുവേ വലിയ തിരമാലകളാണ് പൂന്തുറ കടൽത്തീരത്തടിക്കുന്നത്. ആയതിനാൽ പുലിമുട്ടുകളുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ വലിയ കല്ലുകൾക്കുപകരം ടെട്രാപോഡ് ഉപയോഗിക്കണമെന്ന ആവശ്യം സ്ഥലവാസികളും ജനപ്രതിനിധികളും സ്ഥലം എം.എൽ.എ.-യും ഉന്നയിച്ചു. അതിനാൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള ഡിസൈൻ "NCCR ചെന്നൈ" വഴി പഠന വിധേയമാക്കി ലഭ്യമാക്കാൻ തീരുമാനിക്കുകയുണ്ടായി. ആയതിനുവേണ്ടി NCCR പ്രതിനിധികൾ 10-11-2023-ന് പൂന്തുറ പുലിമുട്ട് സന്ദർശിക്കുകയും തുടർന്ന് NCCR ആവശ്യപ്പെട്ട പ്രകാരം പൂന്തുറ ഭാഗത്തെ Bathematry Details, മറ്റനുബന്ധ വിവരങ്ങൾ, പഴയ ഡിസൈൻ, Vizhinjam International Seaport Limited (VISIL)-ൽ നിന്നും ലഭിച്ച Bathematry Details എന്നിവ NCCR-ന് കൈമാറിയിരുന്നു. തുടർന്ന് NCCR-ൽനിന്ന് ലഭ്യമായ

ഡിസൈൻ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിന് 16-02-2024-ന് മുമ്പ് സാങ്കേതികാനുമതി നൽകുന്നതാണ്. തുടർന്ന് ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

(8) <u>ജൽജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണയിലെ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

ജൽജീവൻ മിഷൻ പദ്ധതികളിലുൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള തുക ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാർ (S.L.S.S.C) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നില്ല. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺടൈഡ് ഗ്രാന്റ് ഉപയോഗിക്കുവാനും

പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനതുഫണ്ടിൽനിന്നും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഭാഗമായുള്ള അൺ-ടൈഡ് ഗ്രാന്റ് ഉൾപ്പടെയുള്ള ഫണ്ടിൽനിന്നും റോഡ് പുനഃസ്ഥാപനം എന്നിവയുൾപ്പടെയുള്ള പ്രാദേശികമായ ആവശ്യങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാലും അഞ്ചും ആറും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിലുൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.

ജൽജീവൻ മിഷനിൽ നടപ്പിലാക്കിവരുന്ന ആലിപ്പറമ്പ്-താഴേക്കോട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി കുഴിയെടുത്ത ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനും കുടിവെള്ള കണക്ഷൻ നൽകുന്നതിനുമായി 26-10-2023-ലെ സർക്കാർ

ഉത്തരവുപ്രകാരം 83.96 കോടി രൂപയുടെ പുതിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത പ്രവൃത്തി ഉത്തരവ് നൽകി നടപ്പിലാക്കുന്നതോടെ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട 400 കി.മീ. നീളത്തിലുള്ള ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുവാൻ കഴിയും.

മൈലാറ്റൂർ, വെട്ടത്തുർ മുതലായ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി 13-05-2022-ലെ സർക്കാർ ഉത്തരവുപ്രകാരം 403.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇതിൽ മേലാറ്റൂർ പഞ്ചായത്തിലെ 178 കി.മി. നീളത്തിലുള്ള ഗ്രാമീണ റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരികയാണ്. പൈപ്പ് ലൈൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തിയും പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

വെട്ടത്തുർ പഞ്ചായത്തിലെ 122 കി.മീ. നീളത്തിലുള്ള ഗ്രാമീണ റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 85 കി.മീ.

നീളത്തിലുള്ള പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി ആരംഭഘട്ടത്തിലാണ്. പ്രസ്തുത പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തിയും പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

ഏലംകുളം, പുലാമന്തോൾ എന്നീ പഞ്ചയത്തുകളിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾക്കായി ഒന്നാം ഘട്ടത്തിലാണ് ഭരണാനുമതി ലഭിച്ചത്. പ്രസ്തുത ഭരണാനുമതി തുകയിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക അനുവദിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത റോഡുകളുടെ സ്ഥിരമായ പുനഃസ്ഥാപനം നടപ്പിലാക്കേണ്ടത് പഞ്ചായത്തുകളാണ്.

(9) ചെല്ലാനം തീരസംരക്ഷണം സംബന്ധിച്ച ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

ചെല്ലാനം പ്രദേശത്തെ 10 കിലോമീറ്റർ നീളമുള്ള തീരപ്രദേശത്തെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ടെട്രാപോഡ്, കരിങ്കല്ല് എന്നിവ ഉപയോഗിച്ചുള്ള കടൽഭിത്തിയുടെ രൂപകൽപ്പന

നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്, ചെന്നൈ (എൻ.സി.സി.ആർ.) എന്ന സ്ഥാപനത്തിൽനിന്നും ലഭ്യമാക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ച് 29-07-2021-ലെ സ.ഉ. (സാധാ.) നമ്പർ 395/2021/ജവിവ ഉത്തരവ് പ്രകാരം 344.20 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കി പദ്ധതി നടപ്പിലാക്കാൻ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് (KIIDC) ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ നടത്തിപ്പ് സഹായം ജലസേചന വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനാണ്.

പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയത് ഡി.എസ്.ആർ. 2016 നിരക്ക് അടിസ്ഥാനമാക്കിയാണ്. എന്നാൽ 2018 ഡി.എസ്.ആർ. നിരക്ക് പ്രാബല്യത്തിൽ വന്നതിനാലും നിലവിലുള്ള ബാത്തിമെട്രിക് സർവ്വേ പ്രകാരവും നിലവിലുള്ള ലെവൽസ് കണക്കിലെടുത്തും സാങ്കേതികാനുമതി കമ്മിറ്റിയുടെ അഭിപ്രായമനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കി കടൽഭിത്തിയുടെ നിർമ്മാണം 10 കിലോമീറ്ററിൽനിന്നും 7.35 കിലോമീറ്ററായി

പരിമിതപ്പെടുത്തി ഒന്നാം ഘട്ടമായി രൂക്ഷമായ കടലാക്രമണം നേരിടുന്ന CP 986-നം CP 1026-നം ഇടയിൽ 7.350 കി.മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി ജി.എസ്.ടി. ഉൾപ്പടെ 254.20 കോടി രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി 22-10-2021-ൽ നൽകി.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി 256.89 കോടി രൂപയുടെ കരാറിലൂടെ ഈ പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. (സ.ഉ.(കൈ) നമ്പർ 46/2021/ജവിവ തീയതി, 23-12-2021 ഉത്തരവ് പ്രകാരം). തുടർന്ന് 30-12-2021-ൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാർ വയ്ക്കുകയും പദ്ധതി പ്രവൃത്തികൾ 03-01-2022-ൽ ആരംഭിക്കുകയും ചെയ്തു.

രൂക്ഷമായ കടലാക്രമണവും പ്രദേശവാസികളുടെ അഭ്യർത്ഥനയും മാനിച്ച് ബസാർ ഭാഗത്ത് എത്രയും പെട്ടെന്ന് സുരക്ഷയൊരുക്കുന്നതിന് പുലിമുട്ടുകളടങ്ങിയ ശൃംഖലയുടെ നിർമ്മാണവും ഒന്നാംഘട്ട പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുകയുണ്ടായി. ഷഡ്ഭുജാകൃതിയിലുള്ള (Hexagonal

Shaped) 2 ടൺ, 3.5 ടൺ, 5 ടൺ ടെട്രാപോഡുകളും കരിങ്കല്ലുകളും ഉപയോഗിച്ചാണ് കടൽഭിത്തിയും പുലിമുട്ടുകളും നിർമ്മിക്കുന്നത്. കടൽഭിത്തിയുടെ നീളത്തിന് അനുസൃതമായി നടപ്പാത, കൈവരികൾ എന്നിവ ഉൾക്കൊള്ളിച്ച പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി കമ്മിറ്റി യോഗം ചേരുകയും അതിന് അനുസൃതമായി 307.32 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബി 12-02-2024-ൽ അംഗീകാരം നൽകുകയുംചെയ്തു. (ജി.എസ്.ടി. ഉൾപ്പെടെ 362.64 കോടി രൂപ).

<u>ഒന്നാംഘട്ട പദ്ധതിയുടെ നിലവിലെ സ്ഥിതി</u>

94.51% പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

93.63% സാമ്പത്തിക പുരോഗതി കൈവരിച്ചിട്ടുണ്ട്.

| വിശദാംശങ്ങൾ | നീളം/എണ്ണം | പൂർത്തീകരിച്ചത് |
|---|---|---|
| കടൽഭിത്തി | 6.64 കിലോമീറ്റർ നീളം | 6.64 കിലോമീറ്റർ നീളം |
| ബസാർ പുലിമുട്ടുകൾ (6 എണ്ണം) (660 മീറ്റർ നീളം) | ഷോർട്ട് ഗ്രോയിൻ-2 എണ്ണം | ഷോർട്ട് ഗ്രോയിൻ-1 എണ്ണം |
| | ടി ഗ്രോയിൻ- 4 എണ്ണം | ടി ഗ്രോയിൻ- 2 എണ്ണം |
| നടപ്പാത | 6.64 കിലോമീറ്റർ നീളം | 472 മീറ്റർ നീളം |
| **പുരോഗമിച്ചുവരുന്ന പ്രവൃത്തികൾ** | | |

| | |
|---|---|
| 1 ഷോർട്ട് ഗ്രോയിന്റെ നിർമ്മാണം 95% പൂർത്തീകരിച്ചിട്ടുണ്ട്. |
| ബാക്കിയുള്ള 2 ടി ഗ്രോയിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. |

പ്രസ്തുത പദ്ധതികൾ എല്ലാം തന്നെ 2024 മെയ് 31-ന് മുമ്പായി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(10) <u>ആവാസ വ്യവസ്ഥ ചുരുങ്ങുന്നതിൽ അധിനിവേശ സസ്യങ്ങളുടെ പങ്കെന്ന വിഷയം സംബന്ധിച്ച ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ.യുടെ സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ മറുപടി</u>

മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് വിവിധങ്ങളായ കാരണങ്ങളാണുള്ളത്. കാലാവസ്ഥാ വ്യതിയാനംമൂലവും മറ്റുകാരണങ്ങളാലും വനങ്ങളുടെ സ്വാഭാവികത നഷ്ടപ്പെടുന്നത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ആക്കം കൂട്ടുന്നതായും അധിനിവേശ സസ്യങ്ങളുടെ കടന്നുകയറ്റം ഭക്ഷ്യയോഗ്യമായ സസ്യങ്ങൾ കുറയുന്നതിന് കാരണമാകുന്നതായും നിരീക്ഷിക്കപ്പെടുന്നു.

വനത്തിനുള്ളിലെ അനിയന്ത്രിതമായ കാലിമേച്ചിൽ, സെന്ന, ലന്താന, യൂപ്പറ്റോറിയം പോലുള്ള അധിനിവേശ സസ്യങ്ങളുടെ വ്യാപനം തുടങ്ങിയവ

വനത്തിന്റെ ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥയെ ബാധിക്കുന്നുണ്ട്. സംരക്ഷിത വനപ്രദേശങ്ങളിൽനിന്നും സെന്ന പോലെയുള്ള അധിനിവേശ സസ്യങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് 17-12-2021-ലെ സ.ഉ.(കൈ) നമ്പർ 29/2021/വനം ഉത്തരവ് പ്രകാരം നയരേഖ സർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ ഏകവിള തോട്ടങ്ങളും പരാജിത തേക്ക് തോട്ടങ്ങളുമുൾപ്പെടെ ഘട്ടംഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനമായി പുന:സ്ഥാപനം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

ആയതിന്റെ പശ്ചാത്തലത്തിൽ ഇത്തരത്തിൽ 27000 ഹെക്ടർ സ്ഥലത്ത് രണ്ട് പതിറ്റാണ്ടുകൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സ്വാഭാവിക വനങ്ങൾക്ക് ഭീഷണിയായ സെന്ന (മഞ്ഞക്കൊന്ന) ഇനത്തിൽപ്പെട്ട അധിനിവേശ സസ്യങ്ങൾ നീക്കം

ചെയ്യുന്നതിന്റെ ഭാഗമായി നബാർഡ് ആർ.കെ.ഡി.പി. പദ്ധതികളിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. 13-04-2022-ലെ 17/2022-വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 621.78 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽനിന്നും 100 കോടി അനുവദിച്ചിരുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് മുളയുൾപ്പെടെയുള്ള തദ്ദേശ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

കൂടാതെ ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന സെന്ന, ലെന്താന, യൂപ്പറ്റോറിയം തുടങ്ങിയ അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്യുന്നതും ഇതിൽ ഉൾപ്പെടുന്നതാണ്. അതുപ്രകാരം 1115.35 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളാക്കിയിട്ടുണ്ട്.

കൂടാതെ ഏകവിള തോട്ടങ്ങൾ ബഹുവിള തോട്ടങ്ങളാക്കി മാറ്റുന്നതിന്റെ

ഭാഗമായി 2023-24 വർഷത്തിൽ വർക്കിംഗ് പ്ലാൻ അംഗീകാരമുള്ള സെൻട്രൽ, സതേൺ സർക്കിളുകളിലെ വിവിധ ഡിവിഷനുകളിൽനിന്നും 748 ഹെക്ടർ സ്ഥലത്ത് അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ടി തോട്ടങ്ങളിൽനിന്നും 50,000 മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിന് കെ.പി.പി.എൽ. എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്.

മേൽ പ്രകാരം വനത്തിന്റെ സ്വാഭാവികത നഷ്ടപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന അധിനിവേശ സസ്യങ്ങളായ സെന്ന, ലെന്താന, യൂപ്പറ്റോറിയം തുടങ്ങിയവ നീക്കം ചെയ്യുന്നതിന് വനം വകുപ്പ് വേണ്ട നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്.

വനമേഖലയിലെ ആവാസ വ്യവസ്ഥ സംരക്ഷിക്കുകയെന്നത് നിലനിൽപ്പിന്റെ തന്നെ ആവശ്യമായതിനാൽ സാമ്പത്തിക ലാഭം നോക്കാതെ തന്നെ അധിനിവേശ സസ്യങ്ങളുടെ ഉന്മൂലനം അടിയന്തര ആവശ്യമാണ്. ആയതിനാൽ പ്രസ്തുത പദ്ധതിയുമായി അതിവേഗം മുന്നോട്ടുപോകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(11) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മാണമേറ്റെടുത്ത കുഴൂർ പനമ്പള്ളി ഗോവിന്ദമേനോൻ റോഡ് നിർമ്മാണം നിലച്ചത് പുനരാരംഭിക്കുന്നതിനും വീഴ്ച വരുത്തിയവർക്കെതിരെ നടപടിയെടുക്കുന്നതും സംബന്ധിച്ച ശ്രീ. വി. ആർ. സുനിൽകുമാർ, എം.എൽ.എ.യുടെ സബ്മിഷന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി നൽകിയ മറുപടി.

പി.എം.ജി.എസ്.വൈ. 3-ലെ 2021-22 പാക്കേജ് നമ്പർ K R . 13-96 MRL 02 - PGM നമ്പറായി കുഴൂർ-പനമ്പള്ളി ഗോവിന്ദമേനോൻ റോഡിന് 235.36 ലക്ഷം രൂപയ്ക്ക് 11-10-2021-ന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാറുകാരൻ പ്രവൃത്തിയേറ്റെടുക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തി നിശ്ചിത തീയതിക്കകം പൂർത്തിയാക്കുന്നതിൽ അനാസ്ഥ കാട്ടുകയും തുടർന്ന് പ്രസ്തുത കരാറുകാരനുമായുള്ള കരാർ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദാക്കുകയും ചെയ്യുകയുണ്ടായി. ഇതിനെതിരെ കരാറുകാരൻ ഹൈക്കോടതിയെ സമീപിക്കുകയും തുടർന്ന് കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് എംപവേർഡ് കമ്മിറ്റി രൂപീകരിച്ച് 11-10-23, 14-11-23, 30-01-24 തീയതികളിൽ മീറ്റിംഗ് നടത്തുകയും ചെയ്തു. 30-01-24-ന്

ചേർന്ന മീറ്റിംഗിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ നടത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

(12) സംസ്ഥാനത്തെ പ്രവാസികളുടെ ദീർഘകാല ആവശ്യവും സർക്കാരിന്റെ വിവിധങ്ങളായ വികസനങ്ങൾക്കുതകുന്നതുമായ കേരളത്തിന്റെ ബേപ്പൂർ-കൊല്ലം തുറമുഖങ്ങൾ കേന്ദ്രീകരിച്ച് തീരദേശ യാത്രാകപ്പൽ ഗതാഗതം ആരംഭിക്കുന്നതിനുള്ള പദ്ധതി ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ.എ.യുടെ സബ്മിഷന് തുറമുഖ-സഹകരണ വകുപ്പുമന്ത്രി നൽകിയ മറുപടി

കേരളവും ഗൾഫ് തീരവും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് യാത്രാകപ്പൽ സർവീസ് ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 31-10-2023 തീയതിയിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന യോഗത്തിൽ ഈ വിഷയത്തിൽ അനുയോജ്യമായ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെയും കേരള മാരിടൈം ബോർഡിനെയും നോർക്കയെയും ചുമതലപ്പെടുത്തിയിരുന്നു. ഈ

ഏജൻസികൾ 10-11-2023 തീയതിയിൽ ഓൺലൈനായി യോഗം ചേരുകയും ഈ വിഷയത്തിൽ യാത്രക്കാരുടെ ലഭ്യത സംബന്ധിച്ചും കപ്പൽ സർവീസ് നടത്തേണ്ട സമയങ്ങൾ സംബന്ധിച്ചും നോർക്ക ഒരു സർവ്വേ നടത്തുവാനും ആദ്യപടിയെന്ന നിലയിൽ ഗൾഫ് മേഖലയിൽനിന്നും കേരളത്തിലേയ്ക്ക് ആളുകൾ കൂട്ടതലായി വരുന്ന ജനുവരി, ഏപ്രിൽ മാസങ്ങളിൽ ആദ്യ സർവീസ് നടത്തുന്നതിന് തയ്യാറുള്ള അനുയോജ്യമായ കപ്പൽ കൈവശമുള്ള സ്വകാര്യ സംരംഭകരെ കേരളാ മാരിടൈം ബോർഡും നോർക്കയും ചേർന്ന് ഒരു പരസ്യത്തിലൂടെ ക്ഷണിക്കുകയാവും ഉചിതമെന്നും തീരുമാനിച്ചു. തുടർനടപടികൾ കേരള മാരിടൈം ബോർഡ് നോർക്കയുമായി കൂടിയാലോചിച്ച് സ്വീകരിച്ചുവരുന്നു.

(13) <u>കങ്ങഴയിൽ ലളിതാംബിക അന്തർജ്ജന സ്മാരക സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച ചീഫ് വിപ്പ് ഡോ. എൻ. ജയരാജിന്റെ സബ്മിഷന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി.</u>

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി പ്രഖ്യാപിച്ച ഈ പദ്ധതി കിഫ്ബിയുടെ സഹായത്തോടെയാണ് നടപ്പിലാക്കിവരുന്നത്. ഇത്തരത്തിൽ കോട്ടയം ജില്ലയിൽ ലളിതാംബിക അന്തർജ്ജനം സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിന് ചങ്ങനാശ്ശേരി താലൂക്കിലെ കങ്ങഴ വില്ലേജിൽ ബ്ലോക്ക് നമ്പർ 20-ൽപ്പെട്ട 5 ഏക്കർ ഭൂമി ഏറ്റെടുത്ത് സാംസ്കാരിക വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെയാണ് ഈ പദ്ധതിയുടെ SPV ആയി

ച്ചുമതലപ്പെടുത്തിയിട്ടുള്ളത്.

കോട്ടയം സാംസ്കാരിക സമുച്ചയത്തിന്റെ പ്രീ-ഡി.പി.ആർ. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ട്. ഓഡിറ്റോറിയം, തീയേറ്റർ, സെമിനാർ ഹാൾ തുടങ്ങിയ സമുച്ചയത്തിലെ വിവിധങ്ങളായ സൗകര്യങ്ങൾ സർക്കാർ വകുപ്പുകൾക്കും സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും വിവിധ പരിപാടികൾ നടത്തുന്നതിനായി ലഭ്യമാക്കി സ്ഥാപനം സാമ്പത്തികമായി ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. പ്രസ്തുത പ്രോജക്ടിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചാൽ ഉടൻതന്നെ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(14) തിരുനാവായ മാമാങ്ക മഹോത്സവം സംബന്ധിച്ച ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.യുടെ സബ്മിഷന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി**

കേരളത്തിന്റെ പഴയ ചരിത്രകാലത്ത് തിരുനാവായയിൽ ഭാരതപുഴയുടെ തീരത്ത് പന്ത്രണ്ട് വർഷത്തിലൊരിക്കൽ നടത്തിവന്നിരുന്ന

ബൃഹത്തായ ഒരു ഉത്സവമായിരുന്ന മാമാങ്കം. ഇതുമായി ബന്ധപ്പെട്ട് തിരുനാവായ വില്ലേജിലുള്ള ചങ്ങമ്പള്ളി കളരി, പഴക്കാമണ്ഡപം, നിലപാട് തറ, മരുന്നറ, മണിക്കിണർ എന്നീ മാമാങ്ക സ്മാരകങ്ങൾ പുരാവസ്തു വകുപ്പിന്റെ സ്മാരകങ്ങളായി 2007-ൽ വിജ്ഞാപനം ചെയ്തിട്ടുള്ളത് പ്രകാരം ആയത് പുരാവസ്തു വകുപ്പ് സംരക്ഷിച്ചുവരുന്നുണ്ട്. ഈ സ്മാരകങ്ങളുടെ നടത്തിപ്പ് ചുമതല 07-07-2012-ലെ സ.ഉ. (സാ) നം. 356/2012/CAD ഉത്തരവ് പ്രകാരം മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നൽകിയിട്ടുള്ളതാണ്.

മാമാങ്ക മഹോത്സവം സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിനോ ആയതിന് പ്രത്യേക സമിതി രൂപീകരിക്കുന്നതിനോ നിലവിൽ നിർദ്ദേശങ്ങളൊന്നും വകുപ്പിന്റെ പരിഗണനയിലില്ല. ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ ലഭ്യമായാൽ സർക്കാർ വിശദമായ പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(15) ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ഐ.പി. വിഭാഗം ആരംഭിക്കുന്നത് സംബന്ധിച്ച ശ്രീ. ചാണ്ടി ഉമ്മൻ, എം.എൽ.എ.യുടെ സബ്മിഷന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടി

കോട്ടയം ജില്ലയിലെ തലപ്പാടിയിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനോടനുബന്ധിച്ച് ആരംഭിച്ച ഹെൽത്ത് സെന്റർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 11-02-2016-ലെ 41/2016 നമ്പർ ഉത്തരവുപ്രകാരം ആരോഗ്യ വകുപ്പ് ഏറ്റെടുക്കുകയും 50 കിടക്കകളോടുകൂടിയ ഹെൽത്ത് സെന്റർ ആരംഭിക്കാനും 7 അധിക തസ്തികകൾ (അസിസ്റ്റന്റ് സർജൻ - 2, നഴ്സിംഗ് ഓഫീസർ – 1, ഫാർമസിസ്റ്റ് - 1, നഴ്സിംഗ് അസിസ്റ്റന്റ് - 1, ക്ലാർക്ക് - 1. ഓഫീസ് അറ്റൻഡന്റ് - 1) സൃഷ്ടിക്കാനും അനുമതി നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തുടങ്ങുന്നതിനായി തലപ്പാടി ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് സെന്റർ കെട്ടിടത്തിലെ രണ്ടാം നിലയിലെ

2500 സ്ക്വയർ ഫീറ്റ് ഹാളാണ് അനുവദിച്ച് നൽകിയത്. പ്രസ്തുത പരിമിതമായ സ്ഥലത്താണ് സ്ഥാപനം 20-02-2016 മുതൽ പ്രവർത്തനം ആരംഭിച്ചത്. 50 കിടക്കകൾ ഉൾക്കൊള്ളാനുള്ള സ്ഥലസൗകര്യം ഇല്ലാത്തതിനാൽ 10 ബെഡ്ഡും ആയതിന് ആവശ്യമായ അനുബന്ധ സാമഗ്രികളും ഉപയോഗിച്ച് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം തുടങ്ങാൻ അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

സാമൂഹികാരോഗ്യ കേന്ദ്രത്തിന് അനുവദിച്ച പ്രസ്തുത കെട്ടിടം ഐ.പി. വിഭാഗം ആരംഭിക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ നിലവിൽ ഐ.പി. വിഭാഗം ആരംഭിക്കുന്ന വിഷയം പരിഗണനയിലില്ലെന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(16) <u>ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് കായംകുളത്തെ മഴവെള്ളക്കെട്ടുതി സംബന്ധിച്ച ശ്രീമതി യു. പ്രതിഭ എം.എൽ.എ.യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

ദേശീയപാതയ്ക്ക് സമീപമുള്ള കാനകളുയർത്തി നിർമ്മിക്കുന്നതിനാൽ

സമീപ പ്രദേശങ്ങളിൽ വെള്ളക്കെട്ടിനുള്ള സാധ്യത ചൂണ്ടിക്കാട്ടിയാണ് സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വിഷയം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ദേശീയപാതയുടെ RoW-ക്ക് പുറത്തുള്ള മേഖലകളിൽ നിർമ്മാണ പ്രവൃത്തി നടത്താൻ സാധിക്കാത്ത സാഹചര്യമാണ് ദേശീയപാത അതോറിറ്റി ചൂണ്ടിക്കാട്ടുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുള്ള പ്രദേശങ്ങളാണെങ്കിൽ അവിടെ ഡ്രെയിനേജ് സംവിധാനമുണ്ടാക്കാൻ വകുപ്പ് മുൻകൈയെടുക്കാം. അത്തരം റോഡുകളേതാണെന്ന് ബഹു. എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയാൽ തുടർനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാം.

(17) <u>പെരുമ്പാവൂരിലെ ഓണംകുളം-ഊട്ടിമറ്റം, അറയ്ക്കാപ്പടി-പോഞ്ഞാശ്ശേരി, ശാലേം-തോട്ടപ്പാടംപടി റോഡുകൾ ടാർ ചെയ്യുന്നതിനുള്ള നടപടി സംബന്ധിച്ച ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ഓണംകുളം-ഊട്ടിമറ്റം, അറയ്ക്കാപ്പടി-പോഞ്ഞാശ്ശേരി, ശാലോം-പുളിയാമ്പിള്ളി-തോട്ടപ്പാടമ്പടി

റോഡുകൾ അടിയന്തരമായി നവീകരിക്കേണ്ടതിന്റെ ആവശ്യകതയാണ് സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. ഈ റോഡുകൾ പലയിടങ്ങളിലായി തകർന്നുകിടക്കുകയാണെന്നാണ് എം.എൽ.എ. സൂചിപ്പിച്ചത്. ഇക്കാര്യം പരിശോധിച്ച് വകുപ്പിന്റെ ഏതെങ്കിലും പദ്ധതികളിലുൾപ്പെടുത്തി റോഡ് വികസനം സാധ്യമാക്കാനാകുമോയെന്ന് പരിശോധിക്കാം. റണ്ണിംഗ് കോൺട്രാക്ടിൽ പരിപാലിക്കാൻ കഴിയുന്ന ഭാഗങ്ങൾ ആ തരത്തിൽ പരിപാലനം നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(18) കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടി

2018-ലാണ് കൊണ്ടോട്ടി സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയത്. കോഴിക്കോട് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും അധിക ദൂരത്തല്ലാതെ ഈ സ്ഥാപനം കൊണ്ടോട്ടി നഗരസഭയ്ക്ക് കീഴിലാണ് സ്ഥിതി ചെയ്യുന്നത്.

ഈ ആശുപത്രിയിലെ പ്രതിദിന ശരാശരി ഒ.പി 850-ഉം ശരാശരി കാഷ്വാലിറ്റി ഒ.പി. പ്രതിദിനം 300-ഉം ആണ്. പ്രതിദിന ഐ.പി. ശരാശരി

10-ഉം ആണ്. അനുവദിക്കപ്പെട്ട 29 കിടക്കകളുള്ള ഈ ആശുപത്രിയിൽ ഇപ്പോൾ 24 മണിക്കൂറും കിടത്തി ചികിത്സയും കാഷ്വാലിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

സിവിൽ സർജൻ -3, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)- 1, അസിസ്റ്റന്റ് സർജൻ -3, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ- 4 എന്നിങ്ങനെ 11 ഡോക്ടർമാരുൾപ്പെടെ 56 ജീവനക്കാരുടെ സ്ഥിരം തസ്തികകളാണ് ഈ ആശുപത്രിയിലുള്ളത്. ഇതിൽ 52 സ്ഥിരം ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. ഇതിനുപുറമെ എൻ.എച്ച്.എം. മുഖാന്തരം ഒരു ഡോക്ടറുൾപ്പെടെ 16 പേരെയും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ എച്ച്.എം.സി., കാസ്പ്, എൽ.എസ്.ജി.ഡി. വഴി നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. ഈ സർക്കാരിന്റെ കാലയളവിൽ (2016-2023) 5 ഡോക്ടർമാരുൾപ്പെടെ 14 തസ്തികകൾ പുതുതായി കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുണ്ട്.

ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) -1
കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -4

സ്റ്റാഫ് നഴ്സ് -6

ലാബ് ടെക്നീഷ്യൻ -1

ഫാർമസിസ്റ്റ് -1

ഹോസ്പിറ്റൽ അറ്റൻഡർ -1

കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ പരിധിയിൽ വിമാനത്താവളം ഉൾക്കൊള്ളുന്നതിനാൽ Z കാറ്റഗറിയിൽപ്പെട്ട നിരവധി വി.ഐ.പി.-ളുടെ സന്ദർശനത്തോടനുബന്ധിച്ച് ഡ്യൂട്ടികൾ വരുന്നതിനാലും എയർപോർട്ടുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യം നേരിടുന്നതിനും സിവിൽ സർജനുൾപ്പെടെ 11 ഡോക്ടർമാർ മാത്രമാണ് ഈ ആശുപത്രിയിലുള്ളതെന്നത് കണക്കിലെടുത്ത് ആശുപത്രിയിലെ കാഷ്വാലിറ്റി സംവിധാനം ശക്തിപ്പെടുത്തുന്നതിനായി മഞ്ചേരി ജനറൽ ആശുപത്രിയിൽ (മഞ്ചേരി ഗവ. മെഡിക്കൽ കോളേജ്) നിന്ന് 4 അസിസ്റ്റന്റ് സർജന്മാരെ സ്റ്റോപ് ഗ്യാപ് വ്യവസ്ഥയിൽ ഈ ആശുപത്രിയിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്.

ഡെന്റൽ വിഭാഗമില്ലാത്തതിനാൽ ഈ ആശുപത്രിയിൽ അത് ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് ഇതിനായുള്ള ഭൗതിക സൗകര്യവും അത്യാവശ്യ

ഉപകരണവും സജ്ജീകരിക്കുന്നതിനായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ മിനിമം തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് കിഫ്ബി ധനസഹായത്തോടുകൂടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 32.35 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 36.19 കോടി രൂപയുടെ ധനാനുമതി കിഫ്ബിയിൽനിന്ന് ലഭിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് 14-02-2023-ന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

4497.64 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ ഏഴ് നിലകളോടുകൂടിയ (ജി+6+ടെറസ് ഫ്ളോർ) കെട്ടിട സമുച്ചയമാണ് നിർമ്മിക്കുന്നത്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിർദ്ദിഷ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയുണ്ടായി. ഏവിയേഷൻ ക്ലിയറൻസ് ലഭ്യമായിട്ടുണ്ട്. റോഡ് വീതി കൂട്ടുന്നതടക്കമുള്ള മറ്റുപ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ താലൂക്കുതലം മുതൽ മുകളിലോട്ടുള്ള ആശുപത്രികളിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

(19) ഷൊർണ്ണൂർ വഴിയുള്ള ട്രെയിൻ യാത്രക്കാരുടെ യാത്രാക്ലേശം സംബന്ധിച്ച ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.യുടെ സബ്മിഷന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി നൽകിയ മറുപടി.

മലബാർ മേഖലയിലേതുൾപ്പെടെയുള്ള കേരളത്തിലെ ബഹുജനങ്ങളുടെ യാത്രാ സൗകര്യത്തിനായി ട്രെയിൻ നമ്പർ. 20632/20631 തിരുവനന്തപുരം - കാസർഗോഡ് - തിരുവനന്തപുരം, ട്രെയിൻ നമ്പർ. 20634/20633 തിരുവനന്തപുരം - കാസർഗോഡ് - തിരുവനന്തപുരം എന്നീ വന്ദേഭാരത് എക്സ്പ്രസ് ട്രെയിനുകൾ റെയിൽവേ ബോർഡ് അനുവദിച്ചിരുന്നു. വന്ദേഭാരത് എക്സ്പ്രസ് സർവീസ് ആരംഭിച്ചതിനുശേഷം സാധാരണ യാത്രക്കാർ വലിയ നിലയിലുള്ള അസൗകര്യങ്ങൾ നേരിടുന്നതായി വ്യാപകമായ പരാതി ഉയർന്നിട്ടുണ്ട്. ചില ട്രെയിനുകളുടെ സമയക്രമത്തിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്.

16610 മംഗളൂരു സെൻട്രൽ-കോഴിക്കോട് എക്സ്പ്രസ് (കോഴിക്കോട് എത്തിച്ചേരുന്നത് 10.15 മണിക്ക് പകരം 10.25 മണി ആയി പുതുക്കി)

16307 ആലപ്പുഴ-കണ്ണൂർ എക്സ്പ്രസ് (കണ്ണൂരിലെത്തുന്നത് 00.05 മണിക്ക് പകരം 00.30 മണി ആയി പുതുക്കി)

ചെന്നൈ ഡിവിഷനിലെ ജ്വാലാർപേട്ട - കാട്പടി സെക്ഷനിൽ റെയിൽവേ ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കായി 3 മണിക്കൂർ നിർബന്ധിത ബ്ലോക്കുകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ട്രെയിൻ നമ്പർ 17229/17230 തിരുവനന്തപുരം സെക്കന്തരാബാദ് - തിരുവനന്തപുരം ശബരി എക്സ്പ്രസ്സിന്റെ സമയം പുതുക്കുകയും വടക്കാഞ്ചേരിയിൽ അധിക സ്റ്റോപ്പ് അനുവദിച്ചുകൊണ്ട് ട്രെയിൻ ഷൊർണ്ണൂർ ബി ക്യാബിൻ വഴി തിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

സമയക്രമത്തിൽ മാറ്റം വരുത്തിയിട്ടില്ലെങ്കിലും വന്ദേഭാരത് ട്രെയിൻ കടന്നുപോകുന്നതിനായി മറ്റ് ട്രെയിനുകൾ സ്റ്റേഷനുകളിൽ നിർത്തി ഇടുന്നതായും അതിന്റെ ഫലമായി സാധാരണ യാത്രക്കാർ പ്രയാസം അനുഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ റെയിൽവേ

യാത്രക്കാരുടെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വന്ദേഭാരത് സർവീസുകൾ പര്യാപ്തമല്ലെന്ന അഭിപ്രായം ശരിവയ്ക്കുന്നതാണ് ഇത്തരം അനുഭവങ്ങൾ. വന്ദേഭാരത് എക്സ്പ്രസ് സർവീസ് ആരംഭിച്ചതിനുശേഷം യാത്രക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെയും റെയിൽവെ ബോർഡിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരികയും പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(20) ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വിവിധ സ്കോളർഷിപ്പുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സംബന്ധിച്ച ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.യുടെ സബ്മിഷന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി നൽകിയ മറുപടി

ന്യൂനപക്ഷ ക്ഷേമ വകുപ്പിന് 2023-24 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത് 76.01 കോടി രൂപയാണ്. ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജെ.വി.കെ.യ്ക്ക് സംസ്ഥാന വിഹിതമായി 40 കോടി രൂപയും സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന് 13 കോടി രൂപയും മറ്റുസംസ്ഥാന പദ്ധതികൾക്കായി 23 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളെല്ലാം തന്നെ നടപ്പ് സാമ്പത്തിക

വർഷത്തിനുള്ളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര പദ്ധതിക്ക് 40 കോടി രൂപ വകയിരുത്തുകയും സംസ്ഥാനത്തുനിന്ന് 425 കോടി രൂപയുടെ പ്രൊപ്പോസലുകൾ കേന്ദ്രാനുമതിക്കായി സമർപ്പിക്കുകയും ചെയ്തെങ്കിലും നാളിതുവരെ പുതിയ റിലീസുകളൊന്നും ലഭിച്ചിട്ടില്ല. ഇതാണ് പ്രസ്തുത പദ്ധതിയുടെ ബജറ്റ് വിഹിതം വിനിയോഗിക്കുന്നതിന് തടസ്സമായിട്ടുള്ളത്. സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന് ഷെയർ ക്യാപ്പിറ്റലിന്റെ വിഹിതമായുള്ള 13 കോടി രൂപയുടെ ബജറ്റ് വിഹിതത്തിൽ 2.6 കോടി രൂപ സർക്കാർ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത ഗഡുവിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് മുഖേന നേരിട്ട് നടപ്പിലാക്കുന്ന 13.96 കോടി രൂപയുടെ സ്കോളർഷിപ്പ്/നൈപുണ്യ വികസന പദ്ധതികളും നോൺ പ്ലാൻ ഇനത്തിലുള്ള തുക അടക്കമുള്ള 21.96 കോടി രൂപയുടെ സ്കോളർഷിപ്പ്/നൈപുണ്യ പരിശീലന പദ്ധതികളും

പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. ഇതിൽ 10 സ്കോളർഷിപ്പ് പദ്ധതികളും 2 നൈപുണ്യ പരിശീലന പദ്ധതികളുമുൾപ്പെടുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികൾക്കായി 2023-24 സാമ്പത്തിക വർഷം 2196.26 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുള്ളത്. ത്രിവത്സര പോളിടെക്നിക്ക് കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പിന്റെ അപേക്ഷ ക്ഷണിക്കുകയും 1164 ന്യൂനപക്ഷ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും 69,93,340/- രൂപ (അറുപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി മുന്നൂറ്റി നാല്പതു രൂപ മാത്രം) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പാരാ മെഡിക്കൽ ഡിപ്ലോമ/ജനറൽ നഴ്സിംഗ് ഡിപ്ലോമയ്ക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന മദർ തെരേസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുകയും 445 ന്യൂനപക്ഷ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും 66,75,000/- രൂപ (അറുപത്തിയാറ് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ് ടു,

വി.എച്ച്.എസ്.ഇ. പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് വാങ്ങിയ വിദ്യാർത്ഥികൾക്ക് 10,000/ രൂപ വീതവും ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് 15,000/- രൂപ വീതവും അനുവദിക്കുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് സ്കീമിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 472 ലക്ഷം രൂപ ഉപയോഗിച്ച് 4315 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IT/IIM/IISc/IMSc-കളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് ഓഫ് ലൈനായി അപേക്ഷ ക്ഷണിച്ച് 35 വിദ്യാർത്ഥികൾക്കായി 17.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. UGC CSIR- NET പരിശീലനത്തിന് ആകെ 20.30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആകെയുള്ള 25 സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളിലെ ട്രെയിനിംഗ് പൂർത്തീകരിച്ചുകഴിഞ്ഞു. ട്രെയിനിംഗ് പൂർത്തീകരിച്ച സ്ഥാപനങ്ങൾ ബില്ലുകൾ സമർപ്പിച്ചുവരുന്നു. ആയതിൽ 2.38 ലക്ഷം രൂപ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. സി.എച്ച്. മുഹമ്മദ്

കോയ സ്കോളർഷിപ്പിന് (റിന്യൂവൽ) അപേക്ഷ ക്ഷണിക്കുകയും 2880 വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും 2.28 കോടി രൂപ ചെലവഴിക്കുന്നതിനായുള്ള ബിൽ ട്രഷറിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് അപേക്ഷ സ്വീകരിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 1.5 കോടി രൂപ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഐ.റ്റി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പിന് ലഭ്യമായ അപേക്ഷകളിൽനിന്നും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. ഉർദു സ്കോളർഷിപ്പ്, CA/CMA/CS സ്കോളർഷിപ്പ് എന്നീ സ്കോളർഷിപ്പുകൾക്കും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മറ്റ് സ്കോളർഷിപ്പുകൾക്ക് (സിവിൽ സർവ്വീസ്, സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് പുതിയത്) ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, അസാപ് മുഖേന നൈപുണ്യ പരിശീലനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. സാധാരണഗതിയിൽ ഫെബ്രുവരി-മാർച്ച്

മാസത്തിനുള്ളിലാണ് സ്കോളർഷിപ്പ് വിതരണം പൂർത്തിയാക്കുന്നത്. ഇക്കൊല്ലവും സ്കോളർഷിപ്പ് വിതരണം സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും അതിനനുസൃതമായി സത്വര നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, മറ്റ് പ്രധാന പദ്ധതിയായ ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി മുൻ വർഷങ്ങളിലെ 200 സ്പിൽ ഓവർ വീടുകൾ ഈ വർഷം പൂർത്തിയാക്കി. 2023-24 വർഷത്തേയ്ക്ക് അംഗീകാരം ലഭിച്ചിട്ടുള്ള 720 പുനരുദ്ധാരണ ഭവനങ്ങൾക്ക് ആവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിവിധ ജില്ലകളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് സൂക്ഷ്മ പരിശോധന നടത്തി വില്ലേജുതല ഫീൽഡ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതുൾപ്പെടെ, മതിയായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലകളിൽ പൂർത്തിയാക്കുകയും ബജറ്റ് വിഹിതമായി അനുവദിച്ച 5 കോടി രൂപയിൽ 2.89 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണത്തിനായി ഇതിനകംതന്നെ

ജില്ലകൾക്ക് അനുവദിച്ചിട്ടുള്ളതുമാണ്. നടപ്പുവർഷം അനുവദിച്ച 258 പ്രീമാരിറ്റൽ കൗൺസിലിംഗ് പ്രോഗ്രാമുകളും പൂർത്തിയാക്കി 50 ലക്ഷം രൂപയുടെ ബില്ലുകൾ സെറ്റിൽ ചെയ്തിട്ടുണ്ട്. 40 ലക്ഷം രൂപയ്ക്കുള്ള ബിൽ സെറ്റിൽമെന്റ് നടപടികൾ പുരോഗമിക്കുന്നു. സൗജന്യ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് പരിശീലനവുമായി ബന്ധപ്പെട്ട് ട്യൂണിംഗ്-ഫ്ലവറിംഗ് സെക്ഷനുകളിലെ ക്യാമ്പുകൾക്ക് 65.7 ലക്ഷം രൂപയുടെ അലോട്ട്മെന്റ് ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. ബിൽ സെറ്റിൽമെന്റ് നടപടികൾ നടന്നുവരുന്നു. ഇത്തരത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് അനുവദിക്കപ്പെട്ട ബജറ്റ് വിഹിതം സമയബന്ധിതമായി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.